# പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ
# വന്ദ്യ ദിവ്യശ്രീ കെ. സി. ജോസഫ്
# കോർഎപ്പിസ്കോപ്പാ

(Malayalam)

**Pazhanjiyude Sreshtacharyan**

(Biography of Very Rev. K. C. Joseph Chorepiscopa)

**Fr. Dr. Joseph Cheeran**

| | | |
|---|---|---|
| Copy Right | : | Reserved with the Author |
| First Published | : | June 4, 2013 |
| Copies | : | 1000 |
| Published by | : | **Dr. Geevarghese Mar Yulios**<br>M. J. D. Publishing House, Kunnamkulam |
| Sponsored by | : | **Kuttikkattil Family** |
| Cover Design,<br>Typesetting & Printing | : | Sophia Print House, Kottayam |

**Rs. 125/-**

# പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ വന്ദ്യ ദിവ്യശ്രീ കെ. സി. ജോസഫ് കോർഎപ്പിസ്കോപ്പാ

ഫാ. ഡോ. ജോസഫ് ചീരൻ

പ്രസാധനം

**പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

**എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം**

**ഫോൺ: 9495603174**



# ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, മൂന്ന് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധനസഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1748) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: ഡോ. പ്രസാദ് ചീരൻ, സ്നുഷ: ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്, ലിസാ പ്രസാദ്. മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്, ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ-680542
ഫോൺ: 9495603174.

# സമർപ്പണം

എന്റെ പിതാമഹൻ ഫാ. ഗീവർഗ്ഗീസ് ചീരൻ 1934 കർക്കിടകം 15-ാം തീയതി ദിവംഗതനായി. പഴഞ്ഞി സെന്റ് മേരീസ് പഴയപള്ളിയിൽ 1886 മുതൽ 1934 വരെ (1048 വരെ) വികാരിയായിരുന്ന അദ്ദേഹം പഴഞ്ഞിയിലെ ശ്മശാനവും സെന്റ് ജോർജ്ജ് കുരിശുപള്ളിയും പള്ളിയുടെ വടക്കു ഭാഗത്തേക്ക് മാറ്റിസ്ഥാപിച്ചു. അനാഥശാലയും സെന്റ്തോമസ് കുരിശും യെരുശലേമിലെ സെന്റ് ജോർജ്ജ് കുരിശുപള്ളിയും സ്ഥാപിച്ചു. പഴഞ്ഞി, കരിക്കാട്, കാട്ടകാമ്പാൽ, കാഞ്ഞിരമുക്ക് എന്നിവിടങ്ങളിലായി അഞ്ച് പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കാൻ നേതൃത്വം നൽകി. പഴഞ്ഞിപള്ളിയുടെ വടക്കേ വരാന്തയും വടക്കേ പടിപ്പുരയുടെ കിഴക്കു ഭാഗത്തെ കെട്ടിടവും പണിയിച്ചു. പെങ്ങാമുക്ക് പഴയപള്ളി, മൂലേപ്പാട് പള്ളി എന്നിവയും കാട്ടകാമ്പാൽ, മങ്ങാട്, പെരുന്തുരുത്തി, കരിക്കാട് എന്നിവിടങ്ങളിൽ വായനായോഗങ്ങളും സണ്ടെസ്കൂളുകളും സ്ഥാപിച്ചു. നവീകരണക്കാർക്കെതിരായ വ്യവഹാരങ്ങളിൽ വിജയിച്ചശേഷം ജീവിതാന്ത്യംവരെ സമാധാനപൂർണ്ണമായ അന്തരീക്ഷത്തിൽ പള്ളിഭരണം നിർവഹിച്ചു.

പുലിക്കോട്ടിൽ ഇസഹാക്കു കത്തനാർ, പുലിക്കോട്ടിൽ സ്കറിയാ കത്തനാർ, ചീരൻ യാക്കോബ് കത്തനാർ എന്നിവരുടെ അദ്ധ്യക്ഷതയിൽ 1882-ൽ ചിങ്ങം 19-ന് ചേർന്ന ഇടവകയോഗത്തിന്റെ യോഗക്കുറി അനുസരിച്ച് 1883 ഏപ്രിൽ 2-ന് കുമരകം പള്ളിയിൽ വച്ച് ശെമ്മാശുപട്ടവും 1886 സെപ്റ്റംബർ 21-ന് നിരണം പള്ളിയിൽ വച്ച് കശ്ശീശാപട്ടവും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായിൽനിന്ന് ഏറ്റ അദ്ദേഹം അതീവ ഭക്തനും പരമ സാത്വികനും ആയിരുന്നു.

പുണ്യവാനായ ആ പൂർവ്വികന്റെ 80-ാമത്തെ ചരമവർഷത്തിൽ അദ്ദേഹത്തിന്റെ കനിഷ്ഠപുത്രനും എന്റെ പ്രിയ പിതാവുമായ ചീരൻ ഗീവറുഗീസ് കശ്ശീശാ മാത്തപ്പന്റെയും അദ്ദേഹത്തിന്റെ സഹധർമ്മിണി ചേലക്കര ചെറുവത്തൂർ ഇട്ടൂപ്പ് മകൾ കുഞ്ഞാത്തിരിയുടെയും അന്തരിച്ച എന്റെ പ്രിയ സഹോദരങ്ങൾ വർഗ്ഗീസ്, കുഞ്ഞാമ്മ, തങ്കമണി, ഇട്ടൂപ്പുകുട്ടി, ജേക്കബുകുട്ടി, അമ്മിണിക്കുട്ടി, ജോർജ്ജ് എന്നിവരുടെയും സ്മരണക്കായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**ഗ്രന്ഥകർത്താവ്**

# ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം
2. ജഗദീശ് ചന്ദ്രബോസ് (ജീവചരിത്രം)
3. ഇഗ്നാത്യോസിന്റെ സപ്തലേഖനങ്ങൾ (വിവർത്തനം)
4. സെമിനാർ പ്രബന്ധങ്ങൾ (എഡിറ്റർ)
5. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ(രണ്ടാം പതിപ്പ്, ജീവചരിത്രം)
6. മലങ്കരസഭയും കേരള സംസ്കാരവും (സഭാചരിത്രം)
7. ഇന്ത്യൻ ഓർത്തഡോക്സ് സഭ (സഭാചരിത്രം)
8. മലങ്കരയുടെ പ്രവാചകൻ (ജീവചരിത്രം)
9. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
10. ഭാരതത്തിലെ പ്രാചീന ബൈബിൾ (ഗവേഷണപഠനം, വ്യാഖ്യാനം)
11. മലയാള കവിതയും ബൈബിളും (പി.എച്ച്.ഡി. പ്രബന്ധം)
12. മഹാത്മാവായ കർമ്മയോഗി (എഡിറ്റർ)
13. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
14. ഇന്ത്യൻസഭ: ചരിത്രവും സംസ്കാരവും (സഹഗ്രന്ഥകാരൻ)
15. മലങ്കരസഭയുടെ കോട്ട (ജീവചരിത്രം - സഹഗ്രന്ഥകാരൻ)
16. പാത്രിയർക്കീസന്മാരുടെ അധികാരദുർവിനിയോഗം (സഭാചരിത്രം)
17. സണ്ടേസ്കൂൾ അദ്ധ്യാപക സഹായി (എഡിറ്റർ)
18. സംസ്കാര പഠനങ്ങൾ (എഡിറ്റർ)
19. അക്ഷരങ്ങളുടെ ആചാര്യൻ (ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥം)
20. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 1, ജീവചരിത്രം)
21. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 2, എഡിറ്റർ)
22. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 3, എഡിറ്റർ) - അച്ചടിയിൽ
23. ഇന്ത്യൻ ഓർത്തഡോക്സ് സഭ - 52-2007 (സഭാചരിത്രം)
24. കേരള നവോത്ഥാനവും മലയാളം ബൈബിളും (എഡിറ്റർ)
25. 1811-ലെ മലയാളം ബൈബിളും പുലിക്കോട്ടിൽ രണ്ടാമനും (എഡിറ്റർ)
26. കണ്ടനാട് ഗ്രന്ഥവരി (സഭാചരിത്രം, വ്യാഖ്യാനം)
27. കടവിൽ മാർ അത്താനാസ്യോസ് (ജീവചരിത്രം)
28. അക്കര കുരിയൻ റൈട്ടർ (ജീവചരിത്രം. സഹഗ്രന്ഥകാരൻ)
29. തൃശൂർപള്ളി ചരിത്രം (സഭാചരിത്രം)
30. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ (ജീവചരിത്രം)
31. Indian Orthodox Church (Church History)
32. പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ (ജീവചരിത്രം)
33. മലങ്കരസഭയുടെ സമുന്നതസാരഥികൾ (സഭാചരിത്രം. സഹഗ്രന്ഥകാരൻ)
34. ഓർത്തഡോക്സ് ആരാധനയുടെ പരിപ്രേക്ഷ്യം (പഠനം)
35. പാലൂർ ചാട്ടുകുളങ്ങര: ചരിത്രവും സംസ്കാരവും (സഭാചരിത്രം)
36. മലങ്കരസഭയും കാനോൻ സംഹിതകളും (പഠനം)
37. പഴഞ്ഞിപള്ളിയും പിതാക്കന്മാരും (അച്ചടിയിൽ) (സഭാചരിത്രം)
38. സഭാ ദർശനം (3 മണിക്കൂർ വീഡിയോകാസറ്റ്, സഭാചരിത്രം)
39. കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം (സഹഗ്രന്ഥകാരൻ)
40. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് 9

വാങ്മുഖം ഫാ. ഡോ. ജോസഫ് ചീരൻ 11

അതുല്യനായ ശ്രേഷ്ഠാചാര്യൻ പ. കാതോലിക്കാബാവാ 18


## ഒന്നാം ഭാഗം – ജീവചരിത്രം


പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ

ഫാ. ഡോ. ജോസഫ് ചീരൻ

1. പഴഞ്ഞിയും പഴയ ധാരണകളും 21
2. പഴഞ്ഞിയിലെ ഓർത്തഡോക്സ് ദേവാലയം 31
3. പഴഞ്ഞി ഇടവകയും നവ വൈദികനും 45
4. പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ 76
5. വികസ്വരമായ ചക്രവാളങ്ങൾ 93
6. കൊടിയിറക്കത്തിന്റെ വർഷങ്ങൾ 126
7. വിശ്രമതീരം തേടി 159


## രണ്ടാം ഭാഗം – അനുസ്മരണകൾ


1. കുറ്റിക്കാട്ടിൽ അച്ചൻ: എന്റെ സ്മരണയിൽ
   മാർ പോളിക്കാർപ്പോസ് 170
2. കുറ്റിക്കാട്ടിൽഅച്ചൻ എന്ന.. ഡോ. മാർ യൂലിയോസ് 172
3. മുഖംമൂടി ധരിക്കാത്ത ശ്രേഷ്ഠാചാര്യൻ
   ഫാ. സി. ടി. ജോസ് 175
4. ചില ഓർമ്മകൾ ഫാ. ജോർജ്ജ് മറ്റം 186
5. ഒരു ബഹുമുഖപ്രതിഭ ഡോ. എ. വി. തമ്പി 195
6. പഴഞ്ഞിയുടെ കൗടല്യൻ കെ. എം. കുറിയാക്കോസ് 200
7. എം. ഡി. കോളജിന്റെ രാജശില്പി
   പ്രൊഫ. എ. ഒ. വർഗ്ഗീസ് 212
8. ധീരനായ കുറ്റിക്കാട്ട് അച്ചൻ
   ഫാ. പി. സി. സൈമൺ 217

9. സീയോനിലെ നിശബ്ദസേവകൻ
ഫാ. കെ. കെ. കുറിയാക്കോസ് 220
10. ബഹുമുഖപ്രതിഭ സുകു. കെ. ഇട്ട്യേശൻ 225
11. ആർജ്ജവത്വത്തിന്റെ ആൾരൂപം
ഫാ. ഡോ. സണ്ണി ചാക്കോ 233
12. ആത്മീയതയും ഭരണവും സമന്വയിപ്പിച്ച മഹാത്മാവ്
ജോർജ്ജ് (ശുശ്രൂഷകൻ) 235
13. ഞങ്ങളുടെ പ്രിയപ്പെട്ട പപ്പാ ഹെലനി സുധീർ 237

## മൂന്നാം ഭാഗം - കഥാപുരുഷന്റെ തെരഞ്ഞെടുത്ത രചനകൾ

1. പഴഞ്ഞി സെന്റ് മേരീസ് പള്ളിയുടെ ചരിത്രസംഗ്രഹം 242
2. മാർ ബസ്സേലിയോസ് സണ്ടേസ്കൂൾ, പെരുന്തുരുത്തി 246
3. പെട്ടിപിടുത്തക്കേസ് 250
4. ഒഴക് 252
5 പഴഞ്ഞി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ 253
6. മാർ ഡയനീഷ്യസ് കോളജ്, പഴഞ്ഞി 261

# പ്രസാധകക്കുറിപ്പ്

ബ. ഡോ. ജോസഫ് ചീരനച്ചന്റെ തൂലികയിൽ നിന്നും വെളിച്ചം കാണുന്ന മറ്റൊരു ചരിത്രഗ്രന്ഥമാണ് 'പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ: വന്ദ്യദിവ്യശ്രീ. കെ. സി. ജോസഫ് കോറെപ്പിസ്കോപ്പാ.' ഏറെ സന്തോഷത്തോടെയാണ് എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

ഒരു വൈദികൻ ഒരു ഇടവകയെ അല്ലെങ്കിൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സഭയെ ഉദ്ധരിക്കുകയോ പ്രകാശിപ്പിക്കുകയോ ചെയ്യുന്നത് സാധാരണമാണ്. എന്നാൽ താൻ ഒരു സഭയുടെ മാത്രം നേതാവല്ല, സമൂഹത്തെ മുഴുവൻ ഉദിപ്പിക്കുന്ന പ്രക്രിയയ്ക്ക് നേതൃത്വം നൽകേണ്ടവനാണ് എന്ന തിരിച്ചറിവിലൂടെ അര നൂറ്റാണ്ടിലധികം ഒരു ഇടവകയെയും ആ ഇടവകയുടെ പിൻബലത്തോടെ ഒരു ദേശത്തെ മുഴുവനായും സമുദ്ധരിച്ച യഥാർത്ഥ സമുദായ നേതാവാണ് വന്ദ്യദിവ്യശ്രീ. കുറ്റിക്കാട്ടിൽ കോറെപ്പിസ്കോപ്പാ.

'പുരോഹിതൻ' എന്ന പദത്തിന് ഉയർന്ന കാര്യങ്ങൾ അറിയുന്നവൻ, മുമ്പേ നടക്കുന്നവൻ എന്നിങ്ങനെയൊക്കെ അർത്ഥം നൽകാം. ഈ എല്ലാ അർത്ഥവും അക്ഷരാർത്ഥത്തിൽ ചേരുന്ന വ്യക്തിത്വമാണ് കുറ്റിക്കാട്ടിൽ കോറെപ്പിസ്കോപ്പാ എന്ന് ഈ ഗ്രന്ഥം വായിക്കുന്നവർക്ക് ബോധ്യമാകും. നാടിന് വെളിച്ചം, ഫോൺ സൗകര്യം, നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാല, ആരോഗ്യ പദ്ധതികൾ എന്നു വേണ്ട ജനക്ഷേമപരമായ എല്ലാ മേഖലകളിലേക്കും നാടിനെ നയിച്ച ജനനേതാവ്.

ഇടവകയെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒട്ടനവധി മാറ്റങ്ങൾക്ക് കർമ്മകാണ്ഡം നൽകിയ ശ്രേഷ്ഠാചാര്യൻ. പഴഞ്ഞി സെന്റ് മേരീസ് ഇടവകയിൽ ആരംഭിച്ച് കൊച്ചി മെത്രാസനം, കുന്നംകുളം മെത്രാസനം എന്നീ ഭരണമേഖലകളുടെ അനവധി വികസന പദ്ധതികൾക്ക് നേതൃത്വം നൽകി പ. സഭയ്ക്ക് ഈ പ്രദേശങ്ങളിൽ സമകാലീന വ്യക്തിമുദ്ര നൽകുന്നതിൽ ബദ്ധശ്രദ്ധാലു.

വന്ദ്യ കോറെപ്പിസ്കോപ്പായുടെ ജീവചരിത്രത്തിലൂടെ പഴഞ്ഞി ഇടവകയുടെയും ഒരു ദേശത്തിന്റെ മുഴുവന്റെയും സാംസ്കാരിക ചരിത്രമാണ് ബ. ചീരനച്ചന്റെ ഈ ഗ്രന്ഥത്തിലൂടെ പ്രകാശിതമാകുന്നത്. ബ. അച്ചന്റെ ചരിത്രാവലോകനത്തിന്റെ മറ്റൊരു നേർരൂപമാണ് ഈ ഗ്രന്ഥം. ഈ ഗ്രന്ഥത്തിൽ ഞാനും ഒരു ലേഖനം എഴുതിയിട്ടുള്ളതിനാൽ വന്ദ്യ കോറെപ്പിസ്കോപ്പായെക്കുറിച്ച് അധികം എഴുതുന്നില്ല. ഈ ഗ്രന്ഥപാരായണത്തിലൂടെ നമ്മൾക്കെല്ലാം പ്രിയങ്കരനായ കുറ്റിക്കാട്ടിലച്ചൻ കൂടുതൽ

ഓർമ്മിക്കപ്പെടട്ടെ എന്നും ഒപ്പം പുതുതലമുറകൾ അദ്ദേഹത്തിൽ നിന്നും പഠിച്ച് ഊർജ്ജം സ്വീകരിച്ച് കർമ്മമണ്ഡലങ്ങളിലേക്ക് പ്രവേശിക്കുവാൻ ഈ ഗ്രന്ഥം ഒരു കാരണമാകട്ടെ എന്നും ആശംസിക്കുന്നു.

ബ. ചീരനച്ചന്റെ ശൈലി ഈ ഗ്രന്ഥത്തിലും ഉടനീളം ഉണ്ട്! ആയത് ക്രിയാത്മകവിമർശനം മാത്രമായേ എടുക്കാവൂ എന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

ഗ്രന്ഥരചയിതാവിനോടും മുദ്രണം സാധ്യമാക്കിയ ശ്രീ. ജോയ്സി നോടും ശ്രീ. സുകു ഇട്ട്യേച്ചനോടും മറ്റ് സഹപ്രവർത്തകരോടും ഒറ്റ വാക്കിൽ നന്ദി അറിയിക്കുന്നു.

എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ് 'പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യ'നെ അനുവാചകലോകത്തിനു മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

നിങ്ങളുടെ ഇടയൻ

**ഡോ. ഗീവർഗീസ് മാർ യൂലിയോസ്**

കുന്നംകുളം ആർത്താറ്റ് അരമനയിൽ നിന്നും
15 മെയ് 2013

## വാങ്മുഖം

# കർമ്മവീര്യത്തിന്റെ ഇതിഹാസം

വന്ദ്യ ദിവ്യശ്രീ കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായുടെ ജീവചരിത്രം അനേകം സദ്പ്രേരണകൾക്ക് ഉത്തേജനം നൽകുമെന്നതിനാൽ, അത് രേഖപ്പെടുത്തണമെന്ന് മുമ്പുതന്നെ കരുതിയിരുന്നുവെങ്കിലും അതിത്രയും പെട്ടെന്ന് എഴുതുവാൻ പ്രചോദനം ലഭിച്ചത്, രജതജൂബിലി സ്മാരകമെന്ന പേരിൽ (1985–2010) കുന്നംകുളം ഭദ്രാസനം 2012-ൽ പ്രസിദ്ധീകരിച്ച 'ഡയറക്ടറി' കണ്ടപ്പോഴാണ്. അതിൽ ചരിത്രപുരുഷന്റെ കോറെപ്പിസ്കോപ്പാസ്ഥാനം ഒഴിച്ചുള്ള പട്ടംകൊടകളും 11 ഇടവകകളിൽ വികാരിയായിരുന്ന കാര്യവും പഴഞ്ഞി എം. ഡി. കോളജിന്റെ സ്ഥാപക സെക്രട്ടറി ആയിരുന്ന കാര്യവും രേഖപ്പെടുത്തിയിട്ടുണ്ട്. മനഃപൂർവ്വമല്ലെന്നിരിക്കാമെങ്കിലും കൊച്ചി ഭദ്രാസനത്തിന്റെ പ്രശ്നസങ്കീർണ്ണമായ പത്തുവർഷങ്ങളിലെ സെക്രട്ടറി, കൊച്ചി ഭദ്രാസന ഡയറക്ടറിയുടെ എഡിറ്റർ, വൈദിക സർവ്വീസ് ബുക്കിന്റെ സംവിധായകൻ, കൊച്ചി ഭദ്രാസന ഭൂപടത്തിന്റെ നിർമ്മാതാവ്, കുന്നംകുളം മെത്രാസനം ഉൾപ്പെടെ കൊച്ചി മെത്രാസനത്തിൽപ്പെട്ട എല്ലാ പള്ളികൾക്കും വൈദികർക്കും ഒരു ഫയൽ ഓപ്പൺ ചെയ്ത് ഭദ്രാസന ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കിയ പ്രതിഭാശാലി, കുന്നംകുളം ഭദ്രാസനകേന്ദ്രത്തിന്റെ നിർമ്മിതിയിൽ അദ്ദേഹം നൽകിയ നേതൃത്വം തുടങ്ങി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ച ഒട്ടുവളരെ കാര്യങ്ങൾ ഡയറക്ടറിയിൽ ഒഴിവാക്കപ്പെട്ടിരുന്നത് എന്നെ വേദനിപ്പിച്ചു. കുന്നംകുളം മെത്രാസനത്തിന്റെ ഭൂപടം ഡയറക്ടറിയിൽ പ്രസിദ്ധീകരിച്ചു എങ്കിലും അതിന്റെ സംഘാടകന്റെ പേർ അടിയിൽ ചേർക്കാതിരുന്നതും എന്നെ വേദനിപ്പിച്ചു. നേതൃത്വത്തിന് അനഭിമതനായ ഒരാളിനെ തമസ്കരിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം അദ്ദേഹത്തെ ഔദ്യോഗികരേഖകളിൽനിന്ന് പുറത്താക്കുക തന്നെയാണ്. മലങ്കരസഭയുടെ സുവർണ്ണയുഗശില്പിയായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ എം.ഡി. സെമിനാരി സ്ഥാപകൻ എന്ന് വിശേഷിപ്പിച്ച് തമസ്കരിച്ചതും പത്തുവർഷത്തെ ഗവേഷണയത്നം മൂലം അദ്ദേഹം ചെയ്ത തേജോമയമായ അദ്ധ്വാനങ്ങളെ സഭയുടെ ശ്രദ്ധയിലേക്ക് ഉപനയിക്കേണ്ടിവന്നതും ഞാനോർത്തു.

മറ്റൊരു സംഭവവും ഓർമ്മയിൽ വന്നു. മലങ്കരസഭയിലെ വൈദികരുടെ സുറിയാനി ഭാഷാനഭിജ്ഞത മൂലം ദേവാലയങ്ങളിലെ ആരാധനകൾ ശുഷ്കമായിപ്പോവരുത് എന്ന് ഉന്നംവച്ച് കാനോനാ നമസ്കാരം, വലിയനോമ്പിലെ നമസ്കാരം, ഹാശാ ആഴ്ചയിലെ നമസ്കാരം, മൂന്നു

നോമ്പിലെ നമസ്കാരം എന്നിവ 1950-കളിൽ അന്നത്തെ കോട്ടയം വൈദികസെമിനാരി മല്പാൻ നരിമറ്റത്തിൽ എൻ. എ. യോഹന്നാൻ മല്പാൻ (പിന്നീട് കൊച്ചിയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) സരളവും ലളിതവുമായ ഗദ്യഭാഷയിൽ വിവർത്തനം ചെയ്തു. എന്നാൽ അവ പിന്നീട് സഭാകവി സി. പി. ചാണ്ടി സാറിനെക്കൊണ്ട് ഗാനവത്ക്കരിച്ച് സഭയുടെ ഔദ്യോഗികവേദി പ്രസിദ്ധീകരണം ഏറ്റെടുത്തപ്പോൾ ആദ്യ വിവർത്തകന്റെ പേർ തമസ്കരിക്കപ്പെട്ടു. പ. സുന്നഹദോസിന്റെ തീരുമാനവും നിർദ്ദേശവും അനുസരിച്ച് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ വർഷങ്ങളോളം അദ്ധ്വാനിച്ച് (അദ്ധ്വാനങ്ങൾക്ക് ഈ ലേഖകൻ സാക്ഷി) തയാറാക്കിയ 'ശുശ്രൂഷാ സംവിധാനം' അച്ചടിക്കപ്പെടാതിരുന്നതും ഒടുവിൽ വിദ്യാർത്ഥിപ്രസ്ഥാനം മനം നൊന്തു അതിന്റെ പ്രസാധനം ഏറ്റെടുത്തപ്പോൾ ഗ്രന്ഥകർത്താവിന്റെ പേരായി യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പേർ ചേർക്കാതെ 'യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കുറിപ്പുകളോട് കടപ്പാട്' എന്ന് മാത്രം ചേർത്ത് 1983-ൽ പ്രസിദ്ധീകരിച്ചതും വേദനയോടെ ഞാൻ ഓർത്തു. മഹാത്മാക്കളെ ഈവിധം തമസ്കരിക്കുന്നത് ബോധപൂർവ്വം അല്ലെന്നിരുന്നാലും അവരുടെ പ്രകാശം സമൂഹത്തിന്റെ ശ്രദ്ധയിൽനിന്ന് മറച്ചുപിടിക്കുന്നത് ക്ഷന്തവ്യമല്ലാത്ത ഉദാസീനതയാണെന്ന് എനിക്ക് തോന്നുന്നു.

ചരിത്രപുരുഷന്റെ സംഭാവനകളെ വസ്തുതാപരമായി സമകാല തലമുറയുടെ മുമ്പിൽ വരച്ചുകാട്ടുവാൻ ഈവക അനുഭവങ്ങൾ പ്രേരണയായി എന്ന് മുഖമൊഴിയായി പ്രസ്താവിച്ചുകൊള്ളട്ടെ. കുറവുകൾ കണ്ടേക്കാമെങ്കിലും ഈ പ്രദേശത്ത് അദ്ദേഹത്തിന്റെ സമകാലീനരായി ജീവിച്ച വൈദികരിൽ അതുല്യ പ്രതിഭാശാലിയും കർമ്മോന്മുഖനുമായ അദ്ദേഹത്തെക്കുറിച്ച് ഞാൻ മിണ്ടാതിരുന്നാൽ 'കല്ലുകൾ പോലും ആ കഥകൾ ആർത്തുവിളിക്കു'മെന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല.

പുരാണങ്ങളും ഇതിഹാസങ്ങളും വിശ്വസാഹിത്യകൃതികളും ഉൾപ്പെടെ ലോകത്തുണ്ടായിട്ടുള്ള രചനകളിലെ നായകസ്ഥാനം വഹിക്കുന്ന മഹാത്മാക്കളിൽ അധികപേരുടെയും ജീവിതം അഗാധമായ വിഷാദപർവത്തിലാണ് അവസാനിച്ചിട്ടുള്ളതെന്ന വസ്തുത നമ്മെ ഗൗരവപൂർണ്ണമായ ജീവിതചർച്ചയിലേക്ക് നയിക്കേണ്ടതല്ലേ? മുൾപ്പടർപ്പിലെ അത്ഭുതം ദർശിച്ച് ഇസ്രായേൽ ജനതയുടെ മോചനം എന്ന ദൗത്യം ഏല്പിക്കപ്പെടുകയും പർവതത്തിലെ ഇടിമുഴക്കത്തിന്റെ നടുവിൽ നിർഭയം ചെന്ന് നിയമത്തിന്റെ കല്പലകകൾ ഇറക്കിക്കൊണ്ടുവരികയും ദൈവത്തെ മുഖാമുഖമായി ദർശിച്ച ദീർഘദർശിമാരിൽ തലവൻ എന്ന് പ്രകീർത്തി

ക്കപ്പെടുകയും ചെയ്ത മോശ, ലക്ഷ്യം കാണാതെ - ദൗത്യം പൂർത്തിയാക്കാനാവാതെ, വാഗ്ദത്തദേശം അവകാശിക്കാനാവാതെ, നേബോ മലമുകളിൽ വച്ച് ചരിത്രത്തിൽനിന്ന് അപ്രത്യക്ഷനാവുന്നു. ഗോല്യാത്തിനെ തോല്പിച്ച് ഇസ്രായേൽ രാജാവിന്റെയും രാജ്യത്തിന്റെയും മനംകവർന്ന ദാവീദ്, മക്കൾ തമ്മിൽ പോരടിക്കുന്നതും താൻ അത്യധ്വാനം ചെയ്ത് കീഴടക്കി വിസ്തൃതമാക്കിയ സാമ്രാജ്യം അനന്തരവന്മാർ നാനാവിധമാക്കി ധൂർത്തടിക്കുന്നതും കണ്ട് നിസ്സഹായനായി ജീവിതത്തോട് വിടപറയുന്നു.

ഭാരതീയ പുരാണങ്ങളിലും തത്തുല്യമായ വിഷാദപർവങ്ങൾ ഏറെയുണ്ട്. സതീരത്നമായ അയോധ്യാറാണി വരണ്ട ഭൂഗർഭത്തിൽ തന്നെ ഒളിപ്പിച്ചാണ് ജീവിതാസ്തമയം പ്രഖ്യാപിച്ചത്. തന്റെ ഒടുങ്ങാത്ത മോഹങ്ങൾ തന്റെ കാന്തനെ ജീവന്മരണ സമരങ്ങളിലേക്ക് നയിച്ചതും ആ സമരപരമ്പരയിൽ ആർദ്രത വറ്റിയ കാന്തനെ അഭിമുഖീകരിക്കേണ്ടിവന്നതും ആണോ ഭൂമീപുത്രിയെ വരണ്ട ഭൂമിയുടെ ഗർത്തത്തിൽ അന്ത്യം കുറിക്കുവാൻ പ്രേരിപ്പിച്ചത്? ആസുരതകളെ കൊന്നൊടുക്കിയിട്ടും തന്റെ ജീവിതത്തിലേക്ക് ക്ഷണിക്കാതെ നിരന്തരം വന്നുകയറുന്ന എതിർമുഖങ്ങളെ നേരിടാനാവാത്തതിനാലാണോ അയോധ്യാധിപൻ സരയൂ നദിയിലെ ഓളങ്ങളിൽ സ്വന്തം ജീവിതത്തെ നിശ്ശബ്ദമാക്കിയത്? ധർമ്മധ്വംസനത്തെ കുരുക്ഷേത്രത്തിൽ അരിഞ്ഞുവീഴ്ത്തിയ ധർമ്മപ്രവാചകർ കുരുക്ഷേത്രയുദ്ധം സാങ്കേതികമായി ജയിച്ചതിന് ശേഷം ഓരോരുത്തരായി പ്രാണൻ വെടിഞ്ഞതെന്തുകൊണ്ട്?

മോക്ഷം, മഹാപ്രസ്ഥാനം എന്നീ മറകൾ അണിയിച്ച് വിഷാദമുഹൂർത്തങ്ങളെ അവതരിപ്പിക്കുവാൻ ഋഷിമാർ ശ്രമിച്ചിട്ടുള്ളത് വികാസം നേടിയ മനഃശാസ്ത്രത്തിന്റെ സഹായത്തോടെ നമുക്ക് തിരിച്ചറിയാനാകും. സംഭവബഹുലമായ ജീവിതത്തിന്റെ ഉടമകളായ മഹാത്മാക്കളുടെ ജീവിതാന്ത്യം വായനക്കാർക്ക് വിചിന്തനം ചെയ്യാനുള്ള ഖനി ആയിത്തീരണമെന്ന് പ്രവാചകാത്മാക്കളായ ഇതിഹാസ രചയിതാക്കൾ ചിന്തിച്ചിട്ടുണ്ടാവില്ലേ?

ഭാഗ്യവാനായ പൗലോസ് ശ്ലീഹാ എബ്രായ ലേഖനത്തിൽ നൽകുന്ന ആഹ്വാനം നമുക്ക് മാർഗ്ഗദർശകമാകേണ്ടതല്ലേ? അവിടെ ഇപ്രകാരം കാണുന്നു: "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (13:7). മഹാത്മാക്കളെ സൂക്ഷ്മമായി തുറന്ന് വിലയിരുത്തുവാനുള്ള താക്കോൽ അവരുടെ ജീവിതാന്ത്യനാളുകൾ ആണെന്ന ഈ പ്രബോധനം നമുക്ക് ചില നവീനമായ വീക്ഷണ ചക്രവാളങ്ങൾ തുറന്ന് തരുന്നില്ലേ?

'പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ' എന്ന ഈ ലഘു ഗ്രന്ഥം ഒരു ജീവ ചരിത്രമാണ്. ഇതിൽ പ്രതിപാദിക്കപ്പെടുന്ന മഹാത്മാവ് എന്റെ ആദ്യ കാല ഗുരുക്കളിൽ ഒരാളാണ്. ഞാൻ സുറിയാനിഭാഷ കൂട്ടിവായിക്കാൻ പരിശീലിച്ചതും അനായാസമായി ആ ഭാഷയിൽ ഗീതങ്ങൾ പാടുവാൻ അഭ്യസിച്ചതും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ്. എന്റെ ജീവിതം കരുപ്പിടിപ്പിക്കുന്നതിലും എന്റെ വ്യക്തിത്വവും ചരിത്രാഭിമുഖ്യവും വിക സിപ്പിച്ചെടുക്കുന്നതിലും നിർണ്ണായക നേതൃത്വം വഹിച്ച ആൾ എന്ന നിലയിൽ ആദരവോടെയാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. അനു കരണീയമായ പല ഗുണവിശേഷങ്ങളുമുള്ള ഒരു മഹാത്മാവാണ് അദ്ദേഹം എന്നുള്ളതിന് രണ്ടുപക്ഷമില്ല. എന്നാൽ ഗുണങ്ങളെ പർവതീ കരിച്ച് അദ്ദേഹത്തെ ഒരു ദേവസ്ഥാനത്ത് പ്രതിഷ്ഠിക്കുവാൻ ഞാൻ ആഗ്ര ഹിക്കുന്നില്ല. വരുംതലമുറകൾക്ക് അദ്ദേഹത്തിൽനിന്ന് പഠിക്കുവാൻ പല തുണ്ട്. ആ പാഠങ്ങൾ ഉൾക്കൊള്ളുവാനും ദൈവം നീതിമാൻ ആണെന്ന നിത്യസന്ദേശം ഓർമ്മിക്കുവാനും ഈ ജീവചരിത്രം ഉതകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ നിലയിലാണ് അദ്ദേഹത്തിന്റെ മനുഷ്യസ ഹജമായ ചില വൈകല്യങ്ങളെ ഉപദർശിക്കുവാൻ ശ്രമിച്ചത്.

ചരിത്രപുരുഷനുമായി വിവിധതരത്തിൽ ഇടപെട്ടിട്ടുള്ളവർ എഴുതിയ നിരീക്ഷണങ്ങളും സ്മരണകളുമാണ് ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗം. അതിൽ നടത്തിയ നിരീക്ഷണങ്ങൾക്കും വെളിപ്പെടുത്തലുകൾക്കും അഭി പ്രായങ്ങൾക്കും അതത് ലേഖനകർത്താക്കൾക്കാണ് ഉത്തരവാദിത്തം എന്ന് വ്യക്തമാക്കട്ടെ.

മൂന്നാം ഭാഗം ചരിത്രപുരുഷന്റെ ചില രചനകൾ ആണ്. അദ്ദേഹത്തെ കൂടുതൽ നേരിട്ട് മനസ്സിലാക്കുവാൻ ഉതകും എന്ന പ്രതീക്ഷയിലാണ് അവ ചേർക്കുന്നത്. കൂടുതൽ രചനകൾ ശേഖരിക്കുവാൻ കഴിഞ്ഞില്ല എന്നത് ഒരു പരിമിതിയായി സമ്മതിച്ചുകൊള്ളുന്നു. ബഹു. അച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ട ചില ഫോട്ടോകൾ ഗ്രന്ഥത്തെ കൂടുതൽ ആകർഷകമാക്കുമെന്ന് വിശ്വസിക്കുന്നു.

ചരിത്രപുരുഷന്റെ ഒന്നാം ചരമവാർഷികത്തിൽ തന്നെ ഈ ഗ്രന്ഥം പുറത്തിറക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഒന്നാം ചരമ വാർഷികത്തിൽ പുറത്തിറക്കുമെന്ന് പ്രഖ്യാപിച്ച് രണ്ടാം ചരമവാർഷിക ത്തിൽ മാത്രം പുറത്തിറക്കാനിടവന്ന 'തെക്കേക്കരയച്ചൻ സ്മരണിക' യുടെ അനുഭവം ഈ പുസ്തകത്തിനുണ്ടാകരുതെന്ന് കരുതിയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. എന്റെ സുഹൃത്ത് ശ്രീ. സുകു കെ. ഇട്ട്യേച്ചൻ ഇക്കാര്യത്തിൽ ശുഷ്കാന്തി കാണിച്ചില്ലായിരുന്നുവെങ്കിൽ ഈ പുസ്തകം വെളിച്ചം കാണുമായിരുന്നുവോ എന്ന് സംശയമാണ്. പുസ്ത

കത്തെപ്പറ്റിയുള്ള ചിന്ത പങ്കിട്ടപ്പോൾ തന്നെ ആ പ്രവർത്തനവുമായി മുന്നോട്ടുപോകുവാൻ ആവശ്യമായ ധൈര്യവും ഊർജ്ജവും പകർന്നത് സുകു ആണെന്ന് കൃതജ്ഞതയോടെ ഓർക്കുന്നു. ഈ ശ്രമം സഫല മാകുവാൻ ബഹു. അച്ചന്റെ കുടുംബാംഗങ്ങൾ നൽകിയ സഹായങ്ങളെ നന്ദിയോടെ വിലമതിക്കുന്നു. ലേഖകന്മാരോടുള്ള എന്റെ ബഹുമാനവും വാക്കുകൾക്കതീതമായ നന്ദിയും പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഈ തലമുറയിൽ ഇഹലോകവാസം വെടിഞ്ഞ ബഹു. തെക്കേക്കര അച്ചൻ ഉൾപ്പെടെ കുന്നംകുളം, പഴഞ്ഞി പ്രദേശത്തുണ്ടായ ഒരു വൈദി കരുടെയും ജീവചരിത്രങ്ങൾ നാളിതുവരെ രചിക്കപ്പെട്ടതായി അറിവില്ല. 'തെക്കേക്കര അച്ചൻ സ്മരണിക'യിൽ ഏറിയകൂറും ഉൾക്കൊള്ളിച്ചിട്ടു ള്ളത് അദ്ദേഹത്തിന്റെ പ്രസംഗക്കുറിപ്പുകൾ ആണ്. ചുരുക്കം ചില ലേഖ നങ്ങളിൽ ചില നിരീക്ഷണങ്ങൾ ഉണ്ടെങ്കിലും അതിനെ സമഗ്രമായ ജീവ ചരിത്രം എന്ന് വിശേഷിപ്പിക്കാനാവില്ല. ഈ അവസരത്തിൽ 1971–ൽ പ്രസി ദ്ധീകരിച്ച പഴഞ്ഞിപള്ളിയിലെ സണ്ടെസ്കൂൾ ശതാബ്ദിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച സുവനീർ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു അനുഭവം സ്മരിച്ചുകൊള്ളട്ടെ. അതിന്റെ എഡിറ്റർ ഈ ഗ്രന്ഥകാരൻ ആയിരുന്നു. സുവനീറിൽ രണ്ട് ചരിത്രലേഖനങ്ങൾ ഉൾപ്പെടുത്തുവാൻ അന്ന് ശെമ്മാ ശനായ ഞാൻ ആഗ്രഹിച്ചു. ഒന്ന് പഴഞ്ഞിപള്ളിയുടെ ചരിത്രം. രണ്ട് പഴഞ്ഞിപള്ളിയിലെ മുൻ വൈദികരുടെ ചരിത്രം. ആദ്യത്തേത് എഴുതു വാൻ ബഹു. കെ. സി. ജോസഫ് അച്ചനെയും രണ്ടാമത്തെ വിഷയം എഴുതുവാൻ ബഹു. സി. വി. ഏബ്രഹാം അച്ചനെയും ആണ് ഞാൻ സമീപിച്ചത്. രണ്ടുപേരും ഓരോ ലേഖനങ്ങൾ എഴുതിതന്നു. ആദ്യത്തെ ആൾ 'കുന്നംകുളം-പഴഞ്ഞി സണ്ടെസ്കൂൾ അസോസ്യേഷന്റെ ചരിത്ര'വും രണ്ടാമത്തെ ആൾ 'പൗലൂസിന്റെ ത്രിവിധ പദവികൾ' എന്ന ലേഖനവും ആണ് എഴുതിത്തന്നത്. ഞാനാവശ്യപ്പെട്ട വിഷയങ്ങളെക്കു റിച്ച് എഴുതാനാവില്ലെന്ന നിലപാട് ആണ് രണ്ടുപേരും സ്വീകരിച്ചത്. അന്ന് അതെന്നെ അത്ഭുതപ്പെടുത്തിയിരുന്നു. എന്നാൽ സമീപകാലത്ത് ജീവിച്ച ഒരാളിന്റെ ചരിത്രം എഴുതുന്നതിലെ മാനസിക സംഘർഷങ്ങൾ അനുഭ വിച്ചപ്പോൾ അവരുടെ അന്നത്തെ നിലപാടിനെ കുറ്റപ്പെടുത്തുവാൻ ഇന്ന് സാധിക്കുന്നില്ല. ഒരു ചരിത്രപുരുഷനെ രണ്ടു തരത്തിൽ അവതരിപ്പിക്കാം.

ഒന്ന് ഗുണങ്ങളെ അതിശയോക്തി കലർത്തി മാതൃകാപുരുഷനായി അവതരിപ്പിക്കാം. ഇതിന് രണ്ട് തടസങ്ങൾ വരും. ഒന്ന് എഴുത്തുകാരന്റെ നീതിബോധവും സത്യദർശനശേഷിയും പണയപ്പെടുത്തിയാലേ ഇത് സാധ്യമാവൂ. മാത്രമല്ല, സമകാല തലമുറയിൽ ജീവിച്ച വായനക്കാർ, അവർക്കറിയുന്ന സത്യങ്ങൾ മൂടിവച്ച ഒരു രചനയേ അവമതിക്കുക തന്നെ ചെയ്യും.

രണ്ട്, ചരിത്രപുരുഷന്റെ ഏതെങ്കിലും കുറവുകൾ പരാമർശിക്കുന്നത് പല കോണുകളിൽനിന്നും എതിർപ്പുകളെ വിളിച്ചുവരുത്തും. ഈ ധർമ്മ സങ്കടങ്ങൾ ഒഴിവാക്കുവാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം ജീവ ചരിത്ര രചന ഒഴിവാക്കുകയാണ്. ഈ ചിന്ത മൂലമാണ് ജീവചരിത്ര രച നകൾ നമുക്ക് ലഭിക്കാതെ പോകുന്നത്. ഈ ജീവചരിത്രത്തിൽ ചരിത്ര പുരുഷന്റെ വലുപ്പങ്ങളും ചില ചെറുപ്പങ്ങളും സ്മരിച്ചിട്ടുള്ളത് അദ്ദേ ഹത്തെ അമാനുഷ പുരുഷൻ ആയി ചിത്രീകരിക്കുവാൻ ഉദ്ദേശ്യമില്ലാ ത്തതിനാലാണ്.

'മദ്‌വചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശ്യശുദ്ധിയാൽ മാപ്പുനൽകിൻ' എന്ന മഹാകവി കുമാരനാശാന്റെ വരികളാണ് എനിക്ക് അവലംബമാക്കാവുന്ന വാക്യം. മാറ്റമില്ലാത്ത ദൈവ നീതി ചരിത്രത്തെ നയിക്കുന്നു എന്ന ലോകനിരീക്ഷണം ഈ ഗ്രന്ഥരച നയിലും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഇതിൽ ഏതെങ്കിലും പരാമർശങ്ങൾ ആർക്കെങ്കിലും വേദന ഉളവാക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയല്ല. ആർക്കെ ങ്കിലും അപ്രകാരം തോന്നുന്നപക്ഷം അവരോട് നിർവ്യാജമായി മാപ്പ് പറയുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കൊച്ചി, തൃശൂർ, കുന്നംകുളം എന്നീ വടക്കൻ ഭദ്രാസനങ്ങളിൽ, വന്ദ്യ കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായോട് സമശീർഷനായ മറ്റൊരു വൈദികനും ഈ തലമുറയിൽ ജീവിച്ചിട്ടില്ല എന്നത് നിർവിവാദമായ ഒരു വസ്തുതയാണ്. എല്ലാ മേഖലകളിലും ശരാശരിയിൽ താഴെ, ശരാശരി, ശരാശരിക്ക് മുക ളിൽ എന്നിങ്ങനെ മൂന്ന് തട്ടുകളായി മനുഷ്യരെ തരംതിരിക്കാം. സ്വന്തം മേഖലയെ തന്റെ ജീവസന്ധാരണത്തിനുള്ള മാർഗ്ഗമെന്ന നിലയിൽ മാത്രം കാണുന്നവരാണ് ആദ്യ വിഭാഗം. രണ്ടാം വിഭാഗമാവട്ടെ കർമ്മമേഖലയെ ജീവസന്ധാരണമാക്കുമ്പോൾ തന്നെ അവയെ തേജസ്കരിക്കുവാനും ശ്രമിക്കുന്നു. മൂന്നാം വിഭാഗമാവട്ടെ, കർമ്മമേഖലയെ തേജസ്കരിക്കുന്നു; ഒപ്പം ഇതര മേഖലകളിലേക്ക് കർമ്മശേഷി വ്യാപിപ്പിച്ച് അവയെ സമൂ ഹനന്മയ്ക്ക് പ്രയോജനപ്പെടുത്തുവാനും സ്വന്തം ജീവിതത്തെ ഒരു തപ സ്യയാക്കി മാറ്റുന്നു. ഇതിൽ മൂന്നാം വിഭാഗത്തിൽ വന്ദ്യ കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായെ ഉൾപ്പെടുത്തുവാൻ ഞാൻ ആഗ്രഹി ക്കുന്നത് അദ്ദേഹത്തിന്റെ ശിഷ്യൻ ആയതുകൊണ്ട് മാത്രമല്ല, ഒരു കാല ഘട്ടത്തിന്റെ ചരിത്രവിദ്യാർത്ഥി ആയതുകൊണ്ട് കൂടെയാണ്. ആ കർമ്മ ധീരന്റെ സ്മരണകൾക്കു മുമ്പിൽ കൂപ്പുകൈ!!

എം.ജെ.ഡി. പബ്ലിഷേഴ്സിന്റെ ബാനറിൽ ആണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകത്തിൽ ചേർക്കാനായി ഒരു ലേഖനം നൽകാമെന്ന് മാസങ്ങൾക്കു മുമ്പേ സമ്മതിച്ചിരുന്നു എങ്കിലും കർത്തവ്യ ഭാരാധിക്യം മൂലം അത് സാധിക്കാതെ വന്നതിനാൽ താൻ നടത്തിയ

ചരമപ്രസംഗം ഇതിൽ ഉൾപ്പെടുത്തുവാൻ അനുവദിച്ച പ. കാതോലിക്കാ ബാവായോട് ഞങ്ങൾ അതീവ കൃതജ്ഞരാണ്. പ്രസാധകസംഘത്തിന്റെ അധ്യക്ഷൻ അഹമ്മദ്ബാദ് മെത്രാസനാധ്യക്ഷൻ പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുകയും ഒരു ലേഖനം കൊണ്ട് ഈ യത്നത്തിൽ സഹകരിക്കുകയും ചെയ്തു. അദ്ദേഹത്തോടുള്ള നന്ദിയും അറിയിക്കട്ടെ. അങ്കമാലിയുടെ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായോടും സഹൃദയരായ മറ്റ് എഴുത്തുകാരോടും ഉള്ള എന്റെ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

ഗ്രന്ഥ പ്രസിദ്ധീകരണത്തിൽ എന്നെ ധൈര്യപ്പെടുത്തുകയും സഹായിക്കുകയും ചെയ്ത സൈമൺ കുറ്റിക്കാട്ട്, സുകു കെ. ഐ., അഡ്വ. ഗിൽബർട്ട് ചീരൻ, ഡോ. ജെ. സി. പ്രസാദ്, എ. എസ്. ജോയ് തുടങ്ങിയവരോടും ശ്രീ. ജോയ്സിന്റെ നേതൃത്വത്തിലുള്ള സോഫിയാ പ്രിന്റേഴ്സിനോടും ഉള്ള കടപ്പാടുകൾ രേഖപ്പെടുത്തട്ടെ. സഭാചരിത്രപഠനത്തിന്റെ സാധ്യതകളിലേക്ക് എന്നെ വഴിതിരിച്ചുവിട്ട എന്റെ ആദ്യകാല ഗുരുനാഥന്മാരിൽ പ്രമുഖ സ്ഥാനമുള്ള വന്ദ്യപിതാവിന്റെ ഈ ജീവചരിത്രം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ, അർഹരായ ചരിത്രപുരുഷന്മാരുടെ ജീവചരിത്ര രചനകൾ ധാരാളമായി എഴുതപ്പെടട്ടെ എന്ന പ്രതീക്ഷയോടെ.

**ഗ്രന്ഥകർത്താവ്**

പഴഞ്ഞി
2013 മാർച്ച് 25 (സൂബോറോ പെരുന്നാൾ)

---

NB: പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ചരിത്രവും അവിടെ സേവനം അനുഷ്ഠിച്ച ബഹു. വൈദികരുടെ ചരിത്രവും ഉൾപ്പെടെ 'പഴഞ്ഞിപ്പള്ളിയുടെ സൂര്യശോഭ' എന്ന പേരിൽ ഒരു പുസ്തകം പൂർത്തിയായി വരുന്നു. ഒരു ലക്ഷം രൂപയോളം വരുന്ന അതിന്റെ പ്രസിദ്ധീകരണച്ചെലവ് സ്പോൺസർ ചെയ്യുവാൻ ഏതെങ്കിലും സഹൃദയർ മുന്നോട്ടു വരുന്നപക്ഷം ഒന്നോ രണ്ടോ വർഷത്തിനകം ആ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതാണ്.

# അതുല്യനും അധ്വാനപ്രിയനും ആയ ശ്രേഷ്ഠാചാര്യൻ

## പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ

പൗരോഹിത്യ മണ്ഡലത്തിലെ, കുന്നംകുളം – പഴഞ്ഞി മേഖലയിലെ ഒരു യുഗത്തിന്റെ അന്ത്യമാണ് ഞാൻ ദർശിക്കുന്നത്. ബഹുമാനപ്പെട്ട, (നമ്മൾ വളരെ ഓമനപ്പേരായി വിളിക്കുന്ന കുറ്റിക്കാട്ടിലച്ചൻ) കെ. സി. ജോസഫ് അച്ചൻ നമ്മോട് വിടപറയുന്നു. അച്ചനുമായി പരിചയപ്പെട്ട ആർക്കും അച്ചനെ മറക്കാനായിട്ട് ഒരിക്കലും സാധിക്കുകയില്ല. അച്ചന്റെ കഴിവുകൾ, അച്ചന്റെ ഉൾക്കാഴ്ചകൾ, സഭയെ സംബന്ധിച്ചുള്ള അച്ചന്റെ സന്ദേശങ്ങൾ ഇവയൊക്കെ വളരെ അതുല്യങ്ങളായിരുന്നു. പ്രത്യേകിച്ച് നമ്മുടെ ഈ മേഖലകളിൽ വ്യക്തിപരമായി പറഞ്ഞാൽ, ഒരുപാട് കട പ്പാടുകൾ ഈ വന്ദ്യ ഗുരുസ്ഥാനീയനായ അച്ചനോട് ബലഹീനനായിരി ക്കുന്ന എനിക്കുണ്ട്. കാരണം ഒത്തിരി കാര്യങ്ങൾ ബഹുമാനപ്പെട്ട അച്ച നിൽ നിന്ന് പഠിക്കുവാൻ തക്കവണ്ണം എനിക്ക് ഇടയായിട്ടുണ്ട്. അച്ചന്റെ കുറെ പ്രവർത്തനം അല്ലെങ്കിൽ ജീവിത മണ്ഡലങ്ങളിൽ അതിന്റെ ആഴവും പരപ്പും നമുക്ക് എത്രമാത്രമെന്ന് ഗ്രഹിക്കുവാൻ ഒക്കും എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഈ ദേവാലയത്തിനുവേണ്ടി, ഇടവകയ്ക്കു വേണ്ടി ഈ ബഹു. അച്ചന്റെ അധ്വാനം ആർക്കും മറ്റൊരുവിധത്തിൽ താരതമ്യപ്പെടുത്തുവാൻ പോലും കഴിയാത്തത്ര വലുതായിരുന്നു. ഈ ഇടവകയുടെ എത്രയോ നഷ്ടപ്പെട്ട സ്വത്തുക്കൾ അച്ചൻ വ്യവഹാരത്തി ലൂടെയും, ഈ ഇടവകയെ സംഘടിപ്പിച്ചുംകൊണ്ടും ഏറ്റെടുത്തിട്ടുള്ള, അല്ലെങ്കിൽ ഇടവകയുടേതാക്കി തീർത്തിട്ടുള്ളത് ഈ ഇടവകയിലുള്ള ഒട്ടുവളരെ പേർക്ക് അറിയാം. നിയമത്തിന്റെ തലനാരിഴ വ്യക്തമായി അറി യുവാനും അത് പ്രയോഗിക്കുവാൻ തക്കവണ്ണവുമുള്ള അച്ചന്റെ സവി ശേഷതയുള്ള ബുദ്ധികൂർമ്മത നമുക്കൊക്കെ അതിൽ നിന്നു ഗ്രഹിക്കാം.

ഏതു ദേവാലയങ്ങളിലേക്കും നമ്മുടെ ഒരു കല്പന എഴുതി അയ ച്ചാൽ അത് ഡൽഹി സുപ്രീംകോടതി വരെ പോയാലും ഒരു പോറലും ഏൽക്കുകയില്ല. അത്രയും ഈവക കാര്യങ്ങളിൽ സ്വന്തമായ, ഒരു ജന്മ നാലുള്ള വാസനയും, അതിന്റെ എല്ലാ കാര്യങ്ങളും അദ്ദേഹത്തിനറിയാം. ഇങ്ങനെ ഒത്തിരി ഒത്തിരി കാര്യങ്ങൾ ഉണ്ട്. ഈ ഇടവകയ്ക്കുവേണ്ടി യുള്ള അദ്ദേഹത്തിന്റെ അദ്ധ്വാനമുണ്ട്. സഭയ്ക്കുവേണ്ടിയുള്ള അദ്ദേഹ ത്തിന്റെ അദ്ധ്വാനമുണ്ട്. കുന്നംകുളം ഭദ്രാസനത്തിനുവേണ്ടിയുള്ള

അദ്ദേഹത്തിന്റെ അദ്ധ്വാനമുണ്ട്. ഒരുപാട്, ഒരുപാട്, ഒരുപാട് മറ്റാർക്കും ഇല്ലാത്ത ഉൾകാഴ്ചകളും, പ്രയത്നങ്ങളും, അദ്ധ്വാനങ്ങളും ഏറെ കാഴ്ച വച്ച ഒരു വന്ദ്യ പുരോഹിതശ്രേഷ്ഠനാണ് ഇദ്ദേഹമെന്നുള്ളത് നമുക്ക് ഒക്കെ അറിയാം. ഒരു യുഗം അവസാനിക്കുന്നു.

ബഹുമാനപ്പെട്ട അബ്രഹാം അച്ചൻ, ബഹു. കുറ്റിക്കാട്ടിൽ ജോസഫ് കോർഎപ്പിസ്കോപ്പാ അച്ചൻ, ആ കണ്ണിയിൽ ഇനി ഉള്ളത് ബഹു. പി. സി. സൈമൺ അച്ചൻ ആണ്. ഇവരൊക്കെ ഒരുമിച്ച് സഭയുടെ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന് ശോഭിച്ചു മുന്നേറിയ നക്ഷത്രങ്ങളായിരുന്നു. കാലം ചെയ്ത പ. വട്ടക്കുന്നേൽ ബാവാ തിരുമേനി എന്നു പറഞ്ഞാൽ ഈ വന്ദ്യ വൈദികശ്രേഷ്ഠരൊക്കെ ജീവന്റെ ജീവൻപോലെ പിതാവിന്റെ വാക്കുകൾക്ക് ശ്രദ്ധ കൊടുക്കുക മാത്രമല്ല, അതുപോലെ സ്നേഹിക്കുമായിരുന്നു. പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയുടെ ശിഷ്യത്വം അവർക്ക് വൈദികസെമിനാരി പരിശീലനത്തിൽ ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒത്തിരി കാര്യങ്ങളിൽ ഈ അച്ചന്റെ സന്ദേശം, അധ്വാനം അദ്ദേഹത്തിന്റെ ജീവിതരീതിയിൽ, അദ്ദേഹത്തിന്റെ ഭരണഘടനാപരമായ പാടവം, വ്യവഹാരങ്ങളിലുള്ള അദ്ദേഹത്തിന്റെ പ്രത്യേക സാമർത്ഥ്യം, ദേവാലയങ്ങളുടെ സ്വത്ത് എങ്ങനെ വീണ്ടെടുക്കണം എന്ന് അദ്ദേഹത്തെ ആരും പഠിപ്പിച്ചുകൊടുക്കേണ്ടതില്ല. ഒത്തിരി ഉപദേശങ്ങളുണ്ട്. ആ ഉപദേശങ്ങളുമായി മുന്നേറുമ്പോൾ നമുക്ക് നിയമപരമായി ഒരു ആപത്തും ഉണ്ടാകുകയില്ല. അതുപോലെ തന്നെ ആണ് ഭദ്രാസന ആസ്ഥാനത്തിന്റെ നിർമ്മാണത്തിന്റെ പങ്കാളിത്തം. ഒരു വിധത്തിൽ പറഞ്ഞാൽ ഒത്തിരി ഒത്തിരി അദ്ദേഹത്തോട് ബലഹീനനായ എനിക്ക് അത്രയേറെ കടപ്പാടുണ്ട്. ഈ ഇടവകയ്ക്ക് കടപ്പാടുകൾ ഉണ്ട്. തീർത്താൽ തീരാത്ത കടപ്പാടുണ്ട്. എല്ലാ കാര്യങ്ങളിലും അച്ചന്റേതായ അതുല്യമായ ഒരു സമീപനം കാണാം.

ഏകദേശം ഒരു മാസം മുമ്പ്, തൈലാഭിഷേക ശുശ്രൂഷയ്ക്ക് മുമ്പ് (മെയ് മാസം ആദ്യത്തെ ആഴ്ചയിൽ) ബഹു. അച്ചനെ ഞാൻ കാണുകയും സംസാരിക്കുകയും ഞാൻ പറഞ്ഞ കാര്യങ്ങൾക്കൊക്കെ പ്രതികരിക്കുകയും ചെയ്തു. പക്ഷേ, എന്നിരുന്നാലും അദ്ദേഹത്തിന്റെ രോഗാവസ്ഥ മൂലം നമ്മിൽനിന്ന് ദൈവസന്നിധിയിലേക്ക് ആക്കപ്പെട്ടു. അങ്ങനെ ഇപ്പോൾ ഈ പിതാവും നമ്മിൽനിന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. അദ്ദേഹം നമുക്ക് നൽകിയിട്ടുള്ള നല്ല സന്ദേശങ്ങൾ നമ്മുടെ മനസ്സിൽ ഓർക്കുക. നാം ദൈവസന്നിധിയിൽ നമ്മെത്തന്നെ സമർപ്പിക്കുകയും, ഈ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുക.

സഭയുടെ കെട്ടുപണിയിൽ നമുക്ക് എങ്ങനെ പങ്കാളികളാകാം എന്ന് നല്ലതുപോലെ നമ്മെ ഓർമ്മിപ്പിക്കുകയും, പഠിപ്പിക്കുകയും ചെയ്തിട്ടുള്ള

ഒരു വന്ദ്യ വൈദികശ്രേഷ്ഠനാണ് ബഹു. ജോസഫ് അച്ചൻ. അദ്ദേഹത്തിന് ദൈവസന്നിധിയിൽ എല്ലാ പ്രതിഫലങ്ങളും ദൈവംതമ്പുരാൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മഹാ ആചാര്യനായിരിക്കുന്ന യേശു ക്രിസ്തുവിനോടൊപ്പം നമ്മുടെ ആചാര്യത്വ ശുശ്രൂഷകളിലൂടെ തന്നെ ആ മഹാഇടയന്റെ ആചാര്യത്വ ശുശ്രൂഷകളിലെ പങ്കാളികളായി ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ അദ്ദേഹം അവിടെ വിശ്രമിക്കട്ടെ. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം, അദ്ദേഹത്തിന്റെ ഓർമ്മകൾ നമുക്ക് പ്രചോദനം തരട്ടെ. അദ്ദേഹത്തിന്റെ സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിൽ വലിയ മുതൽക്കൂട്ടായിരിക്കട്ടെ.

അദ്ദേഹത്തിന്റെ മക്കൾക്കും, കൊച്ചുമക്കൾക്കും വേർപാട് മനസ്സിൽ നൊമ്പരം ഉണ്ടാക്കുന്നതാണ് എന്ന് അറിയാം. ദൈവംതമ്പുരാൻ അവരെ ആശ്വസിപ്പിക്കട്ടെ. ഈ ഇടവകയ്ക്ക് അച്ചന്റെ ആവേശവും, അച്ചന്റെ പ്രചോദനവും, അച്ചന്റെ പ്രവർത്തനശൈലികളും കൂടുതൽ കൂടുതൽ നന്മകൾ പ്രവർത്തിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാ ആദരാഞ്ജലികളും അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഇവിടെ ഉപസംഹരിക്കുന്നു.

(പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ ചരമപ്രസംഗം ലേഖനരൂപത്തിലാക്കിയത് ശ്രീ. സുകു. കെ. ഇട്ട്യേശ്ശൻ.)

## അദ്ധ്യായം 1

# പഴഞ്ഞിയും പഴയ ധാരണകളും

എ.ഡി. 1789-ൽ, 'മൈസൂർ വ്യാഘ്രം' എന്ന് പ്രസിദ്ധിനേടിയ ടിപ്പു സുൽത്താൻ പാലൂർ-ചാട്ടുകുളങ്ങര പള്ളിയും അങ്ങാടിയും അഗ്നിക്കിരയാക്കുകയും വൻതോതിൽ മതപരിവർത്തനം നടത്തുകയും ചെയ്ത ഭീകരാനുഭവങ്ങൾ നടുക്കം നൽകുന്ന ഓർമ്മയായി 'കുന്നംകുളം നാടുകൾ' അവരുടെ ചരിത്രത്തിൽ അടയാളപ്പെടുത്തിയിരുന്നു. വടു കെട്ടിയ ആ ഓർമ്മകൾക്കപ്പുറത്തേക്ക് പഴഞ്ഞിയുടെ ചരിത്രം കുറിക്കുവാൻ സഫലമായ അന്വേഷണങ്ങൾ ഒന്നും നാളിതുവരെ നടന്നിട്ടില്ല. മതംമാറ്റത്തിന് വിസമ്മതിച്ച വിശ്വാസവീരന്മാരെ പാലൂർപള്ളിയുടെ സമീപത്തുള്ള വൃക്ഷശിഖരങ്ങളിൽ കെട്ടിത്തൂക്കിക്കൊന്ന ദാരുണമായ ഓർമ്മകൾ, 1808 ജനുവരി 14-ന്, പുതുക്കിപ്പണിത പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ സന്ദർശനം നടത്തിയ കൽക്കട്ടയിലെ ആംഗ്ലേയ മിഷനറി ഡോ. ക്ലോഡിയസ് ബുക്കാനനുമായി തദ്ദേശനിവാസികൾ പങ്കുവച്ചു. ഹൃദയഭേദകമായ ആ വൃത്താന്തകഥനം ശ്രോതാവിന്റെ ഹൃദയത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. 'മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ' എന്ന ആത്മകഥയിൽ ഈ സംഭവം അദ്ദേഹം പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട് (പുറം 154, 155). പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്ത് നിരവധി രക്തസാക്ഷികളെ സൃഷ്ടിച്ച ഭീതിദമായ ഈ പരിതഃസ്ഥിതിയിൽ തദ്ദേശവാസികളിൽ നിരവധിപേർ ചാവക്കാട് തുറമുഖം വഴി കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തിട്ടുണ്ട്. കോനാട്ട് കുടുംബം (മാമ്മലശ്ശേരി-പാമ്പാക്കുട), പൈനാടത്ത് കുടുംബം (അങ്കമാലി), അമ്പാട്ട് (അങ്കമാലി), തുരുത്തി (ഇടപ്പള്ളി, കോതമംഗലം, ചേലാട്), തോമ്പ്രാ (കുറുപ്പമ്പടി), മൂക്കഞ്ചേരി (കോലഞ്ചേരി), ഞാലിയിൽ (മാരാമൺ, അയിരൂർ, കവിയൂർ), കുറ്റിക്കണ്ടത്തിൽ (അയിരൂർ), തേക്കനാൽ (മല്ലപ്പള്ളി-കല്ലൂപ്പാറ), വിളവിനാൽ (മാവേലിക്കര-അടൂർ), തുടങ്ങിയ കുടുംബങ്ങൾ ബ്രാക്കറ്റിൽ കൊടുത്ത സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർത്തത് പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്തുനിന്നാണ് എന്ന് അവരവരുടെ കുടുംബചരിത്രങ്ങളിൽ കാണുന്നുണ്ട് (ഭുവിൽ വിടർന്ന ദേവലോകം, ഫാ. ഡോ. ജോസഫ് ചീരൻ, പുറം 23, 24). ഇതേ സാഹചര്യത്തിൽ കുറെ കുടുംബങ്ങൾ സമീപപ്രദേശമായ സുരക്ഷിത താവളങ്ങളിൽ താമസമുറപ്പിച്ചു എന്നും കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ തങ്ങൾ ഇവിടെ 'പഴങ്ങി' എന്ന് പറഞ്ഞു എന്നും 'പഴഞ്ഞി' എന്ന ക്രിയാരൂപം പിൽക്കാലത്ത് പഴഞ്ഞി എന്ന ദേശമായി പരിണമിച്ചു എന്നുമാണ് പഴഞ്ഞിയെപ്പറ്റി ഈ ഗ്രന്ഥകാരൻ ബാല്യം മുതലേ കേട്ടിരുന്നത്.

പഴഞ്ഞിയിലെ അങ്ങാടികളുടെയും വ്യാപാരത്തിന്റെയും ദേവാലയത്തിന്റെയും ചരിത്രം ആരായുമ്പോൾ പഴഞ്ഞിക്കാർ ആരംഭിക്കുക 1789-ലെ ടിപ്പുവിന്റെ പടയോട്ടം മുതലുള്ള സംഭവങ്ങൾ ആണ്. ചരിത്രബോധമോ വായനാശീലമോ ഭാഷാശാസ്ത്ര വിജ്ഞാനമോ വേണ്ടത്ര ഇല്ലാത്ത ചില 'ചരിത്ര ഗവേഷകന്മാർ' ഈ കെട്ടുകഥയ്ക്കപ്പുറം അന്വേഷണം വ്യാപിപ്പിച്ചതായി അറിവില്ല.

### ചരിത്രം ആരായുമ്പോൾ

1796-ൽ പഴഞ്ഞി-ചാലശ്ശേരി പ്രദേശങ്ങളിലെ പ്രശസ്ത വ്യാപാരികളായ സുറിയാനിക്കാരെ കൊച്ചിയുടെ ഭരണാധികാരിയായിരുന്ന ശക്തൻ തമ്പുരാൻ തൃശൂരിന്റെ വ്യാപാരത്തിളക്കവും തന്മൂലമുള്ള ധനപുഷ്ടിയും വർദ്ധിപ്പിക്കുവാൻ തൃശൂരിലേക്ക് ക്ഷണിച്ചുകൊണ്ടു പോയി. പൊന്നാനി തുറമുഖം കേന്ദ്രമാക്കി ചേര രാജാക്കന്മാർ ക്രിസ്തുവർഷാരംഭത്തിന് മുമ്പേ നടത്തിയിരുന്ന വിദേശവ്യാപാരത്തിൽ പങ്കാളികളായിരുന്ന ഈ വ്യാപാരികൾ ക്രിസ്തുവർഷാരംഭത്തിൽ തന്നെ ക്രിസ്തുമതം സ്വീകരിച്ചവർ ആയിരുന്നു. പൊന്നാനി-അലക്സാന്ത്രിയാ തുറമുഖങ്ങളെ ബന്ധിപ്പിച്ച് നടത്തിയിരുന്ന കപ്പൽ വ്യാപാരം ചേരരാജ്യത്തിന്റെ പ്രശസ്തിയും ധനശേഷിയും വർദ്ധിപ്പിച്ചതിന്റെ ചരിത്രം 'പതിറ്റുപ്പത്ത്' എന്ന സംഘകാവ്യത്തിൽ വ്യക്തമാക്കുന്നുണ്ട് (തൃശൂർ പള്ളിചരിത്രം, പുറം 20, 21). ശക്തൻ തമ്പുരാൻ ഈ വ്യാപാരികളെ തൃശൂരിലെ 'പുത്തൻപേട്ട'യിൽ കുടിപാർപ്പിച്ചു. അവർ ഉപേക്ഷിച്ചുപോന്ന പഴഞ്ഞിയിലെ ദൈവമാതാവിന്റെ പള്ളിക്ക് സമാനമായി തൃശൂരിൽ മാർത്തമറിയം അമ്മയുടെ നാമത്തിൽ ഒരു പള്ളിയും ഏതാനും വർഷങ്ങൾക്കുള്ളിൽ പണിയിച്ചുകൊടുത്തു. 1819-ൽ വാർഡ്, കോണ്ണർ എന്നീ വിദേശികൾ ചരിത്രമെഴുതുമ്പോൾ, പഴഞ്ഞി, സുറിയാനി ക്രിസ്ത്യാനികളുടെ 'പേട്ട' കൊണ്ടും 'ബസാറു' കൊണ്ടും പ്രാധാന്യം വഹിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (വി. വി. കെ. വാലത്ത്, കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ, തൃശൂർ ജില്ല). സമ്പന്നരായ സുറിയാനി ക്രിസ്ത്യാനി വ്യാപാരികൾ സ്ഥലംവിട്ടു പോയിട്ടും പഴഞ്ഞിയിലെ സുറിയാനി പള്ളികളുടെയും 'പേട്ട'യുടെയും പ്രാധാന്യം നഷ്ടപ്പെട്ടില്ല എന്ന് സാരം.

പൊന്നാനിയിൽ വാസമുറപ്പിച്ച അറബികളുടെയും പാലൂർ-ചാട്ടുകുളങ്ങരയിലെ യൂദക്കുന്നിൽ പാർപ്പുറപ്പിച്ച യഹൂദന്മാരുടെയും പഴഞ്ഞി പ്രദേശത്ത് വാസം ക്രമീകരിച്ച യവനന്മാരുടെയും (ജോനകർ) സഹായത്തോടെ അലക്സാന്ത്രിയൻ തുറമുഖത്തേക്ക് വനവിഭവങ്ങൾ ശേഖരിച്ച് കയറ്റിഅയച്ച ചേരരാജാക്കന്മാരുടെ ആസ്ഥാനം 'വഞ്ചി' ആയിരുന്നതായി ചരിത്രകാരന്മാർ സംശയരഹിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊന്നാനി

തുറമുഖവും ഒന്നാം ചേരവംശവും അസ്തമിച്ചതിന്റെ ശേഷം രണ്ടാം ചേരസാമ്രാജ്യം കൊടുങ്ങല്ലൂർ കേന്ദ്രമായി പുനഃസംഘടിപ്പിച്ച ചരിത്രം നമുക്കറിയും. അപ്പോഴും പുതിയ രാജ്യതലസ്ഥാനം 'വഞ്ചി രാജ്യം' എന്ന പേരിലാണ് അറിയപ്പെട്ടത്. കൊടുങ്ങല്ലൂർ പ്രദേശത്ത് 'തിരുവഞ്ചിക്കുളം' പ്രശസ്തമാണല്ലോ. കൊടുങ്ങല്ലൂർ തുറമുഖം വഴിയും കുറേക്കാലം വിദേശവാണിജ്യം നടന്നിരുന്നു. എന്നാൽ ഒന്നാം ചേരസാമ്രാജ്യം വ്യാപാരം നിയന്ത്രിക്കുവാൻ തലസ്ഥാനം ആയി നിശ്ചയിച്ച 'വഞ്ചി രാജ്യം' ഏതെന്ന് ചരിത്രകാരന്മാർ ഇപ്പോഴും അന്വേഷണത്തിലാണ്. പൊന്നാനിക്കടുത്തായിരുന്നു ആദ്യത്തെ 'വഞ്ചി രാജ്യം.' സമ്പന്നമായ വിദേശവ്യാപാരം ലക്ഷ്യമായി പാണ്ഡ്യന്മാരും ചോളന്മാരും യുദ്ധപരമ്പരകൾ അഴിച്ചുവിട്ടതോടെ ആദ്യത്തെ 'വഞ്ചിനഗരം' സുരക്ഷിതമല്ലാതായി. ചേരരാജാക്കന്മാർ കുറെക്കൂടി കിഴക്കോട്ടുമാറി മറ്റൊരു വഞ്ചിരാജ്യം സ്ഥാപിച്ചു. ആക്രമണഭീഷണി അവിടെയും തുടർന്നു. വഞ്ചിരാജാക്കന്മാരെ തുരത്തുവാൻ ചോളരാജ്യത്തുനിന്നും പാണ്ടിദേശത്തുനിന്നും വന്ന പടകൾ യുദ്ധം ചെയ്തിരുന്ന പടനിലം ഇന്നും 'പോർക്കളം' എന്ന പേരിൽ ദൃശ്യമാണ്. യുദ്ധം മൂലം പലപ്പോഴും വിദേശവ്യാപാരത്തിന്റെ ആധിപത്യം ചോളർക്കും പാണ്ഡ്യർക്കും ലഭിച്ചിട്ടുണ്ട്. തുടർച്ചയായി അരങ്ങേറിയ യുദ്ധങ്ങൾ വഞ്ചിരാജ്യത്തെ തകർച്ചയിലെത്തിച്ചു. പിന്നീട് കൊടുങ്ങല്ലൂരിൽ രണ്ടാം ചേരസാമ്രാജ്യം തലസ്ഥാനമായി 'വഞ്ചിനഗരം' പുനഃസ്ഥാപിച്ചപ്പോൾ ആദ്യകാല തലസ്ഥാനനഗരികളെ 'പഴയവഞ്ചി' – തമിഴിൽ വഞ്ചിമുതൂർ – എന്ന് വിശേഷിപ്പിച്ചു. പൊന്നാനി താലൂക്കിൽ പൊന്നാനി തുറമുഖത്തിനടുത്തും തലപ്പള്ളി താലൂക്കിൽ പാലൂരിലും രണ്ട് 'പഴയ വഞ്ചികൾ' ഇന്നുമുണ്ട്. പഴയവഞ്ചി എന്ന സ്ഥലനാമം വടക്കരുടെ വർണ്ണസങ്കോചശൈലിയുടെ പ്രേരണയിൽ 'പഴയവഞ്ചി'യും കേരള പാണിനിയുടെ 'അനുനാസികാതിപ്രസര നിയമപ്രകാരം 'പഴഞ്ഞി'യും ആകുന്നത് ഭാഷാനിയമങ്ങൾപ്രകാരം തികച്ചും സ്വാഭാവികം. പഴഞ്ഞി എന്ന സ്ഥലനാമത്തിന്റെ ഉത്ഭവത്തെ ചരിത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും പിൻബലത്തിൽ വ്യാഖ്യാനിക്കുവാനാണ് ഈ ഗ്രന്ഥകാരൻ ഇഷ്ടപ്പെടുന്നത്. ചേരരാജധാനി സ്ഥിതിചെയ്തിരുന്ന 'കോട്ട' ഇന്നും പഴഞ്ഞിയിൽ ഉണ്ട്. കോട്ടയുടെ സമീപത്തുനിന്ന് പഴഞ്ഞിയിലേക്കു താമസം മാറ്റിയ രണ്ടു വീട്ടുകാരെ ഇന്നും 'കോട്ടയിൽ വീട്' എന്നാണ് വിശേഷിപ്പിച്ചു പോരുന്നത്. കോട്ട സ്ഥിതിചെയ്ത സ്ഥലം 'കോട്ടോൽ' എന്ന് ഇന്നും അറിയപ്പെടുന്നു. കോട്ടോൽകുന്നിൽ 'ആനറാഞ്ചൻ ഗുഹ' എന്ന പേരിൽ ഒരു ഭൂഗർഭപാതയുടെ അംശങ്ങൾ ഇന്നും ദൃശ്യമാണ്. ഒരു പക്ഷേ ആ പാത വ്യാപാര തുറമുഖം വരെ എത്തുന്ന രഹസ്യപാതയാകാം.

വിസ്തൃതമായ പാലൂർ പ്രദേശത്തിന്റെ ഭാഗമാണ് പഴഞ്ഞി. പാലൂർ പ്രദേശത്ത് ആര്യന്മാർ കുടിയേറിപ്പാർത്തപ്പോൾ കുടിയേറ്റക്കാരുടെ തലവൻ ദേശനാമത്തെ 'ഇല്ല'പ്പേരായി സ്വീകരിച്ചു. അങ്ങനെയാണ് ഗുരുവായൂർ ക്ഷേത്രത്തിന്റെയും മറ്റും അവകാശികളായ 'പാലൂർമന'ക്കാരുടെ ഉത്ഭവം. 'പാലൂർമന' ഇന്നും പഴഞ്ഞിയിലുണ്ട്. പഴയ പ്രതാപമൊക്കെ അസ്തമിച്ച് ക്ഷീണാവസ്ഥയിലാണെങ്കിലും അവരുടെ പൂർവ്വകാല പ്രതാപമുദ്രകൾ ഇന്നും 'പഴഞ്ഞി'യിൽ കാണാം. എ.ഡി. അഞ്ചും ആറും നൂറ്റാണ്ടുകളിലായി ആര്യബ്രാഹ്മണർ പാലൂരിൽ കുടിയേറുന്ന കാലത്ത് പാലൂർ പ്രദേശത്ത് ക്രിസ്തുമതവും ശൈവ, വൈഷ്ണവ മതങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളു. നേരത്തെ പാലൂരിൽ സാർവത്രികമായി വ്യാപിച്ചിരുന്ന ബുദ്ധ-ജൈന മതക്കാർ ശൈവമതക്കാരുടെ വേട്ടയാടലിനെ തുടർന്ന് പാലൂരിൽ നാമാവശേഷമായി. എ.ഡി. 4-ാം നൂറ്റാണ്ടു മുതൽ 8-ാം നൂറ്റാണ്ടുവരെ ജീവിച്ച ശൈവയോഗിമാരുടെ മതപ്രചരണത്തിന്റെ ഫലമായി ബുദ്ധ-ജൈന മതങ്ങൾ തകരുന്നതിന്റെ ചിത്രം 12-ാം നൂറ്റാണ്ടിൽ ചേക്കിഴാർ രചിച്ച 'പെരിയ പുരാണം' എന്ന ശൈവ മതഗ്രന്ഥത്തിൽ കാണാം. 9-ാം നൂറ്റാണ്ടിലെ ശിവയോഗിമാരിൽ പ്രധാനിയായ 'നമ്പിയാരൂരൻ' എന്ന സുന്ദരമൂർത്തിയാണ് പെരിയ പുരാണത്തിലെ മുഖ്യനായകൻ. ബുദ്ധ-ജൈന മതക്കാരുടെ പ്രശസ്തമായ 'തിരുമറൈക്കാട്' അദ്ദേഹം ആക്രമിച്ച് കൈവശപ്പെടുത്തി, അവിടം സ്വന്തം ആസ്ഥാനമാക്കി. അവിടെ നിന്നുമാണ് കേരളത്തിന്റെയും തമിഴ്നാടിന്റെയും ഹൃദയഭാഗങ്ങളിലേക്ക് 'മിഷനറിയാത്ര'കൾ സംഘടിപ്പിച്ച് ജൈനരെയും ബൗദ്ധരെയും ഇല്ലാതാക്കിയത്. പിൽക്കാലത്ത് എട്ടും ഒമ്പതും നൂറ്റാണ്ടുകളിൽ ശങ്കരാചാര്യരുടെ മഹനീയ നേതൃത്വത്തിൽ നടന്ന ഹിന്ദുമത രൂപീകരണത്തിന്റെ ഭാഗമായി ശൈവ-വൈഷ്ണവ മതങ്ങൾ ബ്രാഹ്മണ മതവുമായി യോജിച്ച് ഏകീകരിക്കപ്പെട്ടപ്പോൾ തിരുമറൈക്കാട് എന്ന നാമം സംസ്കൃതീകരിക്കപ്പെട്ട് 'വേദവനം' എന്ന പേരിൽ പ്രസിദ്ധമായി. വേദക്കാട്, വേദവിപിനം, മറൈക്കാട്, വേദാരണ്യം എന്നീ പേരുകളിൽ മണിപ്രവാളകൃതികളിലും സംഘകാലകൃതികളിലും അറിയപ്പെട്ട സ്ഥലം 'പയ്യൂർ' ഭട്ടതിരിമാരുടെ ആധിപത്യത്തിലായി. 'വേദാരണ്യേശൻ' പയ്യൂർ പട്ടേരിമാരുടെ കുലദേവതയുമായി. മഹായുദ്ധങ്ങൾ അരങ്ങേറിയ 'പോർക്കള'ത്ത് സ്ഥിതിചെയ്യുന്ന വേദാരണ്യ ക്ഷേത്രവും പയ്യൂർ ഇല്ലങ്ങളും ഇന്ന് ഏറെ ക്ഷീണിച്ചിട്ടുണ്ട്. പഴഞ്ഞിയോട് തൊട്ടുചേർന്നുകിടക്കുന്ന സ്ഥലമാണ് പോർക്കളവും വേദാരണ്യവും പയ്യൂർ ഇല്ലവും എന്ന വസ്തുത പാലൂരിലെ പഴഞ്ഞിയുടെ പ്രാചീനതയെയും പ്രശസ്തിയെയും ചൂണ്ടിക്കാട്ടുന്നു. ചേരരാജാക്കന്മാരുടെ ശ്മശാനം 'കുടക്കല്ല് പറമ്പ്' എന്ന പേരിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 'ചേരമനക്കാട്' എന്ന സ്ഥലത്തിന്റെ ഇന്നത്തെ പേര് 'ചെറമനേങ്ങാട്' എന്നാണ്. പഴഞ്ഞി

യിൽനിന്ന് അക്കിക്കാവ് വഴി പോയാൽ എട്ട് കിലോമീറ്റർ ദൂരമേ ആ സ്ഥലത്തേക്കുള്ളു. പഴഞ്ഞിയിലും കോതച്ചിറയിലും ചേരരാജാക്കന്മാർ കോട്ട കെട്ടി താമസിച്ചിരുന്ന കാലത്ത് രാജാക്കന്മാരെ സംസ്കരിച്ചിരുന്ന സ്ഥലമാണ് ഇന്നത്തെ കുടക്കല്ല് പറമ്പ്. ചെറിയ പിരമിഡുകൾ തന്നെയാണ് ഓരോ ശവകുടീരവും. മുകളിൽ കുടയുടെ ആകൃതിയിൽ ഒരു വിസ്തൃതമായ മൂടിക്കല്ല് സ്ഥാപിച്ചതു മൂലമാണ് അവ 'കുടക്കല്ല്' എന്ന് വിളിക്കപ്പെട്ടത്. ചില കുടക്കല്ലുകൾ ഗവേഷണശ്രമങ്ങൾക്കിടയിലും കാലപ്രവാഹത്തിലും നിലംപതിച്ചുവെങ്കിലും രണ്ടുമൂന്ന് കുടക്കല്ലുകൾ അവയുടെ രാജപ്രൗഢി വിളംബരം ചെയ്തുകൊണ്ട് ഇപ്പോഴും സന്ദർശകരെ ആകർഷിക്കുന്നു. മഹാശിലാ സംസ്കാരത്തിന്റെ ലക്ഷണമായി ഈ കുടക്കല്ലുകളെ ചരിത്രഗവേഷകർ നിരീക്ഷിച്ചിട്ടുണ്ട്. പാലൂർ പ്രദേശത്ത് സ്ഥിതിചെയ്തിരുന്ന പഴഞ്ഞിയുടെ പഴമ വ്യക്തമാക്കുന്നവയാണ് ചേരരാജധാനിയും കുടക്കല്ല് പറമ്പും 'പഴയ വഞ്ചി' എന്ന ദേശനാമവും.

വിദേശ വ്യാപാരത്തിൽ പങ്കുകാരായിരുന്ന പേർഷ്യക്കാർ പഴഞ്ഞിയിൽ അവരുടെ കോളനി സ്ഥാപിച്ചു. ആ കോളനി 'യോനോന്റെ അങ്ങാടി' എന്ന പേരിൽ അറിയപ്പെട്ടു. ആദ്യം കടൽ കടന്ന് വന്നവർ യവനർ ആയിരുന്നത് മൂലം കടൽ കടന്ന് വരുന്നവരെയെല്ലാം യവനന്മാർ എന്നു വിശേഷിപ്പിച്ചു വന്നതിനാലാണ് പേർഷ്യക്കാർ 'യവനന്മാർ' എന്ന് വിളിക്കപ്പെട്ടത്. 'യവന' ശബ്ദമാണ് 'ജോനക' ശബ്ദത്തിന്റെ പിന്നിൽ. യവനന്റെ അങ്ങാടി കാലക്രമത്തിൽ ജോനകന്റെ – യോനോന്റെ – അങ്ങാടി എന്ന ശബ്ദപരിണാമം സ്വീകരിക്കുകയായിരുന്നു. ഈ കോളനിക്കാർ സ്ഥാപിച്ച ക്ഷേത്രമാണ് കാട്ടകാമ്പാൽ ക്ഷേത്രം. പേർഷ്യൻ ചക്രവർത്തിയായിരുന്ന 'ഡേറിയസ്' ആയിരുന്നു അവിടുത്തെ പ്രതിഷ്ഠ. ദാരുകൻ എന്ന് നമ്മുടെ പഴമക്കാർ പറയുന്ന പ്രതിഷ്ഠാനാമം ഇതു തന്നെ. ശൈവരുടെ മുന്നേറ്റകാലത്ത് ഈ ക്ഷേത്രം ശൈവർ പിടിച്ചെടുത്തു, ദാരുക പ്രതിമ തകർത്തു. 'കാളി'യുടെ നേതൃത്വത്തിൽ നടന്ന ഈ ആക്രമണ കഥയാണ് ദാരുകവധം എന്നോ മുടിയേറ്റ് എന്നോ ഉള്ള പേരുകളിൽ പ്രസിദ്ധമായത്. കാട്ടകാമ്പാൽ ക്ഷേത്രോത്സവത്തിൽ കാളി–ദാരിയ സംവാദവും സംഘർഷവും ദാരികവധവും ഉൾക്കൊള്ളുന്ന 'മുടിയേറ്റ്' എന്ന ദൃശ്യനാടകം ഇന്നും അവതരിപ്പിക്കുക പതിവാണ്.

## പഴഞ്ഞിപള്ളിയുടെ ഉത്ഭവം

ക്ഷേത്രപ്രതിഷ്ഠ തകർന്നതോടെ പേർഷ്യക്കാർ ക്രിസ്തുമതം സ്വീകരിച്ചു. എ.ഡി. 52-ൽ പൊന്നാനി തുറമുഖം വഴി പാലൂരിലെത്തിയ ക്രിസ്തുശിഷ്യൻ മാർത്തോമ്മാശ്ലീഹാ യൂദക്കുന്നിൽ സ്ഥാപിച്ച ദൈവമാതാവിന്റെ പള്ളിയായിരുന്നു അവരുടെ ആരാധനാലയം. പഴഞ്ഞിയിലെ

ചിറ്റക്കടവിൽ നിന്ന് ജലമാർഗ്ഗം സഞ്ചരിച്ചാൽ ചാട്ടുകുളത്തിൽ എത്തിച്ചേരാമായിരുന്നു. പിൽക്കാലത്ത് തോടുകൾ പലതും നികത്തപ്പെട്ടതോടെയാണ് ഈ ജലഗതാഗതം അസാധ്യമായിത്തീർന്നത്. 18-ാം നൂറ്റാണ്ടിൽ പോലും പാലൂർ-ചാട്ടുകുളങ്ങര പള്ളിയിലെ, കന്നി 8-ാം തീയതിയിലെ പെരുന്നാളിന് പഴഞ്ഞിയിൽനിന്ന് ചക്കരയപ്പം കൊട്ടകളിൽ നിറച്ച് നേർച്ചയായി ചിറ്റക്കടവിൽനിന്ന് ആഘോഷപൂർവ്വം ചാട്ടുകുളം കടവിൽ ആഘോഷമായി എത്തിച്ചിരുന്നതിന് സമകാലരേഖകൾ ലഭ്യമാണ് (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ പ്രാർത്ഥനാ പുസ്തകത്തിൽ ഈ കാര്യം രേഖപ്പെടുത്തിയത് ഈ ഗ്രന്ഥകാരൻ വായിച്ചിട്ടുണ്ട്). ഇക്കാലത്ത് മലങ്കരസഭ പേർഷ്യൻ സഭയുമായി സംസർഗ്ഗം പുലർത്തിയിരുന്നു. എ.ഡി. 1129-ൽ പേർഷ്യൻ കാതോലിക്കാ, യോഹന്നാൻ എന്ന് പേരായ ഒരു മെത്രാനെ മലബാറിലേക്കയച്ചിരുന്നു (ജി. റ്റി. മെക്കൻസി, ക്രിസ്റ്റ്യാനിറ്റി ഇൻ ട്രാവൻകൂർ, പുറം 7). 1295-ൽ കേരളം സന്ദർശിച്ച മാർക്കോപ്പോളോ അവിടെ പേർഷ്യൻ സംസർഗ്ഗത്തിലുള്ള ക്രിസ്ത്യാനികളെ കണ്ടതായി സാക്ഷിച്ചിട്ടുണ്ട്. പേർഷ്യൻ പാത്രിയർക്കീസ് യാബാലോഹോ അഞ്ചാമന്റെയും ഇന്ത്യൻ മെത്രാപ്പോലീത്താ മാർ യാക്കോബിന്റെയും കാലത്ത് 1301-ൽ ചേന്ദമംഗലത്ത് വച്ച് (സിംഗ്ളി) എഴുതപ്പെട്ട ഒരു വേദവായനക്കുറിപ്പ് വത്തിക്കാൻ രേഖകളിലുള്ളതായി മിങ്ങാനയെ ആധാരമാക്കി ഫാ. ഡോ. വി. സി. ശാമുവേൽ പ്രതിപാദിക്കുന്നു (സഭ വളരുന്നു, പുറം 75). പഴഞ്ഞിപ്പള്ളിയിലെ പുരാതന സുറിയാനി ഗ്രന്ഥശേഖരത്തിൽ കൽദായസഭയുടെ ഒരു ആണ്ടുതക്സാ ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. പഴഞ്ഞി പള്ളിയുടെ ശില്പം പേർഷ്യൻ ശൈലിയിലാണ് പണിയപ്പെട്ടിട്ടുള്ളത്. അതിന്റെ മദ്ബഹായുടെ പ്രവേശന ഭാഗത്തും മദ്ബഹായുടെ കിഴക്കേഭിത്തിയിലും കൊത്തിവച്ച സഭാസ്ഥാനികളുടെയും ഐക്കണുകളുടെയും വേഷവിധാനങ്ങൾ പേർഷ്യൻ മാതൃകയിലുള്ളതാണ്. ഈ സാഹചര്യങ്ങൾ കാണിക്കുന്നത് പഴഞ്ഞിയിലെ പുരാതന ദേവാലയം എ.ഡി. 1100-നും 1300-നും ഇടയിൽ പണിയപ്പെട്ടു എന്നാണ്.

പഴഞ്ഞിപള്ളിയുടെ പഴക്കത്തെപ്പറ്റി അലിഖിതവും ലിഖിതവുമായ ചില പരാമർശങ്ങൾ നിലവിലുള്ളത് ഇവിടെ വിസ്മരിച്ചിട്ടില്ല.

1. 600 കൊല്ലത്തെ പഴക്കം പഴമക്കാർ പരമ്പരയാ പറഞ്ഞുവന്നിരുന്നത് അര നൂറ്റാണ്ട് കാലം മുമ്പ് ഈ ഗ്രന്ഥകാരൻ കേട്ടിട്ടുണ്ട്.

2. ഈ കേട്ടുകേൾവിയെ അടിസ്ഥാനമാക്കി കണക്കുകൂട്ടി സ്ഥാപന വർഷം 1249 എന്ന് കൊച്ചി ഭദ്രാസന ഡയറക്ടറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭദ്രാസന സെക്രട്ടറിയായിരുന്ന ഫാ. കെ. സി. ജോസഫിന്റെയും അദ്ദേഹത്തിന്റെ മുഖ്യസഹായി എന്ന നിലയിൽ - അന്ന് ശെമ്മാശൻ -

ഈ ഗ്രന്ഥകാരന്റെയും നേതൃത്വത്തിൽ തയാറാക്കിയ ഭദ്രാസന ഡയറക്ടറിയിലേക്ക് പഴഞ്ഞിയുടെ ചരിത്രം തയാറാക്കിയത് എന്റെ ഗുരുകൂടെയായ കെ. സി. ജോസഫ് അച്ചന്റെ സഹായത്തോടെ ഈ ഗ്രന്ഥകാരൻ ആയിരുന്നു. പഴഞ്ഞിപ്പള്ളിയുടെ നിർമ്മാണവർഷം 1249 എന്ന് എഴുതുവാൻ അദ്ദേഹം നിർദ്ദേശിച്ചതിൻപ്രകാരം ഞാൻ എഴുതി എന്നേയുള്ളു. അതിന് ഒരു ചരിത്രത്തിന്റെയും ചരിത്രരേഖയുടെയും പിൻബലമില്ല എന്ന് ഇവിടെ ഏറ്റുപറഞ്ഞുകൊള്ളട്ടെ. പിൽക്കാലത്ത് പലരും ആ വർഷം ഉദ്ധരിക്കുമ്പോൾ ആ അപരാധത്തിൽ ഞാനും പങ്കാളിയാണല്ലോ എന്ന് മനസ്സ് വേദനിക്കാറുണ്ട്.

3. പഴഞ്ഞിപ്പള്ളി പണിയാൻ ശ്രമിച്ചപ്പോൾ ആർത്താറ്റ് പള്ളിയുടെ അളവ് എടുക്കുവാൻ പഴഞ്ഞിക്കാർ പോയി. പള്ളിയുടെ അകത്തെ അളവാണ് എടുത്തത്. അത് പുറത്തെ അളവാക്കി പള്ളി പണിതു. തന്മൂലം പഴഞ്ഞിപള്ളി ആർത്താറ്റ് പള്ളിയേക്കാൾ ചെറുതായി. പഴഞ്ഞിപള്ളി ഭൂമിയിൽനിന്ന് അടർത്തിയെടുത്ത് ആർത്താറ്റ് പള്ളിയുടെ അകത്ത് വച്ചാൽ കൃത്യമായി ഒതുങ്ങുമെന്ന് പഴമക്കാർ തട്ടിവിടാറുണ്ട്. പഴഞ്ഞി പള്ളിയേക്കാൾ ഇന്ന് കാണുന്ന ആർത്താറ്റ് പള്ളിക്കെട്ടിടത്തിന് പഴക്കമുണ്ട് എന്ന തെറ്റിദ്ധാരണയാണ് ഈ കഥയുടെ പിന്നിലുള്ളത്. പഴഞ്ഞിയിലുള്ളതെല്ലാം ആർത്താറ്റ് പള്ളിയുടെ അനുകരണമാണെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയും ഈ കഥയിലുണ്ട്. പഴഞ്ഞിപള്ളിയിലെ പേർഷ്യൻ മാതൃകയിലുള്ള ശില്പസംവിധാനവും ഐക്കൺ സാന്നിധ്യവും ആർത്താറ്റ് കാണാത്തതെന്തുകൊണ്ട് എന്നും ആർത്താറ്റ് പള്ളിയിൽ വിഭജിതമായ മദ്ബഹാ പഴഞ്ഞിയിലെ പള്ളിയുടെ നിർമ്മാണത്തിൽ അനുകരിക്കാഞ്ഞതെന്തുകൊണ്ട് എന്ന ചോദ്യവും അവരെ അലട്ടിയിട്ടില്ല. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് ആർത്താറ്റ് പള്ളിയുടെ ഇന്നത്തെ ശില്പം പണി തീർന്നത് എന്നതിന് സംശയാതീതമായ തെളിവുകളുണ്ട്.

4. ആർത്താറ്റ് പള്ളിയുടെ ഇന്ന് കാണുന്ന കെട്ടിടം നിർമ്മിച്ചത് കോട്ടയം പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ ആണ്. ശില്പവിദഗ്ദ്ധനായ അദ്ദേഹമാണ് പഴഞ്ഞി പള്ളിയും പണിയിച്ചത്. മൂന്നാം ഖണ്ഡികയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഇവിടെയും ഉത്തരമില്ല.

പേർഷ്യൻ സംസ്ക്കാരത്തിൽ നിലനിന്ന ഈ ഇടവകയിലെ പ്രബലമായ ഒരു വിഭാഗം ശക്തൻ തമ്പുരാന്റെ ക്ഷണം സ്വീകരിച്ച് തൃശൂരിലെ 'പുത്തൻപേട്ട'യിൽ താമസം ക്രമീകരിച്ചതായി നേരത്തെ സൂചിപ്പിച്ചുവല്ലോ. അവർക്കുവേണ്ടി തൃശൂരിൽ പണിയിച്ച പള്ളിയും അവരുടെ മുൻ ദേവാലയത്തിന്റെ മാതൃകയിൽ പേർഷ്യൻ ശില്പമാതൃകയിൽ 1814-ൽ നിർമ്മിച്ചു എന്ന് സാന്ദർഭികമായി ഇവിടെ ഓർക്കാവുന്നതാണ്.

പഴഞ്ഞി പ്രദേശത്തിന്റെ തനതായ കാർഷിക ഉൽപ്പന്നമാണ് അടയ്ക്കാ. വിദേശവ്യാപാരത്തിനായി സമാഹരിക്കപ്പെട്ട വിഭവങ്ങളിൽ കുരുമുളകിനോടൊപ്പം അടയ്ക്കയും ഉണ്ടായിരുന്നു. അറേബിയൻ രാജാക്കന്മാരുടെ പള്ളിയറകളിലെ ഉപയോഗത്തിനായി തയാറാക്കപ്പെട്ടിരുന്ന താംബൂലക്കൂട്ട് നിർമ്മിക്കുവാൻ ഈ അടയ്ക്കയെയാണ് അവർ അശ്രയിച്ചിരുന്നത്. അക്കാലത്ത് പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ കമുകിൻ വൃക്ഷങ്ങൾ തിങ്ങിവളർന്നിരുന്ന പ്രദേശം പാലൂർ ആയിരുന്നു. രാവണ നിഗ്രഹം കഴിഞ്ഞ് സീതയെയും കൂട്ടി പുഷ്പകവിമാനത്തിൽ അയോധ്യയിലേക്ക് മടങ്ങുമ്പോൾ പഴഞ്ഞിപ്രദേശത്ത് തിങ്ങിവളർന്നു നിൽക്കുന്ന കമുകിൻനിരകളെ കണ്ട് കൺകുളിർത്തതായി 'രഘുവംശ'ത്തിൽ കാളിദാസൻ വർണ്ണിച്ചിട്ടുണ്ട്. അന്നും ഇന്നും പഴഞ്ഞിപ്രദേശം കമുകിൻ തോട്ടങ്ങളെകൊണ്ട് സമലംകൃതമാണ്. എല്ലാ വീടുകൾക്കും സ്വന്തമായി കവുങ്ങിൻതോട്ടങ്ങൾ കാണാം. ഈ അടുത്തകാലംവരെ പഴഞ്ഞിക്കാരുടെ പ്രധാന കുടിൽവ്യവസായം അടയ്ക്കാവെട്ട് ആയിരുന്നു. പച്ച അടയ്ക്ക പൊളിച്ചെടുത്ത് പല ആകൃതികളിൽ വെട്ടിയെടുത്ത് 'കളി' ചേർത്തും അല്ലാതെയും കയറ്റിഅയയ്ക്കുന്ന വ്യാപാരം ഇവിടെ സാർവത്രികമായിരുന്നു. അടക്ക കേടുകൂടാതെ സൂക്ഷിപ്പാൻ ആണ് ഭക്ഷ്യയോഗ്യമായ നിറക്കൂട്ടിൽ മുക്കിയെടുക്കുന്നത്. ഈ നിറക്കൂട്ട് തയാറാക്കിയ ദ്രാവകമാണ് 'കളി.' സമ്പന്നമായ വീടുകളിൽ അടക്കാവെട്ട് ഒരു ദിനചര്യ ആയിരുന്നു. സ്ത്രീകളുടെ ഇവിടങ്ങളിലെ ഏക തൊഴിൽ ഇതായിരുന്നു. എരശൽ, പായ്ച്ചൂർ, ബോഡി ഇങ്ങനെ പല ആകൃതികളിൽ 'പാക്ക്' തയാറാക്കി അയക്കും. ഇപ്പോഴും കവുങ്ങിൻ കൃഷിയും അടക്ക ഉൽപാദനവും ധാരാളം ഉണ്ടെങ്കിലും വെട്ടി ഉണക്കൽ തീരെ കുറഞ്ഞു. ഇപ്പോൾ കൊട്ടടക്ക (ഉണങ്ങിയ അടക്ക) വ്യാപാരമാണ് കൂടുതൽ. കവുങ്ങിൻതോട്ടങ്ങളിൽ ഓരോ കവുങ്ങിന്മേലും വെറ്റിലകൊടികൾ പടർത്തും. അതും ഒരു വിൽപ്പനചരക്കാണ്. പഴഞ്ഞിയിൽ ആബാലവൃദ്ധം ജനങ്ങൾ വെറ്റിലമുറുക്ക് ശീലിച്ചവരാണ്. വീട്ടിൽ അതിഥികൾ വന്നാൽ താംബൂലം നൽകിയാണ് അവരെ സൽക്കരിക്കുക. പള്ളികളിൽപ്പോലും പൊതുയോഗങ്ങൾ കൂടുമ്പോൾ വരാന്തയിൽ താംബൂലക്കൂട്ട് ഒരുക്കുന്ന പതിവ് അവസാനിച്ചിട്ട് ഏറെ വർഷം ആയില്ല. പഴഞ്ഞിപള്ളിയിൽ കന്നിമാസം 20-ാം തീയതിയിലെ പെരുന്നാളിന് നൽകുന്ന പൊതുസദ്യയുടെ ഭാഗമായി ആനപ്പറമ്പിൽ ഇട്ട്യേച്ചൻ കത്തനാർ വെറ്റില കെട്ടുകൾ നേർച്ചയായി സമർപ്പിച്ചുവന്നു. തന്റെ കാലശേഷം ഈ നേർച്ച തുടരുവാനായി അനന്തരവന്മാർക്ക് അദ്ദേഹം ആദായമുള്ള ഒരു പറമ്പ് അവകാശമായി കൊടുത്തതിന്റെ ഓലയാധാരം (വട്ടെഴുത്തിൽ രേഖപ്പെടുത്തിയത്) അടുത്തകാലത്ത് ഈ ഗ്രന്ഥകാരൻ കാണുകയുണ്ടായി. വെറ്റിലമുറുക്ക് ഒരു ദുശ്ശീലമായി പഴഞ്ഞിപ്രദേശത്തുള്ളവർ കരുതിയിരുന്നില്ല.

പഴഞ്ഞിയിൽ ആളുകൾ താമസിക്കുന്നത് അങ്ങാടികൾ എന്ന് പേരിട്ട് വിളിക്കുന്ന തെരുവുകളിലാണ്. കിഴക്കേ അങ്ങാടി, പടിഞ്ഞാറേ അങ്ങാടി, യെരുശലേം അങ്ങാടി, തെക്കേ അങ്ങാടി, യോനോന്റെ അങ്ങാടി ഇങ്ങനെ കുറെ അങ്ങാടികൾ ഇന്നും ആ പേരിൽ നിലനിൽക്കുന്നു. വീതികുറഞ്ഞ റോഡ് (രണ്ടു കാളവണ്ടികൾക്ക് കടന്നുപോകാൻ കഷ്ടിച്ച് വീതി കാണും – അന്ന് കാളവണ്ടികളേ ഉള്ളൂ). ഇരുവശങ്ങളിലും നിരയൊപ്പിച്ച് വീടുകൾ. രണ്ടു വീടുകൾ തമ്മിൽ മുപ്പത് സെന്റീമീറ്റർ അകലമേ കാണൂ. വീടിന്റെ മുൻവശത്ത് കച്ചവടമുറികൾ. പിൻഭാഗത്ത് ഒന്നിന് പിന്നിൽ ഒന്നായി മുറികൾ. അവിടെയാണ് താമസം. മിക്കവാറും ഓലമേഞ്ഞ വയാണ് വീടുകൾ. വേനൽകാലത്ത് ഒരു വീടിന് തീ പടർന്നു പിടിച്ചാൽ അങ്ങാടിയിലെ വീടുകളെല്ലാം അഗ്നിക്കിരയാകും. ഇടയ്ക്കൊക്കെ അപ്ര കാരം സംഭവിക്കാറുണ്ട്. ഒരു വീട്ടിൽ പകർച്ചവ്യാധിയുണ്ടായാലും അങ്ങാടിയിൽ മുഴുവൻ അതിവേഗം പകർന്ന് പടരും. ഓരോ അങ്ങാടി യിലും ഒന്നോ രണ്ടോ ചായപ്പീടികകൾ, ഒന്നോ രണ്ടോ പലചരക്ക് കട കൾ, ഇങ്ങനെ വിരലിലെണ്ണാവുന്ന കച്ചവടസ്ഥാപനങ്ങളേ പഴഞ്ഞിയി ലുണ്ടായിരുന്നുള്ളു. പണക്കാരുടെ വീടുകളിൽ അടക്കവെട്ട് പ്രമാണിച്ച് എപ്പോഴും ബഹളമായിരിക്കും. രാത്രി വൈകുംവരെയും അടക്ക വെട്ടും. പഴഞ്ഞിയിലേക്കുള്ള അടക്ക വന്നുചേരുന്നത് പടിഞ്ഞാറെ അങ്ങാടി യിലുള്ള ചിറ്റക്കടവിലാണ്. കാട്ടകാമ്പാൽ, പെരുന്തുരുത്തി, പെങ്ങാമുക്ക് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് അടക്കാ നിറച്ച വഞ്ചികൾ രാത്രിയിലും വന്നുകൊണ്ടിരിക്കും. അവർ തിരിച്ചുപോകുക വീട്ടിലേക്ക് ആവശ്യമായ പലചരക്കു സാമാനങ്ങൾ വാങ്ങിച്ചുകൊണ്ടാണ്. അവരെ കാത്ത് കച്ചവ ടക്കാർ പാതിരാത്രി വരെയും കടകൾ തുറന്നിരിക്കും.

ധനശേഷി കുറഞ്ഞവർ കുളങ്ങളിലും തോടുകളിലും മറ്റും വല വീശി മീൻ പിടിച്ച് ഉപജീവനം കഴിക്കുന്നവരാണ്. പഴഞ്ഞിക്കാർ മത്സ്യം കൂടാതെ ഭക്ഷണം കഴിക്കുക വിരളമാണ്. അതുകൊണ്ട് മീൻ പിടിക്കുന്ന തൊഴിലുകാർക്ക് ദാരിദ്ര്യം അനുഭവപ്പെടാറില്ല. കവുങ്ങിൻതോട്ടങ്ങളിൽ കാളത്തേക്ക് നടത്തി ഉപജീവനം നടത്തുന്നവരും കുറവല്ല. മിക്കവർക്കും കവുങ്ങിൻതോപ്പുണ്ടായിരുന്നതിനാൽ അവയിൽ വേനൽക്കാലത്ത് നന യ്ക്കുക അനേകരുടെ ജീവിതമാർഗ്ഗമായിരുന്നു. ഇതിനുവേണ്ടി പലരും ഒരു ജോഡി കാളകളെ വീട്ടിൽ വളർത്തിയിരുന്നു. പഴഞ്ഞി അങ്ങാടിയുടെ നാലു ഭാഗവും നെൽവയലുകൾ കാണാം. അവിടങ്ങളിലൊക്കെ കൃഷി ചെയ്തിരുന്നു. ചിറ്റത്തോട് ചേർന്ന് പുഞ്ചപ്പാടം, മങ്ങാട്പാടം, അരുവാ യിപ്പാടം തുടങ്ങിയ സ്ഥലങ്ങളിലെ നെൽകൃഷി കുറെപേർക്ക് തൊഴിൽ നൽകിയിരുന്നു. പാടം ഒരുക്കൽ, വിത്തുവിത, ഞാറുനടീൽ, കളപറി യ്ക്കൽ, വളമിടീൽ, കൊയ്ത്ത്, മെതി തുടങ്ങി ഒട്ടുവളരെ കർഷക

തൊഴിലാളികൾ കൃഷിയെ ഉപജീവനമാർഗ്ഗമാക്കിയിരുന്നു. കൂടുതൽ പേരും ഇടത്തരം കർഷകരായിരുന്നു. കൃഷി, അടക്കാ, വീട്ടിൽ തന്നെ നടത്തുന്ന ചെറുകിട വ്യാപാരങ്ങൾ ഇവ മൂലം ആളുകൾ ക്ലേശിച്ചാണെങ്കിലും ജീവിച്ചുപോന്നു. ഒരു വീടിന് സാധാരണഗതിയിൽ അഞ്ച് സെന്റിലധികം പുരയിടം കാണുകയില്ല. തന്മൂലം വിപുലമായ കാർഷിക സംസ്ക്കാരം പഴഞ്ഞിക്കാർക്ക് അപരിചിതമാണ്. വീടിന്റെ മുകളിലേക്ക് പടർത്താമെന്നതിനാൽ മത്ത, കുമ്പളം തുടങ്ങിയവയും ചേന, ചേമ്പ്, വാഴ എന്നിവയും ചിലർ കൃഷി ചെയ്തു എന്ന് വരാം. വീട്ടാവശ്യത്തിനും മറ്റും മോട്ടോർ അന്ന് സർവസാധാരണമായിരുന്നില്ല. പുരുഷന്മാർ കുളിക്കാൻ പുത്തൻ കുളത്തെയോ കുഞ്ഞുകുളത്തെയോ ആശ്രയിക്കും. വീടുകളിൽ നിന്ന് മുഷിഞ്ഞ വസ്ത്രങ്ങൾ മണ്ണാത്തിമാർ ശേഖരിച്ച് സമീപത്തുള്ള കുളങ്ങളിൽ അലക്കി വെടിപ്പാക്കി വീട്ടിലെത്തിച്ചു കൊടുക്കും. ഷർട്ട് ധരിക്കുന്ന പുരുഷന്മാർ വളരെ കുറവായിരുന്നു. ബനിയൻ അന്ന് സർവസാധാരണമായിരുന്നില്ല. കൗപീനവും ഒറ്റ മുണ്ടും കഴുത്തിൽ രണ്ടാം മുണ്ടും ചുറ്റി പള്ളിയിൽ വരുന്ന നിരവധി പ്രായമായവരെ ഇപ്പോഴും ഓർമ്മയുണ്ട്. സ്ത്രീകൾ അത്യാവശ്യത്തിനല്ലാതെ പുറത്തു സഞ്ചരിക്കുകയില്ല. പള്ളിയിൽ പോകുമ്പോൾ വല്യുണ്ടും (വലിയ മുണ്ട് - ഡബിൾ) പെൺകുപ്പായവും തടുക്കുമാവും വേഷം. തടുക്ക് കുടയ്ക്ക് പകരം വെയിലത്ത് പ്രയോജനപ്പെടും. ചാണകം തേച്ച പള്ളിയകത്ത് ഇരിക്കാനും തടുക്ക് കൊള്ളാം.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ വിദ്യാഭ്യാസ വിപ്ലവത്തെ പിൻതാങ്ങിയ ഇടവക ഇന്നത്തെ ഹൈസ്കൂളും ഇന്നത്തെ കരിക്കാട് പ്രൈമറി സ്കൂളും പഴഞ്ഞിയിലെ മാർ ബസ്സേലിയോസ് സ്കൂളും ആരംഭിച്ചു. സ്കൂളുകളെ പിന്തുണയ്ക്കുന്ന സഭാകേന്ദ്ര നയങ്ങൾ 1909-നുശേഷം വ്യത്യാസപ്പെട്ടതോടെ ആദ്യത്തേത് സർക്കാരിലേക്ക് ഏല്പിച്ചുകൊടുത്തു. മറ്റു രണ്ടെണ്ണം പ്രബലന്മാരായ കൈക്കാരന്മാരുടെ സ്വന്തം സ്കൂളുകൾ ആയി മാറി.

പഴഞ്ഞിയിലെ ഉയർന്ന സ്ഥലത്താണ് ഓർത്തഡോക്സ് പള്ളി സ്ഥിതി ചെയ്യുന്നത്. ഐനൂർകുന്ന്, കോട്ടോൽകുന്ന് തുടങ്ങിയ കുന്നുകൾ പഴഞ്ഞിയിലെ കാവൽമാലാഖകളെപ്പോലെ കാത്തുകൊള്ളും. ഗ്രാമസൗഭാഗ്യം പ്രകൃതിയിലും മനുഷ്യരിലും അക്ഷരാർത്ഥത്തിൽ കാണാം. കൊച്ചുകൊച്ചു ശാഠ്യങ്ങളും വാശികളും പാരമ്പര്യത്തിന്റെയും ആചാരങ്ങളുടെയും അഹന്തകളുമായി, പുറംലോകത്ത് വന്നുചേരുന്ന മാറ്റങ്ങളുടെ നേരേ പുറംതിരിഞ്ഞു കഴിയുന്ന നിഷ്കളങ്കരായ ശുദ്ധ ഗ്രാമീണർ - അങ്ങനെ പഴഞ്ഞിക്കാരെ വിശേഷിപ്പിക്കാമെന്ന് തോന്നുന്നു.

## അദ്ധ്യായം 2

# പഴഞ്ഞിയിലെ ഓർത്തഡോക്സ് ദേവാലയം

1800-ന് തൊട്ടുമുമ്പ് പഴഞ്ഞി പ്രദേശത്തു നിന്ന് ഏതാനും ധനാഢ്യരായ വ്യാപാരികളെ ശക്തൻ തമ്പുരാൻ തൃശൂരിലേക്ക് ക്ഷണിച്ചുകൊണ്ടുപോയി 'പുത്തൻ പേട്ട'യിൽ കുടിപാർപ്പിച്ച്, മാർത്തമറിയം പള്ളി പണിയിച്ചുകൊടുത്ത് തൃശൂരിലെ വ്യാപാരശൃംഖലയെ കെട്ടിപ്പടുത്ത് കൊച്ചിയെ ആധുനികവത്ക്കരിച്ച വിവരം നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. അവർ കൈയാളിയിരുന്ന പഴഞ്ഞിയിലെ വ്യാപാരവും പുരയിടങ്ങളും കവുങ്ങിൻതോട്ടങ്ങളും മറ്റും കൈവശപ്പെടുത്തുവാൻ പുത്തൻ പണക്കാർ സമീപപ്രദേശങ്ങളിൽ നിന്ന് പ്രത്യക്ഷപ്പെട്ടു. അരിമ്പൂർക്കാരും പറപ്പൂർക്കാരും കുന്നംകുളത്തുകാരും അവരിൽപ്പെടുന്നു. അവരുടെ നേതൃത്വത്തിൽ നെൽകൃഷിയും പറമ്പുകൃഷിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. ഈ പരിതഃസ്ഥിതിയിൽ ഉടലെടുത്ത ജോലിസാധ്യതകൾ ഏതാനും കുടുംബങ്ങളെ പഴഞ്ഞിയിലേക്ക് ആകർഷിച്ചു. അപ്രകാരം കോതമംഗലം പ്രദേശത്തുനിന്ന് പഴഞ്ഞിയുടെ പ്രാന്തപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവരിൽ ചിലരാണ് 'കുറ്റിക്കാട്ടിൽ' കുടുംബവും കണ്ണനായ്ക്കൽ കുടുംബവും എന്ന് കേൾവിയുണ്ട്. കോതമംഗലത്തുകാർക്ക് പഴഞ്ഞിപ്രദേശം സുപരിചിതമാവാൻ പ്രധാനമായും രണ്ട് സാഹചര്യങ്ങൾ അക്കാലത്തുണ്ടായിരുന്നു.

ഒന്ന്. കോതമംഗലത്ത് 1685-ൽ കബറടങ്ങിയ പ. യൽദോ മാർ ബസ്സേലിയോസ് കാതോലിക്കായുടെ കബറിലേക്ക് ആണ്ടുതോറും തീർത്ഥാടനം നടത്തുന്ന പഴഞ്ഞിക്കാർ ധാരാളമുണ്ടായിരുന്നു. ഇപ്രകാരമുള്ള തീർത്ഥാടകർ മുഖേന ലഭിച്ച പ. ബാവായുടെ തിരുശേഷിപ്പ് ആണ് പഴഞ്ഞിപ്പള്ളിയിൽ സ്ഥാപിച്ചിട്ടുള്ളത്. ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ച പഴഞ്ഞിപ്പള്ളിയിൽ 'മുത്തപ്പ'ന്റെ ഓർമ്മ (കന്നി 20) പ്രധാന പെരുനാൾ ആയി ആഘോഷിച്ചു തുടങ്ങിയത് ഈ സംഭവത്തെ തുടർന്നാണ്.

രണ്ട്. കുറുപ്പംപടി പള്ളിയിൽ പ്രശസ്തമായ ഒരു മൽപാൻ ഭവനം പ്രവർത്തിച്ചിരുന്നു. സമ്പന്നമായ ഇടവക എന്ന നിലയിൽ ഈ പള്ളിക്ക് ഒരു മൽപാൻ പാഠശാലയെ നിലനിർത്തുവാൻ കഴിഞ്ഞിരുന്നു. അങ്കമാലി പ്രദേശത്തെ നാല് പ്രധാന ഇടവകകളെ വിലയിരുത്തുന്ന ഒരു സുറിയാനി കവിത പിൽക്കാലത്ത് യൂയാക്കീം മാർ കൂറിലോസ് (1846-1875) രചിച്ചത് ഇപ്രകാരമാണ്.

റീശോനൂസോ 'അങ്കമാലി'
കാദീശൂസോ 'കോതമംഗലം'
ദഹബോ ഉസറോ 'കുറുപ്പമ്പടി'
മെസ്കീനൂസോ 'കുന്നക്കുരുടി.'

അങ്കമാലി ദേവാലയം പുരാതനത്വംകൊണ്ടും കോതമംഗലം വിശുദ്ധന്റെ സാന്നിധ്യംകൊണ്ടും കുറുപ്പമ്പടി പള്ളി സ്വർണ്ണനിക്ഷേപം കൊണ്ടും കുന്നക്കുരുടി ദാരിദ്ര്യംകൊണ്ടും സവിശേഷ പരിഗണന അർഹിക്കുന്നു എന്നാണ് കവിതയുടെ താല്പര്യം. മലങ്കരസഭയിലെ വടക്കൻ ഇടവകകളിലെ വൈദിക വിദ്യാർത്ഥികൾ കുറേക്കാലം വൈദിക പരിശീലനം നേടുവാൻ ഈ പാഠശാലയെ ആശ്രയിച്ചിരുന്നു. കോട്ടയത്ത് പഴയസെമിനാരി സ്ഥാപിക്കുന്നതിന് മുമ്പ് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ഈ പാഠശാലയിൽ അദ്ധ്യാപകരായി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് 1811-ൽ കുറുപ്പമ്പടി പള്ളിയിൽ വച്ച് പീലിപ്പോസ് റമ്പാൻ കൽദായ സുറിയാനി ലിപിയിൽ പകർത്തിയെഴുതിയ 'യാക്കോബായ' ആണ്ടുതക്സാ (ഇന്ന് നാം ഉപയോഗിക്കുന്ന ആണ്ടുതക്സായല്ല) ഈ ഗ്രന്ഥകാരൻ കണ്ടെടുത്തിട്ടുണ്ട് (1811-ൽ നിര്യാതനായ പീലിപ്പോസ് റമ്പാൻ ഏതാനും വർഷങ്ങളായി കണ്ണങ്കോട് പള്ളിയിൽ മരണവും കാത്ത് നിഷ്ക്രിയനായി വിശ്രമജീവിതം നയിച്ചുവരികയായിരുന്നുവെന്ന് ഡോ. സാമുവൽ ചന്ദനപ്പള്ളിയും അതിനെ അന്ധമായി അനുകരിച്ച് ഡോ. കുര്യൻ തോമസും എഴുതിയ പ്രസ്താവങ്ങൾ, ഈ സമകാല രേഖയുടെ കണ്ടെത്തലിലൂടെ അടിസ്ഥാനരഹിതമെന്ന് തെളിഞ്ഞിരിക്കുന്നു). കോട്ടയം വൈദിക സെമിനാരി മിഷനറിമാരുടെയും നവീകരണക്കാരുടെയും കൈവശത്തിൽ ആയപ്പോൾ കുറുപ്പംപടിയിൽ മൽപാൻ പാഠശാല പുനരാരംഭിച്ചു. അക്കാലത്ത് പഴഞ്ഞിയിലെ വൈദിക വിദ്യാർത്ഥികളായ ആനപ്പറമ്പിൽ ഇട്ട്യേശൻ കത്തനാരും ആലിങ്ങൽ ഗീവറുഗീസ് കത്തനാരും പുലിക്കോട്ടിൽ അബ്രഹാം കത്തനാരും (വടക്കൂട്ട് സ്കറിയാ കത്തനാരുടെ പിതാവ്), പുലിക്കോട്ടിൽ ഇസഹാക്കു കത്തനാർ തുടങ്ങിയവരും ഈ പാഠശാലയിൽ പരിശീലനം നേടിയവരാണെന്ന് അനുമാനിക്കുന്നു. യൽദൊ മാർ ബസ്സേലിയോസ് എന്ന വിശുദ്ധനെ പഴഞ്ഞി ദേശവാസികൾക്ക് പരിചയപ്പെടുത്തികൊടുത്തതും പഴഞ്ഞിയിൽനിന്ന് കോതമംഗലത്തേക്ക് തീർത്ഥാടനം ആരംഭിച്ചതും തൽഫലമായി വിശുദ്ധന്റെ തിരുശേഷിപ്പ് പഴഞ്ഞിപ്പള്ളിയിൽ സ്ഥാപിക്കാനിടയായതും ഈ പശ്ചാത്തലത്തിലാണ് മനസിലാക്കാവുന്നത്. കന്നി 20-ാം തീയതി പഴഞ്ഞിയിൽ മുത്തപ്പന്റെ ശ്രാദ്ധവും അതിനോടനുബന്ധിച്ച് പൊതുസദ്യയും ക്രമീകരിച്ചപ്പോൾ സദ്യയിൽ പങ്കെടുക്കുന്നവർക്ക് സമൃദ്ധിയായി വെറ്റില മുറുക്കുവാൻ,

വെറ്റില നേർച്ചയായി നൽകാമെന്ന് ഏറ്റത് ആനപ്പറമ്പിൽ പുലിക്കോട്ടിൽ ഇട്ട്യേച്ചൻ കത്തനാരായിരുന്നു. രോഗം മൂലം ഈ നേർച്ച തുടർന്ന് നടത്തുവാൻ അദ്ദേഹം അശക്തനായപ്പോൾ തന്റെ സഹോദരപുത്രന്മാരെ ചുമതലപ്പെടുത്തിയതായും ആയതിന്റെ ചിലവിലേക്കായി ഒരു പറമ്പ് അവരുടെ പേർക്ക് എഴുതികൊടുത്തതായും വിവരിക്കുന്ന ഒരു ഓല ആധാരം ഈ ഗ്രന്ഥകാരൻ, ആനപ്പറമ്പിൽ കുടുംബക്കാരുടെ ഇന്നത്തെ അവകാശികൾ സൂക്ഷിച്ച ഓലയാധാരങ്ങളിൽ നിന്ന് കണ്ടെടുത്ത് വായിച്ചിട്ടുണ്ട്. ആനപ്പറമ്പിലച്ചൻ 1850–ന് മുമ്പ് നിര്യാതനായി. അദ്ദേഹത്തിന്റെ കാലത്തും ചുമതലയിലുമാണ് മുത്തപ്പന്റെ തിരുശേഷിപ്പ് സ്ഥാപനവും ശ്രാദ്ധപ്പെരുന്നാളും ആരംഭിച്ചതെന്ന് ഈ ഗ്രന്ഥകാരൻ അനുമാനിക്കുന്നു. 1820–നും 50–നും മദ്ധ്യേ ആരംഭിച്ച ഈ 'വെറ്റില നേർച്ച' 'പാക്കു' നേർച്ചയായി ആ കുടുംബത്തിലെ പിൻമുറക്കാർ ഇന്നും നടത്തിവരുന്നു (എന്റെ ഗുരുസ്ഥാനീയർ ആയ മുൻ വികാരിമാരും എന്റെ ശിഷ്യനായ പിൽക്കാല വികാരിയും ഓരോരോ അസൗകര്യങ്ങൾ പറഞ്ഞ് പഴഞ്ഞി പള്ളിയിലെ പുരാരേഖകളും ഗ്രന്ഥങ്ങളും പരിശോധിക്കുന്നതിന് ഒരു ചരിത്രവിദ്യാർത്ഥിയും ഇടവകാംഗമായ വൈദികനും ആയ എനിക്ക് അനുവാദം നിഷേധിച്ചിരിക്കേ, അമൂല്യസ്വത്തായി പൂർവ്വികർ സൂക്ഷിച്ച വട്ടെഴുത്തു രേഖകളെ പരിശോധിക്കുവാൻ എന്റെ വീട്ടിൽ കൊണ്ടുവന്നേൽപ്പിച്ച ആനപ്പറമ്പിൽ ഉക്രു അബ്രഹാം, സണ്ണി (SIB) എന്നിവരുടെ ചരിത്രാഭിമുഖ്യത്തിന് മുമ്പിൽ തലകുനിക്കാതിരിക്കാൻ കഴിയുന്നില്ല. തങ്ങൾക്ക് പരിശോധിക്കുവാൻ കഴിവില്ലാത്ത പുരാരേഖകൾ ഇളമുറക്കാരനായ ഒരു വൈദികൻ പരിശോധിച്ച് എന്തെങ്കിലും ചരിത്രരഹസ്യം കണ്ടെത്തിയാൽ തങ്ങൾ കെട്ടിയുണ്ടാക്കിയ പ്രശസ്തിയും അവാസ്തവ പരിവേഷങ്ങളും പൊളിഞ്ഞുവീഴുമെന്ന ഭയം ഒട്ടുമില്ലാത്തതിനാലാവാം അവർ വട്ടെഴുത്തിലും മറ്റും രേഖപ്പെടുത്തിയ നിരവധി രജിസ്റ്റർ ചെയ്ത ഓലയാധാരങ്ങൾ സന്തോഷത്തോടെ എന്റെ വീട്ടിൽ എത്തിച്ചത്).

ഏതായാലും തീർത്ഥാടകരിലൂടെയും വൈദികവിദ്യാർത്ഥികളിലൂടെയും പഴഞ്ഞിയിലെ ജോലിസാധ്യതകളെക്കുറിച്ച് വിവരം ഗ്രഹിച്ച പലരും കോതമംഗലത്തുള്ള തങ്ങളുടെ വസ്തുവകകൾ വിറ്റ് പഴഞ്ഞിയിലെത്തി. അതിൽ ഒന്നാണ് 'കുറ്റിക്കാട്ടിൽ' കുടുംബം. പഴഞ്ഞിയിലെ പ്രധാന നഗരവീഥിയുടെ പ്രാന്തപ്രദേശമായ 'പട്ടിത്തട'ത്തിൽ അവർ ഒരു പുരയിടം സമ്പാദിച്ച് അവിടെ വീടു വച്ചു പാർത്തു. അദ്ധ്വാനശീലരായിരുന്നു അവർ. കവുങ്ങിൻതോപ്പുകളിൽ തേവാനും തടം വെട്ടാനും പാടത്ത് കാള പൂട്ടാനും അവർ സന്നദ്ധരായിരുന്നു. പണത്തിന്റെ മൂല്യം സ്വജീവിതത്തിൽ വേണ്ടുവോളം ഗ്രഹിച്ച അവർ മിതവ്യയത്തിൽ ശ്രദ്ധിച്ചു. ക്രമേണ അവർക്ക് സമ്പാദ്യം വർദ്ധിച്ചു. സ്വന്തമായ കവുങ്ങിൻ

തോട്ടവും നെൽകൃഷി സ്ഥലങ്ങളും സമ്പാദിച്ചു. തോലത്ത് അപ്പാപ്പു ജ്യേഷ്ഠന്റെ 'പഴഞ്ഞി ബാങ്ക്' പ്രവർത്തനമാരംഭിച്ച കാലമായിരുന്നു അത്. കുറ്റിക്കാട്ടിൽ കുടുംബത്തിൽ പത്രോസ് എന്ന് പേരായ പൂർവികൻ മറ്റൊരു സമാന്തര ബാങ്കിംഗ് പ്രവർത്തനം ആരംഭിച്ചു. വരുമാനം സ്വരൂപിച്ച അദ്ദേഹം കൃഷിയോടൊപ്പം പണം പലിശയ്ക്ക് നൽകുന്ന സമ്പ്രദായം ആരംഭിച്ചു. ചെറിയ ആവശ്യക്കാർക്ക് ഈ സമാന്തര ബാങ്കിംഗ് ഒരനുഗ്രഹമായി. പ്രവർത്തനം വിപുലീകരിച്ചതോടെ ആദായവും വർദ്ധിച്ചു. ഓഫീസില്ല, സ്റ്റാഫില്ല, സ്റ്റേഷനറി ചെലവില്ല. എല്ലാം ഏകാംഗ മാനേജർ ആയ പത്രോസ് നിർവഹിച്ചു. ഈ പശ്ചാത്തലത്തിലാണ് മകൻ ചുമ്മാർ വളർന്നു വന്നത്. ആയിടെ പഴഞ്ഞി ബാങ്ക് തകർന്നതോടെ പണത്തിന് ആവശ്യക്കാർ ക്രമത്തിലേറെ വർദ്ധിച്ചു. സ്വന്തമായി മൂലധനം കൈവശമില്ലാതിരുന്ന ചെറുകിട കച്ചവടക്കാർ വിഷമിച്ചു. നിത്യവും മാർക്കറ്റിലെത്തുന്ന അടക്ക വാങ്ങിക്കുവാനും മാർക്കറ്റിൽ മത്സ്യകച്ചവടം നടത്തുവാനും കുറ്റിക്കാട്ടിൽ കുടുംബത്തിന്റെ 'ബാങ്കിംഗ്' പ്രവർത്തനം സഹായകമായി. പ്രായപൂർത്തിയായതോടെ ഏക പുത്രനായ ചുമ്മാർ പിതാവിൽ നിന്ന് ബാങ്കിംഗ് വ്യാപാരം ഏറ്റെടുത്തു. പത്രോസ്, മറിയം ദമ്പതികൾ സ്വരൂപിച്ച മൂലധനം ചുമ്മാർ സമർത്ഥമായി വിനിയോഗിച്ചു. വീട്ടിലെ കൃഷികാര്യങ്ങൾക്ക് ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിൽ കണിശക്കാരനായ ചുമ്മാർ സന്ധ്യയോടെ തന്റെ പണസഞ്ചിയും നോട്ടുബുക്കുമായി അങ്ങാടിയിൽ പ്രത്യക്ഷപ്പെടും. സന്ധ്യ വരെ കച്ചവടം ചെയ്യാൻ കടം വാങ്ങിച്ചവരിൽ നിന്ന് കൃത്യമായി പലിശ പിരിക്കുകയാണ് ലക്ഷ്യം. ആവശ്യക്കാർക്ക് അപ്പോഴും കടം കൊടുക്കും. ദീർഘകാല വായ്പകൾ ആണെങ്കിൽ ഏതെങ്കിലും വസ്തുവകകൾ പണയമായി രജിസ്റ്റർ ചെയ്ത് വാങ്ങി സൂക്ഷിക്കും. അരയിൽ മടിശ്ശീലയും കയ്യിൽ പാനീസ് വിളക്കുമായി കുറ്റിക്കാട്ടിൽ ചുമ്മാരേട്ടനെ പഴഞ്ഞി മാർക്കറ്റിലും അങ്ങാടികളിലും നിത്യവും കാണും. ഇക്കാര്യത്തിൽ നിഷ്ഠയും സ്ഥിരതയും പുലർത്തിവന്ന അദ്ദേഹത്തെ നാട്ടിൽ എല്ലാവരും 'അന്തിമോൻ ചുമ്മാരേട്ടൻ' എന്ന് വിളിച്ചുവന്നു. നാൾക്കുനാൾ വ്യാപാരം മെച്ചപ്പെടണം – ഇത് മാത്രമായിരുന്നു അന്തിമോൻ ചുമ്മാരേട്ടന്റെ ജീവിതലക്ഷ്യം. അതിന് വിഘാതം സൃഷ്ടിക്കാവുന്ന ബന്ധങ്ങളോ ദുശ്ശീലങ്ങളോ അദ്ദേഹം അകറ്റിനിർത്തി. ഇടപാടുകളിലെ കാർക്കശ്യം നിമിത്തം അല്പം അവജ്ഞയോടെയാണ് അദ്ദേഹത്തെ ഏവരും വീക്ഷിച്ചിരുന്നത്. എങ്കിലും മിക്കവരും പണം പല കാര്യങ്ങൾക്ക് ആവശ്യമുള്ളവർ ആയിരുന്നു. കവുങ്ങിൻതോപ്പുകളിലെ മഹാളി രോഗം, അതിവർഷം, വരൾച്ച, അഗ്നിബാധ, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് സമീപിക്കാവുന്ന ധനസഹായ സ്ഥാപനം വേറെ ഉണ്ടായിരുന്നില്ല. തന്മൂലം അന്തിമോൻ ചുമ്മാരേട്ടനെ അവഗണിക്കുവാൻ അധികംപേർക്ക് കഴിയുമായിരുന്നില്ല.

ചുമ്മാരേട്ടന് രണ്ടു പത്നികളിലായി അഞ്ച് മക്കൾ ജനിച്ചു. ആദ്യ ഭാര്യയിൽ മറിയം, അപ്പാപ്പു (പത്രോസ്); അവരുടെ നിര്യാണാനന്തരം ഇട്ട്യേനത്തെ വിവാഹം കഴിച്ചു. അതിൽ വറതുണ്ണി, കുരിയപ്പൻ, ജോസ് എന്നിങ്ങനെ മൂന്ന് ആൺമക്കൾ. തന്റെ മുൻഗാമികളുടെയും തന്റെയും ജീവിതത്തിന്റെ അലച്ചിൽ മക്കൾക്ക് നേരിടരുതെന്ന് വാത്സല്യനിധിയായ പിതാവ് കാര്യങ്ങളെ വിലയിരുത്തി. മക്കൾക്ക് ശക്ത്യനുസരണം വിദ്യാഭ്യാസം നൽകി. മറിയം പ്രൈമറി സ്കൂൾ അധ്യാപികയായി. അപ്പാപ്പു ഇന്ത്യൻ നേവി സർവ്വീസിൽ ഉദ്യോഗസ്ഥനായി. വറതുണ്ണി സർക്കാർ സർവ്വീസിൽ ഹൈസ്കൂൾ അദ്ധ്യാപകനായി. കുരിയപ്പൻ സർക്കാർ സർവ്വീസിൽ ഉദ്യോഗസ്ഥനായി. എല്ലാവരും സർക്കാർ ശമ്പളം പറ്റുന്നവർ. എല്ലാ മക്കളും വീട്ടിലെ കാർഷിക പശ്ചാത്തലത്തിൽ വളർത്തപ്പെട്ടവർ ആയിരുന്നുവെങ്കിലും ഇളയമകൻ ജോസ് കാർഷിക വൃത്തിയിൽ കൂടുതൽ താല്പര്യം കാണിച്ചു. വീട്ടിലെ ജോലിഭാരം കയ്യേൽക്കുകയാലാവാം ജോസ് പത്താം ക്ലാസ്സിനപ്പുറം പഠിച്ചില്ല. ഉദ്യോഗസ്ഥരായ നാലു സഹോദരങ്ങളുടെ വാത്സല്യഭാജനമായതിനാൽ അമിതലാളന ജോസിനെ പഠനകാര്യങ്ങളിൽ പരാങ്മുഖൻ ആക്കി എന്നാണ് ഈ എഴുത്തുകാരന് തോന്നുന്നത്. ബുദ്ധിയിലും അദ്ധ്വാനശേഷിയിലും മികവ് പുലർത്തിയതായി സ്വജീവിതംകൊണ്ട് തെളിയിച്ച അദ്ദേഹം പഠനത്തിൽ മാത്രം പിൻനിരയിലാകുവാൻ മതിയായ കാരണമൊന്നും കാണുന്നില്ല.

1932 ഒക്ടോബർ 21-ന് ജോസ് ജനിച്ചു. തികഞ്ഞ ബിസിനസ് അന്തരീക്ഷമായിരുന്നു വീട്ടിൽ. പണമിടപാടുകാർ പണം വാങ്ങുവാൻ, പലിശ കൊടുക്കുവാൻ, പ്രമാണം രജിസ്റ്റർ ചെയ്യുവാൻ, പ്രമാണം മടക്കി ക്കിട്ടാൻ – ഇങ്ങനെ നാനാതരം ആവശ്യക്കാർ വീട്ടിൽ എപ്പോഴും വരുമായിരുന്നു. മക്കളുടെ പഠനകാര്യത്തിൽ ചുമ്മാരേട്ടന് കർശനമായ ചട്ടങ്ങൾ ഉണ്ടായിരുന്നു. അവ ഒട്ടൊക്കെ പാലിക്കപ്പെട്ടിരുന്നു. ബിസിനസ് അന്തരീക്ഷവും കർശനമായ അച്ചടക്കനിയമങ്ങളും വീട്ടിലെ ബന്ധങ്ങളിൽ വരൾച്ചയുണ്ടാക്കിയത് ആരും വേണ്ടത്ര കാര്യമാക്കിയതായി തോന്നുന്നില്ല. തങ്ങൾക്ക് ലഭിക്കാതെപോയ വാത്സല്യം സോദരൻ ജോസിന് വാരിക്കോരി നൽകി. ഇളയമകന്റെ വിദ്യാഭ്യാസകാലമായപ്പോഴേക്കും ചുമ്മാരേട്ടൻ വാർദ്ധക്യത്തിലേക്ക് പ്രവേശിച്ചിരുന്നു. ജീവിതത്തിലുടനീളം വിജയതീരം കണ്ടെത്തുവാൻ പോരാടിയ ആ പടക്കുതിരയുടെ കുതിപ്പ് ക്രമേണ മന്ദഗതിയിലായി. മക്കൾ ഓരോരുത്തരായി സർക്കാർ ജോലിയിൽ പ്രവേശിച്ചതോടെ തന്റെ ജീവിതലക്ഷ്യം സഫലീകൃതമായി അദ്ദേഹത്തിന് തോന്നി. കുടുംബജീവിതത്തിൽ താൻ ആവശ്യത്തിലേറെ പാരുഷ്യം പുലർത്തിയതായി അദ്ദേഹം തിരിച്ചറിഞ്ഞുവോ ആവോ.

ഏതായാലും വീട്ടിലെ കാർക്കശ്യം അല്പം കുറഞ്ഞ അന്തരീക്ഷത്തിലാണ് ജോസ് വിദ്യാഭ്യാസം നയിച്ചത്. പഴഞ്ഞി മാർത്തോമ്മാ സ്കൂളിൽ പ്രൈമറി പഠനവും പഴഞ്ഞി സർക്കാർ ഹൈസ്കൂളിൽ സെക്കണ്ടറി വിദ്യാഭ്യാസവും നിർവഹിച്ച ജോസ് സമൃദ്ധിയുടെ മടിയിലാണ് ജീവിച്ചത്. സാമ്പത്തിക വിഷമതകൾ ജോസ് ബാല്യകാലത്ത് അറിഞ്ഞതേയില്ല. ഹൈസ്കൂൾ പ്രായമെത്തിയപ്പോഴേക്കും ജോസ് സ്പോർട്ട്സിലും നാടകാഭിനയത്തിലും ചിത്രംവരയിലും അഭിരുചി പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നു.

ഏതായാലും പത്താംക്ലാസിൽ പരാജയപ്പെട്ടതോടെ ജോസിന്റെ ഭാവിയിൽ അനിശ്ചിതത്വം തളംകെട്ടിനിന്നു. ഒന്നുരണ്ടു വട്ടം ആ കടമ്പ ചാടുവാൻ വിഫലശ്രമം നടത്തിയതോടെ ജോസിനെപ്പറ്റിയുള്ള കുടുംബത്തിന്റെ സങ്കൽപ്പങ്ങൾക്ക് മങ്ങലേറ്റു. കാള പൂട്ടും, കാളതേക്കും സ്വയമായി നടത്തുവാൻ ശരീരശേഷിയും സന്നദ്ധതയുമുണ്ടായിരുന്ന ജോസിനെ കാത്ത് വീട്ടിൽ തന്നെ അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ചുമ്മാരേട്ടന്റെ സ്വപ്നം അതായിരുന്നില്ലല്ലോ. അങ്ങനെയാണ് ജോസിനെ വൈദികനാക്കാനുള്ള ചിന്ത ചുമ്മാരേട്ടന്റെ മനസ്സിൽ നാമ്പിട്ടത്. കോളജ് വിദ്യാഭ്യാസത്തിന് യോഗ്യത നേടാനാകാത്ത മകൻ, കോളജ് വിദ്യാഭ്യാസം നേടി സർക്കാർ സേവനം നടത്തുന്ന മക്കൾക്കും ആദരണീയനാകുവാൻ വൈദികവൃത്തി സഹായിക്കുമെന്ന്, ഒടുവിൽ ആ പിതൃവാത്സല്യം തിരിച്ചറിഞ്ഞു.

പഴഞ്ഞിപള്ളിയിലെ കുഴഞ്ഞുമറിഞ്ഞ് കലുഷിതമായ അന്തരീക്ഷം ചുമ്മാർ ജ്യേഷ്ഠന്റെ സ്വപ്നങ്ങൾക്ക് പൂവണിയിക്കാൻ പര്യാപ്തമായിരുന്നു. 1896-ൽ നവീകരണക്കാരുമായി നടന്ന വ്യവഹാരം അവസാനിച്ചു. വർഷങ്ങളോളം നീണ്ടുനിന്ന വ്യവഹാരം സ്വന്തം നിലയിൽ പള്ളിക്ക് വേണ്ടി നടത്തിയ വികാരി റവ. ഫാ. ഗീവറുഗീസ് ചീരൻ ഒരു വ്യവഹാരം മൂലം ഇടവകയും സ്വന്തം കുടുംബവും സഹിച്ച കയ്പേറിയ അനുഭവങ്ങളെപ്പറ്റി വേണ്ടത്ര ബോധവാനായിരുന്നു. 1883-ൽ തന്നോടൊപ്പം കുമരകം പള്ളിയിൽ വച്ച് (ഏപ്രിൽ 2) പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായിൽ നിന്ന് പൂർണ്ണശെമ്മാശുപട്ടം ഏറ്റ പുലിക്കോട്ടിൽ മത്തായി ശെമ്മാശൻ 1894-ൽ നവീകരണക്കാരുമായുള്ള വ്യവഹാരത്തിൽ വിജയം ലഭിക്കുന്നതുവരെ കശ്ശീശാപട്ടം ഏൽക്കാതെ മാറിനിന്നതും വ്യവഹാരങ്ങൾക്ക് തിരശ്ശീല വീഴുന്നു എന്നുറപ്പായതോടെ കശ്ശീശാപട്ടമേറ്റ് തന്റെ സഹപ്രവർത്തകനായി നിയമിക്കപ്പെട്ടതും തൊട്ട്, താൻ ഏകനായി സഹിച്ച പീഡനങ്ങളുടെ അനുഭവങ്ങൾ വികാരിയുടെ ജീവിതത്തിൽ മറക്കാനാവാത്ത അടയാളങ്ങൾ സൃഷ്ടിച്ചിരുന്നു. തന്മൂലം തന്റെ കാലത്ത് ഇനിയൊരു വ്യവഹാരം

പഴഞ്ഞിപള്ളിയിൽ ഉണ്ടാവരുതെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നു. വ്യവഹാരത്തിലേക്ക് നയിക്കുന്ന പല സാഹചര്യങ്ങളും ഇടവകയിൽ ഉയർന്ന് വന്നിട്ടും അവയെല്ലാം അദ്ദേഹം ക്ഷമയോടെ സഹിച്ചു. പലപ്പോഴും കൈക്കാരന്മാർ ആണ് തലവേദനകൾ സൃഷ്ടിച്ചിരുന്നത്. 1921-ൽ അപ്രകാരമുണ്ടായ ഒരു സംഭവത്തിന്റെ രേഖ കണ്ടെത്താൻ കഴിഞ്ഞു. കൊല്ല വർഷം 1097 ധനു 19-ാം തീയതി (1921 ഡിസംബർ) ചീരൻ ഗീവറുഗീസ് കത്തനാരും (വികാരി), പുലിക്കോട്ടിൽ മത്തായി കത്തനാരും കൊള്ളന്നൂർ യാക്കോബ് കത്തനാരും (സഹവികാരിമാർ) ഒപ്പിട്ട് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായ്ക്ക് അയച്ച പരാതിയാണ് ആ രേഖ. ആ പരാതിയിൽ ഇപ്രകാരം കാണുന്നു:

"... ഇവിടത്തെ പള്ളിക്കാര്യങ്ങൾ കുഴപ്പത്തിൽത്തന്നെ ഇരിക്കുന്നു. കൂടിയിരുന്നവരിൽ കൈസ്ഥാനം ഏല്പാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല. .... സുവിശേഷക്കമ്മിറ്റിയുടെ വക പണം കൈക്കാരന്മാരുടെ പക്കൽ ഏല്പിക്കണമെന്ന് കല്പനയിൽ ഏർപ്പെടുത്തിയിരുന്നതനുസരിച്ച് 97 വരെയുള്ള (1921) പിരിവുകൾ ഏല്പിക്കുകയും സംഘാനുവാദം കൂടാതെ അതിൽനിന്ന് അവർ ചെലവ് ചെയ്താൽ, മേലാൽ ഉണ്ടാവുന്ന പണങ്ങൾ സംഘത്തിന്റെ പ്രത്യേക ചുമതലയിൽ ഇരുന്നല്ലാതെ കാര്യ നടത്തിപ്പുകൾക്ക് വിഘ്നം വരുമെന്ന് ടി കമ്മിറ്റി അഭിപ്രായപ്പെടുകയാൽ 97-ലെ പിരിവുകൾ അവരെ ഏല്പിച്ചിട്ടില്ല. ബാക്കി അവരുടെ അടുക്കൽ നിലവിലുള്ള 114 ഉറുപ്പിക 7 അണ 10 പൈസ തരുവാനുള്ളത് ഇന്നേവരെ തന്നിട്ടും ഇല്ല. ഇപ്പോൾ 19 ഉറുപ്പിക ഒരു മാസത്തിൽ പിരിവുണ്ടായെങ്കിൽ മാത്രമേ സംഘം നിശ്ചയിച്ചിട്ടുള്ള രണ്ടു സുവിശേഷ വേലക്കാർക്കുള്ള ശമ്പളം 14 ഉറുപ്പികയും മാസപ്പടിയുടെ 5 ഉറുപ്പികയും തീരുകയുള്ളു. ഇതിനും പുറമെ സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനം വകയും മറ്റുമായി ഉടൻ 50 ഉറുപ്പിക അത്യാവശ്യ ചെലവുകൾ ഉണ്ട്. ഇതിനെല്ലാമായി മുൻഇരിപ്പുള്ള ഉറുപ്പിക കിട്ടിയെങ്കിൽ മാത്രമേ നിവൃത്തി ഉള്ളൂ. കൈക്കാരന്മാരോട് ചോദിക്കുമ്പോൾ തൽക്കാലം ഉറുപ്പിക ഇല്ലെന്നാണ് പറയുന്നത്. അതിനാൽ ടി സംഖ്യ തരുവിക്കുന്നതിന് കല്പന ഉണ്ടാവാൻ അപേക്ഷിച്ചുകൊള്ളുന്നു."

പട്ടക്കാരും കൈക്കാരന്മാരും തമ്മിൽ നിലവിലിരുന്ന ഉരസലുകളെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ഈ അപേക്ഷ. വ്യവഹാരത്തിലേക്ക് നയിക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിച്ചിട്ടും മുൻ അനുഭവങ്ങളുടെ ചൂടടയാളം ഓർമ്മയിലുള്ളതിനാൽ ഒരു വ്യവഹാരത്തിലേക്ക് പ്രവേശിക്കുവാൻ വികാരി അനുവദിച്ചില്ല. 1934 ആയപ്പോഴേക്കും വികാരി ദിവ്യശ്രീ. ചീരൻ ഗീവറുഗീസ് കത്തനാരും സഹവികാരി ദിവ്യശ്രീ. പുലിക്കോട്ടിൽ മത്തായി കത്തനാരും അന്തരിച്ചു. 1907-ൽ കശ്ശീശാപട്ടമേറ്റ് പഴഞ്ഞി

പള്ളിയിൽ സഹവികാരിയായി ചുമതലയേറ്റ കൊള്ളന്നൂർ യാക്കോബ് കശ്ശീശായ്ക്ക് വ്യവഹാരത്തിന്റെ കയ്പുള്ള അനുഭവങ്ങൾ കേട്ടുകേൾവി മാത്രമായിരുന്നു. പഴയ വൈദികർ നിര്യാതരായതോടെ പള്ളിയിൽ ഒരു പ്രശ്നം ആരംഭിച്ചു. പൊതുയോഗം തെരഞ്ഞെടുത്ത പുതിയ കൈക്കാരന് ഭരണം കൈമാറാൻ പഴയ കൈക്കാരൻ വിസമ്മതിച്ചതായിരുന്നു പ്രശ്നം. തർക്കവിഷയം നേരിട്ട് കോടതിയിലെത്തി. ഇടവകയിൽ ഭിന്നത ഒഴിവാക്കാൻ ന്യായാധിപൻ കെ. എ. പൗലൂസ് ജഡ്ജി വികാരിയെ റിസീവർ ആയി നിയമിച്ചുകൊണ്ട് ഉത്തരവിറക്കി. വൈദികപാരമ്പര്യമുള്ള ശ്രേഷ്ഠകുടുംബത്തിലെ അംഗമായിരുന്ന പൗലൂസ് ജഡ്ജി, ഏതാനും വർഷങ്ങൾക്കുള്ളിൽ വികാരി പ്രശ്നങ്ങൾക്ക് നീതിപൂർവ്വമായ പരിഹാരമുണ്ടാക്കുകയും സർവസമ്മതമായി പൊതുയോഗം തെരഞ്ഞെടുത്ത കൈക്കാരന് ഭരണം കൈമാറുമെന്നും ഉള്ള പ്രതീക്ഷയിലാണ് അപ്രകാരം തീർപ്പ് കല്പിച്ചതെന്ന് ഈ ഗ്രന്ഥകാരനോട് പിൽക്കാലത്ത് പറഞ്ഞിട്ടുണ്ട് (ഈ ഗ്രന്ഥകാരൻ തൃശൂർ പള്ളിയുടെ സഹവികാരിയായി ചെമ്പുക്കാവ് സെന്റ് തോമസ് പള്ളിയിൽ നാലു വർഷം താമസിച്ചിരുന്നു. പള്ളിയുടെ അയൽവാസിയായിരുന്ന പൗലൂസ് ജഡ്ജിയുമായി നടത്തിയ അനൗപചാരിക സംഭാഷണവേളയിലാണ് പഴഞ്ഞി ഇടവകാംഗമായ എന്നോട് പഴഞ്ഞി പള്ളിയുടെ പഴയ വ്യവഹാരങ്ങളെപ്പറ്റി അഭിപ്രായപ്പെട്ടത്. പുതിയ കൈക്കാരൻ പൊതുയോഗത്തിന്റെ തെരഞ്ഞെടുപ്പിലൂടെ വന്ന ആൾ ആയതിനാൽ അദ്ദേഹത്തിനനുകൂലമായിട്ടാണ് വിധിക്കേണ്ടിയിരുന്നതെന്നും എന്നാൽ അത് ഇടവകയിൽ രണ്ട് ഗ്രൂപ്പ് സൃഷ്ടിച്ചേക്കുമെന്നതിനാലാണ് രണ്ടു ഗ്രൂപ്പുകാർക്കും സ്വീകാര്യനായ വികാരിയെ 'റിസീവർ' ആയി നിയമിച്ചുകൊണ്ട് ഉത്തരവായതെന്നും പ്രായോഗികമതിയും അനുഭവസമ്പന്നനും സഭാസ്നേഹിയുമായ ആ നീതിപാലകൻ പറഞ്ഞത് ഞാനോർക്കുന്നു.).

എന്നാൽ അതൊന്നും സംഭവിച്ചില്ല. റിസീവർ ഭരണം 1950 വരെ തുടർന്നു. മൂന്ന് വൈദികരുടെ സേവനം ഏറെ തലമുറകളായി അനുഭവിച്ചു വന്ന ഇടവക ഒരു വൈദികന്റെ സേവനം കൊണ്ട് തൃപ്തിയടയേണ്ടി വന്നു. പെങ്ങാമുക്ക്, കാട്ടകാമ്പാൽ, മങ്ങാട്, പെരുന്തുരുത്തി, ഐനൂർ, കോട്ടോൽ, കരിക്കാട്, അക്കിക്കാവ് തുടങ്ങിയ വിസ്തൃത പ്രദേശങ്ങൾ അന്ന് പഴഞ്ഞി ഇടവകയുടെ ഭാഗമായിരുന്നു. യാത്രാസൗകര്യങ്ങളോ നല്ല റോഡുകളോ ഇല്ലാത്ത അക്കാലത്ത് ഇത്രയും വിസ്തൃതമായ ഒരു ഇടവകയിൽ എണ്ണൂറിലേറെ വീട്ടുകാരുടെ ആത്മീയ ആവശ്യങ്ങൾ ഒരു വൈദികൻ മാത്രമായി നിർവഹിക്കുക എന്നത് അസാധ്യമായ കാര്യമായിരുന്നു. ക്ലേശഭൂയിഷ്ഠമായ ആ സങ്കീർണ്ണതകളെ അമ്പത് വയസ്സുകാരനായ കെ. പി. യാക്കോബ് കശ്ശീശാ സന്തോഷപൂർവ്വം ഏറ്റെടുത്തു. അന്ന്

വൈദികർക്ക് പ്രധാന വരുമാനം ശമ്പളം അല്ലായിരുന്നു. വിവാഹം, മാമ്മൂദീസാ, കുർബ്ബാന, ഊട്ട്, ശവസംസ്കാര കർമ്മങ്ങൾ എന്നി അവസരങ്ങളിൽ ലഭിക്കുന്ന 'കർമ്മഫീസ്' ആയിരുന്നു മുഖ്യ വരവിനം. മുൻകാലങ്ങളിൽ മൂന്ന് വൈദികർക്കായി വിഭജിച്ചിരുന്ന വരുമാനങ്ങൾ ഒരാൾക്ക് മാത്രമായി ലഭിക്കുന്നതിലുള്ള സന്തോഷമായിരിക്കാം 'കാക്കു' അച്ചനെ ജോലിഭാരം സന്തോഷത്തോടെ നിർവഹിക്കുവാൻ പ്രേരിപ്പിച്ചതെന്ന് വേണം വിചാരിക്കാൻ. റിസീവർ ഭരണകാലത്തെ ഉപദേശക സമിതിയുടെ മിനിട്ട്സ് പുസ്തകങ്ങൾ ഈയിടെ ഈ ഗ്രന്ഥകാരന് പരിശോധിക്കുവാൻ അവസരം കിട്ടി (വികാരി ചെയ്തു തരാതിരുന്ന സഹായം നൽകിയ കൈക്കാരൻ രാജുവിനോട് നന്ദി രേഖപ്പെടുത്തുന്നു). യോഗ്യന്മാരായ പല യുവാക്കളും അക്കാലത്ത് വൈദികരാവാൻ അപേക്ഷ നൽകിയിരുന്നതിന്റെയും ഓരോ തൊടുന്യായങ്ങൾ ഉന്നയിച്ച് വികാരി അവ തിരസ്കരിച്ചതിന്റെയും വിവരങ്ങൾ ആ മിനിട്ട്സ് പുസ്തകങ്ങളിൽ കാണാം. വികാരിയുടെ ഈ നിഷേധ മനോഭാവം പല വൈദിക സ്ഥാനാർത്ഥികളേയും നഷ്ടപ്പെടുത്തുവാൻ കാരണമായി. ക്രമേണ യോഗ്യരായ ആളുകൾ വൈദികരാവാൻ മുന്നോട്ടു വരാതെയായി.

ജോലിഭാരം കൂടിയപ്പോൾ ഇടവകയിലെ ആരാധനകൾ തീർത്തും അവഗണിക്കപ്പെട്ടു. വരുമാനവുമായി ബന്ധപ്പെട്ടതുമൂലം വീടുകളിലെ സന്ദർശനങ്ങൾ ഒഴിവാക്കാനാവുമായിരുന്നില്ല. പള്ളിയിൽ രണ്ടു നേരം വൈദികരുടെ നേതൃത്വത്തിൽ നടന്നിരുന്ന നമസ്കാരങ്ങൾ അപ്രത്യക്ഷമായി. ശ്ഹീമ്മാ നമസ്കാരവും പെങ്കീസാ നമസ്കാരവും പഴ ഞ്ഞിയിൽ ഇല്ലാതായത് അങ്ങനെയാണ്. മല്പാന്മാരായ പൂർവിക വൈദികരെ പിന്തുടരുവാൻ കെ. പി. യാക്കോബ് കശ്ശീശാ സജ്ജനായിരുന്നു. വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾ സഹപാഠിയായിരുന്ന കുറിയാക്കോസ് ശെമ്മാശനേക്കാൾ (പിന്നീട് പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) മികച്ച സ്ഥാനം പഴഞ്ഞിയിലെ യാക്കോബ് ശെമ്മാശൻ നേടിയിരുന്നു (യാക്കോബ് ശെമ്മാശന് മൂന്നാം സ്ഥാനവും കുറിയാക്കോസ് ശെമ്മാശന് അഞ്ചാം സ്ഥാനവും എന്ന് വിവരിക്കുന്ന സെമിനാരി റിപ്പോർട്ട് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്). എന്നാൽ തന്റെ വൈദികവിജ്ഞാനത്തിന്റെ സുഗന്ധം ഇടവകയിൽ പ്രസരിപ്പിക്കുവാൻ അദ്ദേഹത്തിന് ജോലിഭാരം മൂലം കഴിയാതെ പോയി.

അസംതൃപ്തമായ ഇടവകയുടെ പ്രതികരണം വിചിത്രമായ രീതിയിലായിരുന്നു. പള്ളിയാരാധനകളും ആത്മീയ സംഘടനകളും അനാഥമായ അക്കാലത്താണ് പഴഞ്ഞിയിൽ ഇന്ന് കാണുന്ന നിരവധി വേർപാട് സമൂഹങ്ങൾ മുളപൊട്ടി വികസിച്ചത്. സമയമില്ലാത്തതിനാൽ വിശ്വാസ പ്രബോധനങ്ങൾ ദേവാലയത്തിൽ അപ്രത്യക്ഷമായി. ഞായറാഴ്ചകളിൽ

കുർബ്ബാന, മാമ്മൂദീസാ, ശവക്കോട്ടയിലെ ധൂപാർപ്പണം, വിവാഹം, ഊട്ടു കഴിക്കൽ എന്നിവ കഴിയുമ്പോഴേക്കും സന്ധ്യയാകും. സണ്ടേസ്കൂൾ, മൂന്ന് മണിയുടെ സുവിശേഷയോഗം എന്നിവയൊന്നും ശ്രവിക്കാൻ അദ്ദേഹത്തിന് സമയം ലഭിക്കുമായിരുന്നില്ല. പള്ളിയിൽ സന്ധ്യാനമസ്കാരം പോലും അദ്ദേഹത്തിന് അവഗണിക്കേണ്ടി വന്നു. പള്ളിയുടെ തൊട്ടടുത്ത് താമസിക്കുന്ന ഉത്സാഹിയായ ഇട്ട്യേച്ചനെ നമസ്കാരങ്ങൾ നടത്തുവാൻ നിയോഗിക്കും. ഇട്ട്യേച്ചന് സുറിയാനിഭാഷ വശമില്ലാത്തതിനാൽ പള്ളിയിൽ നടത്തിയിരുന്ന സഭയുടെ ഔദ്യോഗിക കാനോനിക നമസ്കാരം ഉപേക്ഷിക്കപ്പെട്ടു. പകരം വീടുകളിൽ നടത്തുവാൻ കോനാട്ട് മാത്തൻ മല്പാൻ തയാറാക്കിയ നിത്യപ്രാർത്ഥനക്രമം പഴഞ്ഞിപ്പള്ളിയിൽ സന്ധ്യാനമസ്കാരത്തിന് ഉപയോഗിക്കപ്പെട്ടു (ഈ ഗ്രന്ഥകാരൻ 1968–ൽ ശെമ്മാശൻ ആകുന്നതുവരെയും പഴഞ്ഞി പള്ളിയിൽ 'പാമ്പാക്കുട നമസ്കാരം' എന്ന് വിളിച്ചുവരുന്ന ഈ കുടുംബാരാധനക്രമമാണ് നടത്തിയിരുന്നത്. ഒരു തലമുറക്കാലത്തെ നിത്യോപയോഗം മൂലം പ്രാർത്ഥനയുടെ സംസ്കാരം പഴഞ്ഞിയിൽ സങ്കോചിക്കുകയും വികൃതമാവുകയും ചെയ്തു. നോമ്പുകാലത്തെ ഉച്ചനമസ്കാരത്തിന് നേതൃത്വം നൽകാൻ വികാരിയുടെ സാന്നിധ്യം ലഭ്യമാവാതെ വന്നപ്പോൾ ആയത് നിർവഹിക്കുവാൻ പഴയ വികാരിയുടെ സഹോദരീപുത്രനായ പൊറത്തൂർ (പല്ലാക്കൻ) താരു കാങ്ങുവിനെ ചുമതലപ്പെടുത്തി.).

ഈ അന്ധകാരയുഗത്തിൽ, ഇടവകക്കാരുടെ സമ്മർദ്ദത്തെ തുടർന്ന് പുലിക്കോട്ടിൽ മത്തായി കശ്ശീശായുടെ ഇളയപുത്രൻ ഇടവകയോഗത്തിൽ വൈദിക വിദ്യാർത്ഥിയായി സ്വീകരിക്കപ്പെട്ടു. സീനിയർ വൈദികരായ രണ്ടു പേരും രോഗശയ്യയിലായതിനെ തുടർന്ന് ഒരു പുതിയ വൈദികൻ ഇടവകയിലുണ്ടാവണമെന്ന് ഇടവക തീരുമാനിക്കുകയായിരുന്നു. അന്ന് റിസീവർ ഭരണം ആരംഭിച്ചിരുന്നില്ല. മാത്യൂസ് ശെമ്മാശൻ 1932–ൽ ആദ്യപട്ടം ഏറ്റു. കൊച്ചിയുടെ അധികാരച്ചുമതല വഹിച്ചിരുന്ന തുമ്പമൺ മെത്രാസനത്തിന്റെ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് ആണ് ഉണ്ണിശെമ്മാശനെ (അതായിരുന്നു വിളിപ്പേര്) പൗരോഹിത്യത്തിലേക്ക് ഉപനയിച്ചത്. കോട്ടയം വൈദികസെമിനാരിയിൽ വിദ്യാർത്ഥിയായ ശെമ്മാശൻ ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാന്റെയും ഫാ. കെ. ഡേവിഡിന്റെയും ശിക്ഷണത്തിൽ വൈദികപഠനം പൂർത്തിയാക്കി. ചിത്രം വരയിലും സംഗീതത്തിലും അസാമാന്യമായ മികവ് പുലർത്തിയ ശെമ്മാശൻ ഏവരുടെയും കണ്ണിലുണ്ണി ആയിരുന്നു. ഉണ്ണിശെമ്മാശൻ വൈദിക വിദ്യാർത്ഥിയായിരിക്കേ 1934 കർക്കിടകം 15–ാം തീയതി മൂപ്പച്ചനും (റവ. ഫാ. ഗീവറുഗീസ് ചീരൻ) 1935 മാർച്ച് 3–ാം തീയതി പുലിക്കോട്ടിൽ മത്തായി അച്ചനും ദീർഘനാളത്തെ രോഗാവസ്ഥയ്ക്കുശേഷം

നിര്യാതരായി. കൊള്ളന്നൂർ യാക്കോബ് കത്തനാർ വികാരിയായതും ഒരു വർഷത്തിനകം ഇടവക വ്യവഹാരത്തിൽ പ്രവേശിച്ചതും പുതിയ വികാരി റിസീവർ ആയി നിയമിക്കപ്പെട്ടതുമായ സംഭവങ്ങൾ ഇക്കാലത്ത് അരങ്ങേറിയത് നേരത്തെ വിവരിച്ചുവല്ലോ. 1938–ൽ ഉണ്ണി ശെമ്മാശൻ വിവാഹിതനായി. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ അദ്ദേഹത്തിന് കശ്ശീശാപട്ടം നൽകി; കാക്കു അച്ചന്റെ സഹായിയായി നിയമിച്ചു.

ഇടവകയിലെ മുൻ വൈദികന്റെ മേൽവിലാസമുണ്ടായിരുന്ന നവവൈദികന് പഴഞ്ഞിയിൽ ഊഷ്മളമായ സ്വാഗതം ലഭിച്ചു. സഭയുടെ മുഖ്യധാരയിൽനിന്ന് പല അംശങ്ങളിലും വ്യതിചലിച്ചുപോയ ഇടവകയെ ശരിയായ ദിശയിലേക്ക് നയിക്കുവാൻ യുവവൈദികൻ ശ്രമിച്ചു. താൻ ജോലിഭാരം മൂലം നടപ്പിലാക്കിയ ചില പരിഷ്ക്കാരങ്ങൾ ഉണ്ണി അച്ചൻ വ്യത്യാസപ്പെടുത്തുന്നത് കാക്കു അച്ചനെ ശല്യപ്പെടുത്തി. പല്ലാക്കൻ കാങ്ങു ജ്യേഷ്ഠന്റെയും ഇട്ട്യേച്ചന്റെയും രംഗപ്രവേശം മൂലം ഏറെ പരിമിതപ്പെട്ടുപോയ ആരാധനാ സംസ്കാരത്തെ സ്വന്തം തവണ വരുന്ന ആഴ്ചകളിൽ പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിച്ചത് പലരെയും അമ്പരപ്പിച്ചു. റിസീവർ ഭരണത്തിനെതിരെ യുവവൈദികൻ ആളുകളെ സംഘടിപ്പിക്കുന്നു എന്ന അറിവ് പല ഉന്നതരുടെയും എതിർപ്പ് വിളിച്ചുവരുത്തി. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും കൊച്ചി ഭദ്രാസന ചുമതല വഹിച്ചിരുന്ന പുത്തൻകാവിൽ തിരുമേനിയുടെയും ഇഷ്ടഭാജനമായ യുവവൈദികനെതിരെ പരാതി അയക്കുന്നത് നിഷ്ഫലമാവുമെന്ന് അറിയാവുന്ന അധികൃതർ പുതിയ വൈദികൻ ആരാധനാരംഗത്ത് വരുത്തിയ ആരോഗ്യകരമായ പരീക്ഷണങ്ങൾക്കെതിരെ കുബുദ്ധികളായ ചില റൗഡികൾക്ക് പ്രോത്സാഹനം നൽകി. യുവവൈദികനെതിരെ അസൂയാലുക്കളായ ഒരു വിഭാഗം പല ആരോപണങ്ങളും മെനഞ്ഞെടുത്തു. ഒരു ഓശാന ഞായറാഴ്ച ക്രമപ്രകാരം പ്രദക്ഷിണത്തിന് നേതൃത്വം നൽകിയ കാർമ്മികനെ ചിലർ തടഞ്ഞുനിർത്തുകയും അവർക്കഭിമതമായ ദിശയിൽ പ്രദക്ഷിണം തിരിച്ചുവിടുകയും ചെയ്തു. സംഭവം വലിയ കോളിളക്കമുണ്ടാക്കി. ഇടവക മെത്രാപ്പോലീത്താ ഇടപെട്ടു. തൽക്കാലത്തേക്ക് അച്ചനെ കൊടശ്ശനാട് പള്ളിയിലേക്ക് സ്ഥലംമാറ്റി നിയമിച്ചു. ഏറെക്കഴിഞ്ഞിട്ടും പഴഞ്ഞിയിൽ സ്ഥിതിഗതികൾ ശാന്തമാവുന്നില്ല എന്ന് ഉണ്ണിയച്ചൻ കാര്യങ്ങളെ നിരീക്ഷിച്ചു. ആരാധനാകാര്യങ്ങളിൽപ്പോലും വൈദികർക്ക് വേണ്ടത്ര സ്വാതന്ത്ര്യം നൽകാത്ത ഒരു സഭയോട് അച്ചന് നീരസമായി. ഈ നീരസത്തെ മുതലെടുക്കുവാൻ ആയിടെ ആരംഭിച്ച റീത്തു പ്രസ്ഥാന നായകൻ മാർ ഈവാനിയോസ് രംഗത്തെത്തി. പഴഞ്ഞി ഇടവകയെ ചൂണ്ടലിട്ട് പിടിക്കുകയായിരുന്നു ലക്ഷ്യം. അനുകൂല പരിതഃസ്ഥിതിയിൽ ഉണ്ണി അച്ചൻ റീത്തിൽ ചേർന്നു എങ്കിലും അച്ചന്റെ കുടുംബക്കാർപോലും ആ വലയിൽ അകപ്പെട്ടില്ല.

1945-ൽ ബഹു. ഉണ്ണിയച്ചൻ മാതൃസഭ വിട്ട് റീത്തിൽ ചേക്കേറേണ്ടി വന്ന അനുഭവം പഴഞ്ഞിയെ ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചു. നിലവിലുള്ള വികാരിയുടെ പൂർണ്ണസമ്മതത്തോടെയല്ലാതെ ഏതെങ്കിലും വൈദികൻ ഇടവകശുശ്രൂഷയിലെത്തിയാൽ ആ വൈദികനും തന്നിമിത്തം ഇടവകയും തീരാത്ത സംഘർഷങ്ങൾ അനുഭവിക്കേണ്ടി വരുമെന്ന മുഖ്യ പാഠം 'ഉണ്ണിയച്ചൻ സംഭവ'ത്തിന്റെ സന്ദേശമായി ഇടവക മനസ്സിൽ സൂക്ഷിച്ചു. പിന്നീട് പല അപേക്ഷകളും വൈദികസ്ഥാനത്തേക്ക് ലഭിച്ചു എങ്കിലും ആ വിഷയത്തിൽ റിസീവറുടെ ഉപദേശകസമിതിയോ പൊതുയോഗമോ ഇടപെട്ടിരുന്നില്ല. ഫലത്തിൽ കാക്കു അച്ചന്റെ റിസീവർ ഭരണം ഏകച്ഛത്രാധിപത്യത്തിന്റെ സ്വഭാവത്തിലേക്ക് കൂപ്പുകുത്തി. തുമ്പമൺ മെത്രാസനത്തിന്റെ ഗീവറുഗീസ് മാർ പീലക്സിനോസ് ആണ്ടിലൊരിക്കൽ വരുമ്പോൾ ഇടവകയുടെ ആഭ്യന്തരവിഷയങ്ങളിലേക്കൊന്നും പ്രവേശിക്കുവാൻ അവസരം ഉണ്ടാക്കിയിരുന്നില്ല. 1934-ൽ സഭാ ഭരണഘടന പാസ്സാക്കി എങ്കിലും അത് ഇടവകയിൽ നടപ്പാക്കുന്ന കാര്യം കാക്കു അച്ചൻ ഒട്ടും ശ്രദ്ധിച്ചില്ല. സ്വന്തം സാമ്രാജ്യത്തിൽ വിള്ളലുണ്ടാവാതെ നോക്കുവാൻ അദ്ദേഹം അതീവ ജാഗ്രതയോടെ ശ്രദ്ധിച്ചിരുന്നു. റിസീവർ എന്ന നിലയിൽ അദ്ദേഹമായിരുന്നു പള്ളിയുടെ താക്കോൽക്കാരൻ. ബാങ്കിംഗ് സമ്പ്രദായം അന്ന് പഴഞ്ഞിയിലെത്തിയിരുന്നില്ല. ഭണ്ഡാര വരുമാനങ്ങൾ എന്നു വേണ്ട പള്ളിയുടെ സർവ വരുമാനങ്ങളും റിസീവർ കൈവശം വക്കുകയായിരുന്നു പതിവ്. വരവ് ചെലവ് കണക്കുകൾ ഉപദേശകസമിതിയുടെ അംഗീകാരത്തോടെ കോടതിയിൽ സമർപ്പിക്കുകയായിരുന്നു പതിവ്. ധനവിനിമയം സംബന്ധിച്ച് പല ആരോപണങ്ങളും ഉയർന്നുവന്നിരുന്നുവെങ്കിലും അതൊക്കെ 'ചായക്കോപ്പയിലെ കൊടുങ്കാറ്റ്' പോലെ ശമിക്കുകയായിരുന്നു. സദ്വൃത്തരായ ആളുകൾക്ക് പള്ളിക്കാര്യങ്ങളിൽ മടുപ്പനുഭവപ്പെട്ടു. പലരും മാർത്തോമ്മാസഭയിൽ ചേർന്നു, ചിലർ തൊഴിയൂർ ഇടവകയിൽ ചേർന്നു. മറ്റു പലരും വേർപാട് സഭകളിൽ ചേർന്നു. കല്യാണം, മാമ്മൂദീസാ, ശവമടക്ക് തുടങ്ങിയ കർമ്മാനുഷ്ഠാനങ്ങൾക്കായി കുറേപേർ ഇടവകയിൽ തുടർന്നു. നേരത്തെ വ്യക്തമാക്കിയതുപോലെ യോഗ്യരും കുലീന കുടുംബാംഗങ്ങളുമായ വ്യക്തികൾ വൈദികരംഗത്തേക്ക് വരാതായി. വന്നവരുടെ അപേക്ഷകൾ ആകട്ടെ തിരസ്ക്കരിക്കപ്പെടുകയും ചെയ്തുപോന്നു.

ഉണ്ണിയച്ചൻ സഭാഭ്രംശം ചെയ്തതിനുശേഷം ഒരു വൈദികന് വേണ്ടി ഇടവക മുറവിളി കൂട്ടി. ആരോഗ്യം ക്ഷയിച്ചതിനെ തുടർന്ന് കാക്കു അച്ചന് എല്ലായിടത്തും ഓടിയെത്തുവാൻ കഴിയാതായ സാഹചര്യത്തിൽ വികാരി ഈ ജനകീയ ആവശ്യത്തെ എതിർത്തില്ല. ചുണ്ടമണ്ണിൽ സി. വി. ഏബ്രഹാം കത്തനാർ എന്നൊരു യുവവൈദികനെ ഇടവക മെത്രാപ്പോ

ലീത്താ ആയ പുത്തൻകാവ് മാർ പീലക്സിനോസ് പഴഞ്ഞിയിൽ സഹ വികാരിയായി നിയമിച്ചു. 1948-ൽ നടന്ന ഈ നിയമനത്തിലും വികാരി പ്രസാദിച്ചു എന്ന് തോന്നുന്നില്ല. മിടുക്കനായ ചുണ്ടമണ്ണിലച്ചന്റെ പേരിൽ - അദ്ദേഹം അവിവാഹിതനായിരുന്നു - പലതരം പരാതികൾ പല കേന്ദ്ര ങ്ങളിൽ നിന്നും ഉയർന്നുവന്നു. കാര്യങ്ങൾ പന്തിയല്ല എന്ന് ഗ്രഹിച്ച തോടെ അദ്ദേഹം സ്ഥലംവിട്ടു. പഴയ മൂപ്പച്ചന്റെ കുടുംബത്തിൽപെട്ട ഒരു സി. കെ. കുരിയക്കുട്ടി അക്കാലത്ത് വൈദികനാവാൻ അപേക്ഷ സമർ പ്പിച്ചു. മങ്ങാട്ടുകാരനായ ചീരൻ കുരിയക്കുട്ടിയുടെ അപേക്ഷ ഇടവക അംഗീകരിച്ചു. എങ്കിലും ആയുഷ്ക്കാല ബോണ്ട് സമർപ്പിക്കണമെന്ന, മുമ്പൊരിക്കലും ഇല്ലായിരുന്ന, വ്യവസ്ഥ കൊണ്ടുവന്ന് ആ അപേക്ഷ കനെ നിരുത്സാഹപ്പെടുത്തുന്നതിൽ റീസീവർ വിജയിച്ചു.

വാർദ്ധക്യവും രോഗവും കൊണ്ട് അവശനായ വികാരിയെ സഹായി ക്കാൻ പലപ്പോഴും ആർത്താറ്റ്-കുന്നംകുളം മഹാഇടവകയിലെ വൈദി കർ നിയോഗിക്കപ്പെട്ടു. ഈ പരിതഃസ്ഥിതിയിൽ വികാരിയച്ചന്റെ മാനസ പുത്രനായ ഇട്ട്യേച്ചന്റെ വൈദികസ്ഥാനത്തേക്കുള്ള അപേക്ഷ ഇടവക പരിഗണിച്ചു. വൈദികപാരമ്പര്യമില്ലാത്ത ഒരു പിതാവിന്റെ മകനെ വൈദി കസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിൽ പ്രതിഷേധം ഉയർന്നു എങ്കിലും അത്യാവശ്യം പ്രമാണിച്ച് വികാരിയുടെ ശുപാർശ യോഗം അംഗീകരി ക്കുകയായിരുന്നു. ഇട്ട്യേച്ചന്റെ കാര്യത്തിൽ, ബോണ്ടിന്റെ വ്യവസ്ഥ യൊന്നും വികാരി ഉന്നയിച്ചില്ല എന്നത് ശ്രദ്ധേയമായിരിക്കുന്നു. വൈദിക സെമിനാരിയിലെ റഗുലർ കോഴ്സിന്റെ ദൈർഘ്യം പഴഞ്ഞിയുടെ അത്യാ വശ്യ സാഹചര്യം പരിഗണിച്ച് ഒഴിവാക്കി. സെമിനാരി മല്പാനായിരുന്ന നരിമറ്റത്തിൽ യോഹന്നാൻ മല്പാന്റെ കീഴിൽ ഹ്രസ്വകാല പരിശീലനം നടത്തിയാൽ ഇട്ട്യേച്ചനെ വൈദികനാക്കാം എന്ന് പ. ഗീവറുഗീസ് ദ്വിതീ യൻ ബാവാ അനുവദിച്ചു. കൃത്യം ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് ഇട്ട്യേശ്ശൻ ശെമ്മാശൻ 1951 ഏപ്രിൽ 14-ന് കശ്ശീശാപട്ടമേറ്റു (1950 ഏപ്രിൽ 6-ന് അദ്ദേഹം ശെമ്മാശുപട്ടം ഏറ്റിരുന്നു). ഇതിനോടകം വാതരോഗവും വാർദ്ധക്യവും കാക്കു അച്ചനെ, പള്ളി ശുശ്രൂഷയിൽനിന്ന് റിട്ടയർ ചെയ്യു വാൻ നിർബന്ധിച്ചു. വീണ്ടും ഏക വൈദികന്റെ മാത്രം ചുമതലയിൽ പഴഞ്ഞി ക്ലേശിക്കുമെന്നായപ്പോൾ ഒരു വൈദികൻ കൂടെ വേണമെന്ന ചിന്ത ഇടവകയിൽ പ്രബലമായി. സി. വി. ഏബ്രഹാം അച്ചൻ വൈദിക സെമിനാരിയിൽ ഹ്രസ്വകാല പരിശീലനം മാത്രം നേടിയ ആളാകയാൽ, അദ്ദേഹത്തിന്റെ അപര്യാപ്തതകൾ നികത്തുവാൻ സെമിനാരിയിലെ പൂർണ്ണപരിശീലനം സിദ്ധിച്ച ഒരു വൈദികന്റെ സേവനം അനിവാര്യമാണ് എന്ന ചിന്തയും ഇടവകയിൽ പ്രബലമായി. വൈദിക ശുശ്രൂഷയിലേക്കു വരുവാൻ ആരും സന്നദ്ധരാകാതിരുന്ന ഈ സാഹചര്യത്തിലാണ് മകനു

വേണ്ടിയുള്ള അപേക്ഷയുമായി അന്തിമോൻ ചുമ്മാരേട്ടൻ ഇടവകയോഗത്തെ സമീപിക്കുന്നത്. നേരത്തെ ഇടവക പിന്തുണച്ച ഇട്ട്യേച്ചനിൽ നിന്നും വ്യത്യസ്തനായിരുന്നു പുതിയ അപേക്ഷകൻ. കാക്കു അച്ചന്റെ സന്തതസഹചാരി എന്ന നിലയിൽ ഇട്ട്യേച്ചന് പള്ളി ശുശ്രൂഷകൾ സുപരിചിതമായിരുന്നു. അധ്യാപകനായി പ്രവർത്തിച്ചിരുന്ന ഇട്ട്യേച്ചൻ പല മുൻ വൈദികരിൽ നിന്നും വ്യത്യസ്തനായി പ്രസംഗകൻ എന്ന് അറിയപ്പെട്ടിരുന്നു. പുതിയ അപേക്ഷകന് ഈ യോഗ്യതകളൊന്നും ഇല്ലായിരുന്നു. പഴയനിയമത്തിലെ ഗോല്യാത്തിന്റെ മുമ്പിൽ വന്ന ദാവീദിനെയാണ് ജോസ് എന്ന വൈദിക വിദ്യാർത്ഥി ഓർമ്മിപ്പിക്കുന്നത്. ജോസ് ഒരു ഭീഷണി ഉയർത്തുന്ന പ്രതിയോഗി ആവുകയില്ലെന്ന് ഉറപ്പായിരുന്നതിനാൽ വൈദികർക്ക് ജോസിനെ പിന്തുണയ്ക്കുവാൻ വിരോധമില്ലായിരുന്നു. എന്നാൽ സണ്ടേസ്കൂൾ അധ്യാപകന്റെയോ മദ്ബഹാ ശുശ്രൂഷയുടെയോ വൈദിക പാരമ്പര്യത്തിന്റെയോ പശ്ചാത്തലമില്ലാത്ത ഒരാളെ വൈദികനായി സ്വീകരിക്കുവാൻ ഇടവകയ്ക്ക് വൈമനസ്യമുണ്ടായിരുന്നതായി ആണ് കേൾവി. ഏതായാലും ജോസിന് വേണ്ടിയുള്ള അന്തിമോൻ ചുമ്മാരേട്ടന്റെ അപേക്ഷ പൊതുയോഗം റിക്കാർഡാക്കി. അചിരേണ 1951 ഏപ്രിൽ 7-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് ജോസിന് കോറൂയോ സ്ഥാനം നൽകി. അങ്ങനെ കുറ്റിക്കാട്ടിൽ ജോസഫ് ശെമ്മാശൻ പഴഞ്ഞിപള്ളിയിൽ നിന്ന് അലവൻസ് വാങ്ങി വൈദികസെമിനാരിയിൽ പ്രവേശിച്ചു. കോറൂയോപട്ടം നൽകിയത് പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആയിരുന്നു.

## അദ്ധ്യായം 3

# പഴഞ്ഞി ഇടവകയും നവ വൈദികനും

മലങ്കരയിൽ കക്ഷി വ്യവഹാരങ്ങൾ പ്രബലമായിരുന്ന കാലമായിരുന്നു അന്ന്. മലങ്കരസഭയുടെ വടക്കേ അറ്റത്ത് കിടക്കുന്ന ഓർത്തഡോക്സ് കോട്ട എന്ന നിലയിൽ പഴഞ്ഞി പ്രത്യേക പരിഗണന അർഹിച്ചിരുന്നു. കോട്ടയം പഴയസെമിനാരിയുടെ സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ വൈദികപരിശീലനം നേടിയ 'മല്പാൻ പാഠശാല', അദ്ദേഹം കിടങ്ങൻ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽനിന്ന് മേല്പട്ടസ്ഥാനം സ്വീകരിച്ച വേദി, കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി തുടങ്ങിയ അസംഖ്യം സ്ഥാപനങ്ങളും വൈദികസംഘം, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, ദയറാപ്രസ്ഥാനം, ഇരുനൂറ്റിഅമ്പതിലേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്രമാസികകൾ തുടങ്ങി അനവധി പ്രസ്ഥാനങ്ങളും സമർത്ഥമായി സംവിധാനം ചെയ്ത് 'മലങ്കരസഭയുടെ സുവർണ്ണയുഗശില്പി' എന്ന് പ്രശസ്തി നേടിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം, അദ്ദേഹം വൈദികനായി ആദ്യം ചുമതലയേറ്റ പള്ളി എന്നീ വിവിധ നിലകളിൽ ആദരണീയമായ ഒരു സ്ഥാനം പഴഞ്ഞി ഇടവകയ്ക്ക് എന്നും ഉണ്ടായിരുന്നു. ആ ഇടവകയിലെ വൈദിക വിദ്യാർത്ഥി എന്ന പ്രത്യേക പരിഗണന ജോസഫ് ശെമ്മാശന് ലഭിച്ചിരുന്നു. വടക്കൻ മലബാറിൽ നിന്ന് ഏതോ കാരണവശാൽ തെക്കോട്ട് കുടിയേറിപ്പാർത്ത കുടുംബാംഗമായിരുന്നു അന്നത്തെ സെമിനാരിയുടെ പ്രിൻസിപ്പൽ ആയിരുന്ന വി. കെ. മാത്യൂസ് റമ്പാൻ. തന്റെ കടത്തനാടൻ പൈതൃകത്തെപ്പറ്റി ജീവിതാവസാനംവരെയും അദ്ദേഹം പരസ്യമായി അഭിമാനിച്ചിരുന്നു. ഈ പൈതൃക പ്രേരണയാലാവാം വടക്കൻ ഇടവകകളോടും അവിടത്തെ വൈദികരോടും അദ്ദേഹം പ്രത്യേക വാത്സല്യം പുലർത്തിയിരുന്നു. ഈ വാത്സല്യം വേണ്ടുവോളം അനുഭവിക്കുവാൻ ഭാഗ്യമുണ്ടായ ഒരാൾ ആയിരുന്നു നമ്മുടെ ശെമ്മാശൻ. അവധിക്കാലം കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ ശെമ്മാശൻ ഏതാനും 'പപ്പടക്കെട്ടുകൾ' സെമിനാരിയിൽ കൊണ്ടുപോകും. 'പഴഞ്ഞി പപ്പടം' ദക്ഷിണേന്ത്യയിൽ മികച്ച നിലവാരം പുലർത്തിയിരുന്നു. ശെമ്മാശൻ കൊണ്ടുവരുന്ന പപ്പടം സെമിനാരിയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രിയങ്കരമായിരുന്നു. സെമിനാരിയിലെ സാധാരണ വിദ്യാർത്ഥികൾ പ്രായേണ ദരിദ്ര കുടുംബത്തിലെ

അംഗങ്ങൾ ആയിരുന്നു. മൂന്നുനാല് സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സഹോദരനായ ജോസഫ് ശെമ്മാശന് സാമ്പത്തിക പരാധീനതകൾ ഒന്നും ഉണ്ടായിരുന്നില്ല. സഹോദരന്മാർ സമ്മാനിക്കുന്ന പേനകൾ, കൗതുക വസ്തുക്കൾ തുടങ്ങിയവ ശെമ്മാശന് സെമിനാരിയിൽ തിളക്കം വർദ്ധിപ്പിച്ചു. കുന്നംകുളം, പഴഞ്ഞി, കാട്ടകാമ്പാൽ ഇടവകകളിൽ നിന്ന് പുലിക്കോട്ടിൽ സൈമൺ ശെമ്മാശൻ, ചെറുവത്തൂർ പീറ്റർ ശെമ്മാശൻ, കൂത്തൂർ സൈമൺ ശെമ്മാശൻ തുടങ്ങിയവർ അക്കാലത്ത് ശെമ്മാശനോടൊപ്പം സെമിനാരിയിൽ പഠനം നടത്തിയിരുന്നു. സെമിനാരിയിൽ സഭാചരിത്രം പഠിപ്പിക്കുന്ന വി. കെ. മാത്യൂസ് റമ്പാനും (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്കാ) സുറിയാനി മല്പാൻ ആയിരുന്ന എൻ. എ. യോഹന്നാനച്ചനും (പിന്നീട് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) ആയിരുന്നു ശെമ്മാശന്റെ ഇഷ്ട ഗുരുനാഥന്മാർ. പഠനത്തിൽ വലിയ മികവ് പുലർത്തിയിരുന്നില്ലെങ്കിലും മുഖംനോക്കാതെ അഭിപ്രായം പറയുന്ന ആൾ എന്ന നിലയിലും ജീവിതത്തിൽ ഇരട്ടമുഖം ഇല്ലാത്ത ആൾ എന്ന നിലയിലും സമകാല ലോകസംഭവങ്ങളോട് പ്രതികരിക്കുന്ന ആൾ എന്ന നിലയിലും ശെമ്മാശൻ ശ്രദ്ധേയനായിരുന്നു. സെമിനാരിയിലെ സുറിയാനി മല്പാൻ ഫാ. എൻ. എ. യോഹന്നാൻ ചെലുത്തിയ സ്വാധീനമാവാം ആ തലമുറയിലെ വൈദികവിദ്യാർത്ഥികൾക്ക് സുറിയാനി ഭാഷയോട് ആരാധന ജനിപ്പിച്ചത്. കോട്ടയത്തു നിന്ന് തൃശൂർ വരെയും തൃശൂർ നിന്ന് കോട്ടയം വരെയുമുള്ള ട്രെയിൻ യാത്രകളിൽ 'സുറിയാനി ഭാഷ'യിൽ ആശയവിനിമയം നടത്തി ശെമ്മാശന്മാർ സഹയാത്രികരെ അത്ഭുതപ്പെടുത്തിയിരുന്നു. ഈ സുറിയാനി ഭാഷയിലെ ആശയവിനിമയത്തിന്റെ 'ഗുട്ടൻസ്', സ്വന്തം ജീവിതത്തിന്റെ പിന്നാമ്പുറക്കഥകൾ വെളിപ്പെടുത്തുന്ന കൂട്ടത്തിൽ കഥാപുരുഷൻ ഈ ഗ്രന്ഥകാരനോട് വെളിപ്പെടുത്തിയിട്ടുണ്ട്. അതിങ്ങനെയാണ്:

അക്കാലത്ത് സെമിനാരിയിൽ എല്ലാ യാമങ്ങളിലെയും നമസ്കാരങ്ങൾ സുറിയാനിയിലാണ് നടത്തിയിരുന്നത്. കൗമ്മാ, സങ്കീർത്തന വായനകൾ, വിശ്വാസപ്രമാണം, കുക്കിലിയോനുകൾ തുടങ്ങി മുഴുവൻ സുറിയാനി മയം. സുറിയാനി ഭാഷയും വ്യാകരണവും ക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്നുവെങ്കിലും അതിലൊന്നും വേണ്ടത്ര ശോഭിക്കുവാൻ ശെമ്മാശന്മാർക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ കൗമ്മാ, ചില സങ്കീർത്തനങ്ങൾ, കുക്കിലിയോൻ ഗീതങ്ങൾ തുടങ്ങിയവ ഏതാനും മാസങ്ങളിലെ നിത്യോപയോഗം മൂലം ഹൃദിസ്ഥമാകുമായിരുന്നു. ഈ സുറിയാനി ഭാഗങ്ങൾ ആണ് ശെമ്മാശന്മാർ ട്രെയിനിലിരുന്ന് സംഭാഷണരൂപത്തിൽ തട്ടിവിട്ടിരുന്നത്. ഉദാഹരണങ്ങൾ കാണുക:

ഒരാൾ: കാദീശാത്ത് ആലോഹോ (കൗമ്മായിലെ 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന സുറിയാനി വാക്യം).

അപരൻ: കാദീശാത്ത് ഹൈൽസോനോ (ബലവാനേ നീ പരിശുദ്ധ നാകുന്നു).

വേറൊരാൾ: കാറേബ് ബോവൂസോഹ് ലോഫായിൻ (ഭക്തർ പുകഴ്ച ഭാജനമേ എന്ന ഗീതത്തിന്റെ ആദ്യ പാദം).

അടുത്ത ആൾ: ആപ്പീസ് ആമാൻ കാദീശേ (പരിശുദ്ധന്മാരേ നിങ്ങൾ എന്ന ഗാനത്തിന്റെ ആദ്യ പാദം).

ഒരാൾ: മ്ഹൈമ്നീനാൻ ബഹാദ് ആലോഹോ ശാറീറോ (വിശ്വാസ പ്രമാണത്തിന്റെ ആദ്യ ഭാഗം).

ഇങ്ങനെ മനഃപാഠമായി അറിയുന്ന സുറിയാനി വാക്യങ്ങളും ഗീത ഭാഗങ്ങളും കഷണം കഷണമാക്കി ഗദ്യരൂപത്തിൽ 'ഗംഭീര'മായി സംഭാഷണം നടത്തുന്ന ശെമ്മാശന്മാരുടെ സുറിയാനി പാണ്ഡിത്യം സഹയാത്രികരേയും അവർ മുഖേന കുന്നംകുളം, പഴഞ്ഞി, കാട്ടകാമ്പാൽ, തൃശൂർ ഭാഗത്തുള്ള സഭാംഗങ്ങളെയും അത്ഭുതപരതന്ത്രർ ആക്കിയിട്ടുണ്ട്.

സുറിയാനി രാഗശാസ്ത്രത്തിന്റെ പ്രമാണഗ്രന്ഥമായ ഗാനഭണ്ഡാരം (എക്കാറ എന്ന് സാധാരണ പറയും) കൈവശപ്പെടുത്തുവാൻ നമ്മുടെ കഥാപുരുഷൻ ആത്മാർത്ഥമായ ശ്രമം നടത്തിയിരുന്നു. അദ്ദേഹത്തിന്റെ 'എക്കാറ' പുസ്തകത്തിൽ ആ ആത്മാർത്ഥതയുടെ അടയാളങ്ങൾ ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. സമീപകാലത്ത് മലങ്കരസഭ കണ്ട ഏറ്റവും മികച്ച എക്കാറ വിദഗ്ദ്ധനും ആരാധനാ വിജ്ഞാനീയത്തിന്റെ അതുല്യ ആചാര്യനുമായ യോഹന്നാൻ മല്പാന്റെ അധ്യാപനത്തിൽ അത്ഭുതം കൂറി ഇരിപ്പാനല്ലാതെ അവയെ ശരാശരി അളവിൽപ്പോലും ഉൾക്കൊള്ളുവാനോ സ്വാംശീകരിക്കുവാനോ മിക്ക ശെമ്മാശന്മാർക്കും കഴിഞ്ഞിരുന്നില്ല. മിക്കവാറും എല്ലാവർക്കും ആരാധന നടത്തുവാനുള്ള കുറുക്കുവഴികളും മിനിമം അറിവുകളും മാത്രമേ ആവശ്യമായിരുന്നുള്ളൂ എന്ന് ആ മഹാ മല്പാൻ, ദശാബ്ദങ്ങളോളം നീണ്ട തന്റെ സെമിനാരി അനുഭവങ്ങളെ അനുസ്മരിച്ച് നെടുവീർപ്പോടെ ഈ ഗ്രന്ഥകാരനോട് അനുസ്മരിച്ചിട്ടുണ്ട്. എന്നിരുന്നാലും ആരാധനാസംസ്കാരം ഊനം കൂടാതെ തലമുറകളിലേക്ക് പകരുന്നതിൽ താൻ ഏറ്റവും ശ്രദ്ധിച്ചിരുന്നതായി ആ വൈദികഗുരു അഭിമാനത്തോടെ ഓർമ്മിച്ചു. വൈദികസെമിനാരി വിദ്യാഭ്യാസം ലഭിക്കാൻ ഭാഗ്യമില്ലാതെ പോയ ഈ ഗ്രന്ഥകാരൻ പിന്നീട് അദ്ദേഹത്തിന്റെ അനൗപചാരിക ശിഷ്യനായിരുന്നപ്പോൾ സെമിനാരി വിദ്യാഭ്യാസത്തിന് ഇടക്കാലത്ത് വന്നുചേർന്ന അപചയത്തെപ്പറ്റി പറഞ്ഞ ഒന്നു രണ്ട് സന്ദർഭങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ.

അഭിവന്ദ്യ ഗുരുനാഥന്റെ നിർദ്ദേശപ്രകാരം തൊഴിയൂർ സഭയിലെ മേല്പട്ടക്കാരനെയും വൈദികരെയും സഭയുടെ ചില അപൂർവ ആരാധനക്രമങ്ങൾ പരിശീലിപ്പിക്കുവാൻ അവധിദിനങ്ങളിൽ ഞാൻ തൊഴിയൂർ ഭദ്രാസനകേന്ദ്രത്തിൽ പോകുമായിരുന്നു. തൊഴിയൂരിലെ അന്നത്തെ സഭാദ്ധ്യക്ഷൻ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൊരട്ടിയിലെത്തി യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹായം തേടിയപ്പോൾ, രോഗാധിക്യംമൂലം തനിക്ക് ആ കൃത്യം നിർവഹിക്കുവാൻ പ്രയാസമാണെന്നും തന്റെ ഒരു ശിഷ്യനെ ഇക്കാര്യത്തിൽ തൊഴിയൂരിലേക്ക് നിയോഗിക്കാമെന്നും അദ്ദേഹം അറിയിച്ചതിനെ തുടർന്നാണ് ആ നിയോഗം എന്റെ മേൽ പതിച്ചത് (അതൊരു മഹാഭാഗ്യമായി ഇന്ന് ഞാൻ വിലയിരുത്തുന്നു.). തൊഴിയൂർ സഭയും അവിടത്തെ മേല്പട്ടക്കാരും പട്ടക്കാരും ആരാധനയും എനിക്ക് നേരത്തെ പരിചിതമായിരുന്നു. എന്നാൽ ആ സഭയുടെ ശോചനീയാവസ്ഥ ഞാൻ ഗ്രഹിച്ചത് ഈ ദൗത്യവുമായി കുറെ ദിവസങ്ങൾ അവിടെ ചെലവഴിച്ചപ്പോഴാണ്. തൃശൂർ പള്ളികളിൽ (പടിഞ്ഞാറെകോട്ടയിലും ചെമ്പുക്കാവിലും) താമസവും തൃശൂർ സി.എം.എസ്. ഹൈസ്കൂളിൽ അധ്യാപനവും നടത്തിയിരുന്ന ആ കാലത്ത് ശനിയാഴ്ചകളിൽ തൊഴിയൂരിലെത്തുക ആദ്യനാളുകളിൽ പ്രയാസമായി തോന്നിയെങ്കിലും ഗുരുവിന്റെ ആജ്ഞ ഏറ്റെടുത്തത് ഒരു ദൈവനിയോഗമായി പിന്നീട് അനുഭവപ്പെട്ടു. ഏതാനും മാസങ്ങളിലെ എന്റെ ദൗത്യം പൂർത്തിയായതിന് ശേഷം വിവരങ്ങൾ ഗുരുവിനെ അറിയിക്കാൻ ഞാൻ കൊരട്ടിയിലെത്തി. കണ്ടപാടെ അദ്ദേഹം ചോദിച്ചു:

"എങ്ങനെയുണ്ട് തൊഴിയൂരിലെ കാര്യങ്ങൾ?"

ഗുരുവിന്റെ ചോദ്യത്തിന്റെ വിവക്ഷയും ആഴവും വേണ്ടുവോളം മനസ്സിലായ ഞാൻ പ്രതിവചിച്ചു:

"തിരുമേനി, അവർക്കു ഒരു വൈദിക സെമിനാരി ഇല്ലാത്തതുകൊണ്ട് നമ്മുടെ പല ശ്രേഷ്ഠപാരമ്പര്യങ്ങളും അവർക്ക് നഷ്ടമായിരിക്കുന്നു." വസ്തുസ്ഥിതികഥനം ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുകയായിരുന്നു ഞാൻ.

പ്രതിഭാധനനും പ്രത്യുല്പന്നമതിയുമായ ആ മല്പാൻ ഉടനെ പ്രതിവചിച്ചു:

"നമുക്ക് ഒരു സെമിനാരി ഉള്ളതുകൊണ്ട് നമ്മുടെ ശ്രേഷ്ഠ പാരമ്പര്യങ്ങൾ പലതും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു."

രംഗം നിശബ്ദമായി. ആ വാഗ്മിയുടെ (മിതം ച സാരം ച വചോഹി

വാഗ്മിതാ: എന്ന നിർവചനം ഓർക്കുക) നിരീക്ഷണവും വിമർശനവും താരതമ്യവും വിഷാദവും എന്നിലുയർത്തിയ തിരയടികൾ ഇപ്പോഴും ശമിച്ചിട്ടില്ല.

സുറിയാനി രാഗങ്ങളും ആരാധനയുടെ മർമ്മങ്ങളും ഞാൻ പരിശീലിച്ചത് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ആയിരുന്നു. പുതിയ തലമുറയിലെ വൈദികരുമൊത്ത് ആരാധന നയിക്കുമ്പോൾ ചില ഗീതങ്ങളുടെ രാഗങ്ങളിൽ വരുന്ന വ്യത്യാസം ഞാൻ ഗുരുവിന്റെ ശ്രദ്ധയിൽപ്പെടുത്തി: അദ്ദേഹം പ്രതിവചിച്ചതിങ്ങനെ:

“അവിടെ ഇപ്പോൾ സംഗീതത്തിൽ ഗവേഷണം നടത്തുകയാണ്. ഓരോ ബാച്ചുകളും അല്പസ്വല്പം വ്യത്യാസപ്പെട്ട രൂപത്തിലാണ് ഗാനവർണ്ണങ്ങൾ അഭ്യസിക്കുന്നത്. ഒരു കാലത്ത് ഗവേഷണം വർദ്ധിച്ച് പാടെ വ്യത്യാസപ്പെട്ടെന്നു വരാം. ഗവേഷണം ചെയ്തു രാഗങ്ങളെ വ്യത്യാസപ്പെടുത്തുന്നതല്ലാതെ ആരാധനയുടെ ആഴങ്ങൾ വൈദികവിദ്യാർത്ഥികളെ പരിചയപ്പെടുത്തുവാനുള്ള ശ്രമങ്ങൾ അവിടെ അസ്തമിച്ചതായിട്ടാണ് അനുഭവസ്ഥർ പറയുന്നത്.”

ഒരു സ്മരണ കൂടെ ഇവിടെ പകർത്തുന്നത് അനുവാചകർ പൊറുക്കണം. വൈദികസെമിനാരിയിൽ പഠിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടില്ലെന്ന് പറഞ്ഞുവല്ലോ. പ. പുലിക്കോട്ടിൽ ഒന്നാം തിരുമേനിയുടെ പെരുന്നാളിൽ പങ്കെടുക്കുവാൻ ഞാൻ അവിടെപ്പോയി. പെരുന്നാൾ പ്രദക്ഷിണത്തിൽ കണ്ട ഒരു വ്യത്യസ്തത എന്നെ അത്ഭുതപ്പെടുത്തി. അതിതാണ്. പ്രദക്ഷിണം മദ്ബഹായുടെ കിഴക്കുഭാഗത്തെത്തിയപ്പോൾ എല്ലാവരും പ്രദക്ഷിണ ദിശ മാറ്റി കിഴക്കോട്ട് തിരിഞ്ഞു നിന്നു. മല്പാനച്ചൻ ധൂപക്കുറ്റിയിൽ സുഗന്ധവർഗ്ഗമിട്ടു. ബുധനാഴ്ച സന്ധ്യയുടെ എനിയോനാകൾ (അം എത്രോ ദ്ബെസമേ തുടങ്ങിയവ) ചൊല്ലി ധൂപം വീശി. എനിയോനാകളുടെ അവസാനപാദമായ ‘മേലൂറിശലേമിൽ മ്ശിഹാസനസവിധേ-സ്മൃതി വിശ്വാസികളാം മൃതരാർജ്ജിക്കട്ടെ’ എന്ന് കഴിഞ്ഞപ്പോൾ ധൂപക്കുറ്റി ശെമ്മാശനെ ഏല്പിച്ചു. എല്ലാവരും വടക്കോട്ട് തിരിഞ്ഞ് പ്രദക്ഷിണം തുടർന്നു. ത്രോണോസിന്റെ കിഴക്കുഭാഗത്ത് നടത്തിയ ഈ അപൂർവ ധൂപാർപ്പണം എനിക്കപരിചിതമായിരുന്നു. ഞാൻ അനുഭവിച്ച അമ്പരപ്പ് ഞാൻ എന്റെ ഗുരുവിന്റെ മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹം പ്രതിവചിച്ചതിങ്ങനെ:

“ഞാനും അവിടെ 1950 മുതൽ 1966 വരെ മല്പാനായും ചാപ്ലെൻ ആയും പ്രവർത്തിച്ചിട്ടുണ്ട്. അന്നൊന്നും ഇങ്ങനെ ഒരു പരിപാടി അവിടെ നടത്താറില്ലായിരുന്നു.”

തൃപ്തികരമായ ആ മറുപടി എന്നെ കൂടുതൽ അന്വേഷണങ്ങൾക്ക്

ധൈര്യപ്പെടുത്തി. 'ഒടുവിൽ' ആ 'പരിപാടി'യുടെ 'ആഗമന രഹസ്യം' ഞാൻ കണ്ടെത്തുകയും ചെയ്തു.

ശെമ്മാശന്റെ വൈദികസെമിനാരി പഠനകാലം പരാമർശിച്ചപ്പോൾ സംഗതമെന്ന് തോന്നിയ ചില കാര്യങ്ങൾ പരാമർശിച്ചുവെന്നേയുള്ളു.

1953-ൽ വൈദിക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന, ബാഹ്യകേരള മെത്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കഥാപുരുഷന് യൗപ്പദ്യക്കിനോ സ്ഥാനം നൽകി. അവധിക്കാലത്ത് നാട്ടിൽ വരുമ്പോൾ ശെമ്മാശൻ പഴഞ്ഞി പള്ളിയിലെ ആരാധനയിൽ പങ്കെടുക്കും. കാക്കു അച്ചനും തെക്കേക്കര അച്ചനും സംയുക്തമായി ട്ടാണ് പഴഞ്ഞിപള്ളിയുടെ ഭരണം നടത്തിയിരുന്നത്. ആരാധനാമദ്ധ്യേ ലഘു പ്രസംഗം നടത്തുന്ന പതിവ് ഒന്നുരണ്ട് പതിറ്റാണ്ടുകൾക്കുശേഷം ഏബ്രഹാം അച്ചൻ പുനരാരംഭിച്ചു. അക്കാലത്ത് കുന്നംകുളം പ്രദേശത്ത് വി. കുർബ്ബാനമദ്ധ്യേ പതിവായി പ്രസംഗിക്കുന്ന വൈദികർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആ പരിതഃസ്ഥിതിയിൽ ഏബ്രഹാം അച്ചൻ പ്രസംഗ ക്കാരനായി അറിയപ്പെട്ടു. അവധിക്കാലത്ത് കുറ്റിക്കാട്ടിൽ ശെമ്മാശൻ നാട്ടിൽ വരുമ്പോൾ അദ്ദേഹം ശെമ്മാശനെ പ്രസംഗിക്കുവാൻ അനുവദി ച്ചിരുന്നു.

1952 ഫെബ്രുവരി 22-ന് ശെമ്മാശൻ വിവാഹിതനായി. പെങ്ങാമുക്ക് മൂലേപ്പാട് ഇടവകയിൽ പുലിക്കോട്ടിൽ വറീക്കുട്ടിയുടെയും കുഞ്ഞാണി യുടെയും മകൾ കൊച്ചന്നയാണ് വധു. വിവാഹം നടത്തുവാൻ ശെമ്മാ ശന്റെ പ്രിയ ഗുരു എൻ. എ. യോഹന്നാൻ മല്പാനച്ചൻ ആണ് എത്തി യത്. അന്നുണ്ടായ രസകരമായ ഒരു സംഭവം ഗുരു എന്നോട് പറഞ്ഞ തിപ്രകാരമാണ്. അക്കാലത്ത് പഴഞ്ഞിപള്ളിയിൽ വി. കുർബ്ബാനയ്ക്ക് വീഞ്ഞിന് പകരം സ്ക്വാഷ് ആണ് കാക്കു അച്ചനും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സി. വി. ഏബ്രഹാം അച്ചനും ഉപയോഗിച്ചിരുന്നത്. അക്കാലത്ത് ഇന്നത്തെപ്പോലെ വീഞ്ഞ് ലഭ്യമായിരുന്നില്ല. ഉണങ്ങിയ മുന്തിരി തലേന്നാൾ കഴുകി വെള്ളത്തിലിട്ട് കുതിർത്തി പിറ്റേന്നാൾ പിഴി ഞ്ഞെടുത്ത് വീഞ്ഞിന് പകരം ഉപയോഗിക്കുകയായിരുന്നു പതിവ്. തലേ ദിവസം കുഴച്ചുവയ്ക്കുമ്പോൾ തെക്കേ വരാന്തയിൽ മല്പാനച്ചനും സന്നി ഹിതനായിരുന്നു. സി. വി. ഏബ്രഹാം അച്ചൻ ഗോതമ്പുമാവ് കുഴച്ചു വച്ചു. മുന്തിരി വെള്ളത്തിലിടുന്നത് പ്രതീക്ഷിച്ചിരുന്ന മല്പാനച്ചനോട് തെക്കേക്കര അച്ചൻ പറഞ്ഞു:

'ഇവിടെ വീഞ്ഞിന് പകരം സ്ക്വാഷ് ആണ് ഉപയോഗിക്കുന്നത്.'

ആരാധനാകാര്യത്തിൽ ഒരു വിട്ടുവീഴ്ചയും അനുവദിക്കാത്ത മല്പാ നച്ചൻ വിഷണ്ണനായി. അദ്ദേഹം പള്ളിമുറിയിലുണ്ടായിരുന്ന കാക്കു

അച്ചനെ വരുത്തി വിവരം അന്വേഷിച്ചു. തന്റെ മകളുടെ ഭർത്താവ് മാർത്തോമ്മാസഭയിലെ വൈദികൻ ആണെന്നും അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് കൊണ്ടുവരുന്ന സ്ക്വാഷ് ആണ് ഇവിടെ കുർബ്ബാനയ്ക്ക് ഉപയോഗിക്കുക പതിവ് എന്നും കാക്കു അച്ചൻ മല്പാനച്ചനോട് പറഞ്ഞു. സീനിയർ അച്ചൻ എന്ന നിലയിൽ കാക്കു അച്ചൻ പറഞ്ഞ മറുപടിക്കു മുമ്പിൽ മല്പാനച്ചൻ വഴങ്ങുമെന്നാണ് അച്ചന്മാരും ശെമ്മാശന്മാരും കരുതിയത്. മല്പാനച്ചന്റെ മുഖഭാവം മങ്ങി. തുടുത്ത മുഖം ഒന്നു ചുവന്നു. അദ്ദേഹത്തിലെ മല്പാൻ ഉണരുകയായിരുന്നു. അദ്ദേഹം സംശയച്ഛേദിയായി പറഞ്ഞു:

'മാർത്തോമ്മാസഭയിൽ വീഞ്ഞിന് പകരം സ്ക്വാഷ് ഉപയോഗിച്ചുകൊള്ളട്ടെ. എന്നാൽ ഓർത്തഡോക്സ് സഭയിൽ വീഞ്ഞിന് പകരം മറ്റൊരു മധുരപാനീയവും ഉപയോഗിക്കുവാൻ കാനോനികമായി അനുവാദമില്ല. അതുകൊണ്ട് ഉടനെ എവിടെയെങ്കിലും പോയി അല്പം ഉണങ്ങിയ മുന്തിരിങ്ങ കൊണ്ടുവരണം.' ആ കല്പനയോട് മറുത്ത് നിൽക്കുവാൻ ആർക്കും ധൈര്യമുണ്ടായില്ല. പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കായുടെയും പ. ഔഗേൻ ബാവായുടെയും പാമ്പാടി മാർ ഗ്രീഗോറിയോസിന്റെയും ശിഷ്യനായ യോഹന്നാൻ മല്പാനോട് പാമ്പാടി തിരുമേനിയുടെ സമ്മതമെന്ന വ്യാജമൊന്നും ചെലവാകുകയില്ലെന്ന് കാക്കു അച്ചനും മറ്റും നന്നായി അറിയാമായിരുന്നു. കപ്യാർ ഉടനെ അങ്ങാടിയിൽ പോയി. ആയൂർവേദമരുന്നു പീടികയിൽനിന്ന് അല്പം ഉണങ്ങിയ മുന്തിരി വാങ്ങികൊണ്ടു വന്നു. മല്പാനച്ചൻ തന്നെ അത് നന്നായി കഴുകി വെടിപ്പാക്കി വെള്ളത്തിലിട്ട് ആ വെള്ളം ഭദ്രമായി ഒരു കുപ്പിയിൽ അടച്ചുവച്ചു. മേലിൽ ശുദ്ധമായ വീഞ്ഞു കിട്ടുന്നില്ലെങ്കിൽ ഇപ്രകാരം മുന്തിരി ഉപയോഗിച്ചുകൊള്ളണമെന്ന് മല്പാനച്ചൻ കല്പിച്ചത് പിന്നീട് കീഴ്വഴക്കമായി മാറുകയായിരുന്നു.

അങ്ങനെ ആവശ്യാനുസരണം തിരികല്ലിൽ പൊടിച്ചെടുക്കുന്ന ഗോതമ്പുമാവും മുന്തിരിച്ചാറുമാണ് രണ്ടുമൂന്ന് ദശാബ്ദങ്ങൾക്കു മുമ്പ് വരെയും ഉപയോഗിച്ചിരുന്നത്. മലങ്കരസഭയിലെ ദുഷിച്ചുപോയ പതിവുകളെപ്പറ്റി പരാമർശിക്കുമ്പോഴൊക്കെയും അഭിവന്ദ്യ ഗുരുനാഥൻ പഴഞ്ഞിയിലെ ഈ 'അനുഭവം' ഉദ്ധരിക്കുമായിരുന്നു.

ശെമ്മാശന്റെ വിവാഹ സ്വീകരണച്ചടങ്ങിൽ പഴഞ്ഞി സണ്ടേസ്കൂളിനുവേണ്ടി തയാറാക്കിയ ഒരു മംഗളപത്രം ഹെഡ്മാസ്റ്റർ ആയിരുന്ന ചീരൻ ഉക്രുക്കുട്ടി മാസ്റ്റർക്ക് വേണ്ടി പി. ടി. ശമുവേൽ മാസ്റ്റർ വായിച്ചു അവതരിപ്പിച്ചു. പിൽക്കാലത്ത് ശെമ്മാശന് സണ്ടേസ്കൂൾ പ്രസ്ഥാനത്തോട് ആഭിമുഖ്യം ജനിക്കുവാൻ ഈ സംഭവം കാരണമായെന്ന് തോന്നുന്നു. വടക്കേ കെട്ടിടത്തിൽ അച്ചൻ താമസിച്ചിരുന്ന മുകൾഭാഗത്ത്

സ്വീകരണമുറിയിൽ ഈ മംഗളപത്രം ഫ്രെയിം ചെയ്ത് സൂക്ഷിച്ചിരുന്നു (ഈ ഗ്രന്ഥകാരൻ വിവാഹിതനായപ്പോൾ ഇതിന്റെ മാതൃകയിൽ പഴഞ്ഞിയിലെ യുവജനപ്രസ്ഥാനത്തിനുവേണ്ടി പി. സി. ജോസഫ് മാസ്റ്റർ ഒരു മംഗളപത്രം തയാറാക്കി അവതരിപ്പിച്ചത് ഓർക്കുന്നു). ഒരു വൈദികന്റെ സഹധർമ്മിണി ആകുവാനുള്ള കാര്യപ്രാപ്തിയും പക്വതയും വിനയവും വിവേകവും ബസ്ക്യാമ്മയ്ക്ക് ഉണ്ടായിരുന്നതിന് ഈ ഗ്രന്ഥകാരൻ അനുഭവസ്ഥനാകുന്നു. പലവിധമായ സഭാപ്രവർത്തനങ്ങളിൽ അലയേണ്ടിവന്ന അച്ചന്റെ അസാന്നിധ്യം മക്കളുടെ വളർച്ചയ്ക്ക് കാര്യമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കാതിരിക്കുവാൻ ആ സാധ്വി നന്നേ പ്രയത്നിച്ചു; ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു.

1954–ൽ സെമിനാരി പഠനം പൂർത്തിയായതിനെ തുടർന്ന് പട്ടം ഏൽക്കുന്നതിനെപ്പറ്റി ചിന്തിച്ചു. ആയിടെ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കുന്നംകുളത്തു വന്നപ്പോൾ പള്ളിയുടെ ചുമതലക്കാർ അദ്ദേഹത്തെ കണ്ട് സംസാരിച്ചു. പട്ടംകൊട പുസ്തകം കൊണ്ടുവന്നിട്ടില്ലാത്തതിനാൽ പട്ടംകൊട ഉടനെ നടത്തുവാൻ പ്രയാസമാണെന്ന് തിരുമേനി വ്യക്തമാക്കി. തൊഴിയൂരിലെ അഭിവന്ദ്യ ചീരൻ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് പട്ടംകൊടപുസ്തകം വാങ്ങികൊണ്ടുവരാമെന്നറിയിച്ചപ്പോൾ തിരുമേനി സമ്മതിച്ചു. തൊഴിയൂരിൽ നിന്ന് കൊണ്ടുവന്ന പുസ്തകം പിൽക്കാലത്ത് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. പല അംശങ്ങളിലും അത് നമ്മുടെ പട്ടംകൊടപുസ്തകത്തിൽ നിന്ന് വ്യത്യാസപ്പെട്ടാണിരുന്നത്. ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സുറിയാനി ഭാഷയിലും ആരാധനാകാര്യങ്ങളിലും മഹാപണ്ഡിതനും അനുഭവസമ്പന്നനും ആയതിനാൽ ആ സുറിയാനി പുസ്തകത്തിലെ വ്യത്യസ്തതകളെ അതിജീവിച്ചുകൊണ്ട് പട്ടംകൊട നടത്തുവാൻ കഴിവുള്ളവനായിരുന്നു. കുറ്റിക്കാട്ടിൽ ജോസഫ് ശെമ്മാശന് 1954 ഏപ്രിൽ 9–ന് കുന്നംകുളം പഴഞ്ഞിപള്ളിയിൽവച്ച് പൂർണ്ണ ശെമ്മാശുപട്ടം നൽകി. അടുത്ത ദിവസം ഏപ്രിൽ 10–ന് പഴഞ്ഞിയിലെ മാതൃഇടവകയിൽവച്ച് ശെമ്മാശന് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കശ്ശീശാപട്ടം നൽകി. അചിരേണ അദ്ദേഹം പഴഞ്ഞി പള്ളിയിൽ സഹവികാരിയായി ചുമതലയേറ്റു.

നവവൈദികന്റെ ഇടവകശുശ്രൂഷയുടെ ആദ്യ അദ്ധ്യായങ്ങൾ അത്ര സുന്ദരമായിരുന്നു എന്ന് പറഞ്ഞു കൂടാ. അതുവരെയും ഇടവകയുടെ ആത്മീയരംഗങ്ങളിൽ പ്രത്യക്ഷപ്പെടാതിരുന്ന ഒരാൾ വൈദികവൃത്തിയിൽ പ്രവേശിച്ച് ആധ്യാത്മികനേതൃത്വം ഏറ്റെടുക്കുമ്പോൾ ഇടവകക്കാരിൽ സ്വാഭാവികമായും ഉണ്ടാകുന്ന സംശയങ്ങളും ചോദ്യങ്ങളും തണുപ്പൻ സ്വീകരണവും നവവൈദികനെ വിഷമിപ്പിച്ചു. തൊട്ടുമുമ്പ് വൈദികശുശ്രൂ

ഷയിൽ പ്രവേശിച്ച ചീരൻ തെക്കേക്കര അച്ചന്റെ നേതൃപാടവവും പ്രസംഗപരിപാടികളും ഭവനസന്ദർശനങ്ങളും മറ്റും ഇടവകയിൽ നവോന്മേഷം വിതച്ച അക്കാലത്ത് ആ അന്തരീക്ഷത്തെ തനിക്കനുകൂലമായി സ്വാധീനിക്കാനുള്ള സിദ്ധികളൊന്നും നവവൈദികന് ഉള്ളതായി ഇടവകയിൽ അനുഭവപ്പെട്ടില്ല. ഞായറാഴ്ചകളിലെ ആരാധനകളും മികവുറ്റതാക്കുന്നതിൽ നവവൈദികൻ വേണ്ടത്ര വിജയിച്ചുവോ എന്ന് സംശയം. സെമിനാരിയിൽനിന്ന് താൻ നേടിയ പരിശീലനം രണ്ടു സീനിയർ വൈദികരുടെ സാന്നിധ്യത്തിൽ പ്രയോഗക്ഷമമാക്കാൻ കഴിയാതെ വരുന്നതിന്റെ ധർമ്മസങ്കടം നവവൈദികൻ അനുഭവിച്ചു. ഗതാനുഗതികത്വത്തിന് പേരുകേട്ട ഒരിടവകയിൽ സീനിയർ വൈദികർ പാരമ്പര്യങ്ങളുടെ പിന്നാലെ, അതിന്റെ തെറ്റും ശരിയും പരിശോധിക്കാതെ, പോകുമ്പോൾ ആ പ്രയാണത്തിൽ ചേർന്നുപോകാനേ പുതിയ വൈദികന് കഴിയുമായിരുന്നുള്ളു. താൻ പഠിച്ച പ്രതിദിന ശ്ഹീമ്മാ നമസ്കാരം പോലും ചൊല്ലുവാൻ പഴഞ്ഞിയിൽ സാധിച്ചിരുന്നില്ല. വീടുകളിൽ നടത്തുവാനായി കോനാട്ട് മല്പാൻ പ്രസിദ്ധീകരിച്ച നിത്യപ്രാർത്ഥനക്രമമേ പഴഞ്ഞിയിൽ അക്കാലത്ത് ഉപയോഗിച്ചിരുന്നുള്ളു എന്നതാണ് കാരണം. അതല്ല സഭയുടെ കാനോനിക നമസ്കാരം എന്ന് ഇടവകയെ തിരുത്തുവാൻ നവവൈദികന് കഴിയുമായിരുന്നില്ല. വർഷങ്ങളിലായി പരിചയിച്ചതുകൊണ്ട് ആളുകൾ പാമ്പാക്കുട നമസ്കാരവുമായി ആത്മബന്ധം പുലർത്തിയതിനാലും രണ്ടു സീനിയർ വൈദികർ അതിനെ പ്രയോഗിച്ചതിനാലും ശരിയായ കാനോനാ നമസ്കാരം നടത്തുവാൻ തെക്കേക്കര അച്ചൻ സജ്ജനല്ലാതിരുന്നതിനാലും താൻ പഠിച്ച നമസ്കാരം പ്രയോഗിക്കാനാവാതെ വന്നു. കാക്കു അച്ചൻ രോഗിയായതിനാൽ പള്ളിയാരാധനകളിൽ എപ്പോഴും നേതൃത്വം വഹിക്കുക തെക്കേക്കര അച്ചൻ ആയിരിക്കും. അച്ചന്റെ പരിചയസീമക്കപ്പുറമുള്ള ഒരു അറിവുകളും ഇടവകയിൽ പ്രയോഗിക്കുവാൻ അന്ന് അവസരം ഉണ്ടായിരുന്നില്ല. സുറിയാനിഭാഷയിൽ മാത്രമേ അക്കാലത്ത് കാനോനാ നമസ്കാരം ലഭ്യമായിരുന്നുള്ളു. സുറിയാനിഭാഷ അനായാസം വായിക്കുവാൻ പരിശീലിക്കപ്പെടാതിരുന്ന തെക്കേക്കര അച്ചന് കാനോനിക നമസ്കാരം ബാലികേറാ മലയായതിൽ അതിശയിപ്പാനില്ല. താൻ ചെയ്യുന്ന കാര്യങ്ങളാണ് ആരാധനാപരമായ കാര്യങ്ങളുടെ മാനദണ്ഡം എന്ന് ആളുകളെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. പല സുറിയാനി രാഗങ്ങളും കൃത്യമായി അറിയാത്തതിനാലാവാം സ്വന്തം പരിഷ്കാരങ്ങൾ ചേർത്ത് അദ്ദേഹം ഒരു സംശയവും കുറ്റബോധവും കൂടാതെ ചൊല്ലുന്നത് കണ്ടാൽ തെറ്റായി അദ്ദേഹം ചൊല്ലുന്ന പല രാഗങ്ങളും ശരിയെന്നേ തോന്നൂ. തന്നേക്കാൾ വൈദികമായ കാര്യങ്ങളിൽ അറിവുള്ള സീനിയർ വൈദികരെ പഴഞ്ഞിയിലെ ആരാധനകളിൽ പങ്കെടുപ്പിക്കാതിരിക്കാൻ അദ്ദേഹം അക്കാലത്ത് നന്നേ

ശ്രദ്ധിച്ചിരുന്നു. പള്ളിപ്പെരുന്നാളിന് പോലും തന്നേക്കാൾ സീനിയർ ആയ ഒരു വൈദികരെയും ക്ഷണിക്കാതിരിക്കുവാൻ അദ്ദേഹം സവിശേഷമായ ശ്രദ്ധ ചെലുത്തി. ശവസംസ്കാര ശുശ്രൂഷയിലും മറ്റും പഴഞ്ഞിയുടെ തെറ്റായ ആരാധനാ പാരമ്പര്യങ്ങൾക്ക് നവവൈദികൻ വഴങ്ങേണ്ടി വന്നത് ഈ പശ്ചാത്തലത്തിലാണ്. പുരുഷന്മാരുടെ ശവസംസ്കാര ശുശ്രൂഷയുടെ ഒന്നും നാലും ക്രമങ്ങൾ മാത്രമേ അന്ന് പഴഞ്ഞിയിൽ നടത്തിയിരുന്നുള്ളു. സ്ത്രീകളുടെയും ശിശുക്കളുടെയും ക്രമങ്ങൾ നടത്തിയിരുന്നില്ല. ഒന്നാം ക്രമത്തിലെ കുക്കിലിയോൻ ഒന്നാം രാഗത്തിലും (ചൊല്ലേണ്ടത് അഞ്ചാം രാഗത്തിൽ) 'ആദമിലാരംഭിച്ചായതമായ്' എന്ന ഗാനം എട്ടാം രാഗത്തിലും (ചൊല്ലേണ്ടത് അഞ്ചാം രാഗത്തിൽ) യാക്കോബിന്റെ ബോവൂസാ ആറാം രാഗത്തിലും (ശരിയായതു അഞ്ചാം രാഗം) തെറ്റായി ചൊല്ലുന്ന അറിവുകേടുകളെ പുതിയ അറിവുകളായി നവവൈദികൻ സ്വീകരിച്ച് പൊരുത്തപ്പെടേണ്ടി വന്നു.

പള്ളിയിലെ യുവജനങ്ങളെ സംഘടിപ്പിച്ച് ഒരു യുവജനപ്രസ്ഥാന ശാഖ ആരംഭിക്കുവാൻ യുവവൈദികൻ ശ്രമം നടത്തിയത് സംശയത്തോടെയാണ് വീക്ഷിക്കപ്പെട്ടത്. ഒരു പ്രവർത്തനഫണ്ട് സ്വരൂപിക്കുവാനായി നവവൈദികന്റെ നേതൃത്വത്തിൽ നടന്ന വിപുലമായ വിഭവ സമാഹരണം പള്ളിഅധികൃതരുടെ മുൻകൂർ അനുമതി നേടിയില്ലെന്ന സാങ്കേതികത്വം ആരോപിച്ച് നിഷ്ഫലമാക്കപ്പെട്ടു. തന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സ്പേസ് കണ്ടെത്തുവാൻ നവവൈദികൻ പ്രയാസപ്പെട്ടു.

അങ്ങനെ ഇരിക്കെയാണ് പള്ളിയുടെ പടിഞ്ഞാറെ ഭാഗത്തുള്ള ടെറസിന്റെ നിർമ്മാണം നടന്നത്. പള്ളിയേയും പടിഞ്ഞാറെ കെട്ടിടത്തേയും ബന്ധിപ്പിക്കുന്ന ആ ടെറസ് പടിഞ്ഞാറെ കെട്ടിടത്തിൽ വിശ്രമിക്കുന്ന മേല്പട്ടക്കാരുടെ ഉപയോഗത്തിന് ആവശ്യമായിരുന്നു. മേല്പട്ടക്കാർക്ക് ടെറസിലൂടെ പള്ളിയുടെ മുറിത്തട്ടിലേക്കും അവിടെനിന്ന് വടക്കേ വരാന്തവഴി പള്ളിയിലേക്കും ആഘോഷപൂർവ്വം വരാൻ കഴിയുന്ന ഒരു എഴുന്നള്ളത്ത് പാത എന്ന സൗകര്യവും ഇതോടെ ക്രമീകരിക്കപ്പെടുമായിരുന്നു. കോട്ടയം പഴയസെമിനാരിയിലെ മാതൃകയിൽ പെരുന്നാളുകൾക്ക് ഈ ടെറസിൽ നിന്ന് ശ്ലൈഹിക വാഴ്വ് നടത്താം എന്ന ഭാവനയും അക്കാലത്തെ പ്രവർത്തകർക്ക് ഉണ്ടായിരുന്നു. ശെമ്മാശൻ ഈ ടെറസ് നിർമ്മാണത്തിൽ ആകൃഷ്ടനായി. ഓവർസീയർ ചുമ്മാർ ജ്യേഷ്ഠനാണ് അതിന്റെ സാങ്കേതികകാര്യങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. അന്നത്തെ കൈക്കാരൻ വലിയ ചുമ്മാർ ജ്യേഷ്ഠൻ ആയിരുന്നു. ഈ നിർമ്മാണ പ്രവർത്തനത്തിൽ തെക്കേക്കര അച്ചൻ കാര്യമായ താല്പര്യമൊന്നും പുലർത്തിയില്ല. താൻ ഇടവകയിലെ ആത്മീയകാര്യങ്ങളിലേ താല്പര്യം കാണിക്കൂ എന്ന ചിന്തയാണോ, മരാമത്ത് കാര്യങ്ങളിലുള്ള

അജ്ഞതയാണോ യഥാർത്ഥ കാരണമെന്ന് അറിഞ്ഞുകൂടാ. ഏതായാലും നമ്മുടെ കഥാപുരുഷൻ തനിക്ക് പ്രവേശിക്കാവുന്ന ഒരു സ്പേസ് ഇതിലൂടെ കണ്ടെത്തുകയായിരുന്നു. 1955-ൽ പണികഴിക്കപ്പെട്ട ഈ ടെറസ് അര നൂറ്റാണ്ടിന് ശേഷവും മഴയെയും വെയിലിനെയും അതിജീവിച്ച് കരുത്തോടെ ഇന്നും നിലനിൽക്കുന്നു.

ഈ ടെറസിന്റെ വിജയകരമായ പൂർത്തീകരണത്തെ തുടർന്ന് പള്ളിയുടെ കിഴക്കുഭാഗത്ത് ഒരു കോൺക്രീറ്റ് ആർച്ചും ഗേറ്റും സ്ഥാപിക്കുവാൻ ഇടവക നിശ്ചയിച്ചു. അതിന്റെ മേൽനോട്ടത്തിന്റെ ചുമതല വഹിച്ചത് നമ്മുടെ കഥാപുരുഷനാണ്. പരാജയങ്ങളിലൂടെ അദ്ദേഹം ആ ലക്ഷ്യം സാധിച്ചു. നിർമ്മാണ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനുള്ള താല്പര്യം അദ്ദേഹവും ഇടവകയും മനസ്സിലാക്കിയത് ഈ പ്രവർത്തനത്തിലൂടെ ആയിരുന്നു.

ഇക്കാലത്ത് പഴഞ്ഞിയുടെ സമീപകാലത്തെ ചരിത്രത്തിൽ കറുത്ത അധ്യായം രചിച്ച ഒരു ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. തെക്കേക്കര അച്ചനായിരുന്നു അന്ന് വികാരി. 1955 സെപ്റ്റംബർ 28-ാം തീയതി കാക്കു അച്ചൻ ഇഹലോകവാസം വെടിഞ്ഞതോടെ യുവാവായിരുന്ന വികാരി ഒരു നല്ല പരിഷ്കാരം നടപ്പിൽ വരുത്തുവാൻ ആഗ്രഹിച്ചു. അക്കാലത്ത് 'ഇടവകസദ്യ' എന്ന പേരിൽ ഒരു പാഴ്ധൂർത്ത് വർഷംതോറും നടത്തിവന്നു. ഒരു വീട്ടിൽനിന്ന് ഒരാൾ പങ്കെടുക്കുക എന്നായിരുന്നു ഇടവകസദ്യയുടെ അലിഖിത നിയമം. ആയിരത്തിലേറെ വീട്ടുകാരുള്ള ഇടവകയിൽ ആയിരം പേർക്ക് വിശിഷ്ട വിഭവങ്ങളോടെ സമൃദ്ധിയായ സദ്യ നടത്തുക എന്നത് വലിയ ചെലവ് വരുന്ന സംഭവമാണ്. പലപ്പോഴും മുന്നൂറോ നാനൂറോ ആളുകൾ മാത്രമേ സദ്യയിൽ പങ്കെടുക്കാറുള്ളു. ബാക്കി ഭക്ഷണം മുഴുവൻ ഉപയോഗശൂന്യമായി തീരുന്നു. മുന്നൂറോ നാനൂറോ പേർക്കു മാത്രം ഭക്ഷണം തയാറാക്കിയാൽ മതി എന്ന് വിചാരിക്കാനും വയ്യ. കൂടുതൽ പേർ വന്നാൽ ഭക്ഷണം തികയാതെ വരുന്നതിന്റെ ഉത്തരവാദിത്തം ആർ കയ്യേൽക്കും? ഫലത്തിൽ പള്ളി നഷ്ടം വഹിക്കുകയല്ലാതെ നിവൃത്തിയില്ല എന്നു വന്നു.

പുതിയ വികാരി ഭരണരംഗത്ത് അഭികാമ്യമായ പല കാൽവെപ്പുകളും വിജയപ്രദമായി നടപ്പിലാക്കുന്ന കാലമായിരുന്നു അത്. റിസീവർ ഭരണം അവസാനിച്ച പരിതഃസ്ഥിതിയിൽ വൈദികർ നേതൃത്വം നൽകുന്ന എല്ലാ സംരംഭങ്ങളെയും സ്വാഗതം ചെയ്യുന്ന സമീപനമാണ് അന്ന് ഇടവക ഭരണസമിതി സ്വീകരിച്ചിരുന്നത്. സഭാ ഭരണഘടന പുതിയ വികാരിക്ക് നിഷ്പ്രയാസം നടപ്പിലാക്കുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്. ഇടവകസദ്യയിലെ ധൂർത്തും അനാവശ്യച്ചെലവും ഒഴിവാക്കുവാൻ വികാരിയച്ചൻ ഒരു പ്രായോഗിക പരിഹാരം നിർദ്ദേശിച്ചു. ഈ നിർദ്ദേശം ഇടവക

മാനേജിംഗ് കമ്മിറ്റിക്ക് സ്വീകാര്യമായി. ഇതുപ്രകാരം ഇടവകസദ്യയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ പള്ളിയുടെ ഓഫീസിൽ നിന്ന് ഒരു ടോക്കൺ വാങ്ങണമായിരുന്നു. ചെലവായ ടോക്കണുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സദ്യ തയാറാക്കിയാൽ വലിയ പാഴ്ചിലവ് ഒഴിവാക്കാനാകുമെന്നത് തീർച്ചയായിരുന്നു. എന്നാൽ പരിഷ്കൃതാശയങ്ങളെ എതിർക്കുന്നത് ഒരു കലയായി സ്വീകരിച്ച വഴക്കാളികൾ എവിടെയും ഏതുകാലത്തും ഉണ്ടാകുമല്ലോ. പുതിയ പരിഷ്കാരം പള്ളിയിലെ ആരാധനാമദ്ധ്യേ പ്രസ്താവിച്ചതോടെ കലഹപ്രിയർക്ക് ആവേശമായി. 'മുത്തപ്പന്റെ ചോറിന് ടിക്കറ്റോ?' ഈ ചോദ്യം ഉന്നയിച്ചുകൊണ്ടാണ് കലഹപ്രിയരായ ഏതാനുംപേർ പുതിയ പരിഷ്ക്കാരത്തോട് പ്രതികരിച്ചത്. ഏതാനും ദിവസങ്ങൾകൊണ്ട് ഈ ചോദ്യം ഒരു മുദ്രാവാക്യമായി പ്രചരിപ്പിക്കുന്നതിൽ തൽപരകക്ഷികൾ വിജയിച്ചു. ഭൂരിഭാഗം പേരും ടോക്കൺ വാങ്ങാൻ എത്തിയില്ല. സദ്യയുടെ ദിവസം ആഗതമായി. ടോക്കൺ ചിലവായതിൻപ്രകാരം ഉള്ള എണ്ണം കണക്കാക്കി സദ്യ തയാറായി. വൈകിട്ടാണ് സദ്യ. സന്ധ്യാ നമസ്കാരമായപ്പോഴേക്കും പള്ളിയും പള്ളിപ്പറമ്പും ജനനിബിഡമായി. വികാരിയും കൈക്കാരനും വിയർത്തു. വലിയ ചുമ്മാർ ജ്യേഷ്ഠൻ ആയിരുന്നു അന്നത്തെ കൈക്കാരൻ. കമ്മിറ്റിയിലെ പ്രമുഖാംഗവും വികാരിയുടെ ഉപദേഷ്ടാവുമായ കെ. ജെ. പോൾ മാസ്റ്റർ (കാക്കു അച്ചന്റെ പുത്രൻ) പോലീസിന്റെ സഹായം തേടാൻ വികാരിയെ ഉപദേശിച്ചു. ഏറെ വൈകാതെ വികാരിയുടെ രേഖാമൂലമായ പരാതിയെ തുടർന്ന് പോലീസ് സംഘമെത്തി. ജനസംഘത്തെ പിരിച്ചുവിടുവാൻ പോലീസ് നടത്തിയ ശ്രമങ്ങൾ ഒന്നും വിജയിച്ചില്ല. ഉന്തും തള്ളും ശകാരവും അസഭ്യഭാഷണവും ആക്രോശവും വെല്ലുവിളിയും അനുനിമിഷം വർദ്ധിച്ചു. ജനത്തെ ശാന്തരാക്കുവാൻ ആവാതെ പോലീസ് വലഞ്ഞു. പുതിയ പരിഷ്കാരം ആവിഷ്ക്കരിച്ചതിന്റെ പേരിൽ വികാരിയും കൈക്കാരനും പരസ്യമായി മാപ്പു പറയാതെ തങ്ങൾ പിന്നോട്ടില്ലെന്ന് പ്രതിഷേധക്കാർ നിലപാടെടുത്തു. ഒടുവിൽ വികാരിയും കൈക്കാരനും ജനഹിതത്തിന് വഴങ്ങി. രണ്ടുപേരെയും ജനങ്ങൾ 'ആഘോഷ'പൂർവം ഉന്തിത്തള്ളി പള്ളിയുടെ മദ്ബഹായിലേക്ക് ആനയിച്ചു. നിറഞ്ഞ സദസ്സിൽ രണ്ടു പേരും പരസ്യമായി മാപ്പു പറഞ്ഞു. അതോടെ ജനം ശാന്തരായി പിരിഞ്ഞുപോയി.

വളരെ സദുദ്ദേശ്യത്തോടെ ഭാവനാപൂർവം സംവിധാനം ചെയ്ത ഒരു പരിഷ്ക്കാരം ചീട്ടുകൊട്ടാരം പോലെ നിലംപതിച്ചത് രണ്ടു വൈദികരും വേദനയോടെ ശ്രദ്ധിച്ചു. ജനഹിതത്തിന് വഴങ്ങിയില്ലെങ്കിൽ മുൻ വൈദികൻ ഉണ്ണിയച്ചൻ സഭ വിട്ട് പോകേണ്ടിവന്ന വഴി തങ്ങൾക്കും സ്വീകരിക്കേണ്ടി വരുമെന്ന് അവർക്കറിയാമായിരുന്നു. ഇന്നത്തെപ്പോലെ കൊച്ചു

ഇടവകകൾ ഒന്നും അന്നില്ലായിരുന്നു. സുരക്ഷിതമായ ഇടവകകൾ ഏറെ യില്ല. ഉള്ള ഇടവകകളിൽ ഇടവകക്കാരായ പട്ടക്കാർ ആയുഷ്കാല വൈദികരായി ജോലി ചെയ്തിരുന്നതിനാൽ പുതിയ വൈദികരെ ഉൾ ക്കൊള്ളുവാൻ തയാറായിരുന്നില്ല. ഫലത്തിൽ സ്വന്തം ഇടവകയുടെ ബഹിഷ്ക്കരണം ഏറ്റുവാങ്ങേണ്ടിവന്നാൽ വൈദികവൃത്തിയിൽ തുടരുക അസാധ്യം തന്നെയായിരുന്നു. വിവാഹിതരായ വൈദികർക്ക് ഈ അര ക്ഷിതാവസ്ഥ അചിന്ത്യമായിരുന്നു. ആ പശ്ചാത്തലത്തിൽ 'ജനഹിത' ത്തിന് വഴങ്ങുക മാത്രമായിരുന്നു കരണീയം. അതോടെ ഒരു കാര്യം തീർച്ചയായി: ജനങ്ങളെ മുഷിപ്പിച്ചുകൊണ്ടുള്ള ഒരു പരിഷ്കാരത്തിനും ഭാവിയിൽ തങ്ങളില്ല എന്ന നിലപാട് വൈദികർ സ്വീകരിച്ചേ മതിയാവൂ. അല്ലെങ്കിൽ ഇടവകയുടെ സംരക്ഷണം അവർ വേണ്ടെന്ന് വയ്ക്കണം. പഴഞ്ഞിയിലെ കർമ്മകൗശലക്കാരായ രണ്ടു വൈദികരും ആദ്യത്തെ മാർഗ്ഗം സ്വീകരിച്ചു. കലഹപ്രിയരായ ആളുകൾക്ക് സംഭവങ്ങളുടെ പര്യ വസാനം ആനന്ദപ്രദമായി എങ്കിലും ഈ അടുത്തകാലത്ത് അവരുടെ ജീവാവസാനംവരെ വിഭവസമ്പന്നമായ ഇടവകയിൽ കാര്യമായ ഒരു പരി ഷ്കാരത്തിനും വൈദികർ മുതിർന്നില്ല എന്നത് ഇടവകയെ അര നൂറ്റാ ണ്ടുകാലത്തേക്ക് നിശ്ചലമാക്കി എന്ന് പറയാതെ വയ്യ. ജീവിതം ഭദ്ര മാക്കുവാൻ ആദ്യം വേണ്ടത് 'അപ്പം' ആണെന്ന് അവർ തിരിച്ചറിഞ്ഞു. അക്കാലത്ത് ഏകീകൃത ശമ്പളസ്കെയിലുകളോ ശമ്പളം ഭദ്രാസന കേന്ദ്രത്തിൽനിന്ന് നൽകുന്ന ഏർപ്പാടോ ഒന്നും ആരംഭിച്ചിരുന്നില്ല. ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ഇടവകപ്പൊതുയോഗത്തിന്റെ നിശ്ച യങ്ങൾക്ക് വിധേയമായിരുന്നു. തന്മൂലം ഇടവകജനത്തിന്റെ 'ഹിതം' മാനി ക്കേണ്ടത് തങ്ങളുടെ നിലനിൽപ്പിന്റെയും വളർച്ചയുടെയും അനിവാര്യമായ ഉത്തരവാദിത്തമാണെന്ന് അവർ ഇരുവരും തിരിച്ചറിഞ്ഞു.

തെക്കേക്കര അച്ചൻ ഇതോടെ അദ്ദേഹത്തിന്റെ കൈമുതലായ പ്രസംഗ കലയെ പരിപോഷിപ്പിക്കുവാൻ ദത്താവധാനനായി. ആത്മീയ വിഷയങ്ങളുടെ പരിരക്ഷകനായി അദ്ദേഹം മാറിയ പശ്ചാത്തലം ഇതാണ്. പള്ളിയിലെ യാമപ്രാർത്ഥനകൾ, കൺവൻഷൻ, സ്ത്രീസമാജം, ഞായ റാഴ്ചകളിലെ സായാഹ്ന സുവിശേഷയോഗങ്ങൾ, ഭവനസന്ദർശനം തുട ങ്ങിയ കാര്യങ്ങൾക്ക് അദ്ദേഹം കൂടുതൽ ഉത്സാഹം കാണിച്ചത് ഇടവ കയ്ക്ക് ഗുണപ്രദമായി. ഇത്തരം വിഷയങ്ങളിൽ ജന്മവാസന കുറവായ നമ്മുടെ കഥാപുരുഷൻ മറ്റു മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമം തുടങ്ങി.

അക്കാലത്തെ ശവസംസ്കാരം ഒരു പ്രത്യേക രീതിയിലാണ് നടത്തി യിരുന്നത്. പള്ളിയിൽ നിന്ന് 'കബർ' വീട്ടിലെത്തും. ശുശ്രൂഷ കഴിഞ്ഞാൽ മൃതദേഹം പായയിൽ കിടത്തിയ രൂപത്തിൽ കബറിലെടുത്ത് വയ്ക്കും. പള്ളിയിലെത്തിയാൽ കബറിന്റെ മൂടി മാറ്റി ശുശ്രൂഷകൾ നടത്തും. ശുശ്രൂ

ഷകൾക്ക് ശേഷം മൃതശരീരം പായയിൽകെട്ടി കുഴിയിൽ ഇറക്കിവച്ച് മണ്ണിട്ടു മൂടും. മൃതശരീരത്തിൽ നേരിട്ട് മണ്ണ് ചൊരിയുന്നത് വേദനാജനകം തന്നെയായിരുന്നുവെങ്കിലും അന്ന് 'ശവപ്പെട്ടി' എന്ന ആശയം പ്രാവർത്തികമാവാതിരുന്നതിനാൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലായിരുന്നു. നമ്മുടെ കഥാപുരുഷൻ ഇതിനൊരു പരിഹാരം നിർദ്ദേശിച്ചു. കുഴിയുടെ അടിയിൽ ഒരടി മുകളിലായി നാലുഭാഗത്തും നാലിഞ്ച് വീതിയിൽ കിണറിന്റെ 'പാമ്പിരി' പോലെ വളരുകൾ സജ്ജീകരിക്കുക. മൃതദേഹം ഇറക്കിവച്ചാൽ ഈ വളരുകളുടെ മീതെ വെട്ടുകല്ല് തെക്കുവടക്കായി നിരത്തുക. ഇതോടെ മൃതദേഹം കാഴ്ചയിൽനിന്ന് മറയുന്ന ഒരാവരണം സൃഷ്ടിക്കപ്പെടുന്നു. പിന്നീട് ഈ കല്ല് പാകിയതിന്റെ പുറത്താണ് മണ്ണ് നിറക്കുക. ഇതിനാവശ്യമായ വെട്ടുകല്ല് നേരത്തെ പള്ളിയിൽ കൊണ്ടുവന്ന് വച്ചിരിക്കും. മതിയായ വില കൊടുത്താൽ ആവശ്യക്കാർക്ക് അത് വാങ്ങി ഉപയോഗിക്കാം. ക്രമേണ ഈ പരിഷ്കാരം എല്ലായിടത്തും പടർന്ന് പിടിച്ചു. ഏവർക്കും അത് സ്വീകാര്യമാവുകയും ചെയ്തു.

മൃതദേഹം വഹിക്കുന്ന കബർ ചുമക്കുന്നവരെ 'പോണ്ടന്മാർ' എന്നാണ് വിളിക്കുക. പണ്ട് രാജാക്കന്മാരുടെയും പ്രഭുക്കളുടെയും പല്ലക്ക് ചുമക്കുന്നവരും ഈ പേരിലാണ് അറിയപ്പെട്ടിരുന്നത്. വാഹനങ്ങൾ വന്നതോടെ പോണ്ടന്മാരുടെ എണ്ണം കുറഞ്ഞു. ഭാവിയിൽ പോണ്ടന്മാരുടെ തലമുറ അന്യംനിൽക്കുമെന്ന അവസ്ഥ കുറ്റിക്കാട്ടിൽ അച്ചൻ മുൻകൂട്ടി കണ്ടു. കബർ ചുമക്കുന്നതിന് പകരം ഒരു വണ്ടിയിലാക്കി തള്ളിയാൽ സൗകര്യമാകുമെന്ന് അദ്ദേഹം കണ്ടു. പള്ളിയോഗം അതിന് അനുമതി നൽകി. ഒരു ശവവണ്ടി നിർമ്മിക്കാനുള്ള ശ്രമം അതോടെ ആരംഭിച്ചു. ഇടവകയിലെ അത്യാവശ്യ വൈദികവൃത്തികൾ പൂർത്തിയായാൽ നവവൈദികനെ പഴയപള്ളിയുടെ തെക്കുഭാഗത്തുള്ള പ്ലാവിൻചുവട്ടിൽ കാണാം. അവിടെ തണൽ വിരിച്ച് നിന്നിരുന്ന പ്ലാവിൻചുവട്ടിലാണ് വണ്ടിയുടെ നിർമ്മാണം നടത്തിയിരുന്നത്. വേണ്ടത്ര സാങ്കേതിക പരിജ്ഞാനവും വിദഗ്ദ്ധന്മാരുടെ പങ്കാളിത്തവും ഉറപ്പാക്കാതെ ആരംഭിച്ച പദ്ധതി സാമ്പത്തികമായി പള്ളിക്ക് നഷ്ടമാണുണ്ടാക്കിയത്. എന്നാലും സ്ഥിരോത്സാഹിയായ ജോസഫച്ചന്റെ കഠിനാധ്വാനം വിജയമണിയുക തന്നെ ചെയ്തു. സഹപ്രവർത്തകരുടെ പരിഹാസവും ഇടവകയുടെ ഈദൃശ ലൗകികകാര്യങ്ങളിൽ ഒരു വൈദികൻ പങ്കെടുക്കേണ്ടതുണ്ടോ എന്ന മുനവച്ച വിമർശനങ്ങളും 'ആത്മീയ' ലോകത്തു നിന്ന് ധാരാളം ഉതിർന്നു. ആത്മാവും ശരീരവും അടങ്ങിയ സമ്പൂർണ്ണ മനുഷ്യനെയാണ് ദൈവം സൃഷ്ടിച്ചതെന്നും ആത്മാവിനെന്നപോലെ ശരീരത്തിനും ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനത്തിൽ സ്ഥാനമുണ്ടെന്നും ചിന്തിച്ച നവവൈദികൻ മനുഷ്യനെ ആത്മാവ് മാത്രമായും ഇടവകയിലെ പ്രവർത്തനപരിധി

ആത്മീയം മാത്രമാണെന്നുമുള്ള വ്യാഖ്യാനങ്ങളെ അവഗണിച്ചു. വൈദികൻ സൈക്കിൾ ചവുട്ടി യാത്രചെയ്യുന്നത് അനാത്മീയമാണെന്നും വൈദികവസ്ത്രമായി 'കാസക്ക്' ധരിക്കുന്നത് ഓർത്തഡോക്സ് പാരമ്പര്യത്തിന് അപമാനമാണെന്നും 'കാക്കു അച്ചൻ' ഈദൃശ പരിപാടികളെ അനുകൂലിച്ചിരുന്നില്ല എന്നും മറ്റുമുള്ള വിമർശനങ്ങൾ പള്ളിപ്പറമ്പിലും പള്ളിവരാന്തയിലും സമ്മേളിക്കുന്ന ശിഥില സദസ്സുകളിൽ 'ആത്മീയ'തയുടെ തലതൊട്ടപ്പന്മാർ വീമ്പ് പറയുന്നത് യുവവൈദികനെ തളർത്തിയില്ല. ഇടവകയിലെ കുറെ പുരോഗമനവാദികളായ ആളുകൾ – അവരിൽ യുവാക്കളും വൃദ്ധന്മാരും ഉണ്ടായിരുന്നു – യുവവൈദികനെ പിന്തുണച്ചിരുന്നതിനാൽ കപട ആത്മീയവാദികൾക്ക് അച്ചനെ പിന്തിരിപ്പിക്കാനൊന്നും കഴിഞ്ഞില്ല.

ഇടവകയുടെ ആത്മീയപ്രവർത്തനങ്ങളിൽ അദ്ദേഹം തട്ടകമായി തെരഞ്ഞെടുത്തത് 'സണ്ടേസ്കൂൾ' ആയിരുന്നു. അന്നത്തെ ഹെഡ്മാസ്റ്റർ സി. ഐ. ഉക്കുറുകുട്ടി ജ്യേഷ്ഠൻ വയോവൃദ്ധനായിരുന്നു. കാലത്ത് പള്ളിയിലെ ആരാധനകൾക്കായി വന്നാൽ ഉച്ചതിരിഞ്ഞ് അഞ്ചു മണിയോടെ അവസാനിക്കുന്ന യോഗം കഴിഞ്ഞ് മാത്രം വീട്ടിലേക്ക് തിരിച്ചുപോകുന്ന ഹെഡ്മാസ്റ്റർ ആരുടെയും ആദരവ് അർഹിച്ചിരുന്നു. ഹെഡ്മാസ്റ്റർ വൃദ്ധനായതു മൂലം കുട്ടികളുടെ അച്ചടക്കകാര്യങ്ങളിൽ അദ്ദേഹത്തിന് വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഈ രംഗത്തേക്ക് നവവൈദികൻ പ്രവേശിച്ചു. ചൂരൽവടിയുമായി ക്ലാസ്സുകളിലൂടെ സന്ദർശനം നടത്തുന്ന കുറ്റിക്കാട്ടിലച്ചൻ അക്കാലത്ത് കുട്ടികൾക്ക് ഒരു പേടിസ്വപ്നമായിരുന്നു. അദ്ധ്യാപകർ മുടങ്ങിയ ക്ലാസ്സുകളിൽ പ്രവേശിച്ച് ക്ലാസ്സെടുക്കുവാനും ഈ 'ലൗകിക വൈദികൻ' സമയം കണ്ടെത്തിയിരുന്നു. ഇപ്രകാരം സണ്ടേസ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട നവവൈദികന്റെ മുമ്പിൽ ഒരു പ്രവർത്തന സാമ്രാജ്യം ഉയർന്ന് വരികയായിരുന്നു.

### സണ്ടേസ്കൂൾ അസോസ്യേഷൻ

പൗരസ്ത്യ സണ്ടേസ്കൂൾ അസോസ്യേഷൻ അന്ന് ജന്മം കൊണ്ടിരുന്നില്ല. പാഠപുസ്തകം തയാറാക്കൽ, വിതരണം, പരീക്ഷ തുടങ്ങിയ അക്കാദമിക കാര്യങ്ങളിൽ അവ്യവസ്ഥിതത്വം നിറഞ്ഞുനിന്നു. ആവശ്യത്തിന് പാഠപുസ്തകങ്ങൾ ലഭിക്കാറില്ല. പരീക്ഷാനടത്തിപ്പിൽ അതത് സണ്ടേസ്കൂൾ തന്നെയാണ് ചുമതല വഹിച്ചിരുന്നത്. പ്രതിഭാശാലിയായ അച്ചന്റെ ഉന്മേഷം പൂവിരിഞ്ഞു. അദ്ധ്യാപകരായ പി. ടി. ശമുവേൽ മാസ്റ്ററും പി. വി. ജോബും അച്ചനും ഏറെതാമസിയാതെ 'കുന്നംകുളം-പഴഞ്ഞി സണ്ടേസ്കൂൾ അസോസ്യേഷൻ' എന്ന പേരിൽ ഒരു പ്രസ്ഥാനം രൂപീകരിച്ചു. കുന്നംകുളത്ത് പീറ്റർ എം. കാക്കശ്ശേരിയും

കോട്ടപ്പടിയിൽ എം. എസ്. മാത്യു മാസ്റ്ററും അച്ചന്റെ പിന്നിൽ അണിനിരന്നു. കഴിവ് തെളിയിച്ചവരും ആത്മീയപ്രവർത്തകർ എന്ന് നെറ്റിപ്പട്ടം കെട്ടിനടന്നവരും ഈ പ്രവർത്തനത്തിൽ 'ആത്മീയത' ഒട്ടും കണ്ടില്ല. ബഹു. കെ. സി. ജോസഫ് അച്ചൻ അസോസ്യേഷൻ രൂപീകരണത്തെപ്പറ്റി 1971-ൽ ഇപ്രകാരം എഴുതി:

"പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ രൂപംകൊണ്ടത് 1964-ൽ ആണല്ലോ. എന്നാൽ ഈ വലിയ പ്രസ്ഥാനം രൂപംകൊള്ളുന്നതിന് മുമ്പുതന്നെ ഒരു കൊച്ചു സണ്ടേസ്കൂൾ അസോസ്യേഷൻ മലങ്കരയുടെ ഹൃദയഭാഗത്ത് രൂപംകൊണ്ടിരുന്നു. കുന്നംകുളം-പഴഞ്ഞി ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷൻ എന്നായിരുന്നു അതിന്റെ പേർ. കുട്ടികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾക്ക് നേരിട്ട ക്ഷാമം പരിഹരിക്കാനായിരുന്നു ഈ അസോസ്യേഷൻ ഉടലെടുത്തത്. കുന്നംകുളം-പഴഞ്ഞി സെന്ററിൽപെട്ട ഇരുപത്തിമൂന്ന് സണ്ടേസ്കൂളുകൾ ഇതിന്റെ കീഴിൽ അംഗങ്ങളാവുകയും അവർക്കാവശ്യമായ എല്ലാ പാഠപുസ്തകങ്ങളും 1958 മുതൽ അസോസ്യേഷന്റെ ചുമതലയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു (മുഖ്യമായും ഈ ആവശ്യത്തിനുവേണ്ടി കുന്നംകുളത്ത് 'സിറിയൻ ക്രിസ്ത്യൻ ബുക്ക് ഡിപ്പോ' എന്ന പേരിൽ ഒരു പുസ്തക പ്രസിദ്ധീകരണശാല ആരംഭിച്ചു. കാക്കശ്ശേരി പീറ്റർ മാസ്റ്റർ ആയിരുന്നു ഇതിന്റെ മാനേജർ-എഡിറ്റർ). പൊതുപ്പരീക്ഷ മുതലായ പുരോഗമനപരമായ പല പരിപാടികളും ആസൂത്രണം ചെയ്യുവാൻ അന്ന് കഴിഞ്ഞിട്ടുണ്ട്. അസോസ്യേഷൻ അടിസ്ഥാനത്തിൽ കുട്ടികളുടെ നിലവാരം നിർണ്ണയിക്കുവാനും സമ്മാനങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുവാനും സംഘടന ശ്രമിച്ചിട്ടുണ്ട്."

അദ്ദേഹം തുടർന്നെഴുതുന്നു: "സാമൂഹ്യജീവിത പരിശീലനം എന്ന ലക്ഷ്യംവച്ചുകൊണ്ട് വർഷംതോറും വിദ്യാർത്ഥിനീ - വിദ്യാർത്ഥികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും കുട്ടികളുടെ കായികവും മാനസികവും കലാപരവുമായ സിദ്ധികളുടെ പൂർണ്ണവികസനം സാധിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കൃത്യനിഷ്ഠ, പരസ്പര ബഹുമാനം, പെരുമാറ്റചട്ടങ്ങൾ ഇവ പാലിക്കുന്നതിന് ഈ ക്യാമ്പുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ രൂപംകൊണ്ടപ്പോൾ ഈ കൊച്ചു അസോസ്യേഷൻ പിരിച്ചുവിട്ടു. അതിന് മുമ്പായി പഴഞ്ഞി, ആർത്താറ്റ്, മരത്തംകോട്, കാട്ടകാമ്പാൽ, മങ്ങാട്, പഴഞ്ഞി എന്നീ സ്ഥലങ്ങളിലായി (മൂന്ന് ദിവസം ദൈർഘ്യമുള്ള) ആറ് ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഭാഗ്യമുണ്ടായി. ഓരോ ക്യാമ്പിലും കുറഞ്ഞപക്ഷം 200 പേർ സംബന്ധിച്ചിരുന്നു"

ഇതിൽ മൂന്നുനാല് ക്യാമ്പുകളിൽ ഈ എഴുത്തുകാരൻ പങ്കെടുത്തിട്ടുണ്ട്. ക്യാമ്പുകളുടെ മുഖ്യസംഘാടകൻ കെ. സി. ജോസഫച്ചൻ തന്നെയായിരുന്നു. അദ്ദേഹത്തോടൊപ്പം പി. വി. ജോബ്, എം. എസ്. മാത്യു, പീറ്റർ എം. കാക്കശ്ശേരി, പി. ഐ. മാണി, സി. വി. ഉക്രുകുട്ടി തുടങ്ങി ഏതാനുംപേർ സജീവമായി പ്രവർത്തിച്ചു. അംഗങ്ങൾക്ക് പ്രവേശനം സൗജന്യമായിരുന്നു. അവരുടെ ഭക്ഷണവും മറ്റു സൗകര്യങ്ങളും ക്രമീകരിക്കുവാനുള്ള സാമ്പത്തികഭാരം അനുയോജ്യരായ സ്പോൺസർമാരെ കണ്ടെത്തി പരിഹരിക്കുന്നതിന്റെ ഭാരം മാത്രമല്ല, ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച് കഴിയുന്ന ക്യാമ്പിന്റെ അച്ചടക്കം കൃത്യമായി പാലിക്കുന്ന കാര്യത്തിലും ഈ 'ലൗകിക വൈദികൻ' ശ്രദ്ധിച്ചിരുന്നു. കുറ്റിക്കാട്ടിലച്ചന്റെ സാന്നിധ്യം പൂർണ്ണസമയവും ക്യാമ്പിൽ ലഭ്യമാണെന്നതിനാൽ, കൊച്ചു കൊച്ചു വികൃതികളും അനുസരണക്കേടുകളും ബാലിശമായ ഇടപെടലുകളും ക്യാമ്പിൽ കുറവായിരുന്നു. ബാലകലോത്സവങ്ങളും യുവജനോത്സവങ്ങളും ആരംഭിച്ചിട്ടില്ലാതിരുന്ന അക്കാലത്ത് 'ക്യാമ്പ് ഫയർ' എന്ന പേരിൽ സന്ധ്യയ്ക്ക് കലാമേളകൾ സംഘടിപ്പിക്കുവാനും അവയിൽ കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുവാനും അച്ചൻ അവസരം നൽകിയിരുന്നു. ക്യാമ്പിൽ യാമപ്രാർത്ഥനകൾക്ക് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അത് വലിയ ഒരു അനുഭവമായിരുന്നുവെന്ന് ആ ചുമതലയിൽ പ്രവർത്തിച്ച ഈ ഗ്രന്ഥകാരൻ ഓർക്കുന്നു. അംഗ ഇടവകകളിലെ 'ആത്മീയ വൈദികർ' ഈ ക്യാമ്പുകളിൽ ക്ലാസ്സെടുക്കുവാനോ മറ്റോ ക്ഷണിക്കപ്പെട്ടാൽ മാത്രം നിശ്ചിതസമയം ക്യാമ്പിൽ ക്ലാസെടുത്ത് സ്ഥലം വിടുമ്പോഴും കുറ്റിക്കാട്ടിലച്ചൻ ക്യാമ്പംഗങ്ങളുടെ ആത്മീയവും സാമൂഹികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ക്യാമ്പിൽ സന്നിഹിതനായിരിക്കും. ക്യാമ്പിൽ യാമപ്രാർത്ഥന, ക്ലാസ്സുകൾ, കായിക പരിശീലനം, കലാപ്രകടനം, ഭവനസന്ദർശനം, കുമ്പസാരം, കുർബ്ബാനാനുഭവം എന്നീ പ്രവർത്തനങ്ങൾ അച്ചന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ചിരുന്നു. അക്കാലത്തെ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ ഇന്നത്തെ പരിശുദ്ധ കാതോലിക്കാബാവാ, ഫാ. ഗീവറുഗീസ് കൊള്ളന്നൂർ, ഫാ. പി. വി. മത്തായി, ഡോ. എ. വി. തമ്പി തുടങ്ങിയവരെ ഈ ഗ്രന്ഥകാരൻ ഓർക്കുന്നു. കുന്നംകുളം മേഖലയിൽ മറ്റെല്ലാ വൈദികരും സ്വന്തം ഇടവകയുടെ കാര്യങ്ങളിൽ തലപൂഴ്ത്തിക്കഴിയവേ, അദ്ധ്വാനഭാരമുള്ള ഒരു ഇടവകയിലെ യുവ വൈദികൻ സഭയുടെ പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്നു എന്നത് അക്കാലത്ത് ഒരു വിസ്മയമായി ശ്രദ്ധിക്കപ്പെട്ടിരുന്നു.

അസോസ്യേഷന്റെ ചുമതലയിൽ ചോദ്യപേപ്പർ തയാറാക്കുവാനും ഓരോ അധ്യാപകനും മറ്റു സ്കൂളുകളിലെ പരീക്ഷയുടെ സൂപ്പർവിഷൻ ചുമതലയിൽ നിയോഗിക്കുവാനും ഉത്തരക്കടലാസിൽ ഫോൾസ് നമ്പർ

ചേർക്കുവാനും ഉത്തരക്കടലാസ് മറ്റു സ്കൂളുകളിലെ അധ്യാപകരെക്കൊണ്ട് മൂല്യനിർണ്ണയം നടത്തുവാനും ഈ യുവവൈദികൻ വിജയപൂർവ്വം പരിശ്രമിച്ചിരുന്നു. സഭാതലത്തിൽ അസോസ്യേഷൻ രൂപീകൃതമായപ്പോൾ ഈ അസോസ്യേഷൻ പിരിച്ചുവിട്ടു. അതിൽ ദുഃഖിക്കുന്ന പലരേയും ഈ ഗ്രന്ഥകാരൻ പിന്നീട് കണ്ടിട്ടുണ്ട്. പഴഞ്ഞിയുടെ പ്രാന്തപ്രദേശങ്ങളിൽ ഈ യുവവൈദികന്റെ സേവനതാല്പര്യവും സംഘാടകവൈഭവവും അറിയപ്പെട്ടത് ഈ ആത്മീയ സംഘടനയുടെ പ്രവർത്തനത്തിലൂടെയാണ്.

**ലൈബ്രറി**

പഴഞ്ഞി സണ്ടേസ്കൂൾ, മലങ്കരസഭയിലെ ഏറ്റവും പഴക്കം കൂടിയ സണ്ടേസ്കൂൾ എന്ന് ഔദ്യോഗികരേഖകളിൽ കാണുന്നുണ്ട്. മറ്റ് സണ്ടേസ്കൂളുകൾക്ക് അനുകരണീയമായ പല പ്രവർത്തനങ്ങളും പഴഞ്ഞി സണ്ടേസ്കൂൾ വിജയപൂർവ്വം പരീക്ഷിച്ചിട്ടുണ്ട്. അതിലൊന്നാണ് ലൈബ്രറി. പള്ളിയിലെ ആരാധനകൾ, സണ്ടേസ്കൂളിലെ പാഠ്യവിഷയങ്ങൾ എന്നിവയോടൊപ്പം കുഞ്ഞുങ്ങൾക്ക് വായനയിൽ അഭിരുചി ജനിപ്പിക്കുവാനും ആ അഭിരുചിയെ പോഷിപ്പിക്കുവാനും ഇടവകയിൽ ഒരു ഗ്രന്ഥശാല ആരംഭിക്കണമെന്ന് ഈ ഇടയൻ ആഗ്രഹിച്ചു. ഇടവകയുടെ അംഗീകാരത്തോടെ പുസ്തക ശേഖരണം ആരംഭിച്ചു. സ്വന്തം പുസ്തകങ്ങൾ മുഴുവൻ ഈ ഗ്രന്ഥശാലയിലേക്ക് സംഭാവന നൽകി. നൂറ് കണക്കിന് പുസ്തകങ്ങൾ സമാഹരിക്കുന്നതിൽ അദ്ദേഹം അസൂയാർഹമാംവിധം വിജയിച്ചു. തന്റെ ഗുരുനാഥനും കോട്ടയം വൈദികസെമിനാരിയുടെ പ്രിൻസിപ്പലും ബാഹ്യകേരള മെത്രാസനത്തിന്റെ അധ്യക്ഷനുമായ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്കാ) ആണ് അതിന്റെ ഉദ്ഘാടനം നിർവഹിച്ചത് എന്ന് ഈ ഗ്രന്ഥകാരൻ ഓർമ്മിക്കുന്നു. പള്ളിയുടെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഹാളിന്റെ ഒരു ഭാഗം ഗ്രന്ഥശാലയ്ക്കു വേണ്ടി മാറ്റിവച്ചു. സ്വന്തം കൈപ്പടയിൽ പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും തയാറാക്കിയ ഗ്രന്ഥശാലയിൽ പുസ്തകവിതരണത്തിന്റെ ചുമതല വഹിച്ചിരുന്നതും ഈ വൈദികൻ തന്നെ. മറ്റൊരാളെ ഏൽപ്പിച്ചാൽ കൃത്യനിർവ്വഹണത്തിൽ ശ്രദ്ധയും നിഷ്ഠയും വേണ്ടത്ര ഉണ്ടാകാതെ വരുമെന്നും അത് ലൈബ്രറിയുടെ തുടർന്നുള്ള പ്രവർത്തനത്തെ ക്ഷീണിപ്പിക്കുമെന്നും അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു. ജോസഫ് ചെറുവത്തൂരിന്റെ 'അന്നക്കുട്ടി', കാനം ഇ. ജെ. യുടെ വാളും കുരിശും, സി. ജെ. തോമസിന്റെ 'ആ മനുഷ്യൻ നീ തന്നെ' തുടങ്ങി നിരവധി സാഹിത്യകൃതികൾ ഈ ഗ്രന്ഥകാരൻ വായിച്ചത് ഈ ലൈബ്രറിയിൽ നിന്നാണ്. ഒരു മനുഷ്യന്റെ ആത്മീയ പോഷണത്തിന് ബൈബിൾ

വായനയും കൺവൻഷൻ പ്രസംഗങ്ങളും മാത്രം മതിയാകും എന്ന പരമ്പരാഗത വിശ്വാസത്തെ ഈ യുവ വൈദികൻ പൊളിച്ചെഴുതുകയായിരുന്നു. ലൈബ്രറിയുടെ വിഭവശേഷി രുചിച്ചുനോക്കാൻ പോലും ശ്രമിക്കാതെ അത് ആത്മീയതയ്ക്ക് ഒരു ശാപമെന്ന് മുദ്ര കുത്തി പ്രചരിപ്പിക്കുന്ന ഒരു ചെറിയ 'വിശുദ്ധന്മാരുടെ കൂട്ടം' അന്നും ഇടവകയിൽ ഉണ്ടായിരുന്നു. ഈ വേദപുസ്തകൈകവാദികൾക്ക് പ്രോട്ടസ്റ്റണ്ട് വാദഗതിയുടെ പൈതൃകത്തോട് കുറഞ്ഞൊരു ആഭിമുഖ്യം ഉള്ളതുകൊണ്ട് അവർക്ക് ഈദൃശ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാനായില്ല. ചുമർചിത്രങ്ങൾ ലൗകികങ്ങൾ ആണെന്ന് മുദ്ര കുത്തി, പള്ളിയുടെ തെക്കും വടക്കും ഉൾച്ചുമരുകളിൽ ഉണ്ടായിരുന്ന വേദപുസ്തകങ്ങളിലെ ദൃശ്യങ്ങൾ പകർത്തിയ ചിത്രങ്ങളെ വെള്ളപൂശി അപ്രത്യക്ഷമാക്കിയ പ്രോട്ടസ്റ്റണ്ട് മാതൃകയിലുള്ള ആത്മീയതയുടെ ഭൂതബാധ അന്നും ഇടവകയിൽ സന്നിഹിതമായിരുന്നു. പള്ളിയകത്ത് നടക്കുന്ന ആരാധനകളിൽപ്പോലും വേണ്ടത്ര ആത്മീയത ഇല്ലെന്നും അല്പം ആത്മീയത അവശേഷിക്കുന്നത് ആരാധനാമദ്ധ്യേ നടത്തുന്ന പ്രസംഗത്തിലാണെന്നും ചിന്തിക്കുന്നവർ എവിടെയും ഉണ്ട്.

(ഈ ഗ്രന്ഥകാരൻ കരിപ്പാക്കുന്ന് പള്ളിയിൽ ശുശ്രൂഷിക്കുന്ന കാലം. ഇടവകയിലെ ആത്മീയതയുടെ അപ്പോസ്തോലന്മാരായിരുന്ന രണ്ടു പേർ പ്രഭാതപ്രാർത്ഥനയ്ക്ക് മുമ്പേ പള്ളിയിലെത്തും. പള്ളിയുടെ പടിഞ്ഞാറെ കെട്ടിടത്തിന്റെ വരാന്തയിലിരുന്ന് പള്ളിക്കണക്കുകൾ എഴുതുന്ന ജോലിയാണ്, പള്ളിച്ചുമതലക്കാർ കൂടെയായ അവരുടെ മുഖ്യ കർത്തവ്യമായി കരുതിയിരുന്നത്. എന്നാൽ കുർബ്ബാനമദ്ധ്യേ പ്രസംഗം ആരംഭിക്കുമ്പോൾ ഇരുവരും ബദ്ധപ്പെട്ട് പള്ളിയിലെത്തും. അവർ ആരാധനയെയും അച്ചനെയും വിലയിരുത്തുന്നത് ആ പ്രസംഗത്തിന്റെ മികവ് നോക്കിയാണ്. കുർബ്ബാന എന്നും കാണുന്നതല്ലേ? അതിലെന്തു പുതുമ? എന്നാണ് അവരുടെ നിലപാട്.).

വാചാപ്രാർത്ഥനയിലും സുവിശേഷ ഗാനാലാപത്തിലും തമ്പേറടിയിലും ആവേശം നിറഞ്ഞ പ്രസംഗങ്ങളിലും മൈക്രോഫോണുകൾ സൃഷ്ടിക്കുന്ന ശബ്ദലഹരിയുടെ മായാജാലത്തിലും മാത്രം ആത്മീയതയെ തളച്ചിടുന്നവർ ഈ ഗ്രന്ഥശാലയുടെ സമീപത്തെങ്ങും വന്നിരുന്നില്ല എന്നത് അന്നും ഇന്നും ഇതെഴുതുന്ന ആളിനെ വിസ്മയിപ്പിച്ചിട്ടുള്ള സംഗതിയാണ്.

## സണ്ടേസ്കൂൾ കെട്ടിടം

പഴഞ്ഞി പള്ളിയുടെ വികാരി എന്ന നിലയിൽ 1876-ലെ മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്ത് സുന്നഹദോസിന്റെ സന്ദേശം ഇടവകയിൽ

സഫലമായി പകർന്ന ചീരൻ ഇട്ടൂപ്പ് (യൗസേഫ്) കത്തനാർ 1870-കളിൽ സ്ഥാപിച്ചതാണ് പഴഞ്ഞിയിലെ സണ്ടേസ്കൂൾ. അദ്ദേഹം നേതൃത്വം നൽകി നിർമ്മിച്ച കെട്ടിടങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തിച്ചു. പള്ളിയുടെ പടിഞ്ഞാറ് തെക്കുവടക്കായും വടക്ക് ഭാഗത്ത് കിഴക്ക് പടിഞ്ഞാറായും അദ്ദേഹം പണിയിച്ച കെട്ടിടങ്ങളിൽ വടക്കുഭാഗത്തെ ഹാൾ 1941-ലെ കൊടുങ്കാറ്റ് മൂലം നിലംപതിച്ചു. വടക്കുഭാഗത്തുണ്ടായിരുന്ന മുത്തശ്ശിമാവും അന്ന് നിലംപൊത്തിയെന്ന് പഴമക്കാരിൽ നിന്ന് കേട്ടിട്ടുണ്ട്.

പള്ളിയിൽ റിസീവർ ഭരണം നടക്കുന്ന കാലമായിരുന്നു അന്ന്. നിലംപതിച്ച സണ്ടേസ്കൂൾ കെട്ടിടം പുനരുദ്ധരിക്കുവാൻ അന്ന് യാതൊരു ശ്രമവും നടന്നില്ല. പകരം സണ്ടേസ്കൂൾ ക്ലാസ്സുകൾ പള്ളിയുടെ വടക്കേ വരാന്തയിലും (രണ്ട് ക്ലാസ്സുകൾ) തെക്കേ വരാന്തയിലും (രണ്ടു ക്ലാസ്സുകൾ) വടക്കേ വരാന്തയുടെ മുകൾഭാഗത്തും (രണ്ടു ക്ലാസ്സുകൾ) വടക്കേ പടിപ്പുരയുടെ മുകളിലെ തെക്കേ വരാന്തയിലും (ഒരു ക്ലാസ്സ്) ക്രമീകരിക്കുവാൻ റിസീവർ വികാരി ആജ്ഞാപിക്കുകയായിരുന്നു. സണ്ടേസ്കൂൾ സമയത്ത് പള്ളിയിൽ വിവാഹ ശുശ്രൂഷകൾ നടത്തേണ്ടി വരുന്നത് സ്ഥിരം കാഴ്ചയായിരുന്നു. അത്തരം സന്ദർഭങ്ങളിൽ വരാന്തകളിലെ ആറു ക്ലാസ്സുകളും മുടങ്ങുക പതിവായിരുന്നു. ഈ ഗ്രന്ഥകാരന്റെ ബാല്യകാലത്തും ഇതായിരുന്നു പതിവ്. റിസീവർ ഭരണം അവസാനിച്ച് പുതിയ വികാരിയായി ദിവ്യശ്രീ. സി. വി. ഏബ്രഹാം കത്തനാർ രംഗപ്രവേശം ചെയ്തപ്പോഴും ഈ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. സണ്ടേസ്കൂളിൽ സജീവമായി പ്രവർത്തനം ആരംഭിച്ച കെ. സി. ജോസഫച്ചൻ ഈ അവസ്ഥ പൊതുയോഗത്തിന്റെ ശ്രദ്ധയിൽപെടുത്തുകയും വടക്കുഭാഗത്ത് അവശേഷിച്ചിരുന്ന തറയുടെ മുകളിൽ ഹാൾ പണിയുവാൻ അച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. അച്ചന്റെ നേതൃത്വത്തിൽ ആ ഹാൾ ദ്രുതഗതിയിൽ നിർമ്മാണം പൂർത്തിയായി. രണ്ടു ഹാളുകളെയും യോജിപ്പിച്ച് ഒരു സ്റ്റേജ് സണ്ടേസ്കൂളിൽ അങ്ങനെയാണുണ്ടായത്. വടക്കും പടിഞ്ഞാറുമുള്ള ഹാളുകളിൽ ഇരിക്കുന്ന കാണികൾക്ക് സ്റ്റേജിൽ അവതരിപ്പിക്കുന്ന പരിപാടികൾ കാണാമായിരുന്നു. കെ. സി. ജോസഫച്ചന്റെ കലാഭിമുഖ്യമാണ് ആ സ്റ്റേജ് നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ചിരുന്നത്. അതിനുശേഷം പടിഞ്ഞാറെ ഹാളിൽ പെൺകുട്ടികളുടെ ക്ലാസ്സും വടക്കേ ഹാളിൽ ആൺകുട്ടികളുടെ ക്ലാസ്സുകളും നടത്തിവന്നു. പലപ്പോഴും സണ്ടേസ്കൂൾ വാർഷികം മുതലായ സമ്മേളനങ്ങൾ ഇതിനകത്ത് വച്ച് നടത്തുവാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി ആളുകൾ വിലയിരുത്തി.

(പള്ളിയിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ ശമ്പളം ആയിരുന്നു വൈദികരുടെ പ്രധാന വരവിനം. എങ്കിലും ആത്മീയ കർമ്മാനുഷ്ഠാനങ്ങൾ

നടത്തുന്ന വൈദികരെ ഇടവക സ്നേഹിച്ചിരുന്നു. പ്രൈമറി സ്കൂൾ അധ്യാപകവൃത്തി ഉപേക്ഷിച്ച് വൈദികവൃത്തി സ്വീകരിച്ചത് ദുഃഖിപ്പിക്കുന്നുവോ എന്ന് ഇതെഴുതുന്ന ആൾ തെക്കേക്കര അച്ചനോട് ചോദിച്ചിട്ടുണ്ട്. അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു. 'അന്ന് ദുഃഖം തോന്നിയിരുന്നില്ല. ആളുകൾ അന്നൊക്കെ കൈ നിറയെ കാശു തരുമായിരുന്നു.' എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് അന്ന് ശമ്പളമായി ലഭിച്ചിരുന്നത് അറുപത് രൂപാ പ്രതിമാസ ശമ്പളം മാത്രമായിരുന്നു. അവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ, ശമ്പള പരിഷ്ക്കരണം തുടങ്ങിയ ആനുകൂല്യങ്ങൾ ഒന്നും അന്നില്ലായിരുന്നു. പഴഞ്ഞിപള്ളിയിലെ ഒരു വൈദികന് അക്കാലത്ത് ശമ്പളം ഉൾപ്പെടെ 200 രൂപയിൽ കുറയാതെ പ്രതിമാസ വരുമാനം ഉണ്ടായിരുന്നു. പിന്നീട് പെൻഷൻ, ഗ്രാറ്റുവിറ്റി, ശമ്പള പരിഷ്കാരം, ഡി.എ. വർദ്ധന തുടങ്ങിയ ആനുകൂല്യങ്ങൾ എയ്ഡഡ് അധ്യാപകർക്ക് നടപ്പിലാക്കിയപ്പോൾ തെക്കേക്കര അച്ചൻ ദുഃഖിക്കുക തന്നെ ചെയ്തു. റിട്ടയർ ചെയ്ത കാലത്ത്, തന്റെ പ്രിയതമ ട്രഷറിയിൽ നിന്ന് വാങ്ങുന്ന പ്രതിമാസ പെൻഷന്റെ ദശാംശം പോലും തനിക്കു ലഭിക്കാതിരിക്കുന്നതിൽ അദ്ദേഹം കുണ്ഠിതപ്പെട്ടിരുന്നു. ഹൈസ്കൂൾ അദ്ധ്യാപകവൃത്തിയും വൈദികവൃത്തിയും ഒന്നിച്ച് കൊണ്ടുപോയിരുന്ന ഈ ഗ്രന്ഥകാരനോട് അദ്ദേഹം കാണുമ്പോഴൊക്കെ ഉപദേശിക്കുമായിരുന്നു: "സ്കൂളിലെ ജോലി കളഞ്ഞ് മണ്ടത്തരം കാണിക്കരുത്." സ്വജീവിതത്തിൽ അദ്ദേഹം എടുത്ത തീരുമാനം നഷ്ടക്കച്ചവടത്തിൽ കലാശിച്ചതിന്റെ നിരാശ ആ ഉപദേശത്തിൽ ധ്വനിക്കുന്നുണ്ടായിരുന്നു.)

## ഉപ ദേവാലയങ്ങൾ

പഴഞ്ഞി പള്ളിയിൽ ഞായറാഴ്ചകളിൽ ഒരു കുർബ്ബാനയേ ഉണ്ടായിരുന്നുള്ളു. തന്മൂലം രണ്ടു പേരിൽ ഒരാൾ തൃശൂർ, മരത്തംകോട് എന്നീ പള്ളികളിൽ ഞായറാഴ്ചകളിൽ തവണ നടത്തുമായിരുന്നു. യാത്രച്ചിലവും മറ്റും തട്ടിക്കിഴിച്ചാൽ ഒരു ഞായറാഴ്ച ലഭിക്കുന്ന 20 രൂപയിൽ അധികമൊന്നും ബാക്കിയുണ്ടാവില്ല. പഴഞ്ഞിയുടെ പ്രാന്തപ്രദേശങ്ങളിൽ പുതിയ പള്ളികൾ ഉണ്ടായാൽ സമയനഷ്ടവും യാത്രചിലവുകളും മറ്റും ഒഴിവാക്കാനാവുമെന്ന് രണ്ടു പേരും ചിന്തിച്ചു.

അക്കാലത്ത് മങ്ങാട്, പെരുന്തുരുത്തി, കരിക്കാട് എന്നീ സ്ഥലങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തിച്ചിരുന്നു. പഴഞ്ഞിയിൽ നവീകരണം അരങ്ങേറിയ കാലത്തിന്റെ കയ്പുകൾ പഴഞ്ഞിയുടെ ഇടവകയിൽപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ പടർന്ന് പിടിക്കാതിരിക്കാൻ, നവീകരണ വൈദികർ പള്ളിയിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടതിനെ തുടർന്ന് പള്ളിയുടെ വികാരിത്വ

ത്തിലേക്ക് പ്രവേശിച്ച ചീരൻ ഗീവറുഗീസ് കത്തനാർ ശ്രദ്ധാലുവായിരുന്നു. അദ്ദേഹം മങ്ങാട്, പെരുന്തുരുത്തി, കരിക്കാട് എന്നീ സ്ഥലങ്ങളിൽ ഞായറാഴ്ച തോറും സണ്ടേസ്കൂളും വായനായോഗങ്ങളും ആരംഭിച്ചു. 1920–കളിൽ പെരുന്തുരുത്തിയിലും 1888–ൽ മങ്ങാട്ടും 1899–ൽ കാട്ടകാമ്പിലും 1920–കളിൽ കരിക്കാട്ടും 1880–കളിൽ പെങ്ങാമുക്കിലും 1910–കളിൽ മൂലേപ്പാടും ഇപ്രകാരം വായനായോഗങ്ങളും സണ്ടേസ്കൂളുകളും ആരംഭിച്ചിരുന്നു. ഇതിൽ പെങ്ങാമുക്ക്, മൂലേപ്പാട്, കാട്ടകാമ്പാൽ എന്നിവിടങ്ങളിൽ യഥാക്രമം 1904, 1930, 1928 എന്നീ വർഷങ്ങളിൽ പള്ളികൾ രൂപംകൊണ്ടു. പഴഞ്ഞിയിലെ പട്ടക്കാർ തവണമുറയിൽ ഇവിടെ ആരാധന നടത്തി.

പിൽക്കാലത്ത് ആ ഇടവകകൾ വികസിക്കുകയും അവിടെ പൂർണ്ണസമയ വികാരിമാർ നിയമിതരാവുകയും ചെയ്തു. ഇതോടെ വായനായോഗവും സണ്ടേസ്കൂളുകളും നേരത്തെ ആരംഭിച്ചിരുന്ന കേന്ദ്രങ്ങളിൽ പള്ളി സ്ഥാപിക്കുവാൻ ആലോചനയായി. പഴഞ്ഞിയിലെ പട്ടക്കാർ 1955 മുതൽ മങ്ങാട് സണ്ടേസ്കൂൾ കെട്ടിടത്തിൽ മാസത്തിൽ ഒരു ഞായറാഴ്ച ആരാധന നടത്തി വന്നു. കെ. സി. ജോസഫ് കശീശ്ശയുടെ നേതൃത്വത്തിൽ പള്ളി പണിയുകയും 1959 മുതൽ അവിടെ മാസത്തിൽ ഒരു ഞായറാഴ്ച ആരാധന ആരംഭിക്കുകയും ചെയ്തു. 1961 മുതൽ കരിക്കാട് പള്ളിയിലും മാസത്തിലൊരു തവണ ആരാധന അർപ്പിക്കത്തക്കവിധം കെ. സി. ജോസഫ് അച്ചന്റെ നേതൃത്വത്തിൽ പള്ളിപ്പണി പൂർത്തീകരിച്ചു. 1959–ൽ മങ്ങാട് ഇടവക സ്വതന്ത്ര ഇടവകയായപ്പോൾ പഴഞ്ഞിയിലെ വൈദികർ മൂലേപ്പാട് പള്ളിയിലെ രണ്ട് ആഴ്ചകളിലെ തവണകൾ ഏറ്റെടുത്തു. അപ്പോഴും കരിക്കാട്, പെരുന്തുരുത്തി ഇടവകകൾ പഴഞ്ഞിയുടെ ഭാഗമായിരുന്നു. ആ പള്ളികളിൽ ഞായറാഴ്ച ആരാധനകൾക്ക് പുറമേ മാമ്മൂദീസാ, വിവാഹം, വഴിപാട് കുർബ്ബാനകൾ എന്നിവ നടത്തിയിരുന്നത് പഴഞ്ഞിയിലെ വൈദികർ തന്നെ. അവിടെനിന്നും ലഭിക്കുന്ന വരുമാനം അന്നത്തെ ചുറ്റുപാടിൽ വൈദികർക്ക് വലിയ പിൻബലം തന്നെയായിരുന്നു. കരിക്കാടും പെരുന്തുരുത്തിയിലും ഉള്ള പള്ളികൾ പണിയുന്നതിന് അക്ഷരാർത്ഥത്തിൽ കെ. സി. ജോസഫച്ചൻ വലിയ നേതൃത്വം വഹിച്ചു. പിൽക്കാലത്ത് പെരുന്തുരുത്തി പള്ളിക്ക് സ്വന്തമായി ഒരു ശ്മശാനം ക്രമീകരിക്കുവാൻ അച്ചൻ സാഹസികമായി നൽകിയ നേതൃത്വം അവിസ്മരണീയമാണ്. മൂലേപ്പാട് പള്ളിയുടെ തെക്കുകിഴക്കു ഭാഗത്ത് പാഴ്സണേജും ഓഫീസ് കെട്ടിടവും നിർമ്മിക്കുവാൻ അദ്ദേഹം അവിശ്രമം അദ്ധ്വാനിച്ചു. അതിനുവേണ്ടി നടത്തിയിരുന്ന 'കുറി'യുടെ പ്രവർത്തനവുമായി എല്ലാ ഞായറാഴ്ചകളിലും കുറേസമയം അദ്ദേഹം അവിടെ ചെലവഴിക്കുമായിരുന്നു. അതുപോലെ പഴഞ്ഞി ഇടവകയുടെ

കീഴിൽ പട്ടിത്തടത്തിൽ മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ് കുരിശുപള്ളിയുടെ നിർമ്മാണത്തിൽ കഥാപുരുഷന്റെ നേതൃത്വം ഫല പ്രദവും കാര്യക്ഷമവും ആയിരുന്നു. പഴഞ്ഞിപ്പള്ളിയുടെ അനാഥശാല കുരിശുപള്ളി, യെരുശലേം കുരിശുപള്ളി എന്നിവ ആധുനിക രീതിയിൽ പുനർ നിർമ്മാണം നടത്തുവാനുള്ള ആലോചനയിലും ഫണ്ട് ശേഖര ണത്തിലും അച്ചന്റെ പങ്കാളിത്തം നിസ്തുലമായിരുന്നുവെന്ന് ഈ ഗ്രന്ഥ കാരൻ ഓർക്കുന്നു. അതുപോലെ പടിഞ്ഞാറെ അങ്ങാടി കുരിശുപള്ളി, കിഴക്കുമുറി കുരിശുപള്ളി, കോട്ടോൽ കുരിശുപള്ളി, കൈതവളപ്പ് റോഡിലെ മാർ ഗ്രീഗോറിയോസ് കുരിശുപള്ളി എന്നിവ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ദാനമായും മറ്റും സമ്പാദിച്ചതും അവിടങ്ങളിൽ ഇടവകയുടെ കാവൽ മാലാഖകളെപ്പോലെയുള്ള കുരിശുപള്ളികൾ നിർ മ്മിച്ചതും അച്ചന്റെ നിർമ്മാണക്ഷമമായ പ്രതിഭയെ ഉദാഹരിക്കുന്നു. അതു പോലെ ചർച്ച് റോഡിലെ നീണ്ട ഇരുനില വാടകകെട്ടിടം, അനാഥശാല കുരിശിനോട് ചേർന്ന് റോഡരുകിൽ ഉണ്ടായിരുന്ന ഇരുനില വാടകകെട്ടിടം എന്നിവ നിർമ്മിച്ച് പള്ളിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും അച്ചന്റെ നേതൃത്വം നിർണ്ണായകം തന്നെയായിരുന്നു. പള്ളിയുടെ ശവക്കോട്ടയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ പടിഞ്ഞാറുഭാഗം സാഹസികമായി ശവ ക്കോട്ടയോട് കൂട്ടിച്ചേർത്തതും പടിഞ്ഞാറുഭാഗത്തും കിഴക്കു ഭാഗത്തും ബൃഹത്തായ സെല്ല് സമുച്ചയം പണിതീർത്തതും കഥാപുരുഷന്റെ ഭാവ നയാണ്. പള്ളിക്കും ചാകൃത്തുപറമ്പിനും ഇടയിലുണ്ടായിരുന്ന സ്ഥലം പള്ളിയുടെ ഉടമസ്ഥതയിലാക്കിയതും ചാകൃത്തുപറമ്പ്, ഐ.സി.എം. സ്കൂൾ (ഇന്നത്തെ ബസ്സേലിയോസ് സ്കൂൾ) കിഴക്കുവശത്തുള്ള പാട ത്തുകാരുടെ കെട്ടിടസമുച്ചയം എന്നിവ വാങ്ങി പള്ളിയുടെ ആസ്തി ഗണനീയമായി വർദ്ധിപ്പിച്ചതും കുറ്റിക്കാട്ടിലച്ചന്റെ വൈഭവത്തിന്റെയും ഭാവനയുടെയും ദൃഷ്ടാന്തങ്ങൾ തന്നെ. ഇവയുടെയൊക്കെ നിർമ്മാണ ത്തിലും സമ്പാദനത്തിലും അദ്ദേഹം ഏറ്റ പഴികളും ആരോപണങ്ങളും നിരവധിയാണെന്ന് ആ തലമുറയിൽ എല്ലാവർക്കും അറിയാമായിരുന്നു. എങ്കിലും സ്വന്തം ഇടവകയുടെ വികസനം ലക്ഷ്യമാക്കിയ അദ്ദേഹം അവയെ അവഗണിക്കുകയും തൃണവൽഗണിക്കുകയും ചെയ്തു. ചുരു ക്കിപ്പറഞ്ഞാൽ 1958 മുതൽ 2000 വരെ, നാലു പതിറ്റാണ്ടുകാലം പഴ ഞ്ഞിയിലും പ്രാന്തപ്രദേശങ്ങളിലും നടന്ന ദേവാലയ നിർമ്മാണം, കുരി ശുനിർമ്മാണം, കെട്ടിടനിർമ്മാണം തുടങ്ങിയുള്ള സഭാപ്രവർത്തനങ്ങ ളുടെ സംവിധായകൻ കെ. സി. ജോസഫ് അച്ചൻ ആയിരുന്നു. അവി ടെയും ഒരു കാര്യം ശ്രദ്ധേയം: അച്ചൻ പലപ്പോഴും തന്റെ പ്രവർത്തന ങ്ങളെ അണിയറയിൽ ഒതുക്കുമായിരുന്നു. വേദികളിൽ ഒന്നാം സ്ഥാനത്ത് ഇരിക്കുന്നവരിൽ അച്ചനെ പലപ്പോഴും കാണുകയില്ല. അത് അദ്ദേഹം ആഗ്രഹിക്കുകയും പതിവില്ല. വേദിയുടെ തിളക്കം വർദ്ധിപ്പിക്കുവാൻ

അണിയറയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക്, പലപ്പോഴും മുഷിഞ്ഞ കുപ്പായവുമിട്ട് ബദ്ധപ്പെട്ട് ഓടിനടക്കുന്ന ഈ കലവറക്കാരനെ വേദിക്കു മുമ്പിൽ സദസ്സിലിരിക്കുന്നവർ കണ്ടെന്നിരിക്കുകയില്ല. അവരുടെ മുമ്പിൽ എപ്പോഴും തെളിഞ്ഞു വരിക വെടിപ്പുള്ള വസ്ത്രം അണിഞ്ഞിരിക്കുന്ന 'മുഖ'ങ്ങളെ ആയിരിക്കും. അവിടെ വിളമ്പുവാനുള്ള രുചികരമായ വിഭവങ്ങൾ തയാറാക്കുവാൻ അടുക്കളഭാഗത്ത് കരിപുരണ്ട വസ്ത്രവുമായി അലയുന്ന പാചകശാസ്ത്രജ്ഞനെ ആരും ഓർക്കുകയില്ല. കൺവൻഷൻ നടക്കുമ്പോൾ, സണ്ടേസ്കൂൾ കുട്ടികൾക്ക് ഭക്ഷണം തയാറാക്കുമ്പോൾ, ഇടവകസദ്യ ഒരുക്കുമ്പോൾ, ഇടവകയിൽ മെത്രാപ്പോലീത്താമാർ തുടങ്ങിയ വിശിഷ്ട സന്ദർശകർ വരുമ്പോൾ അതിഥികളെ സ്വീകരിക്കുവാനും അവരെ യഥാസ്ഥാനങ്ങളിൽ ആദരിച്ചിരുത്തുവാനും കെ. സി. ജോസഫ് കശ്ശീശാ രംഗത്തുണ്ടാവുകയില്ല. അഞ്ചു മെത്രാച്ചന്മാരെ പഴഞ്ഞിയിൽ വച്ച് വാഴിച്ചപ്പോൾ മദ്ബഹായിൽ അച്ചന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല എന്ന് ഈ ഗ്രന്ഥകാരൻ ഓർക്കുന്നു. പരിപാടികൾ ഭംഗിയാക്കാൻ, അതിഥികളെ ക്ഷണിക്കുവാൻ, അതിന്റെ ആസൂത്രണം നടത്തുവാൻ, അതിഥികൾക്ക് ക്ഷണക്കത്തുകൾ അയക്കാൻ, നോട്ടീസുകൾ തയാറാക്കുവാൻ നിരന്തരം യാത്രചെയ്യുന്നതും പ്രസ്സുകളിൽ കാവൽ കിടക്കുന്നതും, ഓഫീസിൽ ഉറക്കമൊഴിഞ്ഞിരിക്കുന്നതും, മുൻ കൊല്ലങ്ങളിൽ താൻ തന്നെ എഴുതിസൂക്ഷിച്ച ഫയലുകളിലെ കണക്കുകൾ നോക്കി ആവശ്യമായ പദാർത്ഥങ്ങളുടെ ലിസ്റ്റ് തയാറാക്കുന്നതും ജോലിക്കാരെ ക്രമീകരിക്കുന്നതും പാചകശാലയിൽ മുഴുവൻ സമയവും ചെലവഴിച്ച് ജോലിക്കാരെ ഉത്സാഹപ്പെടുത്തുന്നതും ഈ കർമ്മകുശലനായ വൈദികന്റെ അലിഖിത ജോലിയായിരുന്നു. അതിൽ അദ്ദേഹം സംതൃപ്തനുമായിരുന്നു.

### പള്ളിഓഫീസും രേഖകളും

ഒരു നൂറ്റാണ്ടിലധികമായി പഴഞ്ഞിപള്ളിയിൽ വേതനം പറ്റുന്ന ക്ലാർക്കുദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും പള്ളിയുടെ പ്രതിദിന കണക്കുകൾ എഴുതുന്നതിനപ്പുറം എന്തെങ്കിലും ജോലി തങ്ങൾക്ക് ചെയ്യാനുണ്ടെന്ന് അക്കാലത്തും ക്ലാർക്കുമാർ കരുതിയിരുന്നില്ല. വൈദികരോ കൈസ്ഥാനികളോ അത്തരമൊരു പ്രവർത്തനം അവരിൽനിന്നു പ്രതീക്ഷിച്ചിരുന്നുമില്ല. റിസീവർ ഭരണകാലത്ത് ഈ അരാജകാവസ്ഥ അതിന്റെ മൂർദ്ധന്യദശയിൽ എത്തിയിരുന്നു. സി. വി. ഏബ്രഹാം അച്ചൻ ആദ്യകാലത്തു പോലും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനെപ്പറ്റി ബോധ്യമുള്ള ആളായിരുന്നു എന്ന് തോന്നുന്നില്ല. ഈ കുഴഞ്ഞുമറിഞ്ഞ അവസ്ഥയാണ് 1950-കളിൽ പഴഞ്ഞിപള്ളിയിലുണ്ടായിരുന്നത്. കെ. സി. ജോസഫ് അച്ചൻ ഈ രംഗത്ത് ശ്രദ്ധപതിപ്പിച്ചതോടെ ഓഫീസ് കാര്യങ്ങൾക്ക്

കൃത്യത കൈവന്നു. പള്ളിയിൽ ലഭ്യമായ പുസ്തകങ്ങളെ അദ്ദേഹം ആദ്യം വർഗ്ഗീകരിച്ചു. വിവാഹം, ശവസംസ്കാരം, മാമ്മൂദീസാ എന്നിവയ്ക്ക് സ്ഥിരമായ രജിസ്റ്ററുകൾ ഉണ്ടായിരുന്നില്ല. പല നോട്ടുപുസ്തകങ്ങളിൽ എഴുതിവയ്ക്കുന്ന വിവരങ്ങൾ പിന്നീട് തേടിയെടുക്കുവാൻ എളുപ്പമായിരുന്നില്ല. വളരെ ക്ലേശിച്ച് നോട്ടുപുസ്തകങ്ങൾ ശേഖരിച്ച് ഇനംതിരിച്ച് കാലാനുക്രമത്തിൽ ക്രമീകരിച്ചു. ഓരോ ഇനത്തിനും പ്രത്യേകം രജിസ്റ്ററുകൾ തയാറാക്കി. ഓരോ രജിസ്റ്ററിനും ആവശ്യമായ കോളങ്ങൾ അദ്ദേഹം തന്നെ വരച്ചുണ്ടാക്കി. പിന്നീട് സ്വന്തം കൈപ്പടയിൽ അവ രജിസ്റ്ററുകളിലേക്ക് പകർത്തി. കുറഞ്ഞപക്ഷം 1900 മുതലുള്ള, പള്ളിയിലെ കർമ്മാനുഷ്ഠാനങ്ങൾക്ക് അദ്ദേഹം രേഖയുണ്ടാക്കി. അതു കഴിഞ്ഞാണ് അദ്ദേഹം ഇടവക രജിസ്റ്റർ നിർമ്മാണത്തിനായി ഉദ്യമിച്ചത്. ഇടവകയെ വാർഡുകൾ, അങ്ങാടികൾ എന്ന് വേർതിരിച്ച് ഒരു കുടുംബത്തിന് ഒരു പേജ് എന്ന നിലയിൽ പേജു നമ്പറുള്ള തടിച്ച രജിസ്റ്ററിൽ ഓരോ വീട്ടിലേയും അംഗങ്ങളുടെ പേര്, ജനനതീയതി, വിദ്യാഭ്യാസം, ജോലി, വിവാഹം, മരണം എന്നിങ്ങനെയുള്ള വിവരങ്ങൾ ശേഖരിച്ചു തുടങ്ങി. അതൊരു 'ഹെർക്യുലിയൻ ടാസ്ക്' തന്നെയായിരുന്നു. ഇടവകയിലെ ഓരോ വീട്ടിലും കയറി ഇറങ്ങി വിവരങ്ങൾ ശേഖരിക്കുവാൻ കുറെ സമയമെടുത്തു. ശേഖരിച്ച വിവരങ്ങൾ രജിസ്റ്ററിലേക്ക് സ്വന്തം കൈപ്പടയിൽ പകർത്തി. ഏതാനും വർഷങ്ങൾകൊണ്ടാണ് ഈ പ്രവർത്തനം പൂർത്തീകരിക്കാനായത് (അക്കാലത്ത്, തവണയുള്ള പട്ടക്കാർ പള്ളിയിൽ താമസിക്കുന്ന മഹനീയമായ പതിവുണ്ടായിരുന്നു. രണ്ടു വൈദികരും കപ്യാരും സ്വന്തം വീട്ടിൽനിന്ന് ഭക്ഷണം കഴിച്ച് അതത് തവണകളിൽ പള്ളിയിൽ അന്തിയുറങ്ങുമായിരുന്നു. സി. വി. ഏബ്രഹാം അച്ചൻ ആദ്യകാലത്ത് പടിഞ്ഞാറെ പടിപ്പുരയുടെ മുകളിലും പ്രായമായപ്പോൾ വടക്കേ പടിപ്പുരയുടെ കീഴിൽ കിഴക്കേ മുറിയിലുമാണ് താമസിച്ചിരുന്നത്. കെ. സി. ജോസഫ് അച്ചൻ ആദ്യം മുതൽ അവസാനം വരെയും വടക്കേ പടിപ്പുരയുടെ മുകൾഭാഗത്താണ് താമസിച്ചിരുന്നത്. കിഴക്ക് ഭാഗത്തെ മുറി കിടപ്പുമുറിയായും പടിഞ്ഞാറുഭാഗത്തെ വിശാലമായ മുറി ഓഫീസു മുറിയായും അദ്ദേഹം ഉപയോഗിച്ചു. ഈ വിശാലമായ മുറി ആദ്യം രണ്ടു മുറിയായി തിരിച്ചിരുന്നു. മൂന്ന് വൈദികർ ഇടവകയിൽ പ്രവർത്തിച്ചിരുന്ന അക്കാലത്ത് ഓരോ മുറി ഓരോ വൈദികന്റെ താമസത്തിനായി ക്രമീകരിച്ചിരുന്നു.).

വടക്കേ പടിപ്പുരയുടെ മുകളിലെ മുറിയിൽ അർദ്ധരാത്രി കഴിഞ്ഞിട്ടും ഏകനായി ഏകാഗ്രതയോടെ വർഷങ്ങൾ തപംചെയ്ത് ഉണ്ടാക്കിയതാണ് പഴഞ്ഞിപ്പള്ളിയിലെ രജിസ്റ്ററുകൾ എന്ന് പിൻമുറക്കാർ അറിഞ്ഞിരിക്കാനിടയില്ല. അതാരെങ്കിലും അറിയണമെന്ന് അച്ചൻ ആഗ്രഹിച്ചിരുന്നുമില്ല.

ഈ ഏകാന്തസേവനത്തിന് സഹായികൾ ആരും ഉണ്ടായിരുന്നില്ല. ഒരു തരം ഉൾവിളിയുടെ പ്രേരണയാലെന്നവിധം ഈ ഭാരിച്ച ഉത്തരവാദിത്തം അദ്ദേഹം സ്വയമായി ഏറ്റെടുത്ത് പൂർത്തീകരിച്ചു. ഇടവകയെ സംബന്ധിച്ച സൂക്ഷ്മാംശങ്ങൾപോലും ആധികാരികമായി പറയാൻ അദ്ദേഹത്തിന് കരുത്തു പകർന്നത് ഈ നിശ്ശബ്ദ സേവനത്തിലൂടെ അദ്ദേഹം ആർജ്ജിച്ച അറിവിന്റെ പിൻബലത്തിലാണ്. ഓരോ വർഷവും നടത്തുന്ന പ്രത്യേക സംഭവങ്ങൾക്ക് അദ്ദേഹം പ്രത്യേക രജിസ്റ്ററുകൾ തയാറാക്കിയിരുന്നു. പെരുന്നാൾ സദ്യ, ഇടവക സദ്യ, നോമ്പുകാലത്തെ ഞായറാഴ്ചകളിലെ കഞ്ഞിവിതരണം, ഓരോ വർഷത്തെയും കൺവൻഷൻ നടത്തിപ്പ് തുടങ്ങിയവയുടെ രജിസ്റ്ററിൽ ഓരോ ആഴ്ചയും ചെലവാക്കുന്ന അരി, മത്സ്യ മാംസങ്ങൾ, പച്ചക്കറികൾ, പലചരക്കുസാധനങ്ങൾ എന്നിവയുടെ അളവും തൂക്കവും അദ്ദേഹം രേഖപ്പെടുത്തി വയ്ക്കും. അടുത്ത കൊല്ലത്തെ കാര്യങ്ങളുടെ കൈസ്ഥാനികൾ പുതിയ ആളുകൾ ആയിരുന്നാലും ഈ രജിസ്റ്റർ നോക്കി ആവശ്യമായ സാധനങ്ങൾ വാങ്ങാനും അനാവശ്യ ചിലവുകൾ ഒഴിവാക്കാനും കഴിയുമായിരുന്നു. പെരുന്നാളിന്റെ സദ്യയുടെ വിഭവങ്ങൾ കൊടുത്തയയ്ക്കാനുള്ള അവകാശികൾ, ഓരോരുത്തർക്കും കൊടുക്കാനുള്ള പദാർത്ഥങ്ങളുടെ അളവുകൾ, വാദ്യക്കാരുടെ ചെലവുകൾ, പോലീസുകാർക്ക് വേണ്ടിവന്ന ചെലവുകൾ, എന്ന് വേണ്ട സാധാരണക്കാർ അവഗണിക്കുന്ന നിസ്സാരകാര്യങ്ങൾ പോലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കുന്ന ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു. ഇടവകയിലെ വൈദികരിൽ ഒരാൾ മേല്പട്ടക്കാരുമായി കുശലം പറയുക, പള്ളിയാരാധനകളിൽ പങ്കെടുക്കുക തുടങ്ങിയ 'വലിയ' കാര്യങ്ങളിൽ ഉത്സാഹിക്കുമ്പോൾ, മറ്റൊരാൾ സദ്യയുടെ വിശദാംശങ്ങൾ ശ്രദ്ധിക്കുവാനും ക്ഷണിക്കപ്പെട്ടുവന്ന വൈദികർക്ക് ഭക്ഷണം നൽകുവാനും അവരുടെ സുഖസൗകര്യങ്ങൾ ഉറപ്പ് വരുത്തുവാനും പള്ളിയിൽ, നാനാഭാഗങ്ങളിൽ നിന്നെത്തുന്ന നാനാജാതിമതസ്ഥരായ ആളുകൾ കൊണ്ടുവരുന്ന വഴിപാട് സാധനങ്ങൾ ശേഖരിച്ച് ഇനംതിരിച്ച് വക്കുവാനും പാചകശാലയിലേക്ക് വിഭവങ്ങൾ അളന്ന് നൽകുവാനും പാചകശാലയിലെ പാചകക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനുമായി നേരം വെളുക്കുവോളം ഓഫീസ് മുറിയുടെ പരിസരത്ത് ഉറക്കമൊഴിഞ്ഞ് പ്രവർത്തനനിരതനായി ഇരിക്കുന്നുണ്ടാവും. പെരുന്നാൾ ദിവസം അല്പനേരമെങ്കിലും ഉറങ്ങുവാനോ സ്വന്തം വീട്ടിൽ വരുന്ന അതിഥികളെ സന്ദർശിക്കുവാനോ ഇദ്ദേഹത്തിന് സമയം ലഭിക്കാറില്ല. പള്ളിയിൽ വരുന്ന അതിഥികൾ ആയ വൈദികർ സന്ധ്യാനമസ്കാരവും ഭക്ഷണവും കഴിഞ്ഞാൽ വടക്കേ പടിപ്പുരയുടെ മുകളിലുള്ള അച്ചന്റെ മുറിയിൽ ഒന്നിച്ചു കൂടും. പറയത്തക്ക സൗകര്യമൊന്നുമില്ലെങ്കിലും എല്ലാ വൈദികരും സസന്തോഷം രാത്രിസമയം മുഴുവൻ അവിടെ കഴിച്ചുകൂട്ടും. ചിലർ നിരുപദ്ര

വമായ വിനോദങ്ങളിൽ മുഴുകും, ചിലർ സംസാരങ്ങളിൽ മുഴുകും. പരസ്പരം ഭാരങ്ങളും വിഷമങ്ങളും പ്രതിസന്ധികളും പങ്കുവയ്ക്കും. ഇരുപത്തിഅഞ്ചിൽ കുറയാത്ത വൈദികർ പെരുന്നാൾ കഴിഞ്ഞ് പഴഞ്ഞിയിൽ നിന്ന് മടങ്ങുക ഭാരം കുറഞ്ഞ മനസ്സോടുകൂടി ആയിരിക്കും, പിരിമുറുക്കം കുറയ്ക്കാൻ ഉതകുന്ന ഈ അസുലഭ സന്ദർഭം അടുത്തവർഷവും ഉപയോഗപ്പെടുത്തണമെന്ന് പ്രതിജ്ഞയെടുത്താണ് ഓരോരുത്തരും മടങ്ങുക. അത്ര ഹൃദ്യമായിരുന്നു കെ. സി. ജോസഫച്ചൻ വൈദികർക്ക് നൽകുന്ന ഉപചാരങ്ങൾ. പെരുന്നാൾ ദിവസം അച്ചന്റെ താമസസ്ഥലം വരുന്നവർക്ക് സ്വന്തം തന്നെയായിരുന്നു. അക്കാലത്ത് പ്രദക്ഷിണം നടത്തിയിരുന്നത് പുലർച്ചെയാണ്. സമയമാകുമ്പോൾ ഉറങ്ങിയവരും ഉറങ്ങാത്തവരും ബദ്ധപ്പെട്ട് കറുത്ത കുപ്പായമണിഞ്ഞ് വടക്കേ കെട്ടിടത്തിൽ നിന്ന് വരിവരിയായി പള്ളിയിലേക്ക് നീങ്ങുന്നത് ഓർക്കാൻ രസമുള്ള  കാഴ്ചയാണ്.

ഓരോ പത്തു കൊല്ലം കഴിയുമ്പോഴും ഇടവകയുടെ സെൻസസ് എടുക്കണമെന്നത് അച്ചന് നിർബന്ധമായിരുന്നു. ഈ സ്ഥിതിവിവരക്കണക്കുകൾ ഇടവക രജിസ്റ്ററിൽ ചേർത്ത് അവ അപ്ഡേറ്റ് ചെയ്യുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഓരോ കൊല്ലവും ഇടവകയിൽ നടക്കുന്ന മാമ്മൂദീസാ, വിവാഹം, മരണം എന്നിവയുടെ ചാർട്ടുകൾ തയാറാക്കി വിവിധ കളർ പെൻസിലുകളിൽ അവ രേഖപ്പെടുത്തിയ ഗ്രാഫ് അദ്ദേഹം റിട്ടയർ ചെയ്യുന്നതുവരെയും തയാറാക്കി ഓഫീസിൽ ആളുകൾക്ക് പരിശോധിക്കാനായി വച്ചിരുന്നു. അദ്ദേഹത്തിന്റെ റിട്ടയർമെന്റിന് ശേഷം ആ ബോർഡ് അനാഥമായും ഉദാസീനമായും അപ്ഡേറ്റ് ചെയ്യാതെയും പള്ളിയുടെ സൈഡ് മുറിയിൽ ഉപയോഗശൂന്യമായ 'വസ്തു'ക്കളിലൊന്നായി ഉപേക്ഷിച്ചു കിടക്കുന്ന സങ്കടകരമായ കാഴ്ച ഇതെഴുതുന്ന ആളെ ദുഃഖിപ്പിച്ചിട്ടുണ്ട്. അത് തയാറാക്കുവാൻ അച്ചൻ സഹിച്ച വേദനകളും അധ്വാനങ്ങളും ഇത്ര വേഗം വിസ്മരിക്കപ്പെട്ടതിൽ വിസ്മയം തോന്നി.

ശ്മശാനത്തിലുള്ള എല്ലാ കല്ലറകൾക്കും നമ്പർ നൽകി അവയ്ക്കും അദ്ദേഹം ഒരു രജിസ്റ്റർ തയാറാക്കി. ശ്മശാനത്തിന്റെ സ്ഥലപരിമിതി മുൻകൂട്ടി കണ്ട അദ്ദേഹം വിപുലമായ രണ്ടു സെൽ സമുച്ചയങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. ചുരുക്കിപ്പറഞ്ഞാൽ പഴഞ്ഞിപള്ളിയുടെ ഓഫീസിന്റെ മികവ് വളർത്തി പരിപക്വമാക്കിയതിന്റെ പൂർണ്ണ ബഹുമതി അർഹിക്കുന്നത് കെ. സി. ജോസഫ് അച്ചനാണ് എന്നത് ഈ ഗ്രന്ഥകാരന് നേരിട്ട് അറിവുള്ള കാര്യമാകയാൽ അത് സന്തോഷപൂർവ്വം സാക്ഷ്യപ്പെടുത്തുന്നു.

**പള്ളിയാരാധനകൾ**

പള്ളിയിലെ ആരാധനകൾ ചിട്ടയായി നടത്തുന്നതും ശുശ്രൂഷക്കാരെ

അർത്ഥപൂർണ്ണമായി ശുശ്രൂഷയിൽ സഹായിക്കത്തക്കവിധം സജ്ജമാക്കുകയും ചെയ്യുക എന്നത് അന്നും ഇന്നും വൈദികരുടെ ഭാരിച്ച ഉത്തരവാദിത്തമാണ്. ഒരു മദ്ബഹായിലെ ശുശ്രൂഷകരുടെ എണ്ണം ഏഴ് മതി എന്ന് ഹൂദായകാനോൻ അപ്പോസ്തോലിക നടപടിയെ ഉദ്ധരിച്ചിട്ടുള്ളത് അർത്ഥവത്താണ്. മദ്ബഹായിലെ ശുശ്രൂഷയ്ക്ക് അത്രയും പേരുടെ സാന്നിധ്യം ധാരാളം മതിയാകും. അതിൽ കൂടുതൽ ശുശ്രൂഷകരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ആരാധന ഭംഗിയാക്കുവാനല്ല, അഭംഗിയാക്കുവാനാണ് സഹായിക്കുക. പത്തും നാല്പതും ശുശ്രൂഷകന്മാർ ഒരേസമയത്ത് മദ്ബഹായിൽ സന്നിഹിതരാകുന്നതിന്റെ പ്രശ്നങ്ങൾ പല പള്ളികളിലും നാം കണ്ടുവരാറുണ്ട്. സ്വന്തം സാന്നിധ്യം ആളുകളെ അറിയിക്കുവാൻ ശുശ്രൂഷക്കാർ അനാവശ്യമായി തെക്കുനിന്ന് വടക്കോട്ടും വടക്കുനിന്ന് തെക്കോട്ടും അലക്ഷ്യമായി നടക്കുന്നതും കരിമണം വമിക്കുന്ന ധൂപക്കുറ്റിയുടെ ചുറ്റും തീയുണ്ടാക്കാൻ എന്ന ന്യായത്തിൽ മൂന്നുനാലു പേർ അധ്വാനിക്കുന്നതും വായനകളിൽ വ്യക്തതയും കൃത്യതയും പുലർത്താത്തതും വിശേഷ ദിവസങ്ങളിൽ അവർ വെറും ആൾക്കൂട്ടമായി തരം താഴുന്നതും അസാധാരണമല്ല.

അഞ്ച് പതിറ്റാണ്ട് മുമ്പ്, വി. കുർബ്ബാനക്രമത്തിലെ പാട്ടുകൾ നിലവിൽ വന്നിരുന്നു എങ്കിലും മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നിങ്ങനെയുള്ള കൂദാശക്രമത്തിലെ ഗാനങ്ങളും യൽദാ, ദനഹാ, ഓശാന, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ്, പെന്തിക്കോസ്തി എന്നിങ്ങനെ ആണ്ടുതക്സായിലെ ഗാനങ്ങളും മലയാളത്തിൽ ലഭ്യമായിരുന്നില്ല. അവയുടെ ഗദ്യപരിഭാഷകൾ മാത്രമേ മലയാളത്തിലേക്ക് സംക്രമിച്ചിരുന്നുള്ളു. ഗാനങ്ങൾ എല്ലാം സുറിയാനിയിൽ തന്നെയാണ് ചൊല്ലിയിരുന്നത്. ഇതിൽ ശുശ്രൂഷകരെ സജ്ജരാക്കുവാൻ വേണ്ടത്ര ശ്രമങ്ങൾ നടന്നിരുന്നില്ല. സുറിയാനി പഠിക്കുന്നതിൽ ശുശ്രൂഷക്കാർക്ക് താല്പര്യവും കുറവായിരുന്നു. കപ്യാർ ജോലിയിൽനിന്ന് മത്തായി ജ്യേഷ്ഠൻ പിരിഞ്ഞ് വറീയത് ജ്യേഷ്ഠൻ തൽസ്ഥാനത്തു പ്രവേശിച്ചിരുന്നു. കപ്യാർ വറീയതിന്റെ ഇളയ സഹോദരൻ ശാമുവും കപ്യാർ ജോലിയിൽ ജ്യേഷ്ഠനെ സഹായിച്ചിരുന്നു.

കെ. സി. ജോസഫ് അച്ചൻ മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നീ ശുശ്രൂഷകളിലെ മുഴുവൻ ഗാനഭാഗങ്ങളും മലയാളം ലിപിയിൽ പകർത്തിയെഴുതി വറീയതിനെയും ശാമുവിനെയും പരിശീലിപ്പിച്ചു.

'അയ്ത്താവ് ല് മൊറിയോ' എന്ന് മാമ്മൂദീസായിലും 'ബ്രിക് ദ് ഹാദീല ശ്മായോനേ' തുടങ്ങി വിവാഹത്തിനും 'മശിഹോ ദമിലെക് നൂഹോമ്മോ' എന്ന് ശവസംസ്കാരത്തിലും ഉള്ള ഗാനങ്ങൾ പൂർണ്ണമായും അച്ചൻ

സ്വന്തം കൈയക്ഷരത്തിൽ എഴുതിയത് രണ്ടുപേരെയും പരിശീലിപ്പിച്ചു. ശുശ്രൂഷകളിൽ അതൊരു ആശ്വാസമായിരുന്നു. അച്ചന്മാരോടൊപ്പം സുറിയാനിഗാനങ്ങൾ ചൊല്ലുന്നത് അന്തസ്സായി കപ്യാർമാർക്ക് തോന്നിയിരിക്കണം. അവർ ഇരുവരും ഏറെ വൈകാതെ ആ ഗാനങ്ങൾ ഹൃദിസ്ഥമാക്കി. സുറിയാനി പുസ്തകത്തിൽ നോക്കി അവർ പാട്ടുപാടുമ്പോൾ നേരത്തെ ഹൃദിസ്ഥമാക്കിയ പാട്ടുകൾ ആണ് ചൊല്ലുന്നതെന്ന് ആർക്കും വേർതിരിച്ചറിയാനാവില്ല. നമസ്കാരങ്ങൾക്ക് ശേഷം ചൊല്ലുന്ന കുക്കിലിയോനുകളും ഇതേമട്ടിൽ അവർ ചൊല്ലുമായിരുന്നു. അക്കാലത്ത് ഈ സുറിയാനി ചൊല്ലലിന്റെ ഗുട്ടൻസ് ഞങ്ങൾക്കൊന്നും പിടികിട്ടിയിരുന്നില്ല. അവർക്ക് സുറിയാനി അറിയാമെന്ന് തന്നെയാണ് ഞങ്ങളും അന്ന് ധരിച്ചിരുന്നത്. പിൽക്കാലത്ത് അവർക്ക് പഠിക്കാനായി അച്ചൻ എഴുതിയ 'സുറിയാനി' കണ്ടപ്പോഴാണ് രഹസ്യം ഞങ്ങൾക്ക് പിടികിട്ടിയത്.

അന്ന് മദ്ബഹായിൽ ശുശ്രൂഷിച്ചിരുന്നവർ താഴെ പറയുന്നവരാണ്: 1. ചിരിയാക്കു ജ്യേഷ്ഠൻ, 2. പൗലൂസ് താന്നിക്കൽ, 3. എ. വി. തമ്പി, 4. ജോസ്, 5. ഈ ലേഖകൻ, 6. എ. ഐ. ഏബ്രഹാം.

മങ്ങാട് പള്ളിയിൽ വി. കുർബ്ബാനയില്ലാത്ത ദിവസങ്ങളിൽ കൊച്ചുണ്ണി, കെ. എ. പോൾ (ഇപ്പോഴത്തെ കാതോലിക്കാ പൗലൂസ് ദ്വിതീയൻ ബാവാ) എന്നിവരും കാണും. ധൂപക്കുറ്റി എടുക്കുന്നത് മിക്കവാറും ദിവസങ്ങളിൽ പോളോ, ഞാനോ ആയിരിക്കും. പഴയനിയമ വായനയും രണ്ടാം ശ്ലീഹായും അഞ്ചാം തുബ്ദേനും ചിരിയാക്കു ജ്യേഷ്ഠന് അവകാശമായി കൊടുത്തിരുന്നു. എന്നാലും ചില വായനകളിൽ ചില തർക്കങ്ങളും പിണക്കങ്ങളും ഉണ്ടാകാറുണ്ടായിരുന്നു. ഇവ പരിഹരിക്കുവാൻ ജോസഫച്ചൻ ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കി. കുർബ്ബാനക്രമത്തിന്റെ ആറ് പ്രതികൾ അച്ചൻ സംഘടിപ്പിച്ച് അച്ചന്റെ പെട്ടിയിൽ സൂക്ഷിച്ചു. ഓരോരുത്തർക്കും മദ്ബഹായിൽ പ്രവേശിച്ചാൽ ഓരോ പുസ്തകം നൽകും. പുസ്തകങ്ങൾ കിട്ടിയവർ വായിക്കേണ്ടുന്ന ഭാഗങ്ങൾ അതത് പുസ്തകങ്ങളിൽ അടയാളപ്പെടുത്തിയിരിക്കും. തന്മൂലം തർക്കങ്ങൾ ഉണ്ടാവാൻ അവസരം തീരെ ഇല്ലാതായി. ഇന്ന് പഴഞ്ഞിപള്ളിയുടെ മദ്ബഹായിലെ ആൾക്കൂട്ടവും തജ്ജന്യമായ അച്ചടക്കരാഹിത്യവും കാണുമ്പോൾ അച്ചന്റെ നേതൃത്വത്തിൽ അക്കാലത്ത് നടന്ന ക്രമീകരണങ്ങളെപ്പറ്റി 'വെറുതെ' ഓർത്തുപോകാറുണ്ട്.

അക്കാലത്ത് സുറിയാനി പഠിക്കുവാൻ എനിക്ക് മോഹം തോന്നി. അന്ന് ഞങ്ങളുടെ മാതൃകാപുരുഷനായി കരുതിയിരുന്ന ഏബ്രഹാം അച്ചനോട് ഞാൻ എന്റെ മോഹം പങ്കുവച്ചു. ഞാൻ അന്ന് പഴഞ്ഞി ഹൈസ്കൂളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുകയാണ്. പലവട്ടം ആഗ്രഹം അറിയിച്ചിട്ടും അച്ചൻ സമയമില്ല, സമയമായില്ല എന്ന് ആവർത്തിച്ചത് കേട്ട് എനിക്ക് നിരാശ

യായി. തോറ്റ് പിന്മാറുവാൻ എനിക്ക് മനസ്സില്ലാത്തതുകൊണ്ട് അല്പം ഭയത്തോടെ ജോസഫ് അച്ചനോട് ആഗ്രഹം പറഞ്ഞു. അച്ചൻ എന്നെ പിന്തിരിപ്പിക്കുവാനാണോ എന്ന് ഇപ്പോഴും എനിക്ക് നിശ്ചയമില്ല, പറഞ്ഞതിങ്ങനെയാണ്, 'അഞ്ചു പേർ തയാറുണ്ടെങ്കിൽ പഠിപ്പിക്കാം.' അഞ്ചു പേരെ എങ്ങനെ സംഘടിപ്പിക്കും? എളുപ്പമല്ല. പോൾ വരാമെന്ന് ഉടനെ സമ്മതിച്ചു. പിന്നെ പലവട്ടം പ്രലോഭിപ്പിച്ചശേഷം ഏബ്രഹാം, ജോൺ കുട്ടി, സി. വി. ശാമു എന്നിവരും തയാറായപ്പോൾ അഞ്ചുപേർ തികഞ്ഞു. വിവരം ഞാൻ അച്ചനെ അറിയിച്ചു.

വടക്കേ പടിപ്പുരയുടെ കിഴക്കുഭാഗത്ത് ചുമരിൽ ബോർഡുണ്ടായിരുന്ന ഹാളിലായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്. പോളും ഞാനും മാത്രമേ പതിവായി ക്ലാസ്സിൽ വന്നിരുന്നുള്ളു. അക്ഷരങ്ങൾ ആദ്യം പരിചയപ്പെടുത്തി. പിന്നീട് സ്വരങ്ങൾ ചേർത്ത ഉച്ചാരണം പഠിപ്പിച്ചു. ചില നാമങ്ങളും ക്രിയകളും ചേർത്ത് കൊച്ചുകൊച്ചു വാക്യങ്ങൾ വിവർത്തനം ചെയ്യാൻ പഠിപ്പിച്ചു. അച്ചന്റെ കൈവശമുള്ള ഒന്നാംപാഠ പുസ്തകം അടിസ്ഥാനമാക്കിയാണ് അച്ചൻ പഠിപ്പിച്ചിരുന്നത്. വീട്ടിലുണ്ടായിരുന്ന സുറിയാനി വേദപുസ്തകത്തിലെ സങ്കീർത്തനം 119-ാം അധ്യായത്തിൽ നിന്ന് സുറിയാനി വ്യഞ്ജനാക്ഷരങ്ങൾ മുഴുവൻ ഞാൻ നേരത്തെ സ്വയം പഠിച്ചിരുന്നു. എന്നാൽ അവ സ്വരം ചേർത്തു കൂട്ടിവായിക്കാൻ പരിശീലിച്ചത് ഇപ്പോഴാണ്. വീട്ടിൽ അച്ചടിച്ചതും കൈയെഴുത്തുമായി ഉപ്പാപ്പന്റെ (പഴഞ്ഞിയിലെ മൂപ്പച്ചനും മുൻ വികാരിയുമായ എന്റെ പിതാമഹൻ റവ. ഫാ. ഗീവറുഗീസ് ചീരൻ) പല പുസ്തകങ്ങളും വീട്ടിലുണ്ടായിരുന്നതുകൊണ്ട് വീട്ടിൽ വെച്ച് സ്ഥിരപരിശ്രമത്തിലൂടെ വാക്കുകൾ അനായാസം കൂട്ടിവായിക്കാൻ ഞാൻ പരിശീലിച്ചു. 'ബ്ദൂൽ' എന്ന് പറയുന്ന ബേസ്, ദോലത്ത്, വാവ്, ലോമത് എന്നീ പ്രത്യയങ്ങൾ ചേർത്ത് വാക്യം വിപുലീകരിക്കുന്ന അദ്ധ്യായത്തോടെ പഠനം അവസാനിച്ചു. അതിനപ്പുറത്തേക്ക് കടക്കുവാൻ അച്ചനും ഉദ്ദേശിച്ചിരുന്നില്ല. കൂട്ടിവായിക്കാറാവുക, പള്ളിശുശ്രൂഷകളിൽ അച്ചനെ സഹായിക്കുക അതിനാവശ്യമുള്ള സുറിയാനി ജ്ഞാനം നൽകുക - അത്രയേ അച്ചൻ ഉദ്ദേശിച്ചിരുന്നുള്ളു എന്ന് തോന്നുന്നു. ഞങ്ങൾ രണ്ടുപേരും അത്യുത്സാഹം കാണിച്ചതിനാൽ രണ്ടാഴ്ചയോളം നടന്ന ക്ലാസ്സുകൾകൊണ്ട് ഞങ്ങൾ അതിന് പ്രാപ്തരായി. സന്ധ്യാനമസ്കാരത്തിന് നേരത്തെ പള്ളിയിൽ ഹാജരാവുകയും നമസ്കാര മേശപ്പുറത്ത് എപ്പോഴും ലഭ്യമായ ആനീദാക്രമം എടുത്ത് മാമ്മൂദീസായുടെയും മറ്റും ക്രമങ്ങളിലെ സുറിയാനി പാട്ടുകൾ പാടി ദൃഢപ്പെടുത്തുന്നതും അന്ന് എനിക്ക് ഹരമായിരുന്നു എന്ന് ഇന്ന് ഓർക്കുന്നു. പിന്നീട് അച്ചനോടൊപ്പം ശുശ്രൂഷകളിൽ ഈ ഗാനങ്ങൾ പാടുവാൻ ഞങ്ങൾക്ക് ധൈര്യം വന്നു. പുറമെ അച്ചനിൽ കാണുന്ന ഗൗരവം

കൃത്രിമസൃഷ്ടിയാണെന്നും പ്രകൃത്യാ അദ്ദേഹം വാത്സല്യവും സ്നേഹവും കരുതലും മാധുര്യവും ഉള്ള ആളാണെന്നും ഞങ്ങൾ തിരിച്ചറിഞ്ഞത് അക്കാലത്താണ്.

ദുഃഖവെള്ളിയാഴ്ച ഉൾപ്പെടെ രണ്ടു വൈദികരും ഒന്നിച്ച് സന്നിഹിതരാകുന്ന ആരാധനകളിൽ രണ്ട് ഗൂദാകൾ (സംഘം) ആയിട്ടാണ് ഗാനങ്ങൾ പാടിയിരുന്നത്. കെ. സി. ജോസഫ് അച്ചൻ ആയിരിക്കും എപ്പോഴും ഗാനങ്ങൾ ആരംഭിക്കുക. അച്ചൻ സുറിയാനിയിൽ ആരംഭിക്കുന്ന ഗാനം അച്ചനും ഞാനും അടങ്ങിയ സംഘം പാടും – ഒന്നിടവിട്ട പാദങ്ങൾ ഞങ്ങൾ സുറിയാനിയിൽ പാടുമ്പോൾ ഒന്നിടവിട്ട പാദങ്ങൾ സി. വി. ഏബ്രഹാം അച്ചന്റെ നേതൃത്വത്തിലുള്ള സംഘം മലയാളത്തിൽ പാടും. സുറിയാനിസഭയുടെ അംഗം എന്ന ആത്മാഭിമാനം ഏറെ തുടിച്ചുനിന്ന അവസരങ്ങൾ ആയിരുന്നു അവ. സ്കൂളിൽ സഹപാഠികളിൽ പലരും അക്കാലത്ത് എന്നെ 'ശെമ്മാശൻ' എന്ന് വിളിക്കുവാൻ 'ഈ സുറിയാനി പാട്ട് പാടൽ' കാരണമായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. എന്റെ കുട്ടിക്കാലത്ത് മൂലേപ്പാട് സ്വദേശിയായ താവുണ്ണ്യേട്ടനും വറതപ്പേട്ടനും മങ്ങാട്ടുകാരൻ കുഞ്ഞേട്ടനും അച്ചന്മാരുടെ കൂടെനിന്ന് സുറിയാനി ഗീതങ്ങൾ പാടുന്നത് ഞാൻ കണ്ടിട്ടുണ്ട്. പഴഞ്ഞിയിലെ തൊഴിയൂർ പള്ളി ഞങ്ങളുടെ വീടിന്റെ സമീപമായിരുന്നു. അവിടത്തെ യൽദൊ ശുശ്രൂഷയിൽ അച്ചനോടൊപ്പം സുറിയാനിഗീതങ്ങൾ പാടുന്ന എന്റെ പിതാവിനെ അദ്ദേഹത്തിന്റെ തോളിൽക്കിടന്ന് ഞാൻ സാകൂതം ശ്രദ്ധിച്ചിട്ടുണ്ട്. ആ ശ്രേഷ്ഠമായ പങ്കാളിത്തം എനിക്കു ലഭിക്കുന്നു എന്ന് അഭിമാനത്തോടെ ഓർത്തുപോയിരുന്നു.

### അദ്ധ്യായം 4

# പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ

പഴഞ്ഞിയിലെ പ്രബലവിഭാഗമാണ് ക്രിസ്ത്യൻ സമുദായം. അതിൽതന്നെ സുറിയാനിസഭയാണ് മുൻപന്തിയിൽ. മറ്റ് പല വിഭാഗങ്ങളും സുറിയാനിസഭയിൽനിന്ന് പല കാലങ്ങളിലായി പിരിഞ്ഞുപോയി എങ്കിലും സുറിയാനി സമുദായത്തിന്റെ ഒന്നാം സ്ഥാനം നഷ്ടപ്പെട്ടിട്ടില്ല. പഴഞ്ഞിയിലെ ഏറ്റവും പ്രാചീനമായ ദേവാലയവും സുറിയാനി സമുദായത്തിന്റേതാണ്. സെന്റ് മേരീസ് ഓർത്തഡോക്സ് പഴയപള്ളിയിലെ കന്നി 20–ാം തീയതി പെരുന്നാൾ ഇന്നും ഇവിടെ ദേശീയാഘോഷമായി തുടരുന്നു. ജാതിമതഭേദം കൂടാതെ പഴഞ്ഞിയിലും പ്രാന്തപ്രദേശങ്ങളിലും ഉള്ളവർ തങ്ങളുടെ സ്വന്തം ആഘോഷമായി ഈ പെരുന്നാളാഘോഷത്തെ നെഞ്ചിലേറ്റുന്നു. പഴഞ്ഞി നിവാസികൾ ഓർത്തഡോക്സ് ദേവാലയത്തിന് നൽകുന്ന പരിഗണനയ്ക്ക് ആനുപാതികമായി പള്ളി, പൊതുസമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ആകെ നടത്തിവന്നിരുന്ന ഒരു സേവനം പഴഞ്ഞിപ്പള്ളിവക സ്ഥലം പൊതു മാർക്കറ്റ് നടത്തുവാൻ അനുവദിച്ചിരുന്നു എന്നുള്ളതാണ്. അതിലപ്പുറം നാടിന്റെ ഉയർച്ചയ്ക്കായി എന്തെങ്കിലും ചെയ്യുവാൻ ദേവാലയത്തിന് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യം പഴഞ്ഞിയിൽ ചുമതലയേറ്റ കെ. സി. ജോസഫ് അച്ചനെ വ്യാകുലപ്പെടുത്തി. ആവുംവിധം തന്റെ ദേവാലയത്തെ സ്നേഹിക്കുന്ന നാടിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാതിരിക്കുന്നത് അപരാധമാണെന്ന് അദ്ദേഹത്തിന് തോന്നി.

## പ്രൈമറി ഹെൽത്ത് സെന്റർ

അതിന് അദ്ദേഹം ആദ്യം തെരഞ്ഞെടുത്തത് ചികിത്സാരംഗമായിരുന്നു. 1950–കളിൽ പഴഞ്ഞിയിലെ ചികിത്സാ സൗകര്യങ്ങൾ തീരെ പരിമിതമായിരുന്നു. എൽ.എം.പി. ബിരുദം നേടിയ ഡോ. ഇട്ടൂപ്പ് സേവന മനഃസ്ഥിതിയോടെ നടത്തുന്ന ഡിസ്പെൻസറിയായിരുന്നു പഴഞ്ഞിയുടെ ആശാകേന്ദ്രം. കോമ്പൗണ്ടർ ആയിരുന്ന താവുട്ടി ജ്യേഷ്ഠന്റെ (ഡേവിഡ്) മെഡിക്കൽഷോപ്പ് ചിലപ്പോഴൊക്കെ ചികിത്സാകേന്ദ്രം തന്നെ ആവുമായിരുന്നു. പഴഞ്ഞി കിഴക്കേ അങ്ങാടിയിലുള്ള കോമ്പൗണ്ടർ ഇട്ടിക്കുരു ജ്യേഷ്ഠന്റെ മെഡിക്കൽഷോപ്പിലും ആളുകൾ ചികിത്സ തേടി എത്തിയിരുന്നു. അതിനപ്പുറം ചികിത്സ ആവശ്യമുള്ളവർക്ക് കുന്നംകുളം വരെ യാത്ര ചെയ്തേ മതിയാവൂ. കുന്നംകുളത്ത് ഇന്നുള്ള ആശുപത്രികളൊന്നും അന്ന് ആരംഭിച്ചിരുന്നില്ല. സർക്കാർ ആശുപത്രിയും ചില പ്രൈവറ്റ് ഡോക്ടർമാരും ആയിരുന്നു അവിടെയും ഉണ്ടായിരുന്നത്.

പകൽസമയത്ത് ടാക്സികാർ ലഭ്യമാകുമെങ്കിലും രാത്രികാലങ്ങളിൽ അക്കാര്യത്തിലും ലഭ്യത തീരെ കുറവായിരുന്നു. ഈ അപര്യാപ്തത യുടെ നടുവിലേക്കാണ് കെ. സി. ജോസഫ് അച്ചൻ എന്ന നല്ല ശമരിയാ ക്കാരൻ ആദ്യം കാൽ വച്ചത്.

പള്ളിയിലെ വൈദികൻ നാട്ടിലെ രാഷ്ട്രീയനേതാക്കന്മാരുമായി ചങ്ങാത്തം കൂടേണ്ടതുണ്ടോ? ആത്മീയത മാത്രമാണ് വൈദികന്റെ പ്രവർ ത്തനരംഗം എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നവർ പറയും അങ്ങനെ ഒരു ചങ്ങാത്തം ആവശ്യമില്ലെന്ന്. എന്നാൽ കെ. സി. ജോസഫച്ചന് വൈദി കവൃത്തി, ശരീരവും ആത്മാവും അടങ്ങിയ സമ്പൂർണ്ണ മനുഷ്യന്റെ വിമോ ചനത്തിനായി രംഗത്തിറങ്ങിയ 'ക്രിസ്തുശുശ്രൂഷ'യുടെ അനുകരണമാ യിരുന്നു. രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്ന നേതാക്കളോടൊത്ത് നീങ്ങി യാലേ നാടിന്റെ വികസനത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാ നാവൂ എന്ന് ക്രാന്തദർശിയായ ആ വൈദികൻ കാര്യങ്ങളെ ശരിയായ ദിശയിൽ നിരീക്ഷിച്ചു. അക്കാലത്ത് പഴഞ്ഞി പ്രദേശത്ത് കറപുരളാത്ത, കേരള രാഷ്ട്രീയത്തിൽ ശ്രദ്ധിക്കപ്പെട്ട ആളായിരുന്നു കോൺഗ്രസ്സ് നേതാ വായ കെ. എസ്. നാരായണൻ നമ്പൂതിരി. പല നേതാക്കന്മാരും രാഷ്ട്രീയ പ്രവർത്തനംകൊണ്ട് സമ്പാദ്യങ്ങൾ പരമാവധി വർദ്ധിപ്പിക്കാൻ ശ്രമി ക്കുന്ന ഒരു കാലഘട്ടത്തിൽ, പൂർവികർ സമ്പാദിച്ചുവച്ച ആസ്തികൾ ചെലവിട്ട് രാഷ്ട്രീയ പ്രവർത്തനം നടത്തിയ ആൾ എന്ന ഖ്യാതി സമ്പാ ദിച്ച ആളായിരുന്നു നാരായണൻ നമ്പൂതിരി. ഒരു കാൽ നൂറ്റാണ്ടു കാലം 'കുഴുപ്പുള്ളി തിരുമേനി' നാടിന്റെ അഭിമാനം തന്നെയായിരുന്നു. അദ്ദേ ഹത്തോടാണ് നമ്മുടെ കഥാനായകൻ ചങ്ങാത്തം കൂടിയത്. അത് നാടിനും ഇടവകയ്ക്കും ഒരുപോലെ ഗുണകരമായിത്തീർന്നു.

ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ തുട ങ്ങാൻ സർക്കാർ തീരുമാനിച്ചപ്പോൾ ജോസഫച്ചന്റെ കർമ്മോത്സാഹം ഉന്മേഷം കൊണ്ടു. ചൊവ്വന്നൂർ ബ്ലോക്കിലേക്ക് അനുവദിക്കുന്ന ആരോ ഗ്യകേന്ദ്രം പഴഞ്ഞിയിൽ സ്ഥാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അക്കാലങ്ങളിൽ കാട്ടകാമ്പാൽ പഞ്ചായത്തിലെ പ്രസിഡണ്ടു കൂടിയാ യിരുന്ന നാരായണൻ നമ്പൂതിരിയോട് അച്ചൻ ആഗ്രഹം പങ്കുവച്ചു. പഴ ഞ്ഞിപ്രദേശത്ത് അത്തരമൊരു ചികിത്സാകേന്ദ്രം ആവശ്യമാണെന്ന് അച്ചൻ പഞ്ചായത്ത് പ്രസിഡണ്ടിനെ ബോധ്യപ്പെടുത്തി. പെങ്ങാമുക്ക്, കാട്ടകാമ്പാൽ, പഴഞ്ഞി, മങ്ങാട്, പോർക്കളം, കോട്ടോൽ, കരിക്കാട് പ്രദേ ശങ്ങളിൽ ഒരു പൊതു ചികിത്സാകേന്ദ്രം ഇല്ലാത്തതു മൂലം സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്നവരും സാധാരണക്കാരും അനുഭവിക്കുന്ന വിഷമതകൾ അച്ചൻ ആ ജനപ്രതിനിധിയെ ബോധ്യപ്പെടുത്തി. ബ്ലോക്ക ടിസ്ഥാനത്തിൽ ആരംഭിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം കാട്ടകാമ്പാൽ

പഞ്ചായത്തിലേക്ക് അനുവദിക്കുവാൻ കെ. എസ്. നാരായണൻ നമ്പൂതിരിയുടെ പ്രേരണയാൽ തീരുമാനമായി. ഉചിതമായ ഒരു സ്ഥലം കണ്ടെത്തുവാൻ നാരായണൻ നമ്പൂതിരി ജോസഫ് അച്ചനെ ചുമതലപ്പെടുത്തി. റോഡരികിൽ യാത്രാസൗകര്യമുള്ള ഒരു സ്ഥലം പഴഞ്ഞിയിൽ കണ്ടെത്തുക അത്ര എളുപ്പമായിരുന്നില്ല. ഒടുവിൽ പഴഞ്ഞി ഗവ. ഹൈസ്കൂളിന് സമീപം ഒരു കെട്ടിടം അച്ചൻ കണ്ടെത്തി. പഴഞ്ഞി ഇടവകക്കാരൻ ആയിരുന്ന ഉടമസ്ഥനോട് കുറഞ്ഞ വാടകയ്ക്ക് ആ സ്ഥലവും കെട്ടിടവും വിട്ടുകൊടുക്കുവാൻ അച്ചൻ നടത്തിയ അഭ്യർത്ഥന മാനിക്കപ്പെട്ടു. താമസിയാതെ ഒന്നുരണ്ടു ഡോക്ടർമാരും മറ്റ് അവശ്യ ജീവനക്കാരും ഫാർമസിയും സജ്ജീകരിക്കപ്പെട്ടു. പ്രാഥമിക ആരോഗ്യകേന്ദ്രം ഒരു യാഥാർത്ഥ്യമായതിൽ ജാതിമതഭേദമെന്യേ കാട്ടകാമ്പാൽ, കടവല്ലൂർ, പോർക്കളം പഞ്ചായത്തുകളുടെ അതിർത്തിക്കകത്ത് താമസിക്കുന്ന ഇടത്തരക്കാരും ദരിദ്രജനവിഭാഗങ്ങളും ആനന്ദമനുഭവിച്ചു. പരിമിതികൾ ഏറെയുണ്ടെങ്കിലും കയ്യെത്തുംദൂരത്ത് ആധുനിക ചികിത്സാസൗകര്യം തങ്ങളുടെ നാട്ടിൽ ലഭ്യമാവുന്നു എന്ന അറിവ് അവർക്ക് അഭിമാനകരമായിരുന്നു. അവിടെ നിയമിതനായ ഡോക്ടർക്ക് താമസസൗകര്യവും അച്ചൻ തയാറാക്കി. സ്വന്തം വീടിനടുത്ത് സഹോദരൻ പണിയിച്ചിരുന്ന വീട് ഡോക്ടറുടെ വാസസ്ഥലമായി. ആശുപത്രിയുടെ പ്രവർത്തനസമയങ്ങളിൽ ആശുപത്രിയിലും അതു കഴിഞ്ഞാൽ ഡോക്ടറുടെ വസതിയിലും ഡോക്ടറുടെ ചികിത്സ ലഭ്യമായി എന്നത് പഴഞ്ഞി പ്രദേശത്തിന്റെ ആരോഗ്യ പരിപാലന പുരോഗതിയിൽ നിർണ്ണായക ഘടകമായിത്തീർന്നു. ഔഷധങ്ങൾ സൗജന്യമായി ലഭിക്കുമെന്നതിനാൽ ദരിദ്രവിഭാഗങ്ങൾക്ക് അത് വലിയ ഒരനുഗ്രഹം തന്നെയായിരുന്നു. അചിരേണ പഴഞ്ഞിയിൽ ഒന്നുരണ്ട് മെഡിക്കൽഷോപ്പുകൾ ആരംഭിക്കാൻ ഈ ആരോഗ്യകേന്ദ്രം സാഹചര്യമൊരുക്കി. ആരോഗ്യകേന്ദ്രത്തിന്റെ ഫാർമസിയിൽ ലഭ്യമല്ലാത്ത ഔഷധങ്ങൾ ജനങ്ങൾക്ക് ലഭിക്കുവാൻ അപ്രകാരം സൗകര്യമായി. മെഡിക്കൽഷോപ്പുകളിൽ പണം കൊടുത്ത് ഔഷധം വാങ്ങുവാൻ ക്ലേശിക്കുന്ന രോഗികൾക്ക് ആവശ്യമായ ധനസഹായം ഉദാരമതികളായ ഇടവകക്കാരുടെ ഔദാര്യം മൂലം അച്ചൻ ലഭ്യമാക്കി. ഇടവകയിൽ പ്രവർത്തിക്കുന്ന ജീവകാരുണ്യഫണ്ടുകളിൽ ഒരു ഭാഗം ഇപ്രകാരമുള്ള മെഡിക്കൽ ബില്ലുകൾ 'സെറ്റിൽ' ചെയ്യുവാൻ ആവശ്യമായ ഏർപ്പാടുകൾ അച്ചൻ ക്രമീകരിച്ചു. ജാതിമതഭേദം കൂടാതെ നിർദ്ധനരായ രോഗികൾക്ക് ഈ സഹായം അക്കാലങ്ങളിൽ ലഭ്യമായിരുന്നു.

അസമയങ്ങളിൽ അപരിചിതരോടൊപ്പം ചികിത്സയ്ക്കായി പുറപ്പെടുവാൻ ഡോക്ടർമാർ ആശങ്കപ്പെട്ടിരുന്നു. അത്തരം സമയങ്ങളിൽ ഡോക്ടറോടൊപ്പം പോവാൻ അച്ചൻ സന്നദ്ധനായിരുന്നു. തന്മൂലം ഏത്

സമയത്തും ഏത് മുക്കിലും മൂലയിലും നിർഭയമായി സഞ്ചരിച്ച് ചികിത്സ നൽകുവാൻ ഡോക്ടർമാർക്ക് കഴിഞ്ഞിരുന്നു. അച്ചന്റെ ഈ ആവേശം ഡോക്ടർമാരെയും വലിയൊരളവിൽ സ്വാധീനിച്ചു. പഴഞ്ഞി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഏറ്റവും നല്ല ചികിത്സ നൽകുന്നു എന്ന് ഉറപ്പ് വരുത്തുവാൻ ഡോക്ടർമാർ പ്രതിജ്ഞാബദ്ധരായി. നിർദ്ധനകുടുംബങ്ങളിൽ ചികിത്സ ആവശ്യമായി വരുമ്പോൾ ഡോക്ടർ ആ കുടുംബത്തിന്റെ നിസ്സഹായാവസ്ഥ അച്ചന്റെ ശ്രദ്ധയിൽപ്പെടുത്തും. ഔദാര്യനിധികളായ ആളുകളുടെ സഹായം സ്വീകരിച്ച് അവരെ സഹായിക്കുവാൻ അച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു. അത്തരം ആളുകളുടെ മെഡിക്കൽ ബില്ലുകൾ പണം നൽകി സെറ്റിൽ ചെയ്തുകൊള്ളാമെന്ന് മെഡിക്കൽ ഷോപ്പുടമകളുമായി അച്ചൻ ധാരണ ഉണ്ടാക്കിയിരുന്നു. നേരിട്ടോ, മറ്റുള്ള സന്മനസ്സുള്ളവരിൽനിന്ന് സഹായം സ്വീകരിച്ചോ അത്തരം ഘട്ടങ്ങളെ തരണം ചെയ്യുവാൻ കഥാപുരുഷൻ ഉത്സാഹം കാട്ടി. തന്നിലെ വൈദികന്റെ കർത്തവ്യമാണ് താൻ നിറവേറ്റുന്നതെന്ന് ഉത്തമബോധ്യമുണ്ടായിരുന്നതിനാൽ ഈ പ്രവർത്തനം മറ്റു പലരേയുംപോലെ തമ്പേറടിച്ച് പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം തയാറായിരുന്നില്ല.

അക്കിക്കാവിൽ ഒരു പ്രൈവറ്റ് ആശുപത്രി അക്കാലത്ത് പ്രവർത്തിച്ചിരുന്നു. അവിടത്തെ ചെലവേറിയ ചികിത്സ സാധാരണക്കാർക്ക് താങ്ങാവുന്നതിൽ അധികമായിരുന്നു. പഴഞ്ഞി പ്രാഥമികാരോഗ്യത്തിൽ മികച്ച സൗജന്യ ചികിത്സ ലഭ്യമായതോടെ ആശുപത്രിയുടെ പ്രവർത്തനം മന്ദീഭവിക്കുവാൻ തുടങ്ങി. പ്രൈമറി ആരോഗ്യകേന്ദ്രത്തിൽ അചിരേണ ഡോക്ടർമാരുടെ എണ്ണം വർദ്ധിച്ചു, രോഗികളുടെ എണ്ണവും വർദ്ധിച്ചു. ഈ സാഹചര്യത്തിൽ തൊട്ടടുത്ത് സർക്കാർ വക സ്ഥലത്ത് കെട്ടിടം പണിത് പ്രൈമറി ആരോഗ്യകേന്ദ്രം അങ്ങോട്ടുമാറ്റി. അവിടെയും സൗകര്യം പോരാതെ വന്നപ്പോൾ പഴഞ്ഞിയുടെയും കോട്ടോലിന്റെയും അതിർത്തിയിൽ വിശാലമായ സ്ഥലം കണ്ടെത്തി. വിസ്തൃതമായ കെട്ടിടങ്ങൾ സ്ഥാപിച്ച് ആശുപത്രി അങ്ങോട്ടു മാറ്റിസ്ഥാപിച്ചു. ഇതിലെല്ലാം നാട്ടുകാരുടെ പ്രതിനിധി എന്ന നിലയിൽ അച്ചന്റെ നിർണ്ണായകമായ നേതൃത്വം ഉണ്ടായിരുന്നു.

### പഴഞ്ഞിയുടെ വൈദ്യുതീകരണം

പഴഞ്ഞി പ്രദേശങ്ങളിൽ വൈദ്യുതി പ്രവഹിച്ചിട്ട് ആറ് പതിറ്റാണ്ടിലേറെ കാലമായിട്ടില്ല. കുന്നംകുളത്ത് വൈദ്യുതി എത്തിയതോടെ അച്ചന്റെ കർമ്മോത്സാഹം ഉണർന്നു. അധികൃതരുമായി ബന്ധപ്പെട്ടു. കണക്ഷനുവേണ്ടി നൂറ് അപേക്ഷകൾ എങ്കിലും ഉണ്ടായാൽ കാര്യം പരിഗണിക്കാമെന്ന് അധികൃതർ സമ്മതിച്ചു. അച്ചൻ അരയും തലയും മുറുക്കി

രംഗത്തിറങ്ങി. ഒന്നാമത്തെ അപേക്ഷ പഴഞ്ഞിപ്പള്ളിയുടേതായിരുന്നു. പിന്നീട് വീടുകൾതോറും നടന്ന് അപേക്ഷാഫോറം ഒപ്പിട്ടുവാങ്ങുവാൻ അച്ചൻ നടത്തിയ ശ്രമം വിജയം കണ്ടു. ഈ ലേഖകന്റെ വീട്ടിലും അദ്ദേഹം വന്ന് അപേക്ഷാഫോറം ഒപ്പിട്ടു വാങ്ങിക്കൊണ്ടുപോയത് ഈ ഗ്രന്ഥകാരൻ ഓർക്കുന്നു. ആദ്യം വൈദ്യുതി വിളക്കുകൾ പ്രകാശിച്ചത് പള്ളിയിലാണ്. 1953-ൽ പള്ളിയുടെ മദ്ബഹായുടെ മുകളിൽ പ്രകാശം പരത്തുന്ന ഇലക്ട്രിക്കൽ ബൾബ് പ്രകാശിച്ചത്, ഇതെഴുതുന്ന ആൾ തട്ടിൻപുറത്തു കയറി മേൽപ്പുരയിലെ മേഞ്ഞ ഓല കൈകൾ കൊണ്ട് ഉയർത്തി വിടവുണ്ടാക്കി നോക്കി സന്തോഷിച്ചത് ഓർമ്മയിലുണ്ട്. തുടർന്ന് വീടുകളിൽ വൈദ്യുത ബൾബുകൾ പ്രകാശിച്ചു; അതൊരാരംഭമായിരുന്നു. മണ്ണെണ്ണ വിളക്കിൽനിന്ന് വൈദ്യുതദീപങ്ങളിലേക്കുള്ള പരിവർത്തനം വലിയൊരു വിപ്ലവമായിരുന്നു. സന്ധ്യാസമയത്തെ വ്യാപാരത്തെ അത് സുഗമമാക്കി. അന്ധവിശ്വാസത്തിന്റെ ബലമായ കോട്ടകൾ നിലംപതിച്ചു. ആഭിചാരക്രിയകൾ, ഒടിയൻ ഒടിച്ചുകൊല്ലൽ, ഒടിയന്റെ വേഷംമാറൽ തുടങ്ങി അന്ന് നിലവിലിരുന്ന ഭയാശങ്കകൾക്ക് ഒരു വലിയപരിധിവരെ പരിഹാരമാകാൻ വൈദ്യുതിയുടെ രംഗപ്രവേശം സഹായിച്ചു.

പള്ളിയിൽ അഞ്ചോ ആറോ ഫാനുകളും എട്ടോ പത്തോ ട്യൂബ് ലൈറ്റുകളും പ്രവർത്തിച്ചു. അവയുടെ സ്പോൺസർമാരെ അച്ചൻതന്നെ കണ്ടെത്തുകയായിരുന്നു. അക്കാലത്ത് സ്പോൺസർമാർ അവരുടെ വീട്ടുപേരും പിതാവിന്റെ പേരും മറ്റും ഫാനുകളുടെ ലീഫുകളിലും ട്യൂബ് ലൈറ്റിലും എഴുതി പരസ്യപ്പെടുത്തിയിരുന്നത് ഇതെഴുതുന്ന ആളിന്റെ ഓർമ്മയിലുണ്ട്. വളരെകാലത്തിനുശേഷം ഒരു പൊതുയോഗതീരുമാനം മൂലമാണ് അവയിലെ പേരുകൾ അപ്രത്യക്ഷമാക്കിയത്. അപ്പോഴും മദ്ബഹായിൽ ഫാനുകൾ ഇല്ലായിരുന്നു. മെത്രാപ്പോലീത്തന്മാർ വരുമ്പോൾ വിശറി ഉപയോഗിച്ച് വീശുന്ന പതിവാണുണ്ടായിരുന്നത്. അത്തരം ഉപയോഗത്തിനുള്ള പ്രത്യേക വിശറികൾ അലമാരകളിൽ സൂക്ഷിച്ചിരുന്നു. പഴഞ്ഞിപ്പള്ളിയിൽ ആദ്യകാലത്ത് പുരുഷന്മാർക്കായി മുൻഭാഗത്ത് ഒന്നും സ്ത്രീകൾക്കായി പിൻവശത്ത് രണ്ടും അങ്ങനെ മൂന്ന് ഫാനുകളാണ് ഉണ്ടായിരുന്നത് എന്ന് ഓർക്കുന്നു (അക്കാലത്ത് മുൻവശത്ത് പുരുഷന്മാരും പിൻഭാഗത്ത് സ്ത്രീകളും ആണ് ആരാധനയിൽ പങ്കെടുക്കാൻ നിന്നിരുന്നത്).

ക്രമേണ മണ്ണെണ്ണ വിളക്കുകൾ മാത്രം പ്രകാശിച്ചിരുന്ന തെരുവ് വിളക്കുകളുടെ സ്ഥാനത്ത് ഉയർന്ന പോസ്റ്റിൽ വൈദ്യുതദീപങ്ങൾ പ്രകാശിച്ചു. കവുങ്ങിൻതോട്ടങ്ങളിലെ കാളത്തേക്കിന്റെ സ്ഥാനത്ത് മോട്ടോർ പമ്പുകൾ പ്രത്യക്ഷപ്പെട്ടു. പാടത്തും മറ്റും വെള്ളം വറ്റിക്കാൻ ചക്രം

ചവുട്ടിയും തേക്കുകൊട്ട ഉപയോഗിച്ച് തേവിയും വന്ന അധ്വാനഭാരം മോട്ടോറുകൾ ഏറ്റെടുത്തു. കിണറ്റിൽനിന്ന് വെള്ളം കോരുന്ന പതിവ് വീടുകളിൽ ക്രമേണ ഇല്ലാതായി. അവിടെയും മോട്ടോർ സംവിധാനം നിലവിൽവന്നു. അടുക്കളയിൽനിന്ന് അമ്മിയും ഉരലും ഉപയോഗശൂന്യ മായി. തൽസ്ഥാനത്ത് മിക്സിയും ഗ്രൈണ്ടറും അരങ്ങുതകർത്തു. ചിര ട്ടക്കനലിട്ട് ഉപയോഗിച്ചിരുന്ന ഇസ്തിരിപ്പെട്ടികൾ പ്രാകൃതവസ്തുവായി മാറി. മനുഷ്യന്റെ സർവരംഗങ്ങളിലും വൈദ്യുതി ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞു. പഴഞ്ഞിയിൽ ഈ വിജയത്തിന്റെ ആദ്യനായകനെ അന്വേ ഷിക്കുന്നവർക്ക് കണ്ടെത്താനാവുക കെ. സി. ജോസഫ് അച്ചന്റെ നിശ്ശബ്ദ സേവനമാണ്.

## പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം

പഴഞ്ഞിയിൽ ഒരു പബ്ലിക് ലൈബ്രറിയും വായനശാലയും ആരംഭി ക്കണമെന്ന ചിന്തയ്ക്ക് ഒരു നൂറ്റാണ്ടിന്റെ പഴക്കം കാണും. എങ്കിലും ആ സ്വപ്നം പൂവണിഞ്ഞത് 1937-ലാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന ഗ്രാമത്തിൽ വായനയുടെ പ്രകാശം എന്ന ആശയം പ്രാവർത്തികമായപ്പോൾ അതിന് പഴഞ്ഞിയിലെ ഏറ്റവും വിദ്യാ സമ്പന്നമായ കുടുംബം നേതൃത്വം നൽകി. തളരാത്ത ആത്മവിശ്വാസവും കഠിനാധ്വാനവും കൈമുതലാക്കി വ്യാപാരരംഗത്ത് തനതായ വ്യക്തി മുദ്ര പതിപ്പിക്കുകയും മക്കളെ ഉന്നതവിദ്യാഭ്യാസം നൽകി മാതൃക കാണി ക്കുകയും ചെയ്ത് ശ്രദ്ധേയനായ 'മുണ്ടുകാരൻ ഇയ്യാക്കു ജ്യേഷ്ഠൻ' ആണ് ആ അനുഗൃഹീത കുടുംബത്തിന്റെ നായകൻ. വസ്ത്രവ്യാപാരം നടത്തിയിരുന്ന അദ്ദേഹത്തിന്റെ ഒരു മകൻ ഡോക്ടറും മറ്റു രണ്ടു മക്കൾ ഹൈസ്കൂൾ അദ്ധ്യാപകരും ആയിരുന്നു. അതിൽ ഒരാൾ കാക്കശ്ശേരി ഇയ്യാക്കു മാത്തപ്പൻ ആണ് പഴഞ്ഞിയിലെ പബ്ലിക് ലൈബ്രറിയുടെ ആദ്യത്തെ പ്രസിഡണ്ട്. സ്വന്തം വീട്ടിൽ പഠനത്തിനുപയോഗിച്ച പുസ്ത കങ്ങൾ ആ കുടുംബം ലൈബ്രറിക്ക് നൽകി. വീടുതോറും നടന്ന് പുസ്ത കങ്ങൾ ശേഖരിച്ചു. നാട്ടിൽ പ്രശസ്തരായിരുന്നതുകൊണ്ട് ആ പ്രവർത്ത നത്തിന് നാട്ടുകാരുടെ ഹൃദയപൂർവ്വമായ പിന്തുണ ലഭിച്ചു. 1953-ൽ കേരള ഗ്രന്ഥശാലാ സംഘത്തിൽ 1433-ാം നമ്പർ ആയി രജിസ്റ്റർ ചെയ്ത ഗ്രന്ഥ ശാലയിൽ 6000-ൽപരം പുസ്തകങ്ങൾ ഉണ്ടായിരുന്നു. സൊസൈറ്റി വക കിഴക്കേ അങ്ങാടിയിലുള്ള ഇരുനിലകെട്ടിടത്തിന്റെ വിശാലമായ മുകൾ ഭാഗം വായനാശാലയുടെ പ്രവർത്തനത്തിനായി സൊസൈറ്റിക്കാർ നൽകി. പല വീട്ടുകാരിൽ നിന്നായി ഷെൽഫുകൾ സമ്പാദിച്ചു. ടേബിൾ ടെന്നീസ് കളിക്കുന്ന വലിയ മേശകൾ ഉൾപ്പെടെ ഏതാനും മേശകൾ സഹൃദയർ റീഡിംഗ് റൂമിനു നൽകി. കുറേപ്പേർ ലൈബ്രറിയുടെ സംഘ ടനയിൽ അംഗത്വമെടുത്തു. പ്രസിഡണ്ടായ മാത്തപ്പൻ മാസ്റ്റർ ദീർഘ

കാലം പഴഞ്ഞി ഹൈസ്കൂളിലെ സീനിയർ അദ്ധ്യാപകൻ ആയിരുന്നതിനാൽ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും റീഡിംഗ് റൂമിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. റേഡിയോ ഒരപൂർവ്വ വസ്തു ആയിരുന്ന 1954-ൽ പബ്ലിക് ലൈബ്രറി ഹാളിൽ മർഫിയുടെ ഒരു വലിയ റേഡിയോ സ്ഥാപിച്ചു. റേഡിയോ വാർത്തകൾ കേൾക്കാൻ സായാഹ്നങ്ങളിൽ അവിടെ ആളുകൾ ഒത്തുചേരും. ക്ലബ്ബുകളും മറ്റും അപൂർവമായ അക്കാലത്ത് പബ്ലിക് ലൈബ്രറി ഹാൾ യുവാക്കൾക്ക് ചർച്ചയും ആശയവിനിമയവും നടത്തുവാൻ പറ്റിയ സംഗമവേദിയായി. വിദ്യാർത്ഥികളും യുവാക്കളും ഉച്ചതിരിഞ്ഞ് 5 മണി മുതൽ ഇരുട്ടുന്നതുവരെ അവിടെ വായനയും റേഡിയോ ശ്രവണവും ചർച്ചകളും ആയി കഴിഞ്ഞുകൂടിയിരുന്നു. പ്രത്യേക വേതനമൊന്നും കൂടാതെ ലൈബ്രേറിയന്റെ ചുമതല വഹിക്കുവാൻ യുവാക്കൾ സന്നദ്ധരായിരുന്നു. അക്കാലത്ത് കേരള സർക്കാരിന്റെ ഗസറ്റ് സാധാരണക്കാർക്ക് ലഭിച്ചിരുന്ന ഏക സ്ഥലം ഈ ലൈബ്രറി ആയിരുന്നു. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനങ്ങൾ നോക്കി അപേക്ഷകൾ അയക്കുവാൻ ഇവിടെ പതിവായി എത്തിയിരുന്നു. ഇതെഴുതുന്ന ആൾ പതിവായി ഒരു കാലത്ത് ഈ ഗ്രന്ഥശാലയിൽ പത്രങ്ങളും ഗസറ്റും നോക്കുവാനായി പോയിരുന്നത് ഓർക്കുന്നു. ലൈബ്രറി കെട്ടിടത്തിന്റെ തൊട്ടടുത്ത് താമസക്കാരനായ പുലിക്കോട്ടിൽ വറതപ്പൻ ചാക്കോച്ചൻ ആയിരുന്നു അന്ന് ലൈബ്രറി പുസ്തകങ്ങളുടെ ചുമതല വഹിച്ചിരുന്നത്. നോവൽ, ചെറുകഥ, ജീവചരിത്രം, നിഘണ്ടുക്കൾ തുടങ്ങിയ ഇനങ്ങളിലായി ധാരാളം പുസ്തകങ്ങൾ ഉണ്ടായിരുന്നതിനാൽ ഏറെ യുവാക്കളെ ആകർഷിക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിരുന്നു. ഏറ്റവും പുതിയ പുസ്തകങ്ങൾ ശേഖരിക്കുന്നതിൽ പ്രവർത്തകർ താൽപര്യം കാട്ടിയിരുന്നതിനാൽ പഴഞ്ഞിയിലെ മതേതര സാംസ്കാരിക കൂട്ടായ്മയുടെ ആദ്യവേദി എന്ന നിലയിൽ പബ്ലിക് ലൈബ്രറി ഏവർക്കും പ്രിയങ്കരമായ സ്ഥാപനമായിത്തീർന്നു.

1950-കളിൽ പ്രസിഡണ്ട് വാർദ്ധക്യം മൂലം പ്രസിഡണ്ട്പദം ഒഴിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അനുയോജ്യനായ ഒരാളെ ആ സ്ഥാനത്തേക്ക് കണ്ടെത്തേണ്ടതുണ്ടായിരുന്നു. അക്കാലത്താണ് ഫാ. കെ. സി. ജോസഫ് പള്ളിയിൽ ഒരു ഗ്രന്ഥശാല ആരംഭിച്ചുകൊണ്ട് ഈ പ്രസ്ഥാനത്തിൽ തനിക്കുള്ള അഭിരുചി പ്രകടമാക്കിയത്. പബ്ലിക് ലൈബ്രറിയുടെ പ്രവർത്തകർ ഇതു ശ്രദ്ധിച്ചു. ചെറുപ്പക്കാരനായ അച്ചൻ പബ്ലിക് ലൈബ്രറിയുടെ ചുമതലയിലേക്ക് വരുന്നത് അഭിലഷണീയമായി ഏവരും കരുതി. അവർ അച്ചനെ സമീപിച്ചു. സാംസ്കാരിക രംഗത്തെ ഏത് പ്രവർത്തനത്തോടും ആവേശം പുലർത്തിയിരുന്ന അച്ചൻ അവരുടെ അഭ്യർത്ഥന സ്വീകരിച്ചു. പബ്ലിക് ലൈബ്രറിയുടെ അടുത്ത യോഗത്തിൽ പുതിയ

പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പ് അജണ്ടയിൽ പെടുത്തിയിരുന്നു. ഫാ. കെ. സി. ജോസഫ് ആ സ്ഥാനത്തേക്ക് ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. അച്ചന്റെ സ്വാധീനം ഉപയോഗിച്ച് പുസ്തകശേഖരണം നടത്തിയത് വൻവിജയമായി. അദ്ദേഹം പ്രസിഡണ്ട് ആയിരിക്കുന്ന കാലത്ത് 1966-ൽ പഴഞ്ഞി സർവ്വീസ് സഹകരണ സംഘക്കാർ ലൈബ്രറി പ്രവർത്തിക്കുന്ന സ്ഥലം തിരിച്ചാവശ്യപ്പെട്ടത് വലിയ പ്രതിസന്ധിയുണ്ടാക്കി. പടിഞ്ഞാറെഅങ്ങാടിയിൽ ഒരു സ്ഥലം കണ്ടെത്തി അവിടേക്ക് ലൈബ്രറി മാറ്റിസ്ഥാപിച്ചു. അവിടെ സ്ഥലസൗകര്യം തീരെ കുറവായിരുന്നു. വാടക കൊടുക്കേണ്ടി വന്നതും ക്ലേശകരമായിത്തീർന്നു. 1966 മുതൽ 1978 വരെ പ്രവർത്തിച്ച പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം മന്ദഗതിയിലായി. സാമ്പത്തികക്ലേശങ്ങളും അനവധിയായിരുന്നു. അച്ചന്റെ സഹായത്തോടെ കുറെക്കാലം പഴഞ്ഞിപള്ളിയുടെ ചർച്ച് റോഡിലുള്ള കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിച്ചു. പ്രവർത്തകരുടെ ഉദാസീനത കൊണ്ടും അജാഗ്രതകൊണ്ടും 1978 മുതൽ ലൈബ്രറി പ്രവർത്തനരഹിതമായി. പുസ്തകങ്ങളും ഫർണിച്ചറുകളുമെല്ലാം സ്വകാര്യവ്യക്തികളുടെ കൈവശമായി. ലൈബ്രറിക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാൻ അന്വേഷണം നടന്നു. സഹകരണസംഘം കെട്ടിടത്തിൽനിന്ന് ഒഴിവാക്കപ്പെട്ടപ്പോൾ ലഭിച്ച സംഖ്യകൊണ്ട് സ്വന്തമായി ഒരു സ്ഥലം വാങ്ങുവാൻ പ്രസിഡണ്ട് അച്ചൻ നേതൃത്വം നൽകി. അങ്ങനെ പാലൂർ മനക്കാരുടെ ഉടമസ്ഥതയിൽ ആയിരുന്ന (പഴഞ്ഞി ഹൈസ്കൂളിന് മുൻവശത്ത്) 3 സെന്റ് സ്ഥലം വിലകൊടുത്ത് വാങ്ങി. ഫാ. കെ. സി. ജോസഫിന്റെ പേരിലാണ് സ്ഥലം തീറുവാങ്ങിയത്. 1987-ൽ ലൈബ്രറിയുടെ പ്രവർത്തനം പുനരാരംഭിച്ചു. പഴയ പുസ്തകങ്ങൾ എല്ലാം നഷ്ടപ്പെട്ടിരുന്നു. നാല് അലമാരയും ഒരു മരമേശയും മാത്രമായിരുന്നു ലഭിച്ചത്.

1937-ൽ തോലത്ത് ചുമ്മാരുകുട്ടിയുടെ പരിശ്രമഫലമായി 'പഴഞ്ഞി സർവ്വീസ് സഹകരണസംഘം' കെട്ടിടത്തിന്റെ മുകളിൽ 'ഗ്രാമീണ വായനശാല, പഴഞ്ഞി' എന്ന പേരിൽ ആരംഭിച്ച പ്രസ്ഥാനം കെ. ഐ. മാത്തപ്പൻ മാസ്റ്റർ, പി. സി. ജോസഫ് മാസ്റ്റർ (സെക്രട്ടറി), കെ. ഐ. ജോസഫ് (ലൈബ്രേറിയൻ) എന്നിവരുടെ ചുമതലയിൽ ശക്തിപ്പെട്ടും ഇടയ്ക്ക് വളർന്നും ചിലപ്പോഴൊക്കെ തളർന്നും ചിലപ്പോഴൊക്കെ അനാഥമായും ഒടുവിൽ പ്രവർത്തനരഹിതമായും ഭവിച്ചു എങ്കിലും കെ. സി. ജോസഫ് അച്ചന്റെ നേതൃത്വത്തിൽ സ്വന്തമായി സ്ഥലം വാങ്ങിയതോടെ പുരോഗതിയിലേക്ക് വീണ്ടും കുതിച്ചു. വിവിധങ്ങളായ പ്രവർത്തനങ്ങൾക്കിടയിൽ നാട്ടിൽ നടക്കുന്ന ഒരു സാംസ്കാരിക പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുവാനും അതിന്റെ പുരോഗതി ഉറപ്പ് വരുത്തുവാനും അച്ചന് കഴിഞ്ഞു. കെ. സി. ജോസഫ് അച്ചൻ പഴഞ്ഞി ഇടവകയുടെ മാത്രമല്ല

പഴഞ്ഞിഗ്രാമത്തിന്റെ ആചാര്യപദവിയിലേക്ക് ഉയരുവാൻ സാഹചര്യമൊരുക്കിയ ഒരു പ്രവർത്തനമായിരുന്നു ഇത്.

## പഴഞ്ഞിയിൽ ടെലിഫോൺ സൗകര്യം വരുന്നു

ഒരു നാടിന്റെ വികസനത്തിൽ വാർത്താവിതരണ സൗകര്യങ്ങൾക്കുള്ള പ്രാധാന്യം പ്രത്യേകം പറയേണ്ടതില്ല. വൈദ്യുതി നാടിന്റെ ഇരുട്ട് കീഴടക്കിയതിന് സമാന്തരമായി നാടിന്റെ വാർത്താവിനിമയ മേഖലയിൽ അമ്പരപ്പിക്കുന്ന കുതിപ്പാണ് ടെലിഫോൺ സൗകര്യം സൃഷ്ടിച്ചത്. എഴുത്തുകുത്തുകളിലൂടെ മാത്രം സാധ്യമായിരുന്ന ആശയവിനിമയം ഫോൺ മുഖേന സാധ്യമായപ്പോൾ ജീവിതസൗകര്യങ്ങളുടെ ഗതിവേഗം ഗണ്യമായി വർദ്ധിച്ചു. സമയലാഭം ബിസിനസ് രംഗത്തെ വൻ കുതിപ്പിന് വഴിയൊരുക്കി. വ്യാപാരരംഗത്ത് ദേശീയമാർക്കറ്റുകളിൽ സംഭവിക്കുന്ന പ്രതിദിന ചലനങ്ങൾ അപ്പപ്പോൾ അറിയാവുന്ന സ്ഥിതി മാർക്കറ്റ് വ്യാപാരത്തെ ഉന്മേഷം കൊള്ളിച്ചു. പ്രത്യേകിച്ചും അടക്കാ ഉൽപാദനത്തിന്റെയും വിപണനത്തിന്റെയും നാടായ പഴഞ്ഞിയിൽ ഈ സൗകര്യം വൻ സാധ്യതകൾ ഒരുക്കി. ബോംബെയിലും തൃശ്ശിനാപ്പള്ളിയിലും സംഭവിക്കുന്ന മാർക്കറ്റ് ചലനങ്ങൾക്കനുസൃതമായി ചലിക്കുവാൻ പഴഞ്ഞി മാർക്കറ്റുകൾക്ക് ധൈര്യം നൽകിയത് ഈ സൗകര്യമാണ്.

കേരളത്തിലെ മിക്ക നഗരങ്ങളിലും സ്റ്റേഷനറി ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നവരാണ് പഴഞ്ഞിയിലെ ചെറുപ്പക്കാർ. ഉടമസ്ഥരായും ജീവനക്കാരായും നൂറുകണക്കിന് കുടുംബങ്ങൾ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ടവരാണ്. വീടുകളുമായി നല്ല ബന്ധങ്ങൾ പുലർത്തുന്നതോടൊപ്പം വിവിധ വ്യാപാരകേന്ദ്രങ്ങളിലെ മാർക്കറ്റ് നിലവാരം അറിഞ്ഞ് സ്വന്തം വ്യാപാരത്തെ കാര്യക്ഷമവും ഫലപ്രദവും ആക്കാൻ അവർക്ക് കഴിയുന്നു. വീടു വിട്ടു താമസിക്കുന്ന പ്രിയപ്പെട്ട കുടുംബാംഗങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനുള്ള ഈ വിനിമയോപാധി നാട്ടിലെത്തിയതോടെ കുടുംബബന്ധങ്ങളിലും ആരോഗ്യകരമായ മാറ്റങ്ങൾ ദൃശ്യമായി. വിദേശത്തുള്ള കുടുംബാംഗങ്ങളുമായി നിത്യേന എന്നോണം ബന്ധപ്പെടുവാൻ കഴിയുന്നതിനാൽ കുടുംബബന്ധങ്ങൾ ദൃഢമാവാൻ അവസരം വർദ്ധിച്ചു. പണ്ടു കത്തു മൂലം നടന്നിരുന്ന സൗഹൃദാന്വേഷണങ്ങളും മറ്റും ഫോൺ മുഖേന കൂടുതൽ അനായാസമായി നടത്തുവാനായി. പ്രായമായവർക്ക് വീട്ടിലിരുന്ന് പല അന്വേഷണങ്ങളും വിവരശേഖരണങ്ങളും മക്കളുമായുള്ള സമ്പർക്കവും സാധ്യമായി. ഇങ്ങനെ നാടിന്റെ ഉണർവിന് കാരണമായ ടെലിഫോൺ സൗകര്യം പഴഞ്ഞിയിൽ ആഘോഷപൂർവ്വം സമാഗതമാകുന്നത് 1980-കളുടെ ആരംഭത്തിലാണ്. അതുവരെയും കുന്നംകുളം എക്സ്ചേഞ്ചിന്റെ കീഴിൽ നാലോ അഞ്ചോ ഫോൺ

കണക്ഷനുകളേ പഴഞ്ഞിയിൽ ഉണ്ടായിരുന്നുള്ളു. എം.എൽ.എ. ആയിരുന്ന കെ. എസ്. നാരായണൻ നമ്പൂതിരിയുടെയും കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന പി. ടി. ഉതുപ്പൂരുവിന്റെയും സഹായത്തോടെ ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ ഫാ. കെ. സി. ജോസഫ് രംഗത്തിറങ്ങി. ഒരു പുതിയ എക്സ്ചേഞ്ച് ആരംഭിക്കുവാൻ ഒരു മിനിമം നമ്പർ കണക്ഷൻ ആവശ്യമായിരുന്നു. ഇടവകയിൽ ഒട്ടുമിക്കവരിലും പ്രേരണ ചെലുത്തി ടെലിഫോൺ കണക്ഷനുവേണ്ടി അപേക്ഷ കൊടുക്കുവാൻ പഴഞ്ഞിയിലും സമീപപ്രദേശങ്ങളിലുമുള്ള ആളുകളെ അദ്ദേഹം സ്വാധീനിച്ചു. പഴഞ്ഞിയിൽ മാത്രമല്ല, പെങ്ങാമുക്ക്, കാട്ടകാമ്പാൽ, ചിറക്കൽ, മൂലേപ്പാട്, മങ്ങാട്, കോട്ടോൽ, പെരുന്തുരുത്തി, ഐനൂർ, കരിക്കാട് തുടങ്ങിയ ഗ്രാമപ്രദേശങ്ങളിലും അദ്ദേഹം ഈ കാര്യത്തിൽ ആളുകളെ ഉത്സാഹിപ്പിച്ചു. തൽഫലമായി പഴഞ്ഞിയിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിതമായി. പ്രധാന കവലകളിലെല്ലാം ടെലിഫോൺ ബൂത്തുകൾ സജ്ജമായതോടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത അവശ്യ ഉപകരണമായി ടെലിഫോൺ സ്ഥാനം പിടിച്ചു. എസ്.ടി.ഡി. സൗകര്യവും ഐ.എസ്.ഡി. സൗകര്യവും ആദ്യം ലഭ്യമായിരുന്നില്ലെങ്കിലും ട്രങ്ക് കോൾ സൗകര്യമുണ്ടായിരുന്നതിനാൽ അൽപം സമയമെടുത്തായാലും ആശയവിനിമയം ദൂരദേശങ്ങളിലേക്കും സാധ്യമായി. ക്രമേണ ഈ സംവിധാനത്തിന്റെ പ്രയോജനം ബോധ്യപ്പെട്ടതിനെ തുടർന്ന് എല്ലാ വീടുകളും വ്യാപാരസ്ഥാപനങ്ങളും ഫോൺ കണക്ഷനുകൾ എടുത്തു.

പഴഞ്ഞി ഇടവകയിലെ ആളുകളെ ബന്ധിപ്പിക്കുവാൻ ഒരു ടെലിഫോൺ ഡയറക്ടറി ഉണ്ടാകണമെന്ന് ഫാ. കെ. സി. ജോസഫ് ആഗ്രഹിച്ചു. പുതിയ ആശയങ്ങളും സ്വപ്നങ്ങളും പൂവിടുന്ന മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. നാട്ടിലെ ഒരു വ്യാപാര ഉടമയെക്കൊണ്ട് അദ്ദേഹം സ്പോൺസർ ചെയ്യിച്ചതിനെ തുടർന്ന് ഇടവകയിലെ അംഗങ്ങളുടെ ഡയറക്ടറി 1980-കളിൽ തന്നെ ലഭ്യമായി. ഇടവകയിലെ ഓരോ വീടിന്റെയും നമ്പർ ശേഖരിക്കാനും അങ്ങാടികളുടെ ശീർഷകം നൽകി അവയെ വർഗ്ഗീകരിക്കുവാനും അദ്ദേഹം സഫലമായി ശ്രമിച്ചു. ഡയറക്ടറി ഷീറ്റിന്റെ ഓരോ പ്രതി ഓരോ വീട്ടിലും അദ്ദേഹം സൗജന്യമായി നൽകി. ഇടവകയുടെ പ്രവർത്തനത്തിൽ ആ പ്രവർത്തനം വലിയ പരിവർത്തനമാണുണ്ടാക്കിയത്. ആ വിപ്ലവകരമായ വാർത്താവിനിമയോപാധിയെ നാട്ടിലെത്തിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ ബഹുമതിയും ഫാ. കെ. സി. ജോസഫ് അർഹിക്കുന്നു. അദ്ദേഹത്തിന്റെ പല പ്രവർത്തനങ്ങൾക്കും ശക്തി പകർന്നത് കെ. എസ്. നാരായണൻ നമ്പൂതിരിയുടെയും പി. ടി. ഉതുപ്പൂരുവിന്റെയും സഹകരണമായിരുന്നു എന്ന് ഓർക്കാവുന്നതാണ്.

ഒരു വൈദികൻ നാടിന്റെ പൊതുപ്രവർത്തകരുമായി നല്ല ബന്ധം പുലർത്തിയാൽ നാടിനെ പ്രകാശത്തിലേക്ക് നയിക്കാവുന്ന പല പുരോഗമന പദ്ധതിയും സാക്ഷാത്കരിക്കാനാവുമെന്ന് അദ്ദേഹം തെളിയിച്ചു.

## പഴഞ്ഞി എം. ഡി. കോളജ്

1873-ലും 1876-ലുമായി നടന്ന പരുമല, മുളന്തുരുത്തി സുന്നഹദോസുകളിലൂടെ പിറന്ന് വളർന്ന് ശക്തിപ്രാപിച്ച, കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായിരുന്നു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ. ഇതിന്റെ ജനയിതാവും സംഘാടകനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ സമുദായത്തിന്റെയും കേരള സമൂഹത്തിന്റെയും നവോത്ഥാനം ലക്ഷ്യമാക്കിയാണ് ഈ സംഘടന സ്ഥാപിച്ചത്. അതിന്റെ നേതൃത്വത്തിൽ സമാരംഭിച്ച എല്ലാ പ്രവർത്തനങ്ങളും സമുദായത്തിന്റെയും നാടിന്റെയും ഉയിർത്തെഴുന്നേൽപ്പ് ലക്ഷ്യം വച്ചിരുന്നു. അതിൽ മുഖ്യമായിരുന്നു വിദ്യാഭ്യാസ വിപ്ലവം. 250-ലേറെ വിദ്യാലയങ്ങൾ സ്ഥാപിച്ച് അദ്ദേഹം കേരളത്തെ വിദ്യാഭ്യാസ വിപ്ലവത്തിലേക്ക് ഉപനയിച്ചു. ജാതിമത വർഗ്ഗലിംഗ ഭേദമെന്യേ ആ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചപ്പോൾ കേരളത്തിലെ സവർണ്ണ മേധാവിത്തം കെട്ടിപ്പൊക്കിയ 'ശൂദ്രമക്ഷര സംയുക്തം ദൂരത: പരിവർജ്ജയേത്' തുടങ്ങിയ ചീട്ടുകൊട്ടാരങ്ങൾ തകർന്നുവീണു. മെത്രാപ്പോലീത്തായുടെ ശിഷ്യൻ ചീരൻ ഗീവറുഗീസ് കത്തനാർ ആയിരുന്നു അന്നത്തെ പഴഞ്ഞിപ്പള്ളിയിലെ സീനിയർ വികാരി. ഗുരുവിന്റെ സന്ദേശം പഴഞ്ഞിയിലും അദ്ദേഹം പ്രാവർത്തികമാക്കി. മൂന്നു നാല് വിദ്യാലയങ്ങൾ അന്ന് പഴഞ്ഞിയിൽ സ്ഥാപിതമായി. അന്ന് ഇടവക സ്ഥാപിച്ച വിദ്യാലയങ്ങളിൽ ഒന്നായിരുന്നു പിൽക്കാലത്ത് സർക്കാർ ഏറ്റെടുത്ത ഹൈസ്കൂൾ എന്ന് പഴമക്കാർ പറയുന്നത് കേട്ടിട്ടുണ്ട്. പാലൂർ മനക്കാരിൽ നിന്ന് വാങ്ങിയ സ്ഥലത്ത് ആരംഭിച്ച വിദ്യാലയത്തിന് എം. ഡി. സ്കൂൾ എന്നായിരുന്നു ആദ്യത്തെ പേർ എന്നും സ്കൂളിലെ ആദ്യകാലത്തെ അഡ്മിഷൻ രജിസ്റ്ററിൽ എം. ഡി. സ്കൂൾ എന്ന് രേഖപ്പെടുത്തിയിരുന്നതായും അവിടെ ഓഫീസ് ക്ലാർക്കുമാരായി സേവനം അനുഷ്ഠിച്ച പഴമക്കാരിൽനിന്ന് കേട്ടറിവുണ്ട്. പിൽക്കാലത്ത്, അന്നാരംഭിച്ച എല്ലാ സ്കൂളുകളും സർക്കാരിന്റേയോ വ്യക്തികളുടേയോ കൈവശത്തിലായി.

ഫാ. കെ. സി. ജോസഫ് 1950-കളിൽ പഴഞ്ഞി പള്ളിയിൽ ചുമതലയേൽക്കുമ്പോൾ സെക്കണ്ടറി വിദ്യാഭ്യാസത്തിനപ്പുറം പഠിക്കുവാൻ പഴഞ്ഞിയിൽ സൗകര്യങ്ങളില്ലായിരുന്നു. പ്രബലമായ സമുദായമെന്ന നിലയിൽ ഒരു ഉന്നത വിദ്യാഭ്യാസസ്ഥാപനം സഭയുടെ ഉടമസ്ഥതയിൽ

സ്ഥാപിക്കുവാൻ അന്നുമുതൽ അദ്ദേഹം ആഗ്രഹിച്ചു. മൂന്ന് പതിറ്റാണ്ടോളം കാലത്തെ തുടർച്ചയായ അധ്വാനംകൊണ്ട് 1982-ൽ ആ സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അക്കാലം വരെയും ഉന്നതവിദ്യാഭ്യാസം നേടുവാൻ പെൺകുട്ടികൾക്ക് മമ്മിയൂരിലും ആൺകുട്ടികൾക്ക് തൃശൂരിലുമുള്ള കോളജുകളെ ആശ്രയിക്കേണ്ടിയിരുന്നു. ഇന്നത്തെപ്പോലെ ബസ്സ് സൗകര്യം സുഗമമായി ഇല്ലാതിരുന്ന അക്കാലത്ത് ഹോസ്റ്റലിൽ താമസിച്ച് കോളജ് പഠനം നടത്തുക എളുപ്പമായിരുന്നില്ല. തന്മൂലം സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞ് തീരെ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾക്കേ കോളജ് വിദ്യാഭ്യാസം സാധ്യമായിരുന്നുള്ളൂ. ഈ ഗ്രന്ഥകാരൻ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയ 1961 മാർച്ചിൽ പരീക്ഷ പാസ്സായവരിൽ രണ്ടോ നാലോ പേർക്ക് മാത്രമേ കോളജ് വിദ്യാഭ്യാസം സാധ്യമായുള്ളു. പഴഞ്ഞിയിൽ ഒരു കോളജ് വന്നതോടെ ആ ദുഃസ്ഥിതിക്ക് ശാശ്വത പരിഹാരമായി. അതിനായി അച്ചൻ മുട്ടാത്ത വാതിലുകളില്ല. പഴഞ്ഞി ഇടവകയെ അപ്രകാരമൊരു സാഹസത്തിന് സജ്ജമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ വലിയ സ്വപ്നങ്ങളെ മനസ്സിലാക്കുവാൻപോലും കഴിയുന്നവർ അന്ന് ഇടവകയുടെ പ്രവർത്തകരിൽ ഇല്ലായിരുന്നു. അദ്ദേഹം നിരാശനായില്ല. മലങ്കരസഭയുടെ വടക്കൻ ഇടവകകളിൽ സുശക്തമായ മേൽവിലാസം അന്നും പഴഞ്ഞി ഇടവകയ്ക്കുണ്ടായിരുന്നു. ആ മേൽവിലാസം കൈമുതലാക്കി സഭാകേന്ദ്രത്തിൽ അദ്ദേഹം സമ്മർദ്ദം ചെലുത്തുവാൻ തുടങ്ങി. കോളജ് ആരംഭിക്കുവാൻ അദ്ദേഹം നടത്തിയ ഉദ്യമങ്ങളെക്കുറിച്ചും അപ്രതീക്ഷിതമായി ഉണ്ടായ പ്രതിബന്ധങ്ങളെക്കുറിച്ചും കോളജിന്റെ സ്ഥാപകനും സ്ഥാപക സെക്രട്ടറിയും എന്ന നിലയിൽ ഫാ. കെ. സി. ജോസഫ് തന്നെ എഴുതിയ ഒരു റിപ്പോർട്ട് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതിനാൽ അക്കാര്യങ്ങൾ ഇവിടെ ആവർത്തിക്കേണ്ടതില്ല. ഏതായാലും കോളജ് പ്രവർത്തനം ആരംഭിച്ചതോടെ പഴഞ്ഞി പ്രദേശത്ത് ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായി എന്ന് മാത്രമല്ല, കോളജ് പ്രവർത്തനത്തിൽ ഓടിനടന്നിരുന്ന കെ. സി. ജോസഫച്ചനെ സ്ഥാനത്തും അസ്ഥാനത്തും രഹസ്യമായും പരസ്യമായും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്ത പല ആത്മീയക്കാരുടെയും മക്കൾക്ക് അവിടെ ജോലി ലഭിക്കാനും അച്ചന്റെ പ്രവർത്തനം മൂലം സാധിച്ചു.

2007-ൽ പഴഞ്ഞി എം. ഡി. കോളജ് അതിന്റെ രജതജൂബിലി ആഘോഷിച്ചപ്പോൾ പ്രസിദ്ധീകരിച്ച സുവനീറിൻ അതിന്റെ സ്ഥാപകനെപ്പറ്റി താഴെ പറയുംപ്രകാരം ഒരു 'ഫീച്ചർ' ഉൾപ്പെടുത്തി.

## എം. ഡി. യുടെ രാജശില്പി

ഇരുപത്തിഅഞ്ച് വർഷങ്ങൾക്ക് മുമ്പ് .......... കുറ്റിക്കാട്ട് അച്ചൻ ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനം തുടങ്ങാനുള്ള പ്രവർത്തനം ആരംഭിച്ചു.

സമുദായത്തിന് പണമില്ലാതിരുന്ന കാലം. വിദ്യാർത്ഥിയായിരുന്ന കാലത്ത് സുഹൃത്തുക്കളായിരുന്ന ഉതുപ്പൂരുവും പി. വി. ജോബും സഹായത്തിന്.... പണമില്ലാതെ, ആൾബലമില്ലാതെ, ഉൾബലംകൊണ്ട് മാത്രം അച്ചൻ ലക്ഷ്യത്തിലേക്ക് നീങ്ങി. വടക്കാഞ്ചേരി എം.എൽ.എ. നാരായണൻ നമ്പൂതിരിയുടെ സഹായംകൊണ്ട് ആഗ്രഹം പൂവണിഞ്ഞു. അന്ന് നട്ട തൈ ഇന്ന് മഹാവൃക്ഷമായി. അനവധി അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും ഇവിടെ ചേക്കേറി. പലരും കടന്നുപോയി. ഈ മഹാവൃക്ഷത്തിന്റെ വിത്ത് പാകിയ മഹാനുഭാവന് മുമ്പിൽ നമസ്കരിച്ചുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് അല്പം കാര്യങ്ങൾ.

കുറ്റിക്കാട്ട് അച്ചൻ എന്നപേരിൽ അറിയപ്പെടുന്ന കെ. സി. ജോസഫ് അച്ചൻ 21-10-1932-ൽ ജനിച്ചു. കുറ്റിക്കാട്ട് കെ. പി. ചുമ്മാർ ആണ് പിതാവ്. മാതാവ് സി. കെ. ഇട്ട്യേനം. ഭാര്യ പി. വി. കൊച്ചന്ന. മക്കൾ: ആനി ജോസഫ്, സാറാ ജോസഫ്, സൈമൺ ജോസഫ്, മേരി ജോസഫ്. പഴഞ്ഞി, കാട്ടകാമ്പാൽ, പെങ്ങാമുക്ക്, മൂലേപ്പാട് തുടങ്ങി ഒട്ടനവധി പള്ളികളുടെ വികാരിയായി പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയത്ത് വച്ച് 1954-ൽ ഏപ്രിൽ 10-ന് പട്ടം സ്വീകരിച്ച് പഴഞ്ഞിപ്പള്ളിയിൽനിന്ന് 2006-ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചു. ഇപ്പോൾ കുടുംബാംഗങ്ങളോടൊപ്പം പഴഞ്ഞി യെരുശലേമിൽ സ്വന്തം ഗൃഹത്തിൽ വിശ്രമജീവിതം നയിക്കുന്നു.

ഒരു സ്ഥാപനം തുടങ്ങുന്നതിന് മുമ്പുതന്നെ അതിന്റെ ബീജാവാപം നടന്നുകഴിഞ്ഞിരിക്കുമെന്ന് പറയാറുണ്ട്. കോളജ് തുടങ്ങുന്നതിന് എത്രയോ മുമ്പ് അച്ചന്റെ മനസ്സിൽ ഇങ്ങനെയൊരു സ്വപ്നം ഉരുത്തിരിഞ്ഞിരിക്കാം. എന്തായിരുന്നു അതിന്റെ രൂപം? അതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നിരുന്നുവോ?

ഉത്തരം: അങ്ങനെ മുൻകൂട്ടിയുള്ള ചിന്തകളൊന്നും ഉണ്ടായിരുന്നില്ല. എന്റെ മനസ്സിൽ തോന്നിയ ഒരാശയം. അന്നത്തെ വടക്കാഞ്ചേരി എം.എൽ.എ. നാരായണൻ നമ്പൂതിരിയെ ഓർക്കാതിരിക്കാൻ വയ്യ. അത്ര കണ്ട്, ഈ സ്ഥാപനം അനുവദിച്ച് കിട്ടുന്നതിനുവേണ്ടി അദ്ദേഹം യത്നിച്ചിട്ടുണ്ട്. ഞാനും അദ്ദേഹവും കൂടി തൃശൂർ രാമനിലയത്തിൽ വച്ച് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരനെ കാണാൻ പോയി. അവിടെ നിന്നാണ് ഇതിന്റെ തുടക്കം.[1]

ഒരു വിദ്യാഭ്യാസ സ്ഥാപനം ഓർത്തഡോക്സ്സഭ തുടങ്ങുമ്പോൾ, പ്രത്യേകിച്ച് ഈ ദേശക്കാർ തുടങ്ങുകയാണെങ്കിൽ, അത് പുലിക്കോട്ടിൽ തിരുമേനിയുടെ പേരിൽ ആയിരിക്കണം എന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് അച്ചന്റെ കാഴ്ചപ്പാട് പറയാമോ?

ഉത്തരം: പുലിക്കോട്ടിൽ തിരുമേനി പട്ടത്വം സ്വീകരിച്ചത് പഴഞ്ഞി ദേവാലയത്തിൽ വച്ചായിരുന്നു. ഓർത്തഡോക്സ് സഭയിലെ എല്ലാ വൈദികർക്കും പഠിക്കുവാനുള്ള സെമിനാരി തുടങ്ങിയത് തിരുമേനിയാണ്. അപ്പോൾ പിന്നെ പുലിക്കോട്ടിൽ തിരുമേനിയുടെ പേരിൽ പഴഞ്ഞിയിൽ അല്ലേ തുടങ്ങേണ്ടത്?

അന്നത്തെ മന്ത്രിസഭ?

ഉത്തരം: അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും വിദ്യാഭ്യാസ മന്ത്രി ടി. എം. ജേക്കബും ആയിരുന്നു. വടക്കാഞ്ചേരി എം. എൽ. എ. നാരായണൻ നമ്പൂതിരി തന്നെ. അത് മറക്കാൻ പറ്റുമോ?

സ്ഥലം കണ്ടെത്തിയ രീതി?

ഉത്തരം: ആരും ഭൂമി ദാനം ചെയ്തിട്ടില്ല.[2] ഒരു നിശ്ചിതവില നിശ്ചയിച്ച് ഭൂമി നൽകുകയായിരുന്നു. ഒരു കാര്യം മാത്രമേ അവർ പറഞ്ഞുള്ളൂ. കോളജ് ഇവിടെ സ്ഥാപിക്കണം. അതിനാണ് സ്ഥലം തരുന്നത്. ഇതിൽ എല്ലാ മതസ്ഥരും സഹകരിച്ചിട്ടുണ്ട്. സ്ഥലത്തിനെ റോഡുമായി ബന്ധിപ്പിക്കാൻ വഴി ഉണ്ടായിരുന്നില്ല. വഴിയുള്ള സ്ഥലത്തിന് കൂടുതൽ വില പറഞ്ഞതിനാൽ വരമ്പത്തു കൂടെ പോകാമെന്ന് വച്ചു.

അന്നത്തെ നാട്ടുകാരുടെ അഭിപ്രായങ്ങൾ? സഹകരണ മനോഭാവങ്ങൾ?

ഉത്തരം: അവർക്ക് ഒരഭിപ്രായവും ഉണ്ടായിരുന്നില്ല. അവർക്ക് അറിയില്ലായിരുന്നു കോളജ് എന്താണ് എന്ന്.

കോളജ് തുടങ്ങുന്നതിന് സഹകരിച്ചവർ?

ഉത്തരം: ഇന്നത്തെ അഭിവന്ദ്യ ശ്രേഷ്ഠ നിയുക്ത ബാവായും അന്നത്തെ പോളച്ചനുമായിരുന്ന മിലിത്തിയോസ് തിരുമേനി ആയിരം രൂപ സംഭാവന തന്നു. ഇന്നത്തെ പതിനായിരം രൂപയുടെ മൂല്യമാണ് അതിന്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ. പി. ടി. ഉതുപ്പൂരുവും പിന്നെ പി. വി. ജോബുമാണ് രാപകലില്ലാതെ എന്റെയൊപ്പം ഓടിനടന്നവർ.

ഇതല്ലാതെ മതസ്ഥാപനങ്ങൾ തുടങ്ങുന്നതിന് വേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ?

ഉത്തരം: ഞാൻ ഒത്തിരി പള്ളികൾ പണിയുന്നതിന് സഹായിച്ചിട്ടുണ്ട്. പഴഞ്ഞി പബ്ലിക് ലൈബ്രറി കെട്ടിടം ക്ഷയിച്ചുകൊണ്ടിരുന്നപ്പോൾ അതിന് പുതിയ സ്ഥലം വാങ്ങി ഇന്ന് കാണുന്ന രീതിയിലേക്ക് വളർത്തിയെടുക്കുന്നതിന് പിന്നിലും പഴഞ്ഞി പോസ്റ്റോഫീസ് ഹെഡ് ഓഫീസ് ആക്കി വലുതാക്കിയതിന് പിന്നിലും ഹെൽത്ത് സെന്റർ തുടങ്ങി അതിനെ വളർത്തിയതിന് പിന്നിലും എന്റെ കുറെ പ്രയത്നം ഉണ്ട്.

സ്ഥാപനം തുടങ്ങുമ്പോൾ എന്തെങ്കിലും തനിച്ച് നേരിടേണ്ടിവന്നിട്ടുണ്ടോ?

ഉത്തരം: പഴഞ്ഞിപ്പള്ളിയിലാണ് രണ്ടു വർഷം കോളജ് പ്രവർത്തിച്ചത്. ചിലരെല്ലാം കോളജ് പഴഞ്ഞിപള്ളി കോമ്പൗണ്ടിൽ തുടങ്ങുന്നതിന് എതിരായിരുന്നു. കോളജ് അനുവദിച്ച് കിട്ടുകയില്ലെന്ന് അവർ വിചാരിച്ചു. അങ്ങനെയാണ് പള്ളിയിൽ തുടങ്ങാനുള്ള പ്രമേയം പാസ്സായത്.

വീട്ടുകാരുടെ പ്രതികരണം?

ഉത്തരം: വീട്ടിലെ കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ നേരമില്ലാതായി. അതിനാൽ തന്നെ വീട്ടുകാർ പലപ്പോഴും ചീത്ത പറഞ്ഞു: 'ദിവസവും കോളജ് എന്ന് പറഞ്ഞ് നടക്കാണ്.....'

കോളജ് ആരംഭിക്കുന്നതിനോട് ബന്ധപ്പെട്ട ഫോട്ടോകൾ വല്ലതുമുണ്ടോ?

ഉത്തരം: അന്ന് പടമെടുക്കുന്നതിനല്ല പ്രാധാന്യം. കാര്യങ്ങൾ ചെയ്യുന്നതിനാണ്.

ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിക്കുകയോ എഡിറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

ഉത്തരം: ഉവ്വ്. ഓർത്തഡോക്സ് പള്ളികളുടെ പഴമയെയും വാസ്തുശില്പത്തെയുംപറ്റി പ്രതിപാദിക്കുന്ന ഒരു പുസ്തകം.[3]

പഴഞ്ഞി പഴയപള്ളി പൊളിച്ചുപണിയുന്നതിനെക്കുറിച്ചും വലിയപള്ളി പണിയുന്നതിനെക്കുറിച്ചും അച്ചന്റെ അഭിപ്രായം?

ഉത്തരം: പഴഞ്ഞിപള്ളി പൊളിക്കുന്നില്ല. വേറേ പുതിയത് പണിയുകയാണ്. ആയിരം കുടുംബങ്ങൾ ഉള്ള വലിയ ഇടവകയാണ്. അവർക്ക് ഒന്നിച്ച് നിന്ന് കുർബ്ബാന കാണാനാണ് വലിയപള്ളി പണിയുന്നത്.

അരുവായിയെക്കുറിച്ച്?

ഒരു പറയ്ക്ക് നാൽപത് മേനി വരെ കിട്ടുന്ന പാടശേഖരമാണ്. അരി വിളയുന്ന ഭൂമി എന്ന അർത്ഥത്തിലാണ് 'അരുവായി' എന്ന് പേർ ലഭിച്ചത്. വളക്കൂറുള്ള ഭൂമി. പതിരില്ലാത്തത്.

വിദ്യാർത്ഥികളോട്?

സമരം ചെയ്യാതെ വിദ്യാർത്ഥികൾ പഠിക്കണം. ഇത് പഠിക്കാനുള്ള കാലമാണ്; സമരം ചെയ്യാനുള്ളതല്ല. അതൊക്കെ സ്വന്തം കാലിൽ നിന്നിട്ട്.

ജീവനക്കാരോട്?

കൃത്യനിഷ്ഠയുള്ളവരായി അതത് ദിവസത്തെ ജോലി അന്നന്ന് തന്നെ തീർക്കണം. നാളത്തേക്ക് മാറ്റിവയ്ക്കരുത്.

– തയ്യാറാക്കിയത് സുവനീർ കമ്മിറ്റി.

**കുറിപ്പുകൾ (ഗ്രന്ഥകാരൻ)**

1. ഈ നിരീക്ഷണം ശരിയല്ല. കൊച്ചി ഭദ്രാസനത്തിന്റെ അധികചുമതലയേറ്റ അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ആണ് കുന്നംകുളം ഭാഗത്ത് ഒരു കോളജ് സ്ഥാപിക്കണമെന്ന ആശയം 1962–ൽ പ്രകടിപ്പിച്ചതെന്ന് കുന്നംകുളം: ചരിത്രവും സംസ്കാരവും എന്ന ഗ്രന്ഥത്തിനുവേണ്ടി അച്ചൻ എഴുതിത്തന്ന ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (ലേഖനം അന്യത്ര കാണുക). 1970–ൽ കെ. സി. ജോസഫ് അച്ചൻ ഭദ്രാസന സെക്രട്ടറിയായി. 'കുന്നംകുളം പഴഞ്ഞി പ്രദേശം മലങ്കരയുടെ ഉരുക്കുകോട്ടയാണല്ലോ. അവിടെ ഒരു കോളജ് ആരംഭിച്ചു കൂടേ' എന്ന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പതിവ് ലാഘവത്തോടെ, എന്നാൽ ഉള്ളിൽ കൊള്ളുംവിധം, അച്ചനോടു ചോദിച്ചു. 'സഭ വകയായി ആരംഭിക്കാൻ അനുവാദം കിട്ടിയാൽ ഒരു കൈ നോക്കാം' എന്നായി സെക്രട്ടറി. അടുത്ത ഭദ്രാസന കൗൺസിൽ യോഗം ഇത് സംബന്ധിച്ച് പ്രമേയം പാസ്സാക്കി പ. കാതോലിക്കാബാവായ്ക്ക് അയച്ചു. തുടർന്ന് നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി 1979–ൽ സഭാ മാനേജിംഗ് കമ്മിറ്റി ആ പ്രമേയത്തിന് അംഗീകാരവും അനുമതിയും നൽകി. കോളജ് പരിശ്രമങ്ങളുടെ ഈ പശ്ചാത്തലം അദ്ദേഹം അഭിമുഖത്തിൽ വ്യക്തമാക്കാഞ്ഞത് മറവി കൊണ്ടാകാം, സ്വന്തം പ്രസക്തി കുറയുമോ എന്ന ആശങ്ക കൊണ്ടുമാകാം. കോളജ് സ്ഥാപനത്തിന്റെ മുഴുവൻ ബഹുമതിയും തനിക്ക് മാത്രമായിരിക്കണമെന്ന ചിന്ത മറ്റ് പല രംഗങ്ങളിലുമെന്നപോലെ ഒരു ബലഹീനതയായി അദ്ദേഹത്തെ വേട്ടയാടി. ജീവിതസായാഹ്നത്തിൽ ഈ ബലഹീനത അദ്ദേഹത്തെ നിലംപതിപ്പിച്ചുവോ?

2. ആരും ഭൂമി ദാനം ചെയ്തില്ല എന്നത് സാങ്കേതികമായി ശരിയാണ്.

എന്നാൽ കോളജിന് വേണ്ടി വാങ്ങിയ ഭൂമി മുഴുവൻ സഹൃദയരായ ആളുകൾ വില കൊടുത്ത് കോളജിന്റെ പേരിൽ വാങ്ങുകയായിരുന്നു. ഒരു ഏക്കറിന് ഒരു സീറ്റ് എന്ന കണക്കിൽ അവർക്കൊക്കെ കോളജ് പ്രവേശനം വാഗ്ദാനം നൽകിയിരുന്നു. ഇത് പാലിക്കാതെ വന്നപ്പോൾ മാനേജർ ആയിരുന്ന മാർ മിലിത്തിയോസ് തിരുമേനിയുമായി പഴഞ്ഞി ഇടവക നടത്തിയ പോരാട്ടങ്ങൾ അസുഖകരമായ ഓർമ്മയായി അനേകരുടെ മനസ്സിലുണ്ട്. നിഷേധിക്കപ്പെട്ട സീറ്റുകൾ തിരിച്ചുപിടിക്കാനായി ഇടവക രണ്ടു ലക്ഷത്തോളം രൂപ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് കേട്ടിട്ടുണ്ട്.

3. കൊച്ചി ഭദ്രാസന ഡയറക്ടറി ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. കൊച്ചി ഭദ്രാസനത്തിലെ 83 പള്ളികളുടെയും 102 വൈദികരുടെയും ചിത്രങ്ങളും ചരിത്രങ്ങളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭദ്രാസന സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം തന്നെയായിരുന്നു അതിന്റെ എഡിറ്റർ. ചരിത്രങ്ങൾ ശേഖരിക്കുക, ലഭിച്ച ചരിത്രങ്ങൾ എഡിറ്റ് ചെയ്ത് അച്ചടിച്ച് തയ്യാറാക്കുക, മുതലായ ജോലികൾ അദ്ദേഹത്തിന് വേണ്ടി നിർവ്വഹിച്ചത് അന്ന് ശെമ്മാശൻ ആയിരുന്ന ഈ ഗ്രന്ഥകാരനാണ്. പരസ്യങ്ങൾ ശേഖരിച്ചതും പ്രസിലെ അച്ചടിക്ക് മേൽനോട്ടം വഹിച്ചതും അച്ചൻ തന്നെ. ഭദ്രാസന അരമന മുഖചിത്രമാക്കിയാണ് ഡയറക്ടറി പ്രസിദ്ധീകരിച്ചത്. അദ്ദേഹത്തിന്റെ അവസാനകാലത്ത് ഡയറക്ടറിയുടെ പരസ്യപ്പേജുകൾ എല്ലാം നീക്കം ചെയ്തും പുതിയ കവർ നൽകി പഴയ കവർ ചിത്രം മാറ്റിയും ഗ്രന്ഥകർത്താവ് എന്ന സ്ഥാനത്ത് സ്വന്തം പേർ ചേർത്തും (പുസ്തകമിറക്കിയ കാലത്ത് ഗ്രന്ഥകർത്താവിന്റെ സ്ഥാനത്ത് അദ്ദേഹത്തിന്റെ പേർ ചേർത്തിരുന്നില്ല) ഏതാനും കോപ്പികൾ അദ്ദേഹം 40 രൂപ വില വാങ്ങി വിൽപന നടത്തിയിരുന്നു (സൗജന്യ വിതരണത്തിനായിട്ടാണ് ഡയറക്ടറി അച്ചടിച്ചത്).

വൈദ്യുതി പഴഞ്ഞിയെ അക്ഷരാർത്ഥത്തിൽ അന്ധകാരത്തിൽ നിന്ന് മോചിപ്പിച്ചു; വായനശാല വിജ്ഞാന പ്രകാശം കൊളുത്തി. പ്രൈമറി ഹെൽത്ത് സെന്റർ ആരോഗ്യരംഗത്ത് പ്രകാശത്തിന്റെ നാളങ്ങൾ പ്രസരിപ്പിച്ചു. ടെലിഫോൺ മനുഷ്യബന്ധങ്ങളിൽ പ്രകാശം ചൊരിഞ്ഞു; എം. ഡി. കോളജ് വിദ്യയുടെ പ്രകാശം പൂർണ്ണമാക്കി. ഇപ്രകാരം പഴഞ്ഞി പട്ടണത്തെ ആത്മീയവും ഭൗതികവും ധൈഷണികവും സാമ്പത്തികവും സാംസ്കാരികവും ആയ പ്രകാശവീചികളിലൂടെ ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്ക് സമർത്ഥമായി ഉപനയിച്ച നേതാക്കളിൽ പ്രഥമസ്ഥാനം പഴഞ്ഞിയുടെ ഈ ശ്രേഷ്ഠാചാര്യന് സ്വന്തം.

## അദ്ധ്യായം 5

# വികസ്വരമായ ചക്രവാളങ്ങൾ

1980-കളിൽ നാം കണ്ട നേതൃത്വശേഷിയോ കർമ്മകുശലതയോ ആത്മവിശ്വാസമോ പോലും 1960-കളിൽ കെ. സി. ജോസഫ് അച്ചനിൽ പ്രകടമായിരുന്നില്ല. താരതമ്യേന ഒരു രണ്ടാംകിട വൈദികൻ എന്നതായിരുന്നു അന്ന് അദ്ദേഹത്തെപ്പറ്റിയുള്ള ചിത്രം. ഈ ഗ്രന്ഥകാരൻ അച്ചന്റെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് ഇക്കാലത്താണ്. ഒരു വൈദികനാവാനുള്ള പ്രേരണ ഓർമ്മവച്ച നാൾ മുതൽ എന്നോടൊപ്പമുണ്ടായിരുന്നു. എന്നാൽ വൈദികർ ഇടവകയിൽ അനുഭവിക്കുന്ന നിന്ദയും അവഗണനയും എന്നെ ചിന്തിപ്പിച്ചു. സ്വന്തമായ ഒരു വരുമാനം ഉണ്ടായതിനുശേഷം വൈദികനായാൽ മതി എന്ന ചിന്ത എന്നിൽ പ്രബലമാവാൻ സഹായകമായിരുന്നു പഴഞ്ഞിയിലെ അന്നത്തെ വൈദികരുടെ ശോചനീയാവസ്ഥ. എങ്കിലും താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ മകൻ വൈദികനായാൽ കൊള്ളാമെന്ന് ഒരു വൈദികന്റെ മകൻ കൂടെയായ പിതാവിന് താൽപര്യം വർദ്ധിക്കുകയാൽ അദ്ദേഹം കൊച്ചിയുടെ കാലംചെയ്ത പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പഴഞ്ഞിപ്പള്ളിയിൽ വന്നപ്പോൾ ഈ ആഗ്രഹം അഭിവന്ദ്യ തിരുമേനിയോട് അറിയിച്ചു. ഞാൻ അന്ന് പത്താം ക്ലാസ്സിൽ പഠിക്കുകയാണ്. തിരുമേനി എന്നെ വിളിപ്പിച്ചതനുസരിച്ച് ഞാൻ അദ്ദേഹത്തെ പോയി കണ്ടു. പഴയ സീനിയർ വൈദികൻ ചീരൻ ഗീവറുഗീസ് കശ്ശീശയുടെ പൗത്രനാണ് താനെന്ന അറിവ് അദ്ദേഹത്തെ സന്തോഷിപ്പിച്ചു. 1961 സമ്മർ വെക്കേഷനിൽ ശെമ്മാശുപട്ടം നൽകാം എന്ന് തിരുമേനി അറിയിച്ചു. ജീവിതം ഒരു ലക്ഷ്യത്തിലേക്ക് നീങ്ങുന്നതായി തോന്നി. പക്ഷേ, അഭിവന്ദ്യ തിരുമേനി 1961 മാർച്ചിൽ ഹൃദ്രോഗം മൂലം കുന്നംകുളത്തു വച്ച് കാലം ചെയ്തു. എനിക്ക് നൽകിയ വാഗ്ദാനം അങ്ങനെ ജലരേഖയായി. ദൈവനിശ്ചയത്തിന്റെ അലംഘ്യമായ നടത്തിപ്പുകൾ. വൈദികസെമിനാരിയിൽ പ്രവേശിക്കുവാൻ പ്രീ-യൂണിവേഴ്സിറ്റി യോഗ്യത അനിവാര്യമായതിനാൽ ഞാൻ ആ കോഴ്സിൽ ചേർന്നു. അക്കൊല്ലം എന്റെ പിതാവ് അന്തരിച്ചു. പല അർത്ഥത്തിലും ഞാൻ അനാഥനാവുകയായിരുന്നു. എന്റെ ആഗ്രഹം നന്നായി അറിയാവുന്ന പഴഞ്ഞിയിലെ വികാരിയും എന്റെ ഗുരുഭൂതനും ആയ തെക്കേക്കര അച്ചൻ കോട്ടയം വൈദികസെമിനാരിയിലേക്ക് അപേക്ഷ അയക്കുവാൻ ഉപദേശിച്ചു. ഞാൻ അപേക്ഷ എഴുതി അദ്ദേഹത്തെ ഏൽപ്പിച്ചു. തന്റെ ശുപാർശയും ചേർത്ത് അയച്ചുകൊള്ളാമെന്ന് പറഞ്ഞ് ആ അപേക്ഷ അദ്ദേഹം വാങ്ങിവച്ചു. അയക്കാനുള്ള വിലാസം പോലും കൃത്യമായി അറിയാത്ത ഞാൻ അതൊരു വലിയ സഹായമായി കരുതി. പക്ഷേ, ദൗർഭാഗ്യമെന്ന്

പറയട്ടെ, സെമിനാരിയിൽ നിന്ന് പ്രതികരണമൊന്നും ഉണ്ടായില്ല. സെമിനാരി പ്രവേശനം പ്രതീക്ഷിച്ച് കാത്ത് കഴിഞ്ഞ എന്റെ ഒരു അക്കാദമിക് വർഷം നഷ്ടപ്പെട്ടത് മിച്ചം. ഒരു കൊല്ലം നഷ്ടപ്പെട്ടപ്പോൾ എനിക്ക് ഉപരിപഠനം നടത്തുവാനുള്ള അന്തരീക്ഷം വീട്ടിൽ രൂപപ്പെട്ടു. മുതുതലയിൽ അധ്യാപികയായിരുന്ന സഹോദരിയുടെ കൂടെ താമസിച്ച് അഞ്ചു കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന പട്ടാമ്പി ഗവ. സംസ്കൃത കോളജിൽ മലയാളം വിദ്വാൻ പരീക്ഷയ്ക്ക് മൂന്ന് വർഷത്തെ കോഴ്സിൽ ഞാൻ ചേർന്നു. പഴഞ്ഞിയിൽ വരുമ്പോൾ എന്റെ ആശ്രയം എല്ലാ അർത്ഥത്തിലും പള്ളിയായിരുന്നു, അവിടത്തെ വൈദികരും. ആദ്യ വർഷം പ്രിലിമിനറി പരീക്ഷയും രണ്ടു വർഷം കഴിഞ്ഞ് ഫൈനൽ പരീക്ഷയും. അവിഭക്ത കേരള സർവ്വകലാശാലയുടെ ഒന്നാം റാങ്കോടെ ഞാൻ പാസ്സായി. റിസൾട്ട് വരും മുമ്പെ ഒരു എയ്ഡഡ് ഹൈസ്കൂളിൽ 100 രൂപ പ്രതിമാസ ശമ്പളത്തിൽ പാർട്ട്-ടൈം ആയും അടുത്ത വർഷം 140 രൂപ ശമ്പളത്തിൽ ഫുൾടൈം ആയും അൺട്രെയിൻഡ് അധ്യാപകനായി ഞാൻ നിയമിക്കപ്പെട്ടു. 1966, 1967 വർഷങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. ആദ്യത്തെ സ്കൂളിൽ ട്രെയിൻഡ് അധ്യാപകർ ലഭ്യമായപ്പോൾ അവിടം വിടേണ്ടിവന്നു. ഉടനെ മറ്റൊരു ഹൈസ്കൂളിൽ നിയമനം കിട്ടി.

1961-ൽ നിര്യാതനായ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് പകരം തുമ്പമൺ ഭദ്രാസനത്തിന്റെ അഭിവന്ദ്യ ദാനിയേൽ പീലക്സിനോസ് മെത്രാപ്പോലീത്താ കൊച്ചി ഭദ്രാസനത്തിന്റെ അധികച്ചുമതലയേറ്റു. കൊച്ചി മെത്രാസനത്തിൽ പാത്രിയർക്കീസ് കക്ഷിയുടെ ശക്തമായ സാന്നിധ്യം ഉണ്ടായിരുന്നതിനാലും അക്കാലത്ത് കണ്ടനാട് ഭദ്രാസനത്തിന്റെ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ അന്ത്യോഖ്യൻ മൂവ്മെന്റ് ശക്തിപ്പെട്ടുവരുന്നതിനാലും കാതോലിക്കേറ്റിന്റെ ശക്തനായ കാവൽഭടൻ എന്ന നിലയിൽ തുമ്പമൺ മെത്രാപ്പോലീത്തായെ കൊച്ചിയുടെ ചുമതല ഏൽപ്പിക്കുകയായിരുന്നു. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് ശേഷം അടുത്ത കാതോലിക്കാ ആയി പ. ഔഗേൻ പ്രഥമൻ ബാവാ ചുമതലയേറ്റു. 1966-ൽ അദ്ദേഹം കോലഞ്ചേരിയിൽ വച്ച് വാഴിച്ച യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൊച്ചിയുടെ ചുമതലയേറ്റു. കൊച്ചി ഭദ്രാസനത്തിൽ വൈദികരുടെ അപര്യാപ്തത അദ്ദേഹത്തെ കർമ്മോന്മുഖനാക്കി. ആദ്യം കൂടിയ വൈദികയോഗത്തിൽ അദ്ദേഹം വൈദികരോട് പറഞ്ഞു: 'നമുക്ക് ഏതാനും വൈദികരെ ആവശ്യമുണ്ട്. കൊള്ളാവുന്നവരെ കണ്ടെത്തിയാൽ എന്നെ അറിയിക്കണം.'

ഇത്രയും ഫ്ളാഷ്ബാക്ക്.

ഒരു ദിവസം പള്ളിയിൽ വച്ച് കെ. സി. ജോസഫ് അച്ചൻ എന്നോട്

ചോദിച്ചു. 'നീ ഇപ്പോഴും പട്ടം ഏല്ക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ?' 'ഉവ്വ്' എന്ന് ഞാൻ പ്രതിവചിച്ചു.

എന്റെ പശ്ചാത്തലവും സെമിനാരിയിലേക്ക് പ്രവേശനം ലഭിക്കാതിരുന്നതും ഒക്കെ അദ്ദേഹത്തിനറിയാം. ഇന്ന് ഞാൻ ഹൈസ്കൂൾ അധ്യാപകൻ ആയി ജോലി നോക്കുകയാണ്. വൈദികൻ ആകാനുള്ള ആഗ്രഹം ഞാൻ ഉപേക്ഷിച്ചുവോ എന്ന് അറിയില്ല. അതാണ് ചോദിക്കാൻ കാരണം.

ഞാൻ തുടർന്ന് പറഞ്ഞു. 'ഇരുപത്തിമൂന്ന് വയസ്സായ ഞാൻ ഇന്ന് അധ്യാപകനാണ്. എനിക്ക് വീട്ടിൽ ചില ചുമതലകൾ ചെയ്തുതീർക്കാനുണ്ട്. തന്മൂലം ജോലി ഉപേക്ഷിച്ച് സെമിനാരിയിൽ ചേർന്ന് പഠിക്കാൻ ഇനി പ്രയാസമാണ്.' ഉടനെ അച്ചൻ നേരത്തെ വ്യക്തമാക്കിയ വൈദികയോഗ വൃത്താന്തം എന്നെ അറിയിച്ചു. എന്നെ പരിചയപ്പെടുത്തുന്ന ഒരു കത്ത് തന്ന് അദ്ദേഹം എന്നെ കൊരട്ടിയിലയച്ചു. ഒരു പരിചയപ്പെടലിന് ശേഷം തിരുമേനി ഒരു കത്ത് എനിക്ക് തന്നു. കുന്നംകുളം അടുപ്പൂട്ടിയിൽ താമസിക്കുന്ന കാക്കശ്ശേരിൽ ജോസഫ് അച്ചനുള്ളതായിരുന്നു കത്ത്. 'അച്ചന്റെ അടുക്കൽ പോയി നമസ്കാരം പഠിച്ച് വരൂ." തിരുമേനി പറഞ്ഞു. കത്തുമായി അടുപ്പൂട്ടിയിൽ അച്ചനെ സമീപിച്ചു. അച്ചൻ രോഗിയായിരുന്നു. എങ്കിലും പഠിപ്പിക്കാൻ സമ്മതിച്ചു. ശ്ഹീമ്മാ നമസ്കാരം സുറിയാനിയിൽ രണ്ടാഴ്ച കൊണ്ട് പഠിച്ചു. അദ്ദേഹം നൽകിയ കത്തുമായി – സർട്ടിഫിക്കറ്റുമായി – ഞാൻ കൊരട്ടിയിലെത്തി. ആഗസ്റ്റ് 10–ന് കൊരട്ടിയിൽ വച്ച് ആദ്യ പട്ടം ഏല്ക്കാനുള്ള തീരുമാനവുമായിട്ടാണ് അന്ന് മടങ്ങിയത്. ആ യാത്രയിൽ കെ. സി. ജോസഫ് അച്ചൻ കൂടെയുണ്ടായിരുന്നു.

വളരെ ക്ലേശിച്ച് ഒരു കറുത്ത കുപ്പായവും ശുശ്രൂഷക്കുപ്പായവും ഉണ്ടാക്കിച്ചു. പെങ്ങാമുക്കിൽ ജേക്കബ് അച്ചൻ സ്വന്തം ഊറാറ നല്കി. ഒരു ജോഡി കമ്മീസ് തയ്പിച്ചു. അങ്ങനെ ഫറോക്ക് കോളജ് ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന ഞാൻ ശെമ്മാശനായി. അന്ന് കൊച്ചി ഭദ്രാസന വൈദികരിൽ ഹൈസ്കൂൾ അധ്യാപകരായി ആരക്കുന്നത്ത് പട്ടശ്ശേരിൽ സ്ലീബാ അച്ചനും തൃപ്പൂണിത്തുറയിൽ ജോസഫ് വെണ്ടറപ്പിള്ളിയിൽ അച്ചനും മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ രണ്ടു പേരും പല നിലകളിൽ പ്രഗത്ഭർ ആയിരുന്നു. ആ സാചഹര്യത്തിൽ പട്ടമേറ്റ എന്നെയും മറ്റ് വൈദികർ വളരെ പ്രതീക്ഷകളോടെ വീക്ഷിച്ചു. എന്റെ ഗുരു എന്ന നിലയിൽ കെ. സി. ജോസഫ് അച്ചൻ കൊരട്ടിയിൽ കൂടുതൽ ശ്രദ്ധേയനായി. അക്കാലത്ത് ചേലക്കര പനക്കൽ ജോർജ്ജച്ചൻ ആയിരുന്നു സെമിനാരി മാനേജർ (പില്ക്കാലത്ത് പനക്കൽ ഗീവറുഗീസ് റമ്പാച്ചൻ). അക്കൊല്ലം ഭദ്രാസന പള്ളിപ്രതിപുരുഷ യോഗം സെക്രട്ടറിയായി കെ. സി. ജോസഫ് അച്ചനെ തെരഞ്ഞെടുത്തു.

1958-ൽ സഭ യോജിച്ചപ്പോൾ രണ്ട് ഭാഗത്തായി നിന്ന കൊച്ചി ഭദ്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ ഒരുമിച്ചു. കൊച്ചി ഭദ്രാസനത്തിൽ പാത്രിയർക്കീസ്പക്ഷ പള്ളികൾ ആയിരുന്നു അധികം. ആദ്യത്തെ കൗൺസിൽ തെരഞ്ഞെടുപ്പിൽ സംപൂജ്യനായ മണലിൽ യാക്കോബ് കത്തനാരെ മെത്രാൻ കക്ഷിയിലെ വിഭാഗം സെക്രട്ടറി സ്ഥാനത്തേക്ക് നിർത്തി. സാങ്കേതികമായി സഭ യോജിച്ചു എങ്കിലും വൈകാരികഐക്യം അപ്പോഴും ദൂരെയായിരുന്നു. ഇലക്ഷനിൽ വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയും അവിവാഹിതനും അനുഭവസമ്പന്നനും മഹായോഗ്യനുമായ മണലിൽ അച്ചനെതിരായി, നവവൈദികനായ വെണ്ടപ്പിള്ളിൽ അച്ചനെ മത്സരിപ്പിച്ച് വിജയിപ്പിച്ച് പാത്രിയർക്കീസ്പക്ഷം ശക്തി വെളിപ്പെടുത്തി. അടുത്ത രണ്ടു ടേമുകളിൽ ഏ. എം. പീറ്റർ അച്ചൻ (മുൻ പാത്രിയർക്കീസ് ഭാഗം) സെക്രട്ടറിയായി. അക്കാലത്താണ് ഔഗേൻ ബാവാ പട്ടംകൊടുത്ത സേവേറിയോസ് തിരുമേനി കൊരട്ടിയിൽ ചുമതലയേൽക്കുന്നത്. പുതിയ കാലാവസ്ഥയിൽ മുൻ മെത്രാൻ കക്ഷിയിൽപെട്ട ഒരാളെ ഭദ്രാസന സെക്രട്ടറിയാക്കുവാൻ മറുഭാഗം സന്നദ്ധമായി. സെക്രട്ടറി മറുപക്ഷക്കാരനായാലും തങ്ങളുടെ നിയന്ത്രണത്തിൽ കാര്യങ്ങൾ നടക്കണമെങ്കിൽ അതിന് പറ്റിയ ആൾ ആകണം സെക്രട്ടറി എന്ന് മറുപക്ഷത്തെ സീനിയർ വൈദികർ തീരുമാനിച്ചു. അതിന് അനുയോജ്യനായ ഒരാൾ എന്ന നിലയിലാണ് അവർ കെ. സി. ജോസഫ് അച്ചനെ കണ്ടെത്തിയത്. മറുഭാഗത്തെ അതിപ്രഗത്ഭനായ ഇച്ചിക്കോട്ടിൽ അച്ചൻ (ഫാ. പി. എസ്. സ്കറിയാ) അച്ചന്റെ പേർ നിർദ്ദേശിച്ചു. എതിരില്ലാതെ അദ്ദേഹം സെക്രട്ടറിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വിവരം അറിഞ്ഞപ്പോൾ എനിക്ക് ദുഃഖമാണുണ്ടായത്. കൊരട്ടിയിലെ കാലാവസ്ഥയും പശ്ചാത്തലവും എനിക്ക് നന്നായിട്ടറിയാമായിരുന്നു. കുന്നംകുളം ഭാഗത്ത് കാര്യമായ പിൻബലം ഇല്ലാതിരുന്ന അച്ചൻ ഈ പുതിയ സ്ഥാനത്ത് എങ്ങനെ ശോഭിക്കും എന്നത് എന്നെ ചിന്താധീനനാക്കി. അച്ചന്റെ പ്രവർത്തനത്തിൽ എല്ലാ പിന്തുണയും സാധ്യമായ അളവിൽ നൽകാൻ ഞാൻ നിശ്ചയിച്ചു. 1968 ക്രിസ്മസ് അവധിയിൽ ഞങ്ങൾ ഗുരുവും ശിഷ്യനും ചേർന്ന് കൊരട്ടിയിലെത്തി. അക്കാലമത്രയും ഉറങ്ങിക്കിടന്നിരുന്ന അച്ചനിലെ നേതൃപാടവം ഉന്മേഷം പ്രാപിച്ചു. ഓഫീസ് ക്രമീകരണത്തിലാണ് അദ്ദേഹം ആദ്യം കൈവച്ചത്. അക്കാലത്ത് പ്രധാന കെട്ടിടത്തിന്റെ മുകളിൽ മൂന്ന് വിശാലമായ മുറികളിൽ കിഴക്കുള്ള രണ്ടു മുറികൾ കിടപ്പുമുറികൾ ആയിരുന്നു. പടിഞ്ഞാറേമുറി തിരുമേനിയുടെ സ്വീകരണമുറിയും അതിന്റെ പടിഞ്ഞാറേ ചെറിയ മുറി തിരുമേനിയുടെ കിടപ്പുമുറിയുമായിരുന്നു.

താഴെ മൂന്ന് മുറികളിൽ കിഴക്കേ മുറി യുവജനപ്രസ്ഥാനം ഓഫീസ്

ആയി പ്രവർത്തിച്ചു. നടുവിലെ മുറി ലൈബ്രറി ഹാൾ ആയിരുന്നു. കിഴക്കേമുറി ഓഫീസ്, സെക്രട്ടറിയുടെ കിടപ്പുമുറി, മാനേജരുടെ കിട പ്പുമുറി എന്നീ നിലകളിൽ പ്രവർത്തിച്ചു. തിരുമേനിയുടെ കിടപ്പുമുറി യുടെ നേരെ അഴിഭാഗത്ത് ഒരു വരാന്ത ആയിരുന്നു. ഈ വരാന്ത സെക്ര ട്ടറിയുടെ കിടപ്പുമുറിയായി അച്ചൻ രൂപഭേദപ്പെടുത്തി ഉപയോഗിച്ചു. ഓഫീസ് മുറിയിൽ നിന്ന് ബെഡ്റൂം സൗകര്യം മാനേജർക്ക് മറ്റൊരു മുറിയിൽ ക്രമീകരിച്ചു. പള്ളിക്കാർക്കും മറ്റ് സന്ദർശകർക്കുമായി ആ മുറി സജ്ജീകരിച്ചു. താഴെയുണ്ടായിരുന്ന ലൈബ്രറി പൂർണ്ണമായും മുക ളിലെ കിഴക്കേ മുറിയിലേക്ക് മാറ്റി. സഹായത്തിന് രണ്ടു മൂന്ന് ശെമ്മാ ശന്മാർ അവിടെ ഉണ്ടായിരുന്നു. പഴയ ലൈബ്രറി വൈദികർക്കും മറ്റ് സാധാരണ അതിഥികൾക്കും കിടപ്പുമുറിയായി. മുകളിലെ കിഴക്കേ മുറി മേല്പട്ടക്കാർക്ക് സന്ദർശനവേളയിൽ ഉപയോഗിക്കുവാൻ ക്രമീകരിച്ചു. ഇങ്ങനെ കെട്ടിടത്തെ പുനർക്രമീകരിക്കുവാൻ അദ്ദേഹം നേതൃത്വം നൽകി. ഗുരുവായ മെത്രാപ്പോലീത്തായുടെ പൂർണ്ണാനുമതിയുണ്ടായി രുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും.

പുതിയ സെക്രട്ടറി ഏതു കാര്യം ചെയ്യുമ്പോഴും തന്റെ സഹായം തേടും എന്ന് പ്രതീക്ഷിച്ച ഇച്ചിക്കോട്ടിലച്ചന്റെ കണക്കുകൂട്ടലുകൾ തെറ്റി. കാര്യനിർവഹണത്തിന് പുതിയ സെക്രട്ടറി മികവുകൾ പ്രദർശിപ്പിച്ചു. തങ്ങൾക്ക് പരിചയമില്ലാത്ത ഒരു പുതിയ വ്യക്തിത്വമാണ് പുതിയ സെക്ര ട്ടറി എന്ന് അവർ കാര്യങ്ങളെ തിരിച്ചറിഞ്ഞു. ഏതു കാര്യത്തിനും മെത്രാ പ്പോലീത്താ ഭദ്രാസന സെക്രട്ടറിയെ വിശ്വാസപൂർവം ആശ്രയിക്കുന്ന പ്രകൃതക്കാരനായിരുന്നതിനാലും അവർ തമ്മിൽ അന്യാദൃശമായ മനഃ പൊരുത്തം പുലർത്തിയിരുന്നതിനാലും ഭദ്രാസന സെക്രട്ടറി അതിശ ക്തനായിരുന്നു.

(ഒരു വലിയ ഇടവകയുടെ ചുമതല വഹിച്ചിരുന്ന അച്ചന് ഭദ്രാസന കേന്ദ്രത്തിൽ കൂടതൽ സമയം ചെലവഴിക്കുവാൻ ഉണ്ടായിരുന്നില്ല. യാത്ര കൾ മിക്കവാറും രാത്രിയിലായിരുന്നു. കുടുംബസ്ഥനായിരുന്നതിനാൽ അദ്ദേഹത്തിന് ധാരാളം കൃഷിജോലികളും ഉണ്ടായിരുന്നു. അദ്ദേഹ ത്തിന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ കൊച്ചമ്മ സഹിച്ച ത്യാഗങ്ങൾ അനുസ്മരിക്കപ്പെടേണ്ടത് തന്നെ.)

മെത്രാപ്പോലീത്തായ്ക്കു വേണ്ടി കല്പനകൾ തയാറാക്കുക, അവ ഓഫീസ് കോപ്പിയായി കല്പനബുക്കിൽ പകർത്തിവയ്ക്കുക, തിരു മേനിയുടെ ഓഫീസ് കറസ്പോണ്ടൻസ് നടത്തുക, വരവ് ചെലവ് കണ ക്കുകൾ ഭദ്രാസന അക്കൗണ്ടിൽ ചേർക്കുക എന്നിങ്ങനെ ഭദ്രാസന ത്തിന്റെ അനുദിനപ്രവർത്തനങ്ങൾ അച്ചൻ സ്വന്തം കയ്പടയിൽ എഴുതി തയാറാക്കുമായിരുന്നു. മറ്റാരെ ഏല്പിച്ചാലും അത് ശരിയാകുകയില്ല

എന്ന് ചിന്തിച്ചിരുന്ന അദ്ദേഹം ഞാൻ സ്ഥലത്തുണ്ടെങ്കിൽ ആ ജോലികളെല്ലാം വിശ്വാസപൂർവം എന്നെ ഏല്പിക്കുമായിരുന്നു.

ചിട്ടയായ ഓഫീസ് പ്രവർത്തനം ദശാബ്ദങ്ങളായി നടന്നിട്ടില്ലായിരുന്നതിനാൽ ക്രമമായ ഓഫീസ് പ്രവർത്തനം അന്ന് അസാധ്യം തന്നെയായിരുന്നു. അരമനയിലേക്കു വരുന്ന എല്ലാ കത്തുകളും അപേക്ഷയും വിവേചനം കൂടാതെ ഷെൽഫിൽ തന്നെ വയ്ക്കുന്ന സമ്പ്രദായമാണ് അന്നുവരെയും ഭദ്രാസനകേന്ദ്രത്തിൽ അനുവർത്തിച്ചിരുന്നത്. പുതിയ സെക്രട്ടറിയിലെ 'ഓഫീസ് മാനേജ്മെന്റ് വിദഗ്ദ്ധൻ ഉണരുവാൻ ഇത് സാഹചര്യമൊരുക്കി.

ഒരു ദിവസം അദ്ദേഹം അരമനയിലെത്തിയത് മുന്നൂറോളം ഫയലുകളും പേറി ആയിരുന്നു. അവ അദ്ദേഹം എന്നെ ഏല്പിച്ചു. ഓരോ പള്ളിയ്ക്കും ഓരോ വൈദികനും ഓരോ ഫയൽ. കൗൺസിൽ, മാനേജിംഗ് കമ്മിറ്റി, സുന്നഹദോസ് എന്നിങ്ങനെ മെത്രാപ്പോലീത്തായ്ക്ക് ചുമതലയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും വെവ്വേറെ ഫയലുകൾ. ഈ രീതിയിൽ ഫയലുകൾക്ക് ശീർഷകം നൽകുവാൻ അദ്ദേഹം എന്നെ ചുമതലപ്പെടുത്തി. ഞാനത് കൃത്യമായി ചെയ്തു (ഏതാനും വർഷങ്ങൾക്കു മുമ്പ് അഭി. അന്തോണിയോസ് തിരുമേനിയുടെ സഹായത്തോടെ ചില പഴയ ഫയലുകൾ പരിശോധിക്കേണ്ടി വന്നപ്പോൾ ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു. രണ്ടു മൂന്ന് പതിറ്റാണ്ടു കഴിഞ്ഞിട്ടും ഞാൻ ശീർഷകമെഴുതിയ ഫയലുകൾ തന്നെയാണ് ഇപ്പോഴും അവിടെ ഉപയോഗിക്കുന്നത്).

അലമാരയിൽ കുത്തിനിറച്ചിരുന്ന ഓരോ കടലാസും വായിച്ച് ഇനം തിരിച്ച് ഓരോ ഫയലിൽ അവ ക്രമീകരിക്കുകയായിരുന്നു എന്റെ അടുത്ത ജോലി. 1962 മുതൽ ഒരു ദശാബ്ദക്കാലത്ത് കൊരട്ടി സീയോൻ സെമിനാരിയിൽ വന്ന എല്ലാ കത്തുകളും അവിടെ ക്രമവും താളവും ഇല്ലാതെ ഞെങ്ങിഞെരുങ്ങി ശ്വാസംമുട്ടി ഇരുന്നിരുന്നു. കടലാസ്സുകൾ ഓരോന്നായി വായിച്ച് ഞാനവയെ അതത് ഫയലുകളിൽ ക്രമീകരിച്ചതോടെ അവയ്ക്കൊക്കെ ജീവൻ വച്ചു. ഓരോ പള്ളിയുടെ ഫയലുകളും അതോടെ കനം വച്ചു തുടങ്ങി. അത് കഴിഞ്ഞ് ഫയലുകൾക്ക് അച്ചൻ നമ്പറിട്ട ക്രമത്തിൽ അലമാരയിൽ ഒതുക്കിവച്ചു. അലമാരയുടെ വാതിലിന്റെ ഉൾഭാഗത്ത് ഫയൽ നമ്പരും ഉള്ളടക്കവും ടൈപ്പ് ചെയ്തു ലിസ്റ്റ് ഒട്ടിച്ചുവച്ചു.

ആ ലിസ്റ്റിൽ നോക്കിയാൽ ഒറ്റനോട്ടത്തിൽ ഏത് വിഷയത്തിന്റെ ഫയലും എടുക്കുവാൻ സാധിക്കും. പിന്നീട് വരുന്ന എഴുത്തുകുത്തുകൾ അദ്ദേഹം തന്നെ ഓരോ ഫയലിലും ശ്രദ്ധാപൂർവ്വം കോർത്തുവച്ച് അപ്ഡേറ്റ് ചെയ്യുമായിരുന്നു. ഇതോടെ ഓഫീസ് പ്രവർത്തനം സുഗമമായി. ഈ പ്രവർത്തനങ്ങളെല്ലാം ഞങ്ങൾ രണ്ടു പേരുടെയും ഗുരുവായ മാർ സേവേറിയോസ് തിരുമേനി സാകൂതം ശ്രദ്ധിക്കുമായിരുന്നു.

(ഇതൊരു ഭഗീരഥയത്നം തന്നെയായിരുന്നു. എങ്കിലും 'ഉർവശീശാപം ഉപകാരമായി' എന്ന് പറയത്തക്കവിധം ആ അദ്ധ്വാനം ദൈവം എനിക്കു വേണ്ടി തയാറാക്കിയതാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിത വീക്ഷണങ്ങൾക്ക് സാരമായ വ്യത്യാസം വരുത്തിയ ചില സത്യങ്ങൾ ആ ഫയൽ ക്രമീകരണത്തിൽ കാണാനിടയായി. അലമാരയിൽ വർഷ ങ്ങളായി കുത്തിനിറച്ച ഓരോ കടലാസുകളും പരിശോധിക്കുന്നതിനിട യിൽ അതാ കിടക്കുന്നു, എന്റെ കൈയക്ഷരത്തിലുള്ള ഒരപേക്ഷ. അതെന്നെ അത്ഭുതപ്പെടുത്തി. കോട്ടയം വൈദികസെമിനാരിയിലെ പ്രവേ ശനത്തിനുവേണ്ടി 1962-ൽ ഞാനയച്ച അപേക്ഷയാണ്. ഒപ്പം അധികൃ തർ നൽകിയ ശുപാർശകളും പിൻചെയ്തിരുന്നു. അക്കാലത്തെ പഴഞ്ഞി പള്ളിയിലെ ക്ലാർക്ക് ആയിരുന്ന ഇട്ടൂപ്പുണ്ണി ജ്യേഷ്ഠന്റെ കൈയക്ഷര ത്തിൽ തയാറാക്കിയ ദീർഘമായ ശുപാർശകൾ ഞാൻ സശ്രദ്ധം വായി ച്ചു. എനിക്ക് 1962-ൽ കോട്ടയം സെമിനാരിയിൽ പ്രവേശനം ലഭിക്കാൻ ഒരു ഇന്റർവ്യൂ പോലും ഉണ്ടാകാഞ്ഞതെന്തെന്ന് വർഷങ്ങളായി എന്നെ അലട്ടിയ ചോദ്യത്തിന് ഉത്തരമായിരുന്നു ആ ദീർഘമായ ശുപാർശക്കത്ത്. താഴെ പറയുന്ന കാര്യങ്ങൾ ആ ശുപാർശയിൽ അടങ്ങിയിരുന്നു.

1. പഴഞ്ഞി പള്ളിയിൽ ഇപ്പോൾ രണ്ട് വൈദികരുണ്ട്. രണ്ടു പേരും യുവാക്കൾ ആണ്. മൂന്നാമതൊരാളുടെ ആവശ്യം ഇല്ല.

2. ഇവന്റെ പിതാമഹൻ ഈ പള്ളിയിലെ വികാരി ആയിരുന്നു എങ്കിലും പാത്രിയർക്കീസ് ഭാഗത്തോട് കൂറുള്ളവനായിരുന്നു.

3. ഈ അപേക്ഷകന്റെ പിതാവ് മാത്തപ്പൻ സ്വന്തം മക്കളെ പാത്രി യർക്കീസ് പക്ഷത്തായിരുന്ന പെങ്ങാമുക്ക് പള്ളിയിലാണ് മാമ്മൂദീസാ മുക്കിയത്. പഴഞ്ഞിയിൽ ഉപയോഗിച്ചിരുന്ന മൂറോൻ, കാതോലിക്കാ കൂദാശ ചെയ്തതായിരുന്നു. അത് വ്യാജമാണ്, ശരിയായ കൈവെപ്പും മൂറോനും പാത്രിയർക്കീസ് പക്ഷത്തിന്റേതാണ് എന്ന നിലപാട് മൂലമാണ് അദ്ദേഹം സ്വന്തം മക്കളെ പഴഞ്ഞിയിൽ മാമൂദീസാ മുക്കാതെ പെങ്ങാ മുക്കിൽ മാമ്മൂദീസാ മുക്കിയത്.

4. ഈ അപേക്ഷകൻ പുകവലിക്കാരനാണ്.

5. ഇവൻ പട്ടമേറ്റ് വന്നാൽ ഇപ്പോൾ യാതൊരു കക്ഷിഭിന്നതയും പ്രത്യ ക്ഷപ്പെട്ടിട്ടില്ലാത്ത പഴഞ്ഞി ഇടവകയിൽ പാത്രിയർക്കീസ് കക്ഷിക്ക് അനു കൂലമായ ഒരു ഗ്രൂപ്പ് സൃഷ്ടിക്കപ്പെടും എന്ന് തീർച്ചയാണ്.

6) അതുകൊണ്ട് ഈ അപേക്ഷ പരിഗണിക്കുകയോ ഇവന് പട്ടം കൊടുക്കുകയോ ചെയ്യരുത്.

ഇതായിരുന്നു ആ കത്തിലെ ഉള്ളടക്കം. ഞാൻ ആ കത്ത് ജോസഫ്

അച്ചനെ കാണിച്ചു. അദ്ദേഹം അതു വായിച്ചു മൂക്കത്തു വിരൽ വച്ചു. പിന്നീട് അദ്ദേഹം ആ കത്ത് മാർ സേവേറിയോസ് തിരുമേനിയെ കാണിച്ചു. തിരുമേനി ആശ്ചര്യം മുഖത്ത് മാത്രം പ്രകടമാക്കി. കത്തിലെ വിവരം അച്ചൻ പഴഞ്ഞിയിലെ പലരെയും അക്കാലത്ത് കാണിച്ചതിന് ശേഷം സൂക്ഷിച്ചുവയ്ക്കാനായി എന്നെ തിരിച്ചേല്പിച്ചു.

ആ കത്തിന്റെ കണ്ടെത്തൽ പില്ക്കാലത്ത് എന്നിൽ മിശ്രവികാരങ്ങളാണുയർത്തിയത്. വൈദിക സെമിനാരിയിലെ പഠനാവസരം നഷ്ടപ്പെട്ട കാര്യം ഓർക്കുമ്പോഴൊക്കെയും ഒരു തേങ്ങൽ മനസ്സിലുയരുന്നുണ്ട്. പക്ഷേ, അന്ന് സെമിനാരിയിൽ പ്രവേശനം ലഭിച്ചിരുന്നെങ്കിൽ ഒരു വൈദികന്റെ 'ജോലി'യിൽ എന്റെ ജീവിതം പരിമിതപ്പെടുമായിരുന്നു എന്ന് ഇന്ന് ഓർക്കുന്നു. ദൈവം എന്നെ ഒരു ഇടവകയുടെ ചുമതലയല്ല സഭയുടെ ചരിത്രവും ആരാധനയും ഉൾപ്പെടുന്ന വലിയ സാമ്രാജ്യത്തിലെ ഗവേഷണ വിദ്യാർത്ഥിയാക്കാനാണ് വിളിച്ചത് എന്ന് തിരിഞ്ഞുനോക്കുമ്പോൾ ബോധ്യമാകുന്നു. കഴിഞ്ഞ പല ദുഃഖത്താഴ്വരകളിലും തിരസ്കരണങ്ങളിലും ദിവ്യമായ പദ്ധതിയും കരുതലും ഞാനിന്ന് തിരിച്ചറിയുന്നു.)

## വൈദിക ശമ്പള പദ്ധതി

1970 വരെയും വൈദികർക്ക് വ്യവസ്ഥാപിതമായ ഒരു ശമ്പള പദ്ധതി സഭാതലത്തിൽ ആവിഷ്ക്കരിച്ചിരുന്നില്ല. കൊച്ചി ഭദ്രാസനത്തിൽ മൂന്ന് തരത്തിലുള്ള ഇടവകകളാണ് മുഖ്യമായും ഉണ്ടായിരുന്നത്. ഇടവകപട്ടക്കാർ എന്ന സംരക്ഷണം അനുഭവിക്കുന്ന ഒന്നാം തരക്കാർ (1934 മുതൽ ഇടവകപട്ടക്കാർ എന്ന സംവിധാനം സഭാഭരണഘടന റദ്ദാക്കി എങ്കിലും വലിയപള്ളികൾ ആ സംവിധാനത്തെ പരിരക്ഷിക്കുന്ന പതിവാണ് ആവർത്തിച്ചിരുന്നത്. ആ ഇടവകകളിൽ പ്രവർത്തിക്കുന്ന ഒന്നോ അതിലധികമോ വൈദികർക്ക് അതത് പൊതുയോഗം ശമ്പളവും അലവൻസുകളും നിശ്ചയിക്കുകയും കാലാനുസൃതമായ വർദ്ധന അനുവദിക്കുകയും ചെയ്തിരുന്നു. അത്തരം വലിയ ഇടവകകളിൽ ശമ്പളത്തിന്റെ അത്രയും തുക ഇടവകയിലെ മറ്റു വരുമാനങ്ങളായി വൈദികർക്ക് ലഭിച്ചിരുന്നു. നാട്ടുകാരായ വൈദികർക്ക് അവരുടെ മുഴുവൻ സമയവും ഇടവകയ്ക്ക് വേണ്ടി ചെലവഴിക്കാൻ കഴിയുമായിരുന്നു.

രണ്ടാംതരം ഇടവകകളിൽ എല്ലാ ഞായറാഴ്ചകളിലും മാറാനായപെരുനാളുകളിലും ആരാധന കാണുമെങ്കിലും വൈദികർ മറ്റ് സ്ഥലങ്ങളിൽ നിന്ന് ആവശ്യങ്ങൾ നിറവേറ്റുവാൻ വരികയും ആവശ്യങ്ങൾ കഴിഞ്ഞ് തിരിച്ചുപോവുകയും ചെയ്യുന്നവരാണ്. അവർക്ക് ഇടവകയുടെ ശക്തിയനുസരിച്ച് തവണയുടെയും മറ്റും അടിസ്ഥാനത്തിൽ വേതനം നൽകും.

മാസത്തിൽ ഒന്നോ രണ്ടോ ആഴ്ചയിൽ മാത്രം കുർബ്ബാനയുള്ള

പള്ളികൾ ആണ് മൂന്നാംകിട ഇടവകകൾ. അവിടെ ഞായറാഴ്ചകളിൽ മാത്രമേ ആരാധന ഉണ്ടാവൂ. ഇത്തരം പള്ളികളിലെ വൈദികർക്ക് തവണയടി സ്ഥാനത്തിൽ നിശ്ചിത അലവൻസ് മാത്രം ലഭിച്ചിരുന്നു.

പുതുതായി വൈദികവൃത്തിയിലേക്കു വരുന്ന യുവ വൈദികർക്ക് രണ്ടാംതരം പള്ളികളും മൂന്നാംകിട ഇടവകകളും മാത്രമേ ലഭിച്ചിരുന്നുള്ളു. വൈദികരുടെ വരുമാനത്തിലുള്ള ഈ അന്തരം വൈദികരിൽ അസ്വസ്ഥത ഉളവാക്കി. രണ്ടും മൂന്നും വിഭാഗങ്ങളിലെ വൈദികർ വ്യവസ്ഥാപിത വരുമാനം ലഭിക്കാനുള്ള സംവിധാനം ലഭ്യമാക്കണമെന്ന് മുറവിളി കൂട്ടി. കെ. സി. ജോസഫ് അച്ചൻ സെക്രട്ടറിയായിരിക്കേ ഭദ്രാസന പൊതുയോഗം ഇതു സംബന്ധിച്ച് 1973-ൽ തീരുമാനങ്ങൾ സ്വീകരിച്ചു. അന്ന് വൈദിക സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഈ ഗ്രന്ഥകാരനെ പ്രതിപുരുഷയോഗം ശമ്പളക്കമ്മീഷന്റെ കൺവീനർ ആയി നിയമിച്ചു. ഇടവകകളിലെ വരുമാന ഏകീകരണം, ശമ്പള സ്കെയിൽ രൂപീകരണം, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ, ശമ്പള വിതരണം തുടങ്ങിയ കാര്യങ്ങൾക്കാണ് കമ്മീഷൻ അഭിപ്രായ സമാഹരണം നടത്തി ശുപാർശകൾ തയാറാക്കിയിരുന്നത്. ഇതനുസരിച്ച് കമ്മീഷൻ തയ്യാറാക്കിയ ചോദ്യങ്ങളോട് രണ്ടും മൂന്നും വിഭാഗത്തിലെ ഇടവകകൾ മാത്രമേ സഹകരിച്ചുള്ളു (അവർ ആയിരുന്നു മുഖ്യമായും പരിഷ്കാരങ്ങൾ ആവശ്യപ്പെട്ടവർ).

പ്രതിമാസം ഇരുനൂറു രൂപ കുറഞ്ഞ ശമ്പളമായി വൈദികർക്കു ലഭിക്കണമെന്നും സേവനദൈർഘ്യം കണക്കാക്കി വെയ്റ്റേജ് നൽകണമെന്നും പ്രതിവർഷം ഇംക്രിമെന്റ് നൽകണമെന്നും പ്രോവിഡന്റ് ഫണ്ട് അനുവദിക്കണമെന്നും ശമ്പളത്തുക ഭദ്രാസനകേന്ദ്രത്തിൽ സമാഹരിച്ച് ഭദ്രാസന ഓഫീസിൽ നിന്ന് നേരിട്ടു ശമ്പളം നൽകണമെന്നും കമ്മീഷൻ ശുപാർശ സമർപ്പിച്ചു. ശുപാർശകൾ ഭദ്രാസന കൗൺസിലിലും പ്രതിപുരുഷയോഗവും അംഗീകരിച്ചുവെങ്കിലും ഒന്നാംകിട പള്ളികൾ ഇതിൽ വേണ്ടത്ര സഹകരിക്കാത്തതിനാൽ പദ്ധതി നിയതമായ അർത്ഥത്തിൽ വിജയിച്ചില്ല. എന്നാൽ രണ്ടു കാര്യം അതു മൂലം നടപ്പിലായി.

1. എല്ലാ വൈദികർക്കും കുറഞ്ഞത് 200 രൂപ പ്രതിമാസ വേതനം പള്ളികൾ നൽകണം.

2. വൈദികന്റെ ബയോഡേറ്റ ചേർത്ത് ഒരു സർവീസ് ബുക്ക് തയാറാക്കി അതിൽ വൈദികന് അർഹമായ ശമ്പളതുക രേഖപ്പെടുത്തണം. വൈദികന്റെ ഫോട്ടോ പതിച്ച സർവീസ് ബുക്കിൽ വൈദികനും മെത്രാപ്പോലീത്തായും ഒപ്പുവച്ച് ഒരു കോപ്പി ഭദ്രാസന ഓഫീസിലും ഒരു കോപ്പി വൈദികന്റെ കൈവശവും സൂക്ഷിക്കുക.

ഇതുപ്രകാരം ഭദ്രാസന സെക്രട്ടറിയായിരുന്ന കെ. സി. ജോസഫ് അച്ചൻ ഒരു സർവീസ് ബുക്ക് തയാറാക്കി. അതിൽ ആവശ്യമായ വിവരങ്ങൾ അച്ചന്റെ കൈയക്ഷരത്തിൽ രേഖപ്പെടുത്തി. ഒപ്പിട്ട സർവീസ് ബുക്കുകൾ മലങ്കരസഭയിൽ ആദ്യമായി കൊച്ചി ഭദ്രാസനത്തിൽ പ്രായോഗികമായി. ശമ്പളപദ്ധതിയുടെ പൂർണ്ണരൂപം സർവ്വീസ് ബുക്കിൽ അച്ചടിച്ചിരുന്നു. ഈ സർവീസ് ബുക്ക് തയാറാക്കുന്നതിൽ അച്ചൻ കാണിച്ച ശുഷ്കാന്തിയും ദീർഘവീക്ഷണവും അന്യാദൃശം തന്നെയായിരുന്നു.

പിന്നീട് ഓരോ പള്ളികളിലും വൈദികരെ നിയമിക്കുമ്പോൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ശമ്പളം നൽകിയിരിക്കണമെന്ന് പള്ളിചുമതലക്കാരോട് കർശനമായ നിർദ്ദേശം അച്ചൻ നൽകിയിരുന്നത് ഓർമ്മിക്കുന്നു. ശമ്പളപദ്ധതി വളരെ പരിമിതമായ തോതിൽ നടപ്പായതോടെ വൈദികരുടെ ട്രാൻസ്ഫർ എന്ന ആശയത്തിന് ബലം വർദ്ധിച്ചു. ഇടവകകളിലെ അത്മായ വിഭാഗങ്ങളും ജൂണിയർ വൈദികരും പട്ടക്കാരുടെ സ്ഥലംമാറ്റം സ്വാഗതം ചെയ്തതോടെ ഒന്നാംകിട പള്ളികളിലെ വൈദികരിൽ പരിഭ്രാന്തി പടർന്നു. കൊച്ചി ഭദ്രാസനത്തിലെ ചലനങ്ങൾക്ക് സമാന്തരമായ പരിഷ്ക്കാരങ്ങൾ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ അങ്കമാലിയിൽ നടപ്പിലാവുകയായിരുന്നു. അവിടെയും ഒന്നാംകിട പള്ളിയിലെ വൈദികർക്ക് അങ്കലാപ്പ് വർദ്ധിക്കുന്നവിധം ശമ്പള പദ്ധതി നിലവിൽ വന്നു. സ്ഥലംമാറ്റം സജീവ പരിഗണനയിലായി. സ്ഥലംമാറ്റത്തെ ഭയപ്പെട്ടിരുന്ന കൊച്ചി –അങ്കമാലി ഭദ്രാസനങ്ങളിലെ വൈദികർ പുതിയ സാഹചര്യത്തെ അതിജീവിക്കുവാൻ സമർത്ഥമായ പദ്ധതി ആവിഷ്ക്കരിച്ചു. അതിന്റെയും കൂടെ ഫലമായിട്ടാണ് 1970–72 കാലഘട്ടത്തിൽ സഭയിലെ പുതിയ കക്ഷിഭിന്നത മറനീക്കി പ്രത്യക്ഷപ്പെട്ടത്. ശമ്പള പദ്ധതിയുടെ കാര്യത്തിൽ ആവേശം കാണിക്കുകയും ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ പ്രവർത്തനത്തോട് ആഭിമുഖ്യം പുലർത്തുകയും ചെയ്തുവെങ്കിലും ട്രാൻസ്ഫർ എന്ന ചർച്ചയിലേക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ ഒന്നാംകിട പള്ളികളുടെ പ്രതിനിധികൾ ഒന്നടങ്കം പദ്ധതിയോട് നിസഹകരിക്കുവാൻ നിശ്ചയിക്കുകയായിരുന്നു. സ്വന്തം സുരക്ഷിതത്വത്തിനെതിരായ ഭീഷണിയോടുള്ള ആ പ്രതികരണം അങ്ങേയറ്റം സ്വാഭാവികം തന്നെയായിരുന്നു.

ഭദ്രാസന ഓഫീസ് കാര്യക്ഷമമാകുന്നതും പുതിയ ഭദ്രാസന സെക്രട്ടറി അധികാരകേന്ദ്രമായി മാറുന്നതും ഞങ്ങളുടെ പങ്കാളിത്തത്തോടെ ഭദ്രാസനത്തിൽ ഒരു പുതിയ ഭരണശൈലി രൂപപ്പെട്ടു വരുന്നതും പഴയ താപ്പാനകൾക്കു രുചിച്ചിരുന്നില്ല. പുതിയ ഭദ്രാസന സെക്രട്ടറിയുടെ പിൻസീറ്റിലിരുന്ന് വണ്ടി ഓടിക്കാനുള്ള ചിലരുടെ ആഗ്രഹം മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയായി. പഴയ വെള്ളാനകൾ അപ്രസക്തരായി.

കക്ഷി വഴക്കുകൾ കൊച്ചി ഭദ്രാസനത്തിൽ അരങ്ങേറുവാൻ അതും ഒരു കാരണമായി.

### കൊച്ചി ഭദ്രാസന ഡയറക്ടറി

ഭദ്രാസനത്തിലെ കാര്യങ്ങൾ സുഗമമായി തീരുന്നു എന്ന് ഉറപ്പായ തോടെ 'ഭദ്രാസന ഡയറക്ടറി' പ്രസിദ്ധീകരിക്കുന്ന കാര്യം എന്റെ ചിന്തയ്ക്ക് വിഷയമായി. പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കാലത്ത് രൂപപ്പെട്ട സ്വപ്നമാണത്. ഫാ. പി. എസ്. സ്കറിയാ, ചെമ്മണ്ണൂർ ഗീവർഗീസ് കോറെപ്പിസ്ക്കോപ്പാ, കാക്കശ്ശേരി ജോസഫ് കോറെപ്പിസ്കോപ്പാ, ഫാ. ജോസഫ് വെണ്ടപ്പിള്ളി തുടങ്ങിയ പ്രഗത്ഭരെ അതിന്റെ ചുമതല മുൻകാലങ്ങളിൽ പലപ്പോഴായി ഏല്പിച്ചെങ്കിലും അതൊന്നും പ്രാവർത്തികമാവാതെ പരാജയപ്പെട്ട കാര്യം എല്ലാവരുടേയും മനസ്സിലുണ്ടായിരുന്നു. മലങ്കരസഭയിൽ അക്കാലത്ത് തുമ്പമൺ മെത്രാസനം മാത്രമേ ഒരു ഡയറക്ടറി പ്രസിദ്ധീകരണത്തിൽ വിജയിച്ചിരുന്നുള്ളു. ആ രംഗത്തേക്ക് പ്രവേശിക്കുവാൻ സെക്രട്ടറി അച്ചനെ ഞാൻ ധൈര്യപ്പെടുത്തി. ആവശ്യമായ എല്ലാ സഹായവും ഞാൻ വാഗ്ദത്തം ചെയ്തു. ഒടുവിൽ ഭദ്രാസന കൗൺസിൽ ഒരു എഡിറ്റോറിയൽ ബോർഡിനെ നിയമിച്ചു. കൗൺസിലിനു വെളിയിൽ നിന്ന് ആരും എഡിറ്റോറിയൽ ബോർഡിൽ ഉണ്ടായിരുന്നില്ല. ഡയറക്ടറി പ്രസിദ്ധീകരണം നടക്കരുതെന്ന അജണ്ട ആ എഡിറ്റോറിയൽ ബോർഡിന്റെ രൂപീകരണത്തിൽ ധ്വനിച്ചിരുന്നു.

സഹായ വാഗ്ദാനം ചെയ്ത് ഈ പരിപാടി നിർദ്ദേശിച്ച ആളും അന്നത്തെ വൈദിക സെക്രട്ടറിയും, യുവജനപ്രസ്ഥാനത്തിന്റെ ഭദ്രാസന സെക്രട്ടറിയും ആയ എന്റെ പേർ ആ സമിതിയിലേക്ക് നിർദ്ദേശിക്കപ്പെടാതിരുന്നതിൽ എന്തോ പന്തികേട് അനുഭവപ്പെട്ടു. എന്നിരുന്നാലും എന്റെ ഗുരു കൂടെയായ ഫാ. കെ. സി. ജോസഫ് പല മുൻഗാമികളും പരാജയപ്പെട്ട ഈ പ്രവർത്തനത്തിൽ വിജയിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്യാൻ ഞാൻ തീരുമാനിച്ചു.

പള്ളികൾക്കാവശ്യമായ കല്പനകൾ ഡ്രാഫ്റ്റ് ചെയ്യുക, വൈദികർക്ക് അഭ്യർത്ഥനകൾ തയാറാക്കുക, പരസ്യം ശേഖരിക്കുവാൻ ഓർഡർഫോം തയാറാക്കുക തുടങ്ങിയ ഓഫീസ് വർക്കുകൾ ഞാൻ ഏറ്റെടുത്തു. മെത്രാപ്പോലീത്തായോടൊപ്പം യാത്ര ചെയ്ത് എറണാകുളം, കൊച്ചി, കോട്ടയം, കുന്നംകുളം തുടങ്ങിയ വ്യാപാരകേന്ദ്രങ്ങൾ സന്ദർശിച്ച് പരസ്യം ശേഖരിക്കുന്ന ജോലി അച്ചൻ ഏറ്റെടുത്തു. ഡയറക്ടറി പ്രസിദ്ധീകരിക്കാനുള്ള മൂലധനം സ്വരൂപിക്കുക എളുപ്പമായിരുന്നില്ല. പല സ്വാധീനങ്ങളും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തി കാര്യം സാധിക്കു

ന്നതിൽ അച്ചൻ വിജയിക്കുക തന്നെ ചെയ്തു. കാര്യങ്ങൾ വേണ്ടത്ര വിജയിക്കുകയില്ലെന്ന പ്രചാരണം ഒരു ഭാഗത്ത് നടക്കുന്നുണ്ടായിരുന്നു. നേരത്തെ ചിത്രങ്ങളും ചരിത്രങ്ങളും അയച്ചിട്ടും പദ്ധതി പരാജയപ്പെട്ട പഴയ അനുഭവങ്ങൾ പലരെയും കർമ്മവിമുഖരാക്കി. പടങ്ങളും ചരിത്രങ്ങളും വളരെ ചുരുക്കം പേരേ ആദ്യഘട്ടത്തിൽ അയച്ചുതന്നുള്ളു. അന്ന് ചെറുതുരുത്തി ഗവൺമെണ്ട് ഹൈസ്കൂളിൽ ജോലി ചെയ്തിരുന്ന ഈ ഗ്രന്ഥകാരൻ വെള്ളിയാഴ്ചതോറും പഴഞ്ഞിയിലെത്തും. അവിടെ പള്ളിയിൽ വടക്കേ പടിപ്പുരയിലെ ഇരുനിലകെട്ടിടത്തിന്റെ മുകളിലത്തെ പടിഞ്ഞാറെമുറിയിലാണ് എന്റെ താമസം. അവിടെ ഒരു തടിക്കട്ടിൽ ഞാൻ വില കൊടുത്ത് വാങ്ങിച്ചിട്ടിരുന്നു (അതിപ്പോഴും അവിടെ തന്നെ കാണും എന്നു കരുതുന്നു). ഓരോ ആഴ്ചയിലും കിട്ടിയ ചരിത്രങ്ങൾ കെ. സി. ജോസഫ് അച്ചൻ ആ മുറിയിലെ ഓഫീസ് മുറിയിൽ വച്ചിരിക്കും. ഒരു താക്കോൽ എന്നെ ഏല്പിച്ചിരുന്നതിനാൽ ആവശ്യാനുസരണം ആ മുറി ഉപയോഗിക്കാൻ എനിക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. (പഴഞ്ഞി) സണ്ടേ സ്കൂളിന്റെ ശതാബ്ദി പ്രമാണിച്ച് പ്രസിദ്ധീകരിച്ച സുവനീറിന്റെ എഡിറ്റർ എന്ന നിലയിൽ അതിന്റെ ജോലികളും ഞാൻ നിർവഹിച്ചിരുന്നത് ഇവിടെ വച്ച് തന്നെയായിരുന്നു.).

ചിത്രവും ചരിത്രവും ഉൾപ്പെടെ ഒരു പള്ളിക്കുവേണ്ടി ഒരു മുഴുവൻ പേജും ഒരു വൈദികന് അര പേജുമാണ് സാമാന്യമായി നിശ്ചയിച്ചിരുന്നത്. ചില പള്ളിച്ചരിത്രങ്ങൾ പേജുകളോളം നീണ്ട ആഖ്യാനങ്ങൾ ആയിരുന്നു. പല വൈദികരും പകലോമറ്റം കുടുംബവുമായുള്ള തോമ്മാശ്ലീഹായുടെ പൈതൃകം മുതൽ വിസ്തൃതമായ ജീവചരിത്രങ്ങൾ തന്നെ തയാറാക്കിയിരുന്നു. അവ ചേറി വെടിപ്പാക്കി, നെല്ലും പതിരും വേർതിരിച്ച് തയാറാക്കുക ദുഷ്കരം തന്നെയായിരുന്നു. ശനി, ഞായർ ദിവസങ്ങൾ പൂർണ്ണമായും ഏതാനും മാസക്കാലം ഈ പ്രവർത്തനത്തിന് നീക്കിവച്ചു. വൈദികർക്ക് എഡിറ്റർ അയക്കുന്ന രൂപത്തിൽ റിമൈണ്ടറുകൾ തയാറാക്കി അയക്കാനും സമയം കണ്ടെത്തി. അഭിവന്ദ്യ തിരുമേനി ഇടവകകൾ സന്ദർശിക്കുമ്പോൾ അതത് പള്ളികളിലേക്കും ചരിത്രങ്ങൾ ശേഖരിക്കുവാൻ സെക്രട്ടറിശെമ്മാശനെ ചുമതലപ്പെടുത്തി.

ഒന്നാം ഭാഗത്തിലേക്ക് മലങ്കരസഭയിൽ കൊച്ചി ഭദ്രാസനത്തിന്റെ പ്രത്യേകതകൾ എന്ന ആമുഖ ലേഖനം അക്കാലത്ത് കോട്ടയം വൈദിക സെമിനാരിയിൽ വിദ്യാർത്ഥികൾ ആയിരുന്ന കെ. ഐ. പോൾ (ഇന്നത്തെ പൗലൂസ് ദ്വിതീയൻ കാതോലിക്കാ), സി. സി. ചെറിയാൻ എന്നിവർ സെമിനാരി അദ്ധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കി അയച്ചുതന്നു. മാർ ദീവന്നാസ്യോസ് ജോസഫ് ഒന്നാമൻ മെത്രാപ്പോലീത്താ, മാർ ദീവന്നാസ്യോസ് ജോസഫ് രണ്ടാമൻ മെത്രാപ്പോലീത്താ, പ. പരുമല കൊച്ചു

തിരുമേനി, ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ, പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് വാവാ (കണിയാംപറമ്പിൽ കുരിയൻ കോറെപ്പിസ്കോപ്പായോട് കടപ്പാട്), യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്കാ) എന്നീ ലേഖനങ്ങൾ ഡയറക്ടറിയിൽ ചേർക്കുവാൻ ഈ ഗ്രന്ഥകാരൻ എഴുതി തയാറാക്കി. 1972 മാർച്ചിൽ ഇതെഴുതുന്ന ആൾ കശ്ശീശാപട്ടം ഏൽക്കുന്നതിന് മുമ്പ് ഡയറക്ടറിയുടെ കൈയെഴുത്തുപ്രതി പൂർണ്ണമായും തയാറാക്കിയിരുന്നു. ഡയറക്ടറി പ്രസിദ്ധീകരണം എന്ന ബാലികേറാമല കീഴ്പ്പെടുത്തുവാൻ കൂടെ നില്ക്കുമെന്ന് അച്ചനോട് ചെയ്ത വാഗ്ദാനം പൂർണ്ണമായും നിറവേറ്റി. ഇതിനിടയിൽ പരസ്യം ശേഖരിക്കുന്ന അധ്വാനം അദ്ദേഹം പൂർണ്ണമാക്കിയിരുന്നു. 1972-ൽ ഡയറക്ടറി പഴഞ്ഞി എം.ഐ.സി. പ്രസിൽ നിന്ന് ഇറങ്ങിയപ്പോൾ അച്ചന് ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ നിർലോഭം ലഭിച്ചു. ഭദ്രാസനത്തിലെ വൈദികരിൽ ഒന്നാമൻ എന്ന സ്ഥാനം അദ്ദേഹത്തിന് ലഭിക്കുവാൻ ഇത് കാരണമായി. ദീർഘകാലമായി സഫലമാകാതെ കിടന്ന ഒരു സ്വപ്നപദ്ധതി വിജയപൂർവം സാക്ഷാത്കരിക്കപ്പെട്ടതിൽ അദ്ദേഹം മറ്റ് മെത്രാസനങ്ങളുടെയും അത്ഭുതാദരങ്ങൾക്ക് പാത്രമായി.

## കക്ഷിവഴക്കുകൾ, അവിരാമമായ യാത്രകൾ

കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയും ഭദ്രാസന സെക്രട്ടറി കെ. സി. ജോസഫ് അച്ചനും ചേർന്ന് ഭദ്രാസനത്തെ നയിക്കുന്നതും ആ ജൈത്രയാത്രയിൽ മെത്രാസനത്തിന് പുതിയ ഒരു മുഖം കൈവരുന്നതും ഭദ്രാസനത്തിന്റെ വടക്കൻപ്രദേശങ്ങളിലെ ചില യുവ വൈദികരുടെ സഹായത്തോടെ ഭദ്രാസന ഡയറക്ടറി, സീയോൻ സന്ദേശം മാസിക, വൈദിക ശമ്പള പദ്ധതി, ഓഫീസ് പുനഃക്രമീകരണം എന്നിവ വിജയകരമായി പുരോഗമിക്കുന്നതിൽ ചിലർക്കൊക്കെ നീരസം അനുഭവപ്പെട്ടു. അരമന നിർമ്മാണം മുതൽ അന്നേവരെ ഭദ്രാസനഭരണത്തിൽ നിർണ്ണായക സ്ഥാനമുണ്ടായിരുന്ന ചിലർ പുതിയ കാലാവസ്ഥയിൽ അവർ ആഗ്രഹിച്ച പരിഗണന

ലഭിക്കാത്തതിൽ പരിഭവിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. കരിങ്ങാച്ചിറ വികാരി ഇച്ചിക്കോട്ടിലച്ചൻ, മെത്രാപ്പോലീത്തായെ കൗൺസിൽ യോഗത്തിൽ വച്ച് ആക്ഷേപിച്ചതും പരസ്യമായി വെല്ലുവിളിച്ചതും ഈ സന്ദർഭത്തിൽ സ്മരണീയം. കക്ഷിവഴക്കുകൾ കണ്ടനാട് ഭദ്രാസനത്തിൽ നിന്ന് ആരംഭിച്ച് അങ്കമാലിയിലൂടെ കൊച്ചിയിലേക്ക് നുഴഞ്ഞുകയറിയപ്പോൾ ഈ അസംതൃപ്തർ അതിന്റെ വക്താക്കളായി മാറി.

(കൊച്ചി ഭദ്രാസനത്തിൽ കക്ഷിവഴക്കിന്റെ ആദ്യ വെടിയൊച്ച ഉയർന്നത് ഭദ്രാസന കൗൺസിലിൽ തന്നെ. ഭദ്രാസനത്തിലെ പഴയ സിംഹം കൗൺസിൽ യോഗത്തിൽ അധ്യക്ഷനെതിരെ ഗർജ്ജനം മുഴക്കി. ആ ഗർജ്ജനം ആസൂത്രിതമായിരുന്നതിനാൽ ഭദ്രാസനത്തിന്റെ പല ഭാഗത്തും അതിന് പ്രതിധ്വനികൾ ഉണ്ടായി. തർക്കത്തിന്റെ താത്വികവശങ്ങൾ അപഗ്രഥിക്കാനും നിലപാടുകൾ വ്യക്തമാക്കാനും ഭദ്രാസന യോഗം വിളിച്ചു. ഫാ. പോൾ വർഗ്ഗീസ് (പിന്നീട് ഡൽഹിയുടെ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്) പാത്രിയർക്കീസനുഭാവികൾ ഉന്നയിക്കുന്ന വിവാദങ്ങൾ അർത്ഥശൂന്യമാണെന്ന് വിശദീകരിച്ചു. ഉറക്കം ഭാവിച്ചവരെ ഉണർത്തുവാൻ ഈ ശ്രമങ്ങൾ പര്യാപ്തമായിരുന്നില്ല. തൃശൂർ മേഖലയിലെ കുടിയേറ്റ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന മിക്ക ഇടവകകളും ഉഷാറായി. മറ്റുതരത്തിൽ ഇടവകയിൽ ആരംഭിച്ച പ്രശ്നങ്ങൾ പോലും കക്ഷിവഴക്കായി വ്യാഖ്യാനിക്കപ്പെട്ടു. ഒരു സംഭവം ഇതെഴുതുന്ന ആൾ ഓർമ്മിക്കുന്നു. ഒരു ഇടവകയിൽ ഒരു വൈദികൻ പള്ളിയിൽ പ്രവേശിക്കാൻ വന്നപ്പോൾ ഇടവകക്കാർ പള്ളി മറ്റൊരു താഴിട്ട് പൂട്ടിയതിനാൽ പള്ളി തുറന്ന് ആരാധന നടത്തുവാൻ കഴിഞ്ഞില്ല. വൈദികന്റെ സദാചാരഭ്രംശത്തിൽ പ്രകോപിതരായ ഇടവകക്കാരുടെ പ്രതികരണമായിരുന്നു അത്. തന്റെ സ്വഭാവദൂഷ്യം വെളിപ്പെടുമെന്ന ഘട്ടം വന്നപ്പോൾ തന്ത്രജ്ഞനായ ആ വൈദികൻ ഇടവകയിലെ പ്രശ്നം കക്ഷിവഴക്കാണെന്നും കാതോലിക്കാ പക്ഷക്കാരനായിരുന്ന തന്നെ പള്ളിയിൽ പ്രവേശിപ്പിക്കാതിരിക്കാൻ മറുപക്ഷം പള്ളി പൂട്ടിയിട്ടതാണെന്നും അദ്ദേഹം പ്രചരിപ്പിച്ചു. ആ പ്രദേശത്ത് പാത്രിയർക്കീസ് ഗ്രൂപ്പ് ശക്തിപ്പെടുത്താൻ വാശി പൂണ്ട് നടക്കുന്ന കണ്ണാറ സ്വദേശിയായ ഒരു വൈദികൻ വിവാദപള്ളിയിൽ പ്രവേശിച്ചുകൂടെന്ന് കോടതിയിൽ നിന്ന് ഒരു നിരോധന ഉത്തരവും സമ്പാദിച്ചപ്പോൾ അദ്ദേഹത്തിന്റെ തന്ത്രങ്ങൾ താത്കാലികമായെങ്കിലും വിജയിച്ചു. പിന്നീട് ആ ഇടവകയിൽ ഈ ഗ്രന്ഥകാരൻ വികാരിയായി നിയമിക്കപ്പെട്ടു. അവിടെ പ്രശ്നങ്ങൾ ഒന്നും കക്ഷിയുടെ പേരിൽ ഉണ്ടായിരുന്നില്ല എന്ന് ബോധ്യമായി. സഭാഭരണഘടനയ്ക്ക് വിധേയമായി പള്ളിയുടെ ഭരണനടപടികൾ ക്രമീകരിക്കുവാൻ പൊതുയോഗം തീരുമാനിച്ചു. അതിന്റെ ഭാഗമായി പള്ളിവക പണം വികാരിയുടെയും കൈക്കാരന്റെയും

പേരിൽ ബാങ്കിൽ നിക്ഷേപിക്കാൻ നടപടി എടുത്തപ്പോൾ മുൻ വികാരി രംഗത്തു വന്നു. ഇടവകയിലെ പ്രശ്നം കക്ഷിവഴക്കാണെന്ന് താൻ ഉന്നയിച്ച വാദം പൊളിയുമെന്ന് തീർച്ചയായപ്പോൾ ആ ഇടവകാതിർത്തിയിൽ താമസിച്ചിരുന്ന അദ്ദേഹം പഴയ പാത്രിയർക്കീസ് അനുഭാവികളെ സംഘടിപ്പിച്ചു. ദൗർഭാഗ്യവശാൽ അന്നത്തെ ഒരു കൈക്കാരൻ അദ്ദേഹത്തിന്റെ അയൽവാസിയായിരുന്നു. പണം ബാങ്കിൽ ജോയിന്റ് അക്കൗണ്ടായി നിക്ഷേപിക്കുവാൻ സഹകരിക്കരുതെന്ന് അദ്ദേഹം പണം സൂക്ഷിപ്പുകാരനായ കൈക്കാരനെ ഉപദേശിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. പള്ളിയുടെ പൊതുയോഗ തീരുമാനത്തോട് സഹകരിക്കാത്ത കൈക്കാരനെ പൊതുയോഗം കുറ്റപ്പെടുത്തുകയും ശാസിക്കുകയും ചെയ്തു. ആ പ്രത്യേക പരിതഃസ്ഥിതിയിൽ വാഴാനി പ്രദേശത്ത് താമസിച്ചിരുന്ന ആളുകൾ അവിടെയുണ്ടായിരുന്ന ചാപ്പൽ കേന്ദ്രീകരിച്ച് പാത്രിയർക്കാ ഗ്രൂപ്പുണ്ടാക്കുകയും അവിടെ സ്വന്തം നിലയിൽ ആരാധനകൾ ആരംഭിക്കുകയും ചെയ്തു. അതോടെ മുൻ വികാരിക്ക് ആശ്വാസമായി. താൻ മുമ്പ് ഉന്നയിച്ച ആരോപണങ്ങൾ സത്യമായിരുന്നു എന്ന് അദ്ദേഹത്തിന് ചൂണ്ടിക്കാട്ടാൻ തെളിവുകളായി. ആ ഇടവകയിലെ എല്ലാവരും കുടിയേറ്റക്കാരും മുൻ പാത്രിയർക്കീസ് പക്ഷക്കാരും ആയിരുന്നു. തലപ്പള്ളിയിലും മറ്റൊരു ചാപ്പൽ സ്ഥിതിചെയ്യുന്ന ഊരോക്കാടും പാത്രിയർക്കീസ് കക്ഷിക്കനുകൂലമായ ഒരു ചലനവും ഉണ്ടാകാതിരിക്കേ വാഴാനിയിൽ മാത്രം ഈ ചലനം എന്തുകൊണ്ടുണ്ടായി എന്ന് പലരും അന്ന് ചിന്തിച്ചില്ല. സ്കൂൾ ജോലിയുടെ ബദ്ധപ്പാടുകൾ ഉണ്ടായിരുന്നതിനാലും വ്യവഹാരകാര്യങ്ങൾക്ക് പള്ളിയിൽ ധനശേഷി ഇല്ലാതിരുന്നതിനാലും വ്യവഹാരം നടത്തേണ്ടതില്ലെന്ന് ഞാൻ നിശ്ചയിക്കുകയായിരുന്നു. അദ്ദേഹം സ്വന്തം നിലയിൽ (പൊതുയോഗത്തിന്റെയോ കമ്മിറ്റിയുടെയോ തീരുമാനമില്ലാതെ) കണ്ണാറയിലെ വൈദികനെതിരായി സമ്പാദിച്ച നിരോധന ഉത്തരവുമായി ബന്ധപ്പെട്ട കോടതിചെലവുകൾ പള്ളിയിൽ നിന്ന് കൊടുക്കാനാവില്ല എന്ന് പിന്നീട് വികാരിയായി വന്ന എന്റെ അധ്യക്ഷതയിൽ കൂടിയ കമ്മിറ്റിയും പൊതുയോഗവും നിലപാട് സ്വീകരിച്ചതോടെ അദ്ദേഹത്തിന് എന്നോടും ഇടവകയോടും ഉയർന്ന പ്രതികാരമാണ് ആ ചാപ്പൽ മറുകക്ഷിയുടെ കൈവശം ചെന്നുചേരുവാൻ ഇടയാക്കിയത്. തന്റെ ഇമേജ് നഷ്ടപ്പെടുവാനിടയാക്കിയതിൽ സന്ദർഭവശാൽ പങ്കുകാരനാവേണ്ടിവന്ന എന്നോട് ജീവിതാവസാനം വരെ അദ്ദേഹം പക പുലർത്തിയിരുന്നു. പല രൂപത്തിൽ അദ്ദേഹം ആ പക പ്രകടമാക്കിക്കൊണ്ടേയിരുന്നു.)

നമ്മുടെ നിലപാടിനോട് അനുഭാവമുള്ള കൈക്കാരനും കമ്മിറ്റിയും ഉള്ള സ്ഥലങ്ങളിൽ തല്ക്കാലത്തേക്ക് പൊതുയോഗം കൂടി പുതിയ ഭരണസമിതികൾക്ക് രൂപംനൽകരുതെന്ന് ഭദ്രാസനയോഗത്തിലുണ്ടായിരുന്ന

തീരുമാനത്തിന്റെ ഗൗരവം മനസ്സിലാക്കാതെ കട്ടിളപൂവം പള്ളിയുടെ വികാരി അമിതമായ ആത്മവിശ്വാസം മൂലം പൊതുയോഗം വിളിച്ചുകൂട്ടി. യോഗം പുതിയ കൈക്കാരനെയും ഭരണസമിതിയേയും തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടവർ മറുകക്ഷിക്കാരാണെന്ന് തിരിച്ചറിഞ്ഞപ്പോഴാണ് വികാരിക്ക് ഭദ്രാസനയോഗ തീരുമാനത്തിന്റെ അർത്ഥം മനസ്സിലായത്. എന്തു പ്രയോജനം? ആ പള്ളിയിൽ വ്യവഹാരം ഉത്ഭവിച്ചു.

ചേലക്കരയിൽ മറ്റൊരു സാഹചര്യമായിരുന്നു. അവിടത്തെ വികാരിയും സഹപട്ടക്കാരനും തീരെ യോജിപ്പിൽ അല്ലായിരുന്നു. യുവവൈദികൻ കൊരട്ടി അരമനയുടെ മാനേജർ എന്ന നിലയിലും മെത്രാപ്പോലീത്തായുട ശിഷ്യൻ, ആദ്യ ആത്മീയ പുത്രൻ എന്നീ നിലകളിലും യോജിച്ച സഭയുടെ വക്താവായിരുന്നു. അദ്ദേഹത്തെ നേരിടുവാൻ വികാരി പഴയ ഗ്രൂപ്പു ചിന്തകളെ ഇടവകയിൽ ഉണർത്തിവിട്ടു. അസിസ്റ്റന്റ് വികാരിയെ പീഡിപ്പിക്കുകയായിരുന്നു ലക്ഷ്യം. അങ്ങനെയിരിക്കേയാണ് അവിവാഹിതനായ തനിക്ക് പാത്രിയർക്കാ കക്ഷിയിൽ നിന്നാൽ മെത്രാനാകാൻ കഴിഞ്ഞേക്കും എന്ന ചിന്ത അസിസ്റ്റന്റ് വികാരിയിൽ ജനിച്ചത്. അതോടെ അദ്ദേഹം പാത്രിയർക്കാ ഗ്രൂപ്പിന്റെ വക്താവായി. ചെറുപ്പക്കാർ ബിരുദധാരിയായ അദ്ദേഹത്തെ കൂടുതൽ ഇഷ്ടപ്പെട്ടു. ഇതോടെ പഴയ വികാരി ആ ഗ്രൂപ്പിൽ രണ്ടാമനായി. ജീവിതത്തിലൊരിക്കലും രണ്ടാമനാകാൻ സന്നദ്ധനല്ലാതിരുന്ന അദ്ദേഹം ഉടൻ തന്റെ മുൻ നിലപാടുകൾ വിസ്മരിച്ച് ഓർത്തഡോക്സ് കക്ഷിയുടെ വക്താവാകാൻ തുടങ്ങി. ക്രമേണ അവിടെ വികാരി ഓർത്തഡോക്സ് പക്ഷത്തും സഹവികാരി മറുഭാഗത്തുമായി. അവിടെയും വ്യവഹാരം ഉത്ഭവിച്ചു.

ഇങ്ങനെ ചേലക്കര, വട്ടുള്ളി, വട്ടായി, കട്ടിളപൂവം, കണ്ണാറ, ചവറാംപാടം, വാൽക്കുളമ്പ്, പെങ്ങാമുക്ക്, എളമ്പാട്, തൃക്കണായ്, ചെറായി, ചുവന്നമണ്ണ്, മാന്ദാമംഗം, മരോട്ടിച്ചാൽ, പീച്ചി തുടങ്ങി കൊച്ചി ഭദ്രാസനത്തിലെ മുൻ പാത്രിയർക്കാ കേന്ദ്രങ്ങളിൽ വ്യവഹാര പരമ്പര ആരംഭിച്ചു. ഈ പള്ളികളിലെല്ലാം പുതിയ പട്ടക്കാർ യോജിച്ച മലങ്കരസഭയുടെ ഭാഗത്ത് ഉറച്ചു നിന്നതിനാൽ അവിടങ്ങളിലൊക്കെ ഗണ്യമായ ഒരു വിഭാഗം യോജിച്ച മലങ്കരസഭയുടെ നിലപാടുകളെ സ്വീകരിച്ചതു മൂലമാണ് വ്യവഹാരം ഉണ്ടായത്. ഇപ്രകാരമൊരു വ്യവഹാരാന്തരീക്ഷം ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് അചിന്ത്യവും അപരിചിതവുമായ സാഹചര്യവുമായിരുന്നു. പോലീസ്, വക്കീൽ, നിരോധനം, കോടതി, ക്രിമിനൽ സ്വഭാവമുള്ള അക്രമങ്ങൾ ഇതൊന്നും സാത്വിക സിദ്ധനായ അദ്ദേഹത്തിന്റെ ഡിക്ഷ്നറിയിൽ ഇല്ലായിരുന്നു. കണക്കില്ലാതെ പണം വാരിക്കോരി ചെലവ് ചെയ്യേണ്ടി വന്നു. അക്കാലത്ത് അദ്ദേഹത്തെ കബളിപ്പിച്ച് പണം സമ്പാദിച്ച മിടുക്കന്മാരായ വൈദികരും ഉണ്ടായിരുന്നു. കേസ്

കാര്യങ്ങളുടെ തെറ്റായ കണക്കുകൾ അവതരിപ്പിച്ച് ഭദ്രാസനകേന്ദ്രത്തിൽ നിന്നും ഭദ്രാസനത്തിന്റെ ശുപാർശപ്രകാരം സഭാകേന്ദ്രത്തിൽ നിന്നും അനർഹമായ തുകകൾ സ്വരൂപിക്കുന്നത് ഒരു കലയാക്കി വളർത്തിയെടുത്ത ചൂഷകരും കൂട്ടത്തിലുണ്ടായിരുന്നു. ആരെയും പിണക്കാനാവാത്ത കാലാവസ്ഥയായിരുന്നതിനാൽ കുറെയൊക്കെ ചൂഷണം അനുഭവിക്കേണ്ടിയിരുന്നു.

ആ ധർമ്മസങ്കടങ്ങളുടെയും സംഘർഷങ്ങളുടെയും കാലത്ത് കെ. സി. ജോസഫ് അച്ചൻ മെത്രാപ്പോലീത്തായ്ക്ക് വലിയ തുണയും ആശ്വാസവും ആയിരുന്നു. ഭദ്രാസനത്തിന്റെ വടക്കൻ പ്രദേശങ്ങൾ പ്രശ്ന ബാധിത മേഖല ആയിരുന്നതിനാൽ അവിടത്തെ പള്ളിക്കാരെ തൃശൂർ ചെമ്പുക്കാവ് പള്ളിയിൽ മെത്രാപ്പോലീത്താ വിളിച്ചുകൂട്ടി ഒരു ഡിഫൻസ് കമ്മിറ്റി രൂപീകരിച്ചു. ഈ ഗ്രന്ഥകാരനെ അതിന്റെ കൺവീനർ ആയി യോഗം തെരഞ്ഞെടുത്തു. സ്കൂൾ ജോലി മൂലം പുതിയ ചുമതലകൾ വേണ്ടത്ര കൃത്യമായി നിർവഹിക്കുവാൻ എനിക്ക് സാധിച്ചിരുന്നില്ല. പ്രശ്ന മേഖലകളെ ലക്ഷ്യമിട്ട് കണ്ടനാട്, കണ്ണാറ, ചേലക്കര എന്നീ മൂന്ന് കേന്ദ്രങ്ങളിൽ വിപുലമായ വിശദീകരണയോഗങ്ങൾ നടന്നു. കുറെപ്പേരെ നിലപാടുകളിൽ ഉറപ്പിക്കാനും കുറെപ്പേരെ യോജിച്ച സഭയുടെ നിലപാടിലേക്ക് ആകർഷിക്കാനും ആ യോഗങ്ങൾക്ക് കഴിഞ്ഞു. ഫാ. ടി. ഇ. ജോർജ്ജ് (പിന്നീട് തിരുവനന്തപുരത്തിന്റെ മാർ ദീയസ്കോറോസ്), ഫാ. എം. എം. ജേക്കബ് (പിന്നീട് കൊച്ചിയുടെ മാർ പോളിക്കോർപ്പോസ്), ഫാ. ടി. ജെ. ജോഷ്വാ, ഫാ. ജോസഫ് വെണ്ട്രപ്പിള്ളി, ഫാ. ജോസഫ് ചീരൻ, പി. കെ. ഗീവർഗീസ് എന്നിവരാണ് യോഗങ്ങളിൽ കാര്യങ്ങൾ വിശദീകരിച്ചത്. എല്ലാ പ്രശ്ന ഇടവകകളിലും ഇതോടെ ധ്രുവീകരണം ശക്തമായി. ചേലക്കര, കണ്ണാറ, ചുവന്നമണ്ണ്, എളനാട്, പെങ്ങാമുക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ക്രിമിനൽ സ്വഭാവമുള്ള സംഘർഷങ്ങൾ അരങ്ങേറി. ചേലക്കരയിൽ ഒരാൾ വധിക്കപ്പെട്ടു. കണ്ണാറയിൽ ഫാ. ജോർജ്ജ് മറ്റത്തിന് നേരെയും പെങ്ങാമുക്കിൽ ഫാ. കുറിയാക്കോസിന് നേരെയും വധശ്രമങ്ങൾ അരങ്ങേറി. മുൻസിഫ് കോടതിയിലും മജിസ്ട്രേട്ട് കോടതിയിലും സ്പെഷ്യൽ കോടതിയിലും കേസ്സുകൾ നിത്യേന ഉത്ഭവിച്ചു. വക്കീലന്മാരെ കാണുക, കോടതിയിലും പോലീസ് സ്റ്റേഷനിലും പോവുക, പണം സമാഹരിക്കുക തുടങ്ങിയ മിക്ക കാര്യങ്ങളിലും മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി കെ. സി. ജോസഫ് അച്ചൻ പ്രവർത്തിക്കേണ്ടി വന്നു. എവിടെ പ്രശ്നമുണ്ടായാലും ആളുകൾ ഉടനെ കൊരട്ടിയിലെത്തും. മെത്രാപ്പോലീത്താ ഉടനെ സെക്രട്ടറിയച്ചനെ വിളിച്ചു വരുത്തും. അല്ലെങ്കിൽ പ്രശ്നക്കാരെ സെക്രട്ടറിയച്ചന്റെ അടുക്കലേക്ക് പറഞ്ഞയക്കും. അനന്തര കർത്തവ്യങ്ങൾ അച്ചനാണ് നിശ്ചയിച്ചിരുന്നത്.

ഭദ്രാസനത്തിന്റെ തലച്ചോറ് എന്ന് അക്കാലങ്ങളിൽ അച്ചനെ വിശേഷിപ്പിക്കാമായിരുന്നു.

കൊരട്ടി സെമിനാരിയുടെ മാനേജരും കൊരട്ടി നിവാസിയുമായ ഫാ. കെ. കെ. കുറിയാക്കോസ് അക്കാലം അനുസ്മരിക്കുന്നതിപ്രകാരമാണ്:

“സഭയിൽ കക്ഷിവഴക്ക് വീണ്ടും ആരംഭം കുറിച്ച കാലഘട്ടം. ഭദ്രാസന ഭരണം പ്രതിസന്ധികളിൽക്കൂടി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്ന അവസരം. കോടതികളിൽ പള്ളിക്കേസുകൾ ഒന്നിന് പുറകെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന സമയം. ഭദ്രാസനത്തിലെ പള്ളികളിൽ ഇടവകക്കാർ തമ്മിൽ ഏറ്റുമുട്ടുകയും പോലീസ് കേസുകൾ മുറയ്ക്ക് നടന്നുകൊണ്ടിരുന്ന ഭീകരമായ ഒരു അവസ്ഥാ വിശേഷം. ഇങ്ങനെ എല്ലാംകൊണ്ടും മാനസികമായും ശാരീരികമായും സാമ്പത്തികമായും കഷ്ടനഷ്ടങ്ങൾ ഒന്നിന് പുറകേ ഒന്നായി അഭിമുഖീകരിക്കേണ്ടി വന്നു. എന്തുകൊണ്ടും ഉറക്കം കിട്ടാത്ത രാത്രികളും അസുഖകരമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്ന പകലുകളും.

ഒരവസരത്തിൽ ഭദ്രാസന ആസ്ഥാനം തന്നെ വിഘടിതർ കൈയേറും എന്ന ഭീഷണി. സന്യാസജീവിതം ആഗ്രഹിച്ചിരുന്ന, ആത്മീയ ജീവിതത്തിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഭദ്രാസനാധിപൻ ഭരണഭാരം ഏറ്റെടുക്കുമ്പോൾ ഇത്ര തീവ്രമായ മാനസിക സംഘട്ടനങ്ങൾ ഉണ്ടാകുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ഈ അവസരത്തിലെല്ലാം കുറ്റിക്കാട്ടിൽ ജോസഫ് അച്ചന്റെ സന്ദർഭോചിതമായ ഇടപെടലുകൾ ഒരു പരിധി വരെ പിടിച്ചുനില്ക്കുവാൻ തിരുമേനിക്ക് ധൈര്യം നൽകി.”

പോലീസ് സ്റ്റേഷനുകളിലും കോടതിവരാന്തകളിലും വക്കീലാഫീസുകളിലും മറ്റും നിരന്തരം സഞ്ചരിക്കേണ്ടിവന്ന അക്കാലത്ത് ആയിരത്തോളം വീടുകളുള്ള സ്വന്തം ഇടവകയിലെ കാര്യങ്ങളിൽ വീഴ്ച കൂടാതെ അദ്ദേഹം എങ്ങനെ നടത്തി എന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അത്ഭുതം തോന്നുന്നു. ആരക്കുന്നം പള്ളിയിലെ ഫാ. പൗലൂസ് വെട്ടിക്കാട്ടിൽ, ചേലക്കരയിലെ ചെമ്മണ്ണൂർ കോറെപ്പിസ്കോപ്പാ, എളനാട് ഫാ. കെ. പി. ഐസക്, ഫാ. കുറിയാക്കോസ് തണ്ണിക്കോട്, ഫാ. ജോർജ്ജ് മറ്റം, ഫാ. എം. റ്റി. മത്തായി, ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. ഗീവറുഗീസ് കൊള്ളന്നൂർ തുടങ്ങിയവർ അക്കാലത്ത് അച്ചന്റെ നിത്യസന്ദർശകർ ആയിരുന്നു. പഴഞ്ഞിയിലെ കുറ്റിക്കാട്ടിലച്ചൻ ഇന്നത്തെ കൊച്ചി-തൃശൂർ-കുന്നംകുളം ഭദ്രാസനങ്ങളിൽ വച്ച് ഏറ്റവും ശ്രദ്ധേയനും ജനകീയനും ആയി അറിയപ്പെടുകയായിരുന്നു. ഈ തലയെടുപ്പ് പഴഞ്ഞി പള്ളിയുടെ പെരുന്നാൾ ആഘോഷത്തിലും പ്രതിഫലിച്ചു. പഴഞ്ഞിയിലെ പ്രധാന പെരുന്നാൾ അന്നും കന്നി 20-ാം തീയതി ആയിരുന്നു. മിക്കവാറും

പെരുന്നാളിന് ഒരു മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം ഉണ്ടാകും. അതിഥിയായി കാട്ടാകാമ്പാൽ വികാരി ക്ഷണിക്കപ്പെടും. അക്കാലത്ത് പുലർച്ച 4 മണിക്കാണ് പ്രദക്ഷിണം പള്ളിയിൽ നിന്ന് ഇറങ്ങിയിരുന്നത്. പകൽ ഉച്ചതിരിഞ്ഞ് 4 മണിക്കും. പഴഞ്ഞിയിലെ രണ്ടു വൈദികർ ഉൾപ്പടെ മൂന്ന് വൈദികർ മാത്രമേ പ്രദക്ഷിണത്തിനുണ്ടാകൂ. പുലർച്ചയിലെ പ്രദക്ഷിണത്തിന് സീനിയർ പട്ടക്കാരൻ എന്ന നിലയിൽ തെക്കേക്കര അച്ചനും സായാഹ്ന പ്രദക്ഷിണത്തിൽ കെ. സി. ജോസഫ് അച്ചനും പൂർണ്ണ അംശവസ്ത്രം ധരിച്ച് സ്ലീബാ വഹിച്ചും നേതൃത്വം നൽകും. അതിഥിയെ അക്കാര്യത്തിന് അനുവദിക്കുമായിരുന്നില്ല. മൂന്നിന്മേൽ കുർബ്ബാനയ്ക്കും സ്ഥിരം സംവിധാനം ഉണ്ടായിരുന്നു. നടുവിലെ ത്രോണോസിൽ മെത്രാപ്പോലീത്തായും തെക്കേ ത്രോണോസിൽ ആഴ്ചത്തവണയുടെ ചുമതലയുള്ള വൈദികനും വടക്കേ ത്രോണോസിൽ കാട്ടാകാമ്പാൽ വികാരിയും. ഇതായിരുന്നു സ്ഥിരം സംവിധാനം.

കെ. സി. ജോസഫ് അച്ചൻ ഭദ്രാസന സെക്രട്ടറി ആയതോടെ പെരുന്നാളിലെ വൈദിക പങ്കാളിത്തം പൂർവാധികം വർദ്ധിച്ചു. അതിനാവശ്യമായ തീരുമാനത്തിൽ പള്ളിയുടെ ഔദ്യോഗിക സമിതികൾ സ്വീകരിച്ചു. ഫാ. പി. കെ. ജോർജ്ജ്, ഫാ. ജോർജ്ജ് മറ്റം, ഫാ. കെ. പി. ജേക്കബ്, ഫാ. എ. ടി. യോഹന്നാൻ, ഫാ. പി. എസ്. യോഹന്നാൻ, ഫാ. സി. സി. ചെറിയാൻ, ഫാ. ജോൺ ഉറുമ്പിൽ, ഫാ. ജോസഫ് തോലത്ത്, ഫാ. ജോൺ പുലിക്കോട്ടിൽ, ഫാ. കെ. ഐ. സൈമൺ, ഫാ. പൗലൂസ് തുരുത്തേൽ, ഫാ. പീറ്റർ ചെറുവത്തൂർ, ഫാ. പത്രോസ് ചെമ്മണ്ണൂർ, ഫാ. മത്തായി മൂലംകുഴി, ഫാ. കുറിയാക്കോസ് തണ്ണിക്കോട്, ഡീക്കൻ ജോസഫ് പുലിക്കോട്ടിൽ, ഫാ. ജോസഫ് ചീരൻ, ഫാ. സി. വി. ജോസഫ്, ഫാ. ജേക്കബ് ചെറുവത്തൂർ, ഫാ. ജേക്കബ് പൊറത്തൂർ, ഫാ. ഏ. വി. ജേക്കബ്, ഫാ. പി. വി. ജേക്കബ്, ഫാ. കെ. പി. ഐസക്ക്, ഫാ. ജോർജ്ജ് കണ്ണോത്ത്, ഫാ. പി. പി. ജോർജ്, ഫാ. ഗീവറുഗീസ് കൊള്ളന്നൂർ, ഫാ. പി. സി. സൈമൺ, ഫാ. കെ. സി. ജോസഫ്, ഫാ. വി. വി. ഏബ്രഹാം തുടങ്ങി മുപ്പതോളം വൈദികർ പെരുന്നാളിൽ പങ്കെടുക്കാൻ തുടങ്ങി. അതോടെ പഴഞ്ഞിപള്ളി പെരുന്നാളിന്റെ പ്രദക്ഷിണം ഒരു സംഭവമായി മാറി. പത്തുമുപ്പത് വൈദികർ കാപ്പാ ധരിച്ച് നടത്തുന്ന പ്രദക്ഷിണത്തിൽ ഏതാണ്ട് അവസാനകാലം വരെ സ്ലീബാ വഹിക്കുവാനുള്ള പദവി തെക്കേക്കര അച്ചൻ നിലനിർത്തി എങ്കിലും മൂന്നിന്മേൽ കുർബ്ബാന ചൊല്ലുന്നതിലെ സഹകാർമ്മികരാവാൻ അതിഥികളായി വരുന്ന വൈദികരിൽ താല്പര്യമുള്ള രണ്ടുപേരെ ചുമതലപ്പെടുത്താൻ ആരംഭിച്ചു. കുറേക്കാലം ഈ സഹകാർമ്മികരെ നിശ്ചയിക്കുവാൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അതോടെ പഴഞ്ഞിയിലെ പട്ടക്കാർ തെക്കും

കാട്ടകാമ്പാൽ വികാരി വടക്കും ത്രോണോസുകളിൽ കുർബ്ബാന അർപ്പിച്ചിരുന്ന പാരമ്പര്യം എന്നന്നേക്കുമായി അവസാനിച്ചു.

സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളിയുടെ പടിഞ്ഞാറു പടിപ്പുരയുടെ തെക്കുഭാഗത്തുള്ള ഹാളിൽ വൈദികർക്ക് ഭക്ഷണം നൽകുമ്പോൾ കെ. സി. ജോസഫ് അച്ചൻ വിളമ്പുകാരനായി അവിടെ ഉണ്ടാകും. തെക്കേക്കരഅച്ചനെ ഒരിക്കലും വിളമ്പുകാരനായി കണ്ടിട്ടില്ല. ഭക്ഷണം കഴിഞ്ഞാൽ വൈദികർ ആരും പിരിഞ്ഞുപോകാറില്ല. പുലർച്ചെ നടക്കാനിരിക്കുന്ന പ്രദക്ഷിണത്തിൽ അവർ പങ്കുകൊള്ളേണ്ടിയിരുന്നു. അവരെ വടക്കേ പടിപ്പുരയുടെ മുകൾഭാഗത്ത് കെ. സി. ജോസഫ് അച്ചൻ താമസിച്ചിരുന്ന മുറിയിലേക്ക് ആനയിക്കുന്ന ചുമതല അച്ചൻ റിട്ടയർ ചെയ്യുന്നതുവരെയും എനിക്കായിരുന്നു. ഭക്ഷണം കഴിഞ്ഞ് വടക്കേ പടിപ്പുരയുടെ താഴത്തെ മുറിയിൽ പ്രവേശിച്ചാൽ തെക്കേക്കരഅച്ചൻ വാതിൽ അകത്തുനിന്ന് അടയ്ക്കുകയായി. അവിടെ ആർക്കും പ്രവേശനമില്ല. അത് അച്ചന്റെ സുഖനിദ്രയുടെയും വിശ്രമത്തിന്റെയും സാമ്രാജ്യമാണ്. ആ നേരത്ത് അച്ചന്മാർ മുറിയിലും വരാന്തയിലുമായി അവരവർക്ക് താല്പര്യമുള്ള വിഷയങ്ങൾക്കായി ഗ്രൂപ്പ് തിരിയും. ചിലർ കുടുംബ ചർച്ച, ചിലർ പള്ളിഭരണത്തിന്റെ പ്രശ്നങ്ങൾക്ക് ചർച്ച, ചിലർ ആരാധനാപരമായ കാര്യങ്ങളുടെ ചർച്ച, ചിലർ രാഷ്ട്രീയചർച്ച, ചിലർ നിരുപദ്രവമായ വിനോദങ്ങൾ ഇങ്ങനെ പുലർച്ചെ വരെയും അവിടെ സമയം ചെലവഴിക്കും. കുർബാന ചൊല്ലാനുള്ള അച്ചന്മാരെ നേരത്തെ ഒരുക്കത്തിനായി പറഞ്ഞയക്കാൻ മറക്കാറില്ല. ശേഷംപേർ ആണ്ടിലൊരിക്കൽ ഹൃദയം തുറന്ന് സംസാരിക്കുന്നതും പൊട്ടിച്ചിരിക്കുന്നതും പൊട്ടിത്തെറിക്കുന്നതും, പച്ച മനുഷ്യരാകുന്നതും അന്നാണ്. മനസ്സിന്റെ പിരിമുറുക്കം ഇറക്കിവയ്ക്കുവാനും കൂട്ടായ്മയുടെ മാധുര്യം നുകരുവാനും ഈ ഒത്തുചേരൽ വലിയ സഹായമായിരുന്നതിനാൽ പഴഞ്ഞി പെരുന്നാൾ വൈദികർക്ക് ഒരു ഹരം തന്നെയായിരുന്നു. 1970 മുതൽ 2000 വരെയും ഈ ഒത്തുചേരലിന്റെ സുഖം വൈദികർ അനുഭവിച്ചു. മെത്രാപ്പോലീത്തായെ ആനയിക്കുന്ന ഘോഷയാത്രയിൽ അംശവടി പിടിക്കുക, സന്ധ്യാനമസ്ക്കാരത്തിന് പങ്കെടുക്കുക, പ്രദക്ഷിണത്തിന് അംശവസ്ത്രമണിഞ്ഞ് കുരിശുവഹിക്കുക, വി. കുർബ്ബാനയ്ക്ക് മദ്ബഹായിൽ സന്നിഹിതനാവുക – ഇത്രയും കാര്യങ്ങളിൽ തെക്കേക്കരഅച്ചന്റെ പങ്കാളിത്തമുണ്ടായിരുന്നു. കെ. സി. ജോസഫ് അച്ചനെ ഈ രംഗങ്ങളിൽ കാണുക അപൂർവം. അച്ചൻ വൈദികരെ സൽക്കരിക്കുന്ന ഭക്ഷണമുറി,ഭക്ഷണം തയാറാക്കുന്ന പാചകശാല, പെരുന്നാളിന്റെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്ന ഓഫീസ്, വൈദികരുടെ മുറിയിൽ കുശലപ്രശ്നം; സായാഹ്നത്തിലെ പൊതുസദ്യയിൽ മേൽനോട്ടം എന്നീ കാര്യങ്ങൾക്കായി


ഓടിനടക്കുകയായിരിക്കും. അക്കാലങ്ങളിൽ വടക്കേപള്ളിപ്പറമ്പിൽ ആളുകളെ നിരനിരയായി ഇരുത്തി ഭക്ഷണവും മറ്റും ഇലയിൽ വിളമ്പുകയായിരുന്നു പതിവ്. ഓരോ വിഭവങ്ങളും ഓരോ ഇലയിലും എത്തുന്നു എന്ന് ഉറപ്പാക്കുവാൻ അച്ചൻ അത്യദ്ധ്വാനം ചെയ്യുന്നുണ്ടാവും. എല്ലാം കഴിഞ്ഞ് അച്ചന്മാരെ കൈമുത്ത് നല്കി യാത്രയാക്കുന്നതും അച്ചൻ തന്നെ. പഴഞ്ഞി പള്ളിയെ 'കുറ്റിക്കാട്ടിലച്ചന്റെ പള്ളി' എന്നാണ് വരുന്ന വൈദികർ മിക്കവാറും അന്ന് മനസ്സിലാക്കിയിരുന്നത്. അച്ചന്റെ നേതൃത്വം 2000 –ൽ അസ്തമിക്കുന്നതുവരെയും ഇതായിരുന്നു സ്ഥിതി.

## കൊച്ചി ഭദ്രാസനത്തിന്റെ ഭൂപടം

കെ. സി. ജോസഫ് അച്ചന്റെ നേതൃപാടവവും ക്രാന്തദർശിത്വവും ഏകത്ര സമ്മേളിച്ച മറ്റൊരു രംഗമാണ് ഭദ്രാസനത്തിന്റെ ഭൂപട നിർമ്മാണം. തികച്ചും നൂതനമായ ഒരാശയമായിരുന്നു അത്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൊച്ചി ഭദ്രാസനത്തിന്റെ ഭൂപടം സജ്ജമാക്കുക ദുഷ്കരമായ ഒരു കാര്യം തന്നെയായിരുന്നു. താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയിൽ നിരവധിവട്ടം കയറിയിറങ്ങി അദ്ദേഹം പഴയ ഭൂപടങ്ങൾ ശേഖരിച്ചു. വളരെ പ്രയാസപ്പെട്ട് ഭൂപടം തയാറാക്കി അതിൽ റോഡുകൾ, തോടുകൾ, റെയിൽപ്പാതകൾ, നദികൾ തുടങ്ങിയവ അടയാളപ്പെടുത്തി. ഭദ്രാസനത്തിലെ എല്ലാ പള്ളികളുടെയും സ്ഥാനം കൃത്യമായി അടയാളപ്പെടുത്തി. ശാസ്ത്രീയമായി തയാറാക്കിയ ആ ഭൂപടം ഭദ്രാസന ഡയറക്ടറിയിൽ ചേർത്ത് പ്രസിദ്ധീകരിച്ചു. അതിൽ താലൂക്ക് അതിരുകൾ, തീവണ്ടിപ്പാത, റോഡ്, നദികൾ, പള്ളികൾ, ചാപ്പലുകൾ എന്നിവ ശാസ്ത്രീയമായി അടയാളപ്പെടുത്തിയിരുന്നു. ഒരു സെന്റീമീറ്റർ = 4.75 കിലോമീറ്റർ എന്ന സ്കെയിൽ അതിൽ രേഖപ്പെടുത്തിയിരുന്നു.

## പഴഞ്ഞിയിലെ മെത്രാൻ വാഴ്ച

ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവയ്ക്ക് സർവസമ്മതമായി നേതൃത്വം കൊടുക്കുകയും ചെയ്യുന്ന പഴയ ശിഷ്യനെ, അന്ന് കാതോലിക്കാസ്ഥാനത്ത് ഭരണം നടത്തിയിരുന്ന പ. മാത്യൂസ് പ്രഥമൻ ബാവാ വിസ്മയത്തോടെ വീക്ഷിച്ചു. അച്ചന്റെ നേതൃപാടവവും കർമ്മശേഷിയും സംഘാടക വൈഭവവും പ്രശ്നസങ്കീർണ്ണമായ കൊച്ചി ഭദ്രാസനത്തെ എപ്രകാരം ശക്തിപ്പെടുത്തുന്നു എന്ന് അദ്ദേഹം പ്രത്യേകമായി ശ്രദ്ധിച്ചു. കൊച്ചി ഭദ്രാസന ആസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരി കൈവശപ്പെടുത്തി യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ അവിടെനിന്നും ഇറക്കിവിട്ട് പാത്രിയർക്കീസ് വിഭാഗത്തിന്റെ ആസ്ഥാനമാക്കിമാറ്റാൻ കരിങ്ങാച്ചിറ –




**കൊച്ചി ഭദ്രാസന ഭൂപടം**

ആരക്കുന്നം ലോബിയുടെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ ശ്രമിച്ചതും കുന്നംകുളം - പഴഞ്ഞി പ്രദേശത്തുള്ള ആളുകൾ എത്തി ഹീനമായ ആ കയ്യേറ്റശ്രമത്തെ വിജയകരമായി തടഞ്ഞതും മലങ്കര മെത്രാപ്പോലീത്താ കൗതുകപൂർവം വീക്ഷിച്ചിരുന്നു. കെ. സി. ജോസഫ് അച്ചൻ എന്ന തന്റെ ശിഷ്യനാണ് അതിന്റെ മുൻനിര സൈന്യാധിപൻ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. 1959-ൽ പഴഞ്ഞിയിൽ അച്ചന്റെ ഭവനശുദ്ധീകരണം നടത്തുന്ന അവസരത്തിൽതന്നെ പഴഞ്ഞിയിൽ അച്ചന്റെ ജനസ്വാധീനം അദ്ദേഹം മനസ്സിലാക്കിയിരുന്നു. മലങ്കരസഭയുടെ വടക്കൻ മേഖലകൾ അനുഭവിച്ചിരുന്ന അവഗണനകളെപ്പറ്റി ബോധ്യമുള്ള ആളായിരുന്നു അദ്ദേഹം. ആയിടെ തെരഞ്ഞെടുക്കപ്പെട്ട മെത്രാൻ സ്ഥാനാർത്ഥികളെ ഏതെങ്കിലും ഒരു വടക്കൻ കേന്ദ്രത്തിൽ വച്ച് വാഴിക്കുവാൻ തീരുമാനിച്ചു. അഞ്ച് സ്ഥാനാർത്ഥികളായ റമ്പാന്മാരും അന്ന് കൊരട്ടിയിലുള്ള ഭദ്രാസനകേന്ദ്രത്തിൽ, ശ്രേഷ്ഠ മല്പാനായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പ. സുന്നഹദോസിന്റെ തീരുമാനപ്രകാരം മേല്പട്ടസ്ഥാനത്തിന്റെ ക്രിയകളും മുറകളും ക്രമങ്ങളും അനുഷ്ഠാനങ്ങളും പരിശീലിക്കുവാൻ താമസിക്കുകയായിരുന്നു. തന്റെ ആഗ്രഹം ബാവാ, പഴയ ശിഷ്യനും കൊച്ചി ഭദ്രാസന സെക്രട്ടറിയുമായ കെ. സി. ജോസഫ് അച്ചനുമായി പങ്കുവച്ചു. ഗുരുവിന്റെ അഭിലാഷം ശിഷ്യൻ ശിരസാ വഹിച്ചു. തന്റെ മറ്റൊരു ഗുരു കൂടിയായ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുമായി വിഷയം പങ്കുവച്ചു. രോഗിയായി കഴിഞ്ഞിരുന്ന തനിക്ക് നേരിട്ട് കാര്യങ്ങൾക്ക് നേതൃത്വം വഹിക്കാനാവുകയില്ലെന്നും അതീവ ശ്രദ്ധയോടെ കാര്യങ്ങൾ സംവിധാനം ചെയ്യണമെന്നും അദ്ദേഹം ശിഷ്യനെ ഉപദേശിച്ച് അനുഗ്രഹിച്ചു. അച്ചൻ പഴഞ്ഞിപള്ളിയുടെ പൊതുയോഗത്തിന്റെ അനുമതിയോടെ കാര്യങ്ങൾക്ക് ഗതിവേഗം കൂട്ടി. കോട്ടയം പഴയസെമിനാരി സ്ഥാപകനും 1811-ലെ മലയാളം ബൈബിളിന്റെ വിവർത്തകരിൽ ഒരാളും ആർത്താറ്റ് പടിയോലയുടെ ശില്പിയും കണ്ടനാട് പടിയോലയുടെ (1809) സംവിധായകനും പാലൂർ - ചാട്ടുകുളങ്ങര ദേവാലയത്തിന്റെ പുനർനിർമ്മാണം വിജയകരമായി നിർവഹിച്ച മഹാത്മാവും ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ 1815-ൽ പഴഞ്ഞി പള്ളിയിൽ വച്ച് മേല്പട്ടസ്ഥാനത്ത് അഭിഷിക്തനായതിന്റെ കഥകൾ പഴഞ്ഞിയുടെ ഉപബോധ മനസ്സിലുണ്ടായിരുന്നു. തങ്ങളുടെ തലമുറയിൽ ഒരു മെത്രാൻവാഴ്ച പഴഞ്ഞിയിൽ നടത്തുവാൻ പോകുന്നു എന്ന വാർത്ത പഴഞ്ഞി നിവാസികളെ കർമ്മോത്സുകരാക്കി. എല്ലാ ആഭ്യന്തര കലാപങ്ങളും അവർ തല്ക്കാലത്തേക്ക് വിസ്മരിച്ചു. കെ. സി. ജോസഫ് അച്ചന്റെ നേതൃത്വത്തിൽ ശക്തമായ ഐക്യം പഴഞ്ഞിയിൽ രൂപപ്പെടുകയായിരുന്നു. വലിയ കാര്യങ്ങൾ ഭാവന ചെയ്തു നടപ്പിലാക്കുന്ന

ഈദൃശ ചരിത്ര വിസ്മയം പഴഞ്ഞിയിൽ ആദ്യമായിരുന്നു, ഈ തലമുറയിൽ. മലങ്കരസഭയിലെ എല്ലാ മെത്രാന്മാരെയും അഞ്ച് മെത്രാൻ സ്ഥാനാർത്ഥികളെയും മറ്റും ഉൾക്കൊള്ളുന്ന ഒരു താത്കാലിക മദ്ബഹാ മലങ്കരസഭയുടെ നാനാഭാഗങ്ങളിൽ നിന്ന് വരുന്ന വൈദികർക്കും മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്കും പ്രത്യേക ഇരിപ്പിടങ്ങൾ, ആളുകൾക്ക് ശുശ്രൂഷ കാണാനുള്ള വിപുലമായ സൗകര്യങ്ങൾ, വിശാലമായ പന്തൽ, മെത്രാന്മാർക്ക് താമസസൗകര്യം, വാഹനങ്ങൾ പാർക്കു ചെയ്യാൻ സൗകര്യം, വിപുലമായ ഭക്ഷണ സൗകര്യം തുടങ്ങിയ വൻ സന്നാഹങ്ങൾ അദ്ദേഹം കുറഞ്ഞ സമയം കൊണ്ട് തയ്യാറാക്കി. മാർ സേവേറിയോസ് തിരുമേനിക്ക് ദേഹാലസ്യം കൂടുതലായിരുന്നതിനാൽ അങ്കമാലിയുടെ അദ്ധ്യക്ഷൻ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ കൊണ്ടുവന്ന് മദ്ബഹായുടെ സൗകര്യവും മറ്റും കൃത്യമായി സജ്ജീകരിച്ചു. മേല്പട്ടസ്ഥാനദാന ശുശ്രൂഷയുടെ മലയാള വിവർത്തനം അച്ചടിച്ച് വിതരണം ചെയ്തു. പഴഞ്ഞിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങിയ ഗായകസംഘം രൂപീകരിച്ച് ശുശ്രൂഷയുടെ ഗാനങ്ങൾ അച്ചന്റെ നിർദ്ദേശമനുസരിച്ച് ഈ ഗ്രന്ഥകാരനും ഫാ. പി. സി. ചെറിയാനും ചേർന്ന് പരിശീലിപ്പിച്ചു. മൂന്നു വശത്തും തുറക്കാവുന്ന തിരശ്ശീലകൾ സജ്ജീകരിച്ച വിശാലമായ മദ്ബഹാ, അതിവിശാലമായ പന്തൽ തുടങ്ങിയവയ്ക്ക് അതത് കമ്മിറ്റികൾ അഹോരാത്രം അദ്ധ്വാനിച്ചു. അന്ന് തൃശൂർ പടിഞ്ഞാറേകോട്ടപള്ളിയിൽ താമസിക്കുകയും തൃശൂർ സി.എം.എസ്. ഹൈസ്കൂളിൽ ജോലി ചെയ്യുകയുമായിരുന്ന ഈ ഗ്രന്ഥകാരൻ ആവശ്യമായ പബ്ളിസിറ്റി നിർവഹിച്ചു. തൃശൂർ പ്രസ് ക്ലബിൽ നടന്ന പത്ര സമ്മേളനത്തിന് നേതൃത്വം നൽകുവാൻ ഡോ. തെയോഫിലോസ് മെത്രാപ്പോലീത്തായുമായാണ് കെ. സി. ജോസഫച്ചൻ വന്നുചേർന്നത്. സഭാ തർക്കങ്ങൾ ആവിർഭവിച്ചതിനുശേഷം വടക്കൻപ്രദേശത്ത് നടക്കുന്ന ആദ്യത്തെ മെത്രാൻ സ്ഥാനാഭിഷേകം മുടക്കുവാൻ പല ശ്രമങ്ങളും പ്രചരണങ്ങളും നടന്നിരുന്നു. അവിചാരിതമായ നിരോധന ഉത്തരവുകൾ ഉണ്ടാകാതിരിക്കാൻ കോടതികളിൽ പ. ബാവായുടെ നിർദ്ദേശപ്രകാരം വക്കീലന്മാരെ മുൻനിയോഗിച്ചിരുന്നു. ആകാംക്ഷാഭരിതങ്ങളായ ദിവസങ്ങളായിരുന്നു അത്. കമ്മിറ്റിയോഗങ്ങൾ ഒന്നിനുപിറകെ ഒന്നായി കൂടി. എല്ലാവരെയും ഏകമനസ്കരാക്കി.

1981 മെയ് 14-ന് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ പഴഞ്ഞിയിലെത്തി. മദ്ബഹായുടെയും മറ്റും ക്രമീകരണങ്ങൾ പരിശോധിച്ച് സംതൃപ്തി രേഖപ്പെടുത്തി. മാർ കൂറിലോസ് (പിന്നീട് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ), ഡോ. തെയോഫിലോസ് (അങ്കമാലി), മാർ തിമോത്തിയോസ് (പ. ദിദിമോസ് ബാവാ) തുടങ്ങിയ പിതാക്കന്മാർ നേരത്തെ

എത്തി. അന്നത്തെ സന്ധ്യാനമസ്കാരം കഴിഞ്ഞ് പ. ബാവായുടെ നേതൃത്വത്തിൽ മദ്ബഹായുടെയും പന്തലിന്റെയും താല്ക്കാലിക കൂദാശ നിർവഹിച്ചു. അന്നു രാത്രി നന്നായി മഴ പെയ്തത് ഭയപ്പെടുത്തി എങ്കിലും അടുത്ത ദിവസം മുഴുവൻ മദ്ബഹായിലും പന്തലിലും കുളിർമ്മ നില നിർത്തുവാൻ അത് സഹായിച്ചു. ഭക്ഷണം കഴിഞ്ഞ് മേല്പട്ടക്കാരെ സമീപത്തുള്ള പള്ളികളിൽ ഉറങ്ങുവാനായി അയച്ചു. എല്ലാറ്റിലും കെ. സി. ജോസഫ് അച്ചന്റെ മേൽനോട്ടം സജീവമായിരുന്നു. മെയ് 15-ന് പ്രഭാതമായതോടെ അതിഥികളുടെ വരവ് ആരംഭിച്ച് പഴഞ്ഞി ജനനിബിഡമായി. വാഹനങ്ങൾ ഹൈസ്കൂൾ ഗ്രൗണ്ടിൽ പാർക്കു ചെയ്യുവാൻ വാളന്റിയർമാർ മാർഗ്ഗനിർദ്ദേശം നൽകി. മെത്രാൻ സ്ഥാനാർത്ഥികൾ നേരത്തെയെത്തി. പ. ബാവായ്ക്കു പുറമെ മാർ കൂറിലോസ്, മാർ തെയോഫിലോസ്, മാർ തിമോത്തിയോസ്, മാർ ഒസ്താത്തിയോസ്, മാർ മക്കാറിയോസ്, മാർ ഗ്രിഗോറിയോസ്, മാർ തേവോദോസ്യോസ്, മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാർ അംശവസ്ത്രങ്ങൾ അണിഞ്ഞ് വി. കുർബ്ബാനയ്ക്കു മുമ്പേ ഒരുങ്ങി. സ്ഥാനാർത്ഥികൾ അംശവസ്ത്രം അണിയാൻ തുടങ്ങുമ്പോൾ ഒരു പ്രശ്നം. മാത്യൂസ് റമ്പാച്ചന്റെ (ബ. ബർണബാസ്) അംശവസ്ത്രങ്ങൾ എത്തിയിരുന്നില്ല. തൽക്കാലത്തേക്ക് മെത്രാന്റെ പത്രസീനും ശീലമുടിയും തൊഴിയൂരിൽ നിന്നു കൊണ്ടുവരാൻ ഈ ലേഖകൻ അഭിപ്രായപ്പെട്ടത് മാർ തെയോഫിലോസ് തിരുമേനി 'അത് നാണക്കേടാണ്' എന്ന് പറഞ്ഞ് നിരസിച്ചു. അദ്ദേഹം അണിഞ്ഞിരുന്ന തന്റെ വസ്ത്രങ്ങൾ അഴിച്ച് മാത്യൂസ് റമ്പാച്ചനെ അണിയിച്ചു. അങ്ങനെ അംശവസ്ത്രങ്ങൾ അണിയാതെ മാർ തെയോഫിലോസ് ശുശ്രൂഷയുടെ ആരംഭത്തിൽ പങ്കെടുത്തു. മദ്ബഹായിലെ കാര്യങ്ങൾ ക്രമീകരിക്കാനും സജ്ജീകരിക്കാനും ബഹു. ജോസഫ് അച്ചൻ നേരത്തെ ഈ ഗ്രന്ഥകാരനെ ചുമതലപ്പെടുത്തിയിരുന്നു. എന്നോടൊപ്പം പി. സി. ചെറിയാനച്ചനും സി. സി. ചെറിയാനച്ചനും അംശവസ്ത്രങ്ങൾ അണിഞ്ഞു മദ്ബഹായിൽ ഉണ്ടായിരുന്നു. സ്ഥാനവാഴ്ചയുമായി ബന്ധപ്പെട്ട് നിർവഹിക്കാനുള്ള നിരവധി ചുമതലകൾ ഉണ്ടെങ്കിലും തെക്കേക്കര അച്ചൻ അംശവസ്ത്രങ്ങളണിഞ്ഞ് മദ്ബഹായിൽ സന്നിഹിതനാകുവാനാണ് ഇഷ്ടപ്പെട്ടത്. ശുശ്രൂഷയുടെ സമയം ആയപ്പോഴേക്കും മാത്യൂസ് റമ്പാന്റെ അംശവസ്ത്രങ്ങൾ എത്തിച്ചേർന്നതിനാൽ അദ്ദേഹം അവ ധരിക്കുകയും നേരത്തെ ധരിച്ചിരുന്നവ മാർ തെയോഫിലോസ് തിരുമേനി ധരിക്കുകയും ചെയ്തു.

ശുശ്രൂഷയിൽ താഴെ നില്ക്കുന്ന ഗായകസംഘത്തെ മദ്ബഹായിൽ നിന്ന് ഫാ. പി. സി. ചെറിയാനും ഞാനും നിയന്ത്രിച്ചിരുന്നു. ഒന്ന് രണ്ട് ഗാനങ്ങൾ കഴിഞ്ഞപ്പോൾ പ്രധാന കാർമ്മികൻ ഇടിവെട്ടുന്ന ശബ്ദത്തിൽ

പറഞ്ഞു, “ഞാൻ ഇവിടെ നിന്ന് ആരംഭിക്കുന്ന ഗാനങ്ങൾ നിങ്ങൾ ചേർന്ന് പാടിയാൽ മതി.” ഞങ്ങൾ ആ കല്പന ശിരസാവഹിച്ചു. കാർമ്മികൻ ഗാനങ്ങൾ ആരംഭിക്കുകയും ഗായകസംഘം അതിനോട് ചേർന്ന് പാടുകയും ചെയ്യുന്ന ശൈലിയാണ് അഭികാമ്യമെന്ന് ഞങ്ങൾക്ക് അന്ന് അനുഭവപ്പെട്ടു (ശുശ്രൂഷകർ ഗായകസംഘങ്ങളിൽ കാണിക്കുന്ന വിവിധതരം ദുഃസ്വാതന്ത്ര്യങ്ങളും അവ കണ്ണടച്ച് അനുവദിക്കുന്ന സഭാസ്ഥാനികളും സഭയിൽ പെരുകുമ്പോൾ അന്ന് സഭാധ്യക്ഷൻ നല്കിയ സന്ദർഭോചിതമായ നിർദ്ദേശം ഓർത്തുപോകുന്നു. തെറ്റുകൾ തിരുത്തുവാനോ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനോ ആവശ്യമായ അറിവും മനഃസാന്നിദ്ധ്യവും ഉള്ള തലവന്മാർ ഇല്ലാതെ അനാഥമായി പോകുന്ന സഭയുടെ ആധുനികാവസ്ഥയിൽ അനേകംപേർ ദുഃഖിതരാണ്.)

മദ്ബഹായുടെ വടക്കുവശത്ത് വൈദികർ, തെക്കുവശത്ത് കന്യാസ്ത്രീകൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, മുൻനിരയിൽ മെത്രാൻ സ്ഥാനാർത്ഥിയുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി പ്രത്യേകം ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരുന്നു. അച്ചടക്കപൂർണ്ണമായി പട്ടംകൊടയുടെ ചടങ്ങുകൾ അനുഗ്രഹകരമായി പൂർത്തിയാക്കി. ഈ സമയമെല്ലാം ജോസഫ് അച്ചൻ ശുശ്രൂഷയിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് ആളുകൾക്ക് ഭക്ഷണം തയ്യാറാക്കുന്ന പാചകക്കാർക്കു നേതൃത്വം നൽകുകയായിരുന്നു. മേല്പട്ടക്കാർക്കും മറ്റു വിശിഷ്ടാതിഥികൾക്കും പ്രാതലിനുള്ള സൗകര്യങ്ങളും അദ്ദേഹം ഈ തിരക്കിനിടയിൽ ക്രമീകരിച്ചിരുന്നു. വടക്കേ പടിപ്പുരയുടെ കിഴക്കേ ഹാളിൽ മേല്പട്ടക്കാർക്കും വിശിഷ്ടാതിഥികൾക്കും പ്രാതൽ ക്രമീകരിച്ചിരുന്നു. ജനസഹസ്രങ്ങൾക്ക് ‘ബുഫെ’ മാതൃകയിൽ പള്ളിയുടെ പടിഞ്ഞാറും തെക്കുമായി ഭക്ഷണം വിതരണം ചെയ്തു.

ഉച്ച കഴിഞ്ഞ് അന്ന് സ്ഥാനമേറ്റ മാർ പോളിക്കാർപ്പോസ്, മാർ ദീവന്നാസ്യോസ്, മാർ ദീയസ്ക്കോറോസ്, മാർ ബർണബാസ്, മാർ അത്താനാസ്യോസ് എന്നീ എപ്പിസ്കോപ്പാമാർക്ക് സ്വീകരണം നൽകി. ഹംസരഥങ്ങൾ പിതാക്കന്മാരെ ആരൂഢരാക്കി നഗരപ്രദക്ഷിണം നടത്തിയ സ്വീകരണ ഘോഷയാത്ര ജനസഹസ്രങ്ങളുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായി. പൊതുസമ്മേളനത്തിൽ വിവിധ മതസാമുദായിക രാഷ്ട്രീയ നേതാക്കൾ ആശംസകൾ നേർന്നു.

പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ നടത്തിയ ആദ്യത്തെ മേല്പട്ട സ്ഥാനാരോഹണം അങ്ങനെ ദൈവകൃപയാലും കെ. സി. ജോസഫച്ചന്റെ ഭഗീരഥപ്രയത്നത്താലും വൻവിജയമായി ചരിത്രം രേഖപ്പെടുത്തി. പഴഞ്ഞിയിലെ അത്മായനിര അദ്ദേഹത്തിന് കലവറ കൂടാത്ത സഹകരണമാണ് ഇക്കാര്യത്തിൽ നൽകിയത് എന്നത് പ്രസ്താവ്യമാണ്.


മേല്പട്ടസ്ഥാനാരോഹണത്തിലൂടെ രൂപപ്പെട്ട ഐക്യം ശാശ്വതീകരിക്കുവാൻ ഇടവക സന്നദ്ധമായി. കോളജ് കൊച്ചി ഭദ്രാസനത്തിൽ ആരംഭിക്കുവാൻ തുടങ്ങിയ കാലമായിരുന്നു അത്. കൊച്ചി ഭദ്രാസനത്തിലാരംഭിക്കുന്ന പുതിയ കോളജ് കുന്നംകുളത്ത് ആരംഭിക്കണമെന്ന് ആവേശപൂർവ്വം ശബ്ദം ഉയർന്നു. ഇതു സംബന്ധമായി ആദ്യത്തെ യോഗം കുന്നംകുളം പഴയപള്ളിയിൽ ചേർന്നു. ഒരു പ്രവർത്തക സമിതി 1979-ൽ രൂപീകരിച്ചു. ഫാ. കെ. സി. ജോസഫ് ആയിരുന്നു അതിന്റെ സെക്രട്ടറി. പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞപ്പോൾ പ്രവർത്തക സമിതിക്ക് ഒരു കാര്യം ബോദ്ധ്യമായി. കുന്നംകുളം ഭാഗത്ത് കോളജിന് ആവശ്യമായ സ്ഥലം ലഭിക്കുക പ്രയാസമാണ് (ഈ നിരീക്ഷണം അത്ര ശരിയാണെന്ന് തോന്നുന്നില്ല. ആർത്താറ്റ്, ചൊവ്വന്നൂർ, അടുപ്പൂട്ടി തുടങ്ങിയ പ്രദേശങ്ങളിൽ സ്ഥലം ലഭ്യമായിരുന്നു. എന്നാൽ വർക്കിംഗ് കമ്മിറ്റിയിലെ കുന്നംകുളം പ്രതിനിധികൾ അക്കാര്യത്തിൽ ഉദാസീനരായിരുന്നു എന്നതാണ് സത്യം. ഒരു കോളജ് സ്ഥാപിക്കപ്പെട്ടാൽ ആ പ്രദേശത്തിനുണ്ടാകാവുന്ന ഭൗതിക പുരോഗതിയുടെ വിസ്തൃതിയെപ്പറ്റി വിഭാവനം ചെയ്യുവാൻ അവർ അപ്രാപ്തരായിരുന്നു എന്ന് തോന്നുന്നു.). ഒടുവിൽ ചർച്ചകളും നിരീക്ഷണങ്ങളും സാദ്ധ്യതകളും വിശദമായി നടത്തിയതിന്റെ ഫലമായി പഴഞ്ഞിയിൽ കോളജ് സ്ഥാപിക്കുവാൻ തീരുമാനിക്കുകയായിരുന്നു. പലരും സഹായവാഗ്ദാനങ്ങൾ നടത്തി എങ്കിലും സമയമായപ്പോൾ പലരും പിന്മാറി. അവിടെയും കെ. സി. ജോസഫ് അച്ചൻ പല വ്യക്തികളെയും കണ്ട് സ്വാധീനിച്ചതിന്റെ ഫലമായി ഇരുപതോളം ഏക്കർ ഭൂമി കോളജിനുവേണ്ടി സമ്പാദിക്കുവാൻ കഴിഞ്ഞു. അങ്ങനെ 1982 ഡിസംബർ 15-ന് പഴഞ്ഞിപള്ളി അങ്കണത്തിൽ വച്ച് കോട്ടയം പഴയ സെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മെത്രാപ്പോലീത്തായുടെ കബറിടത്തിൽ നിന്ന് കൊണ്ടുവന്ന ദീപശിഖ കത്തിച്ച് എം. ഡി. കോളജിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ നിർവഹിച്ചപ്പോൾ അതിന്റെ ഏറ്റവും വലിയ ബഹുമതിക്ക് അർഹൻ ആരെന്ന കാര്യത്തിൽ ആർക്കും സംശയമില്ലായിരുന്നു. അതിന്റെ സ്ഥാപക സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ അദ്ദേഹത്തിന്റെ റിപ്പോർട്ടിലും ബന്ധപ്പെട്ടവരുടെ ലേഖനങ്ങളിലും ചേർത്തിട്ടുള്ളത് ശ്രദ്ധേയമാണ്.

## കുന്നംകുളം ഭദ്രാസനത്തിന്റെ രൂപീകരണം

1975-ൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ഭരണം ആരംഭിച്ചത് പുനരാരംഭിച്ച കക്ഷിവഴക്കുകൾ മൂർച്ഛിച്ച കാലത്താണ്. വാർദ്ധക്യകാലത്ത് കാതോലിക്കാ പദം സ്വീകരിച്ച പ. ഔഗേൻ ബാവായുടെ കാലത്ത് ആരംഭിച്ച കക്ഷിവഴക്കുകൾ മൂർദ്ധന്യത്തിലെത്തിയത് ഇക്കാ

ലത്താണ്. അടിസ്ഥാനപരമായി സഭയെ ശക്തിപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ലെങ്കിലും അപൂർവമായ കുറെ പരിഷ്ക്കാരങ്ങളും പദ്ധതികളുംകൊണ്ട് സഭയുടെ സൗരഭ്യം വർദ്ധിപ്പിക്കുവാൻ അദ്ദേഹം യത്നിച്ചു. അതിൽ ഫലം കണ്ട പദ്ധതികളിലൊന്നായിരുന്നു ഭദ്രാസന പുനർ വിഭജനം. തിരുവനന്തപുരം, മദ്രാസ്, ഇടുക്കി, ചെങ്ങന്നൂർ, കുന്നംകുളം, സുൽത്താൻബത്തേരി, ബോംബെ, കൽക്കട്ട, ഡൽഹി, കോട്ടയം സെൻട്രൽ, അമേരിക്ക, ഇടുക്കി തുടങ്ങി നിരവധി പുതിയ ഭദ്രാസനങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് രൂപീകൃതമായി. പല ഭദ്രാസനങ്ങളും സഭാ വികസനത്തിന്റെ അനിവാര്യഭാഗമായി ആവിർഭവിച്ചതാണെങ്കിലും ചില ഭദ്രാസനങ്ങളുടെ രൂപീകരണത്തിൽ ചില സ്വാർത്ഥതാല്പര്യങ്ങൾ പ്രേരകങ്ങളായി എന്ന് അന്നേ വിമർശനം ഉയർന്നിരുന്നു. സാത്വിക ശിരോമണിയായ യൂഹാനോൻ മാർ സേവേറിയോസ് അധ്യക്ഷനായ കൊച്ചി ഭദ്രാസനം അന്ന് പ്രശ്നസങ്കീർണ്ണമായ ഒരു മേഖലയായിരുന്നു. മെത്രാപ്പോലീത്താ രോഗിയായപ്പോൾ മാർ പോളിക്കാർപ്പോസ് മെത്രാച്ചനെ സഹായിയായി നിയമിച്ച് പ്രശ്നങ്ങളെ ലഘൂകരിക്കാൻ സഭ ശ്രമം നടത്തി. അന്ന് കൊച്ചി ഭദ്രാസനത്തിൽ ചാപ്പലുകൾ ഉൾപ്പെടെ എൺപത്തിമൂന്ന് പള്ളികളാണുണ്ടായിരുന്നത്. ഇതിൽ ഇരുപത്തിരണ്ടു പള്ളികൾ പാത്രിയർക്കീസ് ഭാഗത്ത് ഉറച്ചു നിന്നിരുന്നു. 25 പള്ളികൾ കക്ഷിഭിന്നതയെ തുടർന്ന് വ്യവഹാരത്തിൽ ആയിരുന്നു. ബാക്കി 30-ൽ ചിലാനം പള്ളികളിൽ 25 പള്ളികൾ കുന്നംകുളം പ്രദേശത്താണ്. ആ പള്ളികളെ പുതിയ ഭദ്രാസനമാക്കി സ്വതന്ത്രമാക്കാൻ തീരുമാനിച്ചപ്പോൾ കൊച്ചിയിൽ അവശേഷിച്ചത് പതിനഞ്ചോളം ഇടവകകളും കക്ഷിതർക്കത്തിൽ മുങ്ങിക്കുളിച്ച പതിനഞ്ചോളം ഇടവകകളുമാണ്. സാത്വികനായ മെത്രാപ്പോലീത്താ സഭാവികസനത്തിന്റെ മേൽവിലാസത്തിൽ നടന്ന ഭദ്രാസന വിഭജനത്തെ നിശ്ശബ്ദമായി സഹിച്ചു (അക്കാലത്ത് അദ്ദേഹം ഒരു ലേഖനത്തിൽ ഇപ്രകാരം തന്റെ ഹൃദയവേദന രേഖപ്പെടുത്തി: 'അഗ്നിപർവതത്തിന്റെ മുകളിൽ പടുത്തുയർത്തിയ ഉദ്യാനത്തിന്റെ ശോഭ വർണ്ണിച്ച് ചിലർ അഹങ്കരിക്കുന്നു. അഗ്നിപർവതമാണല്ലോ ഉള്ളിൽ എന്ന ചിന്ത എന്റെ ഹൃദയത്തിൽ നീറ്റൽ ഉണ്ടാക്കുന്നു.').

സഹായിയായി നിയമിക്കപ്പെട്ട പോളിക്കാർപ്പോസ് തിരുമേനി വിഭജനത്തെ ആദ്യ ദശയിൽ എതിർത്തു എങ്കിലും ഒടുവിൽ എതിർപ്പ് പിൻവലിച്ചു. ഭദ്രാസനഭരണത്തിന്റെ സർവ രംഗങ്ങളിലും നിറഞ്ഞുനിന്നിരുന്ന കെ. സി. ജോസഫ് അച്ചനെ തൽസ്ഥാനത്തു നിന്ന് മാറ്റിയെടുത്ത് സ്വന്തം 'സ്പേസ്' കണ്ടെത്തുവാനുള്ള ശ്രമത്തിലായിരുന്ന അദ്ദേഹം അവിടെ മെത്രാപ്പോലീത്തായ്ക്ക് ഭദ്രാസനഭരണത്തിൽ അർഹമായ സ്ഥാനം ലഭിക്കുന്നില്ല എന്ന പരാതി പല വേദികളിലും രഹസ്യമായും ഒട്ടൊക്കെ പര




കുന്നംകുളം ഭദ്രാസന ഭൂപടം

സ്യമായും ഉന്നയിച്ചിരുന്നു. കൊച്ചി ഭദ്രാസനത്തിനായി അനുവദിക്കപ്പെട്ട കോളജിന്റെ ലോക്കൽ മാനേജരായി മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നിയോഗപ്രകാരം രംഗത്തെത്തിയ സഹായ മെത്രാപ്പോലീത്താ കോളജ് വിഷയങ്ങളിൽ അതിന്റെ കമ്മിറ്റിയുടെ സഹകരണത്തോടെ ബഹുവേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കെ. സി. ജോസഫ് അച്ചന്റെ പ്രവർത്തന മികവിൽ സ്വന്തം പങ്ക് എന്തെന്നറിയാൻ ഏറെ ബുദ്ധിമുട്ടി. കൊച്ചി ഭദ്രാസനത്തിന്റെ നാനാവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭദ്രാസനത്തിന്റെ മുൻ ഭരണസംവിധാനങ്ങളും അതിന്റെ ആകെത്തുകയായ കുറ്റിക്കാട്ടിലച്ചനുമാണ് മുഖ്യ പ്രതിബന്ധമെന്ന് അദ്ദേഹം വിശ്വസിച്ചു. ആ അന്തരീക്ഷത്തിൽ പുതിയ ഭദ്രാസന സെക്രട്ടറിയായി ബഹു. വെണ്ടേപ്പിള്ളിൽ അച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസനകാര്യത്തിൽ കെ. സി. ജോസഫ് അച്ചൻ നിരായുധനാക്കപ്പെടുകയായിരുന്നു. മഹാഭാരതയുദ്ധം കഴിഞ്ഞ് തന്റെ ശ്രേഷ്ഠായുധങ്ങൾ പ്രയോഗക്ഷമമല്ലാതായി എന്ന് തിരിച്ചറിഞ്ഞ സവ്യസാചിക്ക് തുല്യം അദ്ദേഹം വിഷാദഗ്രസ്തനായി. കൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തോടെ വിജയൻ ഒറ്റപ്പെടുക തന്നെ ചെയ്തു. മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്ന സ്ഥാനം നഷ്ടപ്പെട്ടതോടെ അച്ചന്റെ നേതൃപദവിയും മങ്ങിപ്പോയി.

ആ സാഹചര്യത്തിലാണ് കുന്നംകുളം മെത്രാസാനം രൂപീകരിക്കുന്ന വിഷയം ഏറ്റെടുക്കുവാൻ മാത്യൂസ് പ്രഥമൻ കാതോലിക്കാ കുന്നംകുളം പ്രദേശത്തുള്ള ചില സ്വന്തം വൈദികരോട് ആവശ്യപ്പെടുന്നത്. ഏറെ വൈകിയില്ല. ആ നിവേദകസംഘത്തിന്റെ മുൻനിരയിൽ കെ. സി. ജോസഫ് അച്ചൻ പ്രത്യക്ഷപ്പെട്ടു.

പുതുതായി മേല്പട്ടസ്ഥാനത്തു വന്ന മാർ മിലിത്തിയോസ് ഭദ്രാസന സാരഥിയാവണമെന്ന് മറ്റാരെയുംകാൾ അധികം അദ്ദേഹം ആഗ്രഹിച്ചു. കുന്നംകുളം മെത്രാസനം ഔദ്യോഗികമായി 1985-ൽ പ്രഖ്യാപിക്കപ്പെട്ടു; അതിന്റെ പ്രഥമ സാരഥിയായി മാർ മിലിത്തിയോസ് തിരുമേനി നിയമിതനായി. കൊച്ചി ഭദ്രാസനത്തിൽ നിന്ന് നേടിയ പരിവേഷവും ഭരണപരിചയവും കൈമുതലാക്കി കുന്നംകുളം ഭദ്രാസനഭരണം കൈവശപ്പെടുമെന്ന വിശ്വാസവുമായി, വർദ്ധിച്ച ആത്മവിശ്വാസവുമായി പ്രവർത്തിച്ച അച്ചനെ നിരാശയാണ് എതിരേറ്റത്. തുടർച്ചയായി മൂന്നു ടേമുകളിൽ ഫാ. പീറ്റർ ചെറുവത്തൂർ, ഫാ. സി. വി. ഏബ്രഹാം, ഫാ. ഗീവറുഗീസ് കൊള്ളന്നൂർ എന്നിവർ ഭദ്രാസന സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടു. തന്റെ നിലപാടുകളോട് ഭദ്രാസനം പുലർത്തിയ സമീപനത്തെ തിരിച്ചറിയാൻ പക്ഷേ അദ്ദേഹം അപ്പോഴും നിർഭാഗ്യവശാൽ സന്നദ്ധനായിരുന്നില്ല.

ആർത്താറ്റ് – കുന്നംകുളം മഹാഇടവകയുടെ വികാരിയായിരുന്ന ഭദ്രാസന സെക്രട്ടറിക്ക് ഭദ്രാസനകാര്യങ്ങൾ നിർവഹിക്കുവാൻ ഒട്ടും സമയം കിട്ടിയിരുന്നില്ല. അക്കാര്യത്തിൽ അദ്ദേഹത്തിന് മുൻപരിചയം ഒന്നും ഉണ്ടായിരുന്നില്ല. ഒരു ക്ലാർക്കു പോലും ഇല്ലാതിരുന്ന ഭദ്രാസന ഓഫീസിന്റെ ചുമതല 'നഷ്ടങ്ങൾ' മാത്രമേ ഉണ്ടാക്കൂ എന്ന തിരിച്ചറിവ് അദ്ദേഹം നേടിയിരുന്നു. ഭദ്രാസന സാരഥിയും ഭരണപരിചയമില്ലാത്ത ആൾ ആയിരുന്നു. ജീവിതകാലം മുഴുവൻ അസി. വികാരിയായി കഴിഞ്ഞ അദ്ദേഹത്തിന് ഇടവകയുടെ ഭരണമേഖല തീർത്തും അജ്ഞാതമായിരുന്നു. ഈ അവസരത്തിലാണ് കെ. സി. ജോസഫ് അച്ചൻ അനൗദ്യോഗിക ഭദ്രാസന സെക്രട്ടറിയായി രംഗപ്രവേശം ചെയ്യുന്നത്. തിരുമേനിയുടെ സവിശേഷ താല്പര്യപ്രകാരമാണ് അദ്ദേഹം ഈ രംഗത്ത് പ്രവേശിച്ചത്. പുതിയ ഭദ്രാസനം എന്ന നിലയിൽ ഭദ്രാസന ഓഫീസ് ചിട്ടപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായകപങ്കു വഹിച്ചു. നിരന്തരം യാത്രാപരിപാടികളുമായി ജീവിതം കഴിച്ചുകൂട്ടിയ ഭദ്രാസനാധിപന് പള്ളിക്കാര്യങ്ങൾ ശ്രദ്ധിക്കുവാനോ നിയന്ത്രിക്കുവാനോ സമയവും താല്പര്യവും വേണ്ടത്ര ഉണ്ടായിരുന്നുവോ എന്ന് സംശയം. കെ. സി. ജോസഫ് അച്ചൻ ഗതിവേഗവും സഞ്ചാരദിശയും നിർണ്ണയിക്കുന്ന ഒരു വാഹനമായിരുന്നു അന്ന് കുന്നംകുളം മെത്രാസനം. ഭദ്രാസന രൂപീകരണത്തിന്റെ വ്യവസ്ഥകളിലൊന്നായി, ഒരേക്കർ സ്ഥലം ഭദ്രാസനാസ്ഥാനം നിർമ്മിക്കുവാനായി ക്രമീകരിക്കണമെന്ന് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ മുൻകൂറായി ആവശ്യപ്പെട്ടതനുസരിച്ച് ആർത്താറ്റ് പള്ളിയുടെ കിഴക്ക് വശത്ത് ഒരേക്കർ ഭൂമി ഭദ്രാസനാസ്ഥാന നിർമ്മിതിക്കായി പള്ളിക്കാർ വിട്ടുകൊടുത്തിരുന്നു; താത്കാലിക ആസ്ഥാനമായി ആർത്താറ്റ് പള്ളിയുടെ ഒരു കെട്ടിടം ഒഴിഞ്ഞുകൊടുത്തിരുന്നു. അവിടെ താത്ക്കാലിക ആസ്ഥാനം ക്രമീകരിച്ച തിരുമേനി പക്ഷേ പള്ളി നിർദ്ദേശിച്ച് നൽകിയ സ്ഥലത്ത് സ്ഥിരമായ ആസ്ഥാനം നിർമ്മിക്കുവാൻ എന്തുകൊണ്ടോ ഇഷ്ടപ്പെട്ടില്ല. ഈ ആവശ്യത്തിനായി അദ്ദേഹം സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി അഡ്വാൻസ് നൽകി. ഭദ്രാസനയോഗമോ കൗൺസിൽ പോലുമോ ചിന്തിക്കാതെ നടത്തിയ ഈ വിഷയത്തിൽ എല്ലാവരും പൊതുവിൽ അസംതൃപ്തരായിരുന്നു. സ്ഥലം തീറുവാങ്ങാൻ അഹമഹമികയാ പള്ളിക്കാർ മുന്നോട്ടുവരുമെന്ന കണക്കുകൂട്ടൽ ഈ അസംതൃപ്തിയുടെ പശ്ചാത്തലത്തിൽ ഫലം കണ്ടില്ല. ഇക്കാര്യത്തിലും ജോസഫ് അച്ചന്റെ നീക്കം ഫലപ്രാപ്തിയിലെത്തി.

തന്റെ സുഹൃത്തിന്റെ ബന്ധു ഒരു ബാങ്ക് ബിസിനസുകാരനാണെന്നും അദ്ദേഹത്തിന്റെ കൈവശം ധാരാളം പണമുണ്ടെന്നും അച്ചൻ കണ്ടെത്തി. ആ പണം അദ്ദേഹം വാക്കാൽ കരാറിന്മേൽ തിരുമേനിക്ക് കൈമാറി

എന്നാണ് കേട്ടിട്ടുള്ളത്. ഭദ്രാസനത്തിലെ ആയിരക്കണക്കിനാളുകളിൽ നിന്ന് രസീതി നൽകി സംഭാവന സ്വീകരിച്ച് അത്രയും വലിയ തുക സ്വീകരിച്ചതിന് കണക്കുകൾ സൃഷ്ടിക്കുവാൻ അച്ചൻ വിജയകരമായി പരിശ്രമിച്ചതായും അക്കാലങ്ങളിൽ കേട്ടിരുന്നു. ഏതായാലും ആ സംഭവത്തോടെ അച്ചനെപ്പോലെ ആ പണമിടപാട് സ്ഥാപനത്തിന്റെ ഉടമയും ഭദ്രാസനാസ്ഥാനത്ത് നിത്യസന്ദർശകനായി എന്നത് കുറേക്കാലത്തേക്ക് എല്ലാവരും ശ്രദ്ധിച്ചു. ഈവക രഹസ്യങ്ങൾ ആരും ശ്രദ്ധിക്കാതിരിക്കുവാനുള്ള മുൻകരുതൽ എന്ന നിലയിലാണ് അക്കാലത്തെ ഭദ്രാസന സെക്രട്ടറിമാർക്ക് ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യുവാനും പരിശോധിക്കാനും മറ്റും അവസരം ഉണ്ടാക്കാതിരുന്നതെന്ന് അന്നേ സംസാരം ഉയർന്നിരുന്നു. ഭദ്രാസനത്തിന്റെ വരവു ചെലവുകൾ രേഖപ്പെടുത്തുക, ഭദ്രാസനയോഗം, കൗൺസിലുകൾ മുതലായവയുടെ മിനിട്ട്സുകൾ രേഖപ്പെടുത്തുക തുടങ്ങി ഭദ്രാസന സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട സർവ കാര്യങ്ങളും തിരുമേനിയുടെ നിർദ്ദേശപ്രകാരം കെ. സി. ജോസഫ് അച്ചനാണ് നിർവഹിച്ചിരുന്നത്.

പുതുതായി വാങ്ങിയ സ്ഥലത്ത് വിശാലമായ അരമനകെട്ടിടവും ചാപ്പലും ദ്രുതഗതിയിൽ ഉയർന്നു. നിർമ്മാണ ചുമതല മിക്കവാറും കെ. സി. ജോസഫ് അച്ചനാണ് നിർവഹിച്ചിരുന്നത്. കെട്ടിടം പണിയിൽ അച്ചനുണ്ടായിരുന്ന സവിശേഷമായ അറിവും താല്പര്യവും ഇക്കാര്യത്തിൽ ഏറെ പ്രയോജനപ്പെട്ടു. ഇപ്രകാരം പ്രശസ്തിയുടെ കൊടുമുടിയിൽ അച്ചൻ എത്തിനില്ക്കേ അച്ചന് അറുപത് വയസ് പൂർത്തിയായി. പഴഞ്ഞി പള്ളിയുടെ പൊതുയോഗം അച്ചനെ കോറെപ്പിസ്കോപ്പാ സ്ഥാനത്ത് അവരോധിക്കുവാൻ ഭദ്രാസനാദ്ധ്യക്ഷനോട് അഭ്യർത്ഥിച്ചു. പഴഞ്ഞി പള്ളിയുടെ അറിയപ്പെടുന്ന ചരിത്രത്തിൽ ആദ്യമായാണ് ഒരു പൊതുയോഗം ഇപ്രകാരം പ്രമേയം പാസ്സാക്കുന്നത്. പലപ്പോഴും ഇടവക പട്ടക്കാർക്കെതിരെ കലാപക്കൊടി ഉയർത്തിയ ഇടവക ഇപ്രകാരമുള്ള നിലപാട് എടുത്തതിൽ അത്ഭുതപ്പെടാത്തവരില്ല. അതൊരു ദൈവനിയോഗമായിരിക്കണം. ഷഷ്ഠിപൂർത്തി വർഷം പ്രമാണിച്ച് അച്ചനെ യോഗ്യമായി ബഹുമാനിക്കുന്ന ഒരു നടപടി പൊതുയോഗത്തിലുണ്ടാക്കാൻ ശ്രമിക്കണമെന്ന്, അക്കാലത്ത് പഴഞ്ഞിയുടെ പൊതുയോഗത്തിലെ ശക്തനായ വക്താവായി അറിയപ്പെട്ടിരുന്ന ഒരു സുഹൃത്തിന് ഈ ഗ്രന്ഥകാരൻ എഴുതിയിരുന്നു. ഈ എഴുത്തിന്റെ പ്രേരണയാണോ ഇത്തരത്തിലുള്ള ഒരു പ്രമേയം പാസ്സാക്കുവാൻ പൊതുയോഗത്തിൽ കാരണമായതെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഒരു കാര്യം തീർച്ച. ആ തീരുമാനത്തിൽ ഏറ്റവും സന്തോഷിച്ചവരിൽ ഒരാൾ ഈ ഗ്രന്ഥകർത്താവായിരുന്നു.

1993 ജനുവരി 16 ശനിയാഴ്ച. അന്നാണ് സ്ഥാനാരോഹണം. പഴഞ്ഞി

സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്നത്. അദ്ദേഹത്തിന്റെ ശിഷ്യൻ കൂടെയായ ഈ ഗ്രന്ഥകാരൻ അന്നുകാലത്ത് യരുശലേം അങ്ങാടിയിലുള്ള അച്ചന്റെ ഭവനത്തിലെത്തി. ബഹു. അച്ചനെ അന്ന് പള്ളിയിലേക്കുള്ള കാൽനടയാത്രയിൽ തോഴ്മക്കാരനെന്നപോലെ അകമ്പടി സേവിച്ചത് ഞാൻ ആയിരുന്നു. വിശുദ്ധ കുർബ്ബാനയ്ക്കു മുമ്പായി സ്ഥാനാർത്ഥിയെ അംശവസ്ത്രങ്ങളണിഞ്ഞ് വടക്കേ ത്രോണോസിന്റെ കിഴക്കുഭാഗത്ത് മുട്ടുകുത്തി നില്ക്കുവാൻ കാർമ്മികൻ നിർദ്ദേശിച്ചു. കോറെപ്പിസ്കോപ്പാ സ്ഥാനം അനുഗ്രഹത്തിന്റെ മാത്രം സ്ഥാനമാകയാൽ മുട്ടുകുത്തുവാൻ ആവശ്യമില്ലെന്ന് ഞാൻ ചെവിയിൽ സൂചിപ്പിച്ചപ്പോൾ സംശയമായി. ഞാൻ ഉടനെ വടക്കേ പടിപ്പുരയിൽ അച്ചന്റെ മുറിയിൽ നിന്ന് ഞങ്ങളുടെ എല്ലാം മഹാഗുരുവായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എഴുതിയ 'ശുശ്രൂഷാ സംവിധാനം' എടുത്തുകൊണ്ട് വന്ന് പ്രസക്ത ഭാഗം വായിച്ചുകേൾപ്പിച്ചു. അംശവസ്ത്രമണിഞ്ഞ സ്ഥാനാർത്ഥിയെ 'മദ്ബഹായുടെ ഒരു ഭാഗത്ത് മേൽപ്പട്ടക്കാരൻ നിർത്തുകയും ഒരു ശോശപ്പാ കൊണ്ട് അദ്ദേഹത്തിന്റെ തല മൂടുകയും ചെയ്യണം' എന്ന നിർദ്ദേശം ഒടുവിൽ അംഗീകരിച്ചു. ഗുരുവിനെ കോറെപ്പിസ്ക്കോപ്പാ ആയി സ്ഥാനാരോഹണം ചെയ്യിക്കുന്ന ശുശ്രൂഷയാൽ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികനും മറ്റൊരു ശിഷ്യനായ ഈ ഗ്രന്ഥകാരൻ അർക്കദിയാക്കോനും ആയി.

അന്ന് ഉച്ചതിരിഞ്ഞ് അദ്ദേഹത്തിന് പള്ളിമൈതാനത്തു വച്ച് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ നൽകിയ സ്വീകരണ സമ്മേളനത്തിൽ ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രി ശ്രീ. പി. പി. ജോർജ് അധ്യക്ഷം വഹിച്ചു. കെ. എസ്. നാരായണൻ നമ്പൂതിരി അനുമോദിച്ചു. ആ യോഗത്തിൽ ഈ ഗ്രന്ഥകാരൻ നടത്തിയ ആശംസാ പ്രസംഗം അഭിനവ കോറെപ്പിസ്കോപ്പാ ഒരു ബുക്ക്ലെറ്റ് ആയി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു.

പള്ളിയിൽ നിന്ന് അഞ്ച് പവൻ തൂക്കം വരുന്ന ഒരു സ്വർണ്ണകുരിശുമാലയും ഒരു സെറ്റ് പൂർണ്ണ അംശവസ്ത്രങ്ങളും അദ്ദേഹത്തിന് സമ്മാനിച്ചു. കുറ്റിക്കാട്ട് കുടുംബയോഗത്തിനുവേണ്ടി സുകു അദ്ദേഹത്തെ മോതിരമണിയിച്ചു. പെരുന്തുരുത്തി, കോട്ടോൽ പള്ളികളിലെ കൈക്കാരന്മാരും മോതിരം സമ്മാനിച്ച് അഭിനവ കോറെപ്പിസ്ക്കോപ്പായെ ആദരിച്ചു.

## അദ്ധ്യായം 6

# കൊടിയിറക്കത്തിന്റെ വർഷങ്ങൾ

ഏതൊരു കയറ്റവും ഒരു പരിധി കഴിഞ്ഞാൽ ഇറക്കത്തിലേക്കാവും നയിക്കുക എന്നത് പ്രകൃതിധർമ്മമാണ്. മഹാനായ ഷേക്സ്പിയറുടെ വിശ്വപ്രസിദ്ധമായ നാടകങ്ങളെല്ലാം ശോകാന്തപൂർണ്ണമായ ദുരന്തനാടകങ്ങളാണ്. അദ്ദേഹത്തിന്റെ ദുരന്തനായകന്മാരെല്ലാവരും സ്വന്തം വ്യക്തിത്വത്തിന്റെ ചില ദൗർബല്യങ്ങളുടെ അനിവാര്യഫലമായി ദുരന്തം ഏറ്റുവാങ്ങേണ്ടി വന്നവരാണ്. ലീയർ രാജാവിന് അന്ധവും വിവേകശൂന്യവുമായ പുത്രീസ്നേഹവും മാക്ബെത്തിന് അദമ്യമായ സ്ഥാനക്കയറ്റമോഹവും ജൂലിയസ് സീസറിന് അതിരില്ലാത്ത ആത്മവിശ്വാസവുമാണ് ദുരന്തഹേതുവായി തീർന്നതെന്ന് അദ്ദേഹത്തിന്റെ നിരൂപകന്മാർ സമർത്ഥമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മഹാഭാരതം എന്ന ഇതിഹാസ കാവ്യത്തിൽ വീരപുരുഷന്മാരും ലോകപ്രശസ്തന്മാരും നീതിനിഷ്ഠരുമായ പാണ്ഡവ രാജകുമാരന്മാർ വിഷാദത്തിന്റെ കൊടുമുടിയിലേക്ക് നാടും വീടും വിട്ട് ഒഴിഞ്ഞ് അന്ത്യയാത്ര നടത്തിയതായി ഋഷിപുംഗവൻ ആയ വ്യാസ മഹർഷി വരച്ചുകാട്ടിയിട്ടുണ്ട്. ആ യാത്രയ്ക്ക് 'മഹാപ്രസ്ഥാനം' എന്ന വിശേഷണം നൽകി അതിനെ ഉദാത്തവൽക്കരിക്കാൻ ഇതിഹാസ കവി ശ്രമിച്ചിട്ടുണ്ടെങ്കിലും ആ യാത്രയിലെ ഗാംഭീര്യത്തോടൊപ്പം കണ്ണുകളിൽ തങ്ങിനില്ക്കുന്ന കണ്ണുനീർ സൂക്ഷ്മദൃക്കുകൾക്ക് കാണാനാവും. ഒരു പക്ഷേ ശ്രീരാമന്റെ ആത്മഹത്യയെയും ശ്രീകൃഷ്ണന്റെ വധത്തെയും സ്വർഗ്ഗാരോഹണം എന്ന് വിശേഷിപ്പിച്ച് ആ വിഷാദപൂർണ്ണമായ അന്ത്യത്തെ തേജസിന്റെ പൊന്നാട അണിയിക്കാൻ വാല്മീകിയും വ്യാസനും ശ്രമിച്ചിട്ടുണ്ടെങ്കിലും ആ കാവ്യനീതിയുടെ ബാഹ്യകഞ്ചുകം മാറ്റിവച്ചാൽ അതൊക്കെ ശോകാന്ത നാടകകഥകൾ ആയിരുന്നു എന്ന് നമുക്ക് കാണുവാൻ പ്രയാസമില്ല. മഹത് ജീവിതങ്ങളെ ശുഭാന്തപര്യവസായി ആയി അവതരിപ്പിക്കുന്ന ഭാരതീയ ദർശനത്തോട് നീതികാട്ടി എന്ന് വരുത്തുവാനാവാം ക്രാന്തദർശികളായ ഇതിഹാസകവികൾ തങ്ങളുടെ ദുരന്തനായകന്മാരെ തിളക്കമുള്ള ഉടയാടകൾ ചാർത്തി സ്വർഗ്ഗയാത്ര ചെയ്യിപ്പിച്ചത്.

വി. വേദപുസ്തകത്തിലും തത്തുല്യമായ ചില ദുരന്ത സംഭവങ്ങളും കഥാപാത്രങ്ങളുമുണ്ട്. വേദപുസ്തക ചർച്ചകൾ ഗൗരവപൂർണ്ണമായ സാഹിത്യ ചർച്ചകൾ ആയി വികസിക്കാത്തതുകൊണ്ട് അത്തരം അധ്യായങ്ങൾക്ക് വേണ്ടത്ര ഊന്നൽ ലഭിച്ചിട്ടില്ലെന്നേയുള്ളു. ആവർത്തന പുസ്തകം 32-ാം അധ്യായത്തിന്റെ 48 മുതൽ 52 വരെയുള്ള വാക്യങ്ങളിൽ ഒരു ദുരന്ത സംഭവം അലയടിക്കുന്നത് കാണുക:

“അന്നുതന്നെ യഹോവ മോശയോടു അരുളിചെയ്തത്: നീ യെരിഹോവിനെതിരെ മോവാബ് ദേശത്തുള്ള ഈ അബാരീം പർവതത്തിൽ നേബോ മല മുകളിൽ കയറി, ഞാൻ യിസ്രായേൽ മക്കൾക്ക് കൊടുക്കുന്ന കനാൻ ദേശത്തെ നോക്കിക്കാണുക. നിന്റെ സഹോദരനായ അഹറോൻ ഹോർപർവതത്തിൽ വച്ച് മരിച്ച് തന്റെ ജനത്തോട് ചേർന്നതു പോലെ നീ കയറുന്ന പർവതത്തിൽ വച്ച് നീയും മരിച്ച് നിന്റെ ജനത്തോട് ചേരും. നിങ്ങൾ സീൻ മരുഭൂമിയിൽ കാദേശിലെ കലഹജലത്തിങ്കൽ യിസ്രായേൽ മക്കളുടെ മദ്ധ്യേ വച്ച് അവനോട് അകൃത്യം ചെയ്ക കൊണ്ടും യിസ്രായേൽ മക്കളുടെ മദ്ധ്യേ വച്ച് എന്നെ ശുദ്ധീകരിക്കായ്ക കൊണ്ടും തന്നേ. നീ ദേശത്തേ നിന്റെ മുമ്പിൽ കാണും; എങ്കിലും ഞാൻ യിസ്രായേൽ മക്കൾക്ക് കൊടുക്കുന്ന ദേശത്ത് നീ കടക്കയില്ല.”

എന്തൊരു ഭയനാകമായ ന്യായവിധി!! ആവർത്തന പുസ്തകത്തിലെ സമാപനവാക്യം ഇപ്രകാരമാണ്: “... എന്നാൽ മിസ്രയീം ദേശത്ത് ഫറവോനോടും അവന്റെ സകല ഭൃത്യന്മാരോടും അവന്റെ സർവദേശത്തോടും ചെയ്വാൻ യഹോവ മോശയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും എല്ലാ യിസ്രായേലും കാൺകെ മോശ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ, യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല” (34:10-12).

സീനായ് പ്രദേശത്ത് കത്തിജ്വലിച്ചിട്ടും എരിഞ്ഞമരാതിരുന്ന മുൾപ്പടർപ്പിന്റെ പശ്ചാത്തലത്തിൽ ദൈവനിയോഗം മുഖാമുഖമായി സ്വീകരിച്ച് അത്ഭുത പരമ്പരകളിലൂടെ ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്ന് വിമോചിപ്പിച്ച് ചെങ്കടലിൽ സ്നാനം ഏറ്റ് കനാൻ എന്ന വാഗ്ദത്ത ഭൂമിയെ ലക്ഷ്യം വച്ച് ദൈവത്തിന്റെ ജനത്തെ നയിച്ച, മരുഭൂമിയിൽ മന്ന, പാറയിൽ നിന്ന് ജലം, സർപ്പഭീഷണിയിൽ നിന്ന് പിത്തളസർപ്പം മുഖേന വിടുതൽ, അഗ്നിത്തൂൺ മേഘസ്തംഭം എന്നിവയിലെ ദൈവസാന്നിധ്യം ദർശിച്ച, ന്യായപ്രമാണത്തിന്റെ അടിസ്ഥാനമായ പത്തു കല്പനകൾ പ്രാപിച്ച, സമാഗമന കൂടാരം ചമച്ച് ദൈവസാന്നിധ്യം ഉറപ്പാക്കിയ ശ്രേഷ്ഠാചാര്യൻ മോശ, വാഗ്ദത്ത നാട്ടിൽ കാലു കുത്താതെ പിതാക്കന്മാരോടു ചേർന്നു.

കെ. സി. ജോസഫ് അച്ചന്റെ അന്ത്യവർഷങ്ങളെ സത്യസന്ധമായി സൂക്ഷ്മ നിരീക്ഷണം ചെയ്യുവാൻ വി. ഗ്രന്ഥത്തിലെ മറ്റൊരു ഭാഗം കൂടെ സ്മരണയിൽ ഓടിയെത്തുന്നു. രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്ന് പ്രസക്ത ഭാഗം ഉദ്ധരിക്കട്ടെ: “യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിന് ഒരു ആലയം പണിയണം എന്ന് എന്റെ അപ്പനായ ദാവീദിന് താല്പര്യം ഉണ്ടായിരുന്നു. എന്നാൽ യഹോവ എന്റെ അപ്പ

നായ ദാവീദിനോട്: എന്റെ നാമത്തിന് ഒരു ആലയം പണിയണമെന്ന് നിനക്ക് താല്പര്യം ഉണ്ടായല്ലോ. അങ്ങനെ താല്പര്യം ഉണ്ടായത് നല്ലത്. എങ്കിലും ആലയം പണിയേണ്ടത് നീയല്ല, നിന്റെ കടിപ്രദേശത്തു നിന്ന് ഉത്ഭവിക്കുന്ന മകൻ തന്നെ എന്റെ നാമത്തിന് ആലയം പണിയും എന്ന് കല്പിച്ചു" (1 രാജാ. 8:17-19).

താൻ ആഡംബരപൂർവ്വമായ കൊട്ടാരത്തിൽ വസിക്കുമ്പോൾ യഹോവയുടെ പെട്ടകം കൂടാരത്തിൽ സ്ഥിതിചെയ്യുന്നു എന്ന കുറ്റബോധത്തിൽ നിന്നാണ് ദേവാലയ നിർമ്മാണം എന്ന ചിന്ത ദാവീദിൽ ഉത്ഭവിച്ചത്. ഗോലിയാത്തിനോടും ശൗൽ രാജാവിനോടും എതിരിട്ട് ജയിച്ച് നാട്ടിൽ സമാധാന അന്തരീക്ഷം സ്ഥാപിച്ച ദാവീദ് രാജാവിന്റെ ആഗ്രഹം ന്യായവും യുക്തവും അർത്ഥപൂർണവും ആയിരുന്നു. എങ്കിലും കൈയിൽ അധർമ്മത്തിന്റെ രക്തക്കറ പുരണ്ടതിനാൽ ദേവാലയ നിർമ്മാണത്തിന് അർഹതയുള്ള കൈകളല്ല ദാവീദിന്റേതെന്ന് യഹോവ നിശ്ചയിച്ചു! പകരം ഒരു വലിയ ദേവാലയത്തിന്റെ നിർമ്മാണത്തിന് ആവശ്യമുള്ള വിഭവങ്ങൾ ശേഖരിക്കുന്നതുകൊണ്ട് തൃപ്തിയടയുവാൻ ദാവീദിന് നിർദ്ദേശം ലഭിച്ചു. അപ്രകാരമത് സംഭവിക്കുകയും ചെയ്തു.

2008 മെയ് 9, 10 തീയതികളിൽ അന്നത്തെ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മിസ്, പൗലോസ് മാർ പക്കോമിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ പിതാക്കന്മാർ ചേർന്ന് പള്ളിപണി അപൂർണ്ണമായിരിക്കേ പൂർണ്ണ കൂദാശ നടത്തുകയും 2012-ൽ ഡോ. ഗീവറുഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായശേഷം പൂർത്തീകരണം പ്രഖ്യാപിച്ച് ശുദ്ധീകരണം അർത്ഥപൂർണ്ണമാക്കുകയും ചെയ്ത (രണ്ടു ദിവ്യശുശ്രൂഷകളിലും പ്രധാന കാർമ്മികരുടെ മുഖ്യസഹായി എന്ന നിലയിൽ അർക്കദിയാക്കോൻ ആയി ശുശ്രൂഷിച്ചതും പൂർണ്ണ കൂദാശയുടെ ഡി.വി.ഡി. തയാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ മുഖ്യ പങ്കാളിത്തം വഹിച്ചതും ഈ ഗ്രന്ഥകാരൻ ആണെന്ന് അഭിമാനപൂർവം സ്മരിക്കുന്നു.) പഴഞ്ഞി പള്ളിയുടെ നിർമ്മാണ ചർച്ചയ്ക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇടവകക്കാർ ആയിരത്തിലേറെ കുടുംബങ്ങളിലായി പത്ത് നാലായിരം പേർ വരുമെങ്കിലും ഞായറാഴ്ചകളിൽ ആരാധനയിൽ പതിവായി സംബന്ധിക്കുന്നവർ അഞ്ഞൂറ് പേരിൽ കുറവായിരുന്നു. കഷ്ടാനുഭവആഴ്ചയിലും മറ്റും വരുന്നവരെ ഉൾക്കൊള്ളാൻ പള്ളിയിൽ ഒരു കാലത്തും സ്ഥലം പോരായിരുന്നു. ഏഴ് നൂറ്റാണ്ടിലേറെ പഴക്കമുള്ള ഇന്നത്തെ പള്ളിക്കെട്ടിടത്തിന് ഒരു പൂർവ നിർമ്മിതി ഉണ്ടായിരുന്നുവോ എന്നറിഞ്ഞുകൂടാ. ഹൈക്കലായ്ക്കകത്തുണ്ടായിരുന്ന രണ്ട് ത്രോണോസുകൾ മദ്ബഹായിലേക്ക് മാറ്റിപ്പണിത് ആരാധകരെ പൂർവാധികം

ഉൾക്കൊള്ളാൻ ശ്രമം നടത്തിയത് 1853-ൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആണെന്ന് കൊച്ചി ഭദ്രാസന ഡയറക്ടറിയിൽ കാണുന്നു. മുറിത്തട്ടിലേക്ക് കയറാൻ പള്ളിയകത്ത് തെക്കു പടിഞ്ഞാറായി സ്ഥാപിച്ചിരുന്ന ഗോവണി അവിടെനിന്നും മാറ്റിച്ചതും പള്ളിക്ക് പടിഞ്ഞാറ് മുഖവാരം പണിത് ഗോവണി അവിടെ സ്ഥാപിച്ചതും അങ്ങനെ പള്ളിയിലെ സ്ഥലസൗകര്യം വികസിപ്പിച്ചതും 1851 മുതൽ പഴഞ്ഞി പള്ളി വികാരിയായിരുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാർ (ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ) ആയിരുന്നു എന്ന് പഴമക്കാരിൽ നിന്ന് കേട്ടിട്ടുണ്ട് (പഴഞ്ഞിപള്ളിയുടെ 123-ാം നമ്പ്ര് ഒഴകിൽ – 'പട്ടയം' എന്ന പദം നിലവിൽ വരുന്നതിന് മുമ്പ് തൽസ്ഥാനത്ത് ഉപയോഗിച്ചിരുന്ന പദപ്രയോഗം – കുന്നംകുളം പ്രവൃത്തിയിൽ പഴഞ്ഞി 'മുറി'യിൽ പറമ്പ് കണ്ടെഴുതിയ ഒഴക്. 1034-മാണ്ട് വൃശ്ചികമാസം 15-ന് എഴുതിയതിൽ (1858 നവംബർ) ഓട് മേഞ്ഞ പഴയ പള്ളിയുടെ തെക്കേ ഭാഗത്ത് ഓടിട്ട ഒരു കുരിശുപള്ളിയും വടക്കുഭാഗത്ത് മേപ്പടി ഒരു കുരിശ് പള്ളിയും കാണുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വടക്കുഭാഗത്തുണ്ടായിരുന്ന കുരിശുപള്ളി ഇപ്പോഴത്തെ കുരിശുപള്ളിയുടെ പൂർവ ദേവാലയമായിരുന്നുവോ എന്ന് ഈ ഗ്രന്ഥകാരൻ സംശയിക്കുന്നു. തെക്കുഭാഗത്തുള്ള കുരിശുപള്ളി ഇപ്പോഴുമുണ്ട്. വടക്കുവശത്ത് ഉണ്ടായിരുന്ന കുരിശുപള്ളി തെക്കുവശത്തേക്ക് മാറ്റുകയും ഇപ്പോഴത്തെ ശവക്കോട്ട കൂദാശ ചെയ്ത് ശവമടക്ക് ആരംഭിക്കുകയും ചെയ്തത് 1896-ൽ പരുമല തിരുമേനിയാണ് എന്ന് കൊച്ചി ഭദ്രാസന ഡയറക്ടറിയിൽ ഫാ. കെ. സി. ജോസഫ് എഴുതിച്ചേർത്തത് 1858-ലെ ഒഴക് കണ്ടുകിട്ടിയതോടെ അവാസ്തവ പ്രസ്താവനയെന്ന് രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ശവക്കോട്ട കൂദാശ ചെയ്തത് പരുമല തിരുമേനിയാകാം. എന്നാൽ തെക്കേ കുരിശുപള്ളി 1858-ൽ ഉണ്ടെന്ന ഒഴകിന്റെ സാക്ഷ്യം അനിഷേധ്യമാണ്.).

പള്ളിയിലെ സ്ഥലദൗർലഭ്യം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് 1897-ൽ അന്ന് പഴഞ്ഞിപള്ളിയിൽ വികാരിയായിരുന്ന മൂപ്പച്ചൻ, ചീരൻ ഗീവറുഗീസ് കത്തനാരുടെ നേതൃത്വത്തിൽ രണ്ട് നാഴിക ദൂരെ പെങ്ങാമുക്കിൽ മൂന്ന് ഏക്കർ സ്ഥലം സമ്പാദിച്ച് അവിടെ ആരംഭിച്ചിരുന്ന നവീകരണപ്രവർത്തനങ്ങൾക്ക് തടയിടുവാൻ വായനായോഗം സ്ഥാപിച്ചതും സണ്ടേസ്കൂൾ സ്ഥാപിച്ചതും തുടർന്ന് 1904-ൽ ദേവാലയം സ്ഥാപിച്ചതും. 1897-ൽ സ്വന്തം ഗുരുക്കന്മാരിൽ പ്രധാനിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ ഈ പള്ളിക്ക് ശിലാസ്ഥാപനം നിർവഹിച്ചു. 1904 മേടം 22-ന് അദ്ദേഹം പള്ളിയുടെ കൂദാശ നിർവഹിച്ച് ആദ്യ ബലിയർപ്പണം നടത്തി. അക്കൊല്ലത്തെ ഹാശാ ആഴ്ച

യിലെ ദിവ്യശുശ്രൂഷകൾ മലങ്കര മെത്രാപ്പോലീത്താ പഴഞ്ഞിപള്ളിയിൽ നടത്തി. അക്കൊല്ലം പുതുഞായറാഴ്ചയ്ക്ക് ശേഷമുള്ള ഞായർ ഏപ്രിൽ 19-ന് ആർത്താറ്റ് ഇടവകയിൽപ്പെട്ട ഗീവറുഗ്ഗീസിനും യാക്കോബിനും മെത്രാപ്പോലീത്താ കോറുയോപട്ടം നൽകി. ഇവർ പിന്നീട് യഥാക്രമം ചീരൻ ഗീവറുഗീസ് കത്തനാർ (ചാമക്കാട്ട് അച്ചൻ), ചെറുവത്തൂർ ജേക്കബ് കോറെപ്പിസ്കോപ്പാ (കണ്ടിയ്ക്കൻ അച്ചൻ) എന്നിങ്ങനെ അറിയപ്പെട്ടു.

ചീരൻ ഗീവറുഗ്ഗീസ് കശ്ശീശ, പഴഞ്ഞിപള്ളിയുടെ വികാരിയായിരിക്കേ 1929-ൽ മൂലേപ്പാട് മാർ ബസേലിയോസ് - മാർ ഗ്രിഗോറിയോസ് പള്ളി നിർമ്മിക്കപ്പെട്ടു. വാകത്താനം കാതോലിക്കാ ശിലാസ്ഥാപനം നടത്തിയ ഈ പള്ളിയിൽ 1930 നവംബർ 5-ന് മൂപ്പച്ചൻ പ്രഥമബലി അർപ്പിച്ചു. ഈ രണ്ട് ദേവാലയങ്ങളിൽ ആരാധനാസൗകര്യം സജ്ജീകരിക്കപ്പെട്ടതോടെ പഴഞ്ഞിപള്ളിയിലെ സ്ഥലദൗർലഭ്യത്തിന് കുറെയൊക്കെ പരിഹാരമായി.

പഴഞ്ഞിയിലെ വികാരി ചീരൻ ഗീവറുഗീസ് കത്തനാർ 1899-ൽ കാട്ടകാമ്പാൽ ഗ്രാമത്തിൽ ഒരു പ്രൈമറിസ്കൂൾ സ്ഥാപിക്കുകയും 1912-ൽ വായനായോഗവും സണ്ടേസ്കൂളും സ്ഥാപിക്കുകയും ചെയ്തു. തന്റെ മല്പാൻ ആയിരുന്ന പ. പരുമല മാർ ഗ്രിഗോറിയോസ് കാലം ചെയ്തപ്പോൾ 1903 നവംബർ 2-ന് മൂപ്പച്ചൻ സ്കൂൾ കെട്ടിടത്തിൽ ഒന്നാം ചരമദിനം പ്രമാണിച്ച് വി. ബലി അർപ്പിക്കുകയും രണ്ടു പറ അരി വച്ച് സദ്യ നടത്തുകയും ചെയ്തു. വർഷംതോറും ഈ പതിവ് മുടങ്ങാതെ നടന്നു. 1928-ൽ സ്കൂളിനോട് ചേർന്ന് മദ്ബഹാ പണിയുകയും പഴഞ്ഞിയിലെ വൈദികരുടെ നേതൃത്വത്തിൽ ക്രമമായി ആരാധന ആരംഭിക്കുകയും ചെയ്തു. ഇതും പഴഞ്ഞിയിലെ ആരാധനാസ്ഥലത്തിന്റെ ദൗർലഭ്യത്തെ ലഘൂകരിക്കാൻ സഹായകമായി.

പില്ക്കാലത്ത് മങ്ങാടും (1955), പെരുന്തുരുത്തിയിലും (1959), കരിക്കാടും (1961), കോട്ടാലും (1985), ഐനൂരും (1986) പള്ളികൾ ഉയർന്ന് എങ്കിലും പഴഞ്ഞിപള്ളിയിലെ സ്ഥലദൗർലഭ്യം രൂക്ഷമായി തീരുക തന്നെ ചെയ്തു (ഈ ദേവാലയങ്ങൾ നിർമ്മിക്കുവാൻ നേതൃത്വം നൽകിയത് ഇക്കാലത്ത് മാറിമാറി വികാരിച്ചുമതല വഹിച്ച ഫാ. സി. വി. ഏബ്രഹാം, ഫാ. കെ. സി. ജോസഫ് എന്നിവർ ആയിരുന്നു.).

1958-ൽ ഉണ്ടായ സഭാ യോജിപ്പ് മലങ്കര സുറിയാനി സഭയിൽ ഉണ്ടാക്കിയ ഉന്മേഷം അഭൂതപൂർവമായിരുന്നു. പള്ളിയിൽ ആരാധകരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുവാൻ ഇത് കാരണമായി. പള്ളി പുതുക്കി പണിയണം എന്ന ആവശ്യം ശക്തമായി. രണ്ടഭിപ്രായങ്ങൾ

ശക്തമായി. നിലവിലുള്ള പള്ളി വിസ്തൃതമാക്കിയാൽ മതി എന്ന് കുറെപ്പേർ അഭിപ്രായപ്പെട്ടു. അതു പോരാ പുതിയ പള്ളി നിർമ്മിക്കണമെന്ന് മറ്റൊരഭിപ്രായവും ശക്തമായി. അന്ന് പള്ളിയുടെ നില സാമ്പത്തികമായി ഭദ്രമായി വരുന്ന കാലമായിരുന്നു. തെക്കേക്കര അച്ചൻ മറ്റ് നിർമ്മാണ പ്രവർത്തന വിഷയങ്ങളിൽ എന്ന പോലെ പള്ളിപ്പണിയുടെ കാര്യത്തിലും ഉദാസീനമായ നിലപാട് ആണ് സ്വീകരിച്ചത്. കെ. സി. ജോസഫച്ചൻ സന്ദർഭത്തിനൊത്തുയർന്നു. പഴഞ്ഞിപ്പള്ളിയുടെ പുനർനിർമ്മാണം തന്റെ ജീവിതാഭിലാഷമായി അച്ചൻ ഏറ്റെടുത്തു. സമീപത്തുള്ള പല പള്ളികളും ഇടവകയിലെ പല കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് അച്ചൻ വഹിച്ച ശ്ലാഘനീയമായ നേതൃത്വം ഇടവക ശ്രദ്ധിച്ചിരുന്നു. പള്ളിയുടെ പുനർ നിർമ്മാണത്തിന് അച്ചൻ തന്നെയാണ് അനുയോജ്യൻ എന്ന് ഇടവക നിശ്ചയിച്ചതങ്ങനെയാണ്. ഇത് തനിക്ക് ലഭിച്ച വലിയ ഒരംഗീകാരമായി അച്ചൻ കരുതി. പുനർനിർമ്മാണത്തിന് വൻ തുക ആവശ്യമായതിനാൽ അത് സ്വരൂപിക്കുവാൻ വൻ പദ്ധതികൾ അച്ചൻ മനസ്സിൽ കരുതി. ഇടവകക്കാർ പള്ളിക്കുവേണ്ടി പണം വ്യയം ചെയ്യുന്ന രീതി ഈ പ്രദേശത്തിന് അപരിചിതമായിരുന്നു (ആണ്ടിൽ ഒരു രൂപ പള്ളിക്ക് നൽകിയാൽ ഇടവകക്കാരന്റെ ചുമതല അവസാനിക്കുന്ന സമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നത്). തന്മൂലം ഓരോ ആണ്ടിലും ഒരു നിശ്ചിത തുക ബഡ്ജറ്റിൽ നീക്കിവച്ച് ഒരു പള്ളിപ്പണി റിസർവ് ഫണ്ട് ആരംഭിക്കുവാൻ അച്ചൻ നൽകിയ നിർദ്ദേശം പൊതുയോഗം സർവാത്മനാ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു. 1960-കളിൽ ആരംഭിച്ച ഈ ആസൂത്രണം മൂലം വർഷം ചെല്ലുന്തോറും പള്ളിപ്പണി റിസർവ് ഫണ്ടിൽ ഈ തുക വർദ്ധിച്ചുകൊണ്ടേയിരുന്നു. ആയിരം രൂപ നീക്കിവക്കാൻ ആരംഭിച്ച ഫണ്ട് പള്ളിപ്പണി ആരംഭിക്കുമ്പോൾ എഴുപത്തിരണ്ടു ലക്ഷത്തോളമായി ഉയർന്നിരുന്നു.

പള്ളിയുടെ നിർമ്മാണത്തോടൊപ്പം മറ്റു പല പദ്ധതികളും അച്ചന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഷോപ്പിങ്ങ് കോംപ്ലക്സ്, പാരീഷ് ഹാൾ, വിവാഹമണ്ഡപം തുടങ്ങിയവ അവയിൽപ്പെടുന്നു. പള്ളിയോട് ചേർന്ന് കുറെ സ്ഥലം ഇക്കാര്യങ്ങൾക്ക് അനിവാര്യമായിരുന്നു. ഈ ചിന്ത ക്രമേണ ഫലപ്രാപ്തിയിലെത്തി. പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് ചാകൃത്ത് പറമ്പ് എന്ന പേരിൽ കിടന്നിരുന്ന പറമ്പ് പള്ളി വില കൊടുത്ത് വാങ്ങി (ഈ പറമ്പ് പുരാതനമായി പള്ളിയുടെ സ്ഥലം ആയിരുന്നുവെന്നും പില്ക്കാലത്ത് സമർത്ഥരായ കൈക്കാരൻ തന്ത്രപ്രയോഗത്തിൽ കൈപ്പിടിയിലൊതുക്കി എന്നും പഴമക്കാർ പറയുന്നത് സത്യമാണോ എന്നറിഞ്ഞുകൂടാ. ഏതായാലും ദൈവഗത്യാ കെ. സി. ജോസഫ് അച്ചന്റെ ശ്രമഫലമായി ആ സ്ഥലം പള്ളിക്ക് വന്നുചേർന്നു. പറമ്പിന്റെയും സണ്ടേസ്കൂൾ കെട്ടി

ടത്തിന്റെയും ഇടയിൽ കുറെ സ്ഥലം ആരുടേതെന്ന് ആർക്കും അറിയാതെ കിടന്നിരുന്നു. ആ സ്ഥലത്ത് അച്ചൻ ഒരു കിണർ കുഴിപ്പിക്കുകയും ആ സ്ഥലം പള്ളിക്ക് കൈവശപ്പെടുത്തുകയും ചെയ്തു. സാഹസികമായ ഈ സംരംഭത്തിൽ അന്നത്തെ കൈക്കാരൻ ശ്രീ. സി. സി. ഡേവിഡ് അച്ചനെ പിന്തുണച്ചു. അങ്ങനെ പള്ളിയോട് ചേർന്ന് പടിഞ്ഞാറോട്ട് റോഡ് വരെയുള്ള വടക്കുഭാഗം പള്ളിയുടെ കൈവശത്തിലായി. തെക്കുഭാഗം ഐ.സി.എം. സ്കൂൾ ആയിരുന്നു. പാണ്ടികശാല സ്കൂൾ എന്ന് സാമാന്യേന അറിയപ്പെട്ടിരുന്ന സ്ഥലം ആദ്യകാലത്ത് പഴഞ്ഞി സെന്ററിൽ ഉണ്ടായിരുന്ന പാണ്ടികശാലയിൽ ആണ് പ്രവർത്തിച്ചിരുന്നത് (തോലത്ത് ഇയ്യുക്കുട്ടി മാനേജർ ആയിത്തീർന്ന ഈ സ്കൂൾ പഴഞ്ഞി പള്ളിയുടെ മാനേജ്മെന്റിൽ ആരംഭിച്ചതാണെന്നും പിൽക്കാലത്ത് പ്രഗത്ഭനായിത്തീർന്ന ഇയ്യുക്കുട്ടി, മാനേജർ ആയി നിയമിക്കപ്പെട്ടുവെന്നും പിന്നീട് അത് അദ്ദേഹത്തിന്റേതായി തീർന്നു എന്നുമുള്ള പ്രസ്താവത്തിൽ കഴമ്പുണ്ടെന്ന് അനേകർ വിശ്വസിക്കുന്നു. പള്ളിയുടെ തെക്കു പടിഞ്ഞാറുള്ള സ്ഥലം ക്രമേണ കൈക്കാരന്മാർ കൈവശപ്പെടുത്തി എന്നും അതിനുശേഷം പാണ്ടികശാലയിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ പുതിയ കെട്ടിടം പണിയിച്ച് അങ്ങോട്ട് മാറ്റി സ്ഥാപിച്ചു എന്നും ആ സമയത്ത് ഐ.സി.എം. സ്കൂൾ (ഇയ്യുക്കുട്ടി ചുമ്മാർ മെമ്മോറിയൽ സ്കൂൾ) എന്ന് നാമകരണം ചെയ്തു എന്നുമാണ് കേട്ടിട്ടുള്ളത്. തോലത്ത് ചുമ്മാർ (അപ്പാപ്പു) സ്വന്തം സ്ഥാപനമായ 'പഴഞ്ഞി ബാങ്ക്' പൊളിഞ്ഞതുമൂലം ക്രമേണ തകർച്ചയിലായി. പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിയിരുന്ന ആ കുടുംബം കുത്തനെ തകർച്ചയുടെ പടുകുഴിയിലേക്ക് നിലം പതിച്ചു. (പഴഞ്ഞി പള്ളി കൈക്കാരൻ ആയിരുന്ന ചുമ്മാർകുട്ടി (അപ്പാപ്പു ജ്യേഷ്ഠൻ) പള്ളിയിൽ ഇരിപ്പുള്ള 114 രൂപ 7 അണ 10 പൈസ പള്ളിക്കാര്യത്തിൽ എല്പിക്കുന്നില്ലെന്ന് കാണിച്ച് ചീരൻ ഗീവറുഗീസ് കത്തനാരും പുലിക്കോട്ടിൽ മത്തായി കത്തനാരും കൊള്ളന്നൂർ യാക്കോബ് കത്തനാരും സംയുക്തമായി ഒപ്പിട്ട് 1097 ധനു 19-ാം തീയതി (1921) മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിക്കയച്ചപരാതി, കോട്ടയം പഴയസെമിനാരിയുടെ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ളതിന്റെ പകർപ്പ് ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്.)

1960-കളിൽ സ്കൂളിന്റെ മാനേജർ സ്ഥാനം അപ്പാപ്പു ജ്യേഷ്ഠന്റെ സീമന്ത പുത്രൻ ശീമോൻ കുഞ്ഞേട്ടന്റെ (സൈമൺ ജോബ്) കൈവശം വന്നു ചേർന്നു. ടി മാനേജർ കുടുംബഭാരം ദുഃസഹമായി വന്നപ്പോൾ സ്കൂൾ വില്ക്കാൻ സന്നദ്ധനായി. ഉടനെ കെ. സി. ജോസഫ് അച്ചൻ രംഗത്തെത്തി. ആ സ്കൂൾ പള്ളിക്കുവേണ്ടി വില കൊടുത്തു വാങ്ങി. തോലത്ത് ഇയ്യുക്കുട്ടി ചുമ്മാർ മെമ്മോറിയൽ എന്ന പേർ മാറ്റി മാർ

ബസേലിയോസ് സ്കൂൾ എന്ന് അതിന് പുനർ നാമകരണം ചെയ്തു. ഇതോടെ കിഴക്കുവശത്തുള്ള ചർച്ച് റോഡിൽ തുടങ്ങി പടിഞ്ഞാറുവശത്തുള്ള വൺവേ റോഡ് വരെയുള്ള സ്ഥലം ദീർഘകാലത്തെ ആസൂത്രണത്തിന്റെ ഫലമായി ദൈവനിശ്ചയമെന്നോണം പള്ളിയുടെ കൈവശത്തിൽ വന്നു ചേർന്നു.

അനുകൂലമായ ഘടകങ്ങൾ ക്രമാനുഗതമായി വന്നുചേരുമ്പോൾ തന്നെ പ്രതിരോധശക്തികൾ എതിർദിശയിൽ നീങ്ങുന്നുണ്ടായിരുന്നു. വൈദികരുടെ കുടുംബങ്ങൾ ശ്രേയസ്സിൽ നിന്ന് ശ്രേയസ്സിലേക്ക് നീങ്ങുന്നത് ചിലരിലെങ്കിലും നീരസ്സമുണ്ടാക്കി. വൈദികർ എന്നും തങ്ങൾക്ക് വിധേയരായി കഴിയണമെങ്കിൽ അവരുടെ സാമ്പത്തിക നിലവാരം ഒരിക്കലും ഭദ്രമാകരുതെന്ന് അവർക്കറിയാമായിരുന്നു. മറ്റു പള്ളികളിൽ ഞായറാഴ്ചകളിൽ ആരാധന നടത്തി ലഭിക്കുന്ന വരുമാനം തടയാൻ അവർ ആദ്യം നിശ്ചയിച്ചു. അക്കാലങ്ങളിൽ പള്ളിപൊതുയോഗങ്ങളിൽ ചർച്ച ചെയ്തു നിശ്ചയിക്കേണ്ട പല വിഷയങ്ങളും നാട്ടിലുള്ള ഒരു വിനോദ ക്ലബ്ബിൽ വച്ച് ലഹരിയുടെ അന്തരീക്ഷത്തിൽ തീരുമാനിക്കുന്ന ഒരു അപകടകരമായ പ്രവണത രൂപപ്പെട്ടു വന്നു. മറ്റു പള്ളികളിൽ പോകാതിരിക്കാൻ യുക്തിഭദ്രമായ ഒരു ന്യായീകരണവും തയാറാക്കി. പള്ളിയിൽ ഞായറാഴ്ചകളിൽ രണ്ട് കുർബ്ബാന നടത്തിയാൽ കൂടുതൽ പേർക്ക് ആരാധനയിൽ സംബന്ധിക്കാൻ സൗകര്യം വർദ്ധിക്കും. ഈ അഭിപ്രായത്തിന്റെ അവതാരകരിൽ മിക്കപേരും ഞായറാഴ്ചയിലെ ആരാധനയിൽ പങ്കെടുക്കാറില്ല എന്ന സത്യം ഓർക്കാതെ നിഷ്പക്ഷമതികളായ ഇടവകാംഗങ്ങൾ ആ 'അജണ്ട' പൊതുയോഗ നിശ്ചയമാക്കി മാറ്റി. വൈദികരുടെ സാമ്പത്തികശക്തിയുടെ ചിറക് അരിയുന്ന നടപടി ആയിരുന്നു അത്. രണ്ടു കുർബ്ബാന എന്ന പരിഷ്ക്കാരം നടപ്പിലായപ്പോൾ കൂടുതൽ പേർ ആരാധനയിൽ പങ്കെടുക്കാൻ ശീലിച്ചു എന്ന യാഥാർത്ഥ്യം ആ പരിഷ്ക്കാരം സ്ഥിരമായി തുടരുവാൻ സാഹചര്യമുണ്ടാക്കി. പഴഞ്ഞിയിലെ വൈദികർ നടത്തിയിരുന്ന മങ്ങാട്, പെരുന്തുരുത്തി, കരിക്കാട്, മൂലേപ്പാട്, കോട്ടോൽ എന്നിവിടങ്ങളിൽ പുതിയ വൈദികർ നിയമിതരായി. അപ്പോഴും ആ പള്ളികളിലെ വികാരിമാർ പഴഞ്ഞി വൈദികർ ആയതിനാൽ ഞായറാഴ്ച ഒഴിച്ചുള്ള ഇടദിവസങ്ങളിലെ ആരാധനയുടെ ചുമതലക്കാർ എന്ന നിലയിൽ കാര്യങ്ങൾ വലിയ കുഴപ്പമില്ലാതെ നീങ്ങി. എന്നാൽ പില്ക്കാലത്ത് ആ പള്ളികളിലൊക്കെ പുതിയ വികാരിമാർ നിയമിക്കപ്പെട്ടതോടെ പഴഞ്ഞി വൈദികർക്ക് അയൽ ഇടവകകൾ 'നഷ്ടസ്വർഗ്ഗ'മായിത്തീർന്നു.

പഴഞ്ഞി ഇടവകയിലെ ചില അംഗങ്ങൾ ഭദ്രാസനകൗൺസിലിലും മാനേജിംഗ് കമ്മിറ്റിയിലും അംഗങ്ങൾ ആയിരുന്നു. ഭദ്രാസന കേന്ദ്ര

ത്തിലും സഭാകേന്ദ്രത്തിലും കെ. സി. ജോസഫ് അച്ചൻ പടുത്തുയർത്തിയ സ്വാധീനങ്ങളും അച്ചന് ലഭിക്കുന്ന അംഗീകാരങ്ങളും അവരുടെ മനസ്സിൽ 'ഇയാഗോ' തരംഗങ്ങൾ ആവിർഭവിക്കുവാൻ കാരണമായി ('ഒഥല്ലോ'യിലെ പ്രധാന കഥാപാത്രമാണ് ഇയാഗോ. പ്രതാപികളും നിഷ്കളങ്കരുമായ ആളുകൾക്ക് തന്റെ കൺമുമ്പിൽ വച്ച്, തനിക്ക് ഒരിക്കലും ലഭിക്കാത്ത പദവി ലഭിക്കുമ്പോൾ മനഃശാസ്ത്രപരമായ അസഹിഷ്ണതയും അസൂയയും പ്രദർശിപ്പിക്കുന്ന ആൾ എന്ന നിലയിൽ ആണ് ഷേക്സ്പിയർ അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുള്ളത്. എന്നും സമൂഹമദ്ധ്യേ ജീവിക്കുന്ന അസൂയയുടെ നിത്യ പ്രതീകം).

താരതമ്യേന രണ്ടാം കിടക്കാരനായി പഴഞ്ഞിയിലും പ്രാന്തപ്രദേശങ്ങളിലും അറിയപ്പെട്ടിരുന്ന ഒരു വൈദികൻ സഭയുടെ കേന്ദ്രതലങ്ങളിൽ താക്കോലുകൾ വഹിച്ചുനടക്കുന്നത് മറ്റ് പല പ്രാദേശിക താക്കോൽക്കാർക്കും അസഹ്യമായ അസഹിഷ്ണത ഉണ്ടാക്കി. തന്നോടൊപ്പം പഠിച്ചവർ, തന്റെ ജൂണിയർ ആയി കഴിയുഞ്ഞവൻ, വലിയ വിദ്യാഭ്യാസവും പ്രസംഗചാതുരിയും ഇല്ലാത്തവൻ എന്നിങ്ങനെ തങ്ങൾ നാളിതുവരെ അവഗണിച്ച ഒരു വൈദികൻ തങ്ങളുടെ തലയ്ക്കുമീതെ അധികാര സ്ഥാനങ്ങൾ കൈയാളുന്നത് അവർക്കൊക്കെ സഹിക്കാവുന്നതിലു മപ്പുറം ആയിരുന്നു. കെ. സി. ജോസഫ് അച്ചന് എതിരായി സ്വന്തം ഇടവകയിൽ കൊടുങ്കാറ്റുയരുവാൻ ഈ അസൂയക്കാർ അദ്ദേഹത്തിന്റെ ചില സഹപാഠികളെത്തന്നെ ഉപകരണമാക്കി. സർക്കാർ ശമ്പളത്തിന്റെ സുരക്ഷിതത്വം ആസ്വദിക്കുന്ന ചില പഴയ സഹപാഠികളാണ് നയചതുരശാലികളും ബുദ്ധിരാക്ഷസന്മാരുമായ ഈ 'ഇയാഗോ'മാരുടെ കൈയിൽ 'കഥയറിയാതെ' കളിപ്പാവകളായി മാറിയത്. അക്കാലത്താണ് കെ. സി. ജോസഫച്ചന്റെ പ്രധാന നേതൃത്വത്തിൽ നടന്നിരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ 'അഴിമതി' ആക്ഷേപിച്ചുകൊണ്ട് നോട്ടീസുകൾ പ്രസിദ്ധീകരിക്കപ്പെട്ടത്. അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുന്ന പരാതികൾ മേലധികാരത്തിലേക്ക് ഒഴുകിയെത്തി.

തന്റെ ചുറ്റിലും തനിക്കെതിരെ നടക്കുന്ന ഗൂഡാലോചനകളെ തരിമ്പും വകവയ്ക്കാതെ തല ഉയർത്തി നടക്കുന്ന അച്ചനെ തലകുനിച്ച് നടത്തുവാൻ ആവശ്യമായ പല സംഘടിതശ്രമങ്ങളും അക്കാലത്ത് അരങ്ങേറി. അച്ചനാകട്ടെ അപകടം മണത്തറിയുവാൻ ശ്രമിച്ചതേയില്ല. തന്റെ കൈകൾക്ക് ശക്തി പകർന്ന ചില മുൻ സഹായികളെ സഹായിക്കാൻ ലഭിച്ച അവസരം പാഴാക്കുക വഴി അദ്ദേഹം യുദ്ധരംഗത്ത് ഒറ്റപ്പെടുകയായിരുന്നു. അക്കാലത്ത് പഴഞ്ഞി സ്വദേശികളായ ഒന്നു രണ്ടു വൈദികർ തന്റെ ഇടവകയിലെ സുരക്ഷിതത്വത്തിന് ഭീഷണി ഉയർത്തിയേക്കുമോ എന്ന് അദ്ദേഹം വെറുതെ ഭയന്നു. അവരിലൊരാൾ പഴഞ്ഞി എം. ഡി.

കോളജിലെ അധ്യാപക തസ്തികയിലേക്ക് നൽകിയ അപേക്ഷ അദ്ദേഹത്തെ പരിഭ്രാന്തനാക്കി എന്ന് തോന്നുന്നു. കോളജിൽ ജോലി ലഭിച്ച് ആ വൈദികൻ ഏതെങ്കിലും കാരണവശാൽ ഇടവകയിൽ നിയമിക്കപ്പെട്ടാൽ അത് സാമ്പത്തികഭദ്രതയ്ക്ക് കോട്ടം വരുത്തുമല്ലോ എന്ന് അദ്ദേഹം സ്വാഭാവികമായും ഭയന്നിരിക്കണം. ആ വൈദികന്റെ അപേക്ഷ, അന്ന് എം.ഡി. കോളജ് സെക്രട്ടറിയും പ്രധാന ചുമതലക്കാരനുമായിരുന്ന അദ്ദേഹം സമർത്ഥമായി കൈകാര്യം ചെയ്തു. ആ വൈദികന്റെ താല്ക്കാലിക വിലാസവും സ്ഥിരമായ വിലാസവും കൃത്യമായി അറിയാമായിരുന്ന ജോസഫച്ചൻ ആ വൈദികന് ഇന്റർവ്യൂ കാർഡ് അയച്ചത് ബാംഗ്ലൂരിലെ ഒരു വിലാസത്തിലായിരുന്നു. ഇന്റർവ്യൂവും നിയമനവും കഴിഞ്ഞു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ വൈദികനെ ഇന്റർവ്യൂവിന് ക്ഷണിച്ച് അയച്ച കാർഡ് ബാംഗ്ലൂരിൽ ചുറ്റിക്കറങ്ങി കോളജിൽ പ്രിൻസിപ്പാളിന്റെ മേശപ്പുറത്തെത്തി. പിന്നീട് വർഷങ്ങൾ കഴിഞ്ഞ് റിട്ടയർ ചെയ്ത് അന്നത്തെ പ്രിൻസിപ്പൽ ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറിയായിരിക്കെ ഈ സംഭവം അപേക്ഷ അയച്ച വൈദികനെ അറിയിച്ചപ്പോൾ ആ വൈദികൻ അമ്പരന്നുപോയി. അപകടവേളകളിൽ തനിക്ക് വിശ്വാസപൂർവ്വം ഇരിപ്പുറപ്പിക്കാവുന്ന ബലമുള്ള ഒരു കൊമ്പ് അദ്ദേഹം വെട്ടിമുറിക്കുകയായിരുന്നുവോ എന്ന് ആ വൈദികൻ നെടുവീർപ്പോടെ ചിന്തിച്ചു. വിശ്വസ്ത ശിഷ്യനായ ആ വൈദികനോട് ചെയ്ത ആ 'ചെയ്ത്തിൽ' കുറ്റബോധം തോന്നാത്തവിധം അദ്ദേഹം ഉയരത്തിലേക്ക് കയറുന്ന നാളുകൾ ആയിരുന്നു അത്. അദ്ദേഹത്തിന്റെ ഏതെങ്കിലും പോരായ്മകളെ ചൂണ്ടിക്കാണിച്ചാൽ അദ്ദേഹം സ്ഥിരമായി നൽകുന്ന ഒരു ഉത്തരമുണ്ട്. 'എന്റെ പത്താം ക്ലാസ്സ് വിദ്യാഭ്യാസയോഗ്യത വച്ച് എന്നോളം മഹാകാര്യങ്ങൾ പ്രവർത്തിച്ച് വിജയം വരിച്ച മറ്റൊരാളെ ഈ നാട്ടിൽ ചൂണ്ടിക്കാട്ടാമോ.' ഈ ചോദ്യത്തിന്റെ പിന്നിലെ ആത്മാർത്ഥതയും ഉദ്ദേശ്യശുദ്ധിയും യാഥാർത്ഥ്യവും ആർക്കും ചോദ്യം ചെയ്യാനാവുകയില്ല. പക്ഷേ, ഈ അതിർവിട്ട ആത്മാഭിമാനം അദ്ദേഹത്തെ പല തെറ്റുകളിലേക്കും നയിച്ചു. ചില ഉദാഹരണങ്ങൾ കൊണ്ട് ഇവ വ്യക്തമാക്കാനാവും.

കുന്നംകുളം മെത്രാസനം നിലവിൽ വന്ന് പുതിയ സാരഥി ചുമതലയേറ്റിരുന്ന കാലം. കെ. സി. ജോസഫ് അച്ചൻ അദ്ദേഹത്തിന്റെ മനസ്സാക്ഷിസൂക്ഷിപ്പുകാരനായി പ്രവർത്തിക്കുന്ന കാലമായിരുന്നു അത്. പുതിയ മെത്രാപ്പോലീത്താ ശക്തനാണെന്ന് ബോദ്ധ്യപ്പെടുത്തിയാലേ വൈദികർ ഭയത്തോടെ അനുസരിക്കുന്നവരാകൂ എന്നായിരുന്നു അച്ചന്റെ തത്വശാസ്ത്രം. കൊച്ചി ഭദ്രാസനത്തിലെ മെത്രാപ്പോലീത്താ ആവശ്യത്തിലധികം സാത്വികനായിരുന്നതിനാൽ ഭദ്രാസനത്തിലെ വൈദികർ അമിത

സ്വാതന്ത്ര്യം അനുഭവിച്ചവരാണെന്ന് അദ്ദേഹം നവസാരഥിയെ പഠിപ്പിച്ചു. താൻ പണിയിക്കുകയും വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്ത ഒരു അയൽ ഇടവകയിൽ ഒരു യുവ വൈദികൻ സ്ഥാപകവികാരിയേക്കാൾ ജനസമ്മതി നേടിയ കാലമായിരുന്നു അത്. ജനസമ്മതനും ശാന്തശീലനും വിധേയത്വപ്രകൃതിയുള്ളവനുമായ ആ യുവ വൈദികനെ ഒരു വിവാഹകേസിൽ ആരോപണവിധേയനാക്കി നിരോധിച്ചുകൊണ്ടാണ് പുതിയ മെത്രാസനം പുതിയ 'രാജനീതി' പരീക്ഷിച്ചത്. ആ സംഭവത്തെ അറിയിച്ചുകൊണ്ട് മുടക്കപ്പെട്ട ആ യുവ വൈദികൻ ഈ ഗ്രന്ഥകാരന് ഇങ്ങനെ എഴുതി: 'മിണ്ടാപ്രാണികളായ ജീവികളിൽ പരീക്ഷിച്ചുകൊണ്ടാണല്ലോ ശാസ്ത്രജ്ഞന്മാർ പുതിയ കണ്ടുപിടുത്തങ്ങളും ഔഷധങ്ങളും വിലയിരുത്തുന്നത്. .....' തങ്ങളുടെ ഗുരുവും മുൻ മെത്രാപ്പോലീത്തായുമായ മാർ സേവേറിയോസ് തിരുമേനിയെ ഈ വിവരം അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'പുത്തനച്ചി പുരപ്പുറം തൂത്തുവാരും' എന്നായിരുന്നു. മുടക്കിയ ആൾക്ക് മുടക്കിനെപ്പറ്റി ഗൗരവമൊന്നും തോന്നാതിരുന്നതിനാൽ ഏതാനും ദിവസങ്ങൾക്കു ശേഷം മുടക്ക് പിൻവലിക്കപ്പെട്ടു. ഒരു ഗ്രാജ്വേറ്റ് അദ്ധ്യാപകനായ മറ്റൊരു പ്രായം കൂടിയ 'ജൂണിയർ' വൈദികനെ മുടക്കിയതും ഓർമ്മ വരുന്നു. വേണ്ടത്ര വൈദിക പരിശീലനം കൂടാതെ വൈദികനായ അദ്ദേഹത്തെ ഉപദേശിക്കുകയോ ശാസിക്കുകയോ തിരുത്തുകയോ ചെയ്യാതെ ആദ്യ നടപടിയായി മുടക്കിയത് അനേകരിൽ നടുക്കമുണ്ടാക്കി. മുടക്കുന്നത് മെത്രാപ്പോലീത്താ ആണെങ്കിലും അദ്ദേഹത്തോട് ആർക്കും നീരസമുണ്ടായില്ല. മുടക്കിന്റെ യഥാർത്ഥ ഉറവിടം ആരെന്ന് എല്ലാവർക്കും അറിയാമായിരുന്നു. ഒരു കോളജ് അദ്ധ്യാപകൻ ആയിരുന്ന മറ്റൊരു വൈദികനെ മുടക്കുന്നതിന്റെ പ്രാരംഭമായി രണ്ടു മൂന്ന് തവണ ഷോക്കോസ് നോട്ടീസുകൾ അയച്ചതും അദ്ദേഹം നൽകിയ വിശദീകരണങ്ങളെ തുടർന്ന് വാൾ ഉറയിലിട്ടതും ഓർക്കുന്നു. മറ്റൊരു ഘട്ടത്തിൽ ആ വൈദികനെതിരായി നടപടിയെടുക്കുവാൻ ഉഗ്രപ്രതാപിയായ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ഉപദേശം തേടിയതും അദ്ദേഹം ഉപദേശിച്ചതനുസരിച്ച് നടപടിക്ക് മുതിരാതിരുന്നതും ഓർമ്മിക്കുന്നു.

കൊച്ചി ഭദ്രാസനത്തിൽ ആവശ്യത്തിന് വൈദികരില്ലാത്ത പരിതഃസ്ഥിതി പരിഗണിച്ച് അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഈ ഗ്രന്ഥകാരൻ ഉൾപ്പെടെ പല വൈദികർക്കും പട്ടം കൊടുത്ത് വൈദികക്ഷാമം പരിഹരിച്ചിരുന്നു. അവരിൽ പത്തോളം പേർ ഭദ്രാസന വിഭജനത്തെ തുടർന്ന് കുന്നംകുളം മെത്രാസനത്തിൽ ഉൾപ്പെട്ടിരുന്നു.

ഈ വൈദികർ മെത്രാസനത്തിന് ശാപമാണെന്ന് കെ. സി. ജോസ

ഫച്ചൻ പരസ്യമായി പോലും പറഞ്ഞിരുന്നത് ആ കാലത്ത് മെത്രാസന ത്തിന്റെ നയമായിത്തീർന്നു. ഒരു പില്ക്കാല വൈദികൻ മെത്രാപ്പോലീ ത്തായുടെ ഭരണനേട്ടങ്ങളെ പ്രകീർത്തിച്ചപ്പോൾ ഇക്കാര്യം ഉൾപ്പെടുത്തു ന്നത് കാണുക: "വൈദിക പരിശീലനം ഔപചാരികമായി നേടിയവർക്ക് മാത്രമായി വൈദികശുശ്രൂഷ പരിമിതപ്പെടുത്തിയ ദർശന വ്യാപ്തി..." എന്ന് ഈ പരിഷ്ക്കാരം ചർച്ചചെയ്യപ്പെട്ടിരിക്കുന്നു (പള്ളിചരിത്രം, ചൊവ്വ ന്നൂർ സെന്റ് ഗ്രിഗോറിയോസ് ചർച്ച്, സുവർണ്ണ ജൂബിലി സ്മരണിക, 1961–2011, പുറം 25). വൈദികസെമിനാരി വിദ്യാഭ്യാസത്തെ വില കുറച്ചു കാണുന്നില്ലെങ്കിലും മലങ്കരസഭയുടെ പൂർവ്വപിതാക്കന്മാരും പരിശുദ്ധ ന്മാരുമായ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് പ്രഥമൻ, ദ്വിതീ യൻ, ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവ ന്നാസ്യോസ്, ഔഗേൻ ബാവാ, യൂഹാനോൻ മാർ സേവേറിയോസ് തുട ങ്ങിയ നിരവധി പിതാക്കന്മാർ നേടിയ അനൗപചാരിക വൈദികവിദ്യാ ഭ്യാസം അപര്യാപ്തമെന്ന് സ്വന്തം സംസ്കാരപൈതൃകത്തെ അപമാനി ക്കുകയും മലർന്ന് കിടന്ന് തുപ്പുകയും ചെയ്യുന്ന ഈ മനോഭാവം ഭദ്രാ സനനയത്തിന്റെ ആഴമില്ലായ്മയും യാഥാർത്ഥ്യബോധമില്ലായ്മയും വെളി പ്പെടുത്തുന്നു. ഈ നയം രൂപീകരിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ആൾ എന്ന നിലയിൽ കെ. സി. ജോസഫ് അച്ചൻ വൈദികസമൂഹത്തിലും ഒറ്റപ്പെടുകയായിരുന്നു. വൈദികസെമിനാരി അദ്ധ്യാപകനും അവിവാഹി തനും ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ളവനും ആയ ഒരു വൈദികനെ ഭദ്രാസനാധിപൻ മുടക്കിയതോടെ മെത്രാപ്പോലീത്തായേക്കാൾ കൂടുതൽ വിമർശനപാത്രമായത് ജോസഫ് അച്ചനാണ്. ഇരിപ്പും കിടപ്പും സഞ്ചാ രവും ആനപ്പുറത്തായതിനാൽ സ്വന്തം കാലുകൾക്കിടയിലെ മണ്ണ് ഒഴു കിപോകുന്നത് അദ്ദേഹം അറിഞ്ഞതേയില്ല. ആനപ്പുറത്തു നിന്ന് ഇറ ങ്ങുന്ന ഒരു കാലം തനിക്കുണ്ടാകുമെന്ന് ഓർക്കാതിരുന്നതാണ് ജോസഫ് അച്ചന്റെ പരാജയം എന്ന് വിലയിരുത്തുന്നവരുണ്ട്. ആദ്യം, ചുമതലയേറ്റ വലിയ പള്ളിയുടെ ആനപ്പുറത്ത്, പിന്നീട് കൊച്ചി ഭദ്രാസനത്തിന്റെ ആന പ്പുറത്ത്, തുടർന്ന് എം. ഡി. കോളജിന്റെയും കുന്നംകുളം മെത്രാസന ത്തിന്റെയും ഗജവാഹനങ്ങളിൽ – ഇങ്ങനെ ആനപ്പുറത്ത്, അമ്പാരിയിൽ പതിറ്റാണ്ടുകളോളം യാത്രചെയ്യാൻ അവസരം ലഭിച്ചപ്പോൾ സ്വന്തം പൊക്കം ആനപ്പുറത്തിരിക്കുന്നതുകൊണ്ടാണ് മറ്റുള്ളവരേക്കാൾ അധി കമായി കാണപ്പെടുന്നത് എന്ന് സ്വാഭാവികമായും അദ്ദേഹം മറന്നുപോ യിട്ടുണ്ടാകാം. മറ്റുള്ളവരുടെ കരം പിടിച്ചും തോളിൽ കയറിയും ഉന്നതങ്ങളിലെത്തിയവർ പലപ്പോഴും തങ്ങളുടെ ഔന്നത്യത്തിന് കാര ണക്കാരായ സഹായികളെ ഓർക്കാറോ, തിരിഞ്ഞുനോക്കാറോ ഇല്ല എന്നത് അനേകരുടെ ജീവചരിത്രം തെളിയിച്ചിട്ടുള്ള നിത്യസത്യമാണ്.

സ്വന്തം സ്ഥാനമഹിമകൾ അദ്ദേഹത്തിന്റെ വീക്ഷണത്തിലും സമീപ നങ്ങളിലും ഉണ്ടാക്കിയ വ്യതിയാനങ്ങൾപോലും ശ്രദ്ധേയമാണ്. അറി വിന്റെയും ശേഷിയുടെയും കാര്യത്തിൽ തന്റെ ഇടവകാംഗങ്ങളും സഹ പ്രവർത്തകരും ഏറെ അധമന്മാർ ആണെന്ന് അദ്ദേഹം അന്ധമായി വിശ്വ സിച്ചിരുന്നു എന്ന് അനേകർക്ക് അഭിപ്രായമുണ്ട്. ഒന്നു രണ്ട് ഉദാഹരണ ങ്ങൾ ഇവിടെ പ്രസക്തമാണെന്ന് കരുതുന്നു.

പള്ളിയിലെ അറിയാവുന്ന ചരിത്രവിഷയങ്ങൾ രേഖപ്പെടുത്തിവ യ്ക്കാൻ അദ്ദേഹത്തിലെ ചരിത്രാന്വേകൻ ശ്രമിച്ചിരുന്ന കാലം. പഴഞ്ഞി പള്ളിയിൽ വച്ച് മെത്രാഭിഷിക്തനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവ ന്നാസ്യോസിന്റെ സ്ഥാനാരോഹണം മാർബിൾ ശിലയിൽ രേഖപ്പെടുത്തി പള്ളിയിൽ സ്ഥാപിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. അതിനായി അദ്ദേഹം രേഖപ്പെടുത്തിയ വാക്യം ഈ ഗ്രന്ഥകാരനെ കാണിച്ചു. രേഖപ്പെടുത്തിയ വർഷം തെറ്റായിരുന്നുവെന്ന് പ്രഥമദൃഷ്ട്യാ ഞാൻ ഗ്രഹിച്ചു. സ്ഥാനാ രോഹണവർഷം 1816 അല്ല 1815 ആണ് എന്ന് നിരവധി തെളിവുകൾ ചൂണ്ടിക്കാട്ടി ഞാൻ അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കോട്ടയം പഴയസെമിനാരിയിലെ അദ്ദേഹത്തിന്റെ കബറിന് സമീപമുള്ള മാർബിൾ ഫലകത്തിലും അദ്ദേഹം എഡിറ്റർ ആയി 1971-ൽ പ്രസിദ്ധപ്പെടുത്തിയ കൊച്ചി ഭദ്രാസനഡയറക്ടറിയിൽ ഞാൻ എഴുതിയ ലേഖനത്തിലും സ്ഥാനാരോഹണവർഷം 1815 എന്ന് രേഖപ്പെടുത്തിയിട്ടുള്ള കാര്യം ഞാൻ വിശദീകരിച്ചിട്ടും അവയൊന്നും അദ്ദേഹം പരിഗണിച്ചില്ല. താൻ സെമി നാരിയിൽ വിദ്യാർത്ഥിയായിരിക്കേ തന്നെ സഭാചരിത്രം പഠിപ്പിച്ച വി. കെ. മാത്യൂസ് റമ്പാൻ (പിന്നീട് മാത്യൂസ് പ്രഥമൻ ബാവാ) പ്രമാണ ഗ്രന്ഥമായി സ്വീകരിച്ചത് ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്രമാണെന്നും അതിൽ സ്ഥാനാരോഹണം നടന്നത് 1816-ലാണെന്ന് രേഖപ്പെടുത്തിയി ട്ടുണ്ടെന്നും അദ്ദേഹം വാദിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ 1816-ൽ സ്ഥാന മേറ്റു എന്ന തെറ്റ് രേഖപ്പെടുത്തി മാർബിൾശില വരുംതലമുറകളെ തെറ്റി ദ്ധരിപ്പിക്കുന്നവിധം അദ്ദേഹം സ്ഥാപിച്ചത് ഇന്നും ആ തെറ്റ് സുവിശേ ഷിച്ചുകൊണ്ട് അവിടെ ഇരിക്കുന്നു.

മറ്റൊരു സംഭവം. പഴഞ്ഞിപള്ളിയിൽ നേരത്തെ സേവനം അനുഷ്ഠിച്ച വികാരിമാരുടെ ലിസ്റ്റു തയ്യാറാക്കുന്ന സന്ദർഭമാണ്. മുൻതലമുറയിൽ ചീരൻ ഗീവറുഗ്ഗീസ് കശ്ശീശാ, പുലിക്കോട്ടിൽ മത്തായി കശ്ശീശാ, കൊള്ള ന്നൂർ യാക്കോബ് കശ്ശീശാ എന്നിവരുടെ കബറിടങ്ങൾ പള്ളിയിൽ കാണ പ്പെടുന്നതിനാൽ അത്രയും കാര്യത്തിൽ ആർക്കും സംശയമുണ്ടായിരു ന്നില്ല. അവരുടെ മുൻ തലമുറ വടക്കൂട്ട് പുലിക്കോട്ടിൽ സ്കറിയാ കത്ത നാർ, ചീരൻ യാക്കോബ് കത്തനാർ, പർപ്പുക്കാരൻ പുലിക്കോട്ടിൽ ശീമോൻ കത്തനാർ എന്നിവരായിരുന്നുവെന്നും അവർ പഴഞ്ഞി പള്ളിയെ

ത്യജിച്ച് നവീകരണത്തിൽ ചേർന്നുവെന്നും മാർത്തോമ്മാപള്ളി ചരിത്രത്തിൽ കാണുന്നതുകൊണ്ട് അക്കാര്യത്തിലും തർക്കമില്ലായിരുന്നു. ആലിങ്ങൽ പുലിക്കോട്ടിൽ ഗീവറുഗീസ് കശ്ശീശ, ആനപ്പറമ്പിൽ പുലിക്കോട്ടിൽ അബ്രഹാം കശ്ശീശഎന്നിവരുടെ പിൻമുറക്കാർ അവരുടെ ശ്രാദ്ധം ആണ്ടുതോറും നടത്തുന്നതിനാൽ അവരുടെ കാര്യത്തിലും സംശയമില്ലായിരുന്നു. എന്നാൽ ഒരു പുലിക്കോട്ടിൽ ഇസഹാക്കു കത്തനാർ പഴഞ്ഞിയിൽ വികാരിയായിരുന്നുവെന്നും ചീരൻ ഗീവറുഗീസ് കത്തനാർക്ക് പട്ടമേല്ക്കുവാൻ യോഗക്കുറി നല്കിയ പൊതുയോഗത്തിൽ അദ്ദേഹമാണ് അധ്യക്ഷം വഹിച്ചിരുന്നതെന്നും ഈ ഗ്രന്ഥകാരൻ പറഞ്ഞത് അദ്ദേഹം നിരാകരിച്ചു. അങ്ങനെ ഒരു ഇസഹാക്കു കത്തനാരെ പഴഞ്ഞിയിൽ ആരും കേട്ടിട്ടില്ലെന്ന് പറഞ്ഞാണ് അദ്ദേഹം ആ വസ്തുത നിരാകരിച്ചത്. ഒടുവിൽ യോഗക്കുറിയുടെ ഫോട്ടോകോപ്പി കോട്ടയം പഴയസെമിനാരിയിൽ നിന്ന് ശേഖരിച്ച് ഞാനദ്ദേഹത്തെ കാണിച്ചു. യോഗക്കുറിയിൽ പുലിക്കോട്ടിൽ ഇസഹാക്കു കത്തനാർ ഉൾപ്പെടെ മൂന്ന് വൈദികരും ഇടവകയിലെ പ്രമാണിമാരും ഒപ്പിട്ടിട്ടുള്ളത് അദ്ദേഹം സസൂക്ഷ്മം വീക്ഷിച്ചു. ഒടുവിൽ വളരെ വൈമനസ്യത്തോടെ ആ പേർ അദ്ദേഹം സ്വീകരിക്കുകയായിരുന്നു (പിന്നീട് ഈ ഇസഹാക്ക് കത്തനാർ 1869 ഒക്ടോബർ 19-ാം തീയതി പഴഞ്ഞിപള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടമേറ്റതായി തിരുമേനിയുടെ പട്ടം കൊടപുസ്തകത്തിൽ നിന്ന് ഞാൻ ഗ്രഹിച്ചു. ഒക്ടോബർ 19 എന്ന തീയതി കന്നി 19 ആകാനാണ് സാധ്യത. അങ്ങനെയെങ്കിൽ പഴഞ്ഞി പള്ളിയിൽ ആഘോഷിച്ചിരുന്ന മാർ ബസേലിയോസ് യൽദോ കാതോലിക്കായുടെ ഓർമ്മപ്പെരുന്നാളിൽ പങ്കെടുക്കാൻ വന്നപ്പോഴാകാം ഇസഹാക്ക് കശ്ശീശായ്ക്കും ഒപ്പം പുലിക്കോട്ടിൽ ഗീവറുഗ്ഗീസ് കശ്ശീശായ്ക്കും പുലിക്കോട്ടിൽ തിരുമേനി പട്ടം നൽകിയത്.).

താൻ മനസ്സിലാക്കിയിട്ടുള്ളതും താൻ ചെയ്തുവരുന്നതുമായ കാര്യങ്ങൾ ശരിയാണെന്നും അതു മാത്രമാണ് ശരിയെന്നും അദ്ദേഹം വിശ്വസിച്ചിരുന്നോ എന്ന് സംശയമുണ്ട്. ഒന്ന് രണ്ടു ഉദാഹരണങ്ങൾ ഉദ്ധരിക്കാം. ഈ ലേഖകന്റെ ബാല്യകാലം. പള്ളിയിൽ തെക്കേക്കര അച്ചൻ വി. കുർബ്ബാനയ്ക്ക് തയ്യാറായി വരുമ്പോൾ കറുത്ത ഉൾകുപ്പായവും കറുത്ത പുറംകുപ്പായവും ധരിച്ചിരുന്നു (മേൽപ്പട്ടക്കാർ ചുവന്ന ഉൾകുപ്പായവും കറുത്ത പുറംകുപ്പായവും ധരിക്കുന്നതുപോലെ). എന്നാൽ കെ. സി. ജോസഫ് അച്ചൻ കുർബ്ബാനയ്ക്കായി വരുമ്പോൾ കറുത്ത ഉൾക്കുപ്പായം മാത്രമേ ധരിച്ചിരുന്നുള്ളു. ജിജ്ഞാസുവായ ഈ എഴുത്തുകാരൻ - അന്ന് മദ്ബഹാ ശുശ്രൂഷകൻ - ഈ വ്യത്യാസത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പുറംകുപ്പായം ധരിക്കുവാൻ

മേല്പട്ടക്കാരന് മാത്രമേ അനുവാദമുള്ളു എന്നാണ് (ഈ ഉത്തരം അദ്ദേഹത്തിന്റെ ഓർമ്മക്കുറവിനെയാണ് കാണിക്കുന്നത്. വൈദികരുടെ വേഷവിധാനം ചർച്ച ചെയ്യുമ്പോൾ ഞങ്ങളുടെയൊക്കെ മഹാഗുരുവായ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എഴുതുന്നതിപ്രകാരമാണ്:

"കശീശന്മാർ: കാൽക്കുപ്പായവും വെള്ളക്കുപ്പായവും തൊപ്പിയും സാധാരണവേഷം, നമസ്കാരസമയങ്ങളിൽ കറുത്ത കുപ്പായവും പുറംകുപ്പായവും, ശുശ്രൂഷകളിൽ സംബന്ധിക്കുമ്പോൾ ഇവയ്ക്ക് പുറമേ ഹമനീഖൊ ശുശ്രൂഷകളോ കുർബ്ബാനയോ നടത്തുമ്പോൾ പ്രത്യേകമായ ചെരിപ്പ്, ശുശ്രൂഷക്കുപ്പായം, ഹമ്നീഖോ, ഇടക്കെട്ട്, കൈയുറകൾ, കാപ്പാ എന്നിവ ധരിക്കണം" (ശുശ്രൂഷാ സംവിധാനം, പുറം 158).

വൈദികർ അറിഞ്ഞിരിക്കേണ്ട ആഴമേറിയ സംഗതികളുടെ ഉദാസീനമായ അവഗണന മാത്രമല്ല, തന്നെ നിരന്തരം വേട്ടയാടുന്ന സഹപ്രവർത്തകനെ കൊച്ചാക്കാനുള്ള ഒരു ദുർബ്ബല ശ്രമവും അദ്ദേഹത്തിന്റെ അന്നത്തെ വ്യാഖ്യാനത്തിൽ ശിഷ്യനായ ഈ ഗ്രന്ഥകാരൻ ഇന്ന് തിരിച്ചറിയുന്നു. നിസ്സാരകാര്യങ്ങളിൽപോലും വൈദികർ പുലർത്തിയിരുന്ന സ്പർദ്ധയുടെ ഒരു ഉദാഹരണം കാണുക. ഫാ. സി. വി. ഏബ്രഹാം ദീർഘകായനും സ്ഥൂലശരീരനും ആയിരുന്നു. ഫാ. കെ. സി. ജോസഫ് ആകട്ടെ കൃശഗാത്രനും ഹ്രസ്വകായനും ആയിരുന്നു. പള്ളിയിലേക്ക് വഴിപാടായി വരുന്ന കാപ്പാകൾ, എപ്പോഴും പള്ളിയിലോ പള്ളിമുറിയിലോ സന്നിഹിതനായിരുന്ന ആൾ എന്ന നിലയിൽ, ഏബ്രഹാം അച്ചനെയാണ് തയ്പിക്കാൻ ഏല്പിക്കുക. അദ്ദേഹം അന്ന് തനിക്ക് പാകമാകുന്ന അളവിൽ തൈപ്പിക്കും. കെ. സി. ജോസഫ് അച്ചൻ അവ ധരിച്ചാൽ ഒരടിയോളം താഴെ ഇഴഞ്ഞ് കിടക്കും. അഭംഗി സൃഷ്ടിക്കുന്ന കാഴ്ചയായിരുന്നു അത്. അക്കാലത്ത് പള്ളിയിൽ ഞായറാഴ്ചകളിലെ ഉപയോഗത്തിനുണ്ടായിരുന്ന കാപ്പാസെറ്റുകൾ നാലെണ്ണമാണ്. രണ്ട് അച്ചന്മാർക്കും അവരവരുടെ അതിമനോഹരമായ ഓരോ കാപ്പാസെറ്റുകളും ഉണ്ടായിരുന്നു. പള്ളിയുടെ പൊതു വകയായുള്ള കാപ്പാകൾ തനിക്ക് പാകമല്ലായിരുന്നതിനാൽ കെ. സി. ജോസഫ് അച്ചൻ തന്റെ സ്വന്തം കാപ്പാ മാത്രമാണ് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. പഴഞ്ഞി പള്ളിയിലെ വൈദികൻ ശുശ്രൂഷ നടത്തുന്ന മൂലേപ്പാട്, മങ്ങാട്, പെരുന്തുരുത്തി, കരിക്കാട് എന്നിവകളിലെ സ്ഥിതിയും സമാനമായിരുന്നു. സി. വി. ഏബ്രഹാം അച്ചനാകട്ടെ, അഞ്ചു കാപ്പാ സെറ്റുകളും മാറി മാറി ഉപയോഗിച്ചിരുന്നു. ഈ അവഗണനയിൽ മനംമടുത്ത് കെ. സി. ജോസഫ് അച്ചന്റെ സഹോദരങ്ങളും മറ്റും പണം മുടക്കി അദ്ദേഹത്തിന് ഒരു രണ്ടാം കാപ്പാ തയ്പിച്ചു കൊടുത്തതായി അദ്ദേഹം തന്നെ ഈ ഗ്രന്ഥകാരനോട് പറഞ്ഞിട്ടുണ്ട്. കുറച്ചുകാലം കഴിഞ്ഞപ്പോൾ വലുപ്പം കൂടിയ സ്ഥാനവസ്ത്രങ്ങൾ അണി

യുവാൻ അദ്ദേഹം സന്നദ്ധനായതും ഓർക്കുന്നു (അറുപതുകളിലും എഴുപതുകളിലും നടന്ന ഈ സംഭവങ്ങൾ പില്ക്കാലത്ത് എണ്ണമറ്റ കാപ്പാസെറ്റുകൾ ഉണ്ടായതോടെ അപ്രസക്തമായ കാര്യമായതും പ്രസ്താവ്യമാണ്.).

താൻ അലങ്കരിച്ചിട്ടില്ലാത്ത ഔദ്യോഗികസ്ഥാനങ്ങളും താൻ നടത്തിയിട്ടില്ലാത്ത ശുശ്രൂഷകളും മറ്റു വൈദികർ – പ്രത്യേകിച്ചും ജൂണിയർ വൈദികർ നിർവഹിക്കുമ്പോൾ അദ്ദേഹം അസ്വസ്ഥനായിരുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. എരുമപ്പെട്ടി പള്ളിയിൽ അദ്ദേഹം വികാരിയും ഞാൻ തവണപട്ടക്കാരനായും സേവനം അനുഷ്ഠിക്കുന്ന കാലം. സാമ്പത്തിക ശേഷി തീരെ കുറവായതിനാൽ അവിടെ അഞ്ചാം ഞായറാഴ്ചകളിലും ശനിയാഴ്ചകളിലും മാത്രമേ ആരാധന നടത്തിയിരുന്നുള്ളു. ഇന്നും അതൊരു ഇടവകപള്ളിയായി ഉയർത്തപ്പെട്ടുവോ എന്ന് സംശയമാണ്. വളരെ പ്രയാസപ്പെട്ട് അവർ ഒരു സെൽ സമുച്ചയം പണിതുണ്ടാക്കി. ശവസംസ്കാരത്തിന് കുന്നംകുളം വരെ പോകേണ്ടതിന്റെ അസൗകര്യം ഒഴിവാക്കാനാണവർ ഇത് നിർമ്മിച്ചത്. അത് കൂദാശ ചെയ്യുവാൻ ആലോചനയായി. കുർബ്ബാനാനന്തരം കൂടിയ അനൗപചാരിക പൊതുയോഗത്തിൽ അവർ പറഞ്ഞു. തിരുമേനിയെ വിളിച്ച് ഇതിന്റെ കൂദാശ നിർവഹിക്കുവാൻ ആവശ്യമായ സാമ്പത്തികശേഷി നമുക്കില്ല. അച്ചന്മാർക്ക് നടത്താവുന്നതാണെങ്കിൽ അടുത്ത കുർബ്ബാന ദിവസം അത് നടത്താം. ശ്മശാന കൂദാശ, കുരിശു കൂദാശ, പള്ളിയുടെ താല്ക്കാലിക കൂദാശ, പള്ളികളുടെയും കുരിശുകെട്ടിടങ്ങളുടെയും ശിലാസ്ഥാപനം തുടങ്ങി അനുവാദമുള്ള പട്ടക്കാർക്ക് നടത്താവുന്ന എല്ലാ ശുശ്രൂഷകളും നടത്തുവാൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എനിക്ക് രേഖാമൂലം കല്പന നൽകിയിട്ടുണ്ടെന്ന് ഞാൻ യോഗത്തെ അറിയിച്ചു. അപ്രകാരം അടുത്ത ഞായറാഴ്ചത്തവണ വരുമ്പോൾ 'സെല്ലിന്റെ' കൂദാശ നടത്തുവാൻ തീരുമാനമായി. ഇതറിഞ്ഞപ്പോൾ വികാരി ക്ഷോഭിച്ചു. മെത്രാച്ചന്മാർക്ക് മാത്രമേ ശ്മശാന കൂദാശ നടത്തുവാൻ അനുവാദമുള്ളു എന്ന് കോറെപ്പിസ്കോപ്പാ കൂടെയായ വികാരി പറഞ്ഞത് നിഷ്ക്കളങ്കരായ പള്ളിച്ചുമതലക്കാർ അനുസരിച്ചു. അടുത്ത അഞ്ചാം ഞായറാഴ്ച പള്ളിയിൽ വന്നപ്പോൾ അവിടെ ഭദ്രാസന മെത്രാപ്പോലീത്താ കുർബ്ബാനയ്ക്കും ശ്മശാന കൂദാശയ്ക്കുമായി വരുന്നു എന്ന് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. പിന്നാമ്പുറക്കഥകൾ പള്ളിക്കാർ പറഞ്ഞപ്പോൾ ഞാൻ വിസ്മയിക്കുക തന്നെ ചെയ്തു. മാർ സേവേറിയോസ് തിരുമേനി മേൽവിവരിച്ചപ്രകാരം എനിക്ക് കല്പന നൽകിയിട്ടുണ്ടെന്നും അതിൻപ്രകാരം കണ്ണാറയിലെ ബഹു. മറ്റം ജോർജ്ജ് അച്ചന്റെ പിതാവിന്റെ കന്തീലാശുശ്രൂഷ, പുറത്തൂക്കാരൻ ജേക്കബ് അച്ചന്റെ കഹ

നൈത്താ ശുശ്രൂഷ, തൃശൂർ നെഹ്റു നഗർ, മണലിത്തറ, പറമ്പായി (വെടിപ്പാറ) എന്നീ പള്ളികളുടെ കുരിശ് പ്രതിഷ്ഠാ ശുശ്രൂഷ എന്നിവ ഞാൻ നടത്തിയ വിവരം കെ. സി. ജോസഫ് അച്ചന് അറിയാമായിരുന്നിട്ടും ഈ വിഷയത്തിൽ സ്വീകരിച്ച നിലപാട് വിചിത്രമായി അനുഭവപ്പെട്ടു. അതുപോലെ കരിക്കാട് പള്ളിയോഗത്തിന്റെ തീരുമാനപ്രകാരം അന്ന് അവിടെ വികാരിയായ ഞാൻ നടത്തിയ കുരിശുപള്ളിയുടെ ശിലാസ്ഥാപന ശുശ്രൂഷ അനധികൃതമെന്ന് പള്ളിക്കാരെ ബോദ്ധ്യപ്പെടുത്തി. അതോടെ അതേ ശുശ്രൂഷ ഭദ്രാസന മെത്രാപ്പോലീത്താ ആവർത്തിക്കത്തക്കവിധം കാര്യങ്ങൾ സംവിധാനം ചെയ്ത അദ്ദേഹത്തിന്റെ ചേതോവികാരവും വിചിത്രം തന്നെ.

സഭയുടെ അനുഷ്ഠാന-ആരാധന വിഷയങ്ങളിൽ വൈദികരും ചിലപ്പോഴൊക്കെ മേല്പട്ടക്കാരും അവലംബിക്കുന്ന ഉദാസീനതയും അലസതയും എന്നെ ദുഃഖിപ്പിച്ച മറ്റൊരവസരം കൂടി ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കാം. എന്റെ ഗുരുസ്ഥാനീയനായ സി. വി. ഏബ്രഹാം അച്ചന്റെ കന്തീലാ ശുശ്രൂഷയാണ് രംഗം. ഒരു ഞായറാഴ്ച വി. കുർബ്ബാന കഴിഞ്ഞ് ആണ് അത് നടത്തപ്പെട്ടത്. ഏറ്റവും അധികം ആളുകൾക്കും വൈദികർക്കും സംബന്ധിക്കുവാൻ അനുയോജ്യമായ സമയത്താണ് ഒരു ശ്രേഷ്ഠ വൈദികന്റെ കന്തീലാ ക്രമീകരിക്കേണ്ടത് എന്നിരിക്കേ ഞായറാഴ്ച കുർബ്ബാന കഴിഞ്ഞ് ആളുകൾ പിരിഞ്ഞുപോയ സമയത്തേക്ക് കന്തീലാ ശുശ്രൂഷ ക്രമീകരിച്ചതിന്റെ അനൗചിത്യവും പലരും ശ്രദ്ധിച്ചു. അന്ന് വാഴാനിയിൽ കുർബ്ബാന ചൊല്ലിയ ഞാൻ കുർബ്ബാന നേരത്തെ അവസാനിപ്പിച്ച് കാർ മാർഗ്ഗം പഴഞ്ഞിയിലെത്തിയപ്പോൾ പഴഞ്ഞിയിൽ പണിതീർത്ത പുതിയ പള്ളിയിൽ ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. കെ. സി. ജോസഫ് അച്ചൻ അന്ന് റിട്ടയർ ചെയ്തു കഴിഞ്ഞിരുന്നു. ഫാ. സ്റ്റീഫൻ ജോർജ്ജ് വികാരിയും ഫാ. എ. ബി. കൊള്ളന്നൂർ സഹവികാരിയും. കന്തീലാശുശ്രൂഷ തുടങ്ങിയപ്പോൾ ഈ രണ്ട് വൈദികരും മെത്രാപ്പോലീത്തായുടെ മുഖ്യസഹായിയായി വർത്തിച്ചുകൊണ്ട് പഴഞ്ഞി എം. ഡി. കോളജ് പ്രിൻസിപ്പൽ കൂടിയായ ഫാ. ഇ. എം. ഫിലിപ്പും മാത്രമേ പള്ളിയിൽ ഉണ്ടായിരുന്നുള്ളു. രണ്ടുമൂന്നു ഡസൻ അയ്മേനികളും കാണും. അനുതാപിയായ വൈദികനെ പള്ളിയകത്ത് പടിഞ്ഞാറോട്ട് അഭിമുഖമായി കിടത്തിയ ദൃശ്യം എന്നെ അത്ഭുതപ്പെടുത്തി. ഓർത്തഡോക്സ് സഭയുടെ എല്ലാ ആരാധനകളിലും അനുതാപിയുടെ മുഖം കിഴക്കോട്ട് അഭിമുഖമായിരിക്കണം എന്ന തത്വം ഒരു ബാലപാഠമാണ്. അതുപോലെ അനുതാപിയെ അനുഗ്രഹിക്കുമ്പോൾ കാർമ്മികൻ പടിഞ്ഞാറോട്ട് അഭിമുഖമായി നില്ക്കണം എന്നതും ഒരു ബാലപാഠമായ തത്വമാണ്. മാമ്മൂദീസാ, കുമ്പസാരം, തൈലാഭിഷേകം, കുർബ്ബാ

നാനുഭവം, വിവാഹം, പട്ടംകൊട തുടങ്ങിയ എല്ലാ കൂദാശകളിലും ഈ പൊതു തത്വം പാലിക്കണമെന്നിരിക്കേ രോഗിയുടെ തൈലാഭിഷേകം തന്നെയായ കന്തീലയിൽ അനുതാപിയെ പടിഞ്ഞാറോട്ട് അഭിമുഖമായി നടത്തിയത് അനുഷ്ഠാനപരമായ ക്രമരാഹിത്യം തന്നെയായിരുന്നു. പിന്നീട് ക്രമേണ എട്ട് പത്ത് വൈദികർ വന്നുചേർന്നു. 250–തോളം ആളുകളും വന്നുചേർന്നു. അനുഷ്ഠാനപരമായ ഈ വൈകൃതങ്ങൾ വീഡിയോ ദൃശ്യങ്ങൾ അനശ്വരമാക്കുകയും ചെയ്തു (മഹാ പണ്ഡിതനും മല്പാനുമായ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിലാണ് ആ ശുശ്രൂഷ നടത്തപ്പെട്ടിരുന്നതെങ്കിൽ, അശ്രദ്ധമൂലം സംഭവിച്ച ന്യൂനത ശ്രദ്ധയിൽപെട്ടാലുടനെ അദ്ദേഹം അത് തിരുത്തുമായിരുന്നു എന്ന് പല സംഭവങ്ങളും അയവിറക്കിക്കൊണ്ട് ഈ ഗ്രന്ഥകാരൻ ഓർത്തു.).

കെ. സി. ജോസഫച്ചന്റെ വാർദ്ധക്യകാലത്ത് അദ്ദേഹം നേരിട്ട ചില പരീക്ഷണങ്ങളെ പറ്റിയായിരുന്നുവല്ലോ നാം പറഞ്ഞുകൊണ്ടിരുന്നത്. കൊച്ചി ഭദ്രാസന സെക്രട്ടറിയായി വിരമിച്ച അദ്ദേഹം പുതിയ മെത്രാപ്പോലീത്തായുടെ അനിഷ്ടത്തിന് പാത്രമായതിനെ തുടർന്നാണ് ആ സ്ഥാനം നഷ്ടപ്പെടുത്തിയത്. എം.ഡി. കോളജിൽ സ്ഥാപക നേതാവായ അദ്ദേഹം ഏതാനും വർഷങ്ങളിലെ അസൂയാവഹമായ സേവനത്തിന് ശേഷം കടുത്ത ആരോപണങ്ങൾക്ക് വിധേയനായി.

ആ ആരോപണങ്ങളിൽ സാമ്പത്തികമായ ക്രമക്കേടുകളും അഴിമതിയും ഉണ്ടായിരുന്നു. കോളജിന്റെ സെക്രട്ടറി സ്ഥാനത്തു നിന്ന് മാറിനില്ക്കേണ്ടി വന്നത് അദ്ദേഹം നേരിട്ട വലിയ അഗ്നിപരീക്ഷണത്തിന്റെ ഫലമായിട്ടാണ്. മുമ്പ് ഭദ്രാസന സെക്രട്ടറിമാരുടെ കാലത്തും മെത്രാപ്പോലീത്തായുടെ വിശ്വസ്ത സെക്രട്ടറിയായി ഒരു പദവിയും കൂടാതെ ഭദ്രാസന ഓഫീസിന്റെ താക്കോലുകളും രേഖകളും സ്വന്തം സൂക്ഷിപ്പിൽ ഒതുക്കിയ അദ്ദേഹം നാലാമത്തെ സെക്രട്ടറിയായി, തന്റെ ഇടവകയിൽ താൻ മാമ്മൂദീസാ മുക്കിയ ഒരു യുവ വൈദികൻ സ്ഥാനമേറ്റപ്പോൾ ഓഫീസിന്റെ താക്കോലുകൾ വിട്ടൊഴിഞ്ഞ് പിൻവാങ്ങേണ്ടി വന്ന സംഭവം മർമ്മഭേദകം തന്നെയായിരുന്നു (മേപ്പടി സെക്രട്ടറിയെ മാമ്മൂദീസാ മുക്കുന്ന അവസരത്തിൽ കാർമ്മികന്റെ മുഖ്യസഹായിയായി ഈ ഗ്രന്ഥകാരൻ സന്നിഹിതനായിരുന്നതായി ഓർമ്മിക്കുന്നു. 1959–ലാണ് മാമ്മൂദീസാ.).

ഭദ്രാസന ഓഫീസിൽ നിന്ന് പടിയിറങ്ങേണ്ടി വന്നുവെങ്കിലും മെത്രാപ്പോലീത്തായുടെ ഉപദേശകൻ എന്ന സ്ഥാനം കുറേക്കാലം കൂടി നിലനിർത്തി. ആർത്താറ്റ് – കുന്നംകുളം മഹാഇടവകയും മെത്രാപ്പോലീത്തായും തമ്മിൽ പതിറ്റാണ്ടുകളോളം നടന്ന നിയമയുദ്ധം ആരംഭിക്കു

ന്നത് അച്ചന്റെ ഉപദേശം പ്രാബല്യത്തിലിരിക്കുന്ന കാലത്താണെന്ന് പലരും ഓർക്കുന്നു. ആർത്താറ്റ്–കുന്നംകുളം മഹാഇടവക സഭയിലൊരു ശക്തിദുർഗ്ഗം തന്നെയായിരുന്നു. ആ ശക്തിദുർഗ്ഗം ചിലപ്പോഴൊക്കെ ഭരണപരമായ ചില ഭീഷണി വിജയപൂർവ്വം ഉയർത്തിയിരുന്നു. ഒരു കല്പന മൂലം മഹാഇടവക ഇനിയും ഇല്ല എന്ന് മെത്രാപ്പോലീത്താ പ്രഖ്യാപിച്ചാൽ പ്രശ്നം തീരുമെന്ന ഉപദേശം മെത്രാപ്പോലീത്തായ്ക്ക് ലഭിച്ചതോടെ പ്രശ്നം വഷളായി. പല ഇടവകകളും ഏകപക്ഷീയമായ ഈ നടപടിയെ എതിർത്തു. നിലവിലുള്ള വികാരിയും കൈക്കാരനും നൂറ്റാണ്ടുകളായി നിലവിലിരിക്കുന്ന ഭരണസമ്പ്രദായത്തിന് പരിരക്ഷ ലഭിക്കുവാൻ മറ്റു നിവൃത്തിയില്ലാതെ കോടതിയെ അഭയം പ്രാപിച്ചു. മഹാഇടവകയുടെ പ്രവർത്തനത്തിൽ ഭരണഘടനാ ലംഘനം നിരീക്ഷിച്ചവർ ഭദ്രാസന പള്ളിപ്രതിപുരുഷയോഗം ചേരാതെ പത്ത് പന്ത്രണ്ട് വർഷം ഒരു ഭദ്രാസന സെക്രട്ടറിയും ഭദ്രാസന കൗൺസിലും തുടരുന്നതിലെ ഭരണഘടനാ ലംഘനം അവഗണിച്ചത് അനേകരെ വ്യസനിപ്പിച്ചു. ക്രമേണ ഭദ്രാസനാധിപനും ഇടവകയും തമ്മിൽ ഉള്ള അഭിമാനത്തിന്റെയും വൈകാരികതയുടെയും പ്രശ്നമായി കാര്യങ്ങൾ വഷളായി. ക്രിമിനൽ ക്കേസുകൾ, മോഷണക്കേസ്, ഭണ്ഡാരഭേദനം എന്നിങ്ങനെ കേസുകളുടെ വ്യാപ്തിയും ആഴവും വർദ്ധിച്ചു. മെത്രാപ്പോലീത്തായ്ക്ക് ലഭിച്ചു വരുന്ന തെറ്റായ ഉപദേശങ്ങളാണ് കാര്യങ്ങൾ വഷളാക്കിയതിന്റെ ആദ്യ സാഹചര്യമെന്ന് അനേകർ വിശ്വസിച്ചു. ഇതോടെ ഉന്നതങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന മാനസിക പിന്തുണയും വിച്ഛേദിക്കപ്പെട്ടു.

എല്ലാ തലങ്ങളിലും ക്രമപ്രവൃദ്ധമായി നടന്ന നീരസങ്ങൾ ക്രമേണ ഇടവകയിലും പ്രതിഫലിച്ചു. ശമുവേൽ മാസ്റ്റർ, പി. ടി. ഉതുപ്പൂരു, സി. സി. ഡേവിഡ്, പുലാക്കൽ ചേറുകുട്ടി തുടങ്ങി ഇരുത്തംവന്ന കൈക്കാരന്മാരുടെ മുതിർന്ന തലമുറ അപ്പോഴേക്കും കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരുന്നു. താരതമ്യേന വളരെ പ്രായം കുറഞ്ഞവർ പള്ളിയുടെ ഭരണസ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അവരിൽ പലരും അച്ചനിൽ നിന്ന് മാമ്മൂദീസാ ഏറ്റവർ ആയിരുന്നു. എന്തിനെയും ചോദ്യം ചെയ്യുന്ന യുവസഹജമായ സാഹസികത അവർ പലപ്പോഴും പ്രകടിപ്പിച്ചിരുന്നു. കെ. സി. ജോസഫ് അച്ചൻ പല വിഷയങ്ങളിലും പുലർത്തിയിരുന്ന നിലപാടുകൾക്ക് അപ്രമാദിത്വഭാവം പ്രകടമായിരുന്നതിനാൽ അവ പലരേയും ചൊടിപ്പിച്ചിരുന്നു.

ചുറ്റുപാടുമുള്ള പള്ളികളിലെ വൈദികർ മൂന്ന് കൊല്ലത്തിലൊരിക്കൽ സ്ഥലംമാറ്റത്തിന് വിധേയമാകുന്നതും ആ ഇടവകകൾ പുരോഗതിയിലേക്ക് കുതിക്കുന്നതും ഇടവകയിലെ യുവാക്കൾ ശ്രദ്ധിച്ചു. തങ്ങളുടെ ഇടവകയിലെ വൈദികർക്ക് സ്ഥലംമാറ്റം നടപ്പിലാക്കണമെന്ന് അവർ

പൊതുയോഗം വഴി പലപ്പോഴും ആവശ്യപ്പെട്ടെങ്കിലും അവയൊക്കെ ബധിരകർണ്ണങ്ങളിൽ പതിക്കയാണുണ്ടായത്. ഒരിക്കൽ അന്ന് വികാരി യായിരുന്ന തെക്കേക്കര അച്ചനെ സ്ഥലംമാറ്റുവാൻ ഇടവകയോഗം ഒരു പ്രമേയം മൂലം അധികൃതരോട് ആവശ്യപ്പെട്ടു. സ്ഫോടനാത്മകമായ ആ അന്തരീക്ഷത്തെ ശാന്തമാക്കുവാൻ ഇടവകമെത്രാപ്പോലീത്തായുടെ അഭ്യർത്ഥന മാനിച്ച് അന്നത്തെ നിയുക്ത കാതോലിക്കാ (മാത്യൂസ് പ്രഥ മൻ ബാവാ) പഴഞ്ഞിയിലെ പൊതുയോഗത്തിൽ അധ്യക്ഷം വഹിച്ചു. ഇടവകയുടെ രോഷം നിറഞ്ഞ അഭിപ്രായ പ്രകടനങ്ങൾ അദ്ദേഹം ക്ഷമാ പൂർവം കേട്ടു. പൊതുയോഗത്തിൽ ഹാജരായ ഭൂരിഭാഗം പേരും തെക്കേ ക്കര അച്ചൻ പതിറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിച്ച ബൈബിൾ ക്ലാസ്സിലെ സജീവ പ്രവർത്തകർ ആണെന്ന് യോഗാദ്ധ്യക്ഷൻ നേരത്തെ മനസിലാ ക്കിയിരുന്നു. തങ്ങളുടെ ക്ലാസ്സിന്റെ സ്ഥാപക പ്രസിഡണ്ടിനെതിരായി ക്ലാസ്സിലെ അംഗങ്ങൾ പരസ്യമായ നിലപാട് എടുക്കുകയില്ലെന്ന പ്രതീ ക്ഷയിൽ അധ്യക്ഷൻ പൊടുന്നനവേ ചോദിച്ചു. 'അച്ചനെ മാറ്റണം എന്ന് നിർബന്ധമായി അഭിപ്രായമുള്ളവർ കൈ പൊക്കുക.'

യോഗാദ്ധ്യക്ഷനോടൊപ്പം തെക്കേക്കര അച്ചനും കുറ്റിക്കാട്ടിലച്ചനും അധ്യക്ഷവേദിയിൽ ഇരിപ്പുണ്ടായിരുന്നു. ആകാംക്ഷാപൂർണ്ണവും ഉദ്വേഗ പൂർണ്ണവുമായ നിമിഷങ്ങൾ ആയിരുന്നു അത്. എല്ലാവരുടെയും പ്രതീക്ഷ അസ്ഥാനത്തിലാണ് എന്ന് തെളിയിച്ചുകൊണ്ട് ബൈബിൾ ക്ലാസ്സ് അംഗ ങ്ങൾ ഉൾപ്പെടെ എല്ലാ യോഗാംഗങ്ങളും സ്ഥലംമാറ്റത്തിനനുകൂലമായി കൈ പൊക്കി. ഈ തിരിച്ചടിയിൽ നേരിട്ട ജാള്യത പ്രകടമാക്കാതെ യോഗാ ധ്യക്ഷൻ ഉപസംഹരിച്ചതിങ്ങനെ. 'രണ്ടു വൈദികരും ഇടവകപട്ടക്കാർ ആയതിനാൽ അവരെ ഇപ്പോൾ സ്ഥലംമാറ്റുന്നില്ല. എന്നാൽ യോഗ ത്തിന്റെ വികാരം പരിഗണിച്ച് പട്ടക്കാർ ഭാവി പ്രവർത്തനങ്ങൾ ക്രമീക രിക്കണം.' ജനങ്ങൾ വീണ്ടും നിരാശരായി.

ഈ സംഭവം കഴിഞ്ഞ് അനിവാര്യമായ സാഹചര്യത്തിൽ ഇടവകയും വൈദികരും അനുരഞ്ജനപ്പെട്ട് പോയിരുന്ന കാലത്താണ് 1993-ൽ കെ. സി. ജോസഫ് അച്ചന് കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകണമെന്ന് യോഗം തീരുമാനിച്ചത്. അച്ചനോടുള്ള ബഹുമാനം അതിലുണ്ട്. എങ്കിലും ആയിടെ കുന്നംകുളം ഇടവകയിൽ ഒരാൾക്ക് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകിയതിന്റെ പശ്ചാത്തലത്തിൽ പഴഞ്ഞിയിലും ഒരു കോറെ പ്പിസ്കോപ്പാ ഉണ്ടാകണമെന്ന മത്സരചിന്തയാണ് ആ യോഗതീരുമാന ത്തിൽ മുമ്പിട്ടു നിന്നത്. സീനിയർ വൈദികൻ ഇരിക്കെ ജൂണിയർ വൈദി കന് ആ ബഹുമതി നൽകുവാൻ ആവശ്യപ്പെട്ടതിലെ അനൗചിത്യം ആരും ഓർത്തില്ല. കെ. സി. ജോസഫച്ചൻ സഭാതലത്തിൽ നേടിയ പ്രശ സ്തിയും അംഗീകാരവും അത്ര വലുതായിരുന്നു.

മെത്രാപ്പോലീത്തായുടെ അസാന്നിദ്ധ്യത്തിൽ വൈദികരുടെ തലവനായി നിന്ന് ആരാധനകൾക്ക് നേതൃത്വം കൊടുക്കുന്ന കൃത്യം മാത്രമേ ഇപ്പോൾ കോറെപ്പിസ്കോപ്പായ്ക്ക് നിർവഹിക്കുവാനാകൂ. ഈ കാര്യത്തിൽ തനിക്ക് വേണ്ടത്ര അർഹതയില്ലെന്ന് സ്വയം അറിയാവുന്നതിനാലാകാം തെക്കേക്കര അച്ചൻ നിശബ്ദത പാലിച്ചത്. പിന്നീട് ബൈബിൾ ക്ലാസ്സ് അംഗങ്ങൾ തങ്ങളുടെ പ്രിയ സ്ഥാപകാധ്യക്ഷന് ആ പദവി നൽകുവാൻ അധികൃതരോട് അപേക്ഷിച്ചപ്പോഴും അച്ചൻ അതിൽ ഉദാസീനത പ്രകടിപ്പിച്ചത് ഈ സാഹചര്യത്തിലായിരിക്കാം. ആരാധനയുടെ നേതൃത്വം വഹിക്കുന്ന കാര്യത്തിൽ കെ. സി. ജോസഫ് അച്ചന്റെയും അർഹത വ്യത്യസ്തമായിരുന്നില്ലെങ്കിലും അദ്ദേഹത്തിന് വൈദികരുടെ കലവറ കൂടാതെ പിന്തുണ ഉണ്ടായിരുന്നു എന്നത് ആർക്കും അവഗണിക്കാനാവാത്ത പരമാർത്ഥമായിരുന്നു. എന്നാൽ കോറെപ്പിസ്കോപ്പാ സ്ഥാനദാനത്തിന്റെ ഭാഗമായി ഇടവക അദ്ദേഹത്തിന് അഞ്ചു പവന്റെ മാല ഉപഹാരമായി നൽകിയത് അനേകർക്ക് വീണ്ടുവിചാരത്തിന് കാരണമായി. സീനിയർ വൈദികൻ പൗരോഹിത്യ രജത ജൂബിലി പിന്നിട്ടപ്പോഴും ഷഷ്ഠിപൂർത്തി പിന്നിട്ടപ്പോഴും അദ്ദേഹത്തിന് ഈ മട്ടിൽ ഒരു ഉപഹാരം നൽകിയില്ല എന്ന തിരിച്ചറിവ് ഇടവകയിൽ ചില വൈകാരിക പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഒടുവിൽ തെക്കേക്കര അച്ചന്റെ സപ്തതി ഇടവകതലത്തിൽ ആഘോഷിക്കുവാനും അതിന്റെ ഭാഗമായി അദ്ദേഹത്തിന് അഞ്ചു പവന്റെ സ്വർണ്ണ കുരിശുമാല ഉപഹാരമായി സമ്മാനിക്കുവാനും തീരുമാനമായി. 1995-ൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കായുടെ നേതൃത്വത്തിൽ സപ്തതി ആഘോഷം നടത്തുകയും സുവർണ്ണഹാരം സമ്മാനിക്കുകയും ചെയ്തതോടെ ഇടവകയിലെ അസ്വസ്ഥതകൾ ഒട്ടൊന്ന് ശമിച്ചു. തന്റെ നേരെ ഇടവക അറിഞ്ഞോ അറിയാതെയോ പുലർത്തിയ അവഗണന, ഈ ആഘോഷവും ഉപഹാര സമർപ്പണവും കഴിഞ്ഞതോടെ തെക്കേക്കര അച്ചൻ മറക്കുവാൻ ശ്രമിച്ചു. അതോടെ ഇടവകയിൽ നിന്ന് റിട്ടയർ ചെയ്യുവാൻ അദ്ദേഹം തയ്യാറെടുക്കുകയായിരുന്നു. സ്വരം നന്നായിരിക്കുമ്പോൾ പാട്ടു നിർത്താമെന്ന് അദ്ദേഹം ചിന്തിച്ചു. ഉചിതമായ ഒരു സന്ദർഭത്തിൽ പെൻഷൻ പാസ്സാക്കിയെടുത്ത് സമാധാനപരമായി റിട്ടയർ ചെയ്യാമെന്നുള്ള അദ്ദേഹത്തിന്റെ പദ്ധതിയോട് വിധി നിസ്സഹകരിക്കുകയായിരുന്നു. 40 ഗ്രാം സ്വർണ്ണം തൂക്കമുള്ള ഉപഹാരം സമ്മാനിക്കാൻ തീരുമാനിച്ചത് ലംഘിച്ച് 47 ഗ്രാം തൂക്കമുള്ള ഉപഹാരം നൽകിയതിനെച്ചൊല്ലി അക്കൊല്ലത്തെ ഓഡിറ്റർ അടുത്ത പൊതുയോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ പ്രസക്തഭാഗം ഇപ്രകാരം ആയിരുന്നു: "പൊതുയോഗം 5 പവൻ സ്വർണ്ണം (40 ഗ്രാം) എന്ന് പ്രത്യേകം തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, 40 ഗ്രാം സ്വർണ്ണത്തിന് പകരം 47 ഗ്രാം സ്വർണ്ണം എടുത്തതായി കാണുന്നു. പൊതുയോഗ തീരുമാനത്തിന് വിരുദ്ധമായി

സ്വർണ്ണം എടുത്ത വകയിൽ 3046 രൂപയോളം അധികച്ചെലവ് വന്നിരിക്കുകയാണ്. മാനേജിംഗ് കമ്മിറ്റി 47 ഗ്രാം സ്വർണ്ണം എടുക്കുവാനായി യാതൊരു നിർദ്ദേശവും കൊടുത്തതായി മിനിട്ട്സിൽ നിന്നു കാണാൻ കഴിഞ്ഞില്ല" (1994–95 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക – 17).

ഓഡിറ്റ് റിപ്പോർട്ടിലെ ഈ ഖണ്ഡിക ചർച്ച ചെയ്ത പൊതുയോഗം ഒരു തീരുമാനത്തിലെത്തും മുമ്പ് യോഗാധ്യക്ഷൻ കൂടെയായ ഏബ്രഹാം അച്ചൻ പൊതുയോഗത്തിൽ പരസ്യമായി തന്റെ രാജി പ്രഖ്യാപിച്ചു. കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായ്ക്ക് നൽകിയ 5 പവന്റെ സുവർണ്ണ ഹാരം തനിക്കും ലഭിക്കത്തക്കവിധം അന്തരീക്ഷം ബോധപൂർവ്വം സൃഷ്ടിച്ചെടുത്തത് ഈവിധം കലാശിച്ചതിലുള്ള നിരാശയും ക്ഷോഭവും അച്ചന്റെ സമനില തെറ്റിച്ചിരിക്കണം.

ഒരു കവിത ഓർമ്മ വരുന്നു. ഒരു വണ്ടത്താൻ പകൽസമയം മുഴുവൻ താമരപ്പൂക്കളിലെ തേൻ നുകർന്നു രസിക്കുകയായിരുന്നു. തേനിന്റെ ലഹരിയിൽ സന്ധ്യാസമയം സമീപിച്ചത് അറിയാതെ തേൻകുടി തുടർന്നു. സന്ധ്യയായപ്പോൾ താമരപ്പൂവ് കൂമ്പിപ്പോയി. വണ്ടത്താൻ അതിനകത്ത് അകപ്പെട്ടു (സൂര്യൻ ഉദിക്കുമ്പോൾ താമര വിടരുമെന്നും സൂര്യനസ്തമിച്ചാൽ താമര കൂമ്പുമെന്നും കവി സങ്കല്പം.). അപ്പോൾ വണ്ടത്താൻ ഇപ്രകാരം ആത്മഗതം ചെയ്തു: അടുത്ത പ്രഭാതത്തിൽ സൂര്യൻ ഉദിക്കും; താമര വീണ്ടും വിടരും; അപ്പോൾ എനിക്ക് മോചനം ലഭിക്കും. കവിതയുടെ അവസാന ഭാഗം ഇങ്ങനെയാണ്.

"ദൈവത്തിൻ മനമാരു കണ്ടു?
പിഴുതാൻ ദന്തീന്ദ്രൻ ആ പത്മിനീം."

(അർത്ഥം: ദൈവഹിതം ആരറിഞ്ഞു? (ആ രാത്രിയിൽ തന്നെ) ആനത്തലവൻ പൊയ്കയിലിറങ്ങി ആ താമരവള്ളിയെ പിഴുതെടുത്ത് ഭക്ഷണമാക്കി.)

അതെ എല്ലാറ്റിന്റെയും പിറകിൽ മനുഷ്യ പ്രതീക്ഷകൾ തകർക്കുന്ന, മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്ന അപ്രതിരോധ്യമായ ദൈവനിശ്ചയങ്ങൾ ഉണ്ടാകാം. അര നൂറ്റാണ്ടു കാലം പള്ളിയെ ശുശ്രൂഷിച്ച സീനിയർ വൈദികൻ പള്ളിയോടു വിടപറഞ്ഞത് ഒരു പൊതുയോഗത്തിലെ പ്രക്ഷോഭങ്ങളുടെ മദ്ധ്യേ ഒരു നാടകീയ മുഹൂർത്തത്തിലായത് ദൈവനിയോഗമാകാം. അതോടെ ജോസഫ് കോറെപ്പിസ്ക്കോപ്പാ വീണ്ടും വികാരിയായി. ഇടവകപട്ടക്കാരനിൽ നിന്ന് മോചനം പ്രാപിക്കണമെന്നുള്ള മോഹം ഇടവകയുടെ ഉപബോധ മനസ്സിൽ അപ്പോഴും സജീവമായിരുന്നു. തെക്കേക്കര അച്ചൻ ഏകപക്ഷീയമായ രാജി പ്രഖ്യാപനത്തിലൂടെ സ്വയം ഒഴിവായപ്പോൾ പലരുടെയും ഉപബോധമനസ്സിലെ മോഹം വീണ്ടും

ഉണർന്നു. തെക്കേക്കര അച്ചനെതിരെ പൊതുയോഗത്തിലുയർന്ന കലാപചർച്ചയിൽ കോറെപ്പിസ്ക്കോപ്പാ പ്രതിഷേധാർഹമായ നിസ്സംഗത പാലിച്ചതും സീനിയർ അച്ചന് സമുചിതമായ ഒരു യാത്രയയപ്പ് നൽകാൻ ഇടവകയെ പ്രേരിപ്പിക്കാതെ മൗനമായിരുന്നതും അനേകരെ വേദനിപ്പിച്ചു എന്ന് വേണം കരുതുവാൻ.

തെക്കേക്കര അച്ചൻ അഞ്ചു പതിറ്റാണ്ടുകളായി ഇടവകയിൽ വളർത്തിയെടുത്ത അന്തരീക്ഷം അച്ചൻ ഇടവകയോട് യാത്ര പറഞ്ഞതോടെ ഇടവകയ്ക്ക് അന്യമായി. അച്ചന്റെ വിടവ് നികത്താൻ കോറെപ്പിസ്ക്കോപ്പായ്ക്കോ പുതിയ അസി. വികാരിക്കോ കഴിഞ്ഞില്ല. അസംതൃപ്തിയുടെ മേഖലകൾ വളരുകയായിരുന്നു. അസംതൃപ്ത മേഖലകളെ ഊതിപ്പെരുപ്പിക്കാൻ അണിയറയിൽ ശ്രമങ്ങൾ നടന്നിരിക്കണം. പ്രശാന്തമായ ഇടവകയുടെ അന്തരീക്ഷം ഇളകിമറിഞ്ഞത് വളരെപ്പെട്ടെന്നാണ്. പള്ളിഭണ്ഡാരം തുറന്നെടുത്ത സ്വർണ്ണശേഖരത്തിലെ സ്വർണ്ണനാണയങ്ങൾ അപ്രത്യക്ഷമായി എന്ന ആരോപണമാണ് പ്രശ്നത്തിന്റെ ആരംഭം. സ്വർണ്ണശേഖരം കൈകാര്യം ചെയ്ത വികാരിയും കൈക്കാരനും ആണ് അതിന്റെ ഉത്തരവാദികൾ എന്ന വാർത്ത കാട്ടുതീ പോലെ പടർന്നു പിടിച്ചു. പുതിയ ഒരു യുദ്ധമുഖം പ്രത്യക്ഷപ്പെട്ടു.

പഴഞ്ഞി ഇടവക പലപ്പോഴും പ്രശ്നസങ്കീർണ്ണമായിരുന്നു. പുതിയ ഭദ്രാസനം രൂപീകരിച്ചപ്പോൾ പഴഞ്ഞി ഇടവക ചില കാര്യങ്ങളിൽ ഇടഞ്ഞുനിന്നു. കോളജിലെ സീറ്റിനെപ്പറ്റിയുള്ള അവകാശത്തർക്കം മറ്റൊരു യുദ്ധത്തിന് വഴിതെളിച്ചു. ഭദ്രാസനാദ്ധ്യക്ഷനെതിരായ കലാപക്കൊടി ഉയരുമ്പോൾ അവയുടെ മുമ്പിൽ വൈദികർ നേതൃത്വം നൽകുന്നു എന്നത് അധികൃതർ ശ്രദ്ധിച്ചിരുന്നു. പള്ളിപണി റിസർവ് ഫണ്ട് എന്ന പേരിൽ പതിറ്റാണ്ടുകളായി സ്വരൂപിച്ച കരുതൽ ധനം ആണ് ഇടവകയുടെ കരുത്ത് എന്ന് നിരീക്ഷിക്കപ്പെട്ടു. ആ നിക്ഷേപത്തിന്റെ പലിശയിനത്തിൽ ആണ്ടുതോറും മുക്കാൽ ലക്ഷം രൂപ പള്ളിയിൽ വരുമാനം ലഭിക്കുന്നത് അനാവശ്യമായ ശക്തിപ്രകടനങ്ങൾക്ക് ഇടവകയ്ക്ക് കരുത്തു പകരുന്നു എന്ന് നിരീക്ഷണം ഉണ്ടായെന്ന് തോന്നുന്നു. ഇടവകക്കാരുടെ ശക്തിയും ഇടവകപട്ടക്കാരുടെ നേതൃത്വവും യോജിച്ചു നില്ക്കുമ്പോൾ അതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാനാവാതെ അധികൃതർ പലപ്പോഴും അന്തംവിട്ട് നില്ക്കേണ്ടി വന്നിട്ടുണ്ട്. തെക്കേക്കര അച്ചൻ രാജിവച്ചതോടെ ഇടവകയുടെ കരുത്തിലൊരു ഭാഗം നിർവീര്യമാക്കപ്പെട്ടതായി നിരീക്ഷണം ഉയർന്നിരുന്നു. പത്ത് കൊല്ലം കൊണ്ട് ഭദ്രാസനത്തിനുണ്ടായ പല ക്ഷതങ്ങളും കെ. സി. ജോസഫ് അച്ചന്റെ പരോക്ഷമായ നേതൃത്വം കൊണ്ട് സംഭവിച്ചതാണെന്ന് പരക്കേ വിലയിരുത്തപ്പെട്ട കാലമായിരുന്നു അന്ന്. അപ്പോഴാണ് പഴഞ്ഞിയിൽ

പുതിയ സംഘർഷം ഉരുത്തിരിഞ്ഞത്. ആരോപണങ്ങളുടെ മുന മുഖ്യമായും വികാരിയെ ലക്ഷ്യം വച്ചുള്ളതായിരുന്നു എന്ന് ആർക്കും ഗ്രഹിക്കാമായിരുന്നു. ആരോപണവിധേയനായ കോറെപ്പിസ്ക്കോപ്പായ്ക്ക് സ്വന്തം നിലപാട് ന്യായീകരിക്കാനോ വിശദീകരിക്കാൻ പോലുമോ ആകാത്തവിധം ബന്ധങ്ങൾ വഷളാകുകയായിരുന്നു. പഴഞ്ഞിപ്പള്ളിയുടെ പുനർനിർമ്മാണം ജീവിതത്തിന്റെ പരമലക്ഷ്യമായി കരുതിയ അച്ചൻ അതു കഴിഞ്ഞ് ഇടവകയോട് മാന്യമായി വിട പറയാം എന്ന് കണക്കുകൂട്ടിയിരുന്ന കാലത്താണ് ഈ വെടിയൊച്ച മുഴങ്ങിയത്.

ആരോപണത്തെ ആഘോഷമാക്കി മാറ്റാൻ ഇളംമുറക്കാർക്ക് അണിയറയിൽ നിന്ന് പ്രോത്സാഹനം ലഭിച്ചതായിട്ടാണ് കേൾവി. ഫലത്തിൽ പൊതുയോഗത്തിൽ പതിവായി പങ്കെടുക്കാറുള്ള പത്തുനൂറ് പേർക്ക് യോഗാധ്യക്ഷനിൽ വിശ്വാസം നഷ്ടപ്പെട്ടതായി വ്യക്തമാക്കപ്പെട്ടു. ഒരു ഭരണസ്തംഭനത്തിന്റെ വക്കിലേക്ക് കാര്യങ്ങൾ നീങ്ങുന്നതുവരെ എല്ലാവരും കാത്തിരുന്നു. ഇടവകയുടെ മേൽ പ്രഹരമേല്പിക്കാനും എഴുന്നേല്ക്കാനാവാത്തവിധം ഇടവകയെ ദുർബലപ്പെടുത്തുവാനും ആഗ്രഹിച്ചിരുന്ന കേന്ദ്രങ്ങൾക്ക് അനുയോജ്യമായ അവസരം കരഗതമാകുകയായിരുന്നു. 1985 മുതലുള്ള കണക്കുകളും പകകളും പ്രതികാരങ്ങളും മനസ്സിൽ കൊണ്ടുനടക്കുന്നവരും ഇടവകയിൽ ദൈവിക ഇടപെടൽ എന്നപോലെ വന്നുചേർന്ന ഈ കൊടുങ്കാറ്റിൽ തങ്ങളുടെ പങ്ക് നിർവഹിക്കുവാൻ ജാഗരൂകരായി. മുടി തൊട്ട് അടി വരെ ഗ്രൂപ്പ് ചർച്ചകൾ തകൃതിയായി നടന്നു. ആരുടെ മുമ്പിലും സ്വന്തം നിരപരാധിത്വം വിശദീകരിക്കാനാവാത്തവിധം കോറെപ്പിസ്ക്കോപ്പാ തളർന്നുപോയ അവസരമായിരുന്നു അത്. മുൻഗാമി കടന്നുപോയ കുരിശിന്റെ നാളുകൾ പിൻഗാമിയെ എതിരേല്ക്കുകയായിരുന്നുവോ. തെക്കേക്കര അച്ചന്റെ കൊച്ചുമോൾ ജാസ്മിൻ സി. ജെ 'എന്റെ ഓർമ്മയിലെ കെടാവിളക്ക്' എന്ന ലേഖനത്തിൽ (തെക്കേക്കര അച്ചൻ സ്മരണിക, പുറം 205) ആ തളർച്ചയെ വരച്ചുകാട്ടുന്നതിപ്രകാരമാണ്: “ജീവനു തുല്യം പഴഞ്ഞി പള്ളിക്കാരെ സ്നേഹിച്ച് ജീവിതം ഇടവകയുടെ നന്മയ്ക്കായി ഉഴിഞ്ഞുവച്ച ആ വൈദികന് 45 വർഷത്തെ സേവനത്തിന് ശേഷം പിരിഞ്ഞുപോരേണ്ട ഒരു അവസ്ഥ വന്നപ്പോഴാണ് എന്റെ അപ്പച്ചൻ തളർന്നുപോയത്. അധികം സംസാരമില്ലാതെ മൗനമായ അപ്പച്ചന്റെ ആ നാളുകൾ ഞങ്ങൾ വേദനയോടെ ഓർക്കുന്നു.”

തത്തുല്യമായ ഒരു തളർച്ചയിലേക്ക് നയിക്കുന്ന സംഭവപരമ്പരകൾ കോറെപ്പിസ്ക്കോപ്പായെ ആഘോഷപൂർവം എതിരേല്ക്കാനായി കാത്തുകിടപ്പുണ്ടായിരുന്നു. ഗ്രാമീണ ഇടവകകളുടെ വികാരിമാരുടെ മേൽനോട്ടം വഹിക്കുവാൻ സഭ ഏർപ്പെടുത്തിയ സ്ഥാപനമായിരുന്നു കോർഎപ്പി

സ്ക്കോപ്പോസ്. പഴഞ്ഞി, കാട്ടകാമ്പാൽ, പെരുന്തുരുത്തി, മൂലേപ്പാട്, കരിക്കാട്, കോട്ടോൽ, ഐനൂർ, മൂക്കുതല, ചൊവ്വന്നൂർ, എരുമപ്പെട്ടി എന്നീ പത്ത് സമീപ ഇടവകകളുടെ വികാരിയായി ഒരേസമയം ഭരണം നടത്തിയ അച്ചന് പരിമിതമായ ഒരർത്ഥത്തിലാണെങ്കിലും കോറെപ്പിസ്കോപ്പായുടെ പദവിയും ബഹുമാനവും ലഭിക്കുവാൻ ദൈവം അവസരം നല്കിയിരുന്നു. ബഹുമാന്യമായ അവസ്ഥയിൽ നിന്ന് ഒരു സുപ്രഭാതത്തിൽ പഴഞ്ഞി ഇടവകയുടെ വികാരിയായി നിയമിക്കപ്പെട്ട യുവ വൈദികന്റെ സഹായിയായി തരംതാഴ്ത്തപ്പെടുന്ന ഗതികേടിലേക്കാണ് ഇടവകയിലെ സ്ഫോടനാത്മകമായ സംഭവവികാസങ്ങൾ അദ്ദേഹത്തെ വലിച്ചെറിഞ്ഞത്. ഗുരുവായ യേശുവിനെ ക്രൂശകരുടെ കൈയിലേല്പിക്കുവാൻ വഴിയൊരുക്കിയ ശിഷ്യർ യൂദായെ കുറ്റപ്പെടുത്തേണ്ടതില്ലെന്നും അത് ദൈവിക വിചാരണയും പദ്ധതിയും ആയിരുന്നെന്നും വ്യാഖ്യാനിക്കുന്ന മാർ ദീവന്നാസ്യോസ് ബർസ്ലീബിയുടെ വ്യാഖ്യാനം – പ്രുമിയോൻ – ഓർമ്മയിൽ വരുന്നു. കാര്യങ്ങൾ ആകപ്പാടെ വിലയിരുത്തുമ്പോൾ അതൊരു ദൈവിക വിചാരണയായിരുന്നു എന്ന് വിശദീകരിക്കുകയാവും ഉചിതം.

പുതിയ വികാരി സമർത്ഥനും വാഗ്മിയും നയശാലിയും ആസൂത്രണ വിദഗ്ദ്ധനും മുകളിലെ ഹിതങ്ങൾ അക്ഷരംപ്രതി പ്രാവർത്തികമാക്കുവാൻ പ്രതിജ്ഞാബദ്ധനും ആയിരുന്നു. ധനാസക്തിയുടെ ദാസനല്ല പുതിയ വികാരി എന്ന തിരിച്ചറിവ് ഇടവകയെ ഉന്മേഷം കൊള്ളിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു എക്സിബിഷൻ സംഘടിപ്പിച്ചും പ്രാർത്ഥനായോഗങ്ങളെ കാര്യക്ഷമമാക്കിയും ഓഫീസ് പ്രവർത്തനത്തെ ഫലപ്രദമാക്കിയും ഭവനസന്ദർശനങ്ങൾ നടത്തിയും കവലകൾ തോറും സ്ഥാപിച്ചിരുന്ന കുരിശുപള്ളികളിൽ സന്ധ്യാനമസ്കാരം ഏർപ്പെടുത്തിയും അദ്ദേഹം ഇടവകയെ സജീവമാക്കി. 2000 വരെയും ഇടവകയുടെ പ്രവർത്തന റിപ്പോർട്ട് ഒരു പേജിൽ ഒതുക്കിയിരുന്ന പതിവ് 2001–ൽ മാറുന്നുണ്ട്. 2001–ലെ പൊതുയോഗനോട്ടീസ് ബുക്കിൽ റിപ്പോർട്ട് നാല് പേജുകളിലായി ഭരണസമിതി, ഭവനപ്രാർത്ഥനകൾ, പെരുന്നാളുകൾ, കമ്പ്യൂട്ടറൈസേഷൻ, എല്ലാ ഞായറാഴ്ചകളിലും സ്നേഹവിരുന്ന്, ആത്മീയ സംഘടനകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിവാഹ സഹായനിധി, കിഴക്കേ പുരയിടം, ഉപസംഹാരം എന്നിങ്ങനെയുള്ള ശീർഷകങ്ങളിൽ ചേർത്തത് ഒരു പ്രകടനപത്രികയുടെ അവതരണമായി ഇടവക സ്വീകരിച്ചു. റിപ്പോർട്ട് പുസ്തകത്തിൽ ഇടവകയ്ക്കൊരു മാസ്റ്റർ പ്ലാൻ എന്ന ശീർഷകത്തിൽ അവതരിച്ച കർമ്മപരിപാടികൾ ഇടവകയോഗത്തെ ആവേശം കൊള്ളിക്കുംവിധം വിപ്ലവാത്മകമായിരുന്നു എന്ന് കാണാം. പൊതുയോഗത്തിന്റെ പരിഗണനയ്ക്കായി വികാരിയുടെ നേതൃത്വത്തിൽ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ കാണുക.

1. വിശാലമായ പള്ളി.

2. പ. യൽദൊ മാർ ബസേലിയോസ് ബാവായുടെ സ്മാരക കബറിടം.

3. കമ്പ്യൂട്ടറൈസ്ഡ് ഓഫീസ്.

4. സണ്ടേസ്കൂൾ കെട്ടിടങ്ങൾ.

5. ഷോപ്പിംഗ് കോംപ്ലക്സ്.

6. ആത്മീയ സംഘടനകൾക്ക് ഓഫീസുകൾ.

7. അരമന.

8. കമ്മിറ്റി / കോൺഫറൻസ് ഹാൾ.

9. ഫോട്ടാഗാലറി / ചരിത്ര മ്യൂസിയം.

10. ഊട്ടുപുര, ഭോജനശാല.

11. കല്യാണ മണ്ഡപം, പാരീഷ്ഹാൾ.

12. പാഴ്സണേജ്.

13. ഇംഗ്ലീഷ് മീഡിയം സ്കൂൾ.

14. ഇടവകയിൽ 75 വയസ്സു പൂർത്തിയായവരെയും വിവാഹത്തിന്റെ 50 വർഷം പൂർത്തിയാക്കിയവരെയും ആദരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം.

15. ജന്മദിന വിവാഹ വാർഷിക ദിന ആശംസകൾ അയക്കുക. അവർക്കുവേണ്ടി കുർബ്ബാനകൾ അർപ്പിക്കുക. അവരിൽ നിന്ന് ജീവകാരുണ്യ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുക.

16. വാർഷികവരുമാനത്തിന്റെ 25% ജീവകാരുണ്യ നിധിയായി ക്രമീകരിക്കുക.

17. ഇടവകദിനം ആഘോഷിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

ഇത്രയും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്ന പുതുമകളാണ് പുതിയ വികാരി 2001 ജൂൺ 17-ാം തീയതി കൂടിയ വാർഷികയോഗത്തിൽ അവതരിപ്പിച്ചത്. വർഷങ്ങളായി മഴ കിട്ടാതെ മരുഭൂമിക്ക് സമം ചുട്ടു പഴുത്ത മണ്ണിലേക്ക് കോരിച്ചൊരിയുന്ന മഴ സൃഷ്ടിക്കുന്ന പ്രതീതിയാണ് ഇടവകയിൽ ഉണ്ടായത്. തങ്ങൾ തലമുറകളായി കാത്തിരുന്ന 'പുതിയ ആകാശവും പുതിയ ഭൂമിയും' പഴഞ്ഞിയിൽ സൃഷ്ടിക്കപ്പെടാൻ പോകുന്നു എന്ന് ഇടവകയോഗത്തിന് തോന്നി. ശുപാർശകളെല്ലാം യോഗം സഹർഷം അംഗീകരിച്ചു.

23-4-2000-ൽ കോറെപ്പിസ്ക്കോപ്പായുടെ അധ്യക്ഷതയിലും 18-6-2000-ൽ പുതിയ വികാരിയുടെ അധ്യക്ഷതയിലും ചേർന്ന പൊതുയോഗത്തിന്റെ കാലത്ത് സജീവമായിരുന്ന സ്വർണ്ണനാണയ അപഹരണത്തെപ്പറ്റിയുള്ള ആരോപണങ്ങളും തൽസംബന്ധമായി രൂപീകരിച്ച

അന്വേഷണ കമ്മീഷൻ നടപടികൾ പോലും അപ്രസക്തമാവുംവിധം ഇടവകക്രിയാത്മക നടപടികളിലേക്ക് കുതിച്ച് തുടങ്ങുകയായിരുന്നു. പള്ളി ഭണ്ഡാരത്തിൽ സ്വർണ്ണനാണയം വഴിപാടായി സമർപ്പിച്ചിട്ടുള്ളവർ ആ കാര്യം വികാരിയെ രേഖാമൂലം അറിയിച്ച് ഇടവകയോഗം തെരഞ്ഞെടുത്ത അന്വേഷണക്കമ്മീഷനുമായി സഹകരിക്കണം എന്ന് രണ്ടു മാസത്തിൽ ഒരിക്കൽ എന്ന നിലയിൽ ഞായറാഴ്ചകളിൽ രണ്ടു വി. കുർബ്ബാനമദ്ധ്യേയും ഓശാന ഞായർ, ദുഃഖവെള്ളി, പള്ളിയുടെ പ്രധാന പെരുന്നാളിന്റെ രണ്ടു ദിവസങ്ങൾ എന്നിവയിലും പൊതുജനത്തോട് അറിയിച്ചതോടെ ആ ആരോപണം ഉന്നയിച്ചവരുടെ ലക്ഷ്യവും രോഷവും ശാന്തമായി എന്ന് വേണം കരുതുവാൻ. കമ്മീഷന്റെ 13 യോഗങ്ങൾക്ക് ശേഷം വികാരി സ്വന്തം കയ്യക്ഷരത്തിൽ തയാറാക്കിയ കമ്മീഷൻ റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ 13-6-2001-ൽ ചേർന്ന പൊതുയോഗത്തിലേക്ക് സമർപ്പിച്ചു (പള്ളിയിൽ വിളിച്ചുപറഞ്ഞ മേൽക്കാണിച്ച വിവരങ്ങൾ വലിയ ബോർഡിൽ എഴുതി പള്ളിപരിസരത്തും നോട്ടീസ് ബോർഡിലും സ്ഥിരമായി പ്രദർശിപ്പിച്ചിരുന്നു.).

### കമ്മീഷന്റെ കണ്ടെത്തലുകൾ

1. അരപ്പവന്റെ ഒരു നാണയമെങ്കിലും ഭണ്ഡാരത്തിൽ വഴിപാട് വന്നിട്ടുണ്ടെന്ന് 'അനുമാനിക്കുന്നു.'

2. വഴിപാട് ഉരുപ്പടികൾ അതീവ ലാഘവത്തോടെയാണ് കൈകാര്യം ചെയ്തുവരുന്നത്.

3. ഉരുപ്പടിയുടെ തൂക്കം നോക്കി ഇനം തിരിച്ച് എഴുതാറില്ല.

4. പുതിയ ഭാരവാഹികളെ പഴയ ഉരുപ്പടികളുടെ സ്റ്റോക്ക് ഭരമേല്പിക്കുന്ന പതിവ് അപൂർവമായേ കാണുന്നുള്ളു.

5. ഉരുപ്പടികളെപ്പറ്റി കമ്മിറ്റിയിലോ പൊതുയോഗത്തിലോ അന്വേഷണങ്ങൾ ഉണ്ടായിട്ടില്ല.

6. കമ്മിറ്റി തീരുമാനപ്രകാരം ഉരുപ്പടികൾ ഉരുക്കി കട്ടയാക്കാൻ തീരുമാനിച്ചു. തൂക്കം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത്രയും കണ്ടെത്തലുകളോടൊപ്പം ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ മൂന്ന് നിർദ്ദേശങ്ങളും കമ്മീഷൻ സമർപ്പിച്ചു.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുയോഗം 2001 ജൂൺ 17-ന് കൂടിയ വാർഷികയോഗത്തിൽ മുഖ്യമായും രണ്ട് തീരുമാനങ്ങൾ സ്വീകരിച്ചു.

1. മുൻ കൈക്കാരൻ ശ്രീ. കൊള്ളന്നൂർ ഡേവിഡിനെ പത്തു വർഷത്തേക്ക് ഔദ്യോഗിക സ്ഥാനമാനങ്ങൾ നല്കേണ്ടതില്ല. 2. മുൻ വികാരി വന്ദ്യ ദിവ്യശ്രീ. ജോസഫ് കോർഎപ്പിസ്കോപ്പായെ ഇടവകയിൽ നിന്ന് സ്ഥലം മാറ്റണം.

ഈ രണ്ടു തീരുമാനങ്ങളും ഇടവക മെത്രാപ്പോലീത്താ 2001 ജൂലൈ 5-ന് നൽകിയ 28/2001-ാം നമ്പർ കല്പനയിലൂടെ നിരാകരിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

"അന്വേഷണ റിപ്പോർട്ടിൽ പറയുന്നത് കമ്മീഷന്റെ അനുമാനം മാത്രമാണ്. അനുമാനം സത്യമായിരിക്കണമെന്നില്ല. ... മുൻ കൈക്കാരനും മുൻ വികാരിയും ഭണ്ഡാരത്തിലെ സ്വർണ്ണനാണയം എടുത്തുവെന്നോ നഷ്ടപ്പെടുത്തിയെന്നോ ഉള്ള ആരോപണമോ പരാമർശനമോ പൊതുയോഗ മിനിട്ട്സിൽ കാണുന്നില്ല. മേലെഴുതിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കൊള്ളന്നൂർ പോൾ ഡേവിഡിനും ജോസഫ് കോറെപ്പിസ്ക്കോപ്പായ്ക്കും എതിരായി പൊതുയോഗം ശുപാർശ ചെയ്ത നടപടികൾ നാം അംഗീകരിക്കുന്നില്ലെന്ന് അറിയിക്കുന്നു."

ഇതോടെ സ്വർണ്ണനാണയ മോഷണത്തെക്കുറിച്ചുള്ള ആരോപണങ്ങൾ ചായക്കോപ്പയിലെ കൊടുങ്കാറ്റായി അവസാനിച്ചു എന്ന് വേണം കരുതുവാൻ. പഴഞ്ഞി ഇടവക അറിയാതെ മറ്റ് ഇടവകകളിൽ വിവാഹം മുതലായ ആത്മീയാവശ്യങ്ങൾ നടത്തിയവരുടെ ലിസ്റ്റ് കെ. സി. ജോസഫ് അച്ചൻ വികാരിയായിരുന്ന അവസാനവർഷത്തെ റിപ്പോർട്ടിൽ പരസ്യപ്പെടുത്തിയിരുന്നു. ആ ലിസ്റ്റിൽ കോയമ്പത്തൂർ, തൃശൂർ, ചെങ്ങന്നൂർ, എറണാകുളം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥിരതാമസമാക്കിയ ഇടവകയിലെ ചില പ്രധാനപ്പെട്ടവരുടെ പേരുകൾ ഉണ്ടായിരുന്നു. ഈ നടപടി (2000) അതേവർഷം ഉൽഭവിച്ച ആരോപണത്തെ ശക്തിപ്പെടുത്തി എന്ന് വിചാരിക്കാവുന്നതാണ്.

അഗ്നിശുദ്ധി തെളിയിച്ചു എങ്കിലും കെ. സി. ജോസഫ് കോറെപ്പിസ്ക്കോപ്പായ്ക്ക് പിന്നീട് ഒരിക്കലും ഇടവകയുടെ മുമ്പിൽ നെഞ്ചു വിരിച്ച് നില്ക്കാനായില്ല. അദ്ദേഹത്തിന്റെ ന്യായമായ അഭിപ്രായങ്ങൾക്കു പോലും അർഹമായ പരിഗണന ലഭിക്കാത്തവിധം ഇടവകയുടെ ഭരണം അദ്ദേഹത്തിന് കയ്യെത്തിപ്പിടിക്കാനാവാത്തവിധം ദൂരത്തായി കഴിഞ്ഞിരുന്നു. ആറേകാൽ ലക്ഷത്തോളം വാർഷിക പലിശ ലഭിക്കുംവിധം പള്ളിപ്പണി റിസർവ് ഫണ്ടും സ്ഥിരനിക്ഷേപവും ശക്തമായിരുന്ന ആ കാലത്ത് ഇരിപ്പ് നിക്ഷേപം എടുത്ത് പള്ളിപണി ആരംഭിക്കുന്നത് നിഷ്പ്രയാസം ആയിരുന്നു. ഒരു പിരിവ് കൂടാതെ പള്ളിപണി ആരംഭിക്കുവാൻ പുതിയ വികാരിക്ക് ധൈര്യം നൽകിയത് ഈ റിസർവ് ഫണ്ടിന്റെ പിൻബലം

ആയിരുന്നു. കെ. സി. ജോസഫ് അച്ചൻ പതിറ്റാണ്ടുകളായി തേനീച്ച തേൻ കൂട്ടിൽ തേൻ ശേഖരിക്കുംപോലെ ശേഖരിച്ച ലക്ഷങ്ങൾ ഒരു വിവേചനവും കൂടാതെ ചെലവഴിക്കുന്നത് അച്ചനെ കണക്കറ്റ് വേദനിപ്പിച്ചു. "ഇടവകയിൽ സ്വന്തമായി വരുമാനമുള്ള എല്ലാ വ്യക്തികളും അവരവരുടെ ഒരു മാസത്തെ വരുമാനം പള്ളി പണിക്കായി മാറ്റിവയ്ക്കുകയും രണ്ടോ നാലോ തവണകളായി ആയത് തന്നുതീർക്കുകയും വേണം' എന്ന് ഒഴുക്കൻമട്ടിൽ പൊതുയോഗം നിശ്ചയിച്ചുവെങ്കിലും അത് പ്രാവർത്തികമാക്കാനുള്ള യാതൊരു കർമ്മപരിപാടികളും ആവിഷ്ക്കരിക്കാതെ 2002 ഏപ്രിൽ 28-ന് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പുതിയ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിക്കുകയും ഇടവകമെത്രാപ്പോലീത്താ നിർമ്മാണോൽഘാടനം നടത്തുകയും ചെയ്തു. പള്ളിപണിക്ക് ലഭിക്കുന്ന പിരിവിന് ആനുപാതികമായിട്ട് മാത്രമേ പള്ളിപണി റിസർവ് ഫണ്ടിൽ നിന്ന് പണം പിൻവലിക്കാവൂ എന്ന് ആ ഫണ്ട് സ്വരൂപിക്കുവാൻ നേതൃത്വം നൽകി വന്ന മുൻ വികാരിയച്ചൻ നൽകിയ ഉപദേശം വനരോദനമായി കലാശിച്ചു. പുതിയ വികാരി പറയുന്നതെന്തും കമ്മിറ്റിക്കും മാസ്റ്റർ പ്ലാൻ കമ്മിറ്റിക്കും വേദവാക്യമായിരുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ പുതിയ വികാരി നടത്തുന്ന ആഹ്വാനത്തെ അവർ സർവ്വാത്മനാ പിന്തുണയ്ക്കുകയായിരുന്നു. പഴയപള്ളി വിശാലമാക്കുക എന്ന നിർദ്ദേശത്തിന്റെ സ്ഥാനത്ത് പുതിയ പള്ളി എന്ന ആശയം വന്നതും റിസർവ് ഫണ്ട് ചെലവ് ചെയ്തശേഷം പിരിവിനിറങ്ങാമെന്ന് നിശ്ചയിച്ചതും പുതിയ പള്ളിയുടെ പ്ലാനും എസ്റ്റിമേറ്റും സംബന്ധിച്ച വിശദാംശങ്ങൾ വികാരിയുടെ പ്രധാന ചുമതലയിൽ തീരുമാനിക്കപ്പെട്ടതും ഈ പിന്തുണയുടെ ഫലമായിട്ടായിരുന്നു. കെട്ടിടംപണിയിൽ പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തും എം. ഡി. കോളജ്, കുന്നംകുളം അരമന എന്നിവയുടെ നിർമ്മാണ പരിചയവും കൈമുതൽ ആയി പഴഞ്ഞിപള്ളിയുടെ പുനർനിർമ്മാണം ജീവിതാഭിലാഷമായി സ്വപ്നം കണ്ടിരുന്ന പഴയ വികാരി പള്ളിനിർമ്മാണത്തിന്റെ ചിത്രത്തിൽ തീർത്തും അപ്രസക്തനും അവഗണിക്കപ്പെട്ടവനും ആയത് ദൈവനിശ്ചയമാകാം.

അയ്യായിരത്തിലധികം ഇടവകാംഗങ്ങളുള്ള നമ്മുടെ പള്ളിയിൽ സ്ഥലസൗകര്യം വളരെ പരിമിതമാണ് (2001-2002 ലെ വാർഷിക റിപ്പോർട്ട്) എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2004-ൽ പൂർത്തിയാക്കത്തക്കവിധം ദേവാലയ നിർമ്മാണവും മാസ്റ്റർപ്ലാനിലെ പതിമൂന്ന് ഇനങ്ങളുടെ നിർമ്മാണവും നടത്തുവാൻ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. 60 ലക്ഷം രൂപയിലധികം പള്ളിപണി റിസർവ് ഫണ്ടിൽ സ്വരൂപിച്ചിരുന്നതിനാൽ പുതുതായി 40 ലക്ഷം രൂപ മാത്രമേ ആവശ്യമായി വരികയുള്ളു എന്ന അയഥാർത്ഥ ചിത്രമാണ് പൊതുയോഗത്തിന് മുമ്പിൽ അവതരിപ്പിക്കപ്പെട്ടതെന്നു തോന്നുന്നു.

ദേവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചില താളപ്പിഴകൾ തുടക്കം മുതലേ സംഭവിക്കുന്നത് പലരും ചൂണ്ടിക്കാട്ടിയിരുന്നു. പള്ളി തങ്ങളുടെ ചുമതലയിൽ പണി തീരുന്നതിന്റെ ആവേശത്തള്ളലിൽ അവ അവഗ ണിക്കപ്പെടുകയായിരുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടി ക്കപ്പെടുന്നതിന്റെ ഭാഗമായി ചില പാകപ്പിഴകൾ സംഭവിച്ചാൽ തന്നെയും അത് കാര്യമാക്കേണ്ടതില്ല എന്ന ചിന്തയായിരുന്നു പ്രവർത്തകർക്ക്.

മാസ്റ്റർ പ്ലാനിൽ അവതരിപ്പിച്ച 13 പ്രവർത്തനങ്ങളിൽ ഓരോന്നിനും എത്ര ചിലവ് വരുമെന്ന് കണ്ടെത്തിയിരുന്നില്ല. ആകെ ഒരു കോടി എന്ന അടങ്കൽ ഈ പതിമൂന്ന് പദ്ധതികൾക്കായി വിഭജിച്ച് യാഥാർത്ഥ്യബോ ധത്തിലധിഷ്ഠിതമായ ബഡ്ജറ്റ് തയാറാക്കണമെന്ന് ആരും ചിന്തിച്ചില്ല. നൂറ്റാണ്ടുകൾക്ക് ശേഷം നടക്കുന്ന ദേവാലയ നിർമ്മിതിയിൽ ഇടവക യുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കുവാൻ ഒരു ശ്രമവും നടന്നില്ല. പൊതു യോഗങ്ങളിൽ പങ്കെടുക്കുന്നവർ നൂറോളം പേർ ഇടവകയുടെ ഗണ്യമായ ഭാഗം പോലും ആയിരുന്നില്ല. 5000-ത്തിലധികം അംഗങ്ങളുള്ള ഇടവക യുടെ സാധാരണകാര്യങ്ങൾ 100 പേർ അടങ്ങിയ പൊതുയോഗം കൈകാര്യം ചെയ്യുന്നതിന് ഭരണഘടനാപരമായ അനുമതി ഉണ്ടെങ്കിലും ദേവാലയനിർമ്മാണം ഉൾപ്പെടെയുള്ള മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ച അഭൂ തപൂർവ്വകമായ വൻ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ 100 പേരുടെ മാത്രമല്ല 5000 പേരുടെയും സഹകരണം ഉറപ്പാക്കുവാൻ ശ്രമിക്കേണ്ട തായിരുന്നു; അതുണ്ടായില്ല. തെക്കേക്കര അച്ചൻ, കുറ്റിക്കാട്ടിൽ അച്ചൻ, ചീരനച്ചൻ, തോലത്തച്ചൻ, വാഴപ്പിള്ളിലച്ചൻ എന്നിങ്ങനെ അഞ്ചു വൈദി കർ ഇടവകാംഗങ്ങൾ ആയി ഉണ്ടായിരുന്നു. മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് അവരുടെ നിർദ്ദേശമോ ഉപദേശമോ പങ്കാളിത്തമോ തേടുവാൻ ചുമതലപ്പെട്ടവർ ശ്രമിച്ചില്ല (100 പേർ അടങ്ങിയ പൊതുയോ ഗത്തിൽ നിന്ന് പ്രധാന ചുമതലക്കാരെ നിശ്ചയിച്ചശേഷം കമ്മിറ്റികൾ വിപുലീകരിക്കുവാനായി ഇടവകാംഗങ്ങളുടെ ഒരു യോഗം ചേർന്നു എന്നത് സത്യം തന്നെ. അങ്ങനെ ഒരു യോഗം കൂടിയില്ലാ എന്ന ആക്ഷേപം ഉയരാതിരിക്കാൻ ആണ് യോഗം കൂടിയതെന്ന് ചുമതല ക്കാർക്കുപോലും അറിയാമായിരുന്നു. അല്ലെങ്കിലും എല്ലാ സബ് കമ്മി റ്റികളുടെയും ചുമതലക്കാരെ നിശ്ചയിച്ചതിന് ശേഷം കൂടുന്ന അത്തരം യോഗങ്ങളിൽ യോഗ്യന്മാർ ആരും സഹകരിക്കുകയില്ലെന്ന് യോഗം വിളി ച്ചവർക്ക് ഉറപ്പായിരുന്നു.).

ബൃഹത്തായ ദേവാലയത്തിന്റെ കൃത്യമായ പ്ലാനും എസ്റ്റിമേറ്റും പൊതുയോഗത്തിന്റെ പഠനത്തിനോ വിലയിരുത്തലിനോ സമർപ്പിക്കപ്പെ ട്ടിരുന്നില്ല എന്നത് ഏവരെയും അത്ഭുതപ്പെടുത്തി. സഭയിലെ പുതിയ ദേവാലയങ്ങൾ ചുമതലക്കാരെക്കൊണ്ട് സന്ദർശിപ്പിച്ച് അവരെ മായാലോ

കത്തേക്ക് ആനയിക്കുവാൻ ബോധപൂർവ്വം ശ്രമങ്ങൾ നടന്നു. പള്ളിപ്പണിയെ സംബന്ധിച്ച് അനുഭവസമ്പന്നരുടെ ഭാഗത്തുനിന്ന് വരുന്ന അഭിപ്രായങ്ങളെ തടുക്കുവാൻ മൂന്ന് മന്ത്രങ്ങൾ നേതൃത്വം പ്രവർത്തകർക്കു മുമ്പിൽ ആകർഷകമായി അവതരിപ്പിച്ചു.

1. നിങ്ങളുടെ പിതാക്കന്മാർ ഏറെ ആഗ്രഹിച്ചിട്ടും നടക്കാതെ പോയ സ്വപ്ന പദ്ധതി പ്രാവർത്തികമാക്കുവാൻ ദൈവം നിങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

2. മലങ്കരസഭയിലെ 'നമ്പർ വൺ' ഇടവകയായി പഴഞ്ഞി പള്ളി മാറുവാൻ പോകുകയാണ്.

3. വാഗ്ദത്തനാട്ടിലേക്ക് നയിക്കുവാൻ ദൈവം നിയോഗിച്ച മോശയാണ് നിങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ മന്ത്രങ്ങൾക്ക് മുമ്പിൽ മിക്കവരും തല കുനിച്ചു. "വലുപ്പം കൊണ്ടും പുരാതനത്വം കൊണ്ടും മലങ്കരക്കാകമാനം മാതൃകയായി ശോഭിക്കുവാൻ ഈ ഇടവകയ്ക്ക് കഴിയും" (2002–2003 വാർഷിക റിപ്പോർട്ട്). "മലങ്കരയിൽ കേരളത്തിലെ വടക്കൻ മേഖലകളിൽ ഇദംപ്രഥമമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്ന പള്ളി എന്ന ബഹുമതി നമ്മുടെ ഇടവകപള്ളിക്ക് ലഭിച്ചു എന്നത് അഭിമാനകരമാണ്" (2000–2001 റിപ്പോർട്ട്). ഈ തലമുറയ്ക്ക് ലഭിച്ച ഭാഗ്യം എന്ന നിലയിൽ പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ സാന്നിധ്യം സംഘടനാപ്രവർത്തകർ നിലനിർത്തിപ്പോരുന്നു (2002–2003 റിപ്പോർട്ട്). എന്നിങ്ങനെ മാസ്മരശക്തിയുള്ള മന്ത്രവാക്യങ്ങൾ ആവർത്തിച്ച് പ്രവർത്തകരുടെ വിശ്വാസം ആർജ്ജിക്കുവാൻ മുൻനിര പ്രവർത്തകർക്ക് കഴിഞ്ഞു. പള്ളിക്ക് 45 ലക്ഷം ചെലവ് വരുമെന്ന് പ്രഖ്യാപിച്ച് ആരംഭിച്ച പദ്ധതിയ്ക്ക് ശിലാസ്ഥാപനം കഴിഞ്ഞപ്പോഴേക്കും 14 ലക്ഷവും കട്ടിളവെപ്പ് കഴിഞ്ഞപ്പോഴേക്കും 37 ലക്ഷവും ചെലവായെങ്കിലും ആയതിനെതിരെ ആരും ശബ്ദം ഉയർത്താതിരുന്നത് മേൽപ്പറഞ്ഞ മന്ത്രവാക്യങ്ങൾ ആവർത്തിച്ച് ഉരുവിട്ടതിനാലാണ്. എങ്കിലും യുക്തിയും ബുദ്ധിയും ആർക്കും പണയപ്പെടുത്താത്ത ചിലർ കടിഞ്ഞാണില്ലാത്ത ഈ പോക്കിനെ തങ്ങളുടെ രാജി മുഖേന ഞെട്ടിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ മാസവും പിരിഞ്ഞുകിട്ടുന്ന സംഖ്യയുടെ പകുതി എന്ന അനുപാതത്തിൽ മാത്രമേ റിസർവ് ഫണ്ടിൽ നിന്ന് പണം പിൻവലിക്കാവൂ എന്ന് പറഞ്ഞ അനുഭവസമ്പന്നനായ മുൻ വികാരിയുടെ അവസാന നിർദ്ദേശവും ചുമതലക്കാർ കാറ്റിൽപറത്തിയതോടെ അദ്ദേഹവും അതിൽനിന്ന് പിൻവാങ്ങി. പണി തുടങ്ങിപ്പോയതിനാൽ പിൻവാങ്ങാനാവാത്ത അവസ്ഥയിലായി പലരും. ഇങ്ങനെ ചുമതലപ്പെട്ട ആർക്കും കൃത്യമായി ശരിയായ ചിത്രം യഥാസമയം നൽകാതെ പുരോഗമിച്ച ദേവാലയ നിർമ്മാണം പരക്കെ എതിർപ്പിനും പ്രതിഷേധങ്ങൾക്കും ഇടയാക്കി. 45 വർഷത്തെ

ഭരണംകൊണ്ട് മുൻ വികാരിമാർ നേടിയ എതിർപ്പും പ്രതിഷേധവും മൂന്ന് നാല് വർഷങ്ങൾ കൊണ്ട് പുതിയ വികാരി സമ്പാദിച്ചു. പുതിയ ആകാശവും പുതിയ ഭൂമിയും പണിയാം എന്ന പ്രതീക്ഷയുടെ മറവിൽ ഇടവകയുടെ നട്ടെല്ല് എന്നന്നേക്കുമായി തകർക്കുക എന്ന ദൗത്യം പുതിയ നേതൃത്വം അതിസമർത്ഥമായി നിറവേറ്റുകയായിരുന്നു എന്ന തിരിച്ചറിവ് ഇടവകയ്ക്ക് ഉണ്ടായപ്പോഴേക്കും സമയം വളരെ വൈകിപ്പോയിരുന്നു.

ആയിടെയുണ്ടായ വൈദിക ശമ്പള പരിഷ്കരണത്തെ ഇടവക എതിർത്തത് ഈ പശ്ചാത്തലത്തിലാണ്. സേവന വ്യവസ്ഥകളുടെ ഭാഗമായി വികാരി ഇടവകയിൽ ക്വാർട്ടേഴ്സിൽ താമസിക്കുന്നപക്ഷം മാത്രമേ പുതിയ ശമ്പളപദ്ധതി അംഗീകരിക്കൂ എന്ന നിലപാട് ഇടവക പ്രഖ്യാപിച്ചത് വൻ കൊടുങ്കാറ്റിന്റെ ആരംഭമായി. പഴയ ശമ്പളതുക ഭദ്രാസന ഓഫീസ് നിഷേധിച്ചതോടെ പള്ളി ശമ്പളത്തുക അടയ്ക്കാതെയായി. ഒരു ഭരണസ്തംഭനം അനിവാര്യമായി. പുതിയ വികാരി നൂറ്റാണ്ടുകളായി പള്ളിയിൽ നടന്നുവരുന്ന പ്രതിദിന നമസ്കാരങ്ങൾ, ഇടദിവസത്തെ ആരാധനകൾ എന്നിവ മുടക്കുവാൻ ധൈര്യപ്പെട്ടത് മേൽഘടകത്തിലെ അനുവാദപ്രകാരവും പ്രോത്സാഹനപ്രകാരവും ആണെന്ന് ഇടവക കാര്യങ്ങളെ വിലയിരുത്തി. പാതിനോമ്പിന്റെ കുർബ്ബാനയും ഗോഗുൽത്താ നാട്ടലും മുടങ്ങിയതോടെ ജനം പ്രക്ഷുബ്ധരായി. ഇടവകയോടെന്നും കൂറു പുലർത്തിയ കോറെപ്പിസ്കോപ്പായ്ക്ക് പുതിയ വികാരിയുടെ നേതൃത്വത്തിൽ അരങ്ങേറിയ നാടകങ്ങളെ ഹൃദയം കൊണ്ട് പ്രതിഷേധിക്കുവാനേ കഴിഞ്ഞുള്ളു. ഒരു ദുഃഖവെള്ളിയാഴ്ച പുതിയ വികാരിയുടെ പ്രിയ മാതാവ് അന്തരിച്ചു. അതോടെ കാര്യങ്ങൾക്ക് അയവ് വന്നെങ്കിലും പരിഹാരം ഉണ്ടായില്ല. ഇടവകയുടെ കൂടെ ചേർന്ന് പുതിയ വികാരിയുടെ നിലപാടുകളെ ദുർബലപ്പെടുത്തിയാലോ എന്ന ഭയം മൂലമാകാം കോറെപ്പിസ്ക്കോപ്പാ ലീവിൽ പ്രവേശിക്കുവാൻ നിർബന്ധിതനായി. ശാരീരിക രോഗങ്ങളേക്കാൾ അധികം മാനസിക പിരിമുറുക്കമാണ് ലീവിലേക്ക് നയിച്ചതെന്ന് അനേകർക്ക് അറിവുണ്ടായിരുന്നു. കാര്യങ്ങൾ ചെറുത്തുനില്പു കൂടാതെ നിശ്ശബ്ദനായി വഹിക്കേണ്ടുന്ന അവസ്ഥയിലേക്ക് 1999 മുതൽ അദ്ദേഹം എത്തിയിരുന്നു. ദുഃഖകരമായ ഈ സാഹചര്യം 2005–2006 ലെ റിപ്പോർട്ടിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

“ഈ ഭരണസമിതിയുടെ കാലത്തുണ്ടായ ഏറ്റവും പ്രധാനമായ സംഭവമായിരുന്നു പുതിയ ശമ്പള പദ്ധതി വിവാദം. ഇടവകയിൽ ശമ്പള പദ്ധതി പാസ്സാക്കാൻ കൂടിയ യോഗത്തിൽ തീരുമാനം പാസ്സാകാതിരുന്നതിനെ തുടർന്ന് ശമ്പളപദ്ധതി അനുസരിച്ചുള്ള പണം അടയ്ക്കാൻ പറ്റാതെ വരികയും പഴയ സംഖ്യ വാങ്ങാൻ ഭദ്രാസന അധികാരികൾ വിസമ്മതിക്കുകയും ചെയ്തു. ഇതോടെ പള്ളിയിലെ സന്ധ്യാരാധനകൾ പോലും

തടസ്സപ്പെട്ടു. വലിയനോമ്പിൽ പോലും സാധാരണയായി നടക്കാറുള്ള ആത്മീയകാര്യങ്ങൾ ചെയ്യാൻ ബഹു. വൈദികൻ വിസമ്മതിച്ചതോടെ ആത്മീയകാര്യത്തിൽ നമ്മുടെ ഇടവകാംഗങ്ങൾക്ക് വലിയതോതിൽ പ്രശ്നങ്ങൾ ഉണ്ടായി" (പുറം 7).

ഒടുവിൽ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളിൽ പ്രശ്നങ്ങൾക്ക് പരിഹാരമായി. പുതിയ ശമ്പള പദ്ധതിയിലേക്ക് പള്ളിയിൽ നിന്ന് 4 ലക്ഷം രൂപ അടച്ചു. പള്ളിയിൽ ആത്മീയ ആവശ്യങ്ങൾ മുടക്കിയതിന് ഭദ്രാസനം 42000 രൂപ പള്ളിക്ക് നൽകുകയും പ്രശ്നങ്ങൾക്ക് പരിഹാരമായി വികാരിയെ സ്ഥലംമാറ്റുകയും ചെയ്തു. 2006-ൽ പുതിയ വികാരിയായി ഫാ. സ്റ്റീഫൻ ജോർജ്ജും സഹവികാരിയായി ഫാ. സഖറിയാ (എബി) കൊള്ളന്നൂരും നിയമിക്കപ്പെട്ടു. നേരത്തെ ലീവിലിരിക്കേ, 2005-ൽ ജോസഫ് കോറെപ്പിസ്ക്കോപ്പാ റിട്ടയർ ചെയ്യേണ്ടി വന്നു. ഒടുവിലത്തെ ഏതാനും മാസങ്ങളിൽ ബഹു. സണ്ണി ചാക്കോ അച്ചൻ പ്രതിസന്ധികളുടെ മദ്ധ്യേ ഏകനായി ഇടവകശുശ്രൂഷ നടത്തേണ്ടി വന്നു. പ്രത്യുല്പന്നമതിയും കഠിനാധ്വാനിയും സേവന തല്പരനുമായ അദ്ദേഹം അഞ്ചു വർഷം കൊണ്ട് ഇടവകയ്ക്ക് 'വാഗ്ദത്തഭൂമിയുടെ പ്രതീക്ഷ നൽകുകയും ഒരു കൊള്ളിയാൻ എന്നപോലെ ഇടവകയുടെ ചരിത്രത്തിൽ അസ്തമിക്കുകയും ചെയ്തു. ഒരു യാത്രയയപ്പിന്റെ ബഹുമതി അദ്ദേഹത്തിന് നൽകണമെന്ന് ആരും അഭിപ്രായപ്പെട്ടതായി കാണുന്നില്ല. കഴിയുമെങ്കിൽ മേലിലൊരിക്കലും അദ്ദേഹത്തെ ഒരു പരിപാടികളിലും പങ്കെടുപ്പിക്കരുതെന്നുപോലും ഇടവക ആഗ്രഹിച്ചതായി തോന്നുന്നു.

## അധ്യായം 7

# വിശ്രമതീരം തേടി

മലങ്കരസഭയിലെ ഒന്നാംകിട ദേവാലയം എന്ന വ്യാമോഹം ഇടവകയിലെ യുവനേതാക്കൾക്ക് നൽകി ആരംഭിച്ച ദേവാലയ നിർമ്മാണം എല്ലാവരുടേയും പിടിവിട്ടുപോയത് എല്ലാവരും മനസ്സിലാക്കിയത് ഏറെ വൈകിയിട്ടാണെന്ന് പറഞ്ഞുവല്ലോ. പുതിയ ദേവാലയത്തിന്റെ സ്ഥാനനിർണ്ണയത്തോടെ വടക്കുഭാഗത്ത് പണിയാൻ ഉദ്ദേശിച്ചിരുന്ന കെട്ടിടത്തിന് സ്ഥലം നഷ്ടപ്പെട്ടു. പള്ളിപ്പറമ്പിൽ നിന്ന് മൂന്നു മീറ്ററിലധികം താണുകിടക്കുന്ന ചാക്യത്ത്പറമ്പ് ഉയർത്തിയതിലൂടെ ലക്ഷങ്ങളാണ് നഷ്ടപ്പെട്ടത്. മദ്ബഹായുടെ വിസ്തൃതി അനാവശ്യമായി വർദ്ധിച്ചപ്പോൾ വിശദീകരണമുണ്ടായി. അടുത്ത് നടക്കാനിരിക്കുന്ന കാതോലിക്കാ സ്ഥാനാരോഹണവും മേല്പട്ടവാഴ്ചയും പഴഞ്ഞിയിലാണ് നടക്കുക. ആ ചരിത്ര സംഭവങ്ങൾക്ക് പര്യാപ്തമായവിധം മദ്ബഹായ്ക്ക് വിസ്തൃതിയുണ്ടാവണം. ആ വിശദീകരണം ആവേശത്തോടെ ഇടവകയുടെ ഭരണതലം ഏറ്റുപാടി. അവർ ഒരു തരം മായാവലയത്തിലായിരുന്നു. മാസ്റ്റർപ്ലാനിൽ പ്രഖ്യാപിച്ച പതിമൂന്ന് പരിപാടികളിൽ പന്ത്രണ്ടും ആരംഭിക്കാൻ പോലും ആയില്ല എന്നത് ആ ലഹരിയിൽ അവർ വിസ്മരിച്ചു. പതിമൂന്ന് പദ്ധതികൾക്കുമായി തയ്യാറാക്കി റിപ്പോർട്ടിൽ പ്രഖ്യാപിച്ച ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് പള്ളിയുടെ നിർമ്മാണത്തിന് മാത്രമായി ചെലവഴിച്ചിട്ടും ദേവാലയ നിർമ്മാണം എങ്ങും എത്തുന്നില്ല എന്നതും 2004 വരെ മാത്രം തുടരാൻ അനുമതിയുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റി സംവിധാനം അനിശ്ചിതമായി തുടരേണ്ടി വന്നിട്ടും 'വഞ്ചി തിരുനക്കര തന്നെ' എന്ന അവസ്ഥ കോറെപ്പിസ്ക്കോപ്പായെയും ചിന്തിക്കുന്ന കുറേപ്പേരെയും അസ്വസ്ഥരാക്കി. മുകളിലും നാലുഭാഗത്തുമായി പിടിമുറുക്കിയ അന്ധകാരശക്തികളോട് നേരിടുവാൻ തനിക്ക് ശക്തി പോരാ എന്ന  തിരിച്ചറിവാണ് അച്ചനെ റിട്ടയർ ചെയ്യുവാൻ പ്രേരിപ്പിച്ചത്. അഞ്ച് പതിറ്റാണ്ടു കാലത്തോളം തന്നെ ശക്തിപ്പെടുത്തുകയും താൻ ശക്തിപ്പെടുകയും ചെയ്ത ഇടവകയിൽ താൻ ഒന്നുമല്ലാതെ ശൂന്യാവസ്ഥയിൽ എത്തിനില്ക്കുന്ന ഒറ്റപ്പെടലിന്റെ ക്രൂരമായ മുഖം അദ്ദേഹത്തിന് ദർശിക്കേണ്ടി വന്നു. തെക്കേക്കര അച്ചൻ ഏതാണ്ടു സമാനമായ പരിതസ്ഥിതിയിൽ രാജിവച്ചു എങ്കിലും അദ്ദേഹം ഇടവകയിൽ അന്യനായിപ്പോയില്ല. ഇടവകയുടെ ആത്മീയ സാന്നിധ്യമായി തുടരുവാൻ അച്ചന് അവസരം ഉണ്ടായി. ഐനൂർ, ചൊവ്വന്നൂർ തുടങ്ങിയ ദേവാലയങ്ങളിൽ വി. കുർബ്ബാനയുടെ ചുമതല ഏതാനും വർഷങ്ങളിൽ നടത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അതിനുള്ള ശാരീരിക ആരോഗ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റു പള്ളികളിൽ

പോകാൻ വയ്യാത്ത അവസ്ഥയിലും പഴഞ്ഞി പള്ളിയിൽ അദ്ദേഹം ആരാധനയിൽ പങ്കെടുത്തിരുന്നു. മിക്കവാറും അന്തരിക്കുന്നതിന് ഏതാനും മാസം മുമ്പു വരെയും പള്ളിയുടെ തൊട്ടു വടക്കുവശത്തെ വീട്ടിൽ താമസിച്ചിരുന്ന അദ്ദേഹത്തെ മകൻ ജെയിംസോ കൊച്ചുമകൻ ജസ്റ്റിനോ പള്ളിയിലെത്തിച്ചിരുന്നു.

എന്നാൽ ജോസഫ് കോർഎപ്പിസ്കോപ്പായെ സംബന്ധിച്ച് പറഞ്ഞാൽ അദ്ദേഹത്തിന്റെ ലോലഹൃദയം പഴഞ്ഞിയിലെ ദേവാലയാന്തരീക്ഷത്തെ കയ്പോടെ കാണുവാനാണ് തയ്യാറായത്. ശാരീരിക അവശതയുണ്ടെങ്കിലും അല്പം ക്ലേശിച്ചാൽ അദ്ദേഹത്തിന് പള്ളിയിലെ ആരാധനകളിൽ പങ്കെടുക്കുവാൻ കഴിയുമായിരുന്നു. എന്നാൽ സമീപകാല അനുഭവങ്ങൾ സൃഷ്ടിച്ച ഭയാനകമായ അവഗണന, വർത്തമാനകാല യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ പാകമായ ഒരു മാനസിക അവസ്ഥയെയാണ് അദ്ദേഹത്തിൽ ജനിപ്പിച്ചത്. അവശേഷിച്ച ജീവിതകാലം ഭൂതകാലസ്മരണകളെ താലോചിച്ച് കഴിയുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. തന്നിലെ പൗരോഹിത്യത്തോടു പോലും പുറംതിരിഞ്ഞിരിക്കുന്ന അവസ്ഥയിൽ അദ്ദേഹം ആഹ്ലാദം കണ്ടെത്തുകയായിരുന്നുവോ? സന്ദർശകരോട് വാ തോരാതെ സംസാരിക്കുമെങ്കിലും അത് പഴയ ബന്ധങ്ങളെ പറ്റിയും പഴയ പ്രവർത്തനങ്ങളെപ്പറ്റിയും മാത്രമായിരുന്നു. തന്നെ രൂപപ്പെടുത്തിയ ദേവാലയത്തെപ്പറ്റിയുള്ള വാർത്തകളും ചിന്തകൾ പോലും അദ്ദേഹത്തിന് അനിഷ്ട ഹേതുകമായിരുന്നു. പ്രിയ പത്നിയുടെയും മക്കളുടെയും സാന്ത്വനങ്ങളും ശുശ്രൂഷയും മാത്രമായിരുന്നു ഏക ആശ്വാസം. ഒരിക്കലും വീട്ടിൽ സ്ഥിരമായി കഴിയാൻ കൂട്ടാക്കാതെ ഇടവകക്കാര്യം, ഭദ്രാസനകാര്യം, കോളജ്കാര്യം, നാട്ടുകാര്യം എന്നിങ്ങനെ ഓടിനടന്ന തങ്ങളുടെ പ്രിയപ്പെട്ട പപ്പായെ വീട്ടുകാര്യങ്ങൾക്ക് മാത്രമായി വിട്ടുകിട്ടിയതിൽ മറ്റെല്ലാം മറന്ന് വീട്ടുകാർ അദ്ദേഹത്തെ ഹൃദയപൂർവം പരിചരിച്ചു.

പക്ഷേ, ആ സ്വസ്ഥതയും ഏറെനാൾ നീണ്ടുനിന്നില്ല. 2007 ജനുവരി 1-ാം തീയതി പ്രിയ പത്നി ഇഹലോകവാസം വെടിഞ്ഞത് അദ്ദേഹത്തെ വീണ്ടും ഇരുട്ടിലാക്കി. കുറ്റിക്കാട്ടിലല്ല, കൊടുങ്കാട്ടിൽ ഒരിറ്റ് വെളിച്ചം അന്വേഷിച്ച് അലയുവാനായിരുന്നു അദ്ദേഹത്തിന്റെ വിധി. മകനും കുടുംബവും കൂടെയുണ്ട്; വിവാഹിതരായ പെൺമക്കൾ സമീപപ്രദേശങ്ങളിലുണ്ട്. അവർ സമയം കിട്ടുമ്പോഴെല്ലാം അച്ചനെ സന്ദർശിച്ചിരുന്നു. എന്നിരുന്നാലും 'ഉപ്പോളം വരുമോ ഉപ്പിലിട്ടത്' എന്ന പഴമൊഴി യാഥാർത്ഥ്യമാക്കത്തക്കവിധം കൊച്ചമ്മയുടെ ദേഹവിയോഗം അദ്ദേഹത്തെ വിഷാദമൂകനാക്കി. താൻ തനിച്ചാക്കപ്പെട്ടു എന്ന വ്യഥ അദ്ദേഹം അറിഞ്ഞു. സ്വന്തം കാൽച്ചുവട്ടിലെ മണ്ണ് നോക്കിനില്ക്കെ ഒലിച്ചുപോകുമ്പോൾ അനുഭവപ്പെടുന്ന പതനഭയം അദ്ദേഹത്തിൽ ഞെട്ടലുണ്ടാക്കി. ഷേക്സ്പിയറുടെ

ദുരന്തനാടകമായ മാക്ബെത്തിലെ ലേഡി മാക്ബെത്ത് തന്നെ സന്ദർശിക്കുവാൻ വരുന്നവരോട് അർദ്ധബോധാവസ്ഥയിൽ പറഞ്ഞിരുന്നുവത്രേ. 'അറേബിയായിലെ മുഴുവൻ സുഗന്ധദ്രവ്യങ്ങൾ പുരട്ടിയാലും തന്റെ കൈകളിലെ രക്തത്തിന്റെ ദുർഗന്ധം ഇല്ലാതാകുകയില്ല; അറബിക്കടലിലെ മുഴുവൻ വെള്ളം ഉപയോഗിച്ച് കഴുകിയാലും തന്റെ കൈകളിലെ രക്തക്കറകൾ അപ്രത്യക്ഷമാകയില്ല.' ജീവിതാന്ത്യം മനുഷ്യരെ ആത്മ പരിശോധനയിലേക്ക് നയിക്കുമെന്നാവാം മഹാകവി ഉദ്ദേശിച്ചത്. തന്റെ പ്രിയതമ അന്തരിച്ചപ്പോൾ, വൈദികരുടെ മാത്രം കാർമ്മികത്വത്തിൽ പ്രിയതമയുടെ സംസ്കാര ശുശ്രൂഷ നിർവഹിക്കപ്പെട്ടപ്പോൾ അദ്ദേഹം വിതുമ്പുകയായിരുന്നു. സംഭവബഹുലമായ തന്റെ ജീവിതം തികഞ്ഞ പരാജയമായിരുന്നുവോ? താൻ പൂജിച്ചിരുന്നത് കളിമൺ പ്രതിമകളെ ആയിരുന്നുവോ? താൻ രാപകൽഭേദമേന്യ, കുടുംബത്തേക്കാൾ അധികം സ്നേഹിച്ച വിഗ്രഹങ്ങൾ 'കള്ളദൈവങ്ങൾ' ആയിരുന്നുവോ?

ആയിടെ അദ്ദേഹത്തെ സന്ദർശിക്കാനെത്തുന്നവരോട് അദ്ദേഹം ഓർമ്മിച്ച് പറയും: ആറ് ദിവസമായി, മുപ്പത്തിഏഴ് ദിവസമായി... തന്റെ സഹധർമ്മിണി തന്നെ വിട്ടുപിരിഞ്ഞിട്ട് അത്ര ദിവസമായി എന്നാണ് അദ്ദേഹം പറയുവാൻ ശ്രമിക്കുന്നത്. അത് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നനയുമായിരുന്നു. പ്രകടനപരത ഒട്ടുമില്ലാതിരുന്ന ഒരു ഗ്രാമീണ സംസ്കാരത്തിൽ കാപട്യങ്ങൾ ഒട്ടുമില്ലാതിരുന്ന ഒരു ദാമ്പത്യത്തിന്റെ തെളിനീർ സ്മരണ ആ കണ്ണുകളിൽ കാണാമായിരുന്നു. 2010 ആഗസ്റ്റിൽ ഈ ഗ്രന്ഥകാരൻ പഴഞ്ഞി കിഴക്കേ അങ്ങാടിയിൽ ഒരു വീട് വാങ്ങി താമസം ആരംഭിച്ചപ്പോൾ അദ്ദേഹം യാത്ര ചെയ്യാനാവാത്ത അവസ്ഥയിലായിരുന്നു. സന്ദർശിക്കുമ്പോൾ പലപ്പോഴും പരിചയപ്പെടുത്തിയാലേ ഓർമ്മ വരൂ എന്ന അവസ്ഥയിലായിരുന്നു. ഓർമ്മ വന്നാൽ തന്നെ പഴയ കാര്യങ്ങൾ ഓർമ്മിച്ചെടുക്കുവാൻ സാധിക്കുന്ന അത്ര എളുപ്പത്തിൽ വർത്തമാനകാല കാര്യങ്ങൾ ഓർമ്മിച്ചെടുക്കുവാനാകുമായിരുന്നില്ല. മുൻഭാഗത്തെ തുറന്ന വരാന്തയിൽ കള്ളിമുണ്ട് ധരിച്ച് ചാരുകസേരയിലിരിക്കുന്ന അദ്ദേഹത്തിന്റെ ചിത്രം നമ്മുടെ മനസ്സിൽ നിന്നു മായുകയില്ല. അടുത്തുള്ള ബഞ്ചിലും തിണ്ണയിലുമായി അദ്ദേഹത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ച 1971/2-ലെ കൊച്ചി ഭദ്രാസന ഡയറക്ടറിയും മറ്റും കാണും. പഴയ കുറെ ഫോട്ടോ ആൽബങ്ങളും പത്രവാർത്തകൾ ശേഖരിച്ച ഫയലും കൂട്ടത്തിലുണ്ടാവും. വരുന്നവരോട് അവയെക്കുറിച്ച് സംസാരിക്കുകയല്ലാതെ ഏതെങ്കിലും വർത്തമാനകാല വിഷയങ്ങളിലേക്ക് കടക്കുവാൻ അദ്ദേഹം തയാറായിരുന്നില്ല. ഒടുവിൽ ഏകാന്തതയും വിഷാദരോഗവും കൂടിച്ചേർന്ന് അദ്ദേഹത്തെ അർദ്ധബോധാവസ്ഥയിലെത്തിച്ചു.

ഫാ. സ്റ്റീഫൻ ജോർജ് വികാരിയായിരിക്കേ 2008 മെയ് 9, 10 തീയതി

കളിൽ പഴഞ്ഞിയിലെ പുതിയ ദേവാലയത്തിന്റെ കൂദാശ നിർവഹിക്കപ്പെട്ടു. പൂർത്തീകരണവുമായി ബന്ധപ്പെട്ട പല പുതിയ പണികളും ബാക്കിനില്ക്കേ ആരൊക്കെയോ നിർബന്ധപൂർവം ശഠിച്ചതുകൊണ്ടാവാം ആ കൂദാശ അന്നു നടന്നത്. നീണ്ട ആറു വർഷങ്ങൾ കഴിഞ്ഞിട്ടും ദേവാലയ നിർമ്മാണം കഴിയാത്ത അമർഷവും വേദനയും നിരാശയും ആ ശാഠ്യത്തെ കർക്കശമാക്കിയിരിക്കാം. 9-ാം തീയതി കൂദാശയുടെ ശിലാസ്ഥാപന ശുശ്രൂഷയ്ക്ക് മുമ്പായി സന്ധ്യാനമസ്കാരം നടത്തുമ്പോൾ പുതിയ ദേവാലയത്തിലേക്ക് കോറെപ്പിസ്കോപ്പായെ ആദരപൂർവം ആനയിച്ചു. ഹൈക്കലായിൽ ഒരു കസേരയിലിരുന്ന അദ്ദേഹം അല്പനേരം കാര്യങ്ങൾ വീക്ഷിച്ചു (കറുത്ത പുറംകുപ്പായവും വലിയ തൊപ്പിയും അണിഞ്ഞ് അദ്ദേഹം പള്ളിയിൽ വരുന്നത് വർഷങ്ങൾക്ക് ശേഷം. അത് അവസാനത്തെ വരവ് ആയിരുന്നു.). അല്പനേരം കഴിഞ്ഞ് അദ്ദേഹത്തെ വീട്ടിലേക്ക് കൊണ്ടുപോയി. പിറ്റേന്ന് അദ്ദേഹം പള്ളിയിൽ വന്നതുമില്ല (തെക്കേക്കര അച്ചൻ കൂദാശയുടെ ദിവസം മദ്ബഹായിൽ കുറേനേരം ഒരു കസേരയിലിരുന്ന് സംബന്ധിച്ചതായി ഓർക്കുന്നു. ഈ ഗ്രന്ഥകാരന് ദേവാലയ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും - സംഭാവന നൽകിയതൊഴികെ - പങ്കാളിത്തമൊന്നും ലഭിച്ചിരുന്നില്ലെങ്കിലും പുതിയ ദേവാലയത്തിന്റെ കൂദാശയിൽ തയാറാക്കപ്പെട്ട എല്ലാ തബ്ലൈത്താകളിലും കൂദാശയിലെ കാർമ്മികരായ പൗലൂസ് മാർ മിലിത്തിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, പൗലോസ് മാർ പക്കോമിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ പേരുകളും, കൂദാശയുടെ തീയതിയും കൂദാശയുടെ മറ്റു വിവരങ്ങളും ഹൂദായകാനോനിൽ നിർദ്ദേശിച്ചവിധം സുറിയാനി ഭാഷയിൽ രേഖപ്പെടുത്തുവാൻ ദൈവം അവസരം ഒരുക്കിയതും കൂദാശയുടെ ഡി.വി.ഡി. ചുമതലക്കാരുടെ അഭ്യർത്ഥന അനുസരിച്ച് തെക്കുംകരയിലെ തന്റെ ഭവനത്തിലിരുന്ന് സംവിധാനം ചെയ്യാൻ അവസരം ഉണ്ടായതും, രണ്ടു ദിവസങ്ങളിലായി നടന്ന കൂദാശയുടെ എല്ലാ അനുഷ്ഠാനങ്ങളിലും അർക്കദിയാക്കോന്റെ സ്ഥാനം വഹിച്ച് മുഖ്യകാർമ്മികന്റെ സഹായിയാവാൻ നിയോഗം ലഭിച്ചതും ആഹ്ലാദപൂർവ്വം ഓർക്കുന്നു. 2011-ലെ വി. കുർബ്ബാനയുടെ സ്ഥാപനപെരുന്നാൾ കൂടിയായ പെസഹാ പെരുന്നാളിൽ പുതിയ ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ അവസരം ലഭിച്ചതും 2012 സെപ്തംബർ 30-നും ഒക്ടോബർ 1-ലുമായി പുതിയ ദേവാലയത്തിന്റെ പൂർത്തീകരണത്തോടനുബന്ധിച്ച് അഹമ്മദ്ബാദ് മെത്രാസനത്തിന്റെ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ശുദ്ധീകരണ ശുശ്രൂഷയിൽ മുഖ്യസഹായിയായി ശുശ്രൂഷിക്കാൻ ദിവ്യനിയോഗം ലഭിച്ചതും സന്ദർഭവശാൽ ഓർത്തുപോകുന്നു.)

2008 ജൂലൈ 6-ന് നടന്ന തെക്കേക്കര അച്ചന്റെ കന്തീലാ ശുശ്രൂഷയിൽ കോറെപ്പിസ്കോപ്പായ്ക്ക് പങ്കെടുക്കുവാൻ കഴിഞ്ഞില്ല. എങ്കിലും ഒരു മാസം കഴിഞ്ഞ് ആഗസ്റ്റ് 6-ന് തെക്കേക്കര അച്ചൻ അന്തരിച്ചപ്പോൾ പഴയപള്ളിയിൽ വച്ച് നടത്തിയ ഒടുവിലത്തെ ക്രമത്തിൽ ഒരു ചെറിയ അനുസ്മരണ പ്രസംഗം നടത്തുവാനും ധൂപാർപ്പണം നടത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞു. 2011 ലാണ് അച്ചനെ മറ്റൊരു അപകടം കാത്തു കിടന്നത്. വീട്ടിൽ വീണതിന്റെ ഫലമായി തുടയെല്ല് ഒടിഞ്ഞുപോയി. ഏതാനും മാസങ്ങളിലെ ചികിത്സകൊണ്ട് അത് സുഖപ്പെട്ടു എങ്കിലും ആ സംഭവം അച്ചനെ സ്ഥിരമായ ശയ്യാവലംബിയാക്കി. എഴുന്നേറ്റ് നില്ക്കുവാനും അത്യാവശ്യം നടക്കുവാനും കഴിഞ്ഞിരുന്നുവെങ്കിലും കൂടുതൽ നേരം കട്ടിലിൽ കിടക്കുന്ന അവസ്ഥയിലായി. ഓർമ്മ തീരെ കുറഞ്ഞു. സുപരിചിതരെപ്പോലും പറഞ്ഞ് പരിചയപ്പെടുത്തിയാലേ തിരിച്ചറിയൂ എന്ന അവസ്ഥയിലായി (2010 ഒക്ടോബർ 2-നു ഈ ഗ്രന്ഥകാരന്റെ പഴഞ്ഞി കിഴക്കേഅങ്ങാടിയിലെ വീടിന്റെ കൂദാശയ്ക്ക് താൻ നേരിട്ട് ക്ഷണിച്ചതും അതിന് മുമ്പ് ഓഗസ്റ്റിൽ താൻ പഴഞ്ഞിയിൽ സ്ഥിരതാമസമാക്കിയപ്പോൾ ആ വിവരം അറിയിച്ചതും ഒന്നും ഓർമ്മയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്.)

ഒരു ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിച്ചശേഷം തിരിച്ചു പോരുമ്പോൾ ജെയിംസിന്റെ വാക്കുകളിലൂടെ ആ വാർത്ത എന്റെ ചെവിയിൽ പതിച്ചു.

'കുറ്റിക്കാട്ടിലച്ചന്റെ തൈലാഭിഷേക ശുശ്രൂഷ കഴിഞ്ഞു.' അവിശ്വസനീയമായ ആ വാർത്ത എന്നെ അത്ഭുതപ്പെടുത്തി. ഞാൻ പഴഞ്ഞിയിൽ സ്ഥിരതാമസമുണ്ടായിട്ടും ആ ശുശ്രൂഷയുടെ വിവരം എന്നെ ചുമതലപ്പെട്ടവർ ആരും അറിയിച്ചില്ലല്ലോ എന്ന് വേദന തോന്നി. പിന്നീടുള്ള അന്വേഷണത്തിൽ ഒരു കാര്യം മനസ്സിലായി. അച്ചന് കുർബ്ബാന കൊടുക്കണമെന്ന് വീട്ടുകാർ ആവശ്യപ്പെട്ടിരുന്നത്രേ. തൈലാഭിഷേക ശുശ്രൂഷ പഴഞ്ഞിയിലെ വികാരിമാരുടെ താല്പര്യപ്രകാരം നടത്തി എന്നേ ഉള്ളൂ. വേണ്ടത്ര ഒരുക്കങ്ങൾ കൂടാതെ ആ ശുശ്രൂഷ നടത്തിയതിൽ, അറിവോടെയാണെങ്കിലും അറിവില്ലാതെയാണെങ്കിലും ചില അപാകതകൾ മണക്കുന്നതായി എനിക്കനുഭവപ്പെട്ടു.

നമ്മുടെ പല വൈദികരുടെയും ജീവിതത്തിന്റെ അന്ത്യദിനങ്ങൾ എന്റെ ഓർമ്മയിലെത്തി. ഭൂരിഭാഗംപേരും കന്തീലാ ശുശ്രൂഷ ലഭിക്കാതെ ഇഹലോകവാസം വെടിയേണ്ടി വന്നവരാണ്. കൂത്തൂർ സൈമൺ കത്തനാർ അന്ത്യനാളുകളിൽ അത് ആവശ്യപ്പെടുകയും മെത്രാപ്പോലീത്താ വിദേശത്താകയാൽ ആ ശുശ്രൂഷ നടത്താമോ എന്ന് എന്റെ സമ്മതം സമ്മതം ആവശ്യപ്പെടുകയും കന്തീലാ ശുശ്രൂഷ നടത്തുവാൻ മാർ

സേവേറിയോസ് തിരുമേനിയിൽ നിന്ന് പ്രത്യേകം അനുമതി രേഖാമൂലം ലഭിച്ചിട്ടുള്ളതിനാൽ ആയത് നടത്താമെന്ന് ഞാൻ സമ്മതം നൽകുകയും ചെയ്തു എങ്കിലും മെത്രാപ്പോലീത്താ ഇല്ലാതെ ആ ശുശ്രൂഷ നടത്തേണ്ടതില്ലെന്ന അകാനോനിക നിർദ്ദേശത്തിന് വഴിപ്പെട്ട് അന്ന് നടക്കാതെ പോകയാണുണ്ടായതെന്ന് ഞാൻ ഓർത്തു. വീട്ടുകാരുടേയും നാട്ടിലെ വൈദികരുടേയും അജ്ഞത മൂലം ചേലക്കര ചെമ്മണ്ണൂർ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പായ്ക്ക് കന്തീലാ നഷ്ടപ്പെട്ടു കൂടാ എന്ന ചിന്തയിൽ അക്കാര്യം ക്രമീകരിക്കുവാൻ ഞാൻ മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടതനുസരിച്ച് രോഗിയെ സന്ദർശിച്ച് കന്തീലാ ശുശ്രൂഷയുടെ തീയതി നിശ്ചയിക്കുവാൻ അഭിവന്ദ്യ തിരുമേനി നിശ്ചയിച്ചു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അന്ന് തെക്കുംകര - കാര്യാട് - താമസിച്ചിരുന്ന ഞാൻ ഓട്ടുപാറയിൽ വച്ച് തിരുമേനിയുടെ കാറിൽ കയറി. ചേലക്കരയ്ക്ക് സമീപമെത്തിയപ്പോൾ കോറെപ്പിസ്കോപ്പായുടെ മരണവൃത്താന്തമാണ് ഞങ്ങളെ എതിരേറ്റത്. അദ്ദേഹം കന്തീലാ ശുശ്രൂഷ ലഭിക്കാതെ യാത്രയായി. പഴഞ്ഞിയിലെ തെക്കേക്കര അച്ചന്റെ കാര്യത്തിൽ ബഹു. സി. ടി. ജോസ് അച്ചൻ മുൻകൈ എടുത്തതിനാൽ കന്തീലാ ശുശ്രൂഷ നടന്നു (തെക്കേക്കര അച്ചൻ സ്മരണിക, പേജ് 201).

പഴഞ്ഞിയുടെ ചരിത്രത്തിൽ മറ്റെല്ലാ വൈദികരേക്കാളും ആദരണീയനായ - ഗ്രാമങ്ങളുടെ മെത്രാൻ കൂടെയായ - കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായുടെ കന്തീലാ ശുശ്രൂഷ ആദരപൂർവ്വം നടത്തണമെന്ന് ഞാൻ ആഗ്രഹിച്ചു. ആദ്യം അച്ചന്റെ വീട്ടുകാരെ ഒരു ദൂതൻ മൂലം വിവരം അറിയിച്ചു. ആശാവഹമായ മറുപടി ലഭിക്കായ്കയാൽ പഴഞ്ഞി പള്ളിയിലെ കൈക്കാരനെ വിളിച്ചു കന്തീലാ നടത്തുവാനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ ആവശ്യപ്പെട്ടു (ബഹു. അച്ചനോട് ആവശ്യപ്പെടുന്നത് നിഷ്പ്രയോജനമെന്ന് പല അനുഭവങ്ങളാലും അറിയാമായിരുന്നു). കൈക്കാരൻ ശ്രീ. രാജു, അച്ചന്റെ മകനുമായി സംസാരിച്ചു എങ്കിലും കാര്യങ്ങൾക്ക് ആവശ്യമായ വ്യക്തത ഉണ്ടായില്ല. പക്ഷേ, അതോടെ വിവരം പ. ബാവായുടെ ശ്രദ്ധയിൽപ്പെട്ടു. ഏറെ താമസിയാതെ അദ്ദേഹം പഴഞ്ഞിയിൽ വന്നപ്പോൾ കോറെപ്പിസ്ക്കോപ്പായെ സന്ദർശിച്ചു. രോഗാവസ്ഥയുടെ ഗൗരവം അദ്ദേഹത്തിന് ബോധ്യപ്പെട്ടു. കന്തീലാ ശുശ്രൂഷയുടെ തീയതി നിശ്ചയിച്ചതിന് ശേഷമാണ് അദ്ദേഹം അന്ന് മടങ്ങിയത്. അച്ചന്റെ മകൻ വിവരമെല്ലാം എന്റെ വീട്ടിൽ വന്ന് ധരിപ്പിച്ചു. അച്ചന്റെ ഇളയ മകളുടെ ഭർത്താവ് ഒരു വൈദികൻ ആയതിനാൽ ക്രമീകരണങ്ങൾ എല്ലാം അദ്ദേഹം ചെയ്തു.

2012 മെയ് മാസം 18-ന് സ്വവസതിയിൽ കന്തീലാ ശുശ്രൂഷയ്ക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു. കന്തീലാ ശുശ്രൂഷയ്ക്ക്

രോഗിയെ പടിഞ്ഞാറോട്ട് അഭിമുഖമായി കിടത്തുന്ന അശ്രദ്ധ എന്റെ ഗുരുവിന്റെ കാര്യത്തിൽ സംഭവിക്കരുതെന്ന് കരുതി ഞാൻ നേരത്തെ അദ്ദേഹത്തിന്റെ വീട്ടിലെത്തിയിരുന്നു. പുത്രീഭർത്താവായ ഫാ. ജേക്കബ്, അച്ചന്റെ ശരീരം ശുദ്ധിയാക്കി സാധാരണ വസ്ത്രങ്ങളും പുറംകുപ്പായവും ധരിപ്പിച്ച് അച്ചനെ കിഴക്കോട്ട് അഭിമുഖമായി കിടത്തിയിരുന്നു. കിഴക്കുവശത്ത് ഒരു മേശയിൽ ഒരു പ്ലേറ്റിൽ ഗോതമ്പ് മാവ് കുഴച്ച് പാത്രത്തിന്റെ ആകൃതിയിൽ പരത്തി അതിൽ അഞ്ച് പഞ്ഞിത്തിരികളും കുത്തിനിറുത്തി സൈത്ത് ഒഴിച്ച് കന്തീലാ സജ്ജീകരണം പൂർത്തിയാക്കിയിരുന്നു. സമയമായപ്പോൾ പ. ബാവായല്ല, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അഹമ്മദ്ബാദ് മെത്രാസനത്തിന്റെ പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ആണ് ശുശ്രൂഷ നടത്തുവാൻ എത്തിയത്. വന്നപാടെ അദ്ദേഹം എന്റെ കാതിൽ മന്ത്രിച്ചു. 'ഞാൻ ആദ്യമായിട്ടാണ് ഈ ശുശ്രൂഷ നടത്തുന്നത്.' 'കാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധ ചെലുത്തികൊള്ളാമെന്ന്' ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അവിടെയും ആ ശുശ്രൂഷയുടെ അർക്കദിയാക്കോൻ സ്ഥാനം എന്നിൽ വന്നുചേരുകയായിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ ആമുഖ പ്രസംഗത്തിനുശേഷം ശുശ്രൂഷ ആരംഭിച്ചു. ഒരു വലിയ സംഘം വൈദികർ സന്നിഹിതരായിരുന്നു. കുന്നംകുളം ഭദ്രാസനത്തിൽ നടന്ന മുൻ കന്തീലാ ശുശ്രൂഷകളിലൊന്നിലും വൈദികരുടെ ഇത്ര വലിയ പങ്കാളിത്തം ഉണ്ടായിട്ടില്ല എന്ന് ഉറപ്പിച്ച് പറയാനാകും. ശുശ്രൂഷയുടെ പല ഘട്ടങ്ങളിലും അച്ചൻ അറിയാതെ ഉറങ്ങിപ്പോകുമായിരുന്നു. മറ്റു സമയങ്ങളിൽ നല്ല ബോധവും ഉണ്ടായിരുന്നു. ശുശ്രൂഷയ്ക്കു മുമ്പ് ഞാൻ അദ്ദേഹത്തിന്റെ കൈ വാരിയെടുത്തു ചുംബിച്ചപ്പോൾ അദ്ദേഹം എന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി. എന്നെ തിരിച്ചറിഞ്ഞതായി മുഖത്ത് പ്രത്യക്ഷപ്പെട്ട പുഞ്ചിരി വെളിപ്പെടുത്തി. ഞങ്ങളുടെ കണ്ണുകൾ മൂകമായി അല്പനേരം ആശയവിനിമയം നടത്തി. ഗുരുവിന്റെയും ശിഷ്യന്റെയും കണ്ണുകൾ നിറഞ്ഞു.

അത്രയും വൈദികരുടെ സഹകാർമ്മികത്വത്തിൽ മെത്രാപ്പോലീത്താ നടത്തിയ ദിവ്യ ശുശ്രൂഷ ഈ ഗ്രന്ഥകാരന്റെ അഭ്യർത്ഥനപ്രകാരം പഴഞ്ഞിപള്ളിയിൽ വച്ച് നടത്തുവാൻ അച്ചന്റെ വീട്ടുകാർ സഹകരിച്ചിരുന്നെങ്കിൽ ആ ശുശ്രൂഷ പതിൻമടങ്ങു അനുഗ്രഹകരമായേനേ.

കന്തീലാ ശുശ്രൂഷ കഴിഞ്ഞ് 18-ാം ദിവസം ജൂൺ 4-ന് ആ മഹാത്മാവ് പഴഞ്ഞിയോട് എന്നന്നേക്കുമായി വിട പറഞ്ഞു. അതീവ ശാന്തമായ അന്ത്യമായിരുന്നു അത്. വാർത്തയറിഞ്ഞ് ഞാൻ അച്ചന്റെ വസതിയിലെത്തിയപ്പോൾ പഴഞ്ഞിയിലെ വികാരിമാരും അച്ചന്റെ മരുമകൻ വൈദികനും അവിടെ ഉണ്ടായിരുന്നു. ഉടനെതന്നെ ബലഹീനനായ ഞാൻ പ്രാരംഭ ശുശ്രൂഷ നടത്തി. പഴഞ്ഞിയിലെ വൈദികരുടെ സഹായത്തോടെ

കോറെപ്പിസ്ക്കോപ്പായുടെ എല്ലാ അംശവസ്ത്രങ്ങളും പ്രാർത്ഥനാപൂർവ്വം ധരിപ്പിച്ചു. വിവരമറിഞ്ഞ് അപ്പോഴേക്ക് വൈദികർ എത്താൻ തുടങ്ങി. പ്രാരംഭ ശുശ്രൂഷയ്ക്ക് ശേഷം കഹനൈത്തായുടെ ഒന്നാം ക്രമം ഞങ്ങൾ നടത്തി. തുടർന്ന് സന്ധ്യാ, സൂത്താറാ നമസ്കാരങ്ങൾക്കു ശേഷം രണ്ടാം ക്രമവും നടത്തി. പിന്നീട് അവിടെ എത്തിയ വൈദികർ മൂന്നും നാലും ക്രമങ്ങൾ നടത്തി. ജൂൺ 5-ാം തീയതി പ്രഭാതത്തിൽ 5 മണിക്ക്, നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഞങ്ങൾ അച്ചന്റെ വസതിയിലെത്തി. അഞ്ചാം ക്രമം നടത്തി. ഞാനും പഴഞ്ഞിയിലെ വികാരിമാരും അംശവസ്ത്രങ്ങൾ ധരിച്ചിരുന്നു. മൃതദേഹം അതോടെ പള്ളിയിൽ - പഴയപള്ളിയിൽ - എത്തിച്ചു. ഫാ. റ്റി. സി. ജേക്കബ് വി. കുർബ്ബാന അർപ്പിച്ചു. അതു കഴിഞ്ഞ് പള്ളിയിൽ എത്തിച്ചേർന്ന അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ആറാം ക്രമം പൂർത്തിയാക്കി. അദ്ദേഹം ചരമപ്രസംഗം നടത്തി. ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ഡോ. സണ്ണി ചാക്കോ എന്നിവരും ചരമ പ്രസംഗങ്ങൾ നടത്തിയിരുന്നു (നേരത്തെ തൊഴിയൂർ സഭയിലെ ജോസഫ് മാർ കൂറിലോസ്, സിറിൽ മാർ ബസേലിയോസ് എന്നീ മെത്രാപ്പോലീത്താമാർ അച്ചന്റെ വസതിയിലെത്തി ധൂപപ്രാർത്ഥന നടത്തുകയും ചരമപ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. നൂറുകണക്കിനാളുകൾ കോറെപ്പിസ്ക്കോപ്പായ്ക്ക് അന്ത്യാഭിവാദ്യം അർപ്പിക്കാനെത്തി കാത്തിരുന്നു. ഉച്ചകഴിഞ്ഞ് പരിശുദ്ധ കാതോലിക്കാബാവാ എത്തിച്ചേർന്നു. കൊച്ചിയുടെ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കൊച്ചി ഭദ്രാസനത്തിലെ നിരവധി വൈദികരും സമാപന ശുശ്രൂഷയ്ക്ക് എത്തിച്ചേർന്നു. കഹനൈത്തായുടെ ഏഴാം ശുശ്രൂഷ പൂർത്തിയായപ്പോൾ അലങ്കരിച്ച് തയാറാക്കിയ രഥത്തിൽ കോറെപ്പിസ്കോപ്പായുടെ മൃതശരീരം നഗരികാണിക്കലിനായി പുറത്തെടുത്തു. വൈദികരെല്ലാവരും തുറന്ന വാഹനത്തിൽ അനുഗമിച്ചു. പുതിയ ദേവാലയത്തിലും നഗരത്തിലെ നാല്ക്കവലകളിലും ശവമഞ്ചം ഉയർത്തികൊണ്ട് 'നഗരവും അതിലെ നിവാസികളുമേ സമാധാനത്താലെ വസിച്ചുകൊൾവിൻ' എന്ന് ഒരു വൈദികൻ ഉറക്കെ യാത്ര ചോദിച്ചപ്പോൾ ജാതിമതഭേദമേന്യേ തടിച്ചുകൂടിയിരുന്ന ജനാവലി കണ്ണീർ തുടച്ചു. 'ഞങ്ങളുടെ നാടിന്റെ പിതാവേ, സമാധാനത്തോടെ യാത്രയായാലും' എന്ന് ജനം പ്രതിവാക്യം ചൊല്ലി.

രണ്ടു മണിക്കൂർ നീണ്ട നഗരികാണിക്കലിന് ശേഷം പഴയപള്ളിയിൽ മൃതദേഹം തിരിച്ചെത്തി. പ. ബാവായുടെയും ഡോ. ഐറേനിയോസിന്റെയും മാർ പോളിക്കർപ്പോസിന്റെയും അസംഖ്യം വൈദികരുടെയും കാർമ്മികത്വത്തിൽ സമാപന ശുശ്രൂഷ നടത്തപ്പെട്ടു. പ. ബാവായുടെയും

ഡോ. ഐറേനിയോസിന്റെയും പ്രസംഗശേഷം മൃതദേഹം വഹിച്ചു കൊണ്ട് വൈദികർ മദ്ബഹായിൽ പ്രവേശിച്ചു.

'ഞാൻ ശുശ്രൂഷിച്ച ദേവാലയമേ, പള്ളിയുടെ ഭരണാധിപന്മാരേ, വൈദികരേ, ശുശ്രൂഷക്കാരേ, സമാധാനത്താലെ വസിച്ചുകൊൾവിൻ' എന്ന് നാലു ദിക്കുകളിലേക്ക് അഭിമുഖമായി ശവമഞ്ചം ഉയർത്തി പ്രധാന കാർമ്മികൻ യാത്ര ചോദിച്ചു. 'ഭാഗ്യവാനായ ഞങ്ങളുടെ പിതാവേ, ഞങ്ങളുടെ സംഘത്തിന്റെ നേതാവേ, അങ്ങു സമാധാനത്താലേ പോവുക' എന്ന് അശ്രുപൂർണ്ണമായ കണ്ണുകളോടെ ആയിരങ്ങൾ പ്രതിവചിച്ചു.

ഒടുവിൽ സന്നിഹിതരായ എല്ലാവരും അവസാനമായി കോറെപ്പിസ്ക്കോപ്പായുടെ വലതുകരം ചുംബിച്ചു. അതോടെ മൃതശരീരം വഹിച്ചുകൊണ്ട് വൈദികർ ശ്മശാനത്തിലേക്ക് ശോകഗാനങ്ങൾ പാടിക്കൊണ്ട് യാത്രയായി. പ്രത്യേകം തയാറാക്കപ്പെട്ട കല്ലറയ്ക്ക് സമീപം ഇറക്കി വച്ച മൃതദേഹത്തിൽ വിരിച്ചിട്ട ശോശപ്പാ എടുത്ത് പ്രിയ പുത്രൻ സൈമൺ പ്രിയ പിതാവിന്റെ മുഖം ആവരണം ചെയ്തു. പ. ബാവാ മൃതശരീരത്തിൽ ഒലിവെണ്ണ കുരിശാകൃതിയിൽ വീഴ്ത്തി. ഒടുവിൽ 'മനുഷ്യാ നീ മണ്ണാകുന്നു. നീ മണ്ണോടു ചേരും, വീണ്ടും ഉയർത്തെഴുന്നേൽക്കും' എന്ന പ്രത്യാശയുടെ വാക്യം ചൊല്ലി പ്രധാന കാർമ്മികൻ കൂടെയായ ശിഷ്യൻ ഗുരുവിന്റെ മൃതശരീരത്തിൽ കുരിശാകൃതിയിൽ ഒരു പിടി മണ്ണ് ഗദ്ഗദസ്വരത്തോടെ തൂവി. വൈദികർ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ടിരിക്കവേ ശവപ്പെട്ടി അടയ്ക്കുകയും അത് നേരത്തെ തയാറാക്കിയ കല്ലറയിലേക്ക് ഇറക്കുകയും ചെയ്തു. അതോടെ പഴഞ്ഞിയിൽ വൈദികരുടെ അറിയപ്പെട്ട കല്ലറകളിൽ ഏറ്റവും വടക്കുഭാഗത്ത് 'മൂപ്പ്' സ്ഥാനത്തോടെ കോറെപ്പിസ്ക്കോപ്പാ കബറടങ്ങി. പ. ബാവാ ധൂപാർപ്പണം നടത്തുകയും ആശീർവാദം നൽകുകയും ചെയ്തതോടെ കബറടക്ക ചടങ്ങുകൾ പൂർത്തിയായി. പഴഞ്ഞിയിൽ പ്രകാശപൂർണ്ണമായിരുന്ന ഒരു യുഗം അസ്തമിച്ചു എന്ന് എല്ലാ മുഖങ്ങളിലും വായിച്ചെടുക്കാമായിരുന്നു. കവി പറഞ്ഞതെത്രയോ സനാതനമായ സത്യം!

ഹാ! പുഷ്പമേ! അധിക തുംഗപദത്തിലെത്ര
ശോഭിച്ചിരുന്നതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര–മസംശയം ഇന്ന് നിന്റെ
ആ ഭൂതിയെങ്ങ്? പുനരിങ്ങു കിടപ്പിതോർത്താൽ" (വീണപൂവ്)

നാടിന്റെ പ്രിയ നായകന്റെ ദേഹവിയോഗത്താൽ ആരുടെയും പ്രേരണയും സമ്മർദ്ദവും കൂടാതെ നാട് ഹർത്താൽ ആചരിച്ചു.

വൈദികരുടെ ശവസംസ്കാര മുറയനുസരിച്ച് 41 ദിവസവും വിശുദ്ധ

കുർബ്ബാന ചൊല്ലുകയും സന്ധ്യയിലും പ്രഭാതത്തിലും കബറിൽ ധൂപം അർപ്പിക്കുകയും ചെയ്യുവാൻ ഫാ. ജേക്കബ് ചീരൻ ശുഷ്ക്കാന്തി കാണിച്ചു. ഇന്നുവരെയും ഞായറാഴ്ച തോറും വി. കുർബ്ബാനയ്ക്കു ശേഷം അദ്ദേഹം ഉൾപ്പെടെ പഴഞ്ഞിയിൽ അന്തരിച്ച എല്ലാ വന്ദ്യ വൈദി കരുടെയും കബർ സമുച്ചയത്തിൽ ഈ ഗ്രന്ഥകാരന്റെ നേതൃത്വത്തിൽ ധൂപാർപ്പണം നടത്തുന്നു. ആകുന്ന അത്രയും കാലം അത് തുടരണ മെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

വന്ദ്യ കോറെപ്പിസ്ക്കോപ്പായുടെ 41-ാം അടിയന്തിരം സമുചിതമായി ആചരിച്ചു. പ. പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ വി. കുർബാന അർപ്പിച്ചു. കബറിൽ ധൂപാർപ്പണം നടത്തി. തുടർന്ന് നടന്ന അനുസ്മ രണ സമ്മേളനത്തിൽ പ. ബാവായും പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും പ്രസംഗിച്ചു. പള്ളിയിലും വന്ദ്യ കോറെപ്പിസ്ക്കോപ്പായുടെ വീട്ടിലും ഭക്ഷണം ക്രമീകരിച്ചിരുന്നു.

പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ ഓർമ്മകളിൽ ജീവിക്കുന്നു. സ്വർഗ്ഗീ യബലിയിൽ അദ്ദേഹം പഴഞ്ഞിയെ സ്മരിക്കുക തന്നെ ചെയ്യും. നമുക്ക് അദ്ദേഹത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ അഭയപ്പെടാം.




# ഭാഗം രണ്ട്

# സ്നേഹസ്മരണകൾ

# കുറ്റിക്കാട്ടിൽ അച്ചൻ: എന്റെ സ്മരണയിൽ

## യൂഹാനോൻ മാർ പോളികാർപ്പോസ്

1974–ലാണ് വൈദികപഠനത്തിനുവേണ്ടി കൊരട്ടി അരമനയിൽ ഗുരുക്കന്മാരിൽ ഗുരുവായ കാലം ചെയ്ത അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയെ കാണുവാൻ ചെല്ലുന്നത്. അന്ന്, ഉച്ചനമസ്ക്കാരം മുകളിലത്തെ നിലയിൽ തിരുമേനിയുടെ മുറിയിൽ വച്ചായിരുന്നു. അവിടെ പ്രാർത്ഥനാസമയത്ത് അച്ചനും എത്തിയിരുന്നു. തിരുമേനിയാണ് അച്ചനെ എനിക്ക് പരിചയപ്പെടുത്തി തന്നത്. ഇത് നമ്മുടെ സെക്രട്ടറി അച്ചനാണെന്ന് പറഞ്ഞു. അന്ന് മുതൽ കുന്നംകുളം ഭദ്രാസനം ജന്മം എടുക്കുന്നതുവരെ അച്ചനെ കാണുവാനും സംസാരിക്കുവാനും പലപ്പോഴും അവസരം ലഭിച്ചിട്ടുണ്ട്. അച്ചനെക്കുറിച്ച് ഒത്തിരി ഒത്തിരി കാര്യങ്ങൾ മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു. മുറുക്കി ചുവപ്പിച്ച വായും, വടിപോലെ അലക്കി തേച്ച കമ്മീസും, കാൽകുപ്പായവും ഇട്ട കുറ്റിക്കാട്ടിൽ അച്ചൻ വളരെ ഗൗരവത്തോടെ ഭദ്രാസന സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചിരുന്നു. എന്നാൽ സാത്വികനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ നിർദ്ദേശങ്ങൾ പഞ്ചപുച്ഛമടക്കി കേൾക്കുന്നതും താഴ്മയോടെ അഭിപ്രായങ്ങൾ പറയുന്നതും കാണാമായിരുന്നു.

1972 മുതൽ സഭാഗാത്രത്തെ പിടിച്ചുലച്ച വ്യവഹാരവും, വിഘടിത വിഭാഗം ഉണ്ടാക്കിയ പ്രശ്നങ്ങളും കൊച്ചി ഭദ്രാസനത്തെ ഒരു പരിധിവരെ അതിജീവിച്ചത്, കൊച്ചിയുടെ വടക്കൻപ്രദേശത്ത് കുറ്റിക്കാട്ടിൽ അച്ചന്റേയും, തെക്കൻപ്രദേശത്ത് ജോസഫ് വെണ്ടറപ്പിള്ളി അച്ചന്റേയും ധീരമായ നേതൃത്വവും സംഘടനാപാടവവും മൂലം ആയിരുന്നു. രണ്ടു പേരും തിരുമേനിയുടെ കീഴിൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കൈകോർത്ത് പിടിച്ച് സഭയെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുവാൻ അഹോരാത്രം പണിപ്പെട്ടു. ആയിടയ്ക്ക് കോട്ടയത്ത് നടന്ന കാതോലിക്കാദിന സമ്മേളനത്തിന് കുന്നംകുളത്തു നിന്ന് അച്ചന്റെ നേതൃത്വത്തിൽ വന്നത് അൻപതിൽപരം ബസുകളായിരുന്നു.

അച്ചൻ ആഴ്ചയിൽ കുറഞ്ഞത് രണ്ട് ദിവസമെങ്കിലും അരമനയിൽ എത്തുമായിരുന്നു. ജാടകൾ ഒന്നുമില്ലാതെ രാത്രി പകലാക്കി അച്ചൻ അരമനയുടെയും ഭദ്രാസനത്തിന്റെയും കണക്കുകൾ എഴുതുമായിരുന്നു. തിരുമേനി പറഞ്ഞുകൊടുക്കുന്ന കല്പനകൾ തന്റെ കൈ കൊണ്ടു തന്നെ എഴുതുകയും കല്പന ബുക്കിൽ പകർത്തുകയും ചെയ്തിരുന്നത്

ഈ സമയങ്ങളിലായിരുന്നു. അച്ചന്റെ ഓഫീസ്മുറിയിൽ ഭദ്രാസനത്തിന്റെ ഒരു മാപ്പ് സൂക്ഷിച്ചിരുന്നു. അതിൽ പള്ളികളും, ചാപ്പലുകളും കൃത്യമായി രേഖപ്പെടുത്തിയിരുന്നു. അച്ചന്മാരെക്കുറിച്ചും, പള്ളികളെക്കുറിച്ചുമുള്ള എല്ലാ വിവരങ്ങളും അച്ചന് കാണാപ്പാഠമായിരുന്നു. എന്ത് സംശയം ചോദിച്ചാലും പരിശോധിക്കാതെ തന്നെ കൃത്യമായി പറയുവാൻ കഴിയുമായിരുന്നു.

കൊച്ചു ശെമ്മാശന്മാർ ആവുന്നത്രയും ഉയർന്ന അവസ്ഥയിൽ എത്തിച്ചേരുവാൻ അദ്ദേഹം പ്രേരിപ്പിച്ചിരുന്നു. വൈദികൻ സമൂഹമായി ഇടപഴകി പോകേണ്ടതിനെക്കുറിച്ചും, വ്യക്തിബന്ധങ്ങൾ സ്ഥാപിച്ചെടുക്കേണ്ടതിനെക്കുറിച്ചും അച്ചൻ പറഞ്ഞുതരുമായിരുന്നു. അത് ഇന്നെനിക്ക് ഒരു അനുഗ്രഹമാണ്. എല്ലാവരേയും പിണക്കി അയക്കുന്ന ഇന്നത്തെ സമ്പ്രദായത്തിന് വിരുദ്ധമായിരുന്നു അച്ചന്റെ നിലപാടുകൾ. എന്നാൽ അതിന്റെ പേരിൽ സഭയെയും വിശ്വാസസത്യങ്ങളെയും ബലികഴിക്കുവാൻ ഒരുക്കവുമല്ലായിരുന്നു. അതുകൊണ്ടുതന്നെ വടക്കൻ മേഖലയിൽ ഓർത്തഡോക്സ് സഭയ്ക്ക് ഭൂരിപക്ഷമുള്ള ഒരു ഭദ്രാസനമായി കൊച്ചി ഭദ്രാസനത്തെ നിലനിർത്തുവാൻ കഴിഞ്ഞു.

പരിപാടികൾ ഏറ്റുകഴിഞ്ഞാൽ എന്ത് ത്യാഗവും സഹിച്ച് അതിൽ പങ്കെടുക്കണമെന്ന് അച്ചൻ നിഷ്കർഷിച്ചിരുന്നു. ഞാൻ അച്ചനായ ശേഷം കുറ്റിക്കാട്ടിൽ അച്ചൻ ഒരു പ്രസംഗത്തിന് എന്നെ പഴഞ്ഞി പള്ളിയിലേക്ക് വിളിച്ചു. ആയതിൽ പങ്കെടുക്കുവാൻ ചിലരുടെ ഇടപെടലുകൾ മൂലം സാധിച്ചില്ല (വിസ്തരഭയത്താൽ സംഭവം വിവരിക്കുന്നില്ല). അന്ന് അച്ചൻ എന്നെ ശരിക്കും വഴക്ക് പറഞ്ഞു. സംഭവം വിവരിച്ചപ്പോൾ എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു.

ജാടകളില്ലാത്ത, സഭയ്ക്കുവേണ്ടി അക്ഷീണം പരിശ്രമിച്ച, എന്നോട് സ്നേഹമായും വാത്സല്യമായും കരുതിയ, ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കാൻ മടി കാണിക്കാത്ത, വൈദിക വിദ്യാർത്ഥികൾക്ക് വേണ്ട നല്ല നിർദ്ദേശങ്ങൾ പകർന്നുകൊടുത്തിരുന്ന, സഭാസ്നേഹിയായിരുന്ന, ദൈവസ്നേഹിയായ ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിലച്ചന്റെ സ്മരണയ്ക്ക് മുമ്പിൽ ഇനിയും ഒത്തിരി ഏറെ എഴുതുവാനുണ്ട്. എന്നാൽ തൽക്കാലം നിർത്തുന്നു. ഈ ഓർമ്മക്കുറിപ്പ് വരുംതലമുറയ്ക്ക് ഒരു അനുഗ്രഹമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(ലേഖകൻ കൊച്ചി ഭദ്രാസനത്തിൽ തേനിടുക്ക് ഇടവകയിലെ അംഗമാണ്. ഇപ്പോൾ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായും യുവജന പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ പ്രസിഡണ്ടും ആയി ആലുവാ തൃക്കുന്നത്ത് സെമിനാരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു - എഡിറ്റർ)

# കുറ്റിക്കാട്ടിലച്ചൻ എന്ന 'കീറാമുട്ടി'

## ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

(ഔപചാരികത അശേഷവും ഇല്ലാതെ വന്ദ്യനായ ജോസഫ് കുറ്റിക്കാട്ടിൽ കോറെപ്പിസ്കോപ്പായെ എനിക്ക് അറിയാവുന്ന രൂപത്തിൽ വരച്ചുകാണിക്കുവാനുള്ള ഒരു ശ്രമമാണ് ഈ ലഘു ലേഖനം)

ഓർമ്മവെച്ച നാളുകൾ മുതൽ കുറ്റിക്കാട്ടിലച്ചനെ ദൂരെനിന്ന് കാണുകയും, അദ്ദേഹത്തിന്റെ വി. കുർബ്ബാനകളിലും ശുശ്രൂഷകളിലും സംബന്ധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും യുവജനപ്രസ്ഥാന പ്രവർത്തകനും സണ്ടേസ്കൂൾ അദ്ധ്യാപകനുമൊക്കെയായ കാലം മുതലാണ് അടുത്ത് അറിയുവാൻ തുടങ്ങിയത്; വൈദികസെമിനാരി വിദ്യാർത്ഥിയായ സമയം മുതൽ കൂടുതൽ അടുക്കുവാനും കഴിഞ്ഞു.

കുറ്റിക്കാട്ടിലച്ചൻ ഒരു കീറാമുട്ടിയാണെന്ന് പഴഞ്ഞിക്കാരും കുന്നംകുളത്തുകാരും അവിഭക്ത കൊച്ചി ഭദ്രാസനം തന്നെയും പറയുമായിരുന്നുവെന്നുള്ളത് വാസ്തവമാണ്. അദ്ദേഹവുമായി ഇടപഴകിയിട്ടുള്ള ആദ്യകാലങ്ങളിൽ എനിക്കും ആയത് തോന്നിയിട്ടുണ്ട്. ആവശ്യത്തിനും അനാവശ്യത്തിനും ജനത്തെ സുഖിപ്പിക്കുക എന്ന സ്വഭാവം ഇന്നത്തെപ്പോലെ പഴയ വൈദികർക്ക് പൊതുവെ ഇല്ല; അച്ചനിലാകട്ടെ ആയത് അശേഷവും ഇല്ല. എന്നുവച്ച് അനാവശ്യമായി അദ്ദേഹം ആരെയും മുഷിപ്പിക്കാറുമില്ല. പിന്നെ എന്തുകൊണ്ട് അദ്ദേഹം ഒരു കീറാമുട്ടിയായി?

1. കാര്യങ്ങൾ എങ്ങനെയെങ്കിലും ആയിപ്പോകട്ടെ എന്ന സാധാരണക്കാരിൽ കണ്ടുവരുന്ന സമരസ സ്വഭാവം അദ്ദേഹത്തിൽ അശേഷം ഇല്ല. അതുകൊണ്ടുതന്നെ അദ്ദേഹവുമായി സംസാരിക്കുമ്പോൾ വ്യക്തതയും കാര്യകാരണ സംപുഷ്ടതയും അത്യാവശ്യമായിരുന്നു. ചുരുക്കത്തിൽ 'ഉഴപ്പിയടിച്ച്' കാര്യങ്ങൾ അവതരിപ്പിക്കുന്നവരെ അച്ചൻ 'നിറുത്തിപൊരിക്കു'മായിരുന്നു. ഈ സ്വഭാവം അദ്ദേഹത്തിന്റെ ഓഫീസിൽ വരുന്നവരോട് മാത്രമല്ല; പൊതുയോഗങ്ങളിലും കാണിക്കുമ്പോൾ ആളുകൾ അച്ചനെ 'കീറാമുട്ടി' എന്ന് വിളിക്കുമായിരുന്നു.

2. കോളജ് അഡ്മിഷൻ, സഭാ സ്ഥാപനങ്ങളിൽ ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി ശുപാർശകത്തു ലഭിക്കുവാനായി ഇടവകാംഗങ്ങൾ വികാരിമാരെ സമീപിക്കുമല്ലോ. അച്ചന്റെ അടുക്കൽ ഇത്തരം ആവശ്യങ്ങളുമായി ആരെങ്കിലും എത്തിയാൽ അപേക്ഷിക്കുന്ന വ്യക്തി പള്ളിയാരാധനയിൽ മുടങ്ങാതെ പങ്കെടുക്കാറുണ്ടോ, സണ്ടേസ്കൂളിൽ പഠിച്ചിട്ടുണ്ടോ, ആ കുടുംബം ഇടവകയ്ക്കും സഭയ്ക്കും നൽകേണ്ടതായ

കാതോലിക്കാദിനപ്പിരിവ്, മെത്രാസനദിനപ്പിരിവ്, മാസവരി തുടങ്ങിയവ നൽകാറുണ്ടോ എന്നൊക്കെ തിരക്കും. കള്ളം പറയുന്നവനെ തന്റെ പക്കലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ശാസിക്കും. സഭയെ ഗൗനിച്ചിട്ടില്ലാത്തവന് സഭാസ്ഥാപനങ്ങളിൽ സീറ്റില്ല എന്ന് മുഖത്തടിച്ചപോലെ പറയും. അങ്ങനെ അവരുടെ മുന്നിൽ അച്ചൻ കീറാമുട്ടിയാകും.

3. പൊങ്ങച്ചം പറഞ്ഞുവരുന്ന മാന്യന്മാരെ അച്ചൻ കണക്കിന് കൈകാര്യം ചെയ്യും. 'എടോ, തന്റെ അപ്പൻ ഇന്നടത്തെ ഇന്നാർ, അദ്ദേഹത്തിന്റെ അപ്പൻ ഇന്നാർ, സഹോദരങ്ങൾ ഇന്നാർ,' എന്നിങ്ങനെ മുന്നിൽ നിൽക്കുന്നവനെ അദ്ദേഹം ഒരു ചരിത്രാവലോകനം നടത്തുമ്പോൾ അവന്റെ പൊങ്ങച്ചവും മുഖംമൂടിയും താഴെപ്പോകും. അവനും അച്ചൻ ഒരു 'കീറാമുട്ടി'യാകും.

4. അറിയാമെന്ന ഭാവം അച്ചൻ കാണിക്കാറില്ല. എന്നാൽ ഈ വല്യച്ചന് എന്ത് അറിയാമെന്നവിധത്തിൽ കൊച്ചച്ചന്മാർ ഇടപെട്ടാൽ അച്ചൻ അവരോട് സംശയനിവാരണരൂപത്തിൽ മറുചോദ്യങ്ങൾ ചോദിക്കും. ഉത്തരമില്ലാതെ വെള്ളം കുടിക്കുവാൻ തുടങ്ങുമ്പോൾ അവരും പറയും, ഈ വല്യച്ചൻ ഒരു കീറാമുട്ടിയാണെന്ന്! (ഇത് എന്റെയും ഒരു കുമ്പസാരമാണ്).

അച്ചനെ കീറാമുട്ടിയാക്കുന്ന ഇത്തരം പല സംഭവങ്ങളും ഇനിയും ഉദ്ധരിക്കാമെങ്കിലും അതിനു മുതിരുന്നതിനു പകരം ഈ കീറാമുട്ടിയെന്ന ബാഹ്യരൂപത്തിനകത്ത് തികഞ്ഞ സഭാസ്നേഹിയും കർമ്മകുശലനും സംഘാടകനും വിശ്വസ്തനായ ഭരണകർത്താവുമൊക്കെയായ അദ്വിതീയനായ ഒരു ശ്രേഷ്ഠ വൈദികൻ ഉണ്ടെന്ന് അദ്ദേഹത്തെ അടുത്ത് അറിഞ്ഞിട്ടുള്ളവർക്ക് നന്നായി അറിയാം. പഴഞ്ഞി സെന്റ് മേരീസ് ഇടവകയെയും പഴഞ്ഞി ദേശത്തെ തന്നെയും വിവിധ കർമ്മപദ്ധതികളാൽ കാലികമാക്കിയ പിതാവ്. ദീർഘമായ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മുഴുവൻ ആത്മികവും ഭൗതികവുമായ വളർച്ച പ്രാപിക്കുവാൻ ഇടവകയ്ക്ക് കഴിഞ്ഞു.

യുവ വൈദികനായിരിക്കുമ്പോൾ തന്നെ കൊച്ചി മെത്രാസന സെക്രട്ടറിയാകുവാനും, എഴുപതുകളിൽ മെത്രാസന വൈദിക ഡയറക്ടറി ഉൾപ്പെടെ ഒട്ടനവധി സംരംഭങ്ങൾ വിജയിപ്പിക്കുവാനും ഇടയായി.

പുലിക്കോട്ടിൽ ഒന്നാമന്റെ സ്ഥാനാരോഹണത്തിനുശേഷം (1815) ഏകദേശം 163 വർഷങ്ങൾക്കു ശേഷം 1978-ൽ മലങ്കരസഭയുടെ അഞ്ച് മേല്പട്ടക്കാരെ വാഴിക്കുവാൻ പഴഞ്ഞി-കുന്നംകുളം ഭാഗത്തെ സജ്ജമാക്കി.

പഴഞ്ഞിയിൽ മലങ്കരസഭയ്ക്ക് ഒരു കോളജ് സ്ഥാപിക്കുവാൻ അച്ചന്റെ സുധീരനേതൃത്വത്തിന് കഴിഞ്ഞു.

കുന്നംകുളം മെത്രാസനത്തിന് ഊടുംപാവും ചേർത്ത് മെത്രാസന ആസ്ഥാന മന്ദിരം ആർത്താറ്റ് തന്നെ പ്രൗഢഗംഭീരമായി പണിതുയർത്തുവാനും അന്ന് കേവലം 38 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന കുന്നംകുളം മെത്രാസനാധിപന്റെ ശക്തനായ ഉപദേഷ്ടാവ് എന്ന നിലയിൽ പ്രവർത്തിക്കുവാനും മെത്രാസനത്തെ സാമ്പത്തികവും സംഘടനാപരവുമായ എല്ലാ കാര്യങ്ങളിലും ബാലാരിഷ്ടതകളിൽ നിന്ന് രക്ഷിക്കുവാനും അച്ചൻ വഹിച്ച പങ്ക് നിസ്തുലമാണ്. അച്ചൻ നേതൃസ്ഥാനത്തു നിന്നും മാറിയശേഷം എന്തു വളർച്ചയുണ്ടായി എന്ന് പഠിക്കുമ്പോൾ അച്ചന്റെ സംഭാവനകളുടെ മാറ്റ് ഇരട്ടിക്കും. സഭയുടെ കേന്ദ്രനേതൃത്വത്തിലും കുറ്റിക്കാട്ടിലച്ചന്റെ അഭിപ്രായത്തിനും ശബ്ദത്തിനും വലിയ വിലയുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്. ഒട്ടനവധി കാര്യങ്ങൾ ഈ വിധത്തിൽ ഇനിയും ചൂണ്ടിക്കാണിക്കാമെങ്കിലും വിസ്തരഭയത്താൽ ആയതിന് മുതിരുന്നില്ല.

സെമിനാരി അഭ്യസനത്തിനായി ആർത്താറ്റ് അരമനയിലെത്തുമ്പോൾ പലരും പറഞ്ഞിരുന്നു, കുറ്റിക്കാട്ടിലച്ചനെന്ന കീറാമുട്ടി അവിടെയുണ്ട്. എന്നാൽ കാര്യകാരണബോധത്തോടെ ഭരണചക്രം തിരിക്കുന്ന ഒരു കൗടല്യനെയും അതീവ സ്നേഹവാത്സല്യത്തോടെ നമ്മെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഗുരുശ്രേഷ്ഠനെയുമാണ് ഞാൻ അദ്ദേഹത്തിൽ കണ്ടത്! അദ്ദേഹത്തിന്റെ പൗത്രി എന്റെ അനുജത്തിയാകുവാനും ഇടയായി.

രോഗത്തിലും വാർദ്ധക്യത്തിലുമായ സമയത്താണ് ഞാൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് എത്തിയത്. മുടങ്ങാതെ അദ്ദേഹത്തെ സന്ദർശിക്കുകയും അനുഗ്രഹം വാങ്ങുകയും ചെയ്യുമായിരുന്നു. ഒടുവിൽ അദ്ദേഹത്തിന് കന്തീലാ ശുശ്രൂഷ നടത്തിയപ്പോൾ മുഖ്യ കാർമ്മികനാകുവാനുള്ള ഭാഗ്യം ലഭിച്ചു. നാല്പതാം ഓർമ്മദിനത്തിൽ പങ്കെടുത്ത് അനുസ്മരണം നടത്തുവാൻ കഴിഞ്ഞു. ഇപ്പോൾ ഈ സ്മരണികയിൽ എഴുതുവാൻ അവസരം ലഭിച്ചു; നന്ദി. അദ്ദേഹത്തിന് ആത്മാവിന് നിത്യ ശാന്തി ലഭിക്കട്ടെ; നൽകിത്തന്ന പൈതൃകം തലമുറകൾ നിലനിർത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(അഹമ്മദബാദ് മെത്രാസനത്തിന്റെ സാരഥിയും എം.ജെ.ഡി. പബ്ലീഷേഴ്സിന്റെ അദ്ധ്യക്ഷനുമാണ് ലേഖകൻ. കഥാപുരുഷന്റെ ദൗഹിത്രി ഹെലനി മെത്രാപ്പോലീത്തായുടെ സഹോദരന്റെ പത്നിയാണ്. – ഗ്രന്ഥകാരൻ)

# മുഖംമൂടി ധരിക്കാത്ത ശ്രേഷ്ഠാചാര്യൻ

## ഫാ. സി. ടി. ജോസ്

1972 മെയ് 16-ാം തീയതിയാണ് ബഹു. കെ. സി. ജോസഫ് കോറെപ്പിസ്കോപ്പാ അച്ചനുമായി പരിചയപ്പെടുന്നത്. 1966 മുതൽ വലിയ നോമ്പിൽ പഴഞ്ഞിപ്പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിപ്പാൻ പോകുമ്പോൾ ബഹു. തെക്കേക്കരയച്ചനേയും കുറ്റിക്കാട്ടച്ചനേയും കണ്ടിട്ടുണ്ട്. അപ്പോൾ മുതൽ എന്റെ ഉള്ളിൽ എന്തെന്നില്ലാത്ത ബഹുമാനാദരവുകൾ ഇരുവരോടും തോന്നിയിട്ടുമുണ്ട്. തെക്കേക്കരയച്ചന്റെ ആകാരസൗഷ്ഠവഭംഗിയും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും കുറ്റിക്കാട്ടച്ചന്റെ നീളമുള്ള താടിമീശയും ഉണ്ടക്കണ്ണുകളും ഗൗരവഭാവവും എന്നെ ഏറെ ഇഷ്ടപ്പെടുത്തി. 1972 മെയ് 16-ാം തീയതി കൊരട്ടി സീയോൻ സെമിനാരിയിൽ വൈദികപഠനത്തിനായി ചെന്ന ദിവസം, അരമന മുറ്റത്തുള്ള സപ്പോട്ടാ മരത്തിന്റെ കീഴിൽ ചാരുകസേരയിൽ ഇരുന്നു സംസാരിക്കുന്ന ഭാഗ്യസ്മരണാർഹനായ എന്റെ ഗുരുനാഥൻ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയും ബ. കുറ്റിക്കാട്ടച്ചനും തമ്മിലുള്ള നർമ്മ സംഭാഷണം ശ്രദ്ധയോടെ കേട്ടു നിന്നു. അഭിവന്ദ്യ തിരുമേനിയുടെ കൈ മുത്തി ആഗമനോദ്ദേശ്യം അറിയിച്ചു. അന്നാണ് ബ. കുറ്റിക്കാട്ടച്ചനുമായി പരിചയപ്പെടുവാനും സംസാരിക്കുവാനും സാധിച്ചത്. ബ. കെ. സി. ജോസഫച്ചനും കുറ്റിക്കാട്ടച്ചനും ഒരേ വ്യക്തിയാണെന്ന് അപ്പോൾ മാത്രമെ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളു. ആ കൂടിക്കാഴ്ച എനിക്ക് അച്ചനിൽ വലിയ മതിപ്പുളവാക്കുക മാത്രമല്ല ഒരു ഗുരുനാഥനായിട്ടും അംഗീകരിക്കുവാൻ ഇടയാക്കുകയും ചെയ്തു. അരമനയുടെ താഴത്തെ നിലയിൽ പടിഞ്ഞാറെഅറ്റത്തുള്ള ഓഫീസ് മുറിയിൽ ഇരുന്ന് അച്ചൻ വളരെ ഉപദേശങ്ങൾ നൽകി സംസാരിച്ചു. അഭി. തിരുമേനി കോട്ടയം വൈദിക സെമിനാരിയിൽ സുറിയാനി മൽപ്പാനായി അച്ചനെ പഠിപ്പിച്ചതും, 1966-ൽ കൊച്ചി മെത്രാസനത്തിന്റെ അധിപനായതും അതിനുശേഷമുള്ള ഭക്തിയും സ്നേഹവും അടുപ്പവും വളരെ വലുതാണെന്നും എന്നെ ബോദ്ധ്യപ്പെടുത്തി. കുന്നംകുളം ഭാഗത്തു നിന്നും ഒരു വൈദിക വിദ്യാർത്ഥി കൂടിയുണ്ടാകുന്നതിൽ ബ. കുറ്റിക്കാട്ടച്ചനോടൊപ്പം ബ. അരീയ്ക്കൽ ജോസഫച്ചനും ചേർന്ന് സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി.

ബ. അരീയ്ക്കൽ ജോസഫച്ചൻ ഒരു സുറിയാനി മൽപ്പാനായിരുന്നതുകൊണ്ട് 'ജോസിനെ ഞാൻ പഠിപ്പിച്ചുകൊള്ളാം' എന്ന് അഭിവന്ദ്യ തിരുമേനിയോട് പറഞ്ഞപ്പോൾ ഇടയിൽക്കയറി ബ. കുറ്റിക്കാട്ടച്ചൻ 'താനൊന്നും പഠിപ്പിക്കേണ്ട, ജോസിനെ തിരുമേനി പഠിപ്പിച്ചുകൊള്ളും' എന്ന് തറപ്പിച്ചു പറഞ്ഞു. അഭിവന്ദ്യ പിതാവാകട്ടെ കുറ്റിക്കാട്ടച്ചന്റെ

മുഖത്തു നോക്കി ചെറുപുഞ്ചിരിയോടെ 'ഞാൻ ജോസിനെ പഠിപ്പിച്ചു കൊള്ളാം' എന്നു മറുപടിയും പറഞ്ഞു. പൈതൃകസ്നേഹം നേരിൽ തൊട്ടറിഞ്ഞ നിമിഷമായിരുന്നു അത്. അടുത്ത ദിവസം 'ഹാദസ്മ്ലെ റഹമെ' (കരുണ നിറഞ്ഞവനേ) എന്ന ഗാനം സുറിയാനിയിൽ ചൊല്ലി ക്കേൾപ്പിച്ച് സന്ധ്യാ നമസ്കാരത്തിന് ചൊല്ലണമെന്നും നിർബന്ധിച്ചു പറഞ്ഞു. സന്ധ്യ-പ്രഭാത നമസ്കാരത്തിന് സുറിയാനിയാണ് ഉപയോ ഗിച്ചിരുന്നത്. 'ശുബഹൊ, 'മെനഓലം' എന്ന ക്രമത്തിൽ ദിനംപ്രതിയുള്ള നമസ്കാരത്തിൽ സംബന്ധിച്ച് ക്രമേണ സുറിയാനിയിൽ ചൊല്ലുവാൻ വശമാക്കി.

## വിശ്വസ്ത സെക്രട്ടറി

1972. സഭാതർക്കം രണ്ടാം ഘട്ടം മൂർദ്ധന്യത്തിൽ എത്തിനിൽക്കുന്നു. കൊച്ചി ഭദ്രാസനത്തിൽപ്പെട്ട പെരുമ്പിള്ളി ചാപ്പൽ വികാരിയായിരുന്ന ഗീവർഗ്ഗീസച്ചനും തൃശ്ശൂർ പള്ളിയിൽ വികാരിയായിരുന്ന സി. എം. തോമ സച്ചനും പാത്രിയർക്കീസ് പക്ഷത്തു നിന്നും മെത്രാന്മാർ ആകുന്നതിന് ഓടിനടക്കുന്ന കാലം. 1973-ൽ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലെയും വൈദികരെയും വിളിച്ചുചേർത്ത് ഒരു വിശദീകരണയോഗം വിളിച്ചുകൂട്ടി. ബ. കുറ്റിക്കാട്ടച്ചൻ അഭി. തിരുമേനിയോട് നിർബന്ധിച്ചതനുസരിച്ചായി രുന്നു അങ്ങനെയൊരു യോഗം വിളിച്ചുകൂട്ടിയത്. ആ യോഗത്തിലാണ് വേർതിരിവ് ഉരുത്തിരിഞ്ഞതും. ബ. പോൾ വർഗ്ഗീസച്ചൻ (അഭി. ഗ്രീഗോ റിയോസ് തിരുമേനി) ബ. എറണാകുളം സെന്റ് മേരീസ് പള്ളി വികാരി ജോസഫച്ചൻ (അഭി. പക്കോമിയോസ് തിരുമേനി), ബ. വെണ്ട്രപ്പിള്ളി ജോസഫച്ചൻ, ബ. പഴന്തോട്ടം പള്ളി വികാരി ഇടയനാൽ മത്തായി അച്ചൻ, ശ്രീ. കെ. വി. ഇട്ടിമാണി മാസ്റ്റർ തുടങ്ങിയ പ്രഗത്ഭർ അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസംഗിച്ച് സഭാ സംബന്ധമായ വിശദീകരണങ്ങൾ നൽകുകയുണ്ടായി. എന്നാൽ വടക്കും കിഴക്കും ഭാഗത്തുള്ള പള്ളികളിൽ നിന്നും വന്നിരുന്ന പ്രഗത്ഭ വൈദിക രായ ബ. എച്ചിക്കോട്ടിൽ സ്കറിയാ കത്തനാർ, ബ. കെ. ടി. സഖറിയാ അച്ചൻ, മാത്തൻകുടിയിൽ പൗലൂസ് അച്ചൻ എന്നിവരും കുറെ ആളു കളും ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോവുകയും, ചെറിയ വെല്ലു വിളി പോലും നടത്തുകയും ചെയ്തിരുന്നു. ബ. കുറ്റിക്കാട്ടച്ചനോടും വൈരാഗ്യബുദ്ധിയോടെ പെരുമാറിയ അവർ അച്ചന്റെ സധൈര്യത്തോ ടുള്ള പ്രവർത്തനത്തിൽ തോറ്റുപോവുകയും ചെയ്തു. ആ യോഗത്തിനു ശേഷം അഭി. തിരുമേനി വല്ലാതെ ഭയം പ്രകടിപ്പിച്ചിരുന്നതിനാൽ ബ. കുറ്റിക്കാട്ടച്ചൻ നല്ല ധൈര്യം പകർന്നുകൊടുത്തിരുന്നു. മാത്രമല്ല ഭദ്രാ സനാസ്ഥാനമായ കൊരട്ടി അരമനയ്ക്ക് തദ്ദേശവാസികളും ഓർത്ത ഡോക്സ് സഭാവിശ്വാസികളുമായ കുറെ ചെറുപ്പക്കാരുടെ സംരക്ഷ

ണവും ഏർപ്പെടുത്തിയിരുന്നു. 82 പള്ളികളുണ്ടായിരുന്നതിൽ കുന്നംകുളം പഴഞ്ഞി ഭാഗത്തുള്ള മുഴുവൻ പള്ളികളും തൃശൂർ ഭാഗത്തുള്ള കുറെ പള്ളികളും ഒഴിച്ചാൽ മറ്റെല്ലായിടങ്ങളിലും പള്ളിക്കേസുകളും ആരംഭിച്ചു. ആഴ്ചയിൽ 4 ദിവസത്തോളം കുറ്റിക്കാട്ടച്ചൻ കൊരട്ടി അരമനയിൽ തന്നെ താമസിച്ച് പ്രവർത്തിച്ചുവന്നു. അഭിവന്ദ്യ തിരുമനസ്സിലെ വലങ്കൈ എന്ന വണ്ണം കുറ്റിക്കാട്ടച്ചൻ പ്രവർത്തിച്ചിരുന്നത് ഓർക്കുന്നു. പകലും, രാത്രിയും കേസ്സുകൾക്കുള്ള രേഖകൾ തയ്യാറാക്കലും പ്രമാണങ്ങൾ പകർത്തലും സ്ഥിരമായി. രാത്രി പകലാക്കിയ ദിനങ്ങൾ അനവധിയായിരുന്നു. ബ. ജോസഫച്ചന്റെ കൈപ്പട വളരെ നന്നായിരുന്നതുകൊണ്ട് അഭി. തിരുമേനിക്കും വലിയ സന്തോഷമുണ്ടായിരുന്നു. സൂത്താറയ്ക്കു ശേഷം ജോസിനെക്കൂടി വിളിച്ചിരുത്തിക്കൊള്ളാൻ തിരുമനസ്സുകൊണ്ട് കൽപ്പിച്ചതിനാൽ അച്ചനെ സഹായിക്കാൻ എനിക്കും ഇടയായി. തീരെ മോശമല്ലാത്ത എന്റെ കൈപ്പട അച്ചൻ കണ്ടപ്പോൾ, കൽപനകളുടെ പകർപ്പു പുസ്തകത്തിൽ എഴുതുവാൻ എന്നെ ചുമതലപ്പെടുത്തി. അച്ചനോട് കൂടി രാത്രി ചെലവഴിച്ച ആ നിമിഷങ്ങൾ ഏറെ വിലപ്പെട്ടതായി പിന്നീട് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൊച്ചി ഭദ്രാസനത്തിൽ ആദ്യമായി ഒരു ഭദ്രാസന ഡയറക്ടറി ഇറക്കിയതിൽ അച്ചന്റെ ശ്രമവും സേവനവും വളരെ കീർത്തിക്കപ്പെട്ടു. എല്ലാ പള്ളികളെയും കുറിച്ചുള്ള വിവരങ്ങളും രേഖകളും, വൈദികരെക്കുറിച്ചുള്ള അറിവുകളും ചേർത്ത് ഫയലുകൾ രൂപപ്പെടുത്തുന്നതിനും അനാഥമായി കിടന്നിരുന്ന ഓഫീസിനു കൃത്യമായി ഒരു ഓഫീസ് മുറിയും പ്രവർത്തനവും തുടങ്ങുന്നതിനും ബ. അച്ചൻ വളരെ കഷ്ടപ്പെട്ടിട്ടുണ്ടെന്ന് നിസ്സംശയം പറയാൻ കഴിയും. ആ കഴിവിനെ അഭി. തിരുമേനി അഭിനന്ദിക്കുകയും സന്തോഷം പറയുകയും ചെയ്തിരുന്നു. അഭിവന്ദ്യ തിരുമേനി ചാരുകസേരയിൽ ഇരിക്കുന്നതും ബ. കുറ്റിക്കാട്ടിലച്ചൻ താഴെ ചമ്രം പടഞ്ഞിരുന്ന് വളരെ സമയം പള്ളിക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതും എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. കാര്യസാദ്ധ്യത്തിനായി വക്രബുദ്ധിയോടെ വന്ന് അഭിവന്ദ്യ തിരുമേനിയെ കണ്ട് കാര്യങ്ങൾ നേടാൻ വരുന്ന അച്ചന്മാരെയും ഇടവകക്കാരെയും ബഹു. കുറ്റിക്കാട്ടച്ചൻ മടക്കിയയച്ചിട്ടുണ്ട്. ആയതുകൊണ്ട് തന്നെ ഭദ്രാസന സെക്രട്ടറിയച്ചനെ കബളിപ്പിച്ച് കാര്യപ്രാപ്തി നേടാനായി എത്തുന്നവർ ചുരുക്കവുമായി. പെങ്ങാമുക്ക് പഴയപള്ളിയുടെ പ്രമാണങ്ങൾ ദിവസങ്ങളോളമിരുന്ന് പകർത്തിയ ദിനരാത്രങ്ങൾ ഈ ലേഖകന്റെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നുണ്ട്. അച്ചന്റെ ത്യാഗമനോഭാവം വാക്കുകൾക്കതീതമാണ്. പിന്നീട് 1983 ജനുവരി 15 മുതൽ 2010 ഏപ്രിൽ 1 വരെയുള്ള കാലഘട്ടത്തിൽ പെങ്ങാമുക്ക് പള്ളിയുടെ ചുമതലക്കാരനായി ഇടവകയെ നയിക്കുവാൻ എന്നെ പ്രാപ്തനാക്കിയതും അച്ചന്റെ ഉപദേശവും സ്നേഹവും നല്ല ആശയങ്ങളുമാണെന്ന് തറപ്പിച്ചു പറയാം.

## സംഘാടകന്റെ തേർ തെളിച്ച്

1970 മുതൽ കുന്നംകുളം ഭാഗത്ത് ഒരു കോളജ് എന്ന സ്വപ്നം അച്ചന്റെ ഉറക്കം കെടുത്തി. ഉറങ്ങാത്ത രാത്രിയിൽ അച്ചന്റെ മനസ്സും കൈയിലെ കെമലിൻ പേനയും ചലിച്ചുകൊണ്ടേയിരുന്നു. കാണേണ്ട വരെ കണ്ടിട്ടും ചെയ്യേണ്ടത് ചെയ്തിട്ടും സഭാ വക കോളജ് ബ. നൂറനാൽ മത്തായി അച്ചന്റെ കൈയിലൊതുങ്ങി സുൽത്താൻബത്തേരിയിലെത്തിയത് കുറ്റിക്കാട്ടച്ചനെ അസ്വസ്ഥനാക്കി. 1982 വരെ കോളജിന് വേണ്ടി പോരാട്ടം തന്നെ നടത്തി, കോളജിന് വേണ്ടുന്ന 15 ഏക്കർ ഭൂമി സമ്പാദിച്ചു. തുടർന്ന് കോളജിന്റെ പേരിൽ റജിസ്ട്രേഷൻ നടത്തി അപേക്ഷ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രേഖാമൂലം സമർപ്പിച്ചിട്ട് കോളജ് ലഭിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തി. കാട്ടകാമ്പാൽ പഞ്ചായത്ത് മുൻ പ്രസിഡണ്ടായിരുന്ന പരേതനായ ശ്രീ. പി. റ്റി. ഉതുപ്പൂരുവും സെന്റ് തോമസ് കോളജ് പ്രൊഫസ്സർ പരേതനായ ശ്രീ. ചെറിയാൻ റ്റി. വർഗ്ഗീസും ബ. കുറ്റിക്കാട്ടച്ചന്റെ തോളോട് ചേർന്നത് കോളജിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയായി.

മുൻ വടക്കാഞ്ചേരി എം.എൽ.എ. പരേതനായ ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരിയുടെ സഹായം വിലപ്പെട്ടതായി കണ്ട കുറ്റിക്കാട്ടച്ചൻ രാഷ്ട്രീയമായ സഹകരണവും നേടിയെടുത്തു. 1982 ഡിസംബർ 15-നു കോളജ് ആരംഭിക്കുവാനുള്ള ഉത്തരവ് ലഭിച്ചപ്പോൾ സന്തോഷം കൊണ്ട് അച്ചനു വാക്കുകൾ കിട്ടിയില്ല.

പഴഞ്ഞിപ്പള്ളിക്കെട്ടിടത്തിൽ കോളജ് “മാർ ഡയനീഷ്യസ് കോളജ്” എന്ന പേരിൽ ആരംഭിക്കുവാനും, 1985-ൽ അരുവായിപ്പാടം നികത്തിയെടുത്ത സ്ഥലത്ത് പുതിയ കെട്ടിടം പണിത് ഉദ്ഘാടനം നടത്തി പള്ളി കെട്ടിടത്തിൽ നിന്നും കോളജ് അരുവായിലേക്ക് മാറ്റുവാനും അച്ചൻ കഠിനമായി പരിശ്രമിച്ചിരുന്നു. കോളജിന്റെ കെട്ടിടം പണിയുടെ വരവു ചെലവു കണക്കുകൾ എഴുതുന്നതിൽ അച്ചനെ സഹായിക്കുവാൻ ഈ ലേഖകനും ഇടയായിട്ടുണ്ട്. പിന്നീട് ഭദ്രാസന അരമനയുടെ കെട്ടിടപ്പണിയുടെ കണക്കുകളും എന്നെക്കൊണ്ട് എഴുതിപ്പിക്കാറുണ്ടായിരുന്നു. പേജുകളിലെ അവസാന ഭാഗത്തു സംഖ്യകൾ വളരെ വേഗത്തിൽ കൂട്ടിയിടുന്നതിന് എനിക്കുള്ള കഴിവിനെ അച്ചൻ അഭിനന്ദിക്കാറുമുണ്ടായിരുന്നു. രജതജൂബിലി ആഘോഷിച്ച കോളജിന്റെ ഓരോ മണൽത്തരിയും കുറ്റിക്കാട്ടച്ചന്റെ പേര് വിളിച്ചു പറയും എന്നുള്ളതിന് യാതൊരു തർക്കവുമില്ല.

1976 മുതൽ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി രോഗാതുരനായി എന്നത് അച്ചനെ അത്യധികം നൊമ്പരപ്പെടുത്തി. അടുത്ത സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ 5 മെത്രാപ്പോലീ

ത്താമാരെ തെരഞ്ഞെടുക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ അച്ചൻ വൈദിക സെമിനാരിയിൽ തന്റെ ഗുരുവും മൽപാനും പഴയസെമിനാരി പ്രിൻസിപ്പാളുമായിരുന്ന വട്ടക്കുന്നേൽ ബാവായെ (പ. മാത്യൂസ് പ്രഥമൻ ബാവാ) ക്കണ്ട് സങ്കടം ഉണർത്തിച്ചു. മുളന്തുരുത്തിപ്പള്ളി വികാരിമാരിൽ ഒരാളും, എം. ഡി. സെമിനാരി ഹൈസ്കൂൾ ഹെഡ്മാസ്റ്ററും, പ. മാത്യൂസ് പ്രഥമൻ ബാവായ്ക്കു തൽപരനുമായിരുന്ന മേമ്മുറിയിൽ എം. എം. ജേക്കബച്ചനെ ചൂണ്ടിക്കാണിച്ചപ്പോൾ പ. ബാവായ്ക്കും വലിയ സന്തോഷമാവുകയും ചെയ്തു. അസിസ്റ്റന്റിനെ ആവശ്യപ്പെട്ടിരുന്ന അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ഈ കാര്യത്തിൽ കുറ്റിക്കാട്ടച്ചനെ പുകഴ്ത്തിയത് ഇന്നും ഒളിമങ്ങാതെ എന്നിൽ നിറഞ്ഞു നില്ക്കുന്നു.

മെത്രാന്മാരുടെ സ്ഥാനത്തേക്ക് 5 പേരെ തെരഞ്ഞെടുത്തു കഴിഞ്ഞപ്പോൾ അവരുടെ സ്ഥാനാരോഹണം നടത്തുവാൻ അച്ചൻ കണ്ട സ്ഥലം പഴഞ്ഞിപള്ളി തന്നെയായിരുന്നു. പിന്നീട് പഴഞ്ഞിപ്പള്ളി പൊതുയോഗത്തിൽ ഏകകണ്ഠമായി ആ തീരുമാനം പാസ്സാക്കിയെടുത്തത് അച്ചന്റെ കഴിവു മാത്രമായിരുന്നു. ഈ കാര്യം അസുഖത്തിലിരിക്കുന്ന അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്തായെ ധരിപ്പിക്കുകയും, പ. ബാവായെ കണ്ട് സമ്മതിപ്പിച്ച് മാനേജിംഗ് കമ്മിറ്റിയിൽ തീരുമാനം എടുക്കുവാൻ ഇടയായതും ബ. കുറ്റിക്കാട്ടച്ചന്റെ വ്യക്തിപരമായ നേട്ടം തന്നെയാണ്. 1978 മെയ് 15-നു പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വച്ച് 5 മെത്രാന്മാരെ വാഴിച്ചതിൽ ബ. അച്ചന്റെ മനസ്സ് അത്യധികം സന്തോഷിക്കുകയും കൊച്ചി ഭദ്രാസനത്തിനുവേണ്ടി മേമ്മുറിയിൽ എം. എം. ജേക്കബച്ചനെ യാക്കോബ് മാർ പോളിക്കർപ്പോസ് എന്ന പേരിൽ കൊച്ചി ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായി പ. ബാവായിൽ നിന്നും കൽപന വാങ്ങിച്ചതും ബ. കുറ്റിക്കാട്ടച്ചന്റെ പരിശ്രമം കൊണ്ട് മാത്രം.

## കുറ്റിക്കാട്ടച്ചന്റെ ക്രാന്തദർശിത്വം

1978-ൽ തന്നെ, വടക്കു ഭാഗത്തു നിന്നും ഇനി ഒരു മെത്രാച്ചനെ എവിടെ നിന്നും കിട്ടും എന്നുള്ള ആലോചന പൊങ്ങിവന്നപ്പോഴാണ് അഭിവന്ദ്യ സേവറിയോസ് തിരുമേനിയും ബ. കെ. സി. ജോസഫച്ചനും ചിന്തിച്ചു കണ്ടെത്തിയ ഒരു വൈദികനാണ് നമ്മുടെ കെ. ഐ. പോളച്ചൻ. മലബാർ ഭദ്രാസനാധിപനായിരുന്ന അഭി. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (പ. ദിദിമോസ് പ്രഥമൻ ബാവാ) കൊരട്ടി അരമനയിൽ വന്ന അവസരത്തിൽ അഭി. യൂഹാനോൻ മാർ സേവേറിയോസ് പിതാവും അഭി. തീമോത്തിയോസ് തിരുമേനിയും തമ്മിൽ സംസാരിക്കുന്ന സന്ദർഭത്തിൽ മലബാർ ഭദ്രാസനത്തിലെ ബ. പൈലിറമ്പാച്ചനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കണ

മെന്നുള്ള ആഗ്രഹം അഭി. തീമോത്തിയോസ് തിരുമേനി സൂചിപ്പിച്ചിരുന്നു. പക്ഷേങ്കിൽ അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയും ബ. കുറ്റിക്കാട്ടച്ചനും ഒത്തൊരുമിച്ച് ആലോചിച്ചപ്പോൾ ബ. പോളച്ചൻ മതി നമുക്കെന്ന് ബ. അച്ചൻ പറഞ്ഞത് ഈ ലേഖകനും കൂടി അറിവുള്ളതാണ്.

ബ. കെ. ഐ. പോളച്ചൻ ഈ കാലഘട്ടത്തിൽ തിരുവനന്തപുരത്ത് എം.ജി.ഒ.സി.എസ്.എം. സ്റ്റുഡന്റ് സെന്ററിന്റെ ചുമതല വഹിച്ചിരുന്ന സമയമായിരുന്നു. എം.ജി.ഒ.സി.എസ്.എം. ന്റെ പ്രസിഡണ്ടും, അങ്കമാലി ഭദ്രാസനാധിപനും സെമിനാരിയിൽ ബഹു. അച്ചന്റെ ഗുരുനാഥനുമായിരുന്ന അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയെക്കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ബഹു. കെ. ഐ. പോളച്ചനെ കൊച്ചി ഭദ്രാസനത്തിലേക്ക് വിട്ടുതരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. താമസംവിനാ കെ. ഐ. പോളച്ചനെ എം.ജി.ഒ.സി.എസ്.എം. സ്റ്റുഡന്റ് സെന്ററിന്റെ ചുമതലയിൽ നിന്നു വിടുർത്തുകയും, കൊച്ചി ഭദ്രാസനത്തിലെ പ്രധാന പള്ളികളിൽ ഒന്നായ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ അസി. വികാരിയായി അഭി. സേവേറിയോസ് തിരുമേനിയെക്കൊണ്ട് കൽപനയുണ്ടാകുവാൻ നിർദ്ദേശിച്ചതും കുറ്റിക്കാട്ടച്ചന്റെ കൂർമ്മബുദ്ധി തന്നെ.

കുറ്റിക്കാട്ടച്ചൻ കൊച്ചി ഭദ്രാസന സെക്രട്ടറി സ്ഥാനത്തു നിന്ന് കാലാവധി കഴിഞ്ഞ് ഒഴിവായി എന്നതുകൊണ്ട് വെറുതെയിരുന്നില്ല. വടക്കു ഭാഗത്ത് കുന്നംകുളം, പഴഞ്ഞി എന്ന പേരിൽ ഒരു ഭദ്രാസനം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടാണ് കുന്നംകുളം ഭദ്രാസനം ഉടലെടുത്തത് എന്നു പറയുന്നതിൽ അതിശയോക്തി ഒട്ടും ഇല്ല. തുടർന്ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ 5 മെത്രാപ്പോലീത്തന്മാരെ തെരഞ്ഞെടുക്കുന്നു എന്നു മനസ്സിലാക്കിയ കെ. സി. ജോസഫച്ചൻ, താൻ സ്നേഹിച്ചിരുന്ന അരുമ ശിഷ്യനായ ബ. കെ. ഐ. പോളച്ചനു വേണ്ടി കൊച്ചി ഭദ്രാസനത്തിന്റെ മെത്രാൻ സ്ഥാനാർത്ഥിയായി അപേക്ഷ സമർപ്പിക്കുകയും ബ. കെ. ഐ. പോളച്ചൻ 5 പേരിൽ വച്ച് ഏറ്റവുമധികം വോട്ടുകൾ നേടി തെരഞ്ഞെടുക്കപ്പെടുകയും 1985-ൽ കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം നടക്കുകയും ചെയ്തപ്പോൾ ബ. കെ. സി. ജോസഫച്ചന്റെ ദീർഘവീക്ഷണം ഫലവത്തായി.

### നിർമ്മാണ പ്രവർത്തനങ്ങളുടെ സാരഥി

പഴഞ്ഞിപ്പള്ളിയുടെ നാടകശാല (മുഖമണ്ഡപം) വളരെ മനോഹരമായി കോൺക്രീറ്റ് ചെയ്തുണ്ടാക്കിയത് ബ. അച്ചന്റെ ചുമതലയിലായി

രുന്നുവെന്ന് ഈ എളിയവനെ പലപ്പോഴും പറഞ്ഞു കേൾപ്പിച്ചിട്ടുണ്ട്. മാത്രമല്ല അക്കാലത്തും, പിൽക്കാലത്തും പണിതിട്ടുള്ള പല കോൺക്രീറ്റ് കെട്ടിടങ്ങൾക്കും വിള്ളലുകൾ വന്ന് ചോർന്നൊലിച്ചപ്പോഴും ഒരു സുവർണ്ണ ജൂബിലി കഴിഞ്ഞ മുഖമണ്ഡപം ഇത്ര ബലവത്തായി നിൽക്കുന്നു എന്നതും അച്ചന്റെ മേൽനോട്ടവും ആ പണിയുടെ മേന്മയുമാണെന്ന് എടുത്തു പറയാം.

1986-ൽ കുന്നംകുളം ഭദ്രാസനാസ്ഥാനത്ത് അരമനകെട്ടിടം പണിതുയർത്തുവാനുള്ള കർമ്മശേഷിയും ബ. കുറ്റിക്കാട്ടച്ചന്റേതു തന്നെ. സുമാർ ഏഴ് ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുവാനും, ആയതിനാവശ്യമുള്ള പണസമാഹരണം ഉണ്ടാകുവാൻ കോട്ടപ്പടി ശ്രീ. പി. യു. വർഗ്ഗീസിനെക്കണ്ട് കാര്യം സാധിപ്പിച്ചെടുത്തതും കെ. സി. ജോസഫച്ചന്റെ കഴിവു മാത്രമാണ്. തുടർന്ന് അഭി. പൗലൂസ് മാർ മിലിത്തിയോസ് പിതാവിന്റെ വലങ്കൈ ആയി പ്രവർത്തിച്ച് ഇന്നു കാണുന്ന നാലുകെട്ട് അരമനയുടെ പണി പൂർത്തിയാക്കുവാൻ അച്ചൻ ചെയ്ത സേവനം ഏറെ മതിപ്പുളവാക്കുന്നതാണ്. കെട്ടിടം പണിക്ക് പണസമാഹരണത്തിനുള്ള, വിഹിതം വ്യക്തികളിൽ നിന്നും, വീടുകളിൽ നിന്നും ലഭ്യമാക്കുന്നതിന് അഭി. തിരുമേനിയെക്കൊണ്ട് കൽപനകൾ ഇറക്കുന്നതിനും, ആയതു നൂറു ശതമാനവും വിജയിപ്പിക്കുന്നതിന്നും കുറ്റിക്കാട്ടച്ചൻ ചെയ്ത ശ്രമം പ്രശംസനീയമായിരുന്നു. പള്ളിപ്പണിയും കോളജ് പണിയും, അരമനയുടെ നിർമ്മാണവുമെല്ലാം ബ. കെ. സി. ജോസഫിന്റെ കർമ്മശേഷി വിളിച്ചറിയിക്കുന്നതു തന്നെ. 1976-ൽ കൊരട്ടി അരമനയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന എം.എസ്. എൽ.പി. സ്കൂൾ നിൽക്കുന്ന സ്ഥലം എൻ. എച്ച്. 47-നു വേണ്ടി എടുത്തുപോയപ്പോൾ ആ സ്കൂൾ കെട്ടിടവും പൊളിക്കപ്പെട്ടു. എന്നാൽ ആ കെട്ടിടത്തിന്റെ മേൽക്കൂരയും ഉപവസ്തുക്കളും അതേ അളവിൽ കുന്നംകുളം അടുപ്പൂട്ടി സെന്റ് മേരി മഗ്ദലന യു.പി. സ്കൂളിന്റെ കെട്ടിടത്തിന് ഉപയുക്തമാക്കിയതും അച്ചന്റെ ബുദ്ധിയായിരുന്നു. സ്വന്തം വീടു പണിതതിലും ആ മികവ് പ്രകടമാണ്. വീടിന്റെ പ്രധാന മുറിയുടെ മുൻഭാഗം മുഴുവനും ഭിത്തിയില്ലാതെ ചെറിയ കോൺക്രീറ്റ് ഗ്രില്ലുകൾ കൊടുത്ത് വെളിച്ചവും വായുസഞ്ചാരവും നിറഞ്ഞതാക്കിത്തീർത്തത് ശ്രദ്ധേയമാണ്. പഴഞ്ഞിപ്പള്ളിക്ക് നഷ്ടപ്പെട്ടിരുന്ന ഐ.സി.എം. എൽ.പി. സ്കൂൾ മാർ ബസ്സേലിയോസ് എൽ.പി. സ്കൂളായി പള്ളിക്ക് തിരികെ ലഭ്യമാക്കുവാൻ അച്ചൻ പ്രയത്നിച്ചതും ഈ ലേഖകനോട് പറയാറുണ്ട്. പള്ളിക്കു മുൻവശത്തായി റോഡിന് കിഴക്കുഭാഗത്തുള്ള കെട്ടിടം വാങ്ങിച്ച് മാർ സേവേറിയോസ് മെമ്മോറിയൽ മന്ദിരം എന്ന് പേരിട്ട് സ്മര്യപുരുഷന്റെ ഗുരുവിന്റെ ഓർമ്മ പുതുക്കിയതും അച്ചന്റെ ഗുരുഭക്തി തന്നെ.

## ദുഃഖസത്യങ്ങൾ ചിലത്

1985-ൽ കുന്നംകുളം ഭദ്രാസനാധിപനായി ചുമതലയേറ്റ അഭി. പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിക്ക് ഓഫീസ് സഹായത്തിന് ആരുമില്ലെന്നുള്ള നിസ്സഹായാവസ്ഥ ഈ ലേഖകനെ ഓർമ്മിപ്പിച്ചപ്പോൾ, ആ സ്ഥാനത്തിന് ഏറ്റവും അനുയോജ്യനും പ്രാപ്തനും ബ. കെ. സി. ജോസഫച്ചനാണെന്ന് ഈ എളിയവൻ ധരിപ്പിച്ചപ്പോൾ അഭി. തിരുമേനി അച്ചനെ നേരിൽ കണ്ട് വിവരം അറിയിച്ചു. അതുവരെയും ഭദ്രാസന കാര്യങ്ങളിൽ അല്പം അകന്നുനിന്നിരുന്ന സ്മര്യപുരുഷൻ തിരുമേനി കല്പിച്ച് ഏല്പിച്ച സ്ഥാനം സ്തുത്യർഹമാംവണ്ണം നിർവഹിക്കുകയുണ്ടായി. ഭദ്രാസന സെക്രട്ടറിയോ, ഏതെങ്കിലും ചുമതലക്കാരനോ അല്ലാത്ത ബ. കുറ്റിക്കാട്ടച്ചൻ അഭി. തിരുമേനിയുടെ എല്ലാമായി പ്രവർത്തിച്ചിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്. പിൽക്കാലത്ത് അച്ചൻ പിതാവിന്റെ അനിഷ്ടത്തിന് പാത്രമായി എന്ന വിവരം ഈ ലേഖകനോട് വേദനയോടെ പറഞ്ഞതും, പഴഞ്ഞിപ്പള്ളിയുടെ വികാരിയായി തന്നേക്കാൾ വളരെ ജൂണിയറായ ബ. സണ്ണി ചാക്കോ അച്ചനെ നിയമിച്ചതും, സ്മര്യപുരുഷനെ അസിസ്റ്റന്റ് വികാരിയാക്കിയതും വളരെ സങ്കടത്തോടെ ഈ എളിയവനെ ധരിപ്പിച്ചതും ഏറെ ദുഃഖത്തോടെ ഓർത്തുകൊള്ളുന്നു. മറ്റൊന്ന് പഴഞ്ഞിപ്പള്ളിയുടെ ഭണ്ഡാരശേഖരങ്ങളിൽ നിർജ്ജീവമായി കിടന്നിരുന്ന സുവർണ്ണ ഉരുപ്പടികൾ കൈക്കാരന്റെ ചുമതലയിൽ ഉരുക്കിയെടുത്ത് വിറ്റ് ആയതിന്റെ മൂല്യം പള്ളിക്ക് മുതൽകൂട്ടിയതിൽ അതൃപ്തരായ ചില പൊതുയോഗാംഗങ്ങളുടെ വിമർശനവും അച്ചനെ ദുഃഖിപ്പിച്ചിരുന്നു. അമ്പതിൽപരം വർഷം ഇടവകപള്ളിക്കുവേണ്ടി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിരുന്ന ബ. കുറ്റിക്കാട്ടച്ചനെ താഴ്ത്തിക്കൊണ്ട് അന്നത്തെ വികാരിയുടെ അനുമതിയോടെ പരസ്യമായി കുറ്റാരോപണ ബോർഡ് പള്ളിയിൽ പ്രത്യക്ഷപ്പെട്ടതും അച്ചന്റെ ഹൃദയത്തെ മുറിവേൽപ്പിച്ചിരുന്നു. ഈ ഹൃദയഭേദകമായ വസ്തുതകൾ ഈ എളിയവനെ ധരിപ്പിക്കത്തക്കവണ്ണം ഞങ്ങൾ തമ്മിൽ അത്രമാത്രം സ്നേഹവും ബഹുമാനവും വ്യക്തിപരമായി പ്രകടിപ്പിച്ചിരുന്നത് മറക്കുവാൻ കഴിയുന്നില്ല. പരസ്പരം വീട്ടുകാര്യങ്ങൾ പോലും ചർച്ച ചെയ്തു തീരുമാനിക്കാറുണ്ടായിരുന്നു. ബ. കുറ്റിക്കാട്ടച്ചനെ ഓർക്കുമ്പോൾ അച്ചന്റെ ബസ്ക്യാമ്മയെ ഓർക്കാതിരിക്കുവാൻ വയ്യ. വാസ്തവത്തിൽ വീടിന്റെ സംരക്ഷണം കൊച്ചമ്മയുടെ കൈവശവും, പള്ളിയുടെ ഭരണം അച്ചന്റെ കൈവശവുമെന്നു പറയുന്നതായിരിക്കും നല്ലത്. കുഞ്ഞുങ്ങളുടെ പഠനവും വളർച്ചയും, അച്ചനെ തിരക്കി വീട്ടിൽ വരുന്നവരോട് സ്നേഹത്തോടെയുള്ള പെരുമാറ്റവും അന്വേഷണങ്ങളും എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. ഇതുകൊണ്ടു തന്നെയാണ് ബ. അച്ചന്റെ ബസ്ക്യാമ്മയുടെ വേർപാട് അദ്ദേ

ഹത്തെ തളർത്തിയതും. ബ. അച്ചൻ പഴഞ്ഞിപ്പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പ്രവർത്തിക്കുന്നതിനേക്കാൾ നല്ലത് വിശ്രമ ജീവിതം നയിക്കുകയല്ലേയെന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി എന്നെ അതിശയപ്പെടുത്തി. 'ഞാൻ ഒരിക്കലും തെക്കേക്കരയച്ചനെപ്പോലെ വിടുതൽ ചെയ്യുകയൊ രാജി വയ്ക്കുകയൊ ചെയ്യുകയില്ല, ആയുസ്സുള്ള കാലത്തോളം പഴഞ്ഞിപ്പള്ളിയിൽ പ്രവർത്തിക്കും.' ഈ വാക്കുകൾ കരുത്തേറിയ നിശ്ചയദാർഢ്യത്തിന്റെ തെളിവായിരുന്നു. അധികകാലം കഴിയും മുമ്പെ ബ. കെ. സി. ജോസഫ് കോറെപ്പിസ്ക്കോപ്പാ അച്ചൻ ശയ്യാവലംബിയായതും പിന്നീട് പള്ളിഭരണത്തിൽ നിന്നും ഒഴിവായതും ഒരു ദൈവനിയോഗം!!

## അറം പറ്റുന്ന വാക്കുകൾ

ബ. കാട്ടകാമ്പാൽ പള്ളി വികാരിയും, സതീർത്ഥ്യനുമായിരുന്ന പുലിക്കോട്ടിൽ പി. സി. സൈമണച്ചന്റെ ബസ്ക്യാമ്മയുടെ കബറടക്കത്തിനു ശേഷം പള്ളിമുറിയിൽ വച്ച് മറ്റു വൈദികരുള്ളപ്പോൾ ദുഃഖാർത്തനായ ബ. പി. സി. സൈമണച്ചന്റെ സാന്നിദ്ധ്യത്തിൽ ബലഹീനനായ എന്നോട് നമ്മുടെ സ്മര്യപുരുഷൻ ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. 'എടൊ ജോസച്ചാ, താൻ കേട്ടിട്ടുണ്ടോ ആദ്യമേ ഭാര്യ മരിച്ച് ജീവിക്കുന്ന വൈദികർ ആരെങ്കിലും കുന്നംകുളം ഭദ്രാസനത്തിലുണ്ടോടൊ, അതു ഈ കാട്ടകാമ്പാലച്ചനാണ്." ഈ വാക്കുകൾ കേട്ട സൈമണച്ചന്റെ കണ്ണുകൾ നിറഞ്ഞതു സ്വാഭാവികം. ഒരു വർഷം കഴിഞ്ഞപ്പോൾ ബ. കെ. സി. ജോസഫച്ചന്റെ ബസ്ക്യാമ്മ നിര്യാതയായി. പഴഞ്ഞിപ്പള്ളിയിൽ കബറടക്കം നടത്തി, തുടർന്ന് പള്ളിമുറിയിൽ ബ. കാട്ടകാമ്പാലച്ചനും, മറ്റു വൈദികരും, ഈ ലേഖകനും കൂടിയിരിക്കുമ്പോൾ ബ. പി. സി. സൈമണച്ചൻ ഒരു ചോദ്യം എന്നോട് തന്നെ ചോദിച്ചപ്പോൾ ഞാൻ ദുഃഖിതനായി. തത്സമയം കുറ്റിക്കാട്ടച്ചൻ മറ്റുള്ളവരുടെ സഹായത്താൽ പള്ളിമുറിയിലേക്ക് കടന്നുവരുമ്പോൾ സ്വതഃസിദ്ധമായി ഒരു കണ്ണടച്ച് കാട്ടകാമ്പാലച്ചൻ ചോദ്യം ഉന്നയിച്ചു. 'ഇപ്പോൾ എങ്ങനെയുണ്ട് ജോസച്ചാ, എന്റെ കൂടെ ഒരാൾ  കൂടിയുണ്ടല്ലോ?' ഇത് ബ. സ്മര്യപുരുഷനെ വേദനിപ്പിച്ചതും കണ്ണുകൾ നിറയുകയും ചെയ്തതും ദൈവനിശ്ചയമല്ലേ എന്നോർത്ത് എളിയവൻ കണ്ണടച്ചിരുന്നു.

1982 മുതൽ ഈ ലേഖകൻ ചൊള്ള് (ചിക്കൻപോക്സ്) വാരിച്ചൊള്ള് (ഹെർപൈസ്), മസൂരി എന്നീ രോഗങ്ങൾക്ക് ചെറിയ തോതിൽ നാട്ടുവൈദ്യം പരിശീലിക്കുകയും, രോഗികളെ ശുശ്രൂഷിക്കുകയും, ജാതിമതഭേദമെന്യേ രോഗികളുടെ വീടുകളിൽ പോയി സാന്ത്വനം നടത്തുകയും ഭക്ഷണവസ്തുക്കൾ എത്തിച്ചുകൊടുക്കുകയും പതിവായിരുന്നു. ഈ കാലഘട്ടങ്ങളിൽ ആയിരക്കണക്കിന് രോഗികളെ ശുശ്രൂഷിക്കാൻ ഇട

യായതിൽ ഈയുള്ളവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ. എന്നാൽ, ഈ ലേഖകനോടുള്ള നീരസം കൊണ്ടോ, ആളുകൾ എന്നെ സ്നേഹിക്കുന്നതുകൊണ്ടോ, ബ. കെ. സി. ജോസഫച്ചൻ പഴഞ്ഞിപള്ളി ഇടവകയിൽപ്പെട്ട പല വീടുകളിലും ചെല്ലുമ്പോൾ ബ. സ്മര്യപുരുഷൻ അൽപം പരിഹാസത്തോടെ 'ഇയാളൊരു "കുരുപ്പ്"ച്ചൻ (ചൊള്ള്, മസൂരി എന്നീ രോഗങ്ങൾക്ക് പഴമക്കാർ പറഞ്ഞിരുന്ന പേര്). ഈ സി. റ്റി. ജോസച്ചന് എന്തറിയാം. ഇനി ഞാനും ഈ ചികിത്സ തുടങ്ങുവാൻ പോകുന്നു. എനിക്കും നല്ല ധൈര്യമുണ്ട്." ഈ വാർത്ത പല വീടുകളിൽ നിന്നും ഈയുള്ളവന്റെ കാതുകളിൽ എത്തിയപ്പോൾ അൽപം മനഃപ്രയാസം തോന്നിയിരുന്നു. പിന്നീട് ബ. കുറ്റിക്കാട്ടച്ചനു ഹെർപ്പീസ് (വാരിച്ചൊള്ള്) പിടിപെട്ടപ്പോൾ മക്കൾ എന്നെ വിളിച്ചു വരുത്തുകയും, അച്ചനെയും ചിക്കൻപോക്സ് പിടിപെട്ട കൊച്ചുമക്കളെയും ചികിത്സിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യേണ്ടി വന്നതും ഒരു ദൈവനിയോഗമായി കാണേണ്ടതല്ലേ?

പഴഞ്ഞി പള്ളിയിൽ ബ. സി. വി. അബ്രഹാമച്ചനും, ബ. കെ. സി. ജോസഫച്ചനും മാറിമാറി വികാരിമാരായിരുന്ന് പള്ളിഭരണം നടത്തിവരുന്ന കാലഘട്ടത്തിൽ ഇടവകക്കാരനായ യു. സി. കോളജ് പ്രൊഫസ്സർ ബ. ചീരൻ ജോസഫച്ചനെ പഴഞ്ഞിപ്പള്ളിയിൽ നിയമനം നൽകുവാൻ പല ഇടവകാംഗങ്ങളും ആഗ്രഹിക്കുകയും മെത്രാപ്പോലീത്തായെ ധരിപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ, ബ. തെക്കേക്കരയച്ചന്റെയും ബ. കുറ്റിക്കാട്ടച്ചന്റെയും ബുദ്ധിപരമായ നീക്കത്തിൽകൂടി, പള്ളിപ്പൊതുയോഗത്തിൽ "വൈദിക സെമിനാരി വിദ്യാഭ്യാസമില്ലാത്ത വൈദികരെ പഴഞ്ഞിപ്പള്ളിയിൽ നിയമിക്കുവാൻ ഇടയാകരുത്" എന്ന തീരുമാനമെടുത്ത് മിനിട്ട്സിന് മെത്രാപ്പോലീത്തായിൽ നിന്നും അംഗീകാര കൽപന വാങ്ങിക്കുകയും ചെയ്തു. പിൽക്കാലത്ത് ബ. വാഴപ്പിള്ളി വി. ഐ. സൈമൺ കത്തനാർ ബി.എസ്സ്.സി., ബി.ഡി. വൈദികസെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ് വൈദികനായപ്പോൾ പഴഞ്ഞിപ്പള്ളിയിൽ നിയമിക്കാതിരിക്കുവാൻ അഭി. തിരുമേനിയെക്കണ്ട് ഉപദേശിച്ച വിവരം ബ. കുറ്റിക്കാട്ടച്ചൻ ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. ബ. അച്ചൻ, കാലയവനികയ്ക്കുള്ളിൽ മറയുംമുമ്പെ, സെമിനാരി വിദ്യാഭ്യാസമില്ലാതിരുന്ന ബ. ചീരൻ ജോർജ്ജച്ചനെ പഴഞ്ഞിപ്പള്ളി വികാരിയായും വി. ഐ. സൈമണച്ചനെ അസി. വികാരിയായും അഭി. തിരുമേനി നിയമിച്ചതും, ഇവരുടെ ഭരണകാലത്ത് ബ. കെ. സി. ജോസഫ് കോറെപ്പിസ്ക്കോപ്പായുടെ മരണവും കബറടക്കവും നടന്നതും മറ്റൊരു വിധത്തിൽ ദൈവനിശ്ചയമെന്ന് ഈയുള്ളവൻ വിശ്വസിക്കട്ടെ.

**സമാപനം**

ഇടവകയുടെ അഭ്യുന്നതി മാത്രം ആഗ്രഹിച്ച് പ്രവർത്തിച്ച വൈദിക ശ്രേഷ്ഠൻ, സഭാപിതാക്കന്മാരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന എളിമയുടെ ഉടമസ്ഥൻ, ഏതു തുറയിലായാലും മറ്റുള്ളവരുടെ നന്മകളെ പ്രോത്സാഹിപ്പിക്കുന്ന നന്മയുടെ നേർക്കാഴ്ചയുള്ളവൻ, തികഞ്ഞ സഭാസ്നേഹി, ചരിത്രരേഖകളുടെ സൂക്ഷിപ്പുകാരൻ, ദുഃസ്വഭാവങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്ത നല്ല വൈദികൻ, എന്റെ ഗുരുനാഥനും പൈതൃകസ്നേഹത്താൽ മാർഗ്ഗനിർദ്ദേശം നൽകിയവനുമായ മഹാത്മൻ, ഈ നിലകളിൽ ബ. കുറ്റിക്കാട്ട് കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായച്ചൻ ഈ ലേഖകന്റെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്നു. ആ പിതാവിന്റെ ആത്മാവിന് സ്വർഗ്ഗീയ മണവറയിൽ സത്യാചാര്യന്മാർക്കുള്ള മഹത്വസ്ഥാനം ലഭ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(ലേഖകൻ ദീർഘകാലം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനും ശുശ്രൂഷകനും സെക്രട്ടറിയുമായിരുന്നു. പഴഞ്ഞി എം.ഡി. കോളജിലെ ഹെഡ് അക്കൗണ്ടന്റ് എന്ന നിലയിൽ പഴഞ്ഞി കോളജിലും പള്ളിയിലും കഥാപുരുഷൻ നടത്തിയ സേവനങ്ങളെപ്പറ്റി നേരിട്ട് അറിയുന്ന ആളും ആണ്. – ഗ്രന്ഥകാരൻ)

# ഫാ. കെ. സി. ജോസഫ് കോർഎപ്പിസ്ക്കോപ്പാ: ചില ഓർമ്മകൾ

## ഫാ. ജോർജ്ജ് മറ്റം

1970-കളിലാണ് ബഹുമാന്യനായ കെ. സി. ജോസഫ് അച്ചനെക്കുറിച്ച് ഞാൻ കേട്ടു തുടങ്ങിയത്. അന്ന് ഞാൻ കേവലം വിദ്യാർത്ഥി ആയിരുന്നു. എന്റെ പിതാവ് കണ്ണാറ പള്ളിക്കാര്യങ്ങളിൽ സജീവമായും, സണ്ടേസ്കൂളിൽ പ്രധാന അദ്ധ്യാപകനായും പ്രവർത്തിച്ചിരുന്ന കാലം. ഞങ്ങളുടെ ഇടവക അന്ന് രണ്ടു ഭാഗമായി നിന്നുകൊണ്ട് രൂക്ഷമായ ആഭ്യന്തരപോരാട്ടം നടത്തിയിരുന്ന സമയം. അതിൽ ഒരു ഭാഗത്തിന്റെ നേതൃസ്ഥാനത്ത് എന്റെ പിതാവും ഉണ്ടായിരുന്നു. എനിക്ക് അന്ന് 20 വയസ്സോളം പ്രായവും. ഇടവകപ്രശ്നങ്ങൾ സംബന്ധിച്ച് നിരന്തരം ഭദ്രാസനവുമായി അവർ ബന്ധപ്പെട്ടുകൊണ്ടിരുന്നു. ആ സമയങ്ങളിൽ അവരുടെ ആവശ്യങ്ങളെ സഹാനുഭൂതിയോടു കൂടി കണ്ടിരുന്ന ജോസഫ് വെണ്ട്രപ്പിള്ളി അച്ചനെക്കുറിച്ചും, പഴഞ്ഞിയിൽ കുറ്റിക്കാട്ട് ജോസഫ് അച്ചനെക്കുറിച്ചും, എന്റെ പിതാവ് പുലർത്തിയിരുന്ന ഉന്നതമായ അഭിപ്രായങ്ങൾ കേൾക്കുവാൻ എനിക്ക് ഇടയായിട്ടുണ്ട്.

ആ കാലഘട്ടങ്ങളിൽ സഭ ഒന്നായിരുന്നു. ഇന്നത്തെപ്പോലെ കക്ഷിഭിന്നതയുണ്ടായിരുന്നില്ലെന്നു സാരം. എന്നാൽ 1973 അവസാനിക്കാറാകുമ്പോഴേയ്ക്കും, അങ്ങിങ്ങായി അപസ്വരങ്ങൾ കേൾക്കുവാൻ തുടങ്ങി (1976 മുതൽ എന്നെ ബാഹ്യകേരള ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ട് തിരഞ്ഞെടുത്ത് ബാഹ്യകേരള ഭദ്രാസനത്തിനുവേണ്ടി പട്ടമേല്ക്കുന്നതിന് സ്കോളർഷിപ്പ് തന്ന് പ്രീ ഡിഗ്രി തലം മുതൽ ഡിഗ്രി വരെ പഠിപ്പിച്ചുകൊണ്ടിരുന്നു. ആ സൗഭാഗ്യം നേടുവാനും, ആ പുണ്യപിതാവിനെ അടുത്തറിയുവാനും എനിക്കു ഭാഗ്യം ലഭിച്ചു. ബാഹ്യകേരള ഭദ്രാസനത്തിനു വേണ്ടി പഠിച്ചുകൊണ്ടിരുന്ന എന്റെ തലയിൽ ഒരു ഉമിത്തീയായാണ് സഭയിലെ അപസ്വരങ്ങൾ വന്നു പതിച്ചത്. ഏതായിരുന്നാലും എന്റെ സ്നേഹിതനായിരുന്ന എ. റ്റി. യോഹന്നാൻ പട്ടമേല്ക്കുന്നതിനു വേണ്ടി 1973-ൽ കൊരട്ടി അരമനയിൽ താമസമാക്കി. അദ്ദേഹത്തിന്റെ കോറൂയോ പട്ടം 17-1-74-ൽ ചവറാംപാടം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയാണ് പട്ടം നല്കിയത്. അന്ന് ആ പള്ളിയിലെ പെരുന്നാൾ കൂടിയായിരുന്നു എന്നാണ് എന്റെ

ഓർമ്മ. വാഹനഗതാഗതം ഇല്ലായിരുന്നുവെങ്കിലും മൈലുകൾ കാൽനടയായി നടന്ന് ആദ്യമായി പട്ടംകൊട ശുശ്രൂഷ കാണുന്നതിനായി ഞാനും അവിടെ എത്തിയിരുന്നു. ഏതായാലും പട്ടംകൊടയ്ക്കു ശേഷം എല്ലാവർക്കും പാച്ചോർ നേർച്ച ഉണ്ടായിരുന്നു. നേർച്ച വിളമ്പാൻ ആരംഭിച്ചു. പെട്ടെന്ന് അവിടെ ഉണ്ടായിരുന്ന ഇടവകക്കാർ 2 ഭാഗമായി തിരിഞ്ഞ് തല്ല് ആരംഭിച്ചു. നേർച്ച വിളമ്പുന്നതു സംബന്ധിച്ച തർക്കങ്ങളായിരുന്നു അതിലേക്കു നയിച്ചത്. ഇതു നടക്കുന്നത് തിരുമനസ്സുകൊണ്ട് വിശ്രമിച്ചിരുന്ന ഒരു ചെറിയ മുറിയുടെ മുന്നിലും. ഞങ്ങൾക്കാകെ വിഷമമായി. പെട്ടെന്ന് ഘനഗംഭീരമായ ഒരു ശബ്ദം കേട്ടു. "നിർത്തടൊ. തിരുമനസ്സുകൊണ്ട് എഴുന്നള്ളുന്നു." ശബ്ദകോലാഹലങ്ങൾക്കിടയിൽ ആ ശബ്ദം വീണ്ടും വീണ്ടും മുഴങ്ങി. തിരുമേനി മുറിയിൽ നിന്ന് പുറത്തേക്ക് വന്നു. ശബ്ദകോലാഹലങ്ങൾ അടങ്ങി. അല്പസമയം കൊണ്ട് അന്തരീക്ഷം ശാന്തമായി. ഞാൻ ആദ്യം കേട്ട ഘനഗംഭീരമായ ശബ്ദത്തിന്റെ ഉടമ വന്ദ്യനായ കെ. സി. ജോസഫ് അച്ചനായിരുന്നു. അന്നാണ് ആ ശബ്ദത്തിന്റെ ഗാംഭീര്യവും, ആധികാരികതയും ഞാൻ ആദ്യമായി കേൾക്കുന്നത്, അനുഭവിക്കുന്നത്. എനിക്ക് അദ്ദേഹത്തോട് ഏറെ ബഹുമാനം തോന്നി.

1974 ആരംഭത്തോടെ സഭയിൽ കക്ഷിഭിന്നത സംജാതമായി. എന്തു ചെയ്യേണ്ടു എന്നറിയാതെ ഞാൻ വിഷമിച്ചു. കാരണം ഞാൻ ബാഹ്യകേരള ഭദ്രാസനത്തിനുവേണ്ടി പട്ടമേല്ക്കുവാൻ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. ഞാൻ അഭിവന്ദ്യനായ അത്താനാസ്യോസ് തിരുമേനിയ്ക്കെഴുതി; ഒന്നല്ല, രണ്ടു പ്രാവശ്യം. എന്റെ വീട്ടുകാരും, നാട്ടുകാരും, ഇടവകക്കാരും ബാവാകക്ഷി അനുകൂലികളാണ്. 21 വീട്ടുകാർ ഒഴിച്ച് ഇവിടെയാരും ഓർത്തഡോക്സുകാരായിട്ടില്ല. ഞാൻ എന്തു ചെയ്യണം. തിരുമനസ്സുകൊണ്ട് 2 കത്തുകൾക്ക് നമ്പറിട്ട രണ്ട് കല്പനകൾ തന്നെ എനിക്കയച്ചു തന്നിരുന്നു. അതിൽ വീട്ടുകാരേയും, ഇടവകക്കാരേയും, ബഹുഭൂരിപക്ഷം ജനത്തേയും വിട്ട് നീ ഒന്നും ചെയ്യേണ്ട. തല്ക്കാലം അവരോടൊപ്പം നില്ക്കുന്നതാണ് ബുദ്ധി. നിനക്ക് ചെറുപ്പം; സാമ്പത്തികമായ ശേഷിയുമില്ലല്ലോ. അതുകൊണ്ട് അവരിൽ നിന്ന് നീ മാറി നില്ക്കുവാൻ ഞാൻ പറയുകയില്ല. ഇതായിരുന്നു കല്പനയുടെ സാരം. ഈ രണ്ടു കല്പനകളും ഞാൻ ഇന്നും പൊന്നുപോലെ സൂക്ഷിക്കുന്നുണ്ട്. എന്നാൽ തിരുമനസ്സുകൊണ്ട് എന്റെ അവസ്ഥ മനസ്സിലാക്കി എന്നെ സ്വതന്ത്രനാക്കിയെങ്കിലും അത് അതേപടി സ്വീകരിപ്പാൻ എനിക്ക് മനസു വന്നില്ല. അതൊരു നീണ്ട ചരിത്രമാണ്. അതെക്കുറിച്ച് പറയുകയല്ലല്ലോ എന്റെ ദൗത്യം. ഏതായിരുന്നാലും സഭയുടെ നിലപാടുകളെ സംബന്ധിച്ചും അതിന്റെ ആധികാരികത സംബന്ധിച്ചും തൃശൂർ പള്ളി

യിൽ സഹപട്ടക്കാരനായിരുന്ന ജോസഫ് ചീരനച്ചനുമായി സംസാരിക്കുകയും അനേകം രേഖകൾ അദ്ദേഹം എന്നെ കാണിക്കുകയും ചെയ്തു. അതിന്റെയൊക്കെയും വെളിച്ചത്തിൽ ആരുമില്ലെങ്കിലും ഓർത്തഡോക്സ് ഭാഗത്ത് ഉറച്ചുനില്ക്കുവാൻ ഞാൻ തീരുമാനിച്ചു.

ഇനി എന്തു ചെയ്യണം എന്ന ചിന്ത എന്നെ ഭരിച്ചു. കെ. പി. ജേക്കബച്ചൻ അന്ന് സ്ലീബാദാസനായി മൂവാറ്റുപുഴ അരമനയോടുള്ള ബന്ധത്തിൽ പിറമാടം ദയറായിൽ താമസിച്ചു വരികയായിരുന്നു. ഏതായാലും ശെമ്മാശൻ തന്റെ വീട്ടിൽ വന്നപ്പോൾ ഞങ്ങൾ ഒരുമിച്ച് ഇതേക്കുറിച്ച് ആലോചിച്ചു. എന്തു ചെയ്യണമെന്ന് ഞങ്ങൾക്ക് അറിയില്ല. ഏതായാലും പഴഞ്ഞിയിൽ പോയി കുറ്റിക്കാട്ടിലച്ചനെ ഒന്നു കാണാം. പ്രായമുള്ളവരാണല്ലോ. എന്തെങ്കിലും ഒരു വഴി കാണിച്ചു തരാതിരിക്കയില്ല എന്നുറച്ച് ഞങ്ങൾ പഴഞ്ഞിക്ക് വണ്ടി കയറി. വണ്ടിക്കൂലി കൊടുക്കുവാനുള്ള പൈസ പോലും കയ്യിലില്ല. ഏതായാലും വൈകുന്നേരത്തോടെ കുറ്റിക്കാട്ടിലച്ചന്റെ വീട്ടിൽ എത്തി. വിവരങ്ങൾ മുഴുവനായി പറഞ്ഞു. അച്ചൻ ചോദിച്ചു എത്ര പേരുണ്ടാകും. ഞങ്ങൾ പറഞ്ഞു ഞങ്ങളുടെ വീട്ടുകാർ പോലും ഉണ്ടാകയില്ല. പിന്നെ തിരുമേനിയോട് സ്നേഹവും ബഹുമാനവുമുള്ള കുറെ പേരുണ്ട്. പക്ഷേ, കക്ഷിക്കാര്യമായതിനാൽ ഞങ്ങൾക്ക് ഒരുറപ്പുമില്ല. ഒരു പക്ഷെ തിരുമേനി കത്തയച്ച് വിളിച്ചാൽ അവർ വരുമായിരിക്കും എന്ന് ഞങ്ങൾ അച്ചനോട് പറഞ്ഞു. അച്ചൻ പറഞ്ഞു, 'പേടിക്കേണ്ട. ഞാനൊന്നാലോചിക്കട്ടെ. അവരുടെ മേൽവിലാസം തന്നിട്ടു പൊയ്ക്കോ.' ഞങ്ങൾ ഏകദേശം സംതൃപ്തിയോടെ രാത്രിയിൽ അവിടെ തങ്ങി. തൃശ്ശൂർ വരെ ബസു കിട്ടി. തൃശൂരിൽ നിന്ന് പട്ടിക്കാടു വരെ ഒരു ലോറിയിൽ കയറി, അവിടുന്ന് നടന്ന് ഏറെ വൈകി വീട്ടിലെത്തി.

ഏതായിരുന്നാലും അച്ചൻ തിരുമേനിയെ കണ്ടു. ഞങ്ങൾ മേൽവിലാസം കൊടുത്തവർക്ക് ഓരോ കത്തയച്ചു. ചില കാര്യങ്ങൾ സംസാരിക്കുന്നതിനായി തൃശൂർ പടിഞ്ഞാറെകോട്ട പള്ളിയിൽ വരണമെന്നായിരുന്നു സാരം. അതിനു മുമ്പായി തന്നെ കുറ്റിക്കാട്ടിലച്ചൻ എറണാകുളത്തു പോയി അഡ്വ. എം. എബ്രഹാമുമായി ആലോചിച്ച് ഒരു അന്യായം തയ്യാറാക്കി വച്ചിരുന്നു. തിരുമനസ്സുകൊണ്ട് കത്തയച്ചവരിൽ ഒന്നു രണ്ടു പേരൊഴിച്ച് അഞ്ചെട്ടു പേർ അവിടെ വന്നു. തിരുമേനിയും കുറ്റിക്കാട്ടിലച്ചനും, അഡ്വ. കെ. വി. താരു തുടങ്ങിയവരും അവിടെ ഉണ്ടായിരുന്നു. അവരോടു വിവരങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കി. നിങ്ങൾ ഒരു ചിലവും ചെയ്യേണ്ട. ഈ അന്യായത്തിൽ ഒന്ന് ഒപ്പിട്ടു തരിക മാത്രം ചെയ്താൽ മതി. ഇത് തിരുമേനിക്കു വേണ്ടിയാണ് എന്ന് ജോസഫച്ചൻ വളരെ സമർത്ഥമായി ധരിപ്പിച്ചു. വന്നവരെല്ലാം അന്യായത്തിൽ ഒപ്പിട്ടു. ഇത് ഒരാളും അറിയരുത് എന്നും അവരെ ചട്ടം കെട്ടി പറഞ്ഞയച്ചു. അവർ

ആ വാക്കു പാലിച്ചു. അവർ പോയശേഷം തിരുമേനിയും അച്ചനും ഞങ്ങളും കൂടെ തൃശൂരിലുള്ള പി. പി. ദേവസ്സി വക്കീലിനേയും മകൻ അഡ്വ. പി. ഡി. ജോസിനെയും കൊണ്ട് നിരോധനം വാങ്ങുവാനുള്ള ഏർപ്പാടുകൾ ചെയ്തു.

അന്യായം ഫയൽ ചെയ്ത അന്നു തന്നെ നിരോധന ഉത്തരവ് കിട്ടി. വളരെ തന്ത്രപൂർവ്വം അച്ചൻ പറഞ്ഞു. നമുക്ക് ഒരു കാര്യം ചെയ്യാം. നാളത്തെ പത്രത്തിൽ വരാവുന്നവിധത്തിൽ വാർത്ത കൊടുക്കാം. വെളുപ്പിനു തന്നെ ആമിനേക്കൊണ്ട് ഉത്തരവ് കയ്യിൽ കൊടുക്കാം. ഇതൊരു ഫലപ്രദമായ തന്ത്രമായിരുന്നെന്നു പിറ്റേ ദിവസം ബോദ്ധ്യപ്പെട്ടു. പത്രം കിട്ടി. മുൻ പേജിൽ തന്നെ നിരോധനാജ്ഞയുടെ വാർത്ത വന്നു. പ്രതികളുടെ പേരും ഉണ്ടായിരുന്നു. കണ്ടവർ കണ്ടവർ ഓടിക്കൂടി ഒരു കടയിൽ ആലോചന നടത്തികൊണ്ടിരിക്കേ, അടുത്ത കടയിൽ തയ്യാറാക്കി നിർത്തിയിരുന്ന ആമ്മീൻ അവർക്കെല്ലാവർക്കും നിരോധനാജ്ഞ നൽകി ഒപ്പിട്ടു വാങ്ങി. അപ്പോഴാണ് കുറ്റിക്കാട്ടിലച്ചന്റെ കുശാഗ്രബുദ്ധി എത്രയെന്ന് ബോദ്ധ്യമായത്.

പിന്നീടുള്ള ശ്രമങ്ങളൊക്കെയും നിരോധനം നടപ്പാക്കുവാനുള്ള തന്ത്രത്തിന്റെ ഭാഗങ്ങളായിരുന്നു. അതിനായി പോലീസുമായി ഏറെ ബന്ധമുണ്ടായിരുന്ന കുന്നംകുളത്ത് സൈമണെയും മറ്റും വാണിയമ്പാറയിലുള്ള മാങ്കോട് എസ്റ്റേറ്റ് സൂപ്രണ്ട് ഫിലിപ്പ് സാറുമായി ബന്ധപ്പെടുത്തി ആവശ്യമായതെല്ലാം ചെയ്തുതരികയും ചെയ്തു. അതുകൊണ്ടുതന്നെ ഇന്ന് കണ്ണാറയിൽ 200-ൽ താഴെ വീട്ടുകാരുള്ള മനോഹരമായ ഒരു ദേവാലയവും, ഇടവകയും മലങ്കരസഭയ്ക്കുണ്ടായി. ആ ഇടവകയ്ക്ക് ഒരു നാളും മറക്കുവാൻ സാധിക്കാത്ത വ്യക്തിയാണ് കുറ്റിക്കാട്ടിലച്ചൻ. തൃശൂർ മേഖലയിൽ ആദ്യമായുണ്ടായ വിജയത്തിന്റെ ശില്പി അച്ചനായിരുന്നു എന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഈ സമയത്തു തന്നെ തൃശൂർ മേഖലയിലെ പീച്ചി, ചവറാംപാടം, ചുവന്നമണ്ണ്, തേനിടുക്ക്, കട്ടിളപൂവം, ഇളനാട്, ചേലക്കര, പെങ്ങാമുക്ക്, വട്ടുള്ളി, വാൽകുളമ്പ്, കയറാടി, മാമ്പ്ര, മുരുക്കുങ്ങൽ എന്നിവിടങ്ങളിലും, തെക്കൻ മേഖലയിൽ മുളന്തുരുത്തി, വടവുകോട്, കാനായിക്കോട്, വടയാപറമ്പ്, കാഞ്ഞിരമറ്റം, മട്ടാഞ്ചേരി, അയ്യംപിള്ളി, ചെറായി തുടങ്ങിയ പള്ളികളിലും സമാനമായ ഭിന്നതകൾ ഉടലെടുത്തു. കൊച്ചി ഭദ്രാസന സെക്രട്ടറി എന്ന നിലയിൽ എല്ലാ പള്ളികളുടെ ആവശ്യങ്ങൾക്കും വേണ്ടി അഹോരാത്രം അച്ചൻ ബദ്ധപ്പെട്ടു. തെക്ക് ഈ കാര്യങ്ങളിൽ നേതൃത്വം നല്കുവാനായി ബഹുമാനപ്പെട്ട വെണ്ടപ്പള്ളി ജോസഫ് അച്ചൻ ഉണ്ടായിരുന്നു. ആവശ്യമായ ആലോചനകളും, തന്ത്രങ്ങളും സഹായങ്ങളും ആ ഇടവകകൾക്കൊക്കെയും അച്ചനിൽ നിന്ന് ലഭിച്ചിട്ടുള്ളത് നന്ദിയോടെ

സ്മരിക്കേണ്ടതായിട്ടുണ്ട്. വിശിഷ്യ വടക്കൻ മേഖലയിലെ പള്ളികൾക്കും ജനങ്ങൾക്കുംവേണ്ടി പോരാടുകയും സുധീരമായി നേതൃത്വം നല്കുകയും, തന്റെ കുശാഗ്രബുദ്ധികൊണ്ട് കാര്യങ്ങളെ അനുകൂലമാക്കുകയും ചെയ്യുന്നതായ കുറ്റിക്കാട്ടിലച്ചന്റെ ആത്മധൈര്യം ഒന്നു വേറേ തന്നെ. സഭയോട് അദ്ദേഹത്തിന് അത്രയേറെ കൂറുണ്ടായിരുന്നു.

ആദ്യം സൂചിപ്പിച്ചതുപോലെ കണ്ണാറ ഇടവക മാത്രമല്ല, മറ്റിടവകകളിലും എറണാകുളം മേഖലയിൽ നിന്നും കുടിയേറിപാർത്തവരായിരുന്നു ഏറെയും. എറണാകുളം മേഖലയുടെ അതേ നിലപാടു തന്നെയായിരുന്നു തൃശൂർ മേഖലയിലെ അധികം പള്ളി ഇടവകക്കാർക്കും. അതിനാൽ എന്തു ചെയ്യണമെന്ന ചിന്ത ഭദ്രാസനതലത്തിൽ ഉരുത്തിരിഞ്ഞതിന്റെ ഫലമായിരുന്നു സഭാ സംരക്ഷണസമിതിയുടെ ആവിർഭാവം. സ്റ്റഡി ക്ലാസ്സുകളും പൊതുസമ്മേളനങ്ങളും നടത്തി സത്യം ജനത്തെ ബോദ്ധ്യപ്പെടുത്തുവാൻ അതു മൂലം കഴിയും എന്ന ചിന്തയുണ്ടായി. ആ ആശയങ്ങൾക്കും ചുക്കാൻ പിടിച്ചതും പ്രാവർത്തികമാക്കിയതും വന്ദ്യനായ അച്ചന്റെ പ്രാഗത്ഭ്യം തന്നെയെന്ന് സമ്മതിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. സംരക്ഷണ സമിതിയുടെ ചെയർമാനായി ചീരൻ ജോസഫച്ചനെ നിയോഗിക്കുകയും വിവിധ സ്ഥലങ്ങളിൽ വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രഗത്ഭരായ പ്രാസംഗികരെയും, ചരിത്ര പണ്ഡിതന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആ യോഗങ്ങൾ വളരെയേറെ ഗുണകരമായി. ഉദാഹരണമായി പറഞ്ഞാൽ കണ്ണാറയിൽ വച്ച് നടത്തിയ ഒരു വിശദീകരണയോഗത്തിന്റെ ഫലമായി എന്റെ പിതാവും, കുടുംബവും മറ്റനേകരും ഓർത്തഡോക്സ് സഭാ അനുകൂലികളായി. കുണ്ടുകാട്, പെങ്ങാമുക്ക് മേഖലകളിലും അപ്രകാരമുള്ള വിശദീകരണ മീറ്റിംഗുകൾ നടത്തിയത് ഓർത്തുപോകുന്നു. അതുകൊണ്ട് അനേക കുടുംബങ്ങൾ സത്യം മനസ്സിലാക്കി മലങ്കരസഭയോട് ചേരുവാൻ ഇടയാക്കി. ഇതിനാവശ്യമായ സാമ്പത്തികസഹായം ലഭിക്കുവാൻ, ബഹുമാനപ്പെട്ട കുറ്റിക്കാട്ടിലച്ചൻ ഏറെ സഹായിച്ചു എന്നു പറയുവാൻ സന്തോഷമുണ്ട്. ഏറെ ദുഷ്കരമായിരുന്ന ആ ഘട്ടത്തിൽ അച്ചന്റെ സാന്നിദ്ധ്യവും സഹായവും സഹകരണവും നന്ദിയോടെ സഭ സ്മരിക്കേണ്ടതുണ്ട്.

ഇനിയും എന്റെ സ്മരണയിലുള്ളത് 1974 ആദ്യം കൊരട്ടി അരമനയിൽ വച്ചു നടന്ന ഒരു വൈദിക മീറ്റിംഗാണ്. എന്തുകൊണ്ടാണ് ആ സന്ദർഭത്തിൽ ഞാൻ അവിടെ ചെന്നുപെട്ടത് എന്ന് എനിക്കോർമ്മയില്ല. സഭാന്തരീക്ഷം ഏറെ കലുഷിതമായിക്കൊണ്ടിരിക്കുന്നു. കൊച്ചി ഭദ്രാസനത്തിലെ എല്ലാ വൈദികരും അരമനയിൽ എത്തിയിട്ടുണ്ട്. തെക്കൻ മേഖലയിൽ നിന്ന്, കെ. റ്റി. സ്കറിയാച്ചനും ഇച്ചിക്കോട്ടിലച്ചനും നേതൃത്വം നൽകുന്ന ഒരു വലിയ സംഘം തന്നെ അവിടെയുണ്ടായിരുന്നു.

ഏതായാലും അവിടെവച്ച് മീറ്റിംഗ് അലങ്കോലമായി. തിരുമേനിയെ ചോദ്യം ചെയ്യുവാനും വിമർശിക്കുവാനും വേണ്ടി മാത്രം വന്നവർക്ക് കുറ്റിക്കാട്ടിലച്ചന്റെ നേതൃത്വത്തിൽ കുന്നംകുളം, തൃശൂർ, എറണാകുളം മേഖലയിൽ നിന്നു വന്ന തിരുമേനിയെ ആരാധിക്കുന്ന വൈദികരുടെ മുമ്പിൽ പിന്തിരിഞ്ഞ് ഇറങ്ങിപ്പോകേണ്ടി വന്ന കാഴ്ച ഇന്നും എന്റെ ഓർമ്മയിലുണ്ട്. തിരുമേനി ഏറെ സ്നേഹിച്ചിരുന്ന പല വൈദികരും യൂദായെപ്പോലെ ആ ഇറങ്ങിപ്പോക്കുകാരോടൊപ്പം ചേർന്നു എന്നുള്ളതും ദുഃഖത്തോടെ സ്മരിക്കുന്നു. അവിടെയും കുറ്റിക്കാട്ടിലച്ചന്റെ നേതൃത്വത്തിന്റെ വില എത്രയായിരുന്നെന്ന് മനസ്സിലാക്കുവാൻ സാധിച്ചു.

ഇനിയും ഞാൻ ഓർക്കുന്നത് കൊരട്ടി അരമനയിൽ താമസിച്ച് പഠിക്കുന്ന കാലത്തെ എന്റെ അനുഭവങ്ങളാണ്. ഞാൻ ബാഹ്യകേരള ഭദ്രാസനത്തിനു വേണ്ടിയാണ് പഠിച്ചത് എന്നു പറഞ്ഞല്ലോ. എന്നാൽ പ്രശ്നങ്ങൾ വഷളാകുകയും, പോരാട്ടത്തിന്റെ മുൻപന്തിയിൽ നില്ക്കേണ്ടിവരികയും ചെയ്തപ്പോൾ ഞാൻ ബാഹ്യകേരള ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിക്കെഴുതി. ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്. തിരുമേനി കല്പിച്ചതുപോലെ നില്ക്കുവാൻ എന്റെ മനസ്സും ബോദ്ധ്യവും അനുവദിച്ചില്ല. ക്ഷമിക്കണം ഞാൻ എന്തു ചെയ്യണം. തിരുമനസ്സുകൊണ്ട് കല്പിച്ചെഴുതി. ജോർജ്ജിന്റെ സേവനം ഇപ്പോൾ കൊച്ചി ഭദ്രാസനത്തിന് അനിവാര്യമാണ്. അതുകൊണ്ട് തിരുമേനിയിൽ നിന്നും പട്ടം സ്വീകരിച്ച് ആ ഭദ്രാസനത്തിൽ പ്രവർത്തിക്കുകയാണ് അഭികാമ്യം. അതാണ് ഇപ്പോഴത്തെ ആവശ്യവും. അങ്ങനെ ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും തിരുമേനി എന്നെ ഒഴിവാക്കി. അങ്ങനെയാണ് ഞാൻ കൊരട്ടി അരമനയിൽ താമസിച്ച് പഠിക്കുകയും തൃശൂർ മേഖലയിലെ കേസുകളുടെ ചുമതല ഏറെക്കാലം വഹിക്കുവാൻ ഇടയാകുകയും ചെയ്തത്.

കുറ്റിക്കാട്ടിലച്ചൻ അരമനയിൽ വന്നാൽ അതൊരു സന്തോഷമായിരുന്നു. എല്ലാ ആഴ്ചയിലും അച്ചൻ അരമനയിൽ വരും. അച്ചന് എന്നും രാത്രി പകലായിരുന്നു. നേരം വെളുക്കുന്നതു വരെയും ഓഫീസിലിരുന്ന് കത്തുകളും ഫയലുകളും നോക്കുന്ന അച്ചൻ ഞങ്ങൾക്ക് ഒരത്ഭുതമായിരുന്നു. രാത്രി മുഴുവൻ ഉറങ്ങാതെയിരുന്നാലും അച്ചന് യാതൊരു ക്ഷീണവും തോന്നിയിരുന്നില്ല. ഇത്രയേറെ ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യുന്ന ഭദ്രാസന സെക്രട്ടറി എനിക്ക് ഒരു അപൂർവ അനുഭവമായിരുന്നു.

പിന്നീട് എനിക്ക് ഓർമ്മ വരുന്നത് അച്ചന്റെ അക്ഷരങ്ങളുടെ മനോഹാരിതയും, അതു കാണുമ്പോഴുള്ള സന്തോഷവുമാണ്. അച്ചൻ എഴുതുമ്പോൾ എപ്പോഴും അടിയിൽ ഒരു വരയിട്ട പേപ്പർ വച്ചിരിക്കും. നിഴലിൽ

കൂടെ കാണുന്ന ആ വരയിൽ കൂടെ വളരെ മനോഹരമായി എഴുതുന്ന അച്ചന്റെ ശൈലി ഒന്നു വേറെ തന്നെ. അച്ചന്റെ കൈയക്ഷരത്തിൽ എഴുതുന്ന കല്പനകൾ കാണുന്നതു തന്നെ ആഹ്ലാദകരമായിരുന്നു. അത്രയും മനോഹരമായിരുന്നു ആ കൈയക്ഷരങ്ങളും അതെഴുതുന്ന വിധവും. മാത്രവുമല്ല അച്ചന്റെ കൈയക്ഷരത്തിൽ എഴുതുന്ന കല്പനകൾ കുറ്റമറ്റവയായിരുന്നു. എത്ര വലിയ നിയമങ്ങൾക്കുപോലും അതിൽ ഒരു പോറൽ പോലും വീഴ്ത്തുവാൻ സാധിച്ചിട്ടില്ലെന്നതു എടുത്തുപറയേണ്ടതാണ്.

അതുപോലെ തന്നെ നിയമകാര്യത്തിലുള്ള അച്ചന്റെ അവഗാഹം അപാരമായിരുന്നു. വക്കീൽ പണി പഠിക്കാത്ത അച്ചനെങ്ങനെ നിയമത്തെക്കുറിച്ച് ഇത്രയേറെ അറിവുണ്ടായി എന്ന് അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. നിയമപരമായി മാത്രമല്ല, പൊതുകാര്യങ്ങളിലും അച്ചന് അപാരമായ അറിവും, ജ്ഞാനവും ഉണ്ടായിരുന്നു. ഏതൊരു കാര്യത്തിലെങ്കിലും അഭിപ്രായം പറയുന്നെങ്കിൽ ആധികാരികമായിട്ടേ അച്ചൻ പറയാറുള്ളു. ലോകപരമായിരുന്നാലും, സഭാപരമായിരുന്നാലും, ഏതു തരത്തിലുള്ളതായിരുന്നാലും അച്ചന് വ്യക്തമായ കാഴ്ചപ്പാടും, അറിവും ഉണ്ടായിരുന്നു.

1972-ൽ അച്ചന്റെ നേതൃത്വത്തിൽ അച്ചടിപ്പിച്ച ഭദ്രാസന ഡയറക്ടറിയെ സംബന്ധിച്ചും, കൊച്ചി ഭദ്രാസനത്തിൽ ഭൂമിശാസ്ത്രപരമായ ഒരു മാപ്പ് ഉണ്ടാക്കിയത് സംബന്ധിച്ചും അച്ചൻ സഹിച്ച ത്യാഗത്തെക്കുറിച്ചും അതുകൊണ്ടുണ്ടായ നേട്ടങ്ങളെ സംബന്ധിച്ചും അച്ചൻ ഞങ്ങളോട് വിശദമായി പ്രതിപാദിക്കുന്നത് കേൾക്കുമ്പോൾ അതൊക്കെയും ഞങ്ങളുടെ ജീവിതത്തിന് വളരെയേറെ മുതൽകൂട്ടായി തീർന്നിട്ടുണ്ട്. ഇന്ന് കൊച്ചി ഭദ്രാസന ഓഫീസിൽപോലും ഇല്ലാത്ത ആ ഡയറക്ടറി ഇന്നും ഞാൻ സൂക്ഷിക്കുന്നതിലുള്ള ചാരിതാർത്ഥ്യം നിസീമമാണ്.

അച്ചൻ കൊരട്ടിയിൽ വരുമ്പോൾ ഞാൻ ശ്രദ്ധിച്ചിരുന്ന ഒരു കാര്യം അച്ചന്റെ ഡയറിയിൽ എപ്പോഴും, നൂറിന്റെ നോട്ടുകൾ കാണാമെന്നുള്ളതാണ്. 5 രൂപയുടെയും 10 രൂപയുടെയും നോട്ടുകൾ പോലും അപൂർവ്വമായിരുന്ന ഞങ്ങൾക്ക് അന്യമായിരുന്ന ഒരു കാലമായിരുന്നു അതെന്നു കൂടി ഓർക്കണം. മാത്രവുമല്ല ഞങ്ങൾ പിള്ളേരോടൊരുമിച്ച്, ചിരിക്കുകയും, കളിക്കുകയും, തമാശകൾ പറയുകയും ചെയ്യുന്ന വലിയച്ചൻ, ഭദ്രാസന സെക്രട്ടറി, ഞങ്ങൾക്ക് ഒരു അപൂർവ്വ അനുഭവമായിരുന്നു. ഞങ്ങൾ അന്തേവാസികൾ നറുക്കിട്ട്, പരിപ്പുവടയും, കൊക്കോകോളയുമൊക്കെ വാങ്ങാറുണ്ട്. മിക്കപ്പോഴും നറുക്കു വീഴുക ഞങ്ങളുടെ മല്പാനായ അരീക്കൽ ജോസഫച്ചനായിരിക്കും. കാരണം, കഴിക്കണമെന്നാഗ്രഹമുണ്ടെങ്കിലും ഞങ്ങളുടെ കയ്യിൽ പണമില്ല. ഏതുവിധത്തിലായാലും പരിപ്പുവടയോ, കൊക്കക്കോളയോ അന്ന് തീരുമാനിച്ചത് ഞങ്ങൾ

കഴിക്കും. ചിലപ്പോഴൊക്കെ നറുക്കു വീണ് ഞങ്ങളും ഗതികേടിലായി പോകാറുണ്ട്. കുറ്റിക്കാട്ടിലച്ചൻ ഉള്ളപ്പോഴായിരിക്കും മിക്കവാറും നറു ക്കെടുപ്പ്. ഞങ്ങളുടെ അവസ്ഥ അറിഞ്ഞ് അച്ചൻ ഞങ്ങളെ സഹാ യിക്കും. അല്ലെങ്കിൽ അച്ചന്റെ കയ്യിൽ നിന്ന് പണമെടുത്ത് ഞങ്ങൾക്ക് അതു വാങ്ങിത്തരും. അത്രയേറെ സ്നേഹം അച്ചനിൽ നിന്ന് അനുഭവി ക്കുവാൻ ഞങ്ങൾക്കിടയായിട്ടുണ്ട്.

മറ്റൊരു സവിശേഷത അച്ചനിൽ ഞങ്ങൾക്ക് കാണുവാൻ സാധിച്ചി ട്ടുള്ളത് നാട്യങ്ങളോ, കാപട്യമോ, കപടഭക്തിയോ അച്ചനിൽ കാണു വാൻ സാധിച്ചിരുന്നില്ല. തനിക്കു ശരിയെന്നു തോന്നുന്ന ഏതു കാര്യവും ഏതൊരാളോടും തുറന്നു പറയും. പരീശന്റെ ഭാഷയോ, വേഷമോ അദ്ദേ ഹത്തിന് ഇണങ്ങുന്നതായിരുന്നില്ല. ചെറിയവനെന്നോ, വലിയവനെന്നോ, ഭേദമില്ലാതെ ഞങ്ങളെല്ലാവരെയും കുറിച്ച് കരുതുന്നതിൽ അച്ചൻ ബദ്ധ ശ്രദ്ധനായിരുന്നു. കാപട്യവും കപടഭക്തിയും നിറഞ്ഞ ഒരു ലോകത്തിൽ ഇതൊരപൂർവ്വ കാഴ്ചയായിരുന്നു.

മറ്റൊന്ന്, പഴഞ്ഞിപള്ളി കാര്യമോ, വേണ്ട പഴഞ്ഞിയിലെ എന്തിനെ ക്കുറിച്ചായാലും സംസാരം തുടങ്ങിയാൽ അറിയാമായിരുന്നു; അച്ചൻ പഴഞ്ഞി പള്ളിയേയും പഴഞ്ഞി ദേശത്തെയും എത്രയധികം സ്നേഹി ച്ചിരുന്നെന്ന്. ഞങ്ങളൊക്കെ ശെമ്മാശുപട്ടവും, വൈദികപട്ടവും ഏറ്റു കഴിഞ്ഞ കാലഘട്ടം. അച്ചൻ പറയുമായിരുന്നു, പഴഞ്ഞിപള്ളി പെരുന്നാൾ നമുക്ക് ഒരാഘോഷമാക്കണമെന്ന്. ഞങ്ങളെല്ലാവരെയും അച്ചൻ കത്തു മൂലവും നേരിട്ടും ക്ഷണിക്കും. അച്ചന്റെ ക്ഷണത്തിനു മുമ്പിൽ ഞങ്ങ ളൊരിക്കലും നിഷേധനിലപാട് സ്വീകരിച്ചിട്ടില്ല. അക്കാലഘട്ടങ്ങളിൽ തൃശൂർ മേഖലയിലെ എല്ലാ പട്ടക്കാരും ഒന്നായി പങ്കെടുക്കുന്ന ഒരു പെരു ന്നാളായിരുന്നു പഴഞ്ഞിയിലേത്. അതു വടക്കൻ മേഖലയിലെ വൈദി കരുടെ ഒരു സുഹൃദ്സംഗമം കൂടിയായിരുന്നു.

ഞങ്ങൾ പെരുന്നാളിനെത്തിയാൽ അതു വലിയ ഒരാഘോഷമാക്കി അച്ചൻ മാറ്റും. ഞങ്ങൾക്ക് ആവശ്യമുള്ളതെന്തെന്നു ഞങ്ങൾ പറയാതെ തന്നെ അച്ചനറിയാം. അതൊക്കെയും അച്ചൻ അവിടെ കരുതിയിരിക്കും. എന്തെങ്കിലും കുറവുണ്ടെന്നു കണ്ടാൽ ചുമതലപ്പെട്ടവരെ കൊണ്ട് അവിടെ വരുത്തിയിട്ടേ അച്ചൻ അടങ്ങൂ. പഴഞ്ഞി പെരുന്നാളിന്റെ അന്ന് രാത്രി ഞങ്ങളാരും ഉറങ്ങാറില്ല. കുർബ്ബാന അർപ്പിക്കേണ്ട വൈദികരെ മാത്രം അതിൽ നിന്ന് ഒഴിവാക്കും. പിന്നീടങ്ങോട്ടുള്ള രാത്രിയത്രയും ഞങ്ങളുടേതാണ്. കളിയും, ചിരിയും, തമാശയും, കാര്യമാത്രപ്രസക്ത മായ കാര്യങ്ങളുടെ ചർച്ചയും, അന്യോന്യ വിമർശനവും, ആട്ടുപാട്ടുമായി സന്തോഷത്തോടെ ഞങ്ങൾ അവിടെ കഴിച്ചുകൂട്ടും. പള്ളി വികാരിയാ യിരുന്നിട്ടുപോലും രാത്രി മുഴുവനും ഞങ്ങളോടൊത്തു ചിലവഴിക്കുന്ന

അച്ചൻ അത്യധികം ഞങ്ങളെ ഉത്തേജിപ്പിച്ചിരുന്നു. പഴഞ്ഞിയിലെ സമ്പ്രദായമനുസരിച്ച് പെരുന്നാൾ ദിവസം അച്ചന്റെ വീട്ടിലും നിരവധി അതിഥികൾ ഉണ്ടായിരിക്കുമെങ്കിലും ഞങ്ങളുടെ ഭക്ഷണസമയങ്ങളിൽപ്പോലും അദ്ദേഹം വിളമ്പുകാരനായി സന്നിഹിതനായിരിക്കുന്നത് ഞങ്ങൾ അത്ഭുതത്തോടെ ഓർക്കാറുണ്ട്. ആതിഥേയന്റെ ഈ വിനയപൂർവ്വമായ പെരുമാറ്റങ്ങൾ അന്യാദൃശം തന്നെയായിരുന്നു. അച്ചന്റെ കുടുസായ ഒരു മുറിയിൽ ഞങ്ങൾ 20, 25 അച്ചന്മാർ ഒരുമിച്ച് ഒരു രാത്രി മുഴുവൻ കഴിയേണ്ടി വരുമ്പോഴും അച്ചനോടുള്ള ബഹുമാനത്താൽ ഞങ്ങൾക്ക് അതു സന്തോഷമായിരുന്നു. രാത്രിയിലെ കളിതമാശകൾക്കിടയിൽ ഞങ്ങൾക്ക് കഴിക്കുവാൻ അലുവായും, സോഡായും, സമൃദ്ധിയായി അച്ചൻ കരുതിയിട്ടുണ്ടാകും. ആ കാലഘട്ടവും, പഴഞ്ഞി പെരുന്നാളും ഇന്ന്, സന്തോഷത്തിന്റെ ഓർമ്മകളാണ്.

കൊച്ചി ഭദ്രാസനത്തിന്റെ വിശിഷ്യാ തൃശൂർ മേഖലയിൽ ഓർത്തഡോക്സ് സഭയുടെ ഇത്രയേറെ ദേവാലയങ്ങൾ നിലനില്ക്കുവാൻ കാരണം അച്ചന്റെ കുശാഗ്രബുദ്ധിയും നേതൃപാടവവുമാണ്. പെങ്ങാമുക്ക് പള്ളിക്കുവേണ്ടി അദ്ദേഹവും പഴഞ്ഞി ഇടവകയും സഹിച്ച ബദ്ധപ്പാടുകൾ പ്രത്യേകിച്ച് ഞാൻ പറയേണ്ടതില്ലല്ലോ. അച്ചന്റെ മുഖ്യ നേതൃത്വത്തിൽ പഴഞ്ഞി എം.ഡി. കോളജ് എന്ന സ്വപ്നം സഫലമായത് ഞങ്ങൾക്കൊക്കെ വലിയൊരാവേശമായി. ആ പ്രേരണയാണ് വാണിയമ്പാറ പ്രദേശത്ത് സഭ വകയായി ഒരു കോളജ് സ്ഥാപിക്കുവാനുള്ള ശ്രമങ്ങളുടെ പശ്ചാത്തലം. വിപുലമായ ഒരു അദ്ധ്വാനം പരാജയപ്പെട്ടുവെങ്കിലും ആ പരാജയത്തിന്റെ പശ്ചാത്തലത്തിലാണ് പട്ടിക്കാട് വച്ച് നടത്തിവരുന്ന മേഖലാ കൺവൻഷൻ ഉദയം ചെയ്തത് എന്ന് പ്രസ്താവ്യമാണ്.

1985-ൽ ഉണ്ടായ ഭദ്രാസന വിഭജനം മൂലം കുന്നംകുളം ഭദ്രാസനം രൂപപ്പെടുന്നത് വരെയുള്ള കാര്യങ്ങളാണ് ഞാൻ അനുസ്മരിച്ചത്. ഭദ്രാസന വിഭജനത്തോടുകൂടി അച്ചനും കുന്നംകുളം ഭദ്രാസനത്തിലായിപ്പോയി എന്നത് വ്യക്തിപരമായി എനിക്ക് ഒരു ദുഃഖ കാരണമാണ്. എന്നിട്ടും അച്ചനു ആവതുള്ളേടത്തോളം കാലം പഴഞ്ഞി പെരുന്നാളിന് ചെല്ലുന്ന ഞങ്ങളെയെല്ലാം സ്നേഹത്തോടും സന്തോഷത്തോടും സ്വീകരിച്ച്, സന്തോഷിപ്പിക്കുന്ന അച്ചന്റെ ഓർമ്മ ഒരിക്കലും ഞങ്ങളിൽ മരിക്കുകയില്ല. അച്ചന്റെ വേർപാടിൽ അഗാധമായി ദുഃഖിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(കൊച്ചി ഭദ്രാസന സെക്രട്ടറി, യുവജനപ്രസ്ഥാനം സെക്രട്ടറി തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ച ലേഖകൻ തൃശൂർ മേഖലയിലെ പള്ളി പ്രശ്നങ്ങളിൽ ഓർത്തഡോക്സ് സഭയുടെ തേരാളിയും പോരാളിയും ആയിരുന്നു. ഗ്രന്ഥകാരൻ)

# കുറ്റിക്കാട്ടിൽ കോറെപ്പിസ്കോപ്പാ: ഒരു ബഹുമുഖ പ്രതിഭ

## ഡോ. എ. വി. തമ്പി

ഏതാണ്ട് പത്തു വർഷത്തിനു മുമ്പ് പഴഞ്ഞി സെന്റ് മേരീസ് ഓർത്ത ഡോക്സ് പള്ളിയുടെ സണ്ടേസ്കൂൾ കെട്ടിടത്തിൽ വച്ച് ഒരു എക്സി ബിഷൻ നടന്നു. അതിന്റെ ഉദ്ഘാടനത്തിന് എന്നെയായിരുന്നു, യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികൾ ക്ഷണിച്ചിരുന്നത്. എക്സിബിഷൻ കണ്ടുകൊണ്ടിരുന്നപ്പോൾ, ബഹുമാനപ്പെട്ട കുറ്റിക്കാട്ടിൽ അച്ചൻ വരച്ച ചിത്രങ്ങളും കണ്ടു. അച്ചൻ തന്നെയാണ് അത് വരച്ചത് എന്ന് വിശ്വസി ക്കാൻ കഴിഞ്ഞില്ല. അച്ചന് ചിത്രങ്ങളോട്, പെയിന്റിംഗുകളോട്, താല് പര്യം ഉണ്ട് എന്ന് അറിയാമായിരുന്നെങ്കിലും അച്ചൻ ഇത്ര വലിയ ഒരു ചിത്രകാരനാണ് എന്ന് നേരത്തെ മനസ്സിലാക്കിയിരുന്നില്ല. വളരെ പക്വത വന്ന ഒരു കലാകാരന്റെ കൈവിരുത് കാണിക്കുന്നതായിരുന്നു അച്ചൻ വരച്ച ചിത്രങ്ങൾ. ആ സമയത്ത് ഞാൻ പഴയ ചില കാര്യങ്ങൾ ഓർത്തു പോയി. സണ്ടേസ്കൂളിൽ, ഞാൻ ഏഴാം ക്ലാസ്സിൽ പഠിച്ചിരുന്ന അവസര ത്തിൽ, ഞങ്ങൾക്ക് സഭാചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്നത് ബഹുമാന പ്പെട്ട അച്ചനായിരുന്നു. പള്ളിയുടെ വടക്കേ പടിപ്പുരയുടെ മുകളിലുള്ള അച്ചന്റെ ഓഫീസിൽ വച്ചായിരുന്നു പലപ്പോഴും ക്ലാസ്സ് നടന്നിരുന്നത്. അവിടെ അച്ചന്റെ കട്ടിലിന് മറവായി ഒരു വലിയ സ്ക്രീൻ ഉണ്ടായിരുന്നു. അതിൽ ഉണ്ടായിരുന്ന പെയിന്റിംഗ് ഞങ്ങളെ വളരെയധികം ആകർഷി ച്ചിരുന്നു. ആ സ്ക്രീൻ വരച്ചത് പഴഞ്ഞിയിലെ പ്രശസ്തനായ ചിത്ര കാരൻ തമ്പി ആയിരുന്നു (അദ്ദേഹം വരച്ച ചിത്രങ്ങൾ കോട്ടയത്തു സഭാ കേന്ദ്രത്തിലും കാണാം). അച്ചന് ചിത്രകലയിൽ താല്പര്യം ഉണ്ടായിരു ന്നതുകൊണ്ടാണ്, അച്ചന്റെ മുറിയിൽ വളരെ അധികം പെയിന്റിംഗുകൾ ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട കുറ്റിക്കാട്ട് അച്ചൻ ഒരു ഫൈൻ ആർട്ട് സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നെങ്കിൽ പ്രശസ്തനായ ഒരു ചിത്രകാരനാ യേനേ! അച്ചന്റെ പല കഴിവുകളിൽ ഒന്നു മാത്രമായിരുന്നു, ചിത്രകല യിൽ ഉള്ള താല്പര്യം. വൈദികജീവിതത്തിനിടയിലും ചിത്രം വരയ്ക്കാൻ സമയം കണ്ടെത്തിയത് അത്ഭുതം തന്നെ. അച്ചന്റെ ജീവിതം തന്നെ പല കഴിവുകൾ കൊണ്ട് കളർഫുൾ ആണ്.

എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത്, ഞാൻ മദ്ബഹായിൽ അച്ചന്റെ കുർബ്ബാനയ്ക്ക് ശുശ്രൂഷകനാകാൻ ഭാഗ്യം ലഭിച്ചിരുന്നു. ആ കാലത്തു തന്നെ, അച്ചൻ എന്റെ സണ്ടേസ്കൂൾ അധ്യാപകനും കൂടെ ആയിരുന്നു. സഭാചരിത്രം പഠിപ്പിക്കുമ്പോൾ അച്ചന് ഒരു പ്രത്യേക വാക്

ചാതുര്യവും, സഭാസ്നേഹവും ഉള്ളതായി തോന്നിയിട്ടുണ്ട്. അച്ചൻ ആത്മീയകാര്യങ്ങൾ പഠിപ്പിക്കുന്ന ഒരു എക്സലന്റ് അധ്യാപകൻ കൂടെ ആയിരുന്നു. സണ്ടേസ്കൂളിനോടനുബന്ധിച്ച്, ക്രിസ്തീയ പുസ്തകങ്ങളുടെ ഒരു ലൈബ്രറിയും കൂടെ ഉണ്ടായിരുന്നു. അച്ചനായിരുന്നു അതു തുടങ്ങിവച്ചത്. പല പുസ്തകങ്ങളും കൊണ്ടുപോയി വായിക്കണം എന്ന് അച്ചൻ തന്നെ പറഞ്ഞ് പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുമായിരുന്നു.

ഒരു തവണ അച്ചന്റെ വീട്ടിൽ പോയി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അച്ചൻ രചിച്ച ഒരു പുസ്തകം അച്ചൻ എനിക്ക് കാണിച്ചു തന്നു. അച്ചന്റെ കൈവശം ആ ഒരു കോപ്പി മാത്രമേ ഉണ്ടായിരുന്നുള്ളു. കൊച്ചി ഭദ്രാസനത്തിന്റെ കീഴിലുള്ള പള്ളികളുടെ ചരിത്രവും, ചിത്രങ്ങളും അടങ്ങിയ ഒരു വിലപ്പെട്ട പുസ്തകം ആയിരുന്നു അത്. ചരിത്രസത്യങ്ങളുടെ ഒരു നിധി ആയിരുന്നു ആ പുസ്തകം. ഇത്രയും ചരിത്രസത്യങ്ങൾ ശേഖരിക്കാൻ അച്ചൻ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളും മറ്റും വാചാലമായി അച്ചൻ എന്നോട് സംസാരിച്ചു. ആ പുസ്തകത്തിൽ നിന്ന് പല വസ്തുതകളും എനിക്ക് പിന്നീട് ഉപകരിച്ചു.

പ. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ചരമശതാബ്ദിയോടനുബന്ധിച്ച് എം.ഒ.സി. പ്രസിദ്ധീകരിച്ച 'യുഗതേജസ്' എന്ന ഗ്രന്ഥത്തിൽ "കേരള നവോത്ഥാനത്തിൽ കുന്നംകുളത്തിന്റെ സംഭാവനകൾ" എന്ന ഒരു അധ്യായം എഴുതാൻ എനിക്ക് പല വിലപ്പെട്ട വിവരങ്ങളും, ബഹുമാനപ്പെട്ട കുറ്റിക്കാട്ടിൽ അച്ചന്റെ രചനയിൽ നിന്നും, സംസാരത്തിൽ നിന്നും ഞാൻ ശേഖരിച്ചിട്ടുണ്ട്. അച്ചൻ വെറും ഒരു വൈദികൻ മാത്രമല്ല, ഒരു ചരിത്രകാരൻ കൂടെ ആയിരുന്നു എന്നതാണ് സത്യം. എത്ര പേർക്ക്, അച്ചൻ ഒരു ചരിത്രകാരൻ കൂടെ ആണെന്ന വസ്തുത അറിയാം? അച്ചന് ലഭിക്കേണ്ട ആദരവ് സഭയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ?

പഴയപള്ളിയിലെ ഓഫീസ് മുറിയിൽ ഒരിക്കൽ ഞാനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അച്ചൻ ഒരു പഴയ ഡയറി എന്നെ കൊണ്ടുവന്നു കാണിച്ചു. ആ ഡയറി, ഒരു വലിയ നിധി ആയിരുന്നു; പള്ളിയിലെ ജനന മരണ ദിവസങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ, എന്റെ ജനന തീയതിയും മാമ്മോദീസാ തീയതിയും കൃത്യമായി അതിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. സഭയിലെ ഓരോ കുടുംബത്തിലെയും കുട്ടികളുടെ ജനനത്തീയതിയും, മാമോദീസാ തീയതിയും, മരണദിവസങ്ങളും അച്ചൻ രേഖപ്പെടുത്തി വെക്കാറുണ്ടായിരുന്നു. സഭാമക്കളുടെ വിവാഹം കഴിഞ്ഞ ദിവസവും അച്ചന്റെ ഡയറിയിൽ നിന്നറിയാം. ഇത്രയും കൃത്യമായി വസ്തുതകൾ രേഖപ്പെടുത്തി വെയ്ക്കുന്ന സമ്പ്രദായം മാതൃകയാക്കാ

വുന്നതാണ്. ഇടവകയിലെ ഓരോ കുടുംബത്തിലെയും സ്ഥിതി വിവര കണക്കുകൾ അച്ചന് മനഃപാഠമായിരുന്നു. വേറൊരു പ്രത്യേകത അച്ച നിൽ ഞാൻ കണ്ടത്, സെമിത്തേരിയിൽ ഓരോ വ്യക്തിയെ അടക്കിയ സ്ഥാനംപോലും അച്ചനറിയാം എന്നുള്ളതാണ്. അച്ചന്റെ കഴിവുകൾ, ശീലങ്ങൾ സഭാംഗങ്ങൾക്ക് മാതൃകയാണ്.

1995-ൽ എനിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഏറ്റവും നല്ല അധ്യാപകനുള്ള പ്രൊഫ. എം. എം. ഗനി അവാർഡ് ലഭിച്ചു. ആദ്യമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി അങ്ങനെ ഒരു അവാർഡ് ഏർപ്പെടുത്തിയത്. അതേ വർഷം തന്നെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച മറ്റു പലരും സെന്റ് മേരീസ് ഓർത്തഡോക്സ് (പഴഞ്ഞി) പള്ളിയിൽ ഉണ്ടാ യിരുന്നു. സാംസൺ പുലിക്കോട്ടിൽ അവാർഡിനർഹനായ ഒരു വ്യക്തി ആയിരുന്നു. അവാർഡ് ലഭിച്ചവരെ ആദരിക്കുന്ന ഒരു ചടങ്ങ് പഴഞ്ഞി പള്ളിയിൽ വച്ച് നടത്തിയതിന്റെ ചുക്കാൻ പിടിച്ചത് അച്ചനായിരുന്നു. പഴഞ്ഞിപള്ളിയിലെ ഏതു വലിയ സംരംഭങ്ങളുടെയും സംഘടനാ ച്ചുമതല അച്ചനാണ് നിർവ്വഹിച്ചിരുന്നത്. അച്ചന്റെ വിദഗ്ദ്ധമായ പ്ലാനിംഗ് ഇല്ലാതെ പഴഞ്ഞിപള്ളിയിൽ നടന്ന കാര്യങ്ങൾ വിരളമാണ്.

പഴഞ്ഞിയിൽ പുലിക്കോട്ടിൽ തിരുമേനിയുടെ ഓർമ്മ നിലനിർത്തുന്ന തിനുവേണ്ടി മാർ ഡയനീഷ്യസ് കോളജ് എന്ന സ്ഥാപനം തുടങ്ങിയത് അച്ചന്റെ നേതൃത്വത്തിൽ ആയിരുന്നു. കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസി ഡണ്ടായി അനേക വർഷം ശോഭിച്ച ഉതുപ്പൂരേട്ടനും, പിന്നെ ജോബേട്ടനും എല്ലാ കാര്യത്തിലും കോളജ് തുടങ്ങുന്നതിനുവേണ്ടി അച്ചനോടു കൂടെ പ്രവർത്തിച്ചിരുന്നു. ഇവരുടെ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ എം. ഡി. കോളജ് എന്ന സ്ഥാപനം പഴഞ്ഞിയിൽ ഉണ്ടാകുമായിരു ന്നുവോ? കോളജിന്റെ നിർമ്മാണഘട്ടത്തിൽ ഒരു എഞ്ചിനീയറുടെ വൈദ ഗ്ധ്യത്തോടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുക്കാൻ അച്ചൻ ഉണ്ടാ യിരുന്നു. റോഡിന് അഭിമുഖമായി കോളജ് കെട്ടിടം പണിയുവാൻ സ്ഥലം ലഭിക്കാതെ പോയത് നിർഭാഗ്യകരമായിപ്പോയി. അച്ചൻ എഞ്ചിനീയറിംഗ് വിഷയം പഠിച്ചിരുന്നെങ്കിൽ ഒരു പ്രഗത്ഭനായ എഞ്ചിനീയർ ആയേനേ! കെട്ടിടങ്ങൾ ഡിസൈൻ ചെയ്യിക്കാനും, പണിയിക്കാനും, അച്ചൻ പുലി ക്കോട്ടിൽ തിരുമേനിമാരെ മാതൃകയാക്കിയിട്ടുണ്ടാകണം. കോളജിന്റെ തുടക്കത്തിൽ സയൻസ് വിഷയങ്ങൾ തുടങ്ങാനുള്ള ചില വിവരങ്ങൾ, അന്ന് അച്ചന് നൽകാൻ എനിക്ക് സാധിച്ചിരുന്നു. സാമ്പത്തിക ബുദ്ധി മുട്ടുകൾ കാരണമായിരിക്കാം സയൻസ് വിഷയങ്ങൾ തുടങ്ങാൻ സാധി ക്കാതെ പോയത്. റിസൾട്ടിലും, മറ്റു പ്രവർത്തനങ്ങളിലും ഇന്ന് എം.ഡി. കോളജ്, സഭയുടെ മറ്റു കോളജുകളുടെ മുൻപന്തിയിൽ തന്നെയാണ്. എം. ഡി. കോളജ് പഴഞ്ഞിക്കാർക്കും, സഭയ്ക്കും അഭിമാനമാണ്.

പഴഞ്ഞിയിൽ ഒരു പ്രാഥമിക ചികിത്സാലയം വേണമെന്ന ആശയം, ആദ്യമായി ഉടലെടുത്തത് അച്ചന്റെ മനസ്സിൽ ആയിരിക്കണം. പ്രാഥമിക ചികിത്സാലയത്തിന് അനുമതി ലഭിക്കാൻ ഏറ്റവും മുന്നിൽനിന്ന് പ്രവർത്തിച്ചത് അച്ചനായിരുന്നു. അന്ന് ഞാൻ സ്കൂൾ വിദ്യാർത്ഥി ആയിരുന്നു.

അച്ചനുമായി സംസാരിക്കുമ്പോഴൊക്കെ മനസ്സിൽ തോന്നിയിട്ടുള്ള ഒരു വസ്തുത, അച്ചൻ ഒരു വക്കീൽ ആകണമായിരുന്നു എന്നതാണ്. നമ്മൾ പ്രതീക്ഷിക്കുന്ന മറുപടി ആയിരിക്കയില്ല അച്ചനിൽ നിന്നും ലഭിക്കുക. കാര്യങ്ങൾ വിശകലനം ചെയ്യാനും, വാദഗതികൾ ഉന്നയിക്കാനും അച്ചനുള്ള കഴിവ് പ്രത്യേകം ഓർമ്മയിൽ നിൽക്കുന്നു. ഒരു വക്കീലിന്റെ സാമർത്ഥ്യത്തോടെ കാര്യങ്ങൾ പറഞ്ഞ് ഫലിപ്പിക്കുന്നതിൽ അച്ചനുള്ള വൈദഗ്ദ്ധ്യം എടുത്തു പറയത്തക്കതാണ്. അച്ചന്റെ ആത്മീയ പ്രസംഗങ്ങളിൽക്കൂടെയും, ആ കഴിവ് പ്രകടിപ്പിക്കാറുണ്ടായിരുന്നു. അച്ചൻ അങ്ങനെ പലതും ആയിരുന്നു. അച്ചന്റെ വേദപഠനക്ലാസ്സുകളിലും അത് അനുഭവപ്പെട്ടിരുന്നു.

അച്ചൻ ഒരു നല്ല ഗുരുനാഥനായിരുന്നു. ഒരു ചരിത്രകാരനായിരുന്നു. ഒരു എഞ്ചിനീയറായിരുന്നു. ഒരു അഡ്വക്കേറ്റിന്റെ പ്രാഗത്ഭ്യം ഉണ്ടായിരുന്നു. ഒരു ലൈബ്രേറിയൻ ആയിരുന്നു. ചിട്ടയോടെ രേഖകൾ സംരക്ഷിക്കുന്ന, രേഖപ്പെടുത്തുന്ന ഒരു റിക്കാർഡ് കീപ്പർ ആയിരുന്നു; അക്കൗണ്ടന്റ് ആയിരുന്നു. ഒരു പഞ്ചായത്തിന്റെ സാരഥ്യം ഏറ്റെടുക്കേണ്ടിവന്നാൽ തന്നെയും, പഞ്ചായത്തിനെ നയിക്കാൻ കഴിവുള്ള ഒരു സാരഥി ആയിരുന്നു. അങ്ങനെയുള്ള ഒരു അച്ചന്റെ കൂടെ ആരാധനയിൽ ശുശ്രൂഷകനാകാനും, അച്ചന്റെ വിദ്യാർത്ഥി ആയിരിക്കാനും ഭാഗ്യം ലഭിച്ചത് ഒരു വലിയ പദവി ആയി കരുതുന്നു, വിശ്വസിക്കുന്നു. ബഹുമുഖ പ്രതിഭയായ അച്ചനോട് ആദരവ് പ്രകടിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഞാൻ രചിച്ച "ജീവൻ, സമൃദ്ധിയായ ജീവൻ" എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ, പഴഞ്ഞിപള്ളിയിലെ വികാരിമാരായിരുന്ന സി. വി. ഏബ്രഹാം അച്ചനും (തെക്കേക്കര അച്ചൻ), കെ. സി. ജോസഫ് കോർ എപ്പിസ്കോപ്പാ അച്ചനും (കുറ്റിക്കാട്ടിൽ അച്ചനും) പുസ്തകരചനയിൽ എനിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്ന് ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്. അച്ചന് പുസ്തകത്തിന്റെ ഒരു കോപ്പി കൊടുത്തിട്ട് ഞാൻ എഴുതി ചേർത്തത്, അച്ചനെ വായിച്ചുകേൾപ്പിച്ചപ്പോൾ, അച്ചന്റെ മുഖത്ത് സന്തോഷത്തിന്റെ ഒരു പുഞ്ചിരി വിടർന്നതും, എന്നെ വീണ്ടും എഴുതാൻ പ്രോത്സാഹിപ്പിച്ചതും എന്റെ മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്നു.

(ലേഖകൻ ചുങ്കത്തറ മാർത്തോമ്മാ കോളജിന്റെ പ്രിൻസിപ്പൽ ആയിരുന്നു. പഴഞ്ഞിയിൽ ചരിത്രപുരുഷന്റെ വിദ്യാർത്ഥിയും. അഞ്ച് പതിറ്റാ

ണ്ടുകളിലെ സ്മരണകൾ ലേഖകൻ പങ്കുവയ്ക്കുന്നു. മികച്ച എഴുത്തുകാരനും അധ്യാപകനും സംഘാടകനും ആയ അദ്ദേഹം നിരവധി പുസ്കാരങ്ങൾ നേടിയിട്ടുണ്ട്.)

# പഴഞ്ഞിയുടെ കൗടല്യൻ

## പ്രൊഫ. കെ. എം. കുര്യാക്കോസ്

ബി. സി. നാലാം ശതകത്തിൽ (321–296) ഭാരതരാജ്യം ഭരിച്ചിരുന്ന ചന്ദ്രഗുപ്ത മൗര്യന്റെ സമകാലീനനും പ്രധാനമന്ത്രിയും ഭാരതത്തിലെ ഒന്നാമത്തെ മീമാംസകനും 'അർത്ഥശാസ്ത്ര'ത്തിന്റെ പ്രണേതാവുമായിരുന്നു കൗടല്യൻ. അദ്ദേഹം വിഷ്ണുഗുപ്തൻ, ചാണക്യൻ എന്നീ പേരുകളിലും അറിയപ്പെടുന്നു. പ്രവർത്തനശൈലിയിൽ കുടിലതയുണ്ടായിരുന്നതിനാൽ കൗടല്യൻ എന്ന പേര് അന്വർത്ഥമാണ്. ചണവും മറ്റും ധാരാളം ഉണ്ടാകുന്ന ബംഗാളോ മറ്റേതെങ്കിലും ഗംഗാതീരപ്രദേശമോ ആണ് ചണകദേശമായി വ്യവഹരിക്കപ്പെടുന്നത്. ചണകദേശത്തു വസിച്ചിരുന്നതുകൊണ്ട് കൗടല്യന് ചാണക്യൻ എന്ന പേരും ലഭിച്ചു. കേരളത്തിൽനിന്ന് വിഷ്ണുഗുപ്തൻ എന്നൊരു ബ്രാഹ്മണ പണ്ഡിതൻ കാശിയിൽ തീർത്ഥാടനത്തിനു പോയതായും അവിടെവച്ച് സ്വപുത്രിയേയും മറ്റും പിരിഞ്ഞ് നിരാശനായി മഗധയിൽ എത്തിച്ചേർന്നതായും പറയപ്പെടുന്നു. അവിടെ 'നന്ദൻ' എന്ന രാജാവിനാൽ അപമാനിതനാവുകയും വൈരാഗ്യംപൂണ്ട് അദ്ദേഹം നന്ദരാജവംശം നശിപ്പിച്ച് ചന്ദ്രഗുപ്തനെ രാജാവായി വാഴിക്കുകയും ചെയ്തതായും കഥയുണ്ട്.

ധനതത്ത്വശാസ്ത്രം, രാജ്യഭരണം, ധർമ്മശാസ്ത്രം, ദണ്ഡനീതി, കൃഷി, വ്യവസായങ്ങൽ, ദായക്രമം തുടങ്ങിയ മാനവിക സിദ്ധാന്തങ്ങളെ ക്രോഡീകരിച്ച് കൗടല്യൻ രചിച്ച പ്രാചീന വിജ്ഞാനീയമാണ് അർത്ഥശാസ്ത്രം. കൗടല്യൻ കേരളവുമായി അടുപ്പമുണ്ടായിരുന്നുവെന്ന് അർത്ഥശാസ്ത്രത്തിലെ ഒരു പ്രതിപാദനം വ്യക്തമാക്കുന്നു. തിരുവിതാംകൂറിന്റെ വടക്കേ അറ്റത്തുള്ള പെരിയാറിലെ മുത്തിനെക്കുറിച്ച് ഗ്രന്ഥത്തിന്റെ രണ്ടാം അധികരണത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 'ചൗർണ്ണേയം' എന്നാണ് മുത്തിനു കൊടുത്തിരിക്കുന്ന പേര്. ചൗർണ്ണേയമെന്നാൽ ചൂർണ്ണീനദിയിൽ (പെരിയാറിൽ) ഉണ്ടായതെന്നാണ് അർത്ഥം.

"ചൗർണ്ണേയം, കേരളേഷു മുരചി–
നാമ പത്തന സമീപേ ചൂർണ്ണീനാമ
നദീ തസ്യാം ഉല്പന്നം" എന്നാണു പറഞ്ഞിരിക്കുന്നത്. കേരളത്തിൽ മുരചി പത്തനത്തിന് (കൊടുങ്ങല്ലൂരിനു) സമീപത്തുള്ള ചൂർണ്ണീനദിയിൽ ഉണ്ടായ മുത്ത് എന്നാണ് അർത്ഥമാക്കുന്നത്.

ഭാരതത്തിൽ നിന്ന് അലക്സാണ്ടർ ചക്രവർത്തി മടങ്ങിപ്പോയപ്പോൾ ചിലയിടങ്ങളിൽ ഗ്രീക്കു സൈന്യങ്ങളെ അദ്ദേഹം നിർത്തിയിരുന്നു. ചക്രവർത്തിയുടെ നിര്യാണത്തെത്തുടർന്ന് ഇന്ത്യയിലെ ഗ്രീക്കു

ഗവർണ്ണർമാർ തമ്മിലുണ്ടായ മത്സരത്തെ ചാണക്യന്റെ നയതന്ത്രം ശരിക്കും ചൂഷണം ചെയ്തു. തന്നിമിത്തം ഗ്രീക്കു ഗവർണ്ണർമാരെ യുദ്ധത്തിൽ തോല്പിക്കുന്നതിനും സാധിച്ചു.

സമ്രാട്ടായ ചന്ദ്രഗുപ്തൻ കേരളത്തിലെ മുഖ്യമന്ത്രിയായ ഉമ്മൻചാണ്ടിയെപ്പോലെ തലമുടി ചീകുമ്പോൾപോലും രാജ്യകാര്യങ്ങളിൽ വ്യാപൃതനായിരുന്നു. ഈ നിലയിലേക്ക് അദ്ദേഹത്തെ കൊണ്ടുവന്നത് തന്റെ ഗുരുവും ഉപദേഷ്ടാവുമായ കൗടല്യനായിരുന്നുവെന്നത് ചരിത്രവസ്തുതയാണ്.

കൗടല്യന്റെ ബുദ്ധിശക്തിയെ സ്പഷ്ടമാക്കുന്നതിന് ചൂണ്ടിക്കാണിക്കുന്ന ഒരു സംഭവമുണ്ട്. അദ്ദേഹം ഒരിക്കൽ തന്റെ മുറിയിൽ കീഴോട്ടു നോക്കി തലപുകഞ്ഞ് എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ചാടിഎണീറ്റ് അടുത്തുണ്ടായിരുന്നവരെ ഞെട്ടിച്ചുകൊണ്ട് തൽക്ഷണം യുദ്ധത്തിനു പുറപ്പെടുവാൻ ഉത്തരവിട്ടു. ഗ്രീക്കുസൈന്യം രാജധാനി വളഞ്ഞിരിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കിയതുകൊണ്ട് പെട്ടെന്ന് യുദ്ധത്തിനു പുറപ്പെടുന്നതിനും ചന്ദ്രഗുപ്തന്റെ സൈന്യത്തിന് ഗ്രീക്കു പട്ടാളത്തെ തോല്പിക്കുന്നതിനും സാധിച്ചു. ഇന്നത്തെപ്പോലെ ഇന്റലിജൻസ് സംവിധാനങ്ങളോ ഇലക്ട്രോണിക് സൗകര്യങ്ങളോ ഇല്ലാതിരുന്ന പ്രാചീനകാലത്ത് ശത്രുസൈന്യം രാജധാനി വളഞ്ഞിരിക്കുന്നുവെന്ന് തന്റെ മുറിയിൽ ഇരുന്നുകൊണ്ട് ചാണക്യൻ എങ്ങനെ മനസ്സിലാക്കി? ആ ബുദ്ധിശക്തിക്ക് നമോവാകം! മുറിയിൽക്കൂടി ഇഴഞ്ഞുനീങ്ങുന്ന ഒരു എറുമ്പിൽനിന്നാണ് അദ്ദേഹം കാര്യം മനസ്സിലാക്കിയത്. എറുമ്പ് വഹിച്ചുകൊണ്ടുപോകുന്ന ധാന്യം ഭാരതത്തിലേതല്ലായിരുന്നു, ഗ്രീസിലേതായിരുന്നു. എറുമ്പു വന്നത് ശത്രുരാജ്യസൈന്യത്തിന്റെ പാളയത്തിൽ നിന്നാണെന്ന് ചാണക്യനല്ലാതെ ആർക്കാണു മനസ്സിലാക്കുവാൻ സാധിക്കുക!

ചന്ദ്രഗുപ്ത സമ്രാട്ടിന്റെ ഗുരുവും പ്രധാനമന്ത്രിയുമായിരുന്ന പൊക്കം കുറഞ്ഞ ഈ ബ്രാഹ്മണൻ ഒരു കുടിലിലാണു പാർത്തിരുന്നത്. എളിയ ജീവിതമാണു നയിച്ചിരുന്നത്. പൊക്കം കുറഞ്ഞവർക്ക് ബുദ്ധി കൂടും എന്നൊരു ചൊല്ലുണ്ടല്ലോ; കണക്കു കൂട്ടുന്നതിൽ ഇക്കൂട്ടർ അതിസമർത്ഥരുമായി കാണപ്പെടുന്നു. പൊക്കം കുറഞ്ഞ അതിബുദ്ധിമതികളായ ചില ഗണിതാധ്യാപകരെ നേരിട്ട് അറിയാം.

തന്ത്രങ്ങൾ മെനയുന്നതിൽ ചാണക്യൻ നിപുണനായിരുന്നു. ചാണക്യ തന്ത്രങ്ങളിൽ പ്രസക്തിയുള്ള രണ്ടെണ്ണം ചുവടെ ചേർക്കുന്നു.

1. "കണ്ടകേന കണ്ടകൈവം ന്യായം" (ഒരു മുള്ളു കൊണ്ടാൽ മറ്റൊരു മുള്ളു കൊണ്ടു തന്നെ എടുത്തു മാറ്റണം).

2. "ശഠേ ശാഠ്യം സമാചരേത്" (ശഠനോട് ശാഠ്യം തന്നെ കാട്ടണം).

'കുറ്റിക്കാട്ടച്ചൻ' എന്ന പേരിൽ അറിയപ്പെടുന്ന ബഹുമാനപ്പെട്ട കെ. സി. ജോസഫ് കോറെപ്പിസ്കോപ്പായെ അനുസ്മരിക്കുമ്പോൾ കൗടല്യന്റെ ചിത്രമാണ് മനസ്സിൽ വരുന്നത്. അച്ചനെ കൌടല്യനോടുപമിക്കുന്നത് കൗടല്യനോടും അച്ചനോടും കാട്ടുന്ന അനീതിയാണെന്നു ധരിപ്പിക്കുന്നതിനു കൂടിയാണ് അപ്രസക്തമെന്നു തോന്നാമെങ്കിലും കൗടല്യനെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചശേഷം അദ്ദേഹത്തിന്റെ ചില ഗുണവിശേഷങ്ങൾ സ്മര്യപുരുഷനിൽ ആരോപിക്കുവാൻ ശ്രമിക്കുന്നത്.

## നേതൃപാടവം

പുതുതായി മലങ്കരസഭയ്ക്ക് 1982-ൽ അനുവദിച്ചുകിട്ടിയ പഴഞ്ഞി മാർ ഡയനീഷ്യസ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി എന്നെ തെരഞ്ഞെടുത്തശേഷം ബസേലിയോസ് കോളജിൽ നിന്ന് ദേവലോകം കാതോലിക്കേറ്റ് അരമനയിലേക്ക് എജ്യുക്കേഷനൽ ഏജൻസി കൂടെയായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ വിളിപ്പിച്ചു. ഞാൻ ചെന്നപ്പോൾ അദ്ദേഹത്തിനു സമീപം പ്രൊഫ. ചെറിയാൻ ടി. വർഗീസ്, പി. ടി. ഉതുപ്പൂരു, പി. വി. ജോബ്, ഫാ. കെ. സി. ജോസഫ് എന്നിവർ ഉണ്ടായിരുന്നു. എന്നെ പ്രശംസിച്ചുകൊണ്ടും എന്റെ ചില ഗുണവിശേഷങ്ങൾ എടുത്തു പറഞ്ഞുകൊണ്ടും പ. ബാവാ തിരുമേനി എന്നെ അവർക്കു പരിചയപ്പെടുത്തി. "ഞങ്ങൾക്ക് ഈ സാറിനെത്തന്നെയാണു വേണ്ടത്" - പെട്ടെന്നുള്ള പ്രതികരണം ജോസഫ് അച്ചന്റേതായിരുന്നു. അച്ചനാണു നേതാവെന്ന് അപ്പോഴേ ഞാൻ മനസ്സിലാക്കി. 1970-കളുടെ ആരംഭത്തിൽ പഴഞ്ഞിപ്പള്ളിയിൽ കഷ്ടാനുഭവ ആഴ്ചയിൽ പ്രഭാഷണത്തിന് ചെന്നപ്പോൾ സഹപട്ടക്കാരനായിരുന്ന ബ. ജോസഫച്ചനുമായി സംസാരിച്ചിട്ടുണ്ട്. അതേ കാലഘട്ടത്തിൽ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി എന്ന നിലയിൽ കൊരട്ടി അരമനയിൽ ചേർന്ന കൊച്ചി ഭദ്രാസന യുവജനസമ്മേളനത്തിൽ പ്രഭാഷണത്തിനു ചെന്നപ്പോഴും അച്ചൻ നേതൃനിരയിൽ ഉണ്ടായിരുന്നു. 1982 മുതൽ 1992 വരെ പഴഞ്ഞി കോളജിന്റെ പ്രിൻസിപ്പലായി ഞാൻ പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിലാണ് കോളജ് സെക്രട്ടറി കൂടിയായിരുന്ന കുറ്റിക്കാട്ടച്ചനെ ശരിക്കും മനസ്സിലാക്കുവാൻ സാധിച്ചത്. മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിന് (Daring and action) അദ്ദേഹത്തിനുള്ള കഴിവും നേതൃപാടവവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

## മാർ ഡയനീഷ്യസ് കോളജിന്റെ ശില്പി

കെ. സി. ജോസഫ് അച്ചൻ മുൻകൈയെടുത്തില്ലായിരുന്നുവെങ്കിൽ

പഴഞ്ഞിയിൽ ഒരു കോളജ് ഉണ്ടാകുമായിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ എം.ഡി. കോളജ് അദ്ദേഹത്തിന്റെ കൂടി സ്മാരകമാണ്. സ്വദേശമായ പഴഞ്ഞിയെക്കുറിച്ച് അച്ചനെപ്പോലെ അഭിമാനംകൊള്ളുന്നവരായി മറ്റാരെയും കണ്ടിട്ടില്ല. പഴഞ്ഞിക്കാരായ പി. വി. ജോബ്, പി. ടി. ഉതുപ്പൂരു തുടങ്ങിയവരെ സംഘടിപ്പിച്ചുകൊണ്ട് ചാണക്യനെപ്പോലെ പൊക്കം കുറഞ്ഞ ഈ തന്ത്രശാലി കുന്നംകുളത്തു വേറെ ചിലരെയും കുറെ ഇടവകപള്ളികളെയും സമീപിച്ച് കോളജിന് ആവശ്യമായ സ്ഥലം വാങ്ങിപ്പിക്കുന്നതിനു സമ്മതിപ്പിക്കുകയും ആധാരം നടത്തിക്കുകയും സ്ഥലം എം.എൽ.എ. കെ. എസ്. നാരായണൻ നമ്പൂതിരിയെക്കൊണ്ട് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനെ സ്വാധീനിച്ച് കോളജ് അനുവദിപ്പിക്കുകയും ചെയ്തു. അനുമതി കിട്ടിയത് ഒരു ഭഗീരഥപ്രയത്നത്തിന്റെ പരിണതഫലമായിരുന്നു. കെട്ടിടം പണിയുടെ മേൽനോട്ടവും അദ്ദേഹം തന്നെ വഹിച്ചു.

### കർമ്മത്തിന്റെ പര്യായം

ഒരു വൈദികനെന്ന നിലയിൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ മുടക്കംകൂടാതെ അനുഷ്ഠിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിലായിരുന്നു അച്ചൻ കൂടുതൽ ശ്രദ്ധ പുലർത്തിയിരുന്നത്. കോളജിനു പുതിയ കെട്ടിടം പണി തുടങ്ങിയ അന്നു മുതൽ തീരുന്നതുവരെ അദ്ദേഹം ദിവസവും ക്യാമ്പസിലുണ്ടായിരുന്നു. വേണ്ടിവന്നാൽ കായികാദ്ധ്വാനത്തിനും അദ്ദേഹം സന്നദ്ധനായിരുന്നു. വില കുറഞ്ഞ ഒരു തുണികൊണ്ട് ഒരു പ്രത്യേകയിനം തൊഴിലാളികുപ്പായം തയ്പിച്ച് അതും ധരിച്ചാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നത്. ഒരിക്കൽ ഇഷ്ടികയുമായി ഒരു ലോറി ക്യാമ്പസിൽ വന്നു നിന്നു. തൊഴിലാളികൾ കൂടുതൽ കൂലി ആവശ്യപ്പെട്ട് പണിമുടക്കി. അച്ചൻ ഡിമാൻഡ് അംഗീകരിച്ചില്ല. അടുത്ത ക്ഷണത്തിൽ കുപ്പായം ഊരിയിട്ടിട്ട് പൈജാമ തെറുത്തുകയറ്റി ലോറിയിലേക്കു ചാടിക്കയറി അടുത്തുനിന്നവരുടെ കൈകളിലേക്ക് ഇഷ്ടിക പെറുക്കിക്കൊടുത്തുകൊണ്ടിരിക്കുന്ന കുറ്റിക്കാട്ടച്ചന്റെ രൂപം എനിക്ക് മറക്കാനാവുന്നില്ല. അച്ചൻ തൊഴിലാളികളെ തോല്പിച്ചു.

### ഫലിക്കാതെപോയ തന്ത്രം

കുറ്റിക്കാട്ടച്ചൻ തന്ത്രശാലിയായിരുന്നു. കാര്യം നേടുന്നതിനു ചാണക്യനെപ്പോലെ ഏതു തന്ത്രവും പ്രയോഗിക്കും. തന്ത്രം പരാജയപ്പെട്ടാൽ വിഷമം പുറത്തു കാണിക്കയില്ല. ആരംഭകാലത്ത് കോളജ് മാനേജരായി പ്രവർത്തിച്ചിരുന്നത് അഭി. യാക്കോബ് മാർ പോളിക്കാർപ്പോസ് തിരുമേനിയായിരുന്നു. കുറ്റിക്കാട്ടച്ചൻ സെക്രട്ടറിയും. കോളജ് മാനേജിംഗ് ബോർഡിനെക്കൊണ്ട് അച്ചനു പ്രത്യേക താല്പര്യമുള്ള ഒരു വിഷയത്തിൽ തീരു

മാനമെടുപ്പിക്കേണ്ടതുണ്ടായിരുന്നു. മാനേജരുടെ അധ്യക്ഷതയിലായിരുന്നു യോഗം നടക്കേണ്ടിയിരുന്നത്. അച്ചൻ ഉദ്ദേശിച്ചതുപോലെയുള്ള തീരുമാനത്തിന് തിരുമേനി വഴങ്ങുകയില്ലെന്ന് അച്ചനറിയാമായിരുന്നു. തിരുമേനി ഒന്നോ രണ്ടോ ആഴ്ചത്തേക്ക് ഗൾഫ് പര്യടനത്തിലാണെന്ന് അച്ചൻ മനസ്സിലാക്കി. അവസരം തക്കത്തിൽ വിനിയോഗിച്ച് അദ്ദേഹം പെട്ടെന്ന് ഒരു ബോർഡ് മീറ്റിംഗ് വിളിച്ചുകൂട്ടി. പഴഞ്ഞി–കുന്നംകുളം ഭാഗത്തുള്ളവർ മാത്രമേ പങ്കെടുത്തുള്ളൂ. മറ്റുള്ളവർ പങ്കെടുക്കാഞ്ഞതിനു കാരണം അച്ചനു മാത്രമേ അറിയാവൂ. ബ. പാത്തുകുട്ടിയച്ചനെ (ഫാ. പീറ്റർ ചെറുവത്തൂർ) യാണെന്നു തോന്നുന്നു അധ്യക്ഷനാക്കിയത്. ഉദ്ദേശിച്ചതുപോലെ തീരുമാനവും എടുപ്പിച്ചു. തിരുമേനി മടങ്ങി വന്നപ്പോൾ വിവരം അറിഞ്ഞ് എന്നെ കൊരട്ടി അരമനയിലേക്കു വിളിപ്പിച്ച് കാര്യങ്ങൾ മനസ്സിലാക്കി. തിരുമേനിക്ക് അരിശവും പ്രതിഷേധവും തോന്നി. പ. ബാവാതിരുമേനിയെ വിവരം അറിയിക്കുന്നതാണു നല്ലതെന്ന് ഞാൻ അഭിപ്രായപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തു. വിവരം മനസ്സിലാക്കിയ ഉടനെ ബാവാ തിരുമേനി നടപടി എടുത്തു. മാനേജരുടെ അധ്യക്ഷതയിലല്ലാതെ നടത്തിയ മീറ്റിംഗും എടുത്ത തീരുമാനങ്ങളും ക്യാൻസൽ ചെയ്തിരിക്കുന്നതായി ടെലഗ്രാം വന്നു. അച്ചന് അല്പം ഭയം തോന്നിയെങ്കിലും അറിഞ്ഞ ഭാവം നടിച്ചതേയില്ല.

### ദുരൂഹ തന്ത്രം

ചാണക്യന്റേതുപോലെ അച്ചന്റെ ചില തന്ത്രങ്ങളിൽ ദുരൂഹതയുണ്ടായിരുന്നു. ലക്ഷ്യം മറ്റാർക്കും പിടികിട്ടുകയില്ല. പുതിയ കോഴ്സുകൾ കിട്ടുന്നതിന് ശ്രമിക്കാൻ ഞാൻ നിർബന്ധം ചെലുത്തിക്കൊണ്ടിരുന്നു. മുഖ്യമന്ത്രിക്കു നിവേദനം തയ്യാറാക്കി. നിവേദനം അച്ചൻ വാങ്ങിച്ചു. അച്ചനും ഉതുപ്പൂരേട്ടനും ഞാനും കൂടി തിരുവനന്തപുരത്ത് എത്തിച്ചേർന്നു. ഒരു ലോഡ്ജിൽ വിശ്രമിച്ചു. മുഖ്യമന്ത്രിയെ കാണാൻ ഒരു മണിക്കാണ് അനുവാദം തന്നിരിക്കുന്നത്. ഉതുപ്പൂരേട്ടൻ കാട്ടകാമ്പാൽ പഞ്ചായത്തു പ്രസിഡണ്ടു കൂടിയായിരുന്നു. അദ്ദേഹത്തിന് പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ പോകേണ്ടതുണ്ടായിരുന്നു. 12 മണിക്ക് അച്ചൻ മുഖ്യമന്ത്രിയുടെ ഓഫീസിനു മുമ്പിൽ എത്തണമെന്നും അതിനു മുമ്പുതന്നെ ഞങ്ങൾ അവിടെ എത്തുമെന്നും പറഞ്ഞശേഷം ഉതുപ്പൂരേട്ടനും ഞാനും കൂടി പഞ്ചായത്ത് ഓഫീസിലേക്കു പോയി. അടുത്തു വരുന്ന ഇലക്ഷനിൽ ഒരു എം.എൽ.എ. ടിക്കറ്റ് തരപ്പെടുത്താൻ ഉതുപ്പൂരേട്ടൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സമയം കൂടിയായതിനാൽ മുഖ്യമന്ത്രിയെ കാണുന്നതിന് അദ്ദേഹത്തിനു പ്രത്യേക താല്പര്യമുണ്ടായിരുന്നു. ഞങ്ങൾ നിശ്ചിത സമയത്തിനു മുമ്പുതന്നെ എത്തിച്ചേർന്നു. അച്ചൻ മുഖ്യമന്ത്രിയുടെ ഓഫീസിനു മുമ്പിൽ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ

ചെന്നയുടനെ അദ്ദേഹം പുറത്തേക്കിറങ്ങി. പുഞ്ചിരിതൂകിക്കൊണ്ട് ഉതുപ്പൂരേട്ടനോടു പറഞ്ഞു: 'പറ്റിയ സമയമെന്നു തോന്നിയതിനാൽ നിങ്ങൾ വരുന്നതിനു മുമ്പുതന്നെ ഞാൻ നിവേദനം കൊടുത്തു കഴിഞ്ഞു. ഇനി മടങ്ങാം.' ഉതുപ്പൂരേട്ടൻ പൊട്ടിത്തെറിച്ചു. കോപം കൊണ്ടു കലിതുള്ളി.

രംഗം അല്പം ശാന്തമായെന്നു തോന്നിയപ്പോൾ അടുത്തു ചെന്നു രണ്ടുപേരെയും സെക്രട്ടറിയേറ്റ് ക്യാമ്പസിനു പുറത്തേക്ക് ആനയിച്ചു. ഉച്ചഭക്ഷണം കയ്പോടെയാണ് എല്ലാവരും കഴിച്ചത്. ഞാൻ വളരെ പാടുപെട്ടാണ് ഇരുവരെയും ഉറക്കിയത്. പിറ്റേദിവസമാണ് തിരിച്ചു പോന്നത്. എന്തു ലക്ഷ്യം വച്ചാണ് അച്ചൻ ഇങ്ങനെ പെരുമാറിയതെന്ന് അച്ചന് മാത്രമേ അറിയൂ. ഒരു കോഴ്സും അത്തവണ കിട്ടിയതുമില്ല.

### കുറ്റിക്കാട്ടിൽ

പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ വൈദികസെമിനാരിയിൽ അച്ചന്റെ ഗുരുവും പ്രിൻസിപ്പലും ആയിരുന്നു. അദ്ദേഹത്തിന് അന്നു മുതലെ അച്ചനെ നന്നായി അറിയാമായിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം അച്ചൻ അദ്ദേഹത്തെ പ്രശംസിച്ചു പറയുന്നത് കേട്ടിട്ടുണ്ട്. പരിശുദ്ധ ബാവാ വ്യംഗ്യരൂപേണ അച്ചന്റെ ബുദ്ധിയെ വിശേഷിപ്പിച്ചത് ഓർക്കുന്നു. മലങ്കര അസോസിയേഷൻ സമ്മേളനമാണ് രംഗം. ഓരോ ഭദ്രാസനത്തിൽനിന്നും സഭാ മാനേജിംഗ് കമ്മിറ്റിയിലേക്കു നാമനിർദ്ദേശം ചെയ്യപ്പെട്ടവരെ പേരു വിളിച്ച് അസോസ്യേഷൻ സെക്രട്ടറി എഴുന്നേൽപ്പിക്കുന്നു. കുന്നംകുളം ഭദ്രാസനത്തിന്റെ ഊഴമായി. "ഫാ. കെ. സി. ജോസഫ് കുറ്റിക്കാട്ടിൽ"- സെക്രട്ടറി പേരു വിളിച്ചപ്പോൾ അച്ചൻ എഴുന്നേറ്റു നിന്നു. സദസ്യരോട് ബാവായുടെ ചോദ്യം: "ആരാണ് കുറ്റിക്കാട്ടിലിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ?" പലരിൽ നിന്നും മറുപടി വന്നു. പിന്നെ ഒരു കൂട്ടച്ചിരിയും അച്ചന്റെ മന്ദഹാസവും.

### നല്ല നേരം

അച്ചൻ ശാസ്ത്രീയമായി ജ്യോതിശാസ്ത്രം പഠിച്ചിട്ടുണ്ടാവില്ല. എന്നാൽ മംഗളകാര്യങ്ങൾ തുടങ്ങുന്നതിന് നല്ല നേരം കുറിച്ചുവാങ്ങാൻ ധാരാളം പേർ അദ്ദേഹത്തെ സമീപിച്ചുകൊണ്ടിരുന്നു. നല്ല നേരം കുറിച്ചു കൊടുക്കുന്നതിൽ അദ്ദേഹത്തിന് അപാരമായ ആനന്ദമുണ്ടായിരുന്നു.

### ചാണക്യതന്ത്രങ്ങൾ

ചാണക്യന്റെ തന്ത്രങ്ങൾ എന്തെല്ലാമെന്ന് അദ്ദേഹം പഠിച്ചിട്ടുണ്ടാവില്ല. എന്നാൽ അറിയാതെ തന്നെ അദ്ദേഹം ചില തന്ത്രങ്ങൾ പയറ്റിയിട്ടുണ്ട്. ഉള്ളിലിരിപ്പ് എന്താണെന്ന് മറ്റാർക്കും പിടികിട്ടുകയില്ല. ദൈവത്തിന്റെ

പട്ടക്കാരനായിട്ടാണ് ഞാൻ പ്രിൻസിപ്പൽ പദവി സ്വീകരിച്ചത്. സത്യസന്ധമായും ആത്മാർത്ഥമായും ഭയമോ പക്ഷപാതമോ കൂടാതെയും (With fear and favour) പ്രിൻസിപ്പൽ എന്ന പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുവാൻ അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്. ചിലരുടെ സ്ഥാപിത താല്പര്യങ്ങൾ നിമിത്തം ചില എതിർപ്പുകൾ ഉണ്ടായെങ്കിലും എതിർത്തവർക്കൊക്കെ മുട്ടുമടക്കേണ്ടി വന്നു. എനിക്ക് യാതൊരു സ്വാർത്ഥതാല്പര്യവും ഇല്ലായിരുന്നു. സ്ഥാപനത്തിന്റെ താല്പര്യം മാത്രമാണ് പരിരക്ഷിച്ചത്. സ്വീകരിച്ച ചില അച്ചടക്ക നടപടികളും അവയോട് കുറ്റിക്കാട്ടിലച്ചന്റെ പ്രതികരണവും രേഖപ്പെടുത്തുന്നത് ഉചിതമെന്നു കരുതുന്നു.

**1. ഒരു ധിക്കാരം:** കോളജിന്റെ ആദ്യകാലത്ത് ഒരിക്കൽ സെനറ്റ് മീറ്റിംഗിൽ പങ്കെടുക്കുവാൻ ഞാൻ കാലിക്കട്ട് സർവ്വകലാശാലയിലേക്കു പോയി. പ്രിൻസിപ്പലിന്റെ ചാർജ് ഒരു സീനിയർ ലക്ചറർക്കു കൊടുത്തിരുന്നു. ഓഫീസ് സ്റ്റാഫിൽപെട്ട ഒരു വൈദികൻ ഒരു തെറ്റും ചെയ്യാതെ കൃത്യനിർവ്വഹണം നടത്തിയ അദ്ദേഹത്തെ ശകാരിക്കുക മാത്രമല്ല, അദ്ദേഹത്തോട് മര്യാദയില്ലാതെ പെരുമാറുകയും ചെയ്തതായി ഞാൻ തിരിച്ചുവന്നപ്പോൾ പരാതി പറഞ്ഞു. പരാതി എഴുതി വാങ്ങിയശേഷം ആ വൈദികന് വിശദീകരണം ചോദിച്ചുകൊണ്ട് ഒരു മെമ്മോ കൊടുത്തു. മറുപടി തരാൻ പോകുന്നില്ലെന്ന് ധിക്കാരത്തോടെ എന്നോടു പറഞ്ഞെങ്കിലും പിറ്റേദിവസം തന്നെ മറുപടി തന്നു. ഈ നടപടിയിൽ കുറ്റിക്കാട്ടച്ചൻ പ്രിൻസിപ്പലിനെ എതിർക്കുമെന്ന് ചില ഓഫീസ് സ്റ്റാഫംഗങ്ങൾ കരുതിയെങ്കിലും അച്ചൻ എന്നെ ശ്ലാഘിക്കുകയാണ് ചെയ്തത്. അങ്ങനെ ഒരു നടപടി എടുത്തില്ലായിരുന്നുവെങ്കിൽ പ്രിൻസിപ്പലിന്റെ ചാർജു വഹിക്കുവാൻ മറ്റുള്ളവർക്കു ഭയമാകുമായിരുന്നു.

**2. ശഠേ ശാഠ്യം:** കൃത്യവിലോപത്തിനും അനുസരണക്കേടിനും ലാസ്റ്റ് ഗ്രേഡ് സ്റ്റാഫിൽപെട്ട ചിലർക്കും മെമ്മോ കൊടുക്കേണ്ടി വന്നിട്ടുണ്ട്. അവരുടെ മറുപടി തൃപ്തികരമല്ലായിരുന്നു. അവർക്കു കടുത്ത ശിക്ഷ കൊടുപ്പിക്കുന്നതിന് അച്ചൻ പ്രത്യേക താല്പര്യം എടുത്തു. അവരിൽ നിന്ന് ക്ഷമാപണവും തെറ്റ് ആവർത്തിക്കയില്ലെന്നുള്ള ഉറപ്പും എഴുതി വാങ്ങിച്ച് ഒരു താക്കീതു കൊടുത്താൽ മാത്രം മതിയെന്ന് ഞാൻ വാദിച്ചപ്പോൾ എന്നോട് വല്ലാതെ ക്ഷോഭിച്ചു. "എങ്ങനെ ശരിപ്പെടാനാ? പ്രിൻസിപ്പൽ അവരുടെ കക്ഷിയാ." ഒടുവിൽ ബോർഡ് എന്റെ നിർബന്ധത്തിനു വഴങ്ങി. വിവരം ഇരുവരെയും അറിയിച്ചു. അവരെക്കൊണ്ട് ക്ഷമാപണം എഴുതിക്കുകയെന്നത് എന്റെ ചുമതലയായി. അവർ തയ്യാറല്ല താനും. വരാവുന്ന ഭവിഷ്യത്തുകൾ പറഞ്ഞു കേൾപ്പിച്ചു. അവർ വഴങ്ങിയില്ല. ഒടുവിൽ അച്ചൻ ഉദ്ദേശിച്ചതുപോലെ കടുത്ത ശിക്ഷ കൊടുക്കുവാൻ നിർബന്ധിതനായി.

**3. 'ഡെഡ് ബോഡി':** കോളജ് തുടങ്ങി ആറേഴു വർഷം കഴിഞ്ഞപ്പോൾ പ്രിൻസിപ്പലിനെ ബുദ്ധിമുട്ടിപ്പിച്ച് രാജി വെയ്പിച്ച് നാട്ടുകാരിൽ ഒരാളെ കൊണ്ടുവന്നാക്കാൻ വല്ല നിവൃത്തിയുമുണ്ടോ എന്നു ചില തല്പരകക്ഷികൾ ശ്രമിച്ചുനോക്കി. ജോലിയെ പൗരോഹിത്യ ശുശ്രൂഷയായി കരുതിയിരുന്നതുകൊണ്ട് എനിക്ക് പ്രശ്നങ്ങളെ നേരിടുന്നതിന് തെല്ലും ഭയമില്ലായിരുന്നു. ഒരു ശനിയാഴ്ച ഉദ്ദേശിക്കാത്ത ഒരു ഭീഷണി വന്നു. ഓഫീസ് കാര്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോൾ ഒരു ഫോൺ കോൾ: "എം. ഡി. കോളജിലെ പ്രിൻസിപ്പൽ കുര്യാക്കോസ് സാറല്ലേ?" അപരിചിതമായ സ്വരം. "അതെ" – ഞാൻ പ്രതിവചിച്ചു. "സാർ ഇന്നു വാകത്താനത്തേക്കു പോകുന്നുണ്ടോ?" "ഉണ്ട്" – എന്നു മറുപടി. തുടർന്നു വന്നത് ഒരു ഭീഷണിയായിരുന്നു: "സാർ അങ്ങു ചെല്ലുകയില്ല; ഡെഡ് ബോഡിയായിരിക്കും വീട്ടിൽ എത്തുക." "എന്റെ ചെലവിലല്ലാതെ എനിക്ക് അങ്ങു ചെല്ലാമല്ലോ" – ഞാൻ മറുപടി കൊടുത്തു. ഉടൻ ഫോൺ വയ്ക്കുകയും ചെയ്തു. ഒരു തല്പരകക്ഷി വേറൊരാളെക്കൊണ്ട് ഭീഷണി പ്രയോഗിക്കുകയായിരുന്നു. കുറ്റിക്കാട്ടിലച്ചൻ വിവരമറിഞ്ഞപ്പോൾ ചിരിച്ചു. ബുദ്ധിമാനായ അച്ചന് ഞാൻ തുടരണമെന്നു തന്നെയായിരുന്നു ആഗ്രഹം. ഭീഷണി കൊണ്ടൊന്നും ഞാൻ പോകുന്ന ആളല്ലെന്ന് അച്ചനറിയാമായിരുന്നു. പുറമെ പ്രകടിപ്പിക്കാറില്ലെങ്കിലും അദ്ദേഹത്തിന് എന്നെ വലിയ മതിപ്പായിരുന്നു.

**4. എംപ്റ്റി സ്റ്റൊമക്ക്, ഫുൾ ടാങ്ക്:** ഒരിക്കൽ കുന്നംകുളം–കോഴിക്കോടു റോഡിൽ ഒരു പരസ്യം പ്രത്യക്ഷപ്പെട്ടത് എന്റെ ദൃഷ്ടിയിൽ പെട്ടിരുന്നു: "എംപ്റ്റി സ്റ്റൊമക്ക്, ഫുൾ ടാങ്ക്, ങേ?" ഒരാൾ പമ്പ് ഉയർത്തി നിൽക്കുന്ന ചിത്രവും. ഒരു ബാർ ഹോട്ടലിന്റെ പരസ്യമായിരുന്നു ഇത്. മദ്യത്തിനും മയക്കുമരുന്നിനും എതിരെ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കയും ആയുഷ്പര്യന്തം അവ വർജ്ജിക്കുന്നതായി പ്രതിജ്ഞ എടുപ്പിക്കയും ചെയ്തുകൊണ്ടിരുന്ന എന്നെ ഈ പരസ്യം നന്നേ ചിന്തിപ്പിച്ചു. ഈ പരസ്യത്തിന്റെ ഒരു പരിണിതഫലവും സംഭവത്തോട് കുറ്റിക്കാട്ടിലച്ചന്റെ പ്രതികരണവുമാണ് അടുത്ത പ്രതിപാദ്യം. വളരെ ആദരവോടും സ്നേഹത്തോടും കൂടി പെരുമാറിവന്നിരുന്ന രണ്ടു ലക്ച്ചറന്മാരുടെ മനോഭാവത്തിൽ വന്ന വ്യത്യാസം ഞാൻ ശ്രദ്ധിച്ചു. ഒരു തല്പരകക്ഷി എനിക്കെതിരെ അവരെ അണിനിരത്തിക്കഴിഞ്ഞിരുന്നു. അവർ കൂടെക്കൂടെ വീട്ടിൽചെന്ന് അച്ചനെ കണ്ട് "മണി അടിക്കുവാൻ" തുടങ്ങി. കോളജിലെ സ്റ്റാഫംഗങ്ങൾ വന്നു കാണുന്നതും അവരോടു സംസാരിക്കുന്നതും അച്ചന് ഇഷ്ടമായിരുന്നു. പക്ഷേ, അച്ചന്റെ ഉള്ളിലിരിപ്പ് എന്താണെന്ന് ആർക്കും മനസ്സിലാവുകയില്ല. ഒന്നു പുഞ്ചിരിക്ക മാത്രം ചെയ്യും. അധികം ചിരിക്കാത്ത അച്ചന് തമാശ കേട്ടാൽ

പുഞ്ചിരി വരും. മേല്പറഞ്ഞ സഹപ്രവർത്തകർ ഒരു ദിവസം ഉച്ചയ്ക്കു ശേഷം മാർക്ക് ചെയ്യേണ്ട ഹാജർ കൂടെ രാവിലെ മാർക്ക് ചെയ്ത് പത്തര കഴിയുമ്പോൾ സ്ഥലം വിടുന്നതായി ശ്രദ്ധയിൽപെട്ടു. ആദ്യമേ സ്നേഹ പൂർവ്വം ഗുണദോഷിച്ചു, ഫലമുണ്ടായില്ല. പിറ്റേ ദിവസവും കുറ്റം ആവർത്തിച്ചു. ഞാൻ വിളിപ്പിച്ച് അച്ചടക്കലംഘനം അനുവദിക്കുകയില്ല, ഇനി ആവർത്തിക്കരുതെന്ന് പറഞ്ഞപ്പോൾ ധാർഷ്ട്യത്തോടെയുള്ള ഒരാളുടെ മറുപടി: "സാർ എന്താണെന്നാൽ അങ്ങോട്ടു ചെയ്തോ. ഈ വർഷം മുതൽ ഇങ്ങനെയാ." പെട്ടെന്നു സ്ഥലം വിട്ടു. തങ്ങളുടെ ഹാജർ രേഖപ്പെടുത്തിയശേഷം ബാർഹോട്ടലിലേക്കാണ് ഇരുവരും പോകുന്നതെന്ന് ഞാൻ മനസ്സിലാക്കി. കൃത്യവിലോപം വരുത്തിയതിന് തെളിവു ശേഖരിച്ചശേഷം കൃത്യവിലോപം, ധിക്കാരത്തോടെയുള്ള സംസാരം, തെറ്റ് ആവർത്തിക്കൽ എന്നിവയ്ക്ക് നടപടി എടുക്കാതിരിക്കാൻ മൂന്നു ദിവസത്തിനകം കാരണം ബോധിപ്പിക്കുവാൻ മെമ്മോ കൊടുത്തു. പിറ്റേദിവസം മെമ്മോയ്ക്ക് മറുപടി കൊണ്ടുവന്നു. പ്രിൻസിപ്പൽ ഒതുങ്ങുന്നില്ലെന്ന് കണ്ടപ്പോൾ തല്പരകക്ഷികൾക്കും ചില സ്റ്റാഫംഗങ്ങൾക്കും അങ്കലാപ്പുണ്ടായിട്ടുണ്ട് എന്നു ഞാൻ മനസ്സിലാക്കി. വൈകുന്നേരം ചെന്ന് "ഫുൾടാങ്ക്" അടിച്ചശേഷം പ്രിൻസിപ്പലിനെ ഒതുക്കുന്നതിന് ഇരുവരും കൂടി വന്ന വരവ് മായാത്ത ചിത്രമായി എന്റെ മുമ്പിൽ വെട്ടിത്തിളങ്ങുന്നു. അസഭ്യം പറഞ്ഞുകൊണ്ടും "തന്നെ കൊന്നുകളയു"മെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടും മേശപ്പുറത്തിരുന്ന ഫയലുകൾ വലിച്ചെറിഞ്ഞുകൊണ്ടുമായിരുന്നു എന്നോട് അടുത്തത്. ഏഴു മണിക്കും ജോലിചെയ്തുകൊണ്ടിരുന്ന എന്നെ എന്തെങ്കിലും ചെയ്യുന്നതിന് അവർക്കു സാധിക്കയില്ലെന്ന് എനിക്കറിയാമായിരുന്നു. തെല്ലും കൂസാതെ എഴുന്നേറ്റുനിന്നുകൊണ്ടു പറഞ്ഞു: "എന്റെ സഹപ്രവർത്തകരുടെ കയ്യാൽ, കർത്തവ്യം നിർവഹിച്ചതിന് കൊല്ലപ്പെടുന്നത് സന്തോഷം." ഞാൻ കൈ കെട്ടിനിന്നു. "നിങ്ങൾ എന്നെ തൊടത്തില്ല. നിങ്ങൾക്ക് അതിനുള്ള 'മോറൽ കറേജ്' ഇല്ല. ഞാൻ എന്റെ കർത്തവ്യം നിർവ്വഹിച്ചു. നിങ്ങൾ നിർവ്വഹിച്ചില്ല." മുമ്പോട്ടുവെച്ച സ്റ്റെപ് രണ്ടുപേരും പിമ്പോട്ടു വച്ച് മടങ്ങാൻ തുടങ്ങി. "സ്റ്റേയർകേയ്സ് ഇറങ്ങിവരുമ്പോൾ കാണിച്ചുതരാം" എന്നു പറഞ്ഞു. "ഇപ്പോൾ തന്നെ നിങ്ങൾക്ക് എന്നെ കൊല്ലാം. ഇവിടെ മറ്റാരും ഇല്ല." ഞാൻ പറഞ്ഞു. ഇരുവരും ആടിയാടി താഴേക്കുപോയി. വാച്ച്മാൻ തമ്പി വരാന്തയിലുണ്ടായിരുന്ന വിവരം പിന്നീടാണ് ഞാൻ അറിഞ്ഞത്. അയാളിൽനിന്നും വിവരം അറിഞ്ഞ 50–ൽപരം നാട്ടുകാർ എന്റെ മുറിയിലേക്കു ഓടിവന്നു. "ആരാടാ പ്രിൻസിപ്പലിനെ ആക്രമിക്കാൻ വന്നത്, ചവിട്ടി പപ്പടമാക്കുമെടാ" – അവർ ആക്രോശിക്കുന്നുണ്ടായിരുന്നു. അവരെ ഈ വിഷയത്തിൽ ഇടപെടുത്താതെയിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. തക്ക നടപടി മാനേജ്മെന്റ്

എടുത്തുകൊള്ളുമെന്ന് പറഞ്ഞ് അവരെ മടക്കി അയച്ചു. രാത്രിയിൽ തന്നെ കുറ്റിക്കാട്ടിലച്ചൻ ബോർഡ് മീറ്റിംഗ് വിളിച്ചുകൂട്ടുകയും രണ്ടു പേർക്കും മാനേജർ സസ്പെൻഷൻ നൽകുകയും ചെയ്തു. അച്ചനെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്നവർക്ക് അച്ചനിൽ നിന്ന് ഒരനുഭാവവും കിട്ടിയില്ലെന്നു മാത്രമല്ല, കർശനമായ അച്ചടക്കനടപടി നേരിടേണ്ടതായും വന്നു. സസ്പെൻഷൻ പിൻവലിപ്പിക്കുവാൻ അച്ചന്റെ മേൽ പലരിൽനിന്നും സമ്മർദ്ദമുണ്ടായെങ്കിലും പ്രിൻസിപ്പൽ പറയുന്നതുപോലെയേ ചെയ്യൂ എന്നതായിരുന്നു അച്ചന്റെ മറുപടി. ഒരു മാസത്തിനു ശേഷം അവർ കുറ്റസമ്മതം നടത്തി ക്ഷമാപണം എഴുതിത്തന്നതിന്റെ വെളിച്ചത്തിൽ ഞാൻ ശുപാർശ ചെയ്തതിനു ശേഷമാണ് മാനേജർ സസ്പെൻഷൻ പിൻവലിച്ചത്. ഇവർ സസ്പെൻഷനിലായിരിക്കുമ്പോൾ ഒരു സ്ഥാപിത താല്പര്യക്കാരൻ എന്റെ അഭ്യുദയകാംക്ഷി ചമഞ്ഞ് എന്നെ സമീപിച്ച് ഉപദേശിച്ചു: "സാർ രാജിവച്ചു പോകുന്നതാണ് നല്ലത്." ഞാൻ ചോദിച്ചു, "എന്റെ കർത്തവ്യം നിർവ്വഹിച്ചതിനാണോ രാജി വെയ്ക്കേണ്ടത്?" അദ്ദേഹത്തിന്റെ ലക്ഷ്യം നേടിയില്ല. ജാള്യതയോടെ മടങ്ങേണ്ടി വന്നു.

സസ്പെൻഷൻ കിട്ടിയ അന്നു വൈകിട്ട് നന്നായി മദ്യപിച്ചശേഷം വീട്ടിലേക്കു പോകുംവഴി ഒരാൾ ബൈക്ക് മറിഞ്ഞ് തല പൊട്ടി മഴയത്ത് വഴിയിൽ ബോധരഹിതനായി കിടന്നു. വഴിയാത്രക്കാർ കണ്ടതുകൊണ്ട് ആശുപത്രിയിൽ എത്തിക്കുന്നതിനും രക്ഷിക്കുന്നതിനും സാധിച്ചു. ആശുപത്രിയിൽ നിന്നു ഡിസ്ചാർജ് ചെയ്തതായി അറിഞ്ഞതിന്റെ അടുത്ത ദിവസം ഞാൻ ഒറ്റയ്ക്ക് പട്ടാമ്പിയിൽ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് സന്ദർശിച്ചു. സ്നേഹസംഭാഷണത്തിനുശേഷം ഒപ്പം ഇരുന്ന് പ്രഭാതഭക്ഷണവും കഴിച്ച് മടങ്ങിപ്പോന്നു. ഈ വിവരം അറിഞ്ഞ കുറ്റിക്കാട്ടിലച്ചൻ എന്നോടു ക്ഷോഭിച്ചു: "സസ്പെൻഷൻ കൊടുക്കുക, എന്നിട്ട് അയാളുടെ വീട്ടിൽ പോവുക, ഒട്ടും ശരിയായില്ല." "സസ്പെൻഷൻ കൊടുപ്പിച്ചത് പ്രിൻസിപ്പൽ കുര്യാക്കോസ്. അയാളുടെ വീട്ടിൽ പോയി കണ്ടത് വെറും കുര്യാക്കോസ്." എന്റെ മറുപടിയോട് അച്ചൻ ഒന്നും പ്രതികരിച്ചില്ല. സസ്പെൻഷൻ പിൻവലിച്ചശേഷം ഇരുവരും എന്റെ ഇടംകൈയും വലംകൈയും പോലെയാണു പ്രവർത്തിച്ചിട്ടുള്ളത്. ഈ ചെറുപ്പക്കാരുടെ ജീവൻ അകാലത്തു പൊലിഞ്ഞുപോയതോർത്ത് ദുഃഖിക്കുന്നു.

### മറക്കാനാവാത്ത ഒരു നിമിഷം

ആളുകളെ വിലയിരുത്തി അവരോടുള്ള സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്ന സ്വഭാവം അച്ചനുണ്ടായിരുന്നു. മതിപ്പ് തോന്നിയാലും പുറത്തു പറയാറില്ല. പത്തു വർഷത്തെ സേവനത്തിനുശേഷം വിരമിക്കുമ്പോൾ

പലയിടങ്ങളിൽ നിന്നുമായി എനിക്ക് 17 യാത്രയയപ്പുകൾ ലഭിച്ചു. കോളജിൽവച്ച് വിദ്യാർത്ഥികളും മാനേജ്മെന്റും ചേർന്നു നൽകിയ സെൻഡ് ഓഫിലെ ഒരു രംഗം എനിക്കു മറക്കാനാവുന്നില്ല. അച്ചന് എന്നോട് എത്ര മാത്രം സ്നേഹമായിരുന്നുവെന്ന് അന്നാണു ഞാൻ മനസ്സിലാക്കിയത്. "കോളജിന്റെ ആരംഭം മുതൽ ഞങ്ങളോടൊപ്പം പ്രവർത്തിച്ചുവന്ന ഞങ്ങളുടെ സഹോദരൻ ഞങ്ങളെ വിട്ടുപോകുന്നു; സഹിക്കാനാവുന്നില്ല." വിമ്മിഷ്ടപ്പെട്ട് ഇത്രയും പറഞ്ഞശേഷം അച്ചൻ പൊട്ടിക്കരഞ്ഞു. ഞാനും കരഞ്ഞുപോയി.

## ചാണക്യനെപ്പോലെ അകൽച്ച

ബ. പോളച്ചനെ മെത്രാപ്പോലീത്തായായി കാണുവാൻ അച്ചൻ അതിയായി ആഗ്രഹിച്ചു. നാമനിർദ്ദേശം ഒപ്പിടുവിക്കുവാനും അദ്ദേഹം ഓടി നടന്നു. ആഗ്രഹം സഫലമായി. അദ്ദേഹം മേലദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. കുന്നംകുളം ഭദ്രാസനം രൂപംകൊണ്ടു. അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ തന്നെ ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തു. കുന്നംകുളത്ത് ഭദ്രാസന കേന്ദ്രമുണ്ടാക്കുന്നതിനും അച്ചൻ തന്നാലാവതു ചെയ്തു. എല്ലാ കാര്യങ്ങളിലും സഹായഹസ്തം നീട്ടിക്കൊടുത്തു. വലങ്കൈയായി പ്രവർത്തിച്ചു. അവസാനഘട്ടത്തിൽ ചന്ദ്രഗുപ്തനിൽ നിന്നും കൗടല്യൻ അകന്നുപോവുകയും കൊട്ടാരത്തിലെ കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്തുവെന്നത് ഒരു ചരിത്രവസ്തുതയാണ്. അതുപോലെതന്നെ ഒടുവിൽ അച്ചൻ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായിൽനിന്നും ഭദ്രാസനകേന്ദ്രത്തിൽനിന്നും അകന്നുപോയി. സ്വഭവനവും ഇടവകപ്പള്ളിക്കാര്യവും മാത്രമായി ഒതുങ്ങി. മെത്രാപ്പോലീത്താ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടെങ്കിലും കുറ്റിക്കാട്ടിലച്ചനോടുള്ള സ്നേഹാദരങ്ങൾക്ക് ഒരു കുറവും വരുത്തിയില്ല.

## ഒരു മുല്ലപ്പൂവ്

മനുഷ്യരിലാർക്കും സമ്പൂർണ്ണത അവകാശപ്പെടുവാൻ സാധ്യമല്ല. കുറ്റവും കുറവുമില്ലാത്തവരായി ആരും ഇല്ല. "ലക്ഷം മാനുഷർ കൂടുമ്പോളതിൽ ലക്ഷണമൊത്തവരൊന്നോ രണ്ടോ" – എന്നാണല്ലോ കവി പാടിയിട്ടുള്ളത്. ഓരോരുത്തർക്കും പലയിനം താലന്തുകൾ പല അളവിലാണല്ലോ ലഭിച്ചിട്ടുള്ളത്. താലന്തുകൾ കുഴിച്ചിടാതെ വികസിപ്പിച്ച് പൊതുനന്മയ്ക്കുവേണ്ടി വിനിയോഗിച്ചോ എന്നതാണ് വിലയിരുത്തപ്പെടേണ്ടത്. അച്ചനു ലഭിച്ച താലന്തുകൾ വികസിപ്പിച്ച് ശരിക്കും വിനിയോഗിച്ചു. ഒരു റോസാച്ചെടിയിൽ റോസാപ്പൂവ് മാത്രമേ വിരിയൂ. മുല്ലച്ചെടിയിൽ മുല്ലപ്പൂവും. റോസാപ്പൂവിന് മുല്ലപ്പൂവിന്റെ സുഗന്ധമോ മുല്ല

പ്പൂവിന് റോസാപ്പൂവിന്റെ സുഗന്ധമോ പരത്തുവാൻ സാധ്യമല്ലല്ലോ. മൊട്ടുകൾ പൂർണ്ണമായി വിടരണമെന്നും സുഗന്ധം പരത്തണമെന്നുമാണ് പ്രകൃതി പ്രതീക്ഷിക്കുന്നത്. "പഴഞ്ഞിയുടെ കൗടല്യൻ" നന്നായി വിരിഞ്ഞ ഒരു മുല്ലപ്പൂവായിരുന്നു.

(ലേഖകൻ പഴഞ്ഞി എം. ഡി. കോളജിന്റെ പ്രഥമ പ്രിൻസിപ്പൽ ആയിരുന്നു. യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി, പല ആരാധനക്രമങ്ങളും ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത ഗ്രന്ഥകാരൻ എന്നീ നിലകളിൽ പ്രശസ്തനാണ്.)

# കുറ്റിക്കാട്ടിലച്ചൻ: എം. ഡി. കോളജിന്റെ രാജശില്പി

പ്രൊഫ. എ. ഒ. വർഗീസ്

മുപ്പതു വർഷങ്ങൾക്ക് മുമ്പ് കർമ്മധീരനായ ഒരു വൈദികന്റെ മനസ്സിൽ അറിഞ്ഞോ, അറിയാതെയോ ഒരു മോഹം നിറമുള്ള നനുത്ത കനവായി രൂപംകൊണ്ടു. പഴഞ്ഞിയിൽ, എന്റെ ഗ്രാമത്തിൽ ഒരു കോളജ് തുടങ്ങണം. വിദ്യാലയവും, ആതുരശുശ്രൂഷാ കേന്ദ്രവും, വായനശാലയും, പോസ്റ്റാഫീസും തുടങ്ങാൻ മുൻകൈയെടുത്ത കരങ്ങൾ മനസ്സിൽ നിറംപിടിച്ച പുതിയ മോഹത്തിന് മുമ്പിൽ കൂട്ടിത്തിരുമ്മി അവസാനം അതേ കരങ്ങൾ കൂപ്പി മേലോട്ട് നോക്കി നടത്തിയ ആത്മഗതത്തിന് സാഫല്യത്തിന്റെ തിളയ്ക്കുന്ന ശക്തിയുണ്ടായിരുന്നു. ഒരു കർമ്മയോഗിയുടെ തളരാത്ത ഇച്ഛാശക്തിക്കു മുന്നിൽ എല്ലാ പ്രതിബന്ധങ്ങളും, മദ്ധ്യാഹ്ന സൂര്യന്റെ മുമ്പിലെ മഞ്ഞുതുള്ളിപോലെ ഉരുകിയൊഴുകി. ഒരു സ്ഥാപനം തുടങ്ങുന്നതിന് മുമ്പ് അതിന്റെ ബീജാവാപം നടന്നുകഴിഞ്ഞിരിക്കും എന്ന നിത്യസത്യത്തിന്റെ പുതിയ ഉദാഹരണമായി എം. ഡി. കോളജ് എന്ന വടവൃക്ഷത്തിന്റെ വിത്ത് കുറ്റിക്കാട്ടിലച്ചന്റെ നിറഞ്ഞ മനസിന്റെ ഉർവ്വരതയിൽ മുളപൊട്ടി. നട്ടുനനച്ച്, തഴുകി തലോടി പരിപാലിച്ച ഇളംചെടി ഇന്ന് ഈ നാടിന്റെ കെടാവിളക്കായി, അരുവായിപ്പാടത്തെ അറിവിന്റെ ഗോപുരമായി, സഭയുടെ ദീപ്തമായ സരസ്വതീക്ഷേത്രമായി നിറഞ്ഞ് പരിലസിക്കുന്നു.

## സഭാസ്നേഹത്തിനു മുന്നിൽ സമർപ്പണത്തോടെ

തികഞ്ഞ സഭാസ്നേഹിയായ അച്ചന്റെ അടങ്ങാത്ത അഭിലാഷമായിരുന്നു സഭയുടെ വടക്കൻ കോട്ടയിൽ ഒരു കോളജ് തുടങ്ങണം എന്നത്. സഭയുടെ ശക്തികേന്ദ്രങ്ങളായ പത്തനംതിട്ടയിലും, കോട്ടയത്തും, പാമ്പാടിയിലും, അടൂരും, ബത്തേരിയിലും, കൊട്ടാരക്കരയിലും, പത്തനാപുരത്തും കോളജുകൾ സഭയുടെ തലപ്പാവിലെ വിജ്ഞാനത്തിന്റെ തൂവലുകളായപ്പോൾ അതേ തൊപ്പി കുന്നംകുളത്തിന്റെ ശിരസ്സിൽ അച്ചൻ സ്വന്തം ഭാവനയിൽ ദർശിച്ചു. ആ തൊപ്പിയിലെ തൂവലാക്കാൻ ഇവിടേയും ഒരു കോളജ് ഉണ്ടായേ മതിയാകൂ. കോളജ് തുടങ്ങുന്നതിനുവേണ്ട എല്ലാ ഔദ്യോഗികമായ എഴുത്തുകുത്തും അനിതരസാധാരണമായ ചാരുതയോടെ ഈ പത്താം ക്ലാസ്സുകാരൻ സ്വമേധയാ നിറവേറ്റിക്കൊണ്ടിരുന്നു. 1981 വരെ നടത്തിയ ശ്രമങ്ങൾ ഫലവത്താകാതെ കുന്നംകുളത്ത് മറ്റൊരു കോളജ് വന്നപ്പോൾ യഥാർത്ഥത്തിൽ അച്ചന്റെ

മോഹപ്പൂത്തിരിയിൽ നിരാശയുടെ ചാറ്റൽമഴ പെയ്തു തുടങ്ങിയിരുന്നു. പക്ഷേ ധീരന്മാരുണ്ടോ പിൻവാങ്ങുന്നു? വർദ്ധിതവീര്യത്തോടെ, പതിൻ മടങ്ങ് ഉത്സാഹത്തോടെ അച്ചൻ സഭയോടും, സമൂഹത്തോടും തന്റെ ഒടുങ്ങാത്ത ആഗ്രഹം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവസാനം 1982 ഡിസംബർ 16-ാം തീയതി സഭയുടെ മാത്രമല്ല ഒരു നാടിന്റെ മുഴുവൻ വിജ്ഞാനദാഹത്തിന്റെ തീർത്ഥജലമായി പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ നാമത്തിൽ പഴഞ്ഞി പള്ളിയങ്കണത്തിൽ അന്നത്തെ കാതോലിക്കാബാവാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമനസ്സിന്റെ ആശീർവാദത്തിൽ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരനും, വിദ്യാഭ്യാസമന്ത്രി റ്റി. എം. ജേക്കബും ഉൾപ്പെട്ട സദസ് പഴഞ്ഞിയിൽ ഒരു കോളജ് തുടങ്ങാനുള്ള പച്ചക്കൊടി വീശി.

## പള്ളിയിലെ പള്ളിക്കൂടം

“അച്ചാ കോളജ് വന്നാൽ എവിടെ ക്ലാസ്സ് തുടങ്ങും?” ചോദ്യകർത്താവിന് ഉത്തരം പെട്ടെന്ന് തന്നെ കിട്ടി. “അതിനല്ലേ പഴഞ്ഞിപള്ളിയുടെ സണ്ടേസ്കൂൾ കെട്ടിടം. തൽക്കാലം അവിടെ തുടങ്ങാം.” വെളുത്ത പശ്ചാത്തലത്തിൽ നീലയക്ഷരത്തിൽ “എം. ഡി. കോളജ്, പഴഞ്ഞി” എന്നെഴുതിയ ബാനർ പള്ളിയുടെ കിഴക്കേ ഗേറ്റിൽ കെട്ടിയപ്പോൾ കോളജായി. നാലു ക്ലാസ്സും, ഒരു ഓഫീസും, ഒരു സ്റ്റാഫ് റൂമും എല്ലാം സണ്ടേസ്കൂൾ കെട്ടിടത്തിൽ ക്രമേണ സജ്ജമായി. പുതിയ കോളജിന്റെ രാജശില്പിക്ക് ഉറക്കമില്ലാത്ത നാളുകളായിരുന്നു പിന്നീട്. സ്ഥലം, കെട്ടിടം, വഴി, വരമ്പ്, വേലി അങ്ങനെ അച്ചന്റെ പദാവലി നാലോ, അഞ്ചോ വാക്കുകളിലേക്ക് ചുരുങ്ങിപ്പോയ കാലം. ഊണിലും ഉറക്കത്തിലും കോളജിനെ നെഞ്ചോട് ചേർത്ത ഒരു പുരോഹിതന്റെ കർമ്മകുശലത സാവധാനം മറനീക്കി പുറത്തുവരികയായിരുന്നു.

## നിങ്ങളെനിക്ക് ഭൂമി തരൂ പകരം ഞാനൊരു കോളജ് തരാം

ഇന്നു കാണുന്ന പഴഞ്ഞി കോളജിന്റെ പതിമൂന്നര ഏക്കർ സ്ഥലം, ഒരു സുപ്രഭാതത്തിൽ വീണുകിട്ടിയതല്ല. ഒരു നിശ്ചിത വില നിശ്ചയിച്ച് ഓരോരുത്തരോടും ഭൂമി വാങ്ങുകയായിരുന്നു. അച്ചനിലുള്ള നാട്ടുകാരുടെ ആത്മവിശ്വാസം തൊട്ടറിഞ്ഞ നിമിഷങ്ങളായിരുന്നു ഭൂമിസമ്പാദനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ. കോളജ് ഇവിടെ സ്ഥാപിക്കണം എന്ന് പറഞ്ഞുകൊണ്ടാണ് അന്ന് ഓരോരുത്തരും സ്ഥലം നൽകിയത്. അച്ചൻ വാക്ക് പാലിച്ചു. കോളജ് അരുവായിപ്പാടത്തു തന്നെ പണിതു. “നിങ്ങളെനിക്ക് നിങ്ങളുടെ രക്തവും വിയർപ്പും കണ്ണീരും നൽകൂ. ഞാൻ നിങ്ങൾക്ക് പുരോഗതി തരാം” എന്ന് പറഞ്ഞ വിൻസ്റ്റൺ ചർച്ചിലിനെയാണ് ഇത്തരുണത്തിൽ ഓർമ്മ വരുന്നത്. NAAC അക്രഡിറ്റേഷൻ ടീം കോളജിന്റെ

ഏറ്റവും വലിയ ശക്തിയായി വിലയിരുത്തിയത് കോളജിന് സ്വന്തമായുള്ള ഭൂമിയെ ആണ്. സഭയുടെ മറ്റൊരു കോളജിനും അവകാശപ്പെടാൻ കഴിയാത്ത നേട്ടം കുറ്റിക്കാട്ടിലച്ചന് മാത്രം അവകാശപ്പെട്ടതാണല്ലോ എന്നോർക്കുമ്പോൾ അച്ചന്റെ ഓർമ്മകൾക്ക് മുമ്പിൽ തലകുനിക്കാതെ വയ്യ.

## പണിയിക്കാൻ മാത്രമല്ല വേണ്ടിവന്നാൽ പണിയാനും അറിയാം

കോളജിന്റെ പണി കോൺട്രാക്ട് കൊടുത്തത് പാറശ്ശാലക്കാരൻ ഒരു ജോർജ്ജേട്ടനായിരുന്നു. ബാലഗംഗാധരതിലകന്റെ മീശയും, തലപ്പാവും ഓർമ്മപ്പെടുത്തുന്ന ഈ തെക്കൻ തിരുവിതാംകൂറുകാരൻ നാടാർ കോൺട്രാക്ടറും ഒപ്പം പണിക്കാരനും ആയിരുന്നു. കോളജ് പണിക്കുള്ള ആദ്യ ലോഡ് ഇഷ്ടിക വന്ന ദിവസം യൂണിയൻകാരും അച്ചനും തമ്മിൽ കൂലി തർക്കമായി. തർക്കം മൂത്ത് യൂണിയൻകാർ രംഗത്തു നിന്ന് പിൻവാങ്ങി. കുറ്റിക്കാട്ടിലച്ചനുണ്ടോ പിൻവാങ്ങുന്നു? കാവി നിറത്തിലുള്ള കുപ്പായം മടക്കികുത്തി ബെൻസ് ലോറിയിൽ കയറി ഇഷ്ടിക ഇറക്കാൻ തുടങ്ങി. ഒന്നര മണിക്കൂർകൊണ്ട് ഇഷ്ടിക ഇറക്കി വിയർപ്പ് തുടച്ച് വിജയശ്രീ ലാളിതനായി നിന്ന കുറ്റിക്കാട്ടിലച്ചന്റെ മുഖം മനസ്സിൽ നിന്ന് മായുന്നില്ല. പണിക്കാരോടൊപ്പം ഇഷ്ടിക പെറുക്കിയും, സിമന്റ് കൂട്ടിയും, തേപ്പിന് വെള്ളമൊഴിച്ചും, പണിയിൽ സഹകരിച്ച അച്ചനെ എങ്ങനെയാണ് പഴഞ്ഞി കോളജ് മറക്കുക? കുഞ്ഞനാശാരിക്കൊപ്പം കൊട്ടുവടിയെടുത്തും, മുത്തുസാമിക്കും, കുമാരനും, സെൽവരാജനുമൊപ്പം കമ്പി വളച്ചും, കട്ട തട്ടിയും നിൽക്കുന്ന അരോഗദൃഢഗാത്രനായിരുന്ന അച്ചനെ അക്കാലത്ത് ജോലിയിലിരുന്ന ആരും മറക്കില്ല.

## സ്ഥാപക സെക്രട്ടറിയുടെ കടപ്പാട് ഇങ്ങനേയും

സ്ഥാപക സെക്രട്ടറി എന്ന നിലയിൽ അച്ചന്റെ പ്രവർത്തനം അതുല്യമായിരുന്നു. നിയമനങ്ങൾ മുതൽ കോഴ്സുകളുടെ അംഗീകാരം, ജീവനക്കാരുടെ അപ്രൂവൽ, ശമ്പളം, വിദ്യാർത്ഥി പ്രവേശനം, ഗ്രാന്റുകൾ, യൂണിവേഴ്സിറ്റിയുമായി നടത്തേണ്ട ഔദ്യോഗികകാര്യങ്ങൾ, ഗവണ്മെന്റ് ഇടപാടുകൾ തുടങ്ങി അച്ചൻ കൈവെക്കാത്ത മേഖലകളില്ല. എന്നാൽ നിശ്ചിത വളയത്തിനുള്ളിൽ നിന്ന് അതിർത്തി ലംഘിക്കാതെ നടത്തിയ അച്ചന്റെ ഇടപെടലുകൾ കോളജിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സുഗമമാക്കുന്നതായിരുന്നു. അക്കാദമിക്ക് കാര്യങ്ങളിൽ ആകെ അന്വേഷിക്കുന്നത് കുട്ടികളുടെ യൂണിവേഴ്സിറ്റി റിസൾട്ടായിരുന്നു. 1982–84 ബാച്ചിന്റെ പ്രീഡിഗ്രി ഫലപ്രഖ്യാപനം വന്ന ദിവസം മലയാള മനോരമയിൽ വന്ന ഒരു വാർത്ത അച്ചനെ പ്രക്ഷുബ്ധനാക്കിയ സന്ദർഭം

ഇന്നുമെന്റെ മനസിൽ പച്ചപിടിച്ചു നിൽക്കുന്നു. വാർത്ത ഇങ്ങനെ "പ്രീഡിഗ്രിക്ക് 20%-ൽ താഴെ റിസൾട്ടുള്ള കോളജുകളിൽ പഴഞ്ഞി എം. ഡി. കോളജും ഉൾപ്പെടുന്നു." ആദ്യ ബാച്ചിൽ മെറിറ്റ് താരതമ്യേന മോശ മായ ഒരു ബാച്ചിനെയാണ് അഡ്മിഷനു ലഭിച്ചത്. റിസൾട്ട് മോശ മാകാനുള്ള അടിസ്ഥാനപരമായ കാരണവും അതു തന്നെയായിരുന്നു. എന്നാൽ പത്രവാർത്ത ഉൾക്കൊള്ളാൻ കുറ്റിക്കാട്ടിലച്ചന് കഴിയുമാ യിരുന്നില്ല. അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികളുടെ പത്താംക്ലാസ്സിലെ മാർക്കിന്റെ ഒരു കോപ്പിയും, ശക്തമായ ഭാഷയിൽ തയ്യാറാക്കിയ ഒരു പ്രതിഷേധകുറിപ്പുമായി അച്ചൻ കോട്ടയത്ത് പോയി മനോരമ പത്രാധി പരായിരുന്ന പരേതനായ കെ. എം. മാത്യുവിനെ നേരിൽ കണ്ട് സങ്കടവും, പ്രതിഷേധവും അറിയിച്ചു. അതിനുശേഷം കോളജിൽ നടത്തിയ പല പ്രസംഗങ്ങളിലും ഈ വിഷയം പരാമർശിക്കയും ആ വാർത്ത അച്ചന്റെ ആത്മാഭിമാനത്തിനേൽപ്പിച്ച നൊമ്പരത്തെ സദസ്സുമായി പങ്കുവയ്ക്കു കയും ചെയ്തിട്ടുണ്ട്. ആദ്യ റിസൾട്ടിന്റെ വാർത്ത അപമാനരൂപത്തിൽ അച്ചടിച്ചുവന്ന അതേ പത്രത്തിൽ പിൽക്കാലത്ത് കോളജ് നേടിക്കൊ ണ്ടിരുന്ന യൂണിവേഴ്സിറ്റി റാങ്കുകാരുടെ പടവും വാർത്തയും അച്ചടിച്ചു വരുന്നത് അച്ചന് എന്നും ആഘോഷം തന്നെയായിരുന്നു. "എന്റെ കോള ജിനേറ്റ അപമാനം" എന്നാണ് അച്ചൻ മരിക്കുന്നതുവരെ ആ വാർത്ത യെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത്. സ്ഥാപക സെക്രട്ടറിക്ക് കോള ജിന്റെ വളർച്ചയിലുണ്ടായിരുന്ന സ്വാധീനം വാക്കുകൾക്കതീതമാണ്.

## അരുവായിപ്പാടത്തെ പതിരകറ്റിയ പാതിരി

കതിരും പതിരും നിറഞ്ഞ പാടശേഖരത്തിൽ അറിവിന്റെ കതിരുകൾ ബാക്കിനിർത്തി പതിരുമാറ്റി പാടം ഫലഭൂയിഷ്ടമാക്കിയ പാതിരിയാ യിരുന്നു കുറ്റിക്കാട്ടിലച്ചൻ. തോട് റോഡാക്കിയും വരമ്പ് വഴിയാക്കിയും അച്ചൻ അരുവായിപ്പാടത്തിന്റെ മുഖഛായ തന്നെ മാറ്റി. റോഡിൽ നിന്ന കലെ മാറ്റി നിർമ്മിച്ച കോളജ് കെട്ടിടം അച്ചന്റെ അച്ചടക്കപൂർണ്ണമായ വിദ്യാഭ്യാസത്തിന്റെ അഭിവാഞ്ഛയുടെ സൂചനയാണ്. റോഡിലെ തിരക്കും, ബഹളവും കോളജിൽ കേൾക്കരുത്." അതായിരുന്നു അച്ചന്റെ ആഗ്രഹം. ഈ അകൽച്ച ഇന്നും സ്ഥാപനത്തിലെ അച്ചടക്കത്തിന്റെ കാര്യത്തിൽ ഏറെ അനുകൂലമായ ഘടകം തന്നെയാണ്.

മൂന്ന് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് കോളജ് വിദ്യാഭ്യാസം നൽ കാൻ ഔപചാരിക വിദ്യാഭ്യാസം ഏറെയില്ലാത്ത ഒരു പുരോഹിതൻ നിമിത്തമായി എന്നത് ചരിത്ര നിയോഗം. അച്ചന്റെ മലയാളത്തിലുള്ള ലിഖിതങ്ങൾ മനോഹരമായിരുന്നു. കോളജിനെ സംബന്ധിച്ച വാർത്താ ശകലങ്ങളും, ചിത്രങ്ങളും അച്ചന്റെ ഫയൽ ശേഖരത്തിലുണ്ട്. ഇന്ന്

ബിരുദാനന്തരബിരുദവും, ഗവേഷണ സൗകര്യവുമുള്ള ഒരു കലാലയ മായി കോളജ് വളർന്നിരിക്കുന്നു. തുടക്കത്തിലുണ്ടായിരുന്ന കിതപ്പ് മാറി ഇന്ന് സ്ഥാപനം പുരോഗതിയിലേക്ക് കുതിക്കുന്നു. ഈ കുതിപ്പിന്റെ ഊർജ്ജസ്രോതസ്സ് മറ്റാരുമല്ല. അത് കുറ്റിക്കാട്ടിലച്ചൻ മാത്രമാണ്.

## വ്യക്തിബന്ധങ്ങളിലെ ഒളിമങ്ങാത്ത ഓർമ്മ

ആദ്യകാലത്ത് കോളജിൽ നിയമനം ലഭിച്ച ലേഖകൻ ഉൾപ്പെടെയു ള്ളവരെ അച്ചൻ സ്നേഹപൂർവ്വം പേരു വിളിക്കുന്നത് കേൾക്കുന്നത് ഒരു കൗതുകമായിരുന്നു. വായിൽ മുറുക്കാനിട്ടുകൊണ്ട് "വറുഗീസേ" എന്ന വിളി കേൾക്കുന്നത് വേറിട്ട അനുഭവമായിരുന്നു. എല്ലാ അദ്ധ്യാപകരേയും പേരു ചൊല്ലി വിളിക്കുന്ന അച്ചന് പകരക്കാരനാകാൻ പിന്നൊരാളുണ്ടാ യില്ല എന്നത് ഒരു കുറവായി അവശേഷിക്കുന്നു. "കെട്ടിയുയർത്തിയ ഗോപുരത്തിന് മുകളിൽ കയറി നിന്നുകൊണ്ട് അതിന്റെ കുറ്റങ്ങൾ വിളിച്ചു പറയുന്നവരോട് പൊറുക്കുക. കാരണം കെട്ടിപ്പൊക്കാൻ ഒരാളുണ്ടായി രുന്നില്ലെങ്കിൽ കുറ്റംപറയാൻ നിങ്ങളും ഉണ്ടാകുമായിരുന്നില്ല." ദാർശ നികനായ ജിദ്ദു കൃഷ്ണമൂർത്തിയുടെ വാക്കുകൾ കുറ്റിക്കാട്ടിലച്ചന്റെ കാര്യത്തിലും കടമെടുക്കാം. പഴഞ്ഞി എം. ഡി. കോളജ് കെട്ടിപ്പൊക്കാൻ കുറ്റിക്കാട്ടിലച്ചനല്ലാതെ മറ്റാർക്കും കഴിയുമായിരുന്നില്ല. വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ ശാന്തിനികേതനത്തെ ലോകത്തിന് സമർപ്പിച്ചു കൊണ്ട് പറഞ്ഞ വാക്കുകൾ കടമെടുത്തുകൊണ്ട് നിർത്തട്ടെ. "അര ങ്ങത്ത് ആടിത്തിമിർക്കുന്നവരും, ആയിരക്കണക്കിന് ആസ്വാദകരും കാല ത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിലേക്ക് അറിഞ്ഞോ, അറിയാതെയോ നിര ന്തരം മറഞ്ഞുകൊണ്ടിരിക്കും. അപ്പോഴും വരുംകാലഘട്ടങ്ങളെ പ്രഭാപൂ രിതമാക്കി അക്ഷരങ്ങളുടെ വിജ്ഞാനത്തിന്റെ ഈ വീക്ഷാഗോപുരം അനശ്വരമായ ചൈതന്യധാരയായി ഇവിടെ നിലകൊള്ളുക തന്നെ ചെയ്യും. "അപ്പോൾ ആരെങ്കിലും ചോദിക്കയാണെന്ന് കരുതുക. ആരാ ണിതിന്റെ രാജശില്പി. ഉത്തരം വെരി. റവ. ഫാ. കെ. സി. ജോസഫ് കോറെപ്പിസ്കോപ്പാ എന്നാണെങ്കിൽ, 'അതെ' എന്ന് പറഞ്ഞതിനുശേഷം വരുംതലമുറയും ആദരവോടെ അപ്രകാരം പറയട്ടെ എന്ന് പ്രത്യാശിക്കാം – അതെ, അതു തന്നെയാണ് പഴഞ്ഞിയുടെ ബഹുമാനപ്പെട്ട കുറ്റിക്കാട്ടി ലച്ചൻ. ധന്യധന്യമായ ആ ഓർമ്മകൾക്കു മുമ്പിൽ സ്നേഹത്തിന്റെ, ആദ രവിന്റെ, സമർപ്പണത്തിന്റെ ഒരായിരം കണ്ണീർപ്പൂക്കൾ.

(ലേഖകൻ ഇപ്പോൾ പഴഞ്ഞി എം. ഡി. കോളജിന്റെ പ്രിൻസിപ്പൽ ആണ്. കോളജ് ആരംഭിച്ചത് മുതൽ ഇന്നുവരെ കോളജിന്റെ ഓരോ തുടിപ്പിന്റെയും ദൃക്സാക്ഷി!!)

# ധീരനായ കുറ്റിക്കാട്ടിലച്ചൻ

## ഫാ. പി. സി. സൈമൺ, പുലിക്കോട്ടിൽ

1932 ഒക്ടോബറിൽ ജനിച്ച കുറ്റിക്കാട്ടിലച്ചനെ ഇടവകപട്ടക്കാരനായി പൊതുയോഗം തിരഞ്ഞെടുത്തു. 1951–ൽ ശെമ്മാശ്ശനും, 1954–ൽ വൈദികനുമായി. 2006 വരെ വികാരിയായും, സഹവികാരിയായും സേവനം ചെയ്ത് റിട്ടയർ ചെയ്തു (2006). 2012–ൽ ഇഹലോകവാസം വെടിഞ്ഞു.

ഞങ്ങൾ ഒരുമിച്ചാണ് എം. ഡി. സെമിനാരിയിൽ പഠിച്ചിരുന്നത്. അന്ന് വട്ടക്കുന്നേൽ അച്ചനായിരുന്നു (പ. മാത്യൂസ് പ്രഥമൻ ബാവാ) പ്രിൻസിപ്പാൾ. പ്രത്യേക കഴിവുകളുള്ള വ്യക്തിയായ പ്രിൻസിപ്പൽ അച്ചന് കുറ്റിക്കാട്ടെ ശെമ്മാച്ചനോടു പ്രത്യേക അടുപ്പമായിരുന്നു.

ആദ്യമായി മികച്ച പ്രവർത്തനം കാണിച്ചത് കൊച്ചി മെത്രാസന സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ ആയിരുന്നു. അന്ന് ഒരു ഡയറക്ടറി പുറത്തിറക്കി. കൊച്ചി ഭദ്രാസനത്തിലെ പള്ളികൾ, വൈദികർ എന്നിവ ഉൾപ്പെടുന്ന ഫോട്ടോകൾ, പള്ളിചരിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയ പുസ്തകം വളരെ വിലമതിക്കാവുന്നതാണ് (അന്ന് കുന്നംകുളം ഭദ്രാസനം ഉണ്ടായിരുന്നില്ല).

സഭാവ്യവഹാരം 1972–ൽ തുടങ്ങിയപ്പോൾ കാലം ചെയ്ത സേവേറിയോസ് തിരുമേനിക്ക് പിൻബലമായി ബ. കുറ്റിക്കാട്ടിലച്ചൻ രാപകൽ ഇല്ലാതെ പ്രവർത്തിച്ചു. എറണാകുളം, തൃശൂർ ജില്ലകളിലെ 4 കോടതികളിൽ വ്യവഹാരം നടത്തേണ്ടി വന്നു. ബ. കുറ്റിക്കാട്ടിലച്ചന്റെ പ്രവർത്തനം തിരുമേനിക്ക് വളരെ ശക്തി നൽകി.

### കോളജ്

പഴഞ്ഞി പ്രദേശത്ത് ഇന്നു കാണുന്ന കോളജിന്റെ സൂത്രധാരൻ കുറ്റിക്കാട്ടിലച്ചനായിരുന്നു. പരേതനായ പി. റ്റി. ഉതുപ്പൂരുവും, പി. വി. ജോബും ഒപ്പം ഉണ്ടായിരുന്നു. മാത്യൂസ് പ്രഥമൻ ബാവായുടെ അനുഗ്രഹവും സഹായവും, മാർ സേവേറിയോസ്, മാർ പോളികാർപ്പോസ് തിരുമേനിമാരുടെ നിർദ്ദേശങ്ങളും, ബ. അച്ചന് ശക്തി നൽകി.

ഇന്ന് പണിത പുതിയ പള്ളിക്കുവേണ്ടി ചാക്ക്യത്ത്പറമ്പു പള്ളി വാങ്ങുവാനും അച്ചന്റെ കഠിനമായ പ്രവർത്തനം ഉണ്ടായിരുന്നു. പഴഞ്ഞിയിൽ ഒരു ഗവണ്മെന്റ് ആശുപത്രി വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത് അച്ചൻ ഉൾപ്പെട്ട കമ്മിറ്റിയുടെ കഠിനമായ പ്രയത്നം കൊണ്ടാണ്.

പെരുന്തുരുത്തി പള്ളിയുടെ സ്കൂൾ നിലനിർത്തിയതും, ടി പള്ളിയുടെ ശവക്കോട്ട അനുവദിക്കുന്നതിനും, അതിലേക്കുള്ള വഴിയുടെ വ്യവഹാരങ്ങൾ നടത്തി ശരിപ്പെടുത്താനും ധീരമായി പ്രവർത്തിക്കാൻ അച്ചനു കഴിഞ്ഞു. പള്ളിവക നിലം കൈവശക്കാരന്റെ എതിർപ്പുകൾ ഉണ്ടായിട്ടും പള്ളിക്ക് സ്വന്തമാക്കി.

പള്ളിക്ക് അടുത്തുകിടക്കുന്ന ഒരു എയ്ഡഡ് എൽ. പി. സ്കൂൾ പള്ളിക്കു വാങ്ങിക്കുവാൻ അച്ചൻ ആത്മാർത്ഥമായി പ്രവർത്തിച്ചു. സാങ്കേതികമായി പല പ്രശ്നങ്ങളും ഉണ്ടെങ്കിലും റിക്കാർഡുകൾ ശരിപ്പെടുത്തി എടുത്തു. പഴഞ്ഞിയിലെ ആദ്യകാല വായനശാല പുനരുദ്ധരിച്ചു പ്രവർത്തിക്കുവാൻ ശ്രമിച്ചത് അച്ചന്റെ പ്രത്യേക ഉത്സാഹംകൊണ്ടാണ്.

പെങ്ങാമുക്ക് പള്ളി കേസിൽ അച്ചൻ ഉത്സാഹം എടുത്തതുകൊണ്ടാണ് ഈ നിലയിൽ പെങ്ങാമുക്ക് പള്ളി നമ്മുടെ ഭാഗത്തിന് ലഭിച്ചത്.

**ഭദ്രാസന അരമന**

ബ. അച്ചന്റെ കഴിവിന്റെ തെളിവാണ് ഈ സ്ഥാപനം. കേരളത്തിലെ 20 ഭദ്രാസന അരമനകളിൽ മുൻപന്തിയിൽ നിൽക്കത്തക്കവണ്ണം ഒരു അരമന ഉണ്ടാക്കുവാൻ സാധിച്ചു. മെത്രാപ്പോലീത്തായുടെ നിർദ്ദേശത്തിൽ ഭദ്രാസനത്തിലെ ജനങ്ങൾ സഹകരിച്ചു കൂട്ടായി പ്രവർത്തിച്ചു.

1978 മെയ് 15-ാം തീയതി 5 മെത്രാന്മാരുടെ പട്ടംകൊട പഴഞ്ഞിയിൽ വച്ചു നടത്തുവാൻ സാധിച്ചത്, അച്ചന്റെ കഴിവും പ. മാത്യൂസ് പ്രഥമൻ ബാവായും അച്ചനുമായുള്ള സ്നേഹബന്ധത്തിന്റെ തെളിവുമാണ്.

ഒരു മെത്രാച്ചൻ കുന്നംകുളം ഭാഗത്ത് നിന്ന് ഉണ്ടാകണം. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ഉറച്ചതീരുമാനത്തിന്റെ പിന്നിൽ അച്ചന്റെ എളിയ പങ്കും ഒഴിച്ചുകൂടാത്തതാണ്. അതുപോലെ കുന്നംകുളം ഭദ്രാസനവും ഉണ്ടായി. അച്ചന്റെ അവസാനഘട്ടത്തിൽ പള്ളിക്കു കിഴക്ക് കിടക്കുന്ന പാടത്തെ വീട്ടുകാരുടെ സ്ഥലവും പള്ളിക്ക് വാങ്ങുവാൻ സാധിച്ചു.

ഞാനും കുറ്റിക്കാട്ടിലച്ചനും സി. വി. അബ്രഹാം അച്ചനും വളരെ അടുത്ത ബന്ധമായിരുന്നു. ഞാൻ വരുന്നതുവരെ സി. വി. അബ്രഹാം അച്ചനായിരുന്നു കാട്ടകാമ്പാൽ പള്ളി വികാരി. ഞാൻ ഒരു അദ്ധ്യാപകൻ ആയതിന്റെ പേരിൽ ചില സാങ്കേതികതടസ്സങ്ങൾ വന്നപ്പോൾ കെ. സി. ജോസഫ് അച്ചൻ കാട്ടകാമ്പാൽ പള്ളിവികാരിയായി 6 കൊല്ലത്തോളം എന്നെ സഹായിച്ചിട്ടുണ്ട്. ആ കാലത്താണ് എൽ. പി. സ്കൂൾ കാട്ടകാമ്പാൽ പള്ളിക്ക് വാങ്ങിയതും ടി സ്കൂളിന്റെ മാനേജരായി പ്രവർത്തിച്ചതും. എന്തെങ്കിലും പ്രശ്നങ്ങൾ ഇടവകയിൽ വന്നാൽ നല്ല നിർദ്ദേശങ്ങളും, ഉപദേശങ്ങളും അദ്ദേഹം തന്നിരുന്നു. അസാധാരണമായ ചില പ്രത്യേക കഴിവുകൾ അദ്ദേഹത്തിനുണ്ട്.

പ്രവർത്തിക്കുന്നവരെ വിമർശിക്കുന്ന കുറെ ആളുകൾ എവിടെയും ഉണ്ട്. കണ്ട കാര്യങ്ങൽ മുഖംനോക്കാതെ പറയുന്നതുകൊണ്ട് പലരും അച്ചനെ വിമർശിച്ചിട്ടുണ്ട്. അച്ചന്റെ നടപടിയെ എതിർത്തിട്ടും ഉണ്ട്. ബ. കെ. സി. ജോസഫ് കോറപ്പിസ്കോപ്പാ അച്ചന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(ലേഖകൻ ചരിത്രപുരുഷന്റെ സതീർത്ഥ്യനായി കോട്ടയം വൈദിക സെമിനാരിയിൽ പഠിച്ചിരുന്നു. സുദീർഘകാലത്തെ സ്മരണകൾ. 80 വയസ്സിനു ശേഷവും അദ്ദേഹം വികാരിയായി ദേവാലയ ശുശ്രൂഷയിൽ തുടരുന്നു; അനാരോഗ്യത്തെയും അവശതകളെയും അവഗണിച്ചുകൊണ്ട്.)

# ‘സീയോനി’ലെ നിശബ്ദ സേവകൻ

## ഫാ. കെ. കെ. കുറിയാക്കോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ പൗരോഹിത്യവൃന്ദത്തിൽ ഉന്നതനായ ഒരു ആചാര്യശ്രേഷ്ഠനാണ് കുറ്റിക്കാട്ടിൽ വന്ദ്യ ജോസഫ് കോർ എപ്പിസ്കോപ്പാ.

സൃഷ്ടിയോളം വേദന മറ്റൊന്നിനുമില്ല എന്ന സനാതന സത്യത്തെ വ്യക്തിത്വത്തിന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിലൂടെ സചേതനങ്ങളാക്കി തീർക്കുമ്പോൾ അവിടം സർഗ്ഗാത്മകതയുടെ പ്രപഞ്ചമായിത്തീരുന്നു. മനുഷ്യന്റെ സദ്ഭാവന സർഗ്ഗാത്മകതയുമായി സമ്മേളിക്കുമ്പോൾ അസത്യത്തിൽനിന്നും സത്യത്തിലേക്ക്, ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് മരണത്തിൽനിന്നും ജീവനിലേക്ക് എന്നീ ഉപനിഷത്ത് വചനങ്ങൾ ചില മനുഷ്യരുടെ ജീവിതത്തിൽ അന്വർത്ഥമാകുന്നു.

ദൈവത്തിനും മനുഷ്യനും പ്രയോജനകരമായ ഫലം പുറപ്പെടുവിക്കുക എന്നതാണ് മനുഷ്യജീവിതത്തിന്റെ നിയോഗം. നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുമ്പോഴാണ് പ്രയോജനകരമായ ഫലം പുറപ്പെടുവിക്കുവാൻ കഴിയുന്നത്. 1966-ൽ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി കൊച്ചി ഭദ്രാസനത്തിന്റെ ചുമതല ഏറ്റ അവസരത്തിൽ കൊച്ചിയും കുന്നംകുളവും ഒരേ ഭരണത്തിൻകീഴിലായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് വെണ്ടറപ്പിള്ളി അച്ചൻ ഈ അവസരത്തിൽ ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനുശേഷം ബ. എ. എം. പീറ്റർ അച്ചനും തുടർന്ന് പഴഞ്ഞി സെന്റ് മേരീസ് പള്ളിവികാരിയായിരുന്ന ബ. കെ. സി. ജോസഫ് അച്ചൻ (വെരി. റവ. കെ. സി. ജോസഫ് കോർഎപ്പിസ്കോപ്പാ) ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

സഭയിൽ കക്ഷിവഴക്ക് വീണ്ടും ആരംഭം കുറിച്ച കാലഘട്ടം. ഭദ്രാസന ഭരണം പ്രതിസന്ധികളിൽ കൂടി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന അവസരം, കോടതികളിൽ പള്ളികേസുകൾ ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന സമയം. ഭദ്രാസനത്തിന്റെ പള്ളികളിൽ ഇടവകക്കാർ തമ്മിൽ ഏറ്റുമുട്ടുകയും പോലീസ് കേസുകൾ മുറയ്ക്ക് നടന്നുകൊണ്ടിരിക്കുന്ന ഭീകരമായ ഒരു അവസ്ഥാവിശേഷം. ഇങ്ങനെ എല്ലാംകൊണ്ടും മാനസികമായും, ശാരീരികമായും, സാമ്പത്തികമായും കഷ്ടനഷ്ടങ്ങൾ ഒന്നിനുപുറകെ ഒന്നായി അഭിമുഖീകരിക്കേണ്ടി വന്നു. എന്തുകൊണ്ടും ഉറക്കം കിട്ടാത്ത രാത്രികളും അസുഖകരമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്ന പകലുകളും!!

ഒരവസരത്തിൽ ഭദ്രാസന ആസ്ഥാനം തന്നെ വിഘടിതർ കൈയേറുമെന്ന ഭീഷണി. സന്യാസജീവിതം ആഗ്രഹിച്ചിരുന്ന, ആത്മീയ ജീവിതത്തിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഭദ്രാസനാധിപൻ ഭരണഭാരം ഏറ്റെടുത്തപ്പോൾ ഇത്ര തീവ്രമായ മാനസിക സംഘട്ടനങ്ങൾ ഉണ്ടാകുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ഈ അവസരത്തിലെല്ലാം കുറ്റിക്കാട്ടിൽ ജോസഫ് എന്ന വൈദികന്റെ സന്ദർഭോചിതമായ ഇടപെടലുകൾ ഒരു പരിധിവരെ തിരുമേനിക്ക് പിടിച്ചുനിൽക്കാൻ ധൈര്യം നൽകി.

ആരക്കുന്നം സെന്റ് ജോർജ്ജ് പള്ളി ഇടവകയുടെ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന ഹൈസ്കൂളും പ്രൈമറിസ്കൂളും സ്ഥലസൗകര്യ കാര്യങ്ങളിൽ ഭരണകർത്താക്കൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുകയും അത് ഗുരുതരാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം വിളിച്ചുകൂട്ടുകയും അന്നത്തെ ഭദ്രാസന സെക്രട്ടറിയായിരുന്ന ബ. കുറ്റിക്കാട്ടിലച്ചൻ നിർദ്ദേശിച്ച ഫോർമുല ഇരുകൂട്ടരും അംഗീകരിക്കുകയും ഒത്തുതീർപ്പിൽ എത്തിച്ചേരുകയും ചെയ്തു.

പ്രശ്നസങ്കീർണ്ണമായ പല അവസരങ്ങളിലും സന്ദർഭോചിതമായ ആശയവിനിമയങ്ങളിലൂടെ പല കാര്യങ്ങൾക്കും തീർപ്പ് കല്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പകൽ സമയങ്ങളിൽ ഭദ്രാസന ഓഫീസിൽ വരുന്ന ആവശ്യക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സമയം കണ്ടെത്തുകയും രാത്രി സമയങ്ങളിൽ ഓഫീസ് വർക്കിന് സമയം കണ്ടെത്തുകയും എന്നതായിരുന്നു ശീലം. കിടന്നുറങ്ങുക എന്ന ശീലം നന്നേ കുറവായിരുന്നു. രാത്രിയുടെ നിശബ്ദതയിൽ ഒറ്റയ്ക്കിരുന്ന് ജോലി ചെയ്യുക എന്നത് സുഖകരമായ ഒരു മുഹൂർത്തമായിട്ടാണ് കണക്കാക്കിയിരുന്നത്. അല്പം ചൂടുള്ള കട്ടൻ ചായയും വെറ്റില മുറുക്കാനും കൂടെയുണ്ടെങ്കിൽ അതിൽ പരം ആനന്ദം മറ്റൊന്നിനുമില്ല.

1971 ജൂൺ 19–ന് ചേർന്ന ഭദ്രാസന പള്ളിപ്രതിപുരുഷയോഗം, ഭദ്രാസനത്തിന്റേതായ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചു. അതിൻപ്രകാരം ബ. കെ. സി. ജോസഫ് അച്ചനെ എഡിറ്ററായും കമ്മിറ്റി അംഗങ്ങളായി ബ. പി. എസ്. സ്കറിയ കത്തനാർ, കണ്ടത്തിൽ തോമസ് കത്തനാർ, ശ്രീ. വി. എം. കോശി, ശ്രീ. കെ. ഒ. കുറിയാക്കോസ് എന്നിവരേയും പൊതുയോഗം തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തി.

**ഡയറക്ടറിയിൽ കൊച്ചി ഭദ്രാസനത്തിന്റെ ഭൂപടം:** മൂന്നു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഭദ്രാസനത്തിന്റെ അതിർത്തി നിശ്ചയിക്കുക ശ്രമകരമായ ഒരു ജോലിയായിരുന്നു. പള്ളികളുടെ സ്ഥാനം. അതിലേ

ക്കുള്ള വഴികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് അതു തയ്യാറാക്കാൻ വിദഗ്ധരെ കണ്ടെത്തി ആയതിന്റെ രൂപരേഖ തയ്യാറാക്കി. പള്ളികളുടെ സ്ഥാനവും നിർണ്ണയിച്ചു. ആർക്കും ഒറ്റനോട്ടത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽ, മാപ്പ് പ്രകാരം എത്തിച്ചേരാവുന്ന തരത്തിൽ വളരെ നാളത്തെ പരിശ്രമഫലമായി രൂപപ്പെടുത്തി.

ഡയറക്ടറിയിൽ വൈദികരുടെയും ദേവാലയങ്ങളുടെയും ഫോട്ടോകളും പള്ളിയെ സംബന്ധിച്ചുള്ള ചരിത്രങ്ങളും ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. പലപ്പോഴും പല സ്ഥലങ്ങളിൽ നിന്നും ആവശ്യമായ രേഖകൾ കൃത്യസമയത്ത് ലഭിക്കാതെ വരുമ്പോൾ വീണ്ടും വീണ്ടും ആവശ്യപ്പെടുകയും, വേണ്ടിവന്നാൽ നേരിട്ടുപോയി വിവരങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരുന്നത്.

വളരെനാളത്തെ കഠിനശ്രമഫലമായി മാതൃകായോഗ്യമായ ഒരു ഡയറക്ടറി ബ. കെ. സി. ജോസഫ് അച്ചന്റെ ശ്രമഫലമായി പുറത്തിറക്കുവാൻ സാധിച്ചു.

അരമനയിലേക്ക് അത്യാവശ്യമായി ഒരു സാധനം വാങ്ങേണ്ടിവന്നാൽ ഓടിച്ചെന്ന് ഏതെങ്കിലും കടയിൽനിന്നും വാങ്ങുന്ന പ്രകൃതമായിരുന്നില്ല അച്ചന്റേത്. അതിന്റെ വിലനിലവാരം, ഗുണനിലവാരം, നിർമ്മാണമേഖല എന്നിവയെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തി പരമാവധി വില കുറച്ചും ഗുണനിലവാരം മനസ്സിലാക്കിയും മാത്രമേ അതു വാങ്ങാറുള്ളു. കേരളത്തിനു അകത്തും പുറത്തും ധാരാളം വ്യവസായികളുമായും വ്യാപാരികളുമായും നല്ല ബന്ധം പുലർത്തിയ സൗഹൃദകൂട്ടുകെട്ടും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

ഏതു സാധനമായിരുന്നാലും അതിൽ എന്തെങ്കിലും ഉപയോഗം അദ്ദേഹം കണ്ടെത്തുമായിരുന്നു. പത്രങ്ങളായാലും, പാത്രങ്ങളായാലും, കടലാസ് തുണ്ടുകളായിരുന്നാലും അതിൽ ഒരു ആവശ്യവസ്തു കണ്ടെത്തും. ഏതെങ്കിലും ഒരു പേപ്പറിന്റെ ഒരു ഭാഗത്തു മാത്രമേ പ്രിന്റു ചെയ്തിട്ടുള്ളുയെങ്കിൽ ആവശ്യം കഴിഞ്ഞാൽ അതിന്റെ മറുഭാഗം മറ്റ് ആവശ്യത്തിനായി ഉപയോഗിക്കും. മിക്കവാറും കവറുകൾ, പേരുകൾ, അഡ്രസ്സുകൾ എന്നിവയുടെ ഉപയോഗത്തിന് ഈ തരത്തിലുള്ള കടലാസ്സുകളാണ് ഉപയോഗിക്കാറ്.

അടയ്ക്കയുടെയും വെറ്റിലയുടെയും നാടായ പഴഞ്ഞിയിൽനിന്നും കൊരട്ടിയിലേക്കു വരുമ്പോൾ രണ്ടുമൂന്നു ദിവസത്തേക്ക് ആവശ്യമായ അടയ്ക്കയും വെറ്റിലയും ചുണ്ണാമ്പും ആയിട്ടാണ് എത്താറ്. അടയ്ക്ക വെട്ടുന്നതിനുള്ള കത്തിയും ബാഗിൽ കരുതിയിട്ടുണ്ടാകും. ഒരു നിവർത്തിയും ഇല്ലാതെ വരുമ്പോൾ മാത്രമാണ് ആരെയെങ്കിലും പറഞ്ഞുവിട്ട് എന്തെങ്കിലും സാധനങ്ങൾ കടയിൽനിന്നും വാങ്ങിക്കാറ്.

സാമ്പത്തികഭദ്രത വളരെ സൂക്ഷ്മമായിട്ടാണ് കൈകാര്യം ചെയ്യാറ്. ദുർചിലവ് ഒരു കാരണവശാലും അനുവദിച്ചിരുന്നില്ല. ഭക്ഷണകാര്യങ്ങളിൽ ഇന്നത് വേണമെന്ന നിർബന്ധമില്ല. സമയനിഷ്ഠയുടെ കാര്യത്തിൽ അത്ര ശ്രദ്ധിക്കാറില്ല. കൊച്ചി ഭദ്രാസനത്തിലെ ഓരോ പള്ളികൾക്ക് ഓരോ ഫയൽ ഓപ്പൺ ചെയ്തത് ഈ കാലഘട്ടത്തിലായിരുന്നു. സീരിയൽ നമ്പർ അനുസരിച്ച് പ്രത്യേകം നമ്പർ ഒട്ടിച്ച് ക്രമമായി അടുക്കി വയ്ക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ആ നമ്പർ അനുസരിച്ച് ലിസ്റ്റ് ഉണ്ടാക്കി അലമാരിയുടെ പുറത്ത് ഒട്ടിച്ചിരുന്നു. ഒരു ഫയൽ എടുക്കണമെങ്കിൽ ക്രമനമ്പർ നോക്കി അല്പംപോലും താമസമില്ലാതെ പുറത്തെടുക്കാമായിരുന്നു. അശ്രദ്ധയായിട്ടും, അനാഥമായിട്ടും ഫയലുകൾ പുറത്ത് കിടക്കാറില്ല.

ഓരോ പള്ളിയെ സംബന്ധിച്ചും പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചും ഒരിക്കൽ കേട്ടുകഴിഞ്ഞാൽ അത് പിന്നീട് മറന്നു പോകാറില്ല. വ്യക്തികളുടെ കാര്യത്തിലായിരുന്നാലും അതുതന്നെയാണ് സ്ഥിതി. നല്ല ഓർമ്മ ശക്തി ഉണ്ടായിരുന്നു. ഏതു വിഷയത്തെക്കുറിച്ചും വാചാലമായി സംസാരിക്കും. ഒപ്പം ഉപമകളും അലങ്കാരങ്ങളും കൂട്ടിച്ചേർക്കുന്നതിൽ ഒട്ടും കുറവ് വരുത്താറില്ല. ചില സന്ദർഭങ്ങളിൽ രസകരമായ സംഭാഷണ ശൈലികൊണ്ട് ശ്രോതാക്കളെ പൊട്ടിച്ചിരിപ്പിക്കാറുണ്ട്. അതാണ് ആരോഗ്യരഹസ്യമെന്ന് ചിലപ്പോഴൊക്കെ തോന്നാറുണ്ട്. വൈദികർക്ക് ഭദ്രാസന ആസ്ഥാനത്ത് നിന്ന് ശമ്പളം വിതരണം ചെയ്യണമെന്ന ആശയം വന്നു തുടങ്ങുന്നതിന് മുമ്പുതന്നെ സർവ്വീസ് ബുക്ക് ഓപ്പൺ ചെയ്യാനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അത് കാലതാമസം കൂടാതെ നടപ്പിൽ വരുത്തുകയും ചെയ്തു.

അതുപോലെതന്നെ വൈദികരെ സംബന്ധിച്ച ബയോഡേറ്റാ ഒരു ചെറുപുസ്തകരൂപേണ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കുന്നതിൽ ആ കാലഘട്ടത്തിൽ സാധിച്ചു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

ഭദ്രാസനത്തിൽ നിന്നും വൈദികർക്ക് കല്പനകൾ മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവ അയയ്ക്കുന്നതിന് ആദ്യകാലങ്ങളിൽ കവറിന്റെ പുറത്ത് അഡ്രസ്സ് എഴുതി അയയ്ക്കുകയാണ് പതിവ്. അത് ചിലപ്പോഴെല്ലാം സമയതാമസം വരുത്താറുണ്ട്. ആയതിന് പരിഹാരമായി. ഒരു പുറം മാത്രം ഉപയോഗിച്ച പ്രസിദ്ധീകരണങ്ങൾ സൂക്ഷിച്ചുവച്ച്, ധാരാളം പ്രിന്റിംഗ് പ്രസ്സുകൾ പ്രവർത്തിക്കുന്ന കുന്നംകുളത്ത്, വൈദികരുടെ അഡ്രസ്സ് പ്രിന്റു ചെയ്ത് കൊണ്ടുവന്ന് കവറിന്റെ പുറത്ത് ഒട്ടിച്ച് അയയ്ക്കുവാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്.

(ലേഖകൻ കൊച്ചി ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമി

നാരിയുടെ അയൽക്കാരനും അരമനയിൽ പ്രവർത്തിക്കുന്ന സ്കൂളിലെ മുൻ അദ്ധ്യാപകനും പലപ്പോഴും അരമനയുടെ മാനേജർ ആയി പ്രവർത്തിച്ചിരുന്ന ആളും ആയിരുന്നു. അച്ചന്റെ സ്മരണകൾക്ക് ആധികാരികത ഏറും.)

# ബഹുമുഖപ്രതിഭ

## സുകു കെ. ഇട്ട്യേശൻ

### ബാല്യം

കെ. സി. ജോസഫ് അച്ചൻ ജനിച്ചുവളർന്നത് പട്ടിത്തടം ദേശത്ത് നേതാജി റോഡിൽ അഭിമുഖമായി നിന്നിരുന്ന ഒരു ഇരുനിലകെട്ടിടത്തിലായിരുന്നു. ചെറുപ്പം മുതൽതന്നെ വളരെ സൂത്രശാലിയും കൂർമ്മബുദ്ധിയുള്ള ബാലനായിരുന്നു. ഏറ്റവും ഇളയ മകനായതിനാൽ പിതാവ് ഇദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. സഹോദരന്മാർ എല്ലാവരും സർക്കാർ ഉദ്യോഗസ്ഥരായതിനാൽ ബാലനെ വൈദികനാക്കുന്നതിനു തീരുമാനിച്ചു.

ഇദ്ദേഹത്തോടൊപ്പം സെമിനാരിയിൽ കാട്ടകാമ്പാൽ പി. സി. സൈമൺ അച്ചൻ, കുന്നംകുളത്തെ ചെറുവത്തൂർ പീറ്റർ കോർ എപ്പിസ്കോപ്പാ എന്നിവരും പഠിച്ചിരുന്നു.

### പള്ളിഭരണം

അച്ചൻ 1954 ഏപ്രിൽ 10-ന് വൈദികനായി ഇടവകപട്ടക്കാരനായി പഴഞ്ഞി പള്ളിയിൽ സേവനം ആരംഭിച്ചു. അച്ചൻ പട്ടമേറ്റ വർഷം പട്ടിത്തടത്തിൽ കുറ്റിക്കാട്ട് വറീകുട്ടി ചാക്കു അസുഖം മൂലം കിടപ്പിലായിരുന്നു. തറവാട്ടിലെ അച്ചനെ വിളിച്ച് തൈലാഭിഷേക ശുശ്രൂഷ നടത്തണം എന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അതിൻപ്രകാരം അച്ചനെ ക്ഷണിച്ചു. അച്ചൻ ആദ്യമായിട്ടാണ് ഈ ശുശ്രൂഷ നടത്തുന്നത്. അച്ചൻ വന്നു പ്രാർത്ഥന ആരംഭിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ രോഗി എഴുന്നേറ്റിരുന്നു ദേഹത്ത് തോർത്തുകൊണ്ട് സ്വയം തുടച്ച് ഒരുങ്ങി തൈലാഭിഷേക ശുശ്രൂഷയുടെ അവസാനം ആയപ്പോൾ അച്ചന്റെ പ്രാർത്ഥന തെറ്റി. പിന്നീട് മരണാനന്തര പ്രാർത്ഥന ആരംഭിച്ചു. രോഗിയും കൂടെ ചൊല്ലി. അച്ചന് കാര്യം മനസ്സിലായി. എന്തുചെയ്യണമെന്നറിയാതെ പ്രാർത്ഥന തുടർന്നു. ആകെ പ്രയാസവും സങ്കടവും എല്ലാം വന്നു. അവസാനം അച്ചൻ ഒരു തീരുമാനം എടുത്തു. ഈ പ്രാർത്ഥന മുഴുവൻ അവസാനിപ്പിക്കാം എന്ന്. പ്രാർത്ഥനയുടെ അവസാനമായപ്പോൾ രോഗി താനെ കിടന്നു. പ്രാർത്ഥന അവസാനിക്കുന്നതോടെ രോഗി മരണമടഞ്ഞിരുന്നു. അച്ചന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമായിരുന്നു അത് എന്ന് പലതവണ പറഞ്ഞിട്ടുണ്ട്.

### ഒരു വിവാഹം

അച്ചൻ പഴഞ്ഞി പള്ളിയിൽ വെച്ച് ഒരു വിവാഹശുശ്രൂഷ നടത്തു

കയായിരുന്നു. അന്ന് മൂന്നു വിവാഹങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് കാലിന് മുടന്തുള്ള ഒരു വരനായിരുന്നു. അദ്ദേഹം താലി കെട്ടുന്ന സമയത്ത് വധുവിന്റെ പുറകിൽനിന്ന് താലിയുടെ നൂൽ പലതവണ കെട്ടിനോക്കി. കെട്ട് മുറുകിയില്ല. മാത്രവുമല്ല നിൽക്കുന്നതിൽ ഉണ്ടാകുന്ന ഉയര വ്യത്യാസമായിരുന്നു അപ്രകാരം സംഭവിക്കുവാൻ കാരണം. ഈ സമയം അടുത്തു നിൽക്കുന്ന വരൻ ഈ പ്രവൃത്തി കണ്ട് ചിരിക്കുകയായിരുന്നു. ആ താലികെട്ടു കഴിഞ്ഞ് അടുത്ത ഊഴം ഈ ചിരിച്ച വരന്റെ ആയിരുന്നു. അദ്ദേഹത്തെ താലികെട്ടുന്നതിനായി നിറുത്തി. മറ്റവൻ കെട്ടുന്ന സമയത്ത് ചിരിച്ചിരുന്നതിനാൽ അച്ചൻ ഈ വരൻ താലി കെട്ടുന്ന സമയത്ത് കെട്ടുവാൻ തുടങ്ങുമ്പോൾ തന്നെ താലിയുടെ കെട്ട് ശരിയായോ എന്ന് നോക്കി ഒന്നു വലിക്കും. അപ്പോൾ അവന് കെട്ടാൻ കഴിയാതെ വരും. ഇപ്രകാരം പല തവണ അച്ചൻ താലി വലിച്ചുകൊണ്ടിരുന്നതിനാൽ കെട്ടാൻ കഴിയാതെയായി. അവസാനം ആ വരൻ ആകെ പ്രയാസപ്പെട്ടു തുടങ്ങി. കളിയാക്കി ചിരിച്ചുപോയതിന് മനസ്സിൽ കുറ്റബോധം വന്നു എന്ന് അച്ചനു തോന്നിയപ്പോൾ അച്ചൻ അവനെ കെട്ടുന്നതിനു സമയം കൊടുത്തു.

### കൊച്ചി ഭദ്രാസന സെക്രട്ടറി

വൈദികസെമിനാരി പഠനകാലത്ത് അച്ചന്റെ കയ്യക്ഷരത്തിന്റെ ഭംഗിയിൽ അന്നത്തെ സെമിനാരി അധ്യാപകനായിരുന്ന മാത്യൂസച്ചൻ (പിന്നീട് മെത്രാപ്പോലീത്തായും പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും) ആദ്യസമയത്ത് പല കൽപ്പനകളും എഴുതുന്നതിന് അച്ചനെ വിളിക്കാറുണ്ടായിരുന്നു. ആ ഒരു അനുഭവം അച്ചനെ ഭദ്രാസന സെക്രട്ടറിയായപ്പോൾ അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെയും കല്പനകൾ തയ്യാറാക്കുന്നതിന് പ്രയാസം ഉണ്ടായിരുന്നില്ല. അച്ചൻ എഴുതികൊടുക്കുന്ന കൽപനകൾ പഴുതുകൾ കണ്ടെത്താൻ കഴിയാത്തവിധം പരിപൂർണ്ണതയുള്ളവയായിരുന്നു. സഭാവഴക്ക് അതിന്റെ കൊടുമുടിയിൽ നിൽക്കുന്ന സമയത്ത് വഴക്കുള്ള ഒരു പള്ളിയിൽ പൊതുയോഗം വിളിച്ചുചേർക്കുന്നതിന് അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി പള്ളിക്ക് കൽപന കൊടുത്തു. പൊതുയോഗം കൂടേണ്ട ദിവസം ആയപ്പോൾ തിരുമേനിക്ക് വലിയ പ്രയാസം തോന്നി. അച്ചൻ തിരുമേനിയോട് ചോദിച്ചു 'എന്താണ് തിരുമേനി' എന്ന്. തിരുമേനി കാര്യം അവതരിപ്പിച്ചു. അച്ചൻ തയ്യാറാക്കിയ കൽപന വാങ്ങി ആ പള്ളിയിലേക്ക് പോയി. അച്ചൻ അവിടെ എത്തിയപ്പോൾ രണ്ടു വിഭാഗമായി ആളുകൾ കൂട്ടംകൂടി നിന്നിരുന്നു. അച്ചൻ പള്ളിഅകത്ത് പ്രവേശിച്ച് പ്രാർത്ഥിച്ചു പള്ളിമണി അടിച്ചു. യോഗനടപടികൾ ആരംഭിച്ചു. ഒരു വിഭാഗം ബഹളം തുടങ്ങി. അച്ചന്റെ സ്വതഃസിദ്ധമായ രീതിയിൽ അധികാര

ത്തോടെ പറഞ്ഞു. കോടതിയുടെ നിർദ്ദേശപ്രകാരമാണ് തിരുമേനി കൽപ്പന തന്ന് എന്നെ ഇവിടേക്ക് അയച്ചത്. നിങ്ങൾക്ക് പൊതുയോഗം വേണ്ട എങ്കിൽ മിനിറ്റ്സിൽ ഹാജർ ഒപ്പിട്ട് യോഗം വേണ്ട എന്ന് രേഖപ്പെടുത്തുവാൻ അധികാരമുണ്ട് എന്നു പറഞ്ഞു. അവർ ശാന്തരായി ഓരോരുത്തർ ആയി ഹാജർ ഒപ്പിട്ടു. അതിനുശേഷം അച്ചൻ ഒരു ചെറിയ പ്രസംഗം നടത്തി. അപ്പോൾ അവർക്ക് ഒളിഞ്ഞിരിക്കുന്ന സൂത്രം മനസ്സിലായി. അതിനുശേഷം അച്ചൻ 'ഭരണഘടന അനുസരിച്ചാണോ പൊതുയോഗം കൂടേണ്ടത്' എന്ന് ചോദിച്ചു. ചിലർ അതിനു സമ്മതിച്ചു. ഇവിടെ ഭരണഘടന അനുസരിച്ചു മാത്രമാണ് പൊതുയോഗം കൂടുന്നതിന് കോടതി അനുവാദം തന്നിരിക്കുന്നത് എന്നു പറഞ്ഞു. വിഘടിച്ചുനിന്നവർ എല്ലാവരും ഒന്നിച്ച് നിന്ന് പൊതുയോഗം ഭംഗിയായി പൂർത്തീകരിക്കുവാൻ കഴിഞ്ഞു. അഭി. തിരുമേനി അച്ചനെ അഭിനന്ദിക്കുകയും ചെയ്തു.

### കുന്നംകുളം മെത്രാസനം

കുന്നംകുളം മെത്രാസനത്തിന്റെ ആരംഭത്തിൽ അച്ചന് അതിനോട് അത്ര താല്പര്യം ഉണ്ടായിരുന്നില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എന്നാൽ പിന്നീട് അഭി. മിലിത്തിയോസ് തിരുമേനി ഒരു ദിവസം പകൽ 11 മണിയോടുകൂടി തിരുമേനിയും, ഡ്രൈവർ ബേബിയും കൂടി അച്ചനെ അന്വേഷിച്ച് അച്ചന്റെ വീട്ടിൽ വന്നു. ആ സമയത്ത് അച്ചൻ പട്ടിത്തടത്തുള്ള പറമ്പിൽ പോയിരിക്കുകയാണ്. ജെറുശലേമിൽ നിന്ന് മങ്ങാട്ടുപോകുന്ന നേതാജി റോഡിൽ പാടത്ത് പാലത്തിനോടു ചേർന്ന് ചെന്ന് നിറുത്തി അച്ചനെ വിളിക്കുന്നതിനായി ബേബി പറമ്പിലേക്ക് പോയി. ബേബിയെ കണ്ടപ്പോൾ അച്ചൻ പറമ്പിൽനിന്നും ഇറങ്ങിവന്നു വിവരം ആരാഞ്ഞു. 'തിരുമേനി കാറിൽ ഇരിക്കുന്നുണ്ട്, അച്ചനെ കാണുന്നതിനാണ്' എന്നും പറഞ്ഞു. അച്ചൻ വളരെ വേഗത്തിൽ കാറിനടുത്തു വന്നു. വരുന്നതുകണ്ട് തിരുമേനി കാറിന്റെ ഡോർ തുറന്നു. അച്ചൻ കൈ മുത്തി. ആ സമയത്ത് തിരുമേനിക്ക് ദുഃഖംകൊണ്ട് സംസാരിക്കുവാൻ വാക്കുകൾ വന്നിരുന്നില്ല. അച്ചൻ ബേബിയോട് കാർ വീട്ടിലേക്ക് എടുക്കാൻ പറഞ്ഞു. അച്ചനു മനസ്സിലായി വളരെ പ്രധാന കാര്യമാണ് സംസാരിക്കുവാൻ ഉള്ളത് എന്ന്. അച്ചൻ വീട്ടിൽവച്ചുപോലും സംസാരിക്കാതെ തിരുമേനിയുടെ പഴയ അരമനയിലേക്ക് പോയി. പോകുന്ന വഴിമദ്ധ്യേ കുറച്ചു കാര്യങ്ങൾ പറഞ്ഞു. അതിന് അച്ചൻ ധൈര്യവും ഉറപ്പും നൽകി. വിഷയം ഇപ്പോഴത്തെ അരമന സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ആദ്യ തീർ ആണ്. നാളെ അത് നടത്തേണ്ടതുണ്ട്. തിരുമേനിയിൽ നിന്നും കരാർ വാങ്ങി വായിച്ചു നോക്കി. പല തീറുകളിലായി ആണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ഓരോ തീറുകൾ തമ്മിൽ ഓരോ മാസത്തിന്റെ അവധികളും ഉണ്ട്. അച്ചൻ കരാർ സസൂക്ഷ്മം വായിച്ചു. അതിൽ

നിന്ന് അച്ചനു ഒരു കാര്യം മനസ്സിലായി. ഉദാഹരണത്തിന് 7 തീർ ഉണ്ടെങ്കിൽ 6 എണ്ണത്തിനാണ് പണം നൽകേണ്ടത് എന്നാണ് എഴുതി വച്ചിരിക്കുന്നത്. കരാർ തയ്യാറാക്കുന്നതിൽ അച്ചന് ഒരു പങ്കും ഉണ്ടായിരുന്നില്ല. തീർ നടത്തേണ്ട സമയം വന്നപ്പോൾ അവർ തിരുമേനിയോട് പറഞ്ഞത് പണം കൊടുത്ത് തീർ വാങ്ങേണ്ടത് തിരുമേനിയാണ്. ഞങ്ങൾക്ക് അതിൽ ഒന്നും റോൾ ഇല്ല എന്നാണ്. അച്ചന്റെ കൂർമ്മബുദ്ധിയിൽ ഒരു കാര്യം വ്യക്തമായി. ഒരു തീറിനു പണം ഇല്ല എന്ന്. അങ്ങനെ എങ്കിൽ ആദ്യ തീർ പണം കൊടുക്കാതെ തീർ നടത്തിത്തരുവാൻ അവരോടു പറയണം എന്ന് അച്ചൻ തീരുമാനിച്ചു. അതിൽ തിരുമേനിക്ക് അഭിപ്രായമുണ്ടായിരുന്നില്ല. എങ്കിലും പണം കൈയിൽ ഇല്ലാത്തതിന്റെ പേരിൽ കാര്യങ്ങൾ അച്ചനെ ഏൽപ്പിച്ചു. അച്ചൻ ഉടമസ്ഥരുമായി ഫോണിൽ സംസാരിച്ചു. അച്ചനും അവരുമായി തർക്കമായി. കരാർ ഒഴിയും എന്ന ഘട്ടത്തിൽ എത്തി. അപ്പോൾ അച്ചൻ പറഞ്ഞു, കരാർ പ്രകാരമുള്ള നഷ്ടപരിഹാരത്തിന് തിരുമേനിക്ക് മുമ്പോട്ടുപോകേണ്ടിവരും എന്നു പറഞ്ഞു നിർത്തി. അവർ പ്രഗത്ഭരായ വക്കീലുമാരുമായി സംസാരിച്ചു. അവസാനം എല്ലാവരും അച്ചൻ ഉന്നയിച്ചത് ന്യായമായ കാര്യമായിട്ടാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നു ബോധ്യപ്പെട്ടു. ഉടമസ്ഥർ രാത്രി വളരെ വൈകി തിരുമേനിയെ ഫോണിൽ അറിയിച്ചു. നാളെ രജിസ്ട്രേഷൻ നടത്താം. പണം തരേണ്ടതില്ല എന്ന്. അതു പ്രകാരം ആദ്യ രജിസ്ട്രേഷന് പണം നൽകാതെ അവർ രജിസ്ട്രേഷൻ ചെയ്തു കൊടുത്തു. തുടർന്നുള്ള എല്ലാ രജിസ്ട്രേഷനും യഥാസമയം പണം കൊടുത്തുതന്നെ നടത്തുന്നതിനാവശ്യമായ ക്രമീകരണം അച്ചൻ വഴി തിരുമേനിക്ക് ചെയ്തുകൊടുക്കുന്നതിനു കഴിഞ്ഞു. ആ സ്ഥലത്ത് ഇന്നു കാണുന്ന രീതിയിലുള്ള നാലുകെട്ടു അരമന പണികഴിക്കുന്നതിലും അച്ചന്റെ നല്ല ഒരു പങ്കും പ്രയത്നവും ഉണ്ടായിട്ടുണ്ട്.

അച്ചന് തച്ചുശാസ്ത്രത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാകണം അരമനയ്ക്ക് സ്ഥാനം നോക്കുന്നതിനായി കാണിപ്പയ്യൂർ നമ്പൂതിരിയെ അച്ചൻ ക്ഷണിച്ചുകൊണ്ടു വന്നത്. നമ്പൂതിരി, സ്ഥാനം നോക്കി ചാർത്ത് തയ്യാറാക്കി പറഞ്ഞു, ഈ സ്ഥലം ഉത്തമമാണ്. ഇവിടെ ഒരു മഹാന്റെ ഉദയം കാണുന്നു എന്ന്. അച്ചൻ നമ്പൂതിരിയോട് പറഞ്ഞു, ഇത് ഒരു അരമനയാണ്, വീടല്ല. പിന്നെ എങ്ങിനെ ആണ് മഹാന്റെ ഉദയം ഉണ്ടാകുന്നത് എന്നു ചോദിച്ചതിന് നമ്പൂതിരി പറഞ്ഞത് ഉദയം എന്ന് ഉദ്ദേശിക്കുന്നത് ജന്മമാവാം, ഉയർച്ചയാകാം. അങ്ങിനെ ആണ് കാണുന്നത് എന്നു പറഞ്ഞു. എന്തുതന്നെ ആയാലും അവിടെനിന്നു തന്നെ ആണ് മലങ്കരസഭയുടെ പരമാധ്യക്ഷൻ ഉദയം ചെയ്യുന്നതിനുള്ള മഹാഭാഗ്യം ലഭിച്ചത്.

### ഗ്രാമമൈത്രാൻ

അച്ചൻ ഒരു ഗ്രാമമൈത്രാൻ ആയി മാറിയത് ദൈവനിയോഗമാണെങ്കിലും അച്ചന്റെ പ്രവർത്തന കാലഘട്ടത്തിൽ ഒരു ഗ്രാമം കെട്ടിപ്പടുക്കുന്നതിനുവേണ്ടി യത്നിച്ചിട്ടുണ്ട്. 1954-ൽ ആണ് ആദ്യമായി അച്ചന്റെ ശ്രമഫലമായി പഴഞ്ഞിയിലേക്ക് വൈദ്യുതി കൊണ്ടുവന്നത്. പണ ചെലവു ചുരുക്കുന്നതിനായി കുറച്ചുപേർ ഒന്നിച്ചു കണക്ഷൻ എടുക്കുന്നതിനായി അവരെ സംഘടിപ്പിച്ചു. അതിൽ ഒന്നാമതായി പഴഞ്ഞി പള്ളിയെയും, തെക്കേക്കര അപ്പുഞ്ഞൻ മുതൽപേരായി ഇരുപതുപേരെ കൂട്ടി മിനിമം ഗാരണ്ടിയിൽ ആദ്യമായി പഴഞ്ഞിയിലേക്ക് വൈദ്യുതി കൊണ്ടുവന്നു.

### ഫോൺ

പഴഞ്ഞിയിലേക്ക് ആദ്യമായി ഫോൺ കൊണ്ടുവന്നതിലും അച്ചനാണ് പ്രവർത്തിച്ചത്. ആദ്യം ടെലഫോൺ ഡിപ്പാർട്ടുമെന്റ് അച്ചനോട് ആവശ്യപ്പെട്ടത് അമ്പത് കണക്ഷൻ ഉണ്ടെങ്കിൽ പഴഞ്ഞിയിലേക്ക് ഫോൺ എത്തിക്കാം എന്നായിരുന്നു. അത്രയും പേരെ സംഘടിപ്പിക്കുവാൻ കഴിയുന്ന കാലഘട്ടമല്ലാത്തതിനാൽ ഡിപ്പാർട്ടുമെന്റുമായി പലതവണ ചർച്ച ചെയ്ത് അമ്പത് എന്ന നമ്പർ കുറച്ചു കൊണ്ടുവരാൻ ആണ് ആദ്യം ശ്രമിച്ചത്. പഴഞ്ഞിയുടെ അന്നത്തെ അവസ്ഥ അനുസരിച്ച് വിരലിൽ എണ്ണാവുന്നവരെ മാത്രമാണ് ഫോൺ എടുപ്പിക്കുന്നതിനു കഴിയുകയുള്ളു എന്ന് അച്ചന് നന്നായി അറിയാമായിരുന്നു. അതിലും അച്ചനോടൊന്നിച്ച് പ്രവർത്തിച്ചത് തെക്കേക്കര അപ്പുഞ്ഞൻ, പുലാക്കൽ ജോബ്, പോൾ മാസ്റ്റർ എന്നിവരായിരുന്നു എന്ന് അച്ചൻ പറയുന്നു. അതിൻപ്രകാരം 10 കണക്ഷന്റെ അടിസ്ഥാനത്തിൽ പഴഞ്ഞിയിലേക്ക് ഫോൺ എത്തിക്കുന്നതിനു കഴിഞ്ഞു.

### പഴഞ്ഞി പബ്ലിക് ലൈബ്രറി

ലൈബ്രറി ശക്തിപ്പെടുത്തുന്നതിൽ ഒന്നാമൻ അച്ചൻ തന്നെ ആയിരുന്നു. സാധാരണ ആളുകൾക്ക് റേഡിയോ കേൾക്കുന്നതിനുള്ള അവസരം ഒരുക്കാൻ കഴിയുന്നതിനു വേണ്ടിയായിരുന്നു അത്. ആദ്യകാലത്ത് റേഡിയോ വെക്കുന്ന സമയത്ത് അതിൽനിന്നുള്ള സംഭാഷണം കേൾക്കുന്നതിനായി ആളുകൾ കൂട്ടംകൂടി വന്നു നിൽക്കാറുണ്ടായിരുന്നത് അച്ചൻ ഇപ്പോഴും ഓർക്കുന്നു എന്നു പറഞ്ഞു.

### പഴഞ്ഞി പ്രൈമറി ഹെൽത്ത് സെന്റർ

പാവപ്പെട്ട ആളുകളെ സൗജന്യമായി ശുശ്രൂഷിക്കുന്നതിനുള്ള ഒരു

കേന്ദ്രം വേണം എന്ന് അച്ചൻ ചിന്തിച്ചു. മാറാരോഗം മൂലം മുഴുപട്ടിണിയിൽ കഴിയുന്നവർക്ക് ഒരു ആശ്വാസം ഏകണം എന്നതായിരുന്നു ഉദ്ദേശ്യം. അവിടേക്ക് ഒരു ഡോക്ടറെ നിയമിക്കുവാൻ ഉത്തരവായപ്പോൾ ആ ഡോക്ടർക്ക് താമസിക്കുന്നതിനുള്ള വീടുപോലും അച്ചനാണ് തരപ്പെടുത്തിക്കൊടുത്തത്.

**കോളജ്**

നമ്മുടെ കഴിവുള്ള കുട്ടികൾ വളരെ ദൂരെ പോയി പഠിക്കുന്നതു കണ്ടപ്പോൾ അച്ചന്റെ മനസ്സിൽ ഒരു ചിന്ത വന്നു. നമുക്ക് നമ്മുടെ നാട്ടിലും ഒരു കോളജിനുവേണ്ടി പ്രവർത്തിച്ചുകൂടെ എന്ന്. അത് അത്ര പെട്ടെന്ന് നടക്കുന്ന കാര്യമല്ല എന്ന് ഉത്തമബോധ്യം ഉള്ളതിനാൽ തന്നെ അതിന് ആവശ്യമായ പ്രാരംഭശ്രമങ്ങൾ അച്ചൻ ആരംഭിച്ചു. തന്റെ ഗുരുവായിരുന്ന പ. മാത്യൂസ് പ്രഥമൻ ബാവായുടെ അടുത്ത് സങ്കടം ഉണർത്തിച്ചു. ബാവായുടെ മറുപടി, 'അതു നടക്കുന്ന കാര്യമല്ല, അതിനുവേണ്ടി നടക്കുന്നതിന് ആരുണ്ട്' എന്നായിരുന്നു. അച്ചന്റെ മറുപടി ഇതായിരുന്നു. "ബാവാ സമ്മതിച്ചാൽ അതിനായി ബാവായ്ക്കു പിന്നിൽ ഞങ്ങൾ ഉണ്ട്" എന്നു പറഞ്ഞു. അതിന് ബാവായുടെ മറുപടി "വടക്കരെ വിശ്വസിക്കാം. പക്ഷേ നടക്കുമോ എന്നു തോന്നുന്നില്ല." അച്ചൻ പറഞ്ഞു, 'ബത്തേരിയിൽ നമുക്ക് ഒരു കോളജുണ്ടല്ലോ തിരുമേനി. അതുപോലെ ഇവിടെയും സഭക്ക് ഒരു കോളജ്.' ബാവാ പറഞ്ഞു, 'ആട്ടെ.' പിന്നീട് അതിനു പിന്നിൽ പരമാവധി ആളുകളേയും, നേതാക്കളേയും, പ്രമുഖരേയും കൂട്ടിയോജിപ്പിച്ച് മുന്നോട്ടുപോയി കോളജ് യാഥാർത്ഥ്യമാകുമെന്ന് ഏതാണ്ട് ഉറപ്പായപ്പോഴാണ് ഇടിത്തീപോലെ 3 കിലോമീറ്ററിനകത്ത് കൊച്ചിൻ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ കീഴൂരിൽ വിവേകാനന്ദ കോളജിന് അംഗീകാരം ലഭിച്ചത്. കൂടെ ഉണ്ടായിരുന്നവർ ഭൂരിഭാഗവും പിൻവലിഞ്ഞു. ഇനി ഒരിക്കലും പഴഞ്ഞിയിൽ ഒരു കോളജ് അനുവദിക്കയില്ല എന്ന് 110% ഉറപ്പായി. അച്ചൻ കോളജ് എന്ന ആശയത്തിൽനിന്ന് പുറകോട്ടു പോയില്ല എന്നു മാത്രമല്ല, കൂടുതൽ ആവേശത്തോടെ വീണ്ടും പ്രവർത്തിച്ചു. അച്ചൻ പറഞ്ഞത്, 'ഇത് സഭയുടെ പ്രശ്നമാണ്. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിന്റെ പ്രശ്നമാണ്' എന്നാണ്. ആ രീതിയിൽ ചർച്ചയും നേതാക്കളിൽ സമ്മർദ്ദവും ചെലുത്തിത്തുടങ്ങി. ദൈവനിയോഗം എന്നു പറയട്ടെ അടുത്തവർഷം എല്ലാ മാനദണ്ഡങ്ങളെയും കാറ്റിൽപറത്തി അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഓർത്തഡോക്സ് സഭയ്ക്ക് പഴഞ്ഞിയിൽ ഒരു കോളജിന് അംഗീകാരം തന്നു. അതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ അച്ചൻ അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്.

## സെന്റ് ഗ്രീഗോറിയോസ് കുരിശുപള്ളി

അച്ചൻ ജനിച്ചുവളർന്ന മുറ്റത്ത് ഒരു കുരിശുപള്ളി ആരംഭിക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും ക്രമീകരണങ്ങളും ഒരുക്കിയത് അച്ചൻ തന്നെ. ആ സ്ഥലവുമായി അനാവശ്യ വിവാദമുയർത്തിയപ്പോഴും എല്ലാം രമ്യതയിലാക്കി. അവിടെ കുരിശുപള്ളി നിർമ്മിക്കുന്നതിന് പഴഞ്ഞി പള്ളിപൊതുയോഗം അംഗീകാരം നൽകി. അന്നത്തെ വികാരി ആയിരുന്ന റവ. ഫാ. സി. വി. അബ്രഹാം അച്ചനോട് കുരിശുപള്ളിക്ക് തറക്കല്ല് ഇടുന്നതിന് ക്ഷണിച്ചപ്പോൾ അച്ചൻ പറഞ്ഞത് ഇപ്രകാരമാണ്. 'ആ നാട്ടുകാരനായ നിങ്ങളുടെ അച്ചനെ വിളിച്ച് ശിലാസ്ഥാപനം നടത്തിക്കൊള്ളുവിൻ.' അദ്ദേഹം ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് 1993 ആഗസ്റ്റ് 15-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനാനന്തരം പ. പരുമല തിരുമേനിയുടെ നാമധേയത്തിൽ ശിലാസ്ഥാപനം നടത്തി. 137 ദിവസംകൊണ്ട് പണി പൂർത്തീകരിച്ചു. അതിനോടു ചേർന്നുള്ള ചാപ്പലിന് ശിലാസ്ഥാപനം നടത്തിയത് വന്ദ്യ കോർഎപ്പിസ്കോപ്പാ തന്നെ ആണ്.

## അച്ചന്റെ ധീരമായ പ്രവർത്തനങ്ങൾ

1. പെങ്ങാമുക്ക് പള്ളി കേസിൽ ഓർത്തഡോക്സുകാർക്ക് ഗ്രൗണ്ട് സപ്പോർട്ട് നൽകിയത് അച്ചന്റെ നേതൃത്വത്തിൽ ആയിരുന്നു.

2. പെരുന്തുരുത്തി ശവക്കോട്ട വിഷയത്തിൽ അക്രൈസ്തവർ അവിടത്തെ പള്ളി സ്കൂളിൽനിന്ന് വിദ്യാർത്ഥികളെ പിൻവലിപ്പിച്ചപ്പോൾ പഴഞ്ഞിയുടെ പ്രാന്തപ്രദേശത്തുനിന്നും വാഹനത്തിൽ കുട്ടികളെ എത്തിച്ച് സ്കൂൾ നിലനിർത്തുന്നതിൽ അച്ചൻ വിജയിച്ചു. ശവക്കോട്ടയ്ക്കു അംഗീകാരം കിട്ടിയിട്ടും ശവം മറവുചെയ്യുന്നതിന് കഴിയാതെവന്നപ്പോൾ അച്ചൻ പ്രയോഗിച്ച തന്ത്രം വിജയിച്ചു. ഇന്ന് ആ പള്ളിക്ക് സെമിത്തേരി ഒരു യാഥാർത്ഥ്യമായതങ്ങനെയാണ്.

3. നേതാജി റോഡിന് അംഗീകാരം ലഭിച്ചപ്പോൾ സ്ഥലം ലഭിക്കാതെ വന്നപ്പോൾ ശ്രീ. പി. റ്റി. ഉതുപ്പൂരുവിനെക്കൊണ്ട് ആ പറമ്പ് തീർ എടുക്കുന്നതിനും പിന്നീട് മറിച്ചുകൊടുക്കുന്നതിനും വേണ്ടി ശ്രമിച്ചത്.

4. പഴഞ്ഞിപള്ളിയുടെ നിലം തിരിച്ചു എടുക്കുന്നതിനു തന്ത്രപരമായ കേസിലൂടെ ഉള്ള നീക്കങ്ങൾ.

5. ചരിത്രത്തിൽ പഴഞ്ഞിപള്ളിയുടെ പേര് ഇടംപിടിക്കാവുന്ന രീതിയിൽ 1978 മെയ് 15-ന് 5 തിരുമേനിമാരുടെ പട്ടംകൊട ശുശ്രൂഷ പഴഞ്ഞി പള്ളിയിൽ നടത്തുവാൻ കഴിഞ്ഞത് അച്ചന്റെ എടുത്തുപറയാവുന്ന കഴിവു തന്നെ ആണ്.

വർത്തമാനകാലം നാളത്തെ ചരിത്രമായി മാറുമ്പോൾ അതിന് അടിസ്ഥാനമായ രേഖകൾ, ചിത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന് അച്ചൻ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു.

ചുരുക്കത്തിൽ ഒരു നല്ല കർഷകൻ, ഒരു നല്ല നയതന്ത്രജ്ഞൻ, ഒരു നല്ല വ്യാപാരി, ഒരു നല്ല രാഷ്ട്രീയക്കാരൻ, ഒരു നല്ല സംഘാടകൻ, ഒരു നല്ല ചരിത്രകാരൻ, ഒരു നല്ല ഗവേഷകൻ, ഒരു നല്ല ചിത്രകാരൻ, ഒരു നല്ല ആധാരം എഴുത്തുകാരൻ എന്നീ നിലകളിൽ വന്ദ്യ കോറെപ്പിസ്കോപ്പാ അറിയപ്പെടുമെന്നതിൽ സംശയമില്ല.

(സഹകരണബാങ്ക് മാനേജരായ ലേഖകൻ ചരിത്രപുരുഷന്റെ കുടുംബാംഗമാണ്. സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററും പ്രാദേശിക നേതാവും നല്ലൊരു സംഘാടകനുമാണ്.)

# ആർജ്ജവത്വത്തിന്റെ ആൾരൂപം

## ഫാ. ഡോ. സണ്ണി ചാക്കോ

പഴഞ്ഞിയുടെ ചരിത്രായനത്തിൽ, ഒരമ്പതു വർഷം നിറഞ്ഞുനിന്ന നേതൃസാന്നിദ്ധ്യമായിരുന്നു ആർജ്ജവത്വത്തിന്റെ ആൾരൂപമായ, വന്ദ്യ ജോസഫ് കോറെപ്പിസ്കോപ്പാ. മുഖത്തുനോക്കി, മുഖംനോക്കാതെ അഭിപ്രായം പറയുന്ന, ആ നിഷ്കളങ്ക ഗാംഭീര്യം ഇനി കേവലം ആത്മീയ സാന്നിധ്യം മാത്രമാണെന്ന് ഓർക്കുമ്പോഴാണ് ആ മഹാത്മാവിന്റെ വിരഹം ഒരു ദേശത്തിന്റെ നഷ്ടമായി വിലയിരുത്തപ്പെടുന്നത്.

ഏതൊരു വ്യക്തിക്കും, സംഘടനയ്ക്കും, സ്ഥാപനത്തിനും ഉയരങ്ങൾ കീഴടക്കുവാൻ ഭദ്രമായ ഒരടിത്തറ വേണം. ആദരണീയനായ കോറെപ്പിസ്കോപ്പാ അച്ചന്, മലങ്കരയിൽ ആറ് പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങുവാൻ കഴിഞ്ഞു എന്നതും, സഭാപിതാക്കന്മാരുടെ ഉത്തമശിക്ഷണത്തിൽ വളരുവാൻ കഴിഞ്ഞു എന്നതുമാണ് ആ ദൃഢതയാർന്ന വ്യക്തിത്വത്തിന്റെ ഭദ്രമായ അടിസ്ഥാനം.

മൂന്നു ദശാബ്ദങ്ങളുടെ പരിചയമാണ് എനിക്ക് വന്ദ്യ കോറെപ്പിസ്കോപ്പാ അച്ചനുമായി ഉണ്ടായിരുന്നത്. 1982-ൽ ഞാൻ കോട്ടയം വൈദികസെമിനാരിയിൽ ചേരുന്ന സമയത്താണ് ബ. അച്ചനുമായി ആദ്യം നേരിട്ട് ഇടപെടുന്നത്. തുടർന്ന് സെമിനാരിയിൽ പഠിക്കുമ്പോൾ നിരവധി തവണ അച്ചൻ സെമിനാരിയിൽ സന്ദർശിച്ചിട്ടുണ്ട്. അച്ചന്റെ സതീർത്ഥ്യർക്ക് അച്ചനോടുള്ള ആദരവും, ഗുരുനാഥന്മാർക്ക് അച്ചനോടുള്ള സ്നേഹവാത്സല്യവും ആ നാളുകളിൽ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ സഭാചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ബ. കുറ്റിക്കാട്ടിലച്ചൻ സെമിനാരിയിൽ പ. ബാവായെ കാണാൻ വന്നു. ബാവാ, സ്വതഃസിദ്ധമായി ഗംഭീരശബ്ദത്തിൽ അന്ന് പറഞ്ഞതിങ്ങനെയാണ്, “ഈ അച്ചൻ അവിടെ ഉള്ളതുകൊണ്ട് പഴഞ്ഞിയിൽ ഒരു കോളജ് വരും.” മലങ്കരയുടെ സാരഥി തന്റെ ശിഷ്യനെപ്പറ്റി അഭിമാനാർഹമായ നിരവധി കാര്യങ്ങൾ അന്ന് ഞങ്ങളോട് പറഞ്ഞു. പഴഞ്ഞിയിൽ എം. ഡി. കോളജ് സ്ഥാപിതമായപ്പോൾ ആ വാക്കുകൾ അർത്ഥപൂർണ്ണമായി.

ദൃഢനിശ്ചയവും കഠിനാദ്ധ്വാനവുമാണ് ബ. അച്ചന്റെ വിജയരഹസ്യം. കൂടാതെ ഭക്തി മറ്റുള്ളവരുടെ മുമ്പിൽ പ്രകടിപ്പിക്കുന്നത് അച്ചന് അരോചകമായിരുന്നു. അനുഭവങ്ങളുടെ അഗ്നിയിൽ ഉരുക്കിയെടുത്ത കൃത്യതയാർന്ന അറിവും, അയത്നലളിതമായി കാര്യങ്ങൾ അവതരിപ്പിക്കാനുള്ള പക്വതയും, അനിതരസാധാരണമായ ഓർമ്മശക്തിയും അച്ചന്റെ വ്യക്തിത്വത്തിന്റെ തിളക്കം വർദ്ധിപ്പിച്ചു.

കൊച്ചി മെത്രാസന സെക്രട്ടറി എന്ന നിലയിൽ അച്ചൻ ആവിഷ്കരിച്ച കൃത്യതയാർന്ന ഫയൽ സിസ്റ്റം, ഭദ്രാസനത്തിലെ പള്ളികളുടെയും, വൈദികരുടെയും ചരിത്രമുൾക്കൊള്ളുന്ന ഭദ്രാസന ഡയറക്ടറി, വൈദികശമ്പള പദ്ധതി തുടങ്ങി ആധുനിക ഓഫീസ് മാനേജ്മെന്റ് സമ്പ്രദായം ഏകദേശം അര നൂറ്റാണ്ടിനു മുമ്പുതന്നെ നടപ്പിലാക്കിയെന്നത് അച്ചന്റെ ക്രാന്തദർശിത്വത്തിന്റെ അനുപമ ദർശനമാണ്.

പഴഞ്ഞിപള്ളി വികാരിയെന്ന നിലയിൽ ഏതാണ്ട് ഏഴു വർഷത്തോളം എനിക്ക് ശുശ്രൂഷ ചെയ്യാനവസരം ലഭിച്ചപ്പോഴാണ് വന്ദ്യ കോറെപ്പിസ്കോപ്പാ അച്ചനെ അടുത്തറിയാൻ ഭാഗ്യം ലഭിച്ചത്. ചില വ്യക്തിത്വങ്ങളെ അടുത്തറിയുന്തോറും ആദരവ് നഷ്ടപ്പെടാറുണ്ട്. എന്നാൽ വന്ദ്യ കോറെപ്പിസ്കോപ്പായെ അടുത്തറിയുന്തോറും ആദരവ് വർദ്ധിക്കയാണുണ്ടായത്. പഴഞ്ഞിയിൽ ഏതു കാര്യം ചെയ്യുമ്പോഴും ബ. തെക്കേക്കര വല്യച്ചന്റേയും, കോറെപ്പിസ്കോപ്പാ അച്ചന്റേയും അഭിപ്രായം ആരായാറുണ്ട്. എന്നാൽ പരിചയത്തിന്റെ പേരിലോ സ്നേഹത്തിന്റെ പേരിലോ ഒരിക്കൽപോലും കോറെപ്പിസ്കോപ്പാ അച്ചൻ ഇഷ്ടാനിഷ്ടങ്ങൾ തുറന്ന് പറയാതിരുന്നിട്ടില്ല എന്നതാണ് എന്നെ ഏറെ അത്ഭുതപ്പെടുത്തിയത്. എന്നാൽ കാര്യകാരണസഹിതം കാര്യങ്ങളെ വിശദമാക്കി ബോധ്യപ്പെടുത്തിയാൽ നിലപാടുകൾ മാറ്റുവാനുള്ള ആർജ്ജവത്വം വന്ദ്യ കോറെപ്പിസ്കോപ്പാ അച്ചനുണ്ടായിരുന്നു. ആശയപരമായ വ്യത്യാസങ്ങൾ ഒരിക്കലും വ്യക്തിബന്ധത്തെ ബാധിച്ചിരുന്നില്ല എന്നത് ബ. അച്ചന്റെ സ്വഭാവ മഹിമയായിരുന്നു.

പഴഞ്ഞിപള്ളിയെ കോറെപ്പിസ്കോപ്പാ എത്രകണ്ട് സ്നേഹിച്ചിരുന്നു എന്നത് വ്യക്തിപരമായി പലപ്പോഴും എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ “യൗസേഫിനെ അറിയാത്ത” തലമുറയിൽ നിന്നും അപവാദങ്ങൾ ഉയർന്നപ്പോൾ ആ വയോധിക മനസ്സ് ഏറെ ദുഃഖിച്ചു. നിരവധി വർഷങ്ങൾ പ്രവർത്തനനിരതനാകേണ്ടിയിരുന്ന ആ മഹൽവ്യക്തിത്വം വേദനയോടെ വിരമിച്ചു എന്നുവേണം കരുതുവാൻ. അത് ഒരു ദേശത്തിന്റെ നഷ്ടമായി കാലം വിലയിരുത്തും.

(ലേഖകൻ പഴഞ്ഞിപള്ളിയുടെ മുൻ വികാരിയാണ്. വാഗ്മിയും എഴുത്തുകാരനും സംഘാടകനും ആണ്. പ്രശ്നസങ്കീർണ്ണമായ കാലഘട്ടത്തിൽ ചരിത്രപുരുഷന്റെ സഹപ്രവർത്തകനുമായിരുന്നു.)

# ആത്മീയതയും ഭരണവും സമന്വയിപ്പിച്ച മഹാത്മാവ്

## ജോർജ്ജ് (ശുശ്രൂഷകൻ)

പഴഞ്ഞിപള്ളി എനിക്ക് കേട്ടറിവേ ഉണ്ടായിരുന്നുള്ളു. 1980 ആഗസ്റ്റ് മാസം മുതൽ ഞാനും ഈ പരിശുദ്ധ ദേവാലയത്തിന്റേയും പഴഞ്ഞി പള്ളി മുത്തപ്പന്റേയും ഒരു ശുശ്രൂഷകനായി സേവനം തുടങ്ങി.

1994-ൽ കുടുംബപരമായ ചില കാരണങ്ങളാൽ എനിക്ക് ഈ പരിശുദ്ധ ദേവാലയത്തിൽനിന്നും വിട്ടുമാറേണ്ടി വന്നു. എങ്കിലും ഈ പരിശുദ്ധ ദേവാലയവും അവിടെയുണ്ടായിരുന്ന അച്ചന്മാരും ഇടവകക്കാരും മറക്കാനാവാത ഒരു അനുഭവമാണ് എന്റെ ജീവിതത്തിൽ എനിക്ക് സമ്മാനിച്ചത്.

കെ. സി. ജോസഫ് കോർഎപ്പിസ്കോപ്പാ 2012 ജൂൺ 4-ന് ഈ ലോകത്തുനിന്നും യാത്രപറഞ്ഞ് ദൈവരാജ്യസഭയിൽ ചേർന്നു എങ്കിലും എന്റെ മനസ്സിൽ ഈ അച്ചനോടുള്ള സ്നേഹവും ആദരവും എത്ര എഴുതിയാലും എത്ര പറഞ്ഞാലും തീരാവുന്നതല്ല.

ഭരണപരമായ കാര്യങ്ങളിലും വളരെയധികം ശ്രദ്ധ പതിപ്പിച്ചിരുന്നു. അച്ചന്റെ ദേഹവിയോഗം പഴഞ്ഞി എന്ന പ്രദേശത്തിന്റേയും കുന്നംകുളം ഭദ്രാസനത്തിന്റേയും തന്നെ വലിയ ഒരു നഷ്ടമാണ്. ഏകദേശം 50 വർഷത്തിലധികം ആചാര്യശുശ്രൂഷ നടത്തി മൂന്നു തലമുറയുടെയെങ്കിലും ആത്മീയപിതാവായി നിലകൊണ്ട ഈ പിതാവ് സ്വന്തം ജീവിതത്തിൽ അനുവർത്തിച്ചു വന്നിരുന്ന വിശുദ്ധിയും പ്രാർത്ഥനാജീവിതവും തൊട്ടറിയുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു എന്നുള്ളത് ഒരു മഹാഭാഗ്യമായി ഞാൻ ഇപ്പോഴും കരുതുന്നു. പെട്ടെന്ന് കോപം വരുന്ന വാക്കുകൾ ഉച്ചത്തിൽ സംസാരിക്കുന്ന ഒരു പ്രകൃതമായിരുന്നു അച്ചന്റേത്; എന്നിരുന്നാലും അച്ചന്റെ ഉള്ളിന്റെ ഉള്ളിൽ സ്നേഹത്തിന്റെ അലയടികൾ പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്.

ഒരു മനുഷ്യൻ മഹാന്മാരുടെ കൂട്ടത്തിലേക്ക് കലരപ്പെടുന്നത് ആ മനുഷ്യന്റെ നല്ല കഴിവുകളെ പരിഗണിച്ചാണെങ്കിൽ സംശയമില്ല, അച്ചൻ തീർച്ചയായും ആ ഗണത്തിൽ തന്നെയാണ്. കൊച്ചി ഭദ്രാസനത്തിലും കുന്നംകുളം ഭദ്രാസനത്തിലുംപെട്ട പല ഇടവകകളിലും അച്ചൻ പ്രവർത്തിച്ച് പ്രശംസാർഹമായ രീതിയിൽ ചെയ്ത ശുശ്രൂഷകൾ അവർണ്ണനീയമാണ്.

ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാബാവാ പൗലൂസ് ദ്വിതീയനും പഴഞ്ഞിപള്ളി ഇടവകാംഗമായ റവ. ഫാ. ഡോ. ജോസഫ് ചീരനും സുറിയാനിയുടെ ആദ്യാക്ഷരങ്ങൾ പഠിച്ചതും ഉരുവിട്ടതും ബഹുമാനപ്പെട്ട അച്ചനിൽ നിന്നാണെന്ന് ഞാൻ കേട്ടിട്ടുണ്ട്.

ഒരു വീട്ടിൽ പോയാൽ ആ വീട്ടിലെ അംഗങ്ങളെ തലമുറതലമുറകളായി അച്ചൻ പരസ്യമായി അനുസ്മരിക്കും. വീട്ടിൽ കഴിയുന്നവരുടെയും വീടിനു പുറത്തു പാർക്കുന്നവരുടെയും അവരുടെ ബന്ധുക്കളുടെയും അങ്ങനെ അനേകം പേരുടെ സുഖവിവരങ്ങൾ വളരെ ആവേശത്തോടെ അന്വേഷിച്ച് ആരായുക എന്നത് അച്ചന്റെ ഒരു പതിവായിരുന്നു. ഒരു വലിയ ഇടവകയായ പഴഞ്ഞി ഇടവകയിലെ ആളുകളെ ഓർമ്മിച്ചെടുത്തുപറയുന്ന അച്ചന്റെ കമ്പ്യൂട്ടർ വൈഭവം ഏവർക്കും അറിവുള്ളതാണ്.

ഭരണകാര്യങ്ങളിൽ അച്ചന്റെ ചങ്കൂറ്റം ആരിലും അസൂയ ജനിപ്പിക്കുന്ന തരത്തിലുള്ളതാണ്. സാധാരണ ഒരു മനുഷ്യൻ തളർന്നുപോകുന്ന ചില സന്ദർഭങ്ങളിലും അക്ഷോഭ്യനായി നിന്ന് പെരുമാറുവാനുള്ള അച്ചന്റെ മിടുക്ക് വിവരിക്കാവതല്ല. ഓർമ്മയിൽനിന്നും മായാതെ നിൽക്കുന്ന ഒരു സംഭവം ഞാൻ ഈ സമയത്ത് പങ്കുവെയ്ക്കുകയാണ്. കുർബ്ബാന തുടങ്ങി ഏകദേശം പകുതിയോളം എത്തിയ സമയത്ത് അച്ചന് പെട്ടെന്ന് സംസാരിക്കുവാൻ സാധിക്കാതാവുകയും ശരീരം വിറയ്ക്കുകയും ചെയ്തു. ഉടനെ ഞാൻ അച്ചനെ പിടിച്ച് ദർഗായിൽ ഇരുത്തി. അല്പസമയം കണ്ണുകളടച്ച് ഇരുന്നതിനുശേഷം അച്ചൻ രണ്ടു കരങ്ങളും ഉയർത്തി പ്രാർത്ഥിച്ച് മൂന്നു പ്രാവശ്യം മാറത്തടിച്ച് "എന്റെ അമ്മേ എനിക്കു ശക്തി തരേണമേ" എന്ന് ഉറക്കെ പ്രാർത്ഥിച്ചുകൊണ്ട് അൽപനേരംകൂടി ഇരിക്കുകയും പിന്നീട് കൂടുതൽ ശക്തിപ്രാപിച്ച് എഴുന്നേറ്റശേഷം കുർബ്ബാന തികയ്ക്കുകയായിരുന്നു. ഇതിനുശേഷമുള്ള കുർബ്ബാനയുടെ തീക്ഷ്ണതയും വാക്കുകളുടെ പ്രയോഗങ്ങളും അനുഭവങ്ങളും എനിക്കു മാത്രമല്ല അന്ന് ആ കുർബ്ബാനയിൽ സംബന്ധിച്ച ഏവർക്കും ഒരു പുതിയ അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിന് ഒരു മാസം മുമ്പ് വന്ന് അച്ചനെ കണ്ടു സംസാരിച്ചുവല്ലോ എന്ന ഒരു ആശ്വാസം മാത്രമാണെനിക്കുള്ളത്.

പിന്നീട് "മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്കുതന്നെ തിരികെ പോകുന്നു" എന്നു പറഞ്ഞ് പരിശുദ്ധ പൗലൂസ് ദ്വിതീയൻ ബാവാ മണ്ണും കുന്തുരുക്കവും നിക്ഷേപിച്ചപ്പോൾ അടർന്നുവീണ കണ്ണുനീർ തുടച്ചുകൊണ്ട് ഞാനും കുറച്ച് മണ്ണും കുന്തുരുക്കവും അച്ചന്റെ കുഴിമാടത്തിലേക്ക് ഇട്ടുകൊണ്ട് നിത്യതയുടെ തുറമുഖത്തുവച്ച് വീണ്ടും കണ്ടുമുട്ടാം എന്ന് മനസ്സുകൊണ്ട് പ്രാർത്ഥിച്ച് തിരിഞ്ഞു നടന്നു.

# ഞങ്ങളുടെ പ്രിയപ്പെട്ട പപ്പാ

## ഹെലനി സുധീർ

വെളുത്ത നീണ്ട താടിയും കുറുകിയ ശരീരപ്രകൃതിയും ഉണ്ടായിരുന്ന പപ്പായെ മറ്റു കുട്ടികളെല്ലാം ഭയത്തോടെയാണ് കണ്ടിരുന്നത്. എനിക്കെന്തോ പപ്പായെ ഒട്ടും പേടിയുണ്ടായിരുന്നില്ല. കൊച്ചുമകൾ എന്ന എന്റെ അടുപ്പം പക്ഷേ സ്വന്തം മക്കൾക്കുള്ളതിലും അധികമായിരുന്നു എന്നും തോന്നുന്നു. കാരണം അവർക്കിടയിൽ ഒരു മദ്ധ്യസ്ഥയുടെ കേമമായ റോൾ എനിക്കു മാത്രം സ്വന്തമായിരുന്നു. പപ്പാ എന്നെ 'പൊന്നുണ്ണി' എന്നാണ് വിളിച്ചിരുന്നത്. "പ്രൈവറ്റ് സെക്രട്ടറി" എന്ന് കുടുംബക്കാർ തെല്ലൊരു അസൂയയോടെയാണ് എന്നെ വിശേഷിപ്പിക്കുക! എന്നാൽ ഓർമ്മകൾ വഴുതിപ്പോകുന്ന അവസാന നാളുകളിൽ എനിക്ക് എന്നെത്തന്നെ പരിചയപ്പെടുത്തേണ്ടി വന്നിട്ടുണ്ട്; ഒരുപാടു തവണ. "ഞാൻ പപ്പയുടെ പൊന്നുണ്ണി" എന്നു പറഞ്ഞാൽ ആ സ്മൃതിഭ്രംശങ്ങളുടെ വേലിയേറ്റങ്ങൾക്കിടയിലും ഒരു കള്ളചിരി നരച്ച മീശരോമങ്ങൾക്കിടയിൽ മിന്നിമറഞ്ഞിരുന്നു.

പഴഞ്ഞി ഹൈസ്കൂളിനടുത്ത് നഴ്സറിയിലേക്ക് ആ വിരലുകളിൽ ഞാന്ന് നടന്നുപോയതും സുവേഗയുടെ പിന്നിൽ വെള്ളക്കുപ്പായത്തിൽ അള്ളിപ്പിടിച്ച് മങ്ങാട് ഹൈസ്കൂളിലേക്ക് പോയതുമെല്ലാം ഇന്നലെ നടന്നതുപോലെ. വെളുത്ത നീണ്ട താടിരോമങ്ങൾ രണ്ടുവശങ്ങളിലേക്ക് പാറി, കുപ്പായത്തിന്റെ പിൻശീല ഒരു മേലാപ്പുപോലെ എന്റെ ആകാശങ്ങളെമറച്ച് കാറ്റിനോട് കയർക്കുന്നത് എനിക്കിപ്പോഴും കാണാം. "ഭീകരരൂപി"യായ ഒരാളുടെകൂടെ സ്കൂളിലെത്തുന്ന എന്നെ സഹപാഠികൾക്ക് വലിയ 'ബഹുമാന'മായിരുന്നു. നിഷ്കളങ്കമായ എന്റെ അഹങ്കാരത്തിന് അതിരുകളില്ലായിരുന്നു. സമ്മാനമായി കിട്ടുന്ന പേന തുടങ്ങിയ സാധനങ്ങളിൽ ചിലത് എനിക്കും കിട്ടുമായിരുന്നു. അത് കൊണ്ടുപോയി കാണിക്കാനായി നേരത്തേതന്നെ ഞാൻ സ്കൂളിലെത്തും. പണ്ട് അതെല്ലാം വലിയ അത്ഭുതവസ്തുക്കളായിരുന്നു. അങ്ങിനെയിരിക്കെ ഞാൻ അഞ്ചാം ക്ലാസ്സിലേക്ക് ജയിച്ചു. സമ്മാനമായി പപ്പ ഒരു മഷിപേന തന്നു. "നന്നായി സൂക്ഷിക്കണം. ഞാൻ ഇടയ്ക്ക് ചോദിക്കും; എനിക്ക് കാണണം." സന്തോഷവും അഭിമാനവും തോന്നിയ അനർഘ നിമിഷം. ഒ.വി.ബി.എസിന് പോവുമ്പോൾ പുസ്തകചട്ടയിൽ അത് കുത്തിവെച്ചിട്ടാണ് നടപ്പ്. ഒരു ദിവസം മടങ്ങിവന്നപ്പോൾ പേനയുടെ ടോപ്പ് മാത്രം! എന്റെ കണ്ണുകളിൽ ഇരുട്ടിനും കണ്ണുനീരിനും കൂടി സ്ഥലം തികയാതെ വന്നു. അമ്മ എന്നെ ആശ്വസിപ്പിച്ചപ്പോൾ എനിക്ക് കൂടുതൽ സങ്കടമായി.

വഴിയിലെവിടെയോ അഴിഞ്ഞുവീണ ആ പേന പപ്പയുമായുള്ള ഓരോ കൂടിക്കാഴ്ചകളിലും മഷിചുരത്തികൊണ്ടിരുന്നു. പേന പോയ വിവരം പറയാൻ എനിക്കു ധൈര്യമില്ലായിരുന്നു. സൂക്ഷിക്കാനറിയാത്ത പുതിയ തലമുറയോട് പൂർവ്വികർക്ക് പറയുവാനുള്ള വാക്കുകൾ. അവ എപ്പോഴും എന്റെ സ്വത്വബോധത്തെ പിൻതുടർന്നുകൊണ്ടിരുന്നു: ‘‘എനിക്കു കാണണം, ഞാൻ ചോദിക്കും.”

പപ്പയുടെ ഓഫീസിൽ ഒരുപാട് അലമാരകൾ ഉണ്ടായിരുന്നു. അസംഖ്യം സ്ഥിതിവിവര കണക്കുകൾ കൊണ്ട് സചേതനമായിരുന്നു അവയെല്ലാം. ഉറക്കമില്ലാത്ത രാത്രികളിൽ ആ തടിച്ച രജിസ്റ്ററുകൾ ഓരോന്നോരോന്നായി കടലാസുവത്ക്കരിക്കപ്പെട്ടുകൊണ്ടിരുന്നു. “ഇതെന്താ? ഇതെന്തിനാ?” എന്ന എന്റെ താരതമ്യേന നിഷ്കപടമായ ചോദ്യങ്ങൾ ഒരു സുഖമുള്ള ശല്യമായി പപ്പ ആസ്വദിക്കുന്നുണ്ടായിരുന്നു. ഫയലുകൾ വാങ്ങിക്കുന്നതിനേക്കാൾ ഇഷ്ടം സ്വന്തം രീതിയിൽ അവ നിർമ്മിച്ചെടുക്കുന്നതിലായിരുന്നു ആ പ്രയത്നശാലിക്ക് കൗതുകം. കത്തുകൾ മടക്കൽ, നിരത്തിവച്ച് പശ തേക്കൽ, നമ്പർ അനുസരിച്ച് വയ്ക്കൽ തുടങ്ങിയ ‘ഭാരിച്ച ചുമതലകൾ’ വഹിക്കാൻ ‘പ്രൈവറ്റ് സെക്രട്ടറി’യായി എന്നെയും അനുവദിച്ചു. ‘സ്തുത്യർഹ’മായ രീതിയിൽ ഞാൻ സേവന മനുഷ്ഠിച്ചും പോന്നു.

അച്ചടിക്കപ്പെട്ട ഏതൊരു കടലാസും അത് നോട്ടീസായാലും ക്ഷണക്കത്തായാലും മരിച്ചറിയിപ്പായാലും അതിലെ അക്ഷരപിശകുകൾ കണ്ടുപിടിക്കാൻ ആവശ്യപ്പെടുക പതിവായിരുന്നു. ആവക അനൗചിത്യങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് ‘‘അറിയില്ല്യ’’ എന്ന് കളിയാക്കുന്നത് സ്വയം പഠിക്കാനും പഠിപ്പിക്കാനുമുള്ള അളവറ്റ വ്യഗ്രതകൊണ്ടായിരുന്നു. മുറുക്കാൻചെല്ലവും തുപ്പൽകോളാമ്പിയും അടയ്ക്ക വെട്ടുന്ന പലവിധം കത്തികളും അവയുടെ കലാചാരുതകൊണ്ടും അവ ഉണ്ടാക്കികൊടുത്തവരോടുള്ള അവാച്യമായ സ്നേഹംകൊണ്ടും പപ്പയ്ക്ക് പ്രിയങ്കരങ്ങളായിരുന്നു. വീടിന്റെ മതിലിനോടു ചേർന്ന അപ്പുഞ്ഞേട്ടന്റെ പീടികതിണ്ണയിൽ സന്ധ്യാസമയസംസാരങ്ങളിൽ കടന്നുവരാത്ത വിഷയങ്ങളില്ലായിരുന്നു. ചരിത്രവും, വൈദ്യവും, വ്യവഹാരവും എന്നുവേണ്ട ഒരു വിഷയവും ഇല്ലാത്തതില്ല. തന്റേതായ ഒരു അഭിപ്രായവും കാഴ്ചപ്പാടും വച്ച് അവ അളന്ന് അരിച്ച് പതിരുനീക്കി അടുക്കി സൂക്ഷിക്കാൻ പപ്പയ്ക്ക് ഒരു പ്രത്യേക സാമർത്ഥ്യം ഉണ്ടായിരുന്നു. സുഖിപ്പിച്ച് സംസാരിക്കുന്നതിനേക്കാൾ വേദനിപ്പിച്ച് പ്രബോധിപ്പിക്കുന്ന ശൈലിയായിരുന്നു അവലംബിച്ചിരുന്നത്. ഇതുകൊണ്ടൊന്നും ആ സൗഹൃദലോകം ചെറുതായതുമില്ല! കുഞ്ഞപ്പേട്ടൻ, കൊച്ചുണ്ണിയേട്ടൻ, കൊച്ചേട്ടൻ അങ്ങിനെ നിരവധി പേർ ആ വാക്‌വിലാസത്താൽ സദാ ആകൃഷ്ടരായി എത്തിച്ചേർന്നു

കൊണ്ടിരുന്നു. ഇവരെല്ലാം പല സഭകളിലും പല രാഷ്ട്രീയത്തിലും പെട്ട വരായിരുന്നു. പപ്പയുടെ അറിവ് ജീവിതത്തിന്റെ വെളിമ്പറമ്പുകളിൽ നിന്നും വേരോടെ പറിച്ചെടുക്കപ്പെട്ടവയായിരുന്നു. സർവ്വകലാശാലക ളിൽനിന്നും പ്ലാസ്റ്റിക് കവറിൽ അടയ്ക്കപ്പെട്ട് മുദ്ര വയ്ക്കപ്പെട്ടവയല്ലാ യിരുന്നു. മരങ്ങൾ, പൂച്ചെടികൾ, കോഴി, നായ, പശു തുടങ്ങി നട്ടും നനച്ചും ഓമനിച്ചും വളർത്തിയവയോടൊക്കെ പപ്പ സംസാരിക്കാറുണ്ടാ യിരുന്നു. റാണി എന്നൊരു നായ എന്റെ ഓർമ്മകളിൽ ഇപ്പോഴും വാലിളക്കുന്നുണ്ട്. പിന്നെ 'സാബു.' പപ്പ പള്ളിയിൽ നിന്നും വണ്ടി സ്റ്റാർട്ട് ചെയ്താൽ അവനറിയും. വണ്ടി അടുത്തടുത്തു വരുംതോറും അവന് വെപ്രാളമാണ്.


എല്ലാത്തരം ആളുകളോടും ഇടപഴകി സംസാരിച്ച് ഉണ്ടാക്കിയെടുത്ത അനന്തമായ വിഷയങ്ങളിലുള്ള സാമാന്യബോധം ഒരു സമൂഹത്തെ ശരിയായ ദിശയിൽ ചരിപ്പിക്കാനും ഏതൊരു കൊടുങ്കാറ്റിനെയും പ്രതി രോധിക്കാനും പ്രാപ്തരാക്കാൻ പോന്നതായിരുന്നു. സ്വയം അറിയലി ലൂടെ ഏതൊരാളോടും തനിക്കു ബോധ്യമുള്ളതു പറയാനുള്ള ധൈര്യമാ യിരുന്നു അവസാനമായി പപ്പ പള്ളിയിലേക്ക് പോകുമ്പോഴും ഉണ്ടായി രുന്നത്. മുറ്റത്തെ ആര്യവേപ്പിൻതണലും കാറ്റും പോലെ ഉമ്മറത്തെ ചാരുകസേരയിൽ കാലുംപൊക്കിവച്ച് പപ്പ കിടന്നു; തിരുത്തുന്ന കയ്പായും സുഖപ്പെടുത്തുന്ന ശകാരമായും ആ സുകൃതം തളിരിട്ടും ഇലകൊഴിച്ചും; സാന്ദ്രമായ ഒരു ശില്പം പോലെ.

ഭക്ഷണം കഴിച്ച പാത്രം മറ്റാരെക്കൊണ്ടും കഴുകിക്കുന്നത് ഇഷ്ടമല്ലാ യിരുന്നു. "കൊച്ചന്നേ......" എന്ന വിളിക്ക് നിരവധി താളങ്ങളുണ്ട്. ചായ, വെള്ളം, ഊണ് ഇവയിലേതാണ് അതിഥിക്ക് വേണ്ടത് എന്ന് ആ ശ്രുതി ഭേദങ്ങളിൽ എത്ര സുന്ദരമായാണ് സംവേദനം ചെയ്യപ്പെട്ടുകൊണ്ടിരു ന്നത്! കടലക്കറി വലിയ ഇഷ്ടമായിരുന്നു. ഞായറാഴ്ചകളിൽ ഊട്ടുകൾ കഴിഞ്ഞ് ക്ഷീണിതനായി വന്നുകേറുമ്പോഴും മമ്മിയുടെ കൈപു ണ്യത്തെ ആസ്വദിക്കാനും പുകഴ്ത്താനും ഉത്സാഹമായിരുന്നു. "കൊച്ച ന്ന"യില്ലാത്ത അഞ്ചു വർഷങ്ങൾ സ്മൃതിഭംഗങ്ങളുടെ പ്രഹേളികകളാൽ 'യഹോവയുടെ ഒരു ദിവസം പോലെ'യായിരുന്നുവെന്ന് വിശ്വസിക്കാ നാണ് എനിക്കിഷ്ടം. കൊച്ചി ഭദ്രാസന സെക്രട്ടറിയായിരിക്കുമ്പോൾ ഒരു ചെറിയ സ്യൂട്ട്കെയ്സ് സദാ സന്നദ്ധമായിരുന്നു. തെക്കേക്കരക്കാരുടെ വീട്ടിലേക്ക് എപ്പോഴാണ് ഫോൺ വരിക എന്നതനുസരിച്ച് എല്ലാം മാറി മറിയും. മറിയാമ്മേടത്തി ഗേറ്റിൽ രണ്ടു തവണ തട്ടിയാൽ അത്തരമൊരു യാത്ര ഉറപ്പായി. പിന്നെയും വരും ഫോൺ. "അച്ചൻ ഇന്നും വരുന്നില്ല." അങ്ങിനെ എത്രയെത്ര പ്രവാസങ്ങൾ, യാത്രകൾ, അലച്ചിലുകൾ. എല്ലാം കണ്ടും അറിഞ്ഞും അലോസരങ്ങൾ ഇല്ലാതെ മമ്മി; മൊബൈൽ

ഫോണും, കമ്പ്യൂട്ടറും, കാറുമില്ലാതെ എത്രയെത്ര കാര്യങ്ങൾ! ഒന്നും ഓർക്കാൻ കൂടി വയ്യ!!

ആരും ചെയ്തിട്ടില്ലാത്തതു ചെയ്യാൻ വലിയ ഇഷ്ടമായിരുന്നു. മറ്റുള്ള വർ പരാജയപ്പെട്ട് പിൻതിരിഞ്ഞ കാര്യങ്ങൾ ഏറ്റെടുക്കാനും ചെയ്യാനും വല്ലാത്ത താല്പര്യമായിരുന്നു. ജ്യോതിഷം, വാസ്തുശാസ്ത്രം, ചിത്രം വര, നിർമ്മാണ പ്രവർത്തനങ്ങൾ എന്തിനേറെ പാചകത്തിൽപോലും പപ്പയ്ക്കു വലിയ താല്പര്യമായിരുന്നു. ഒരാളെ പരിചയപ്പെട്ടാൽ അയാൾ ക്കുപോലും അറിയാത്ത പൂർവ്വിക ചരിത്രം അയാളെ പറഞ്ഞു ബോധ്യ പ്പെടുത്തുമായിരുന്നു. പത്രകട്ടിംഗുകളുടെ വൻ ശേഖരം അവസാന കാലംവരെ സൂക്ഷിച്ചുപോന്നു; ഓർമ്മകൾ താളം തെറ്റിയിട്ടും അവ കട്ട് ചെയ്യുന്നതിലും ഒട്ടിച്ച് വച്ച് കുറിപ്പുകൾ എഴുതിവയ്ക്കുന്നതിലും വിസ് മയകരമായ സ്ഥിരോത്സാഹം പുലർത്തിയിരുന്നു. എന്തെങ്കിലും കാണാ തെപോയാൽ തിരച്ചിലോട് തിരച്ചിലാണ്. മറ്റെല്ലാം നിഷ്പ്രഭമാകുന്ന തിരച്ചിൽ. ഫോട്ടോഗ്രാഫറെ വിളിച്ചുകൊണ്ടുവന്ന് കുടുംബഫോട്ടോ എടുത്ത് വയ്ക്കുക ഒരു സന്തോഷമായിരുന്നു പപ്പയ്ക്ക്. ഓരോ തവണ കാണുമ്പോഴും ഓരോരോ കടംകഥകൾ, നാടൻശീലുകൾ ഒരു പുസ്ത കത്തിലും ഇല്ലാത്ത സൂത്രഗാനങ്ങൾ എഴുതിവെയ്ക്കപ്പെട്ടിട്ടില്ലാത്ത തനിനാടൻ ചരിത്രങ്ങൾ, കറന്റു വന്നതിന്റെ, വൺവേ വന്നതിന്റെ, റോഡ് ടാറിട്ടതിന്റെ, കൊടുങ്കാറ്റിന്റെ, വസൂരി വന്നതിന്റെ.... എത്രയെത്ര ചരിത്രങ്ങൾ പലതും. ഒപ്പം ജീവിച്ചുതീർത്ത സംഭവങ്ങൾ.

(ചരിത്രപുരുഷന്റെ ആദ്യ പുത്രി ആനിയുടെ മകളും ഡോ. മാർ യൂലി യോസ് മെത്രാപ്പോലീത്തായുടെ സഹോദരൻ സുധീറിന്റെ ഭാര്യയുമാണ് ലേഖിക. പ്രിയ പപ്പയെപ്പറ്റിയുള്ള കൗതുകകരവും പ്രിയങ്കരവുമായ കുടുംബ സ്മരണകൾ വായനക്കാരുമായി പങ്കിടുന്നു. – ഗ്രന്ഥകാരൻ)



# ഭാഗം മൂന്ന്

# കഥാപുരുഷന്റെ തെരഞ്ഞെടുത്ത രചനകൾ

# പഴഞ്ഞി സെന്റ് മേരീസ് പള്ളിയുടെ ചരിത്ര സംഗ്രഹം

## ഫാ. കെ. സി. ജോസഫ്

ആർത്താറ്റ് പള്ളി ഇടവകക്കാരായ പഴഞ്ഞി നിവാസികളുടെ ആത്മീയ ആവശ്യങ്ങളുടെ നിർവ്വഹണത്തിനായി വി. ദൈവമാതാവിന്റെ നാമത്തിൽ ഒരു കുരിശുപള്ളി എ.ഡി. 1249-ൽ സ്ഥാപിക്കപ്പെട്ടു.[1] ഈ ദേവാലയം പല തവണ പുതുക്കിപ്പണിയപ്പെട്ടിട്ടുണ്ട്. ആർത്താറ്റ് പള്ളിയിലെ പട്ട ക്കാർ തന്നെ ആദ്യകാലങ്ങളിൽ ഇവിടെയും വി. കൂദാശകൾ അനുഷ്ഠിച്ചു വന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് 1853-ൽ ഈ പള്ളിപറമ്പിൽ ശവമടക്ക് ആരംഭിച്ചു. കൂടെക്കൂടെ ഈ ഇടവക സന്ദർശി ച്ചുകൊണ്ടിരുന്ന പരുമല പ. ഗ്രീഗോറിയോസ് തിരുമേനിക്ക് പള്ളിപ്പറ മ്പിലുള്ള ശവപ്പൊലിയിൽ ആളുകൾ നടക്കുന്നത് ഇഷ്ടമായില്ല. എത്രയും വേഗം ഒരു ശവക്കോട്ട ഉണ്ടാക്കി ശവമടക്ക് നടത്തണമെന്ന് കല്പിച്ചു. അതനുസരിച്ച് പള്ളിയുടെ തെക്കുവശത്തു കിടക്കുന്ന 2 ഏക്കർ കാണ ഭൂമി വാങ്ങുകയും തോലത്ത് ചുമ്മാര് ഇയ്യുകുട്ടിയുടെ ശ്രമഫലമായി ചുറ്റും മതിൽ കെട്ടി ഉറപ്പിക്കുകയും ചെയ്തു.[2] അക്കാലത്ത് ജന്മഭൂമി യിൽ ശവം അടക്കുന്നതിനു മാത്രമേ അനുവാദം ലഭിച്ചിരുന്നുള്ളു. ശവ ക്കോട്ട വാങ്ങിയ സ്ഥലം കാണഭൂമി ആയതിനാൽ പഴഞ്ഞി ഇടവകയിൽ നിന്ന് തെറ്റിപ്പിരിഞ്ഞ മാർത്തോമ്മാക്കാർ ശവക്കോട്ട അനുവദിക്കുന്ന തിനെ ശക്തിയായി എതിർത്തു. പഴഞ്ഞി പള്ളി ഇടവകക്കാരുടെ കൂട്ടായ പ്രവർത്തനഫലമായി 1896-ൽ പ്രസ്തുത സ്ഥലത്ത് പരുമല പ. ഗ്രീഗോ റിയോസ് തിരുമേനിയാൽ ശവമടക്ക് ആരംഭിച്ചു. 120 സെല്ലുകളോടു കൂടിയ ആധുനിക രീതിയിലുള്ള പുതിയ കല്ലറ പണിത് 1985 മുതൽ അതിൽ ശവമടക്ക് ആരംഭിച്ചിട്ടുണ്ട്.

വി. ദൈവമാതാവിന്റെ നാമത്തിലുള്ള ആർത്താറ്റ് പള്ളിയിലേക്ക് കന്നി 8-ാം പെരുന്നാളിന് ഇവിടെ നിന്ന് ചക്കരയപ്പം (നെയ്യപ്പം) നേർച്ച ആഘോ ഷമായി 1906 വരെ കൊണ്ടുപോകാറുണ്ടായിരുന്നു. ദൈവമാതാവിന്റെ ജനനപ്പെരുന്നാളും (കന്നി 8) ദൈവാലയ പ്രവേശനപ്പെരുനാളും (വൃശ്ചികം 21) ഇവിടെ വിപുലമായി ആഘോഷിച്ചു വന്നിരുന്നു. കന്നി 8-ാം പെരുന്നാളിന് മങ്ങാട്, കാട്ടകാമ്പാൽ, പെരുന്തുരുത്തി എന്നിവിട ങ്ങളിലെ ആളുകൾ പഴഞ്ഞി പള്ളിയിൽ വന്ന് ചക്കരയപ്പം ഉണ്ടാക്കി നേർച്ച കൊടുത്തിരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ പള്ളി ആരംഭിച്ച് ഇടവക ആയപ്പോൾ ആയത് നിറുത്തുകയുണ്ടായി. 1685-ൽ കോതമംഗ

ലത്ത് കബറടങ്ങിയ പ. ബസ്സേലിയോസ് യൽദൊ കാതോലിക്കാബാവായുടെ തിരുശേഷിപ്പ് ഈ പള്ളിയിൽ സ്ഥാപിച്ചതിനുശേഷം പല അത്ഭുതങ്ങളും ഉണ്ടായതിന്റെ ഫലമായി അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളും ആഘോഷിക്കുവാൻ തുടങ്ങി. ഇപ്പോൾ ആ പെരുന്നാൾ മറ്റു പെരുന്നാളുകളേക്കാൾ പ്രധാന പെരുന്നാളായി ആഘോഷിച്ചു വരുന്നു.

1950 വരെയും പള്ളിഭരണത്തിന് പറയത്തക്ക ക്രമീകരണങ്ങളോ ചട്ടങ്ങളോ ഉണ്ടായിരുന്നില്ല. മലങ്കര മെത്രാപ്പോലീത്താ പൊതുയോഗം വിളിച്ചുകൂട്ടി മൂന്നോ നാലോ കൈക്കാരന്മാരെ തിരഞ്ഞെടുത്ത് ഭരണം ഏല്പിക്കും. അവരുടെ ഇഷ്ടം അനുസരിച്ച് ഭരണം നടത്തും. ഭരണകാര്യങ്ങളിൽ പട്ടക്കാർക്ക് യാതൊരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. കൈക്കാരന്മാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോഴാണ് പൊതുയോഗം കൂടി വേറെ കൈക്കാരന്മാരെ സാധാരണ തിരഞ്ഞെടുക്കാറുള്ളു. അവരുടെ ഭരണകാലങ്ങളിൽ പള്ളിവക ഭൂസ്വത്തുക്കൾ തീറുകൊടുത്തും കൈവശം കൊടുത്തും നഷ്ടപ്പെട്ടിട്ടുണ്ട്. ആയതിൽ ചിലത് വ്യവഹാരം മുഖേന അടുത്ത കാലങ്ങളിൽ വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. പള്ളിക്ക് ഉണ്ടായിരുന്ന മൂന്ന് പ്രൈമറി സ്കൂളുകളിൽ ഒന്ന് സർക്കാരിനെ ഏല്പിച്ചു (ഇപ്പോഴത്തെ പഴഞ്ഞി സർക്കാർ ഹൈസ്കൂൾ. ബാക്കി രണ്ട് സ്കൂളുകളും പള്ളിക്ക് നഷ്ടപ്പെട്ടു).

1880-ൽ യോഗം കൂടി പുലിക്കോട്ടിൽ ചുമ്മാർ ചുമ്മാർ, മണ്ടമ്പാൽ ഇറ്റി മാണി വറിയത്, മച്ചീങ്ങൽ പുലിക്കോട്ടിൽ മാത്തു മാത്തു എന്നിവരെ കൈക്കാരന്മാരായി തിരഞ്ഞെടുത്തു. അവരുടെ ഭരണം 1897 വരെ ആയിരുന്നു. 1897-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ നിന്ന് 12 പേരെ തിരഞ്ഞെടുത്തു. അവരിൽ 4 പേർ വീതം കൈക്കാരന്മാരായി ഓരോ വർഷം ഭരണം നടത്തത്തക്കവണ്ണം ഒരു ഉടമ്പടി രജിസ്ട്രാക്കിച്ചു. 1921-ൽ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പുലാക്കൽ ചേറു കാക്കു, അയ്യംകുളങ്ങരെ കുര്യൻ ഇട്ട്യേശ്ശൻ, തോലത്ത് ചാക്കോരു ഉട്ടൂപ്പ് എന്നിവരെ കൈക്കാരന്മാരായി നിശ്ചയിച്ചു. 1931-ൽ കൂടിയ യോഗം അയ്യംകുളങ്ങരെ ഉതുപ്പു വർഗ്ഗീസ്, കുറ്റിക്കാട്ട് താത്തുണ്ണി മാണി, ചീരൻ മത്തായി ഔസേഫ് എന്നിവരെ തിരഞ്ഞെടുത്തു. 1935-ൽ ഔസേഫ് ചരമം പ്രാപിക്കുകയും ബാക്കിയുള്ള രണ്ടുപേർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും വ്യവഹാരപ്പെടുകയും ചെയ്തു. അന്നത്തെ ജില്ലാ ജഡ്ജി ശ്രീ. കെ. എ. പൗലൂസ് വികാരി കൊള്ളനൂർ യാക്കോബ് കത്തനാരെ റിസീവറായും 12 പേർ അടങ്ങിയ ഉപദേശക കമ്മിറ്റിയേയും നിയമിച്ചു. 1950 ജനുവരി 16-നു പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ

കൽപ്പനപ്രകാരം പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ച് പുലിക്കോട്ടിൽ മാത്തപ്പൻ പാവുണ്ണിയെ കൈക്കാരനായും പുറത്തൂർ താരു ശമുവേലിനെ സെക്രട്ടറിയായും മറ്റു പത്തുപേരെ കമ്മിറ്റിക്കാരായും തിരഞ്ഞെടുത്ത് റിസീവറിൽ നിന്ന് ഭരണം ഏറ്റെടുത്തു. തുടർന്ന് 1955 മുതൽ സഭാഭരണഘടന അനുസരിച്ച് ഭരണം നടത്തി വരുന്നു. സമുദായന്തരീക്ഷത്തിലുണ്ടായ യാതൊരു ഭിന്നതകളും ഈ ഇടവകയുടെ പ്രശാന്തതയെ ഇന്നോളം അലോസരപ്പെടുത്തിയിട്ടില്ല.

ഇവിടെ സേവനം അനുഷ്ഠിച്ച പട്ടക്കാർ നിരവധിയാണെങ്കിലും താഴെ പറയുന്നവരുടെ വിവരങ്ങളെ അറിയപ്പെടുന്നുള്ളു. ചെറുവത്തൂർ മത്തായി കത്തനാർ, ആനപറമ്പിൽ പുലിക്കോട്ടിൽ ഇട്ട്യേശ്ശൻ കത്തനാർ, പെങ്ങാമുക്ക് കുത്തൂര് ഗീവർഗീസ് കത്തനാർ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അമ്മയുടെ കൊച്ചപ്പൻ), ആലിങ്ങൽ പുലിക്കോട്ടിൽ ഗീവർഗ്ഗീസ് കത്തനാർ, പുലിക്കോട്ടിൽ അബ്രഹാം കത്തനാർ, തെക്കെക്കര ചീരൻ ഗീവർഗ്ഗീസ് കത്തനാർ, വാഴപ്പിള്ളി ഉട്ടൂപ്പ് കത്തനാർ (ഇവരുടെ ശവസംസ്കാരം പള്ളിക്കകത്ത്), വടുക്കൂട്ട് പുലിക്കോട്ടിൽ സ്കറിയ കത്തനാർ (മാർത്തോമ്മാ സഭയിൽ ചേർന്നു), ചീരൻ യാക്കോബ് കത്തനാർ (റോമ്മാ സഭയിൽ ചേർന്നു), പർപ്പൂക്കാരൻ പുലിക്കോട്ടിൽ ശീമോൻ കത്തനാർ (ബ്രദർ മിഷനിൽ പോയി തിരികെ വന്നു), ചീരൻ ഗീവർഗ്ഗീസ് കത്തനാർ, പുലിക്കോട്ടിൽ മത്തായി കത്തനാർ, കൊള്ളന്നൂർ യാക്കോബ് കത്തനാർ, പുലിക്കോട്ടിൽ മാത്യൂസ് കത്തനാർ (റീത്തിൽ ചേർന്നു), ചുണ്ടമണ്ണിൽ സി. വി. അബ്രഹാം കത്തനാർ. ഇപ്പോൾ ചീരൻ സി. വി. അബ്രഹാം കത്തനാർ വികാരിയായും കുറ്റിക്കാട്ട് കെ. സി. ജോസഫ് കത്തനാർ സഹപട്ടക്കാരനായും സേവനം അനുഷ്ഠിച്ചു വരുന്നു. ചീരൻ ജോസഫ് കത്തനാരും വാഴപ്പിള്ളി സൈമൺ കത്തനാരും ഈ ഇടവകക്കാരാണ്. കുന്നംകുളം മെത്രാസനാധിപൻ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി ഈ ഇടവകക്കാരനായിരുന്നു.

പെങ്ങാമുക്ക് പഴയപള്ളി (1925), പെങ്ങാമുക്ക് പുത്തൻപള്ളി (1938), കാട്ടകാമ്പാൽ പള്ളി (1953), മങ്ങാട് പള്ളി (1960), പെരുന്തുരുത്തി പള്ളി (1972), മൂക്കുതല പള്ളി (1982), കരിക്കാട് പള്ളി (1986), കോട്ടോൽ പള്ളി (1986), അയിന്നൂർ പള്ളി (1986) എന്നിവ ഇടവകയിൽ നിന്ന് പിരിഞ്ഞു പോയവയാണ്. പഴഞ്ഞിയിലെ സൺഡേസ്കൂൾ മലങ്കരസഭയിലെ ഏറ്റവും വലുതും പഴക്കം ചെന്നതുമാണ്. 1971-ൽ അതിന്റെ ശതാബ്ദി ആഘോഷിക്കുകയുണ്ടായി. 1972 നവംബർ 19-ാം തീയതി കൊച്ചി മെത്രാസനത്തിന്റെ വടക്കൻ മേഖലയുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമ ശതാബ്ദി ഈ പള്ളിയിൽ വച്ച് ആഘോഷിക്കുകയും ചെയ്തു. വി. ഏഴിൻമേൽ കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

പള്ളിക്കുള്ളിൽ ചുവർ ചിത്രങ്ങൾ നിരവധിയാണ്. ഹൈക്കലായുടെ തെക്കേ ഭിത്തിയിൽ മശിഹാതമ്പുരാനെ കുരിശിൽ നിന്നിറക്കുന്നതും വടക്കേ ഭിത്തിയിൽ ഏദംതോട്ടത്തിൽ ആദാമിന് ഹവ്വാ പഴം കൊടുക്കുന്നതും ആയ ചിത്രങ്ങളുണ്ട്. മദ്ബഹായിൽ യേശുവിന്റെ ജനനം, ഹോശാനാ, തിരുഅത്താഴം എന്നീ പ്രധാനപ്പെട്ട ചിത്രങ്ങളാണുള്ളത്.[3] ഇവയിൽ തുളുമ്പുന്ന കലാഭംഗി ആകർഷകമാണ്. 1815 മാർച്ച് 22-ാം തീയതി പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, 1978 മെയ് 15-ാം തീയതി യാക്കൂബ് മാർ പോളിക്കാർപ്പോസ്, ഗീവർഗ്ഗീസ് മാർ ദീയസ്കോറോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, മാത്യൂസ് മാർ ബർണബാസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നിവരും ഈ പള്ളിയിൽ വച്ച് മെത്രാൻ സ്ഥാനാഭിഷിക്തരായി.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മെത്രാപ്പോലീത്താ സഭാഭരണത്തിനുള്ള ആസ്ഥാനമായി ഈ ദേവാലയത്തെ ദീർഘകാലം ഉപയോഗിച്ചിട്ടുണ്ട്. പ. പരുമല തിരുമേനി ശീമയിലേക്ക് പോകുമ്പോഴും വരുമ്പോഴും ഈ ദേവാലയം സന്ദർശിച്ചത് അക്കാലത്ത് ഇവിടെ ആസ്ഥാനമാക്കിയിരുന്ന വലിയതിരുമേനിയെ കാണുവാനായിരുന്നു. ഗ്രീസിലെ പീറ്റർ രാജകുമാരൻ, കൊച്ചി ദിവാന്മാരായ ബോഗ്, ആർ. കെ. ഷൺമുഖം, കേരള-കേന്ദ്ര മന്ത്രിമാർ തുടങ്ങിയ മഹത്വ്യക്തികൾ ഈ ദേവാലയം സന്ദർശിച്ചിട്ടുണ്ട്. തുമ്പമൺ മെത്രാസനത്തിന്റെ ഗീവർഗ്ഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ പിതൃതുല്യമായ വാത്സല്യത്തോടെ എല്ലാ വർഷവും ഈ ഇടവക സന്ദർശിക്കാറുണ്ടായിരുന്നു.[4]

ഈ ഇടവകയുടെയും ഇടവകക്കാരുടെയും നിർല്ലോഭമായ സഹായവും സഹകരണവും കൊണ്ടും കൂടിയാണ് ഇവിടെ സഭാവകയായ എം. ഡി. കോളജ് സ്ഥാപിക്കുവാൻ സാധിച്ചത്. രണ്ടു വർഷം കോളജ് നടത്തിയത് ഈ പള്ളികെട്ടിടത്തിലാണ്. ഇപ്പോൾ പള്ളിക്ക് ഒരു പ്രൈമറി സ്കൂളുണ്ട്.

പള്ളിയിൽ ഉണ്ടായ വ്യവഹാരങ്ങളാലും പള്ളിമേടയ്ക്കുണ്ടായ അഗ്നിബാധയാലും അനേകം അമൂല്യമായ രേഖകൾ നഷ്ടപ്പെട്ടു. 1950 മുതൽ എല്ലാ റെക്കാർഡുകളും സുരക്ഷിതമായി സൂക്ഷിച്ചുവരുന്നു. ഓരോ പത്തു വർഷം കൂടുമ്പോഴും ഇടവകക്കാരുടെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന കാനിഷ്മാരി കണക്കെടുത്ത് പുസ്തകമായി സൂക്ഷിച്ച് വരുന്നുണ്ട്. 782 ഭവനങ്ങൾ ഇപ്പോൾ ഈ ഇടവകയ്ക്കുണ്ട്.

(ഓർത്തഡോക്സ് ഹെറാൾഡ്, പഴഞ്ഞിപെരുന്നാൾ സപ്ലിമെന്റ്, 1989)

# മാർ ബസ്സേലിയോസ് സണ്ടേസ്കൂൾ, പെരുന്തുരുത്തി

## വെരി. റവ. കെ. സി. ജോസഫ് കോർഎപ്പിസ്കോപ്പ

പെരുന്തുരുത്തി സണ്ടേസ്കൂളിന്റെ ആരംഭം ഒരു ചെറിയ പ്രാർത്ഥനാകൂട്ടത്തിൽ നിന്നുമായിരുന്നു. പഴഞ്ഞിയിൽ നിന്നും രണ്ടു കിലോമീറ്റർ അകലെയുള്ള പെരുന്തുരുത്തിയിൽ പഴഞ്ഞി, മങ്ങാട്, കോട്ടോൽ, കാട്ടാകാമ്പാൽ, പെങ്ങാമുക്ക് എന്നീ സ്ഥലങ്ങളിൽ നിന്നും ദൈവവചനം പറയുവാൻ എത്തിയ പ്രാസംഗികരുടെ അളവില്ലാത്ത പ്രയത്നഫലമായിട്ട് ഒരു ശക്തിയുള്ള പ്രാർത്ഥനാസമാജം രൂപംകൊണ്ടു.[5] ഇതിൽ അക്രൈസ്തവരും ഉൾപ്പെട്ടിരുന്നു. ഇത്തരം പ്രാർത്ഥനാകൂട്ടങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന വ്യക്തികളിൽ ഒരാളായിരുന്നു പഴഞ്ഞി ചെറുവത്തൂര് ഉട്ടൂപ്പ് വറിയത് (കോട്ടോൽ വറതേട്ടൻ). ഈ നാട്ടുകാരനായ കണ്ണനായ്ക്കൽ ഉട്ടൂപ്പ് വറിയതും യോഗങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. മറ്റു വ്യക്തികളെ പരിചയപ്പെടുത്തുന്നതിനുള്ള വ്യക്തികൾ ഇന്ന് നിലവിലില്ല. അതുകൊണ്ട് മറ്റാരെങ്കിലും ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നതിന് മുൻപന്തിയിൽ വന്നിട്ടുണ്ടെങ്കിൽ ആ വ്യക്തികളെ ഈ അവസരത്തിൽ ഓർമ്മിച്ചുകൊണ്ട് നന്ദി രേഖപ്പെടുത്തുന്നു.

കോട്ടോൽ വറതേട്ടന്റെ ശ്രമഫലമായി ഒരു സ്കൂൾ ആരംഭിച്ച് സണ്ടേസ്കൂൾ അതിൽ പ്രവർത്തിച്ചു വന്നു. അദ്ദേഹം സ്നാനപ്പെട്ടതോടു കൂടി അദ്ദേഹത്തെ സ്കൂളിൽ നിന്നും ഒഴിവാക്കി. ഈ പ്രാർത്ഥനാ യോഗങ്ങളുടെ ഫലമായി ദിവസംതോറും സന്ധ്യാപ്രാർത്ഥനകൾ ഓരോ ഭവനങ്ങളിലും നടത്തിവന്നിരുന്നു. ഇപ്രകാരം നടന്നുവന്നിരുന്ന ആരാധനാരീതികളുടെ ഫലമായി ഒരു പ്രസ്ഥാനത്തിന് ആരംഭം കുറിക്കണമെന്ന് പെരുന്തുരുത്തിയിലെ ആളുകളിൽ ആശയം വന്നു തുടങ്ങി. പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയ കണ്ണനായ്ക്കൽ ഉട്ടൂപ്പ് വറിയത് നമ്മുടെ സഭയിൽ നിന്നും ആദ്യം മാർത്തോമ്മാ സഭയിലും പിന്നീട് രണ്ടാം സ്നാനത്തിലേക്ക് മാറി. അവർ പെരുന്തുരുത്തി എന്ന ദ്വീപിനെ അതിൽ ചേർക്കുവാൻ നോക്കി. പഴഞ്ഞിപ്പള്ളി നിലവിൽ വന്ന കാലം. അവിടേക്ക് ആരാധനയ്ക്കായി പോകുന്ന പതിവുണ്ടായിരുന്നു. ഇന്നും അതു നിലനിർത്തി പോരുന്നു. പെരുന്തുരുത്തി ഇടവകാംഗങ്ങൾ തങ്ങളുടെ മാതൃ ഇടവകയെ ബഹുമാനിക്കുകയും മാതൃഇടവകയുടെ പെരുന്നാളിന് നേർച്ച കാഴ്ചകളുമായി പങ്കെടുത്തു വരുന്നു.

പഴഞ്ഞി പള്ളിയിൽ സേവനം അനുഷ്ഠിച്ചു വന്നിരുന്ന വൈദികരുടെ

ശ്രമഫലമായി പെരുന്തുരുത്തി എന്ന ദ്വീപിനെ ഒരു നവീകരണ പ്രസ്ഥാനത്തിലേക്ക് നയിക്കുന്നതിൽ നിന്നും രക്ഷിച്ചു. പ്രസ്തുത വൈദികരുടെ ഫലമായി അന്ന് ഇവിടെ നിലനിന്നിരുന്ന പ്രാർത്ഥനാ ഗ്രൂപ്പിനെ ഒരു സണ്ടേസ്കൂളായി രജിസ്റ്റർ ചെയ്യുകയും പെരുന്തുരുത്തിയിലെ മുതിർന്ന ആളുകളെ അതിന് ചുമതലക്കാരാക്കുകയും ചെയ്തു. അന്നുമുതൽ പെരുന്തുരത്തി സ്കൂളും സണ്ടേസ്കൂൾ പ്രസ്ഥാനവും ശക്തി പ്രാപിക്കാൻ തുടങ്ങി. സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചത് ഇടവകക്കാരുടെ കൂട്ടായ പ്രവർത്തനവും അതിന്റെ മാനേജരെ നിശ്ചയിക്കുന്നത് പെരുന്തുരുത്തി ദേശക്കാരുമായിരുന്നു. എല്ലാവരും ചേർന്ന് നയിക്കുന്ന ഒരു പ്രസ്ഥാനമായിരുന്നു തുടക്കത്തിൽ. അതിന്റെ വരുമാനം അംഗങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന തുകയും ഓരോ കൊല്ലത്തിൽ ഓണക്കാലത്ത് നടത്തിയിരുന്ന ആദ്യഫല ശേഖരവും ആയിരുന്നു. അക്രൈസ്തവർക്കു വേണ്ടി പഴഞ്ഞി കെ. സി. തേത്തുക്കുട്ടി മുൻകയ്യെടുത്ത് ഒരു സണ്ടേസ്ക്കൂളും നടത്തിവന്നിരുന്നു. ഇന്ന് പെരുന്തുരിത്തിക്കാർക്ക് അഭിമാനം കൊള്ളാവുന്ന ഒരു ലോവർ പ്രൈമറി സ്കൂളായി നിലകൊള്ളുന്നു. സണ്ടേസ്കൂൾ പുസ്തകങ്ങൾ വാങ്ങി പഠിക്കുന്ന ഇന്നത്തെ രീതിയില്ലായിരുന്നു അന്ന്. വി. വേദപുസ്തകത്തിലെ ഏതാനും ഭാഗങ്ങൾ പഠിപ്പിക്കുകയായിരുന്നു. ഇതിനെല്ലാം നേതൃത്വം കൊടുക്കുവാൻ പഴഞ്ഞിയിൽ നിന്നുള്ള പൂർവ്വ വൈദികൻ കൊള്ളന്നൂര് യാക്കോബ് അച്ചന്റെ അളവറ്റ സാന്നിദ്ധ്യം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

1925 കാലഘട്ടത്തിലാണ് ഒരു രക്ഷാധികാരിയും പ്രസിഡണ്ടും ഒരു പ്രധാന അദ്ധ്യാപകനും വേണമെന്ന ആശയം നിലവിൽ വന്നത്.[6] പെരുന്തുരുത്തിയിലെ പ്രധാനികളായ പലരും സണ്ടേസ്കൂളിൽ പഠിപ്പിച്ചിരുന്നെങ്കിലും മുൻഗണനാക്രമങ്ങളുടെ അടിസ്ഥാനത്തിൽ അന്ന് ഉണ്ടായിരുന്ന പെങ്ങാമുക്ക് കൊള്ളന്നൂര് ഐപ്പുണ്ണി മാത്തുമാഷ് സേവനം അനുഷ്ഠിച്ചു. ഇങ്ങനെ ഒരു പ്രധാന അദ്ധ്യാപകനും 20 അദ്ധ്യാപകരും 60 കുട്ടികളുമടങ്ങുന്ന സണ്ടേസ്കൂൾ എന്ന പേരിൽ കൊച്ചി ഭദ്രാസനത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു. മാത്തുമാഷിന്റെ സേവനത്തിനു ശേഷം കണ്ണനായ്ക്കൽ ഉട്ടൂപ്പ് പൗലോസ് (കുഞ്ഞുകുഞ്ഞൻ മാസ്റ്റർ), കണ്ണനായ്ക്കൽ കാക്കു വിൽസൺ, കാക്കശ്ശേരി വറതപ്പൻ വിനു എന്നിവർ പ്രധാന അദ്ധ്യാപകരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചീരൻ ചേറു കൊച്ചു ബേബി പ്രധാന അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു. ഞങ്ങൾക്ക് മാർഗ്ഗദീപമായി വന്ന എല്ലാ പ്രധാന അദ്ധ്യാപകരേയും അവരുടെ അളവറ്റ പ്രവർത്തനങ്ങളേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

പെരുന്തുരുത്തി സണ്ടേസ്കൂളിന്റെ പ്രവർത്തനഫലമായി ഒരു പള്ളി

നിർമ്മിക്കുവാൻ തീരുമാനിച്ചു. കൊച്ചി രാജ്യത്തിന്റെ വടക്കേ അറ്റത്തായി പഴഞ്ഞിയിൽ നിന്ന് ഒരു നാഴിക ദൂരത്ത് 150 ഏക്കർ വിസ്തീർണ്ണമുള്ള ഒരു കൊച്ചു ദ്വീപാണ് പെരുന്തുരുത്തി. പഴഞ്ഞി പള്ളിയിലേക്ക് വർഷ കാലങ്ങളിൽ വള്ളം കയറിപോകേണ്ടതിനാൽ ഇവിടെ ഒരു ചാപ്പൽ പണി യണമെന്ന് പുരാതനകാലത്തു തന്നെ ആഗ്രഹിച്ചെങ്കിലും ഹിന്ദുക്കളുടെ ആധിപത്യം കൊണ്ട് സാധിച്ചില്ല. വേദവായനയോഗം എന്ന പേരിൽ ഒരു ആത്മീയ സംഘടന 50 കൊല്ലം മുമ്പ് ആരംഭിച്ചിരുന്നു. അതിന്റെ പ്രവർ ത്തനഫലമായി ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുകയും ഇന്ന് നല്ല രീതി യിൽ നടന്നുവരികയും ചെയ്യുന്നു. അതിനുശേഷം ഇന്നത്തെ യുവജന ങ്ങളും മറ്റും ആത്മീയമായി ഉണർന്നതിന്റെ ഫലമായി പള്ളിക്കു വേണ്ടി 750 രൂപയ്ക്ക് കുറെ സ്ഥലം വാങ്ങുകയും 1954 മാർച്ച് 16-ന് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പള്ളിക്കു ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഈ ഇടവകയിൽപ്പെട്ട 40 വീട്ടുകാർ കഴിവിന്ന പ്പുറമായി പിരിവെടുത്തും അയൽപ്രദേശങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും 35000 രൂപ ചിലവു ചെയ്ത് പള്ളിപ്പണി പൂർത്തിയാക്കി. 1956 ജനുവരി 1-നു ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവാ കോത മംഗലത്ത് കബറടങ്ങിയ പ. ബസ്സേലിയോസ്സിന്റെ നാമത്തിൽ വി. ത്രോണോസിന് ശിലാസ്ഥാപനം നടത്തി. 1959 ജൂൺ 6-ന് പൗലൂസ് മാർ സേവറിയോസ് മെത്രാപ്പോലീത്താ കൂദാശ നിർവ്വഹിക്കുകയും ചെയ്തു.

പ്രധാന പെരുന്നാൾ സെപ്തംബർ 20-നു ആഘോഷിച്ചു വരുന്നു. സണ്ടേസ്കൂൾ മുതലായ ആത്മീയ സംഘടനകൾക്കു പുറമെ അക്രൈ സ്തവർക്കുവേണ്ടി പ്രത്യേക സണ്ടേസ്കൂളുകളും നടത്തിവരുന്നു. പള്ളി പണിക്കു വേണ്ടി നിർദ്ദേശങ്ങൾ നൽകിയിരുന്ന കെ. സി. ജോസഫ് കത്തനാർ തന്നെയാണ് ഇപ്പോഴും വികാരി. ഈ ഇടവകയിൽ അന്നു ണ്ടായിരുന്ന ആളുകൾ രാപ്പകലില്ലാതെ കല്ലുകൾ ചുമന്നും പണിയെടു ത്തുമാണ് ഇന്നു കാണുന്ന പള്ളി പണി കഴിപ്പിച്ചത്.

പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി പള്ളിക്കു മുന്നിലുള്ള കുരി ശിനു പ. പരുമല മാർ ഗ്രീഗോറിയോസിന്റെ നാമധേയത്തിൽ തറക്ക ല്ലിട്ടു. ഇതിന്റെ പെരുന്നാൾ സെപ്തംബർ 12, 13 തീയതികളിൽ നടത്തി വരുന്നു. 12-ാം തീയതി രാത്രി സന്ധ്യാനമസ്കാരവും കുരിശുപള്ളിയി ലേക്ക് കൊടിയും കുരിശും. പിറ്റേദിവസം വി. കുർബ്ബാനയും തുടർന്ന് കൊടിയും കുരിശും, നേർച്ചവിളമ്പും നടത്തിവരുന്നു. അന്നേദിവസം വലിയപള്ളി പെരുന്നാളിനുള്ള കൊടി ഉയർത്തൽ ചടങ്ങ് നടത്തിവരുന്നു. അന്നു മുതൽ പെരുനാൽ കൊടി ഇറക്കുന്നതു വരെ ആചാരവെടി പള്ളി അങ്കണത്തിൽ നിന്നും രാവിലെയും വൈകിട്ടും ഉയരുന്നു. ഈ കുരിശു പള്ളി അക്രൈസ്തവർക്ക് പോലും ഒരു ആശ്വാസമായി നിലകൊള്ളുന്നു.

1989-ൽ പ. ഗീവർഗ്ഗീസ് സഹദായുടെ നാമധേയത്തിലുള്ള കുരിശുപള്ളിക്ക് അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ തറക്കല്ലിട്ടു. ഇതിന്റെ പെരുന്നാൾ സഹദായുടെ ഓർമ്മദിവസം ഏപ്രിൽ 22, 23 തീയതികളിൽ നടത്തിവരുന്നു. രാത്രി സന്ധ്യാനമസ്കാരവും കൊടിയും കുരിശുമായി കുരിശിലേക്ക് രണ്ടു വരിയായുള്ള പ്രദക്ഷിണവും 23-ന് രാവിലെ വി. കുർബ്ബാനയും നേർച്ചവിളമ്പും നടത്തിവരുന്നു.

ഇന്നുള്ളതിനേക്കാൾ ആ കാലത്ത് ബാലികാബാലസാജം വളരെ ശക്തിയുള്ളതായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ കിഴക്കുമുറി, പടിഞ്ഞാറ്റുമുറി എന്ന രണ്ട് പ്രധാന ഭാഗങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. ഇതിന്റെ പ്രധാന തെളിവുകൾ മദ്ബഹായിലുള്ള ത്രോണോസിൽ നോക്കിയാൽ പെരുന്തുരുത്തി ബാലസമാജം പടിഞ്ഞാറ്റുമുറിവക എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സണ്ടേസ്കൂൾ സമ്മാനദാനം വരുക എന്ന പറഞ്ഞാൽ ഇടവകജനങ്ങളിൽ പെരുന്നാൾ വരുന്ന പ്രതീതിയാണ്. നാടകങ്ങൾ അരങ്ങേറുന്നതിനും വിവിധ രീതികളിലുള്ള കളികൾ നടത്തുന്നന്നതിനും സണ്ടേസ്കൂൾ മുൻപന്തിയിൽ നിന്നിരുന്നു. ഇതിനു പ്രേരണയായിരുന്ന മറ്റു സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളെ ഈ അവസരത്തിൽ ഓർമ്മിക്കുന്നു. സമ്മാനദാനത്തിന് ചക്കപ്പാച്ചോറായിരുന്നു പ്രധാന ഭക്ഷണം. ഓരോ വീടുകളിൽ നിന്നും ചക്ക കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. പിന്നീട് അത് ശർക്കരപാച്ചോറായി മാറി. ഇന്ന് പായസവും ബേക്കറി പലഹാരങ്ങളും കൊടുത്തുവരുന്നു.

75-ാം വർഷം പിന്നിടുകയാണ്. കുറെ തെറ്റുകൾ, പോരായ്മകൾ, ആദരിക്കേണ്ടവരെ ആദരിക്കാതിരിക്കുക എന്നിങ്ങനെ ഒട്ടേറെ കുറവുകൾ ഉണ്ടാകാം. അതെല്ലാം സാമ്പത്തികമായ ബുദ്ധിമുട്ടുകളുടേയും അന്നുള്ള ഭരണസമിതികളുടെയും ഫലമായിരിക്കാം. അതിൽ നിന്നും പാഠം ഉൾക്കൊണ്ട് സഭയുടെ സത്യവിശ്വാസത്തെ പഠിപ്പിച്ചു വരികയാണ്. അതിനുവേണ്ടി പ്രവർത്തിക്കുന്നവരേയും പ്രാർത്ഥിക്കുന്നവരേയും എല്ലാ വൈദികരേയും അതിലുപരിയായി അന്നുമിന്നും കൃപകൾ നൽകി അനുഗ്രഹിച്ച ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ടും യെൽദോ മാർ ബസ്സേലിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും ഈ എളിയ ലേഖനത്തിൽ വിട്ടുപോയവരോടു ക്ഷമ ചോദിച്ചുകൊണ്ടും അവരുടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ടും നിർത്തുന്നു.

*(മാർ ബസേലിയോസ് ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ , പെരുന്തുരുത്തി പ്ലാറ്റിനം ജൂബിലി സുവനീർ, 2004)*

# പെട്ടിപിടുത്ത കേസ്

## ഫാ. കെ. സി. ജോസഫ്

അക്കാലത്ത് കുന്നംകുളം പനക്കൽ പാത്തപ്പൻ ഐപ്പൂരു മേൽ കൈക്കാരനും പഴഞ്ഞി പർപ്പുക്കാരൻ പുലിക്കോട്ടിൽ ചുമ്മാർ ചുമ്മാർ, പഴഞ്ഞി മണ്ടുമ്പാൽ ഇറ്റി മാണി വറിയത്, കാട്ടകാമ്പാൽ മച്ചിങ്ങൽ പുലിക്കോട്ടിൽ മാത്തു മാത്തു എന്നിവർ കൈക്കാരന്മാരും ആയിരുന്നു. ഈ മൂവരിൽ പ്രാപ്തൻ ചുമ്മാരായിരുന്നു. പള്ളിയുടെ മേൽപുര ചോർന്ന് ഒലിക്കുന്ന കേടുപാടുകൾ തീർക്കുന്നതിനോ പള്ളിയുടെ മറ്റ് അത്യാവശ്യകാര്യങ്ങൾക്കൊ കൈക്കാരന്മാർ ശ്രദ്ധിച്ചിരുന്നില്ല (മേൽപുര ചോർന്ന് വെള്ളം ഒഴുകിയ അടയാളം ലേഖകൻ കണ്ടിട്ടുണ്ട്). കൈക്കാരൻ ചുമ്മാരുടെ അനുജന്റെ മകൻ ശീമോൻ കത്തനാരോടുള്ള വിരോധമാണ് പള്ളിയുടെ ജീർണ്ണാവസ്ഥ തീർക്കാതിരിക്കുവാൻ കാരണം. കൈക്കാരന്മാരുടെ ഇപ്രകാരമുള്ള ഭരണത്തിൽ അസംതൃപ്തരായ പഴഞ്ഞി പള്ളിയിലെ വടുക്കൂട്ട് പുലിക്കോട്ടിൽ അബ്രഹാം സ്കറിയ കത്തനാർ, പുലാക്കൽ ചീരൻ കുഞ്ഞികാക്കു യാക്കോബ് കത്തനാർ, പർപ്പൂക്കാരൻ പുലിക്കോട്ടിൽ ചേറു ശീമോൻ കത്തനാർ എന്നിവരുടെ നേതൃത്വത്തിൽ കുറെ ആളുകൾ മേൽകൈക്കാരനെ സമീപിച്ച് പള്ളിയുടെ ജീർണ്ണാവസ്ഥ മാറ്റുവാൻ സഹായം ആവശ്യപ്പെട്ടു. പള്ളികണക്കിൽ പണമില്ലെന്നും പെരുന്നാൾ നടവരവ് കൊടുക്കാമെന്നും ഉറപ്പ് കൊടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ പിരിവു നടത്തിയും കടം വാങ്ങിയും ചോർന്ന് ഒലിക്കുന്ന കൂരോട് മാറ്റി ബാസൽ മിഷൻ കമ്പനിയുണ്ടാക്കുന്ന പാത്തി ഓട് മേഞ്ഞ് മറ്റു കേടുപാട് തീർത്തു.

1889 ഒക്ടോബർ 3-ാം തീയതി വ്യാഴം പെരുന്നാൾ കഴിഞ്ഞ് ഭണ്ഡാരം കൈക്കാരൻ ചുമ്മാരുടെ വീട്ടിലേക്ക് എടുത്തുകൊണ്ടു പോകുമ്പോൾ പട്ടക്കാരും അവരുടെ സഹായികളും നോക്കിക്കൊണ്ടിരുന്നു. ഭണ്ഡാരം കൊണ്ടുപോകുന്നവരിൽ ചിലർ തിരിഞ്ഞ് പട്ടക്കാരേയും മറ്റും കളിയാക്കുന്നവിധത്തിൽ കൈവിരൽ കൊണ്ട് വായിലേക്ക് ആംഗ്യം കാണിച്ചു. ഇതു കണ്ടു ക്ഷുഭിതരായവർ ഓടിച്ചെന്ന് ഭണ്ഡാരം തട്ടിപ്പറിച്ചു. അവസരം പാഴാക്കാതെ കൈക്കാരന്മാർ മൂന്ന് പട്ടക്കാരെയും 33 അത്മായക്കാരേയും പ്രതി ചേർത്ത് പോലീസിൽ ആക്ഷേപം ബോധിപ്പിക്കുകയും വടക്കാഞ്ചേരി മജിസ്ട്രേട്ട് കേസ് എടുക്കുകയും തൃശ്ശൂർ ജില്ലാകോടതിയിലേക്ക് കമ്മിറ്റ് ചെയ്യുകയും ചെയ്തു. ജില്ലാ ജഡ്ജി നാരായണമാരാർ 3 പട്ടക്കാരേയും 9 അത്മായക്കാരെയും 2 വർഷത്തെ കഠിനതടവിന് ശിക്ഷിച്ചു. കുന്നംകുളം പനക്കൽ ഇയ്യാക്കു മാത്തു പ്രതികളെ ജാമ്യ

ത്തിൽ എടുക്കുകയും എറണാകുളം ചീഫ് കോടതിയിൽ വക്കീൽ ധ്വര സ്വാമി അയ്യർ മുഖാന്തിരം അപ്പീൽ ഫയലാക്കുകയും ചെയ്തു. ഏറെ താമസിയാതെ ലോക്ക് സായ്പ് മുതലായ ജഡ്ജിമാർ കേസ്സിൽ തെളിവില്ലെന്ന് കണ്ട് പ്രതികളെ വെറുതെ വിട്ടു.

പ്രസ്തുത വ്യവഹാരത്തിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനും പനക്കൽ പാത്തപ്പൻ അയ്പൂരുവും കൈക്കാരന്മാരുടെ പക്ഷത്തും പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും പനക്കൽ ഇയ്യാക്കു മാത്തുവും പട്ടക്കാരുടെയും മറ്റും പക്ഷത്തും ആയിരുന്നു. പട്ടക്കാരുടെ പക്ഷത്തു നിന്ന് മാർ അത്താനാസ്യോസിന്റെ നവീന ഉപദേശങ്ങൾ പട്ടക്കാർ വഴങ്ങുകയും നവീന ഉപദേശങ്ങൾ പ്രചരിപ്പിക്കുകയും തിരുവിതാംകൂറിൽ നിന്ന് വന്നിരുന്ന നവീകരണ വക്താവായ തോമാ കത്തനാരെ പള്ളിയിൽ ആരാധന നടത്തുന്നതിന് അനുവദിക്കുകയും ചെയ്തു.

പള്ളിയും സ്വത്തുക്കളും കൈവശം കിട്ടുവാൻ മാർ ദീവന്നാസ്യോസും കൈക്കാരന്മാരും മറ്റും ചേർന്ന് മേൽപറഞ്ഞ 3 പട്ടക്കാരേയും തോമാ കത്തനാരേയും ക്രിമിനൽ കേസ്സിലെ മറ്റു പ്രതികളെയും ചേർത്ത് സിവിൽ കേസ് ഫയൽ ചെയ്തു (ഇക്കാലത്ത് ചീരൻ ഗീവർഗീസ് കത്തനാർ കൈക്കാരൻ ചുമ്മാരുടെ സഹായത്തോടെ പട്ടം ഏറ്റിരുന്നു[7] എങ്കിലും പഴഞ്ഞി പള്ളിയിൽ പ്രവേശനം ലഭിക്കാതിരുന്നതിനാൽ ചാലിശ്ശേരി പള്ളിയിൽ തവണ നടത്തിവന്നിരുന്നു).

വ്യവഹാരമദ്ധ്യേ പള്ളിയുടെ യഥാർത്ഥ കൈവശം അന്വേഷിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ശനിയാഴ്ച രാത്രി ചീരൻ യാക്കോബ് കത്തനാർ പള്ളിക്കകത്ത് താമസമാക്കി. വിവരമറിഞ്ഞ കൈക്കാരന്മാർ യാക്കോബ് കത്തനാരെ രാത്രി തന്നെ പള്ളിയിൽ നിന്ന് പുറത്താക്കുകയും ചീരൻ ഗീവറുഗീസ് കത്തനാരെ ചാലിശ്ശേരിയിൽ നിന്ന് കൊണ്ടുവന്ന് പള്ളിക്കകത്ത് താമസിപ്പിക്കുകയും ചെയ്തു. ഞായറാഴ്ച ഗീവർഗീസ് കത്തനാർ വി. കുർബ്ബാന അർപ്പിക്കുന്നതാണ് കോടതിയിൽ നിന്നു വന്ന കമ്മീഷൻ കണ്ടത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഭയുടെ വിശ്വാസങ്ങൾക്ക് എതിരായ 3 പട്ടക്കാർക്കും എതിരായും; പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് പരിപൂർണ്ണ അനുകൂലമായും വിധിയുണ്ടായി. ക്രിമിനൽ വ്യവഹാരം കൊണ്ട് വിഷമിച്ചിരുന്നതിനാൽ പിന്നീട് അപ്പീൽ കൊടുക്കാതെ 1896-ൽ മാർത്തോമാസഭയിൽ 3 പട്ടക്കാരും അവരുടെ കൂടെ നിന്നിരുന്നവരും ചേർന്ന് പഴഞ്ഞിയിൽ ഒരു പള്ളി ആരംഭിച്ച്, ആയതിലേക്ക് മാറിയതോടെ ഈ സംഭവ പരമ്പരകൾക്ക് തിരശ്ശീല വീഴുകയും ചെയ്തു.[8]

(ഓർത്തഡോക്സ് ഹെറാൾഡ്, പഴഞ്ഞിപെരുന്നാൾ സപ്ലിമെന്റ്, 1989)

# പഴഞ്ഞി പള്ളിയുടെ 123-ാം നമ്പ്ര ഒഴക്

(സർവ്വേ കണക്കിൽ പള്ളിയെ സംബന്ധിച്ച ആദ്യത്തെ റിക്കാർഡ്)

കുന്നംകുളങ്ങര പ്രവൃത്തിയിൽ പഴഞ്ഞി മുറിയിൽ പറമ്പ് കണ്ടെഴുതിയ ഒഴക്.

1034-ാമാണ്ട്* വൃശ്ചിക മാസം 15-നു.

ഇതിന്നും മണ്ടുംപാല പറമ്പിനും കിഴക്ക് തെക്കെ അങ്ങാടിക്കും തെക്ക് പുലാക്കലെ പറമ്പിനും മെൽക്ക് നമ്പ്രു 123-ൽ പള്ളി ഇരിക്കുന്ന പറമ്പ് ഒന്നുക്ക് മുൻപാട്ടം പുത്തൻ പതിനൊന്നേമുക്കാലെ അരക്കാലുക്ക് എട്ടിലൊന്ന് പുത്തൻ ഒന്നരയും കെട്ടുതെങ്ങ് മഹാണിക്ക് പുത്തൻ അരയും വക 2-ൽ പുത്തൻ 2-ക്ക് നാളതുകണ്ട പടിക്ക് കിഴുമെൽ തെക്കെ അറ്റം ദണ്ഡ് 14-ാം നടുഭാഗം ദണ്ഡ് 21-ഉം വടക്കെ അറ്റം ദണ്ഡ് 21-ഉം തെൻമടൽ കിഴക്കെ അറ്റം ദണ്ഡ് 25-ഉം നടുഭാഗം ദണ്ഡ് 25-ഉം പടിഞ്ഞാറെ അറ്റം ദണ്ഡ് 22-ഉം ഉള്ള മെപ്പടി പറമ്പിൽ തെങ്ങ് 3-ൽ കെട്ടുതെങ്ങ് അരക്കാലും പോകെ തെങ്ങ് രണ്ടേമുക്കാലെ അരക്കാലുക്ക് പാട്ടം പുത്തൻ അഞ്ചെമുക്കാല് രണ്ടാന്തരം പുലാവ് ഒന്നുക്ക് പട്ടം പുത്തൻ 8. വക രണ്ടിൽ പാട്ടം 13 3/4 ക്ക് എട്ടിലൊന്ന് പുത്തൻ 1 3/4 കെട്ടുതെങ്ങ് അരക്കാലുക്ക് പുത്തൻ ഒന്ന് വക 2-ൽ പുത്തൻ 2 3/4. മേപ്പടി പറമ്പിൽ ഓടു മേഞ്ഞ പഴഞ്ഞിയിൽ പുത്തൻകൂറ്റ് പള്ളി ഒന്ന്, തെക്കെപുറത്ത് ഓടിട്ട കുരിശുപള്ളി ഒന്ന്. വടക്കെപുറത്ത് മേപ്പടി വക കുരിശ് ഒന്ന്. വടക്കെപുറത്തും പടിഞ്ഞാറു പുറത്തും ഓലകെട്ടിയ പടിപ്പുര 2. കിണറ് ഒന്ന്. നാട്ടുമാവ് 2. മേപ്പടി പറമ്പ് പഴഞ്ഞിയിൽ പുത്തൻകൂറ് പള്ളിവക മുൻ കണക്കുംപടി മേപ്പടി മുറിയിൽ മേപ്പടി പള്ളിപ്പേരിൽ തന്നത്.

(ഒഴക് - പട്ടയത്തിനു മുമ്പുള്ള ഗവൺമെന്റ് റിക്കാർഡ്)

(ഓർത്തഡോക്സ് ഹെറാൾഡ്, പഴഞ്ഞിപെരുന്നാൾ സപ്ലിമെന്റ്, 1989)

---

* 1858 എ.ഡി.

# പഴഞ്ഞി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ

## ഫാ. കെ. സി. ജോസഫ്

(ഇൻസ്പെക്ടർ)

പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ രൂപംകൊണ്ടത് 1964-ൽ ആണല്ലോ. എന്നാൽ ഈ വലിയ പ്രസ്ഥാനം രൂപംകൊള്ളുന്നതിന് മുമ്പുതന്നെ ഒരു കൊച്ചു സണ്ടേസ്കൂൾ അസോസ്യേഷൻ മലങ്കരയുടെ ഹൃദയഭാഗത്ത് രൂപംകൊണ്ടിരുന്നു. കുന്നംകുളം-പഴഞ്ഞി ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷൻ എന്നായിരുന്നു അതിന്റെ പേർ. കുട്ടികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾക്ക് നേരിട്ട ക്ഷാമം പരിഹരിക്കാനായിരുന്നു ഈ അസോസ്യേഷൻ ഉടലെടുത്തത്. കുന്നംകുളം-പഴഞ്ഞി സെന്ററിൽപെട്ട ഇരുപത്തിമൂന്ന് സണ്ടേസ്കൂളുകൾ ഇതിന്റെ കീഴിൽ അംഗങ്ങളാവുകയും അവർക്കാവശ്യമായ എല്ലാ പാഠപുസ്തകങ്ങളും 1958 മുതൽ അസോസ്യേഷന്റെ ചുമതലയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു (മുഖ്യമായും ഈ ആവശ്യത്തിനുവേണ്ടി കുന്നംകുളത്ത് 'സിറിയൻ ക്രിസ്ത്യൻ ബുക്ക് ഡിപ്പോ' എന്ന പേരിൽ ഒരു പുസ്തക പ്രസിദ്ധീകരണശാല ആരംഭിച്ചു. കാക്കശ്ശേരി പീറ്റർ മാസ്റ്റർ ആയിരുന്നു ഇതിന്റെ മാനേജർ-എഡിറ്റർ). പൊതുപ്പരീക്ഷ മുതലായ പുരോഗമനപരമായ പല പരിപാടികളും ആസൂത്രണം ചെയ്യുവാൻ അന്ന് കഴിഞ്ഞിട്ടുണ്ട്. അസോസ്യേഷൻ അടിസ്ഥാനത്തിൽ കുട്ടികളുടെ നിലവാരം നിർണ്ണയിക്കുവാനും സമ്മാനങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുവാനും സംഘടന ശ്രമിച്ചിട്ടുണ്ട്.

### വാർഷിക ക്യാമ്പുകൾ

സാമൂഹ്യജീവിത പരിശീലനം എന്ന ലക്ഷ്യംവച്ചുകൊണ്ട് വർഷം തോറും വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും കുട്ടികളുടെ കായികവും മാനസികവും കലാപരവുമായ സിദ്ധികളുടെ പൂർണ്ണവികസനം സാധിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കൃത്യനിഷ്ഠ, പരസ്പരബഹുമാനം, പെരുമാറ്റചട്ടങ്ങൾ ഇവ പാലിക്കുന്നതിന് ഈ ക്യാമ്പുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ രൂപംകൊണ്ടപ്പോൾ ഈ കൊച്ചു അസോസ്യേഷൻ പിരിച്ചുവിട്ടു. അതിന് മുമ്പായി പഴഞ്ഞി, ആർത്താറ്റ്, മരത്തംകോട്, കാട്ടകാമ്പാൽ, മങ്ങാട്,

പഴഞ്ഞി എന്നീ സ്ഥലങ്ങളിലായി (മൂന്ന് ദിവസം ദൈർഘ്യമുള്ള) ആറ് ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഭാഗ്യമുണ്ടായി. ഓരോ ക്യാമ്പിലും കുറഞ്ഞപക്ഷം 200 പേർ സംബന്ധിച്ചിരുന്നു (ക്യാമ്പിലേക്കുള്ള പ്രവേശനം സൗജന്യമായിരുന്നു. സ്പോൺസർമാരെ കണ്ടെത്തിയും മറ്റും ആണ് ചെലവുകൾ നിർവ്വഹിച്ചിരുന്നത് - എഡിറ്റർ). വാർഷിക ക്യാമ്പുകളിൽവച്ച് അസോസ്യേഷൻ സമ്മാനങ്ങൾ വിതരണം ചെയ്യുകയായിരുന്നു പതിവ്. ഓരോ വർഷവും അസോസ്യേഷൻ സമ്മാനങ്ങൾ കരസ്ഥമാക്കിയവരുടെ വിവരം താഴെ ചേർക്കുന്നു.

**1959**

| | | |
|---|---|---|
| 9–ാം ക്ലാസ്സ് | 1–ാം സമ്മാനം | കരുണാ ഡേവിഡ് - കുന്നംകുളം |
| 8 ” | 1 ” | സി. ലില്ലി ജോബ് - കുന്നംകുളം |
| 7 ” | 1 ” | റ്റി. ഐ. ഐപ്പ് - കുന്നംകുളം |
| | 2 ” | സി. കെ. സരോജം - പഴഞ്ഞി |
| 6 ” | 1 ” | പി. സി. ബേബി - കാട്ടകാമ്പാൽ |
| | 2 | സി.സി. താവുഅപ്പൻ-പെരുന്തുരുത്തി |
| 5 | 1 | റ്റി. ഐ. തങ്കമ്മു - ആലത്തൂർ |
| | 2 | പി. ഐ. കുഞ്ഞാമ്മ - കോട്ടപ്പടി |
| 4 | 1 | സി. സി. കുഞ്ഞീറ്റി - ആലത്തൂർ |
| | 2 | സി. ഐ. രമണി - മരത്തംകോട് |

**1960**

| | | |
|---|---|---|
| 9 | 1 | ജോസ് ഡേവിഡ് കെ. - കുന്നംകുളം |
| 8 | 1 | സി. എം. ചേറു - കുന്നംകുളം |
| | 2 | സാറാ വർഗ്ഗീസ് സി. - കുന്നംകുളം |
| 7 | 1 | സി. സി. താവുഅപ്പൻ - പെരുന്തുരുത്തി |
| | 2 | കെ. ഐ. ലളിത - കുന്നംകുളം |
| 6 | 1 | പി. ഐ. വിത്സൺ മാത്യു - കുന്നംകുളം |
| | 2 | സി. സി. മോളു - പെരുന്തുരുത്തി |
| 5 | 1 | സി. സി. കുഞ്ഞീറ്റി - ആലത്തൂർ |
| | 2 | സി. ഐ. രമണി - മരത്തംകോട് |
| 4 | 1 | പി. ഒ. തമ്പി - കാട്ടകാമ്പാൽ |
| | 2 | പി. ആനി ജോബ് - പഴഞ്ഞി |

**1961**

| | | |
|---|---|---|
| 9 | 1 | സാറാ വർഗ്ഗീസ് സി. - കുന്നംകുളം |
| 8 | 1 | കെ. ഐ. തങ്കമണി - പഴഞ്ഞി |
| | 2 | കെ. ഐ. ലളിത - കുന്നംകുളം |
| 7 | 1 | പി. പി. കുഞ്ഞാമ്മ - പഴഞ്ഞി |

| | | |
|---|---|---|
| | 2 | പി. ഐ. ലില്ലി മാത്യൂസ് - കുന്നംകുളം |
| 6 | 1 | പി. ഐ. ജോർജ്ജ് - പെരുന്തുരുത്തി |
| | 2 | പി. സി. സിസിലി - മങ്ങാട് |
| 5 | 1 | സി. അബ്രഹാം ജോസ് - കുന്നംകുളം |
| | 2 | സി. വി. ചാക്കോച്ചൻ - കോട്ടപ്പടി |
| 4 | 1 | പി. സി. മോഹിനി - പഴഞ്ഞി |
| | 2 | കെ. പി. മേരി - ആലത്തൂർ |
| **1962** | | |
| 9 | 1 | സി. വി. അന്ന - പഴഞ്ഞി |
| | 2 | സി. കെ. സൂസന്ന - പഴഞ്ഞി |
| 8 | 1 | സി. ഐ. ഡേവിസ് - പഴഞ്ഞി |
| | 2 | എം. പി. മറിയാമ്മ - കുന്നംകുളം |
| 7 | 1 | പി. എ. ജോർജ്ജ് - പെരുന്തുരുത്തി |
| | 2 | സി. റ്റി. മോളുകുട്ടി - പഴഞ്ഞി |
| 6 | 1 | പി. ഒ. തമ്പി - കാട്ടകാമ്പാൽ |
| | 2 | സി. വി. കുഞ്ഞാണി - കോട്ടപ്പടി |
| 5 | 1 | പി. സി. മോഹിനി - പഴഞ്ഞി |
| | 2 | ടി. ഒ. മണി - പഴഞ്ഞി |
| 4 | 1 | സി. വി. സൂസന്ന - കരിക്കാട് |
| | 2 | പി. ഐബി മാത്യു - കുന്നംകുളം |
| **1963** | | |
| 9 | 1 | സി. എം. ജോസ്<br>(ഫാ. ഡോ. ജോസഫ് ചീരൻ) - പഴഞ്ഞി |
| | 2 | സി. ഐ. മില്ലി മാത്യു - കുന്നംകുളം |
| 8 | 1 | സി. ടി. മോളുകുട്ടി - പഴഞ്ഞി |
| | 2 | എൽസി മാത്യു - കുന്നംകുളം |
| 7 | 1 | പി. ഐ. മോൻസി - കുന്നംകുളം |
| | 2 | പി. ഒ. തമ്പി - കാട്ടകാമ്പാൽ |
| 6 | 1 | പി. ഒ. ശാന്ത - കാട്ടകാമ്പാൽ |
| | 2 | പി. സി. മോഹിനി - പഴഞ്ഞി |
| 5 | 1 | പി. ഒ. ചിന്നൻ - കാട്ടകാമ്പാൽ |
| | 2 | വി. പി. വർഗ്ഗീസ് - അകതിയൂർ |
| 4 | 1 | കെ. സി. ബൈലിയമ്മ - മരത്തംകോട് |
| | 2 | സി. ഐ. ബേബി - മരത്തംകോട് |
| **1964** | | |
| 9 | 1 | സി. ടി. മോളുകുട്ടി - പഴഞ്ഞി |
| | 2 | പി. കെ. ജോയ് - കുന്നംകുളം |

| | | |
|---|---|---|
| 8 | 1 | ശാന്താ ഡേവിഡ്. റ്റി. - കുന്നംകുളം |
| | 2 | തങ്കം ജോർജ്ജ് - കുന്നംകുളം |
| 7 | 1 | പി. ഒ. ശാന്ത - കാട്ടകാമ്പാൽ |
| | 2 | പി. എം. ബേബി - കാട്ടകാമ്പാൽ |
| 6 | 1 | പി. ഒ. ചിന്നൻ - കാട്ടകാമ്പാൽ |
| | 2 | എം. സി. കൊച്ചുമോൾ - പഴഞ്ഞി |
| 5 | 1 | സി. ഐ. മോളി - മങ്ങാട് |
| | 2 | പി. രവി ഐപ്പ് - കോട്ടപ്പടി |
| 4 | 1 | എം. സി. ലിസ്സി - കരിക്കാട് |
| | 2 | സി. ഓമന ഡേവിഡ് - പഴഞ്ഞി |
| **1965** | | |
| 9 | 1 | പി. സി. തമ്പി - പഴഞ്ഞി |
| | 2 | പി. ഐ. മോൻസി - കുന്നംകുളം |
| 8 | 1 | പി. സി. ഉണ്ണി - പഴഞ്ഞി |
| | 2 | പി. സി. മോഹിനി - - പഴഞ്ഞി |
| 7 | 1 | പി. ഒ. ചിന്നൻ - കാട്ടകാമ്പാൽ |
| | 2 | കെ. എം. എലിസബത്ത് - മങ്ങാട് |
| 6 | 1 | സി. ഐ. മോനി - മങ്ങാട് |
| | 2 | സി. സി. തങ്കമ്മ - മങ്ങാട് |
| 5 | 1 | പി. ബെന്നി അയ്പ് - കോട്ടപ്പടി |
| | 2 | പി. എം. ഗ്രേസി - അകനിയൂർ |
| 4 | 1 | ടി. വി. റീത്താ - കാട്ടകാമ്പാൽ |
| | 2 | സി. സി. മോളു - മങ്ങാട് |
| **1966** | | |
| 9 | 1 | സി. എം. ശാന്ത - കാട്ടകാമ്പാൽ |
| | 2 | പി. സി. മോഹിനി - പഴഞ്ഞി |
| 8 | 1 | പി. വി. കുഞ്ഞാമ്മ - മങ്ങാട് |
| | 2 | സി. റ്റി. കുഞ്ഞാമ്മ - മങ്ങാട് |
| 7 | 1 | സി. പി. കൊച്ചുമോൾ - പഴഞ്ഞി |
| | 2 | എം. ഐ. ബെറ്റി - കുന്നംകുളം |
| 6 | 1 | കെ. ഐ. കൊച്ചുമോൾ - പഴഞ്ഞി |
| | 2 | റ്റി. സി. മറിയാമ്മ - പഴഞ്ഞി |
| 5 | 1 | വി. പി. റീന - കുന്നംകുളം |
| | 2 | ടി. വി. റീത്ത - കാട്ടകാമ്പാൽ |
| 4 | 1 | ടി. റൂബി വർഗ്ഗീസ് - കാട്ടകാമ്പാൽ |
| | 2 | പി. വി. ശാന്ത - കാട്ടകാമ്പാൽ |

**1967**

| | | |
|---|---|---|
| 9 | 1 | പി. ഐവി മാത്യു – കുന്നംകുളം |
| | 2 | കെ. സൈമൺ ജോൺ – കുന്നംകുളം |
| 8 | 1 | സി. ടി. ഗ്രേസി – മങ്ങാട് |
| | 2 | പി. എം. തങ്കമണി – പഴഞ്ഞി |
| 7 | 1 | പി. സി. രാജൻ – മങ്ങാട് |
| | 2 | വി. സി. ചിന്ന – മങ്ങാട് |
| 6 | 1 | പി. കെ. മറിയാമ്മ – കാട്ടകാമ്പാൽ |
| | 2 | പി. വി. പാപ്പച്ചൻ – കാട്ടകാമ്പാൽ |
| 5 | 1 | പി. എം. ഗീവറുഗീസ് – ഐനൂർ |
| | 2 | സി. ഒ. കൊച്ചന്ന – പഴഞ്ഞി |
| 4 | 1 | സി. ടി. തമ്പി – മങ്ങാട് |
| | 2 | കെ. ആലീസ് ജോർജ്ജ് – കുന്നംകുളം |

### അദ്ധ്യാപക കോൺഫ്രൻസ്

മാറിവരുന്ന പരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് അധ്യാപനം സമർത്ഥമായി നിർവഹിക്കുവാൻ അധ്യാപകരെ സഹായിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് ഏകദിന സമ്മേളനങ്ങൾ അവർക്കായി സംഘടിപ്പിക്കുവാൻ ശ്രമം നടത്തിയിരുന്നു. കുന്നംകുളം, കോട്ടപ്പടി, കരിക്കാട് എന്നീ സ്ഥലങ്ങളിൽവച്ച് നടന്ന കോൺഫ്രൻസുകൾ വിജ്ഞാന സ്ഫോടനത്തിന്റെ ഈ തലമുറയിൽ കുട്ടികളെ കൈകാര്യം ചെയ്യുന്ന അധ്യാപകനെ ഗൗരവബോധമുള്ളവനാക്കാൻ സഹായിച്ചിട്ടുണ്ട്. 75-ൽ കുറയാതെ അധ്യാപകർ ഓരോ കോൺഫറൻസിലും സംബന്ധിച്ചിരുന്നു. അധ്യാപകർക്ക് പരസ്പരം പരിചയപ്പെടുവാനും നിലവാരങ്ങൾ താരതമ്യപ്പെടുത്തുവാനും പ്രശ്നങ്ങൾക്ക് ചർച്ചകളിലൂടെ പരിഹാരം കാണാനും ഈ സമ്മേളനങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്.

### 1965-നു ശേഷം

പൗരസ്ത്യ സണ്ടേസ്കൂൾ അസോസ്യേഷനിൽ ലയിച്ചപ്പോൾ പഴഞ്ഞി ഡിസ്ട്രിക്ട് ഒരു സ്വതന്ത്ര യൂണിറ്റായി. 9 അംഗങ്ങളുള്ള ഒരു കൊച്ചു യൂണിറ്റ്. വിഭജനം വേദനാജനകമായിരുന്നു. അതേവരെ നടത്തി വന്നിരുന്ന പല പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ ശക്തിപോരാതെ വന്നു. എങ്കിലും ഈ അടുത്ത കാലത്തായി രണ്ട് ഡിസ്ട്രിക്ടുകളും സംയുക്തരൂപത്തിൽ പ്രവർത്തിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് പ്രകാശമുള്ള ഒരു ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ശതവാർഷികം ആഘോഷിക്കുന്ന പഴഞ്ഞി സണ്ടേസ്കൂൾ കേന്ദ്രമായുള്ള ഈ ഡിസ്ട്രിക്ട് പ്രവർത്തനത്തിൽ അലസമായിരുന്നു എന്ന് ചിന്തിക്കരുത്.

## തീർത്ഥയാത്ര

ഡിസ്ട്രിക്ടിലെ എല്ലാ സണ്ടേസ്കൂൾ വിദ്യാർത്ഥികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് മലങ്കരയിലെ പ്രധാനപ്പെട്ട എല്ലാ തീർത്ഥാടനകേന്ദ്രങ്ങളിലേക്കും ഒരു തീർത്ഥയാത്ര സംഘടിപ്പിക്കുകയുണ്ടായി. ഉദ്ദേശം 80 പേർ പങ്കെടുത്ത ഈ തീർത്ഥാടനം ഭക്തിയുടെ പന്ഥാവിലേക്ക് അധ്യാപകരെയും വിദ്യാർത്ഥികളെയും ആനയിക്കുവാൻ പര്യാപ്തമായിരുന്നു. പെരുന്തുരുത്തി സണ്ടെസ്കൂളിൽ വച്ച് നടത്തിയ അധ്യാപക കോൺഫറൻസും ഒരു നേട്ടമായി അവകാശപ്പെടുവാൻ കഴിയും.

## സമുന്നത വിജയങ്ങൾ

1968 മുതൽ അസോസ്യേഷൻ നടത്തുന്ന എല്ലാ മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചു തുടങ്ങി. പ്രഥമവർഷം തന്നെ പി. ഐ. മേരിക്കുഞ്ഞിന് (പഴഞ്ഞി) അഖില മലങ്കര അടിസ്ഥാനത്തിലും വി. റ്റി. കൊച്ചുമോൾ (പഴഞ്ഞി) പി. സി. മോളു (പെങ്ങാമുക്ക്) എന്നിവർക്ക് കൊച്ചി ഭദ്രാസനാടിസ്ഥാനത്തിലും സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന സ്കൂളുകൾക്ക് സീനിയർ-ജൂണിയർ വിഭാഗങ്ങൾക്കായി യഥാക്രമം പുലിക്കോട്ടിൽ ചുമ്മാർ ഇട്ട്യേശ്ശന്റെ സ്മാരകമായി പൗത്രനായ ശ്രീ. പി. വി. കൊച്ചുകുഞ്ഞനും കുന്നംകുളം പീപ്പിൾ സ്റ്റോഴ്സിന് വേണ്ടി പ്രൊപ്രൈറ്റർ ശ്രീ. വി. കെ. ചുമ്മാരും ഓരോ റോളിംഗ് കപ്പുകൾ സംഭാവന ചെയ്തത് കൃതജ്ഞതയോടെ ഇത്തരുണത്തിൽ സ്മരിക്കുന്നു. രണ്ടു വിഭാഗങ്ങൾക്കായുള്ള കപ്പുകളും കഴിഞ്ഞ രണ്ട് വർഷങ്ങളിലും പഴഞ്ഞി സണ്ടേസ്കൂൾ കരസ്ഥമാക്കുകയുണ്ടായി. 1969 വിജയങ്ങളുടെ ഘോഷയാത്രയായിരുന്നു. ഭദ്രാസനാടിസ്ഥാനത്തിലും അഖില മലങ്കരാടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയത് ഈ ഡിസ്ട്രിക്ട് ആണ്. വിജയികളുടെ പേരുവിവരം താഴെ ചേർക്കുന്നു.

### ഭദ്രാസനാടിസ്ഥാനത്തിൽ (സീനിയർ)

ആരാധനാഗീതം. 2. സി. വി. വർഗ്ഗീസ്, പി. വി. പീറ്റർ, സി. കെ. വർഗ്ഗീസ് (പഴഞ്ഞി)

പ്രസംഗം 2. പി. സി. മണി പെങ്ങാമുക്ക്

വാക്യം 1. സി. കെ. കൊച്ചുമോൾ (പഴഞ്ഞി) 2. വി. ടി. കൊച്ചുമോൾ (പഴഞ്ഞി)

പൊതുവിജ്ഞാനം 1. എം. വി. ജോബ് (പഴഞ്ഞി)

**ജൂണിയർ**

പ്രസംഗം 1. ബേബി പോൾ (മങ്ങാട്).

വാക്യം. 1. പി. ഉഷാ ജേക്കബ് പഴഞ്ഞി, 2. കെ. ആനി ജോസഫ് പഴഞ്ഞി.

**അഖിലമലങ്കരാടിസ്ഥാനത്തിൽ (സീനിയർ)**

വാക്യം. 2. വി. റ്റി. കൊച്ചുമോൾ (പഴഞ്ഞി)

സംഗീതം. 1. കെ. എം. കൊച്ചുമോൾ (മങ്ങാട്)

പൊതുവിജ്ഞാനം. 2. എം. വി. ജോബ് (പഴഞ്ഞി)

**ജൂണിയർ**

പ്രസംഗം. 1. പി. സി. മോളു (പെങ്ങാമുക്ക്)

വാക്യം. 1. കെ. മിനി പാപ്പച്ചൻ (മങ്ങാട്)

2. എ. പി. സഖറിയ (പെരുന്തുരുത്തി)

**അഖില മലങ്കരാടിസ്ഥാനത്തിൽ**

വാക്യം. 2. വി. റ്റി. കൊച്ചുമോൾ (പഴഞ്ഞി)

ജില്ലാ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കുട്ടികളുടെ മത്സരബുദ്ധി ഉത്തേജിപ്പിക്കുന്നത് സമ്മാനങ്ങൾ ആണ്. വിജയികൾക്കെല്ലാം ജില്ലാതലത്തിൽ സമ്മാനം നൽകുക എന്നത് പണച്ചിലവുള്ളതാണെങ്കിലും ഒരു നല്ല കാര്യമാണ് എന്ന് ആരും സമ്മതിക്കും. വർഷത്തിൽ ചുരുങ്ങിയത് 300 രൂപ പ്രവർത്തനത്തിന് ചിലവാകുന്നുണ്ട്. സ്വന്തം കാര്യങ്ങൾ നടത്തുവാൻ കഴിവില്ലാത്ത സണ്ടേസ്കൂളുകൾക്ക് ജില്ലാപ്രവർത്തനത്തിന് എങ്ങനെ സഹായിക്കുവാൻ സാധിക്കും? ഉദാരമനസ്കരായ സഭാസ്നേഹികളുടെ ശ്രദ്ധ ഈ രംഗത്തേക്ക് തിരിയുന്നത് മെച്ചപ്പെട്ട ജില്ലാ പ്രവർത്തനത്തിന് പ്രോത്സാഹജനകമാണ്.

(1971–ൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് സണ്ടെസ്കൂളിന്റെ ശതവത്സരാഘോഷങ്ങളുടെ ഭാഗമായി, റവ. ഡീക്കൻ ജോസഫ് ചീരൻ എഡിറ്റർ ആയി പ്രസിദ്ധീകരിച്ച സെന്റിനറി സുവനീറിൽ അന്നത്തെ പഴഞ്ഞി ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ ആയിരുന്ന റവ. ഫാ. കെ. സി. ജോസഫ് എഴുതിയ ലേഖനം. ജില്ലയുടെ ചരിത്രത്തിൽ നാളിതു

വരെ മറ്റൊരു വൈദികനും ഈ സ്ഥാനത്ത് പ്രവർത്തിച്ചിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയം. പിൽക്കാലത്ത് മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായും ആയി ഉയർന്ന പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ (കെ. ഐ. പോൾ, മങ്ങാട്), ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ഗീവറുഗീസ് കൊള്ളന്നൂർ (കുന്നംകുളം), ഫാ. സി. സി. ചെറിയാൻ (മരത്തംകോട്), ഫാ. ജോസഫ് തോലത്ത് (പെങ്ങാമുക്ക്) എന്നിവർ സണ്ടേസ്കൂൾ വിദ്യാർത്ഥികൾ ആയിരുന്ന കാലത്തെപ്പറ്റി യുള്ള റിപ്പോർട്ട് ആണ് ഈ ലേഖനത്തിലെ പ്രതിപാദ്യം. കുന്നം കുളം-പഴഞ്ഞി സണ്ടേസ്കൂൾ അസോസ്യേഷന്റെ മുഖ്യശില്പിയും സംഘാടകനും ആയിരുന്ന ലേഖകൻ അക്കാലത്ത് പ്രകടിപ്പിച്ച സംഘാ ടകപാടവം ലേഖനത്തിൽ തെളിഞ്ഞ് കാണുന്നുണ്ട്. - എഡിറ്റർ)

# മാർ ഡയനീഷ്യസ് കോളജ്, പഴഞ്ഞി

കൊച്ചി മെത്രാസനത്തിന്റെ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1962 മാർച്ച് 17-ാം തീയതി കാലം ചെയ്തതിനെ തുടർന്ന് തുമ്പമൺ മെത്രാസനത്തിന്റെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി മെത്രാസനത്തിന്റെ അധികചുമതല ഏറ്റെടുക്കേണ്ടിവന്നു. കുന്നംകുളം പരിസരത്ത് ഓർത്തഡോക്സ് സഭയ്ക്ക് ഒരു കലാലയം സ്ഥാപിക്കണമെന്ന അഭിലാഷം ആദ്യമായി പ്രകടിപ്പിച്ചത് അദ്ദേഹമാണ്. കുന്നംകുളം കോഴിക്കോട് റോഡരുകിൽ കുന്നംകുളത്തുനിന്ന് 7 കിലോമീറ്റർ വടക്ക് പെരുമ്പിലാവ് "പരുവകുന്ന്" എന്ന് അറിയപ്പെടുന്ന ഒരു കുന്നിൻചെരുവാണ് കോളജിനുവേണ്ടി 1963-ൽ തിരഞ്ഞെടുത്തത്. മലങ്കരസഭാതലത്തിൽ സ്ഥാപിക്കുന്ന ആദ്യ കലാലയം കോട്ടയത്ത് ആയിരിക്കണമെന്ന് സഭാകേന്ദ്രം തീരുമാനിക്കുകയും ബസേലിയോസ് കോളജ് ആരംഭിക്കുകയും ചെയ്തു. 1965-ൽ വീണ്ടും സഭാതലത്തിൽ മറ്റൊരു കലാലയം കൂടി ആരംഭിക്കുന്നതിനുള്ള തീരുമാനമായി. എന്നാൽ അത് തീരെ അവഗണിക്കപ്പെട്ടു കിടക്കുന്ന മലബാർ പ്രദേശത്ത് ആയിരിക്കണമെന്ന് സഭാകേന്ദ്രം തീരുമാനിക്കുകയും സുൽത്താൻ ബത്തേരിയിൽ സെന്റ് മേരീസ് കോളജ് ആരംഭിക്കുകയും ചെയ്തു. ഇവിടുത്തെ സഭാമക്കളും പൊതുജനങ്ങളും വീണ്ടും നിരാശരായി. സഭാകേന്ദ്രത്തിൽ സ്വാധീനമുള്ളവർ ഇവിടെ കുറവായിരുന്നതിനാൽ ആണ് ഇവിടുത്തുകാരുടെ ആഗ്രഹം സഫലമാകാതെ പോയത്. 1970-ൽ കൊച്ചി മെത്രാസന സെക്രട്ടറിയായി ഫാ. കെ. സി. ജോസഫ് തിരഞ്ഞെടുക്കപ്പെടുകയും സഭാകേന്ദ്രമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തു. ആയതിന്റെ ഫലമായാണ് 1978 മെയ് 15-ാം തീയതി 5 മെത്രാന്മാരുടെ സ്ഥാനാരോഹണം പഴഞ്ഞിയിൽവച്ച് നടത്തുവാൻ സംഗതിയായത്. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായോടും സഭാനേതാക്കളോടും കുന്നംകുളം പരിസരത്ത് ഒരു കലാലയം ആരംഭിക്കേണ്ടതിന്റെ ആവശ്യവും ആഗ്രഹവും ബോധ്യപ്പെടുത്തിയതിന്റെ ഫലമായി 1979 ജൂലായ് 5-ാം തീയതി കൂടിയ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി കുന്നംകുളം ഭാഗത്ത് ഒരു കോളജ് സ്ഥാപിക്കുന്നതിനോട് പ്രത്യേകം താല്പര്യം കാണിച്ച് തീരുമാനം ചെയ്തു.

കൊച്ചി മെത്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ 85/79-ാം നമ്പർ കല്പനപ്രകാരം 1979 ഒക്ടോബർ 28-ാം തീയതി യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാ

പ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കുന്നംകുളം പഴയപള്ളിയിൽ വച്ച് കൊച്ചി മെത്രാസനക്കാരുടെ ഒരു യോഗം കൂടി. പ. കാതോലിക്കാബാവാ രക്ഷാധികാരി, യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ പ്രസിഡണ്ട്, ചെറിയാൻ റ്റി. വർഗ്ഗീസ് കൺവീനർ, ഫാ. കെ. സി. ജോസഫ് സെക്രട്ടറി, പി. റ്റി. ഉതുപ്പൂരു ട്രഷറാർ, ഫാ. പീറ്റർ ചെറുവത്തൂര്, ഫാ. ജോസഫ് പുലിക്കോട്ടിൽ, ഫാ. പി. സി. സൈമൺ, ആർത്താറ്റ് –പഴഞ്ഞി പള്ളി കൈക്കാരന്മാർ, പി. വി. ജോബ്, സി. ഐ. തോമസ് വക്കീൽ, സി. ഐ. ചേറു, പി. എം. ജോസ്, പി. പി. പാപ്പച്ചൻ, ഉല്ലാസ് കാക്കശ്ശേരി, സി. സി. ഉട്ടൂപ്പ് എന്നിവർ ഉൾക്കൊള്ളുന്ന ഒരു വർക്കിംഗ് കമ്മിറ്റിയും കുന്നംകുളം സോണിൽപ്പെട്ട എല്ലാ പള്ളിവികാരിമാരും കൈക്കാരന്മാരും മറ്റും ഉൾക്കൊള്ളുന്ന ഒരു ജനറൽ കമ്മിറ്റിയും തിരഞ്ഞെടുക്കപ്പെട്ടു (മറ്റു പല കമ്മിറ്റികളിലും ഉണ്ടാകാറുള്ളതുപോലെ ഒരിക്കലും മീറ്റിംഗിന് വരാത്ത കമ്മിറ്റിക്കാരും ഉണ്ടായിട്ടുണ്ട്). 1979 ഒക്ടോബർ 31–ാം തീയതി പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കോളജിന് അപേക്ഷ സമർപ്പിച്ചു.

കുന്നംകുളം ഭാഗത്ത് കോളജിന് സ്ഥലം ലഭിക്കുവാൻ പ്രയാസമാണെന്ന് ഐക്യകണ്ഠേന അഭിപ്രായപ്പെട്ടതിനാൽ പഴഞ്ഞി, മങ്ങാട്, അകതിയൂര്, മരത്തംകോട്, പോർക്കുളം, തിപ്പിലിശ്ശേരി പരിസരങ്ങളിൽ സൗകര്യപ്രദവും വില കുറഞ്ഞതുമായ സ്ഥലം അന്വേഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. 1979 നവംബർ 13–ാം തീയതി പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ വർക്കിംഗ് കമ്മിറ്റി മേൽപറഞ്ഞ സ്ഥലങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു. സൗകര്യപ്രദവും വിലകുറഞ്ഞതും മൂന്ന് വില്ലേജുകളുടെയും 3 പഞ്ചായത്തുകളുടെയും 3 താലൂക്കുകളുടെയും 3 ജില്ലകളുടെയും 4 നിയോജക മണ്ഡലങ്ങളുടെയും സംഗമസ്ഥാനമായ പഴഞ്ഞി അരുവായിയിൽ ആവശ്യമായ സ്ഥലം വാങ്ങുവാൻ നിശ്ചയിച്ചു. ഇത്രയും ആയപ്പോൾ പ്രസ്തുത വർഷത്തിൽ പുതിയ കലാലയങ്ങൾക്ക് അനുമതി നൽകുന്നില്ലെന്നുള്ള യൂണിവേഴ്സിറ്റിയുടെ നയം സംഘാടകരെ അല്പം നിരുത്സാഹപ്പെടുത്തി.

കോളജിന് ആവശ്യമായ സ്ഥലം ഏക്കറിന് 10000 രൂപ വച്ച് ഭൂഉടമകളുമായി കരാർ ഉണ്ടാക്കി. പള്ളികൾക്കും സംഘടനകൾക്കും വ്യക്തികൾക്കും സഹായം അഭ്യർത്ഥിച്ച് പ. കാതോലിക്കാബാവാ കല്പന അയച്ചു. ആർത്താറ്റ് പള്ളി 6 ഏക്കർ, കുന്നംകുളം എം. ജി. എം. 4 ഏക്കർ, പഴഞ്ഞി പള്ളി 3 ഏക്കർ, കാട്ടകാമ്പാൽ പള്ളി 1 ഏക്കർ, മറ്റു പല വ്യക്തികളും സ്ഥലം വാഗ്ദാനം ചെയ്തെങ്കിലും യഥാർത്ഥത്തിൽ ലഭിച്ച

വിവരം താഴെ ചേർക്കുന്നു. പ. ബാവായുടെ പേരിൽ പഴഞ്ഞിപള്ളി 6 ഏക്കറും കുന്നംകുളം എം.ജി.എം. 2 ഏക്കറും തീറുവാങ്ങി. കാട്ടകാമ്പാൽ പള്ളി, കോട്ടപ്പടി പള്ളി, മങ്ങാട് പി. യു. കൊച്ചുണ്ണി, സി. വി. ഉക്കുറുകുട്ടി, കോട്ടപ്പടി പി. യു. വർഗ്ഗീസ്, കുന്നംകുളം സി. ഐ. ചേറു, പഴഞ്ഞി കെ. ജെ. പോൾ, പി. റ്റി. ഉതുപ്പൂരു, എം. സി. വർഗ്ഗീസ്, പി. വി. ജോബ്, റ്റി. എം. ജോബ്, പാലക്കാട് പി. ഐ. സൈമൺ, കാട്ടകാമ്പാൽ ഡോ. ജയപ്രകാശ് എന്നിവർ ഓരോ ഏക്കറും തീറു വാങ്ങി.

മുൻ എം.എൽ.എ. യും കൊച്ചി ദേവസ്വം ബോർഡ് അംഗവുമായ ശ്രീ. റ്റി. കെ. കൃഷ്ണൻ കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു കോളജ് കുന്നംകുളത്ത് ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തുന്നതായി 1980 ജൂൺ 5-ാം തീയതിയിലെ മാതൃഭൂമിയിൽ പ്രസ്താവന വന്നു. വട ക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ. യും സ്ഥലവാസിയുമായ ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരി ഭരണകക്ഷിയിൽ അല്ലാ ത്തതു കൊണ്ട് സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ എം. ഡി. കോളജിന് ആരുമില്ലാത്ത സന്ദർഭത്തിൽ ആ വിടവ് നികത്തുവാൻ ഭരണകക്ഷിയിൽ പെട്ട കുന്നംകുളം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. കെ. പി. വിശ്വനാഥൻ സന്നദ്ധനായതിനാൽ 1980 ജൂലായ് 23-ാം തീയതിയും തുട ർന്നും തലസ്ഥാനത്തു പോയി ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. ബേബി ജോണിനേയും ബഹു. മറ്റു മന്ത്രിമാരേയും വകുപ്പ് അദ്ധ്യക്ഷന്മാരെയും കണ്ട് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. പഴഞ്ഞിയുടെ സമീപ പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി അയക്കുന്നത് കൂടുതൽ സൗകര്യ പ്രദമാകുമെന്ന് ബ. വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചു. പ. കാതോലിക്കാ ബാവാ 1980 ഒക്ടോബർ 26-ാം തീയതി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രണ്ടാം പ്രാവശ്യം അപേക്ഷ സമർപ്പിച്ചു.

ബ. മന്ത്രിയുടെ നിർദ്ദേശപ്രകാരം കാട്ടകാമ്പാൽ, പോർക്കുളം, കട വല്ലൂർ, ചാലിശ്ശേരി, ആലങ്ങോട്, നന്നംമുക്ക്, പുന്നയൂർ, പുന്നയൂർകുളം, കടങ്ങോട് തുടങ്ങിയ പഞ്ചായത്തുകൾ പ്രമേയങ്ങൾ പാസ്സാക്കി അധികാ രസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. കോളജിന് ആവശ്യ മായ സ്ഥലം മലങ്കരസഭയ്ക്ക് അരുവായിപാടത്ത് ഉള്ളതിനാലും പഞ്ചാ യത്തുകൾ പ്രമേയം പാസ്സാക്കിയതിനാലും ഭരണകക്ഷി എം.എൽ.എ. സഹായത്തിനുള്ളതിനാലും രണ്ടാം പ്രാവശ്യത്തെ അപേക്ഷ ആയതി നാലും കോളജ് അനുവദിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാ കുക യില്ലെന്ന് വിശ്വസിച്ചു. ഈ സമയത്ത് ദേവസ്വം കോളജിനുവേണ്ടി പ്രവർത്തിച്ചിരുന്ന ശ്രീ. റ്റി. കെ. കൃഷ്ണൻ ചരമം പ്രാപിച്ചതിനാൽ എം.എൽ.എ. ശ്രീ. കെ. പി. വിശ്വനാഥനും മറ്റും ദേവസ്വം കോളജിനു വേണ്ടി പ്രവർത്തിപ്പാൻ തുടങ്ങി. 1981 ഏപ്രിൽ 22-ാം തീയതി യൂണി

വേഴ്സിറ്റി കമ്മീഷൻ അംഗങ്ങളായ ശ്രീ. പി. പി. ജോർജ്ജ്, ശ്രീ. റ്റി. ശിവദാസമേനോൻ, ശ്രീ. അഡ്വക്കേറ്റ് സുജനപാൽ എന്നിവർ സ്ഥലപരിശോധന നടത്തി സംതൃപ്തരായി. വീണ്ടും തലസ്ഥാനത്തുപോയി നിവേദനം നടത്തി. പഞ്ചായത്തുകൾ പാസ്സാക്കിയ പ്രമേയങ്ങളും മറ്റും ഹാജരാക്കിയപ്പോൾ ഇത് ഉണ്ടാക്കുവാൻ എന്താണ് പ്രയാസം എന്ന് പറഞ്ഞ് ബ. വിദ്യാഭ്യാസമന്ത്രി പുച്ഛിച്ചു തള്ളി. കോളജിന് അത്യാവശ്യമായ സ്ഥലംപോലും ഇല്ലാതിരുന്ന ദേവസ്വം ബോർഡിന് കോളജ് അനുവദിക്കുകയും പഴഞ്ഞി കോളജിന്റെ രണ്ടാം അപേക്ഷയും നിരസിക്കുകയും ചെയ്തു (പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഉദ്ഘാടന സമ്മേളനത്തിലെ റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളിയുടെ പ്രസംഗം ഓർമ്മിക്കുക).

ഒന്നു തോറ്റാൽ 3 എന്ന പഴമൊഴിപോലെ 1981 ഒക്ടോബറിൽ പ. കാതോലിക്കാബാവാ മൂന്നാം പ്രാവശ്യവും യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകി. യൂണിവേഴ്സിറ്റി കമ്മീഷൻ വീണ്ടും സ്ഥലപരിശോധന നടത്തി. അപ്പോഴേക്കും നിലവിലുള്ള മന്ത്രിസഭ രാജിവയ്ക്കുകയും തിരഞ്ഞെടുപ്പിൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായ പുതിയ മന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്തു. മേൽപറഞ്ഞ പഞ്ചായത്ത് പ്രസിഡണ്ടുമാരും എല്ലാ രാഷ്ട്രീയകക്ഷികളും ചേർന്ന് യോഗം കൂടി പ. കാതോലിക്കാബാവാ രക്ഷാധികാരിയും യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ ഉപരക്ഷാധികാരിയും എം.എൽ.എ. ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരി പ്രസിഡണ്ടും നന്നംമുക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി കെ. ആയിഷകുട്ടി ടീച്ചർ, കാട്ടകാമ്പാൽ പഞ്ചായത്ത് മെമ്പർ ശ്രീ. കെ. എം. ജയിക്കബ്, ശ്രീ. കെ. പി. ജയകൃഷ്ണൻ എന്നിവർ വൈസ് പ്രസിഡണ്ടുമാരും ചെറിയാൻ റ്റി. വർഗ്ഗീസ് കൺവീനറും ഫാ. കെ. സി. ജോസഫ് സെക്രട്ടറിയും കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. റ്റി. ഉതുപ്പൂരു ട്രഷറാറും നിലവിലുള്ള വർക്കിംഗ് കമ്മിറ്റി അംഗങ്ങൾക്കു പുറമെ പി. ഐ. ജോൺസൺ, റ്റി. കെ. ജനാർദ്ദനൻ, ജോർജ്ജ് കൊള്ളന്നൂർ, കെ. പി. ശ്രീധരൻ നായർ, കെ. എ. മുഹമ്മദ് എന്നിവരും സമീപ പഞ്ചായത്ത് പ്രസിഡണ്ടുമാരും അംഗങ്ങളായും ഉള്ള ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം പുനരാരംഭിച്ചു.

എം.എൽ.എ. ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലും കാട്ടകാമ്പാൽ, കടവല്ലൂർ, ചാലിശ്ശേരി, നന്നംമുക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ സഹകരണത്തിലും മറ്റു കമ്മിറ്റി മെമ്പർമാരോടുകൂടി തലസ്ഥാന നഗരിയിൽ 1982 മെയ് 28-ാം തീയതി ബ. മുഖ്യമന്ത്രി കെ.

കരുണാകരൻ, ബ. വിദ്യാഭ്യാസമന്ത്രി ശ്രീ. റ്റി. എം. ജെയിക്കബ്, ബ. ജലസേചനമന്ത്രി ശ്രീ. എം. പി. ഗംഗാധരൻ, ബ. റവന്യൂ മന്ത്രി ശ്രീ. പി. ജെ. ജോസഫ് എന്നിവരെ കണ്ട് നിവേദനം സമർപ്പിച്ചു. എം.എൽ.എ. മാരായ ശ്രീ. റ്റി. എസ്. ജോൺ, ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. പി. സി. തോമസ് എന്നിവർ കോളജ് അനുവദിക്കും എന്ന് പ്രത്യാശ പ്രകടിപ്പിച്ച് പ്രോത്സാഹിപ്പിച്ചു. എം.എൽ.എ. ശ്രീ. വി. എം. സുധീരന്റെ നിർദ്ദേശപ്രകാരം തൃശൂർ ജില്ലയിലെ ഭരണകക്ഷിയിൽപെട്ട എം.എൽ.എ. മാരായ വി. എം. സുധീരൻ, തേറമ്പിൻ രാമകൃഷ്ണൻ, പി. കെ. കെ. ബാവാ, രാഘവൻ പൊഴക്കടവിൽ, സിദ്ധാർത്ഥൻ കാട്ടുങ്ങൽ എന്നിവർ പഴഞ്ഞി കോളജിനുവേണ്ടി പ്രത്യേകം മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്ത് പോയ സമയങ്ങളിലെല്ലാം കടവല്ലൂർ സ്വദേശിയും കേരള ടൈംസിന്റെ പ്രതിനിധിയും ആയ കൃഷ്ണൻ മൂസ്സതിന്റെ സഹായം ഉണ്ടായിട്ടുണ്ട് (കോളജ് അനുവദിക്കുന്നതിൽ യാതൊരു സംശയത്തിനും ഇടയില്ലാത്ത – അത്രയ്ക്കും ശുഭാപ്തിവിശ്വാസത്തിൽ ഇരിക്കുമ്പോഴാണ് 1982 സെപ്റ്റംബർ 9–ാം തീയതി ലൈസോൺ കമ്മിറ്റി തീരുമാനം വന്നത്. പഴഞ്ഞി കോളജിന്റെ പേരില്ല. കമ്മിറ്റി അംഗങ്ങളെയും ദേശനിവാസികളെയും ഇത് വല്ലാതെ വേദനിപ്പിച്ചു. ദുഃഖത്തിന്റെയും നിരാശയുടെയും പടുകുഴിയിൽ കിടന്ന് എന്തുവേണമെന്ന് അറിയാതെ കമ്മിറ്റിക്കാർ ഓടിനടന്നു. തൃശൂര് എത്തിയപ്പോൾ നമ്മുടെ പ്രിയങ്കരനായ എം.എൽ.എ. ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരിയെ കണ്ടു വിവരം ധരിപ്പിച്ചു. സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പി. പി. ജോർജ്ജും ഉണ്ടായിരുന്നു. തൃശൂർ രാമനിലയത്തിൽ ക്യാമ്പ് ചെയ്യുന്ന ബ. മുഖ്യമന്ത്രിയെ കണ്ട് സാവകാശം ശരിപ്പെടുത്താം എന്ന് പറഞ്ഞു ഞങ്ങളെ ആശ്വസിപ്പിച്ചു. ബ. മുഖ്യമന്ത്രിയെ കണ്ട് ഞങ്ങളുടെ ആവശ്യങ്ങളും ആവലാതികളും ബോധിപ്പിച്ചെങ്കിലും അനുകൂല മറുപടി ഉണ്ടായില്ല. മടങ്ങുവാൻ നേരം കോളജ് അനുവദിച്ചാൽ ഈ വർഷം തുടങ്ങുവാൻ സൗകര്യമുണ്ടോ എന്ന് സ്വതഃസിദ്ധമായ ചെറുപുഞ്ചിരിയോടെ പതിഞ്ഞസ്വരത്തിൽ ചോദിച്ചു. ആ ചോദ്യത്തിൽ അന്തർലീനമായ ഒരു ചെറിയ പ്രത്യാശയുമായി മടങ്ങിപ്പോന്നു. പിറ്റേദിവസം (11–9–1982) നടന്ന ക്യാബിനറ്റിൽ പഴഞ്ഞി മാർ ഡയനീഷ്യസ് കോളജ് അനുവദിച്ചു എന്ന സന്തോഷവാർത്ത തലസ്ഥാനത്തുനിന്ന് ശ്രീ. കൃഷ്ണൻ മൂസ്സത് ഫോണിൽ 3 മണിക്കും റേഡിയോവിൽ 6 മണിക്കും ശ്രവിച്ചപ്പോൾ പ്രവർത്തകരുടെ ഹൃദയം ആഹ്ലാദം കൊണ്ട് തിരതല്ലി.

കോളജിനുവേണ്ടി പ്രവർത്തിച്ച യുണിവേഴ്സിറ്റി ഭാരവാഹികളോടും ബ. മുഖ്യമന്ത്രിയോടും പ്രത്യേകാൽ ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരിയോടും കടപ്പാട് രേഖപ്പെടുത്തുന്നു.

1982 നവംബർ ഒന്നാം തീയതി സിൻഡിക്കേറ്റ് അംഗമായ പി. പി. ജോർജ്ജ്, പ്രൊഫസർമാരായ എൻ. കെ. ശേഷൻ, കെ. പി. ആർ. മേനോൻ, കെ. ജെ. അഗസ്റ്റിൻ എന്നിവരടങ്ങുന്ന യൂണിവേഴ്സിറ്റി സബ്ജക്റ്റ് കമ്മീഷൻ കോളജ് നടത്തുന്നതിനുള്ള എല്ലാ സൗകര്യവും ഇവിടെയുണ്ടെന്ന് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് യൂണിവേഴ്സിറ്റിയുടെ താൽക്കാലിക അംഗീകാരം ലഭ്യമായി.

കോട്ടയം പഴയസെമിനാരി ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായുടെ കബറിടത്തിൽ നിന്നും കൊളുത്തിയ ദീപശിഖ കോളജിന്റെ ഉദ്ഘാടനം നടത്തുന്ന പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി മൈതാനത്ത് എതിരേറ്റ് സ്വീകരിച്ചു.

1982 ഡിസംബർ 15-ാം തീയതി പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബ. മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ കോളജിന്റെയും ബ. വിദ്യാഭ്യാസമന്ത്രി ശ്രീ. റ്റി. എം. ജെയിക്കബ് സമ്മേളനത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. 1982 ഡിസംബർ 7-ാം തീയതി യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ മാനേജരും ഫാ. കെ. സി. ജോസഫ് സെക്രട്ടറിയും പി. റ്റി. ഉതുപ്പൂരു ട്രഷററും ആയി പ. ബാവാ നിശ്ചയിച്ചു. അദ്ധ്യാപക അനദ്ധ്യാപകരെ നിശ്ചയിക്കുവാൻ ഫാ. മത്തായി നൂറനാൽ, ഫാ. കെ. സി. ജോസഫ്, പ്രൊ. ചെറിയാൻ റ്റി. വർഗ്ഗീസ്, ഒ. എ. മാത്യു എന്നിവരെ ചുമതലപ്പെടുത്തി. പ്രിൻസിപ്പാളായി പ്രൊ. കെ. എം. കുറിയാക്കോസിനെ നിയമിച്ചു. പഴഞ്ഞി പള്ളികെട്ടിടങ്ങളിൽ ക്ലാസ്സുകൾ ആരംഭിച്ചു.

1983 ഏപ്രിൽ 6-ാം തീയതി സ്ഥിരം കെട്ടിടത്തിന് അടിസ്ഥാനമിടുന്നതിനുള്ള ശില പഴഞ്ഞി പള്ളിയിൽനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്നു. പ. കാതോലിക്കാബാവാ ശിലാസ്ഥാപനം നടത്തി. പ്രസ്തുത സമ്മേളനത്തിൽ കെ. എസ്സ്. നാരായണൻ നമ്പൂതിരി, റ്റി. ശിവദാസമേനോൻ, പി. പി. ജോർജ്ജ്, പ്രൊ. എൻ. കെ. ശേഷൻ, പ്രൊ. വി. എ. രാഘവൻ, എ. പി. മുഹമ്മദാലി, എം. കെ. ആയിഷകുട്ടി ടീച്ചർ എന്നിവർ ആശംസകളർപ്പിച്ചു.

തിരുവനന്തപുരം സി. ഡി. എ. സെക്രട്ടറി ജോസഫ് അലക്സാണ്ടർ തയ്യാറാക്കിയ പ്ലാൻ അനുസരിച്ച് 800 അടി നീളവും 30 അടി വീതിയും 3 നിലകളുള്ള കെട്ടിടത്തിന്റെ പകുതി പൂർത്തിയാക്കി. പണിക്ക് റിറ്റയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ കെ. കെ. ജോൺ മേൽനോട്ടം വഹിച്ചു. പാറശാല ആർ. ജോർജ്ജ് നിർമ്മാണം നടത്തി. പണിക്ക് ആദ്യം

കൊണ്ടുവന്ന 4000 ഇഷ്ടിക തൊഴിലാളി യൂണിയനുകളുടെ തർക്കം മൂലം കമ്മിറ്റിക്കാർ തന്നെയാണ് ഇറക്കിയത്.

1985 മാർച്ച് 13-ാം തീയതി രാവിലെ കെട്ടിടത്തിന്റെ കൂദാശ പ. കാതോലിക്കാബാവാ നിർവ്വഹിച്ചു. തുടർന്ന് 5 മണിക്ക് യാക്കൂബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ഉൽഘാടനം ചെയ്തു. റവ. ഫാ. മത്തായി നൂറനാൽ (സെനറ്റ് മെമ്പർ), ശ്രീ. കെ. എസ്സ്. നാരായണൻ നമ്പൂതിരി (എം.എൽ.എ. വടക്കാഞ്ചേരി), ശ്രീ. സാജൻ പീറ്റർ (ആർ.ഡി.ഒ. തൃശൂർ), ശ്രീ. പി. പി. ജോർജ്ജ് (സിൻഡിക്കേറ്റ് മെമ്പർ), പ്രൊ. വി. പി. രവീന്ദ്രൻ (ഡപ്യൂട്ടി ഡയറക്ടർ ഓഫ് കോളജിയേറ്റ് എഡ്യൂക്കേഷൻ തൃശൂർ), ശ്രീ. ജോസഫ് അലക്സാണ്ടർ (സെക്രട്ടറി സിറ്റി ഡവലപ്മെന്റ് അതോരിട്ടി, തിരുവനന്തപുരം), ശ്രീ. എ. വി. പോൾ (ചെയർമാൻ സൗത്ത് ഇന്ത്യൻ ബാങ്ക്, തൃശൂർ), ശ്രീ. പി. റ്റി. ഉതുപ്പൂരു (കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡണ്ട്) എന്നിവർ ആശംസാ പ്രസംഗം നടത്തുകയും പ്രിൻസിപ്പാൾ പ്രൊ. കെ. എം. കുറിയാക്കോസ് സ്വാഗതവും പ്രൊ. ചെറിയാൻ റ്റി. വർഗ്ഗീസ് റിപ്പോർട്ടും, ഫാ. കെ. സി. ജോസഫ് കൃതജ്ഞതയും അവതരിപ്പിച്ചു.

കൊച്ചി മെത്രാസനത്തിൽനിന്ന് കുന്നംകുളം മെത്രാസനം രൂപീകരിച്ചപ്പോൾ കുന്നംകുളം മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി 1986 ജനുവരി 15-ാം തീയതി മുതൽ മാനേജരായി പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ സെക്രട്ടറി പി. യു. വർഗ്ഗീസും ട്രഷറാർ കെ. പി. ജെയിക്കബും ആണ്.

പ്രൊ. കെ. എം. കുറിയാക്കോസ് (16-2-1982 - 31-3-1992), ഡോ. കെ. റ്റി. കുരിയൻ (1-4-1992 - 4-7-1995), പ്രൊ. പി. സി. ഏലിയാസ് (5-7-1995 - 31-5-1998), പ്രൊ. ഇ. ജോൺ മാത്യു (1-6-1998 - 31-3-2000), ഡോ. മാത്യു കുരിയൻ (1-4-2000 - 31-3-2002), റവ. ഫാ. ഇ. എം. ഫിലിപ്പ് എന്നിവർ മുൻ പ്രിൻസിപ്പാൾമാരാണ്.


ബി. എ. ഇക്കണോമിക്സ്, ബി. എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ്, ബി.എസ്.സി. മാത്തമാറ്റിക്സ്, ബി.ബി.എ., എം.എ. ഇക്കണോമിക്സ്, കമ്പ്യൂട്ടർ എന്നിവ പഠനവിഷയങ്ങളാണ്. 2001-ൽ ബി.ബി.എ. യ്ക്ക് ഒന്നാം റാങ്ക് ലിനി പി. ചേറുവും (779 മാർക്ക്), അഞ്ജു പി. ബി. രണ്ടാം റാങ്കും (759 മാർക്ക്) കരസ്ഥമാക്കി.

(കുന്നംകുളം: ചരിത്രവും സംസ്ക്കാരവും എന്ന പേരിൽ ഇറക്കുവാൻ നിശ്ചയിച്ച ഗ്രന്ഥത്തിലേക്ക് 2003-ൽ തയ്യാറാക്കിയത്. ഫാ. ഡോ.

ജോസഫ് ചീരൻ അതിന്റെ ചീഫ് എഡിറ്റർ ആയിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ആ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടില്ല.)

**കുറിപ്പുകൾ** (ഗ്രന്ഥകാരൻ)

1. ഈ വർഷത്തിന് രേഖകളുടെ പിൻബലമില്ല.
2. ഫാ. ഗീവർഗീസ് ചീരൻ ആയിരുന്നു അന്നത്തെ വികാരി.
3. മദ്ബഹായിലെ ചിത്രങ്ങൾ ഇപ്പോൾ കാണുന്നില്ല.
4. അദ്ദേഹം കൊച്ചിയുടെ ചുമതല കൂടെ വഹിച്ചിരുന്നു.
5. സ്ഥാപകൻ പഴഞ്ഞി പള്ളി വികാരി ഫാ. ഗീവർഗീസ് ചീരൻ.
6. ആദ്യത്തെ പ്രസിഡണ്ട് പഴഞ്ഞിയിലെ വികാരി.
7. ചീരൻ ഗീവർഗീസ് കത്തനാർക്ക് പട്ടം ഏല്ക്കുവാൻ യോഗകുറി നൽകിയത് 1882 ചിങ്ങം 19-ാം തീയതി പുലിക്കോട്ടിൽ ഇസഹാക്ക് കത്തനാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗമാണ്. യോഗ മിനിട്ട്സിൽ ഇടവകയിലെ മൂന്നു പട്ടക്കാരും 31 ഇടവക പ്രമാണികളും ഒപ്പു വച്ച രേഖ ലഭ്യമാണ്.
8. സിവിൽ കേസിൽ ഉണ്ടായ പരാജയം നിമിത്തം നവീകരണക്കാർ പിരിഞ്ഞുപോയി എന്നാണ് മാർത്തോമ്മാ ഇടവക ചരിത്രത്തിൽ കാണുന്നത്. പാത്രിയർക്കീസ് കക്ഷിക്കാരനായ ഞാലിൽ ചെറുവത്തൂർ മാത്തു കത്തനാർ അനധികൃതമായി പള്ളി കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ അന്നത്തെ കൈക്കാരൻ പർപ്പൂക്കാരൻ മാത്തപ്പൻ സാഹസികമായി ഞാലിൽ അച്ചനെ പുറത്താക്കുകയും യഥാർത്ഥ വികാരിയായ ചീരനച്ചനെ അകത്തു പ്രവേശിപ്പിക്കുകയും ചെയ്തു.




മാതാപിതാക്കൾ: ഇറ്റ്യേനം - ചുമ്മാർ



കുടുംബഫോട്ടോ. നവദമ്പതികൾക്കൊപ്പം മാതാപിതാക്കളെയും മറിയം, വറതുണ്ണി, പത്രോസ്, കുരിയപ്പൻ എന്നീ സഹോദരങ്ങളെയും കാണാം.



ഫാ. കെ. സി. ജോസഫ്
പ്രൈമറി ഹെൽത്ത്
സെന്റർ
കമ്മിറ്റിക്കാരോടൊപ്പം



പശുവുമായി ഒരു
സൗഹൃദം





കെ. സി. ജോസഫ്
ശെമ്മാശൻ ഷട്ടിൽ
കളിയിൽ



ഒരു കുടുംബചിത്രം



പ്രിയതമയോടൊപ്പം



**ഫാ. കെ. സി. ജോസഫ് ഗുരുനാഥനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടു കൂടി**

# കോറെപ്പിസ്ക്കോപ്പാ സ്ഥാനദാന ശുശ്രൂഷ






**പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (പ. മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ) മുഖ്യ കാർമ്മികൻ.**



മക്കളോടൊപ്പം



പഴഞ്ഞിപള്ളി കമ്മിറ്റി



പഴഞ്ഞിപള്ളി കമ്മിറ്റി



**പ്രിയതമയുടെ വേർപാടിൽ**



**കോർഎപ്പിസ്ക്കോപ്പാ സ്ഥാനലബ്ധി. കുടുംബത്തിന്റെ പാരിതോഷികം പ. ബാവാ അണിയിക്കുന്നു.**



**ജന്മദേശത്ത് സർവമത സമ്മേളനത്തിൽ അഭിനവ കോർഎപ്പിസ്ക്കോപ്പാ ആദരിക്കപ്പെടുന്നു**



**കഥാപുരുഷന്റെ വി. കന്തീലാ ശുശ്രൂഷ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ രോഗിയുടെ നെറ്റിയിൽ മുദ്രണം ചെയ്യുന്നു.**